സീറോമലബാർസഭയുടെ ആരാധനക്രമം

കുടുംബ-ദൈവാലയ പ്രാർഥനകൾ

Family & Church Prayers

in the Syro-Malabar Rite

For private use of

KNANAYA CATHOLIC REGION

ST. THOMAS SYRO-MALABAR CATHOLIC DIOCESE OF CHICAGO

Compiled by Fr. Abraham Mutholath

സീറോ മലബാർ സഭയുടെ

കുടുംബ-ദൈവാലയ പ്രാർഥനകൾ

Family & Church Prayers in the Syro-Malabar Rite

TABLE OF CONTENTS

1. ത്രിസന്ധ്യാജപം - പേജ് 4
2. മാതാവിന്റെ ജപമാല - 6
3. കരുണയുടെ ജപമാല - 21
4. കൂടാരയോഗ പ്രാർത്ഥനകൾ - 22
5. മാമ്മോദീസാ പ്രവേശക കൂദാശകൾ) - 54
6. ക്നാനായക്കാരുടെ ഒത്തുകല്യാണം - 72
7. വിവാഹം - 77
8. കുമ്പസാരം - 108
9. വലിയ ഒപ്പീസ് - 109
10. മൃതസംസ്കാരം - 123
11. നാളോത്ത് - 146
12. പുലയടിയന്തരം - 149
13. ചാത്തം (മന്ത്രാ) - 151
14. ക്രിസ്തുമസ് (പിറവിത്തിരുനാൾ) - 156
15. വർഷാവസാന പ്രാർത്ഥന - 175
16. വർഷാരംഭ പ്രാർത്ഥന - 191
17. വിഭൂതി - 208
18. കുരിശിന്റെ വഴി - 222
19. ഓശാന ഞായർ - 239
20. പെസഹാ വ്യാഴം - 254
21. പെസഹാ ഭവനത്തിൽ - 268 / പ്രാർത്ഥന - 270
22. ദുഖ:വെള്ളി (പീഡാനുഭവവെള്ളി) - 274
23. പുത്തൻപാന: പന്ത്രണ്ടാം പാദം - 324
24. വലിയ ശനി - 329
25. ഉയിർപ്പുതിരുനാൾ - 346
26. ആരാധനാഗാനങ്ങൾ - 364
27. Koodarayogam Prayers - 374
28. The Angelus - 374
29. The Chaplet of Devine Mercy - 383
30. The Rosary - 383
31. Confession Prayers - 388
32. Stations of the Cross - 389
33. Baptism (Sacraments of Initiation) - 400
34. Knanaya Betrothal - 416
35. Holy Matrimony - 422

ത്രിസന്ധ്യാജപം

കുരിശടയാളം: വിശുദ്ധ കുരിശിന്റെ അടയാളത്താൽ ഞങ്ങളുടെ ശത്രുക്കളിൽനിന്ന് ഞങ്ങളെ രക്ഷിക്കണമേ. ഞങ്ങളുടെ തമ്പുരാനേ, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.

സാധാരണ ദിവസങ്ങളിൽ

(പരിശുദ്ധ ത്രീത്വത്തിന്റെ തിരുന്നാൾ മുതൽ വലിയ ബുധൻ വരെ)

കർത്താവിന്റെ മാലാഖാ പരിശുദ്ധ മറിയത്തോട് വചിച്ചു. പരിശുദ്ധാത്മാവിനാൽ മറിയം ഗർഭം ധരിച്ചു.
നന്മനിറഞ്ഞ മറിയമേ ...

ഇതാ കർത്താവിന്റെ ദാസി, നിന്റെ വചനം പോലെ എന്നിലാകട്ടെ.
നന്മനിറഞ്ഞ മറിയമേ ...

വചനം മാംസമായി, നമ്മുടെ ഇടയിൽ വസിച്ചു
നന്മനിറഞ്ഞ മറിയമേ ...

ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്ക് ഞങ്ങൾ യോഗ്യരാകുവാൻ.

സർവ്വേശ്വരന്റെ പരിശുദ്ധ മാതാവേ, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കേണമെ.

പ്രാർത്ഥിക്കാം: ***(എല്ലാവരും)*** സർവ്വേശ്വരാ, മാലാഖായുടെ സന്ദേശത്താൽ / അങ്ങയുടെ പുത്രനായ ഈശോമിശിഹായുടെ / മനുഷ്യാവതാരവാർത്ത അറിഞ്ഞിരിക്കുന്ന ഞങ്ങൾ / അവിടുത്തെ പീഡാനുഭവവും കുരിശുമരണവും മുഖേന / ഉയിർപ്പിന്റെ മഹിമ പ്രാപിക്കാൻ അനുഗ്രഹിക്കണമേയെന്ന് / ഞങ്ങളുടെ കർത്താവായ ഈശോമിശിഹാവഴി / അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ആദിയിലേപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

(മൂന്നു പ്രാവശ്യം)

ഈശോയുടെ എത്രയും പരിശുദ്ധ തിരുഹൃദയമേ!

അങ്ങയിൽ ഞാൻ ശരണപ്പെടുന്നു.

(മൂന്നു പ്രാവശ്യം)

വിശുദ്ധവാര ത്രിസന്ധ്യാജപം

(വലിയബുധൻ മുതൽ ഉയിർപ്പുഞായർവരെ)

മിശിഹാ നമുക്കുവേണ്ടി മരണത്തോളം കീഴ്വഴങ്ങി; അതെ അവിടുന്ന് കുരിശുമരണത്തോളം കീഴ്വഴങ്ങി; അതിനാൽ സർവ്വേശ്വരൻ അവിടുത്തെ ഉയർത്തി. എല്ലാ നാമത്തേയുംകാൾ ഉന്നതമായ നാമം അവിടുത്തേയ്ക്കു നല്കി.

പ്രാർത്ഥിക്കാം: ***(എല്ലാവരും)*** സർവ്വേശ്വരാ, ഞങ്ങളുടെ കർത്താവായ ഈശോമിശിഹാ / മർദ്ദകരുടെ കൈകളിൽ ഏൽപ്പിക്കപ്പെട്ട് / കുരിശിലെ പീഡകൾ സഹിച്ചു രക്ഷിച്ച / ഞങ്ങളെ തൃക്കൺപാർക്കണമെയെന്ന് / എന്നേയ്ക്കും ജീവിച്ചു വാഴുന്ന ഞങ്ങളുടെ കർത്താവീശോമിശിഹാ വഴി / അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
ആദിയിലേപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.
(മൂന്നു പ്രാവശ്യം)

ഈശോയുടെ എത്രയും പരിശുദ്ധ തിരുഹൃദയമേ!
അങ്ങയിൽ ഞാൻ ശരണപ്പെടുന്നു. ***(മൂന്നു പ്രാവശ്യം)***

പെസഹാക്കാല ത്രിസന്ധ്യാജപം

(ഉയിർപ്പുതിരുനാൾ മുതൽ പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾവരെ)

സ്വർല്ലോക രാജ്ഞീ ആനന്ദിച്ചാലും.
ഹല്ലേലൂയ്യാ!

എന്തെന്നാൽ ഭാഗ്യവതിയായ അങ്ങയുടെ തിരുവുദരത്തിൽ അവതരിച്ചയാൾ.
ഹല്ലേലൂയ്യാ!

അരുളിച്ചെയ്തതുപോലെ ഉയിർത്തെഴുന്നേറ്റു.
ഹല്ലേലൂയ്യാ!

ഞങ്ങൾക്കുവേണ്ടി സർവ്വേശ്വരനോടു പ്രാർത്ഥിക്കണമെ.
ഹല്ലേലൂയ്യാ!

കന്യകാമറിയമേ, ആമോദിച്ചാനന്ദിച്ചാലും.
ഹല്ലേലൂയ്യാ!

എന്തെന്നാൽ കർത്താവ് സത്യമായി ഉയിർത്തെഴുന്നേറ്റു.
ഹല്ലേലൂയ്യാ!

പ്രാർത്ഥിക്കാം: *(എല്ലാവരും)* സർവ്വേശ്വരാ, അങ്ങയുടെ പുത്രനും ഞങ്ങളുടെ കർത്താവുമായ / ഈശോമിശിഹായുടെ ഉത്ഥാനത്താൽ / ലോകത്തെ ആനന്ദിപ്പിക്കുവാൻ / അങ്ങു തിരുമനസ്സായല്ലോ. അവിടുത്തെ മാതാവായ കന്യകാമറിയം മുഖേന / ഞങ്ങൾ നിത്യാനന്ദം പ്രാപിക്കുവാൻ / അനുഗ്രഹം നല്കണമേയെന്ന് / അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
ആദിയിലേപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

(മൂന്നു പ്രാവശ്യം)

ഈശോയുടെ എത്രയും പരിശുദ്ധ തിരുഹൃദയമേ!
അങ്ങയിൽ ഞാൻ ശരണപ്പെടുന്നു.

(മൂന്നു പ്രാവശ്യം)

മാതാവിന്റെ ജപമാല

അളവില്ലാത്ത സകല നന്മസ്വരൂപിയായിരിക്കുന്ന / സർവ്വേശ്വരാ കർത്താവേ! നന്ദിഹീനരും പാപികളുമായിരിക്കുന്ന ഞങ്ങൾ / അറുതിയില്ലാത്ത മഹിമപ്രതാപത്തോടു കൂടിയിരിക്കുന്ന / അങ്ങേ സന്നിധിയിൽ ജപം ചെയ്യാൻ അയോഗ്യരായിരിക്കുന്നു. എങ്കിലും അങ്ങേ അനന്തമായ ദയയിന്മേൽ ശരണപ്പെട്ടുകൊണ്ട് / പരിശുദ്ധ ദൈവമാതാവിന്റെ സ്തുതിയ്ക്കായി അമ്പത്തിമൂന്നുമണി ജപം ചെയ്യാൻ ആശിക്കുന്നു. ഈ ജപം ഭക്തിയോടുകൂടെ ചെയ്ത് / പലവിചാരം കൂടാതെ തികപ്പാൻ കർത്താവേ! അങ്ങ് സഹായം ചെയ്യണമേ!

വിശ്വാസപ്രമാണം

സർവ്വശക്തനായ പിതാവും / ആകാശത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവുമായ / ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. അവിടുത്തെ ഏകപുത്രനും ഞങ്ങളുടെ കർത്താവുമായ / ഈശോമിശിഹായിലും വിശ്വസിക്കുന്നു. ഈ പുത്രൻ പരിശുദ്ധാത്മാവിനാൽ ഗർഭസ്ഥനായി / കന്യകാമറിയത്തിൽ നിന്നും പിറന്നു, പന്തിയോസ് പീലാത്തോസിന്റെ കാലത്ത് പീഡകൾ സഹിച്ചു / കുരിശിൽ തറയ്ക്കപ്പെട്ട് മരിച്ച് അടക്കപ്പെട്ടു / പാതാളങ്ങളിൽ ഇറങ്ങി / മരിച്ചവരുടെ ഇടയിൽനിന്ന് മൂന്നാം നാൾ ഉയിർത്തു; സ്വർഗ്ഗത്തിലേയ്ക്കെഴുന്നള്ളി / സർവ്വശക്തിയുള്ള പിതാവായ / ദൈവത്തിന്റെ വലതുഭാഗത്ത് ഇരിക്കുന്നു. അവിടുന്ന് ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ / വരുമെന്നും ഞാൻ വിശ്വസിക്കുന്നു. പരിശുദ്ധാത്മാവിലും ഞാൻ വിശ്വസിക്കുന്നു. വിശുദ്ധ കത്തോ

ലിക്കാ സഭയിലും / പുണ്യവാന്മാരുടെ ഐക്യത്തിലും / പാപങ്ങളുടെ മോചനത്തിലും / ശരീരത്തിന്റെ ഉയിർപ്പിലും / നിത്യമായ ജീവിതത്തിലും ഞാൻ വിശ്വസിക്കുന്നു. ആമ്മേൻ.

1 സ്വർഗ്ഗ ...

പിതാവായ ദൈവത്തിന്റെ മകളായിരിക്കുന്ന പരിശുദ്ധ ദൈവമാതാവേ! ഞങ്ങളിൽ ദൈവവിശ്വാസമെന്ന പുണ്യമുണ്ടായി ഫലം ചെയ്യുവാനായിട്ട് അങ്ങേ തിരുക്കുമാരനോട് അപേക്ഷിയ്ക്കേണമേ.

1 നന്മ നിറഞ്ഞ ...

പുത്രനായ ദൈവത്തിന്റെ മാതാവായിരിക്കുന്ന പരിശുദ്ധ ദൈവ മാതാവേ! ഞങ്ങളിൽ ദൈവശരണമെന്ന പുണ്യമുണ്ടായി വളരുവാനായിട്ട് അങ്ങേ തിരുക്കുമാരനോട് അപേക്ഷിയ്ക്കേണമേ.

1 നന്മ നിറഞ്ഞ ...

പരിശുദ്ധാത്മാവിന്റെ സ്നേഹഭാജനമായിരിക്കുന്ന പരിശുദ്ധ ദൈവ മാതാവേ! ഞങ്ങളിൽ ദൈവഭക്തിയെന്ന പുണ്യമുണ്ടായി വർദ്ധിക്കുവാനായിട്ട് അങ്ങേ തിരുക്കുമാരനോട് അപേക്ഷിയ്ക്കേണമേ.

1 നന്മ നിറഞ്ഞ ..., 1 ത്രിത്വസ്തുതി.

നന്മ നിറഞ്ഞ മറിയവും, ത്രിത്വസ്തുതിയും ഗാനരൂപത്തിൽ

സ്വസ്തി നന്മ പൂരിതേ, നിന്നോടു കൂടെ നാഥനും
സ്ത്രീകളിൽ അനുഗ്രഹീതേ, നിൻ കുമാരനേശുവും

പാപരഹിതയായ മേരി, തമ്പുരാന്റെ അമ്മ നീ
പാപികൾ ഞങ്ങൾക്കു വേണ്ടി, പ്രാർത്ഥിക്കേണമെപ്പൊഴും. (10)

താതനും സ്വപുത്രനും തൻ പാവനാത്മനും മുദാ
സ്തോത്രമേകിടുന്നു നിത്യ കാലവും നമോസ്തുതേ.

അല്ലെങ്കിൽ

നന്മ നിറഞ്ഞവളേ, മേരീ നിൻ നാമം വാഴ്ത്തി പാടുന്നു
പരിശുദ്ധ കന്യാമാതാവേ പാപികൾ ഞങ്ങൾക്കായ് നിത്യം
നിൻ തിരു സുതനോടെന്നെന്നും, പ്രാർത്ഥിക്കണമേ താതേ നീ
എന്നെന്നും, മൃത്യുവിൻ നേരത്തും. (10)

നിത്യപിതാവിന്നും സുതനും റൂഹായ്ക്കും സ്തുതിയുണ്ടാവട്ടെ.
ആദിയിലെപ്പോലെ എന്നേയ്ക്കും ആമ്മേൻ.

സന്തോഷത്തിന്റെ ദൈവരഹസ്യങ്ങൾ: പേജ് – 8
ദുഃഖത്തിന്റെ ദൈവരഹസ്യങ്ങൾ: പേജ് – 10
മഹിമയുടെ ദൈവരഹസ്യങ്ങൾ: പേജ് – 11
പ്രകാശത്തിന്റെ ദൈവരഹസ്യങ്ങൾ: പേജ് – 13

സന്തോഷത്തിന്റെ ദൈവരഹസ്യങ്ങൾ

(എല്ലാ തിങ്കളും ശനിയും, മംഗലവാർത്തക്കാലം മുതൽ വലിയ നോമ്പുവരെയുള്ള ഞായറാഴ്ചകളിലും ചൊല്ലേണ്ടവ.)

സന്തോഷത്തിന്റെ ഒന്നാം ദൈവരഹസ്യം

മംഗലവാർത്ത. (ലൂക്കാ 1: 26-38)

പരിശുദ്ധ കന്യാസ്ത്രീമറിയമേ! ദൈവവചനം അങ്ങേ തിരുവുദരത്തിൽ മനുഷ്യാവതാരം ചെയ്യുമെന്ന് ഗബ്രിയേൽ ദൈവദൂതൻ, ദൈവകല്പന യാൽ അങ്ങേ അറിയിച്ചതിനാൽ അങ്ങേയ്ക്കുണ്ടായ സന്തോഷത്തെ ഓർത്തു ധ്യാനിക്കുന്ന അങ്ങേ മക്കളായ ഞങ്ങൾ, ഞങ്ങളുടെ ഹൃദയ ത്തിലും എപ്പോഴും തന്നെ സംഗ്രഹിച്ചുകൊണ്ടിരിയ്ക്കുവാൻ കൃപചെയ്യ ണമേ.

1 സ്വർഗ്ഗ. 10 നന്മ നിറഞ്ഞ. 1 ത്രിത്വസ്തുതി.

(ഫാത്തിമാജപം): **ഓ എന്റെ ഈശോയേ / ഞങ്ങളുടെ പാപങ്ങൾ പൊറുക്കണമേ / നരകാഗ്നിയിൽ നിന്ന് ഞങ്ങളെ രക്ഷിയ്ക്കേണമേ. എല്ലാ ആത്മാക്കളെയും / പ്രത്യേകിച്ച് അങ്ങേ സഹായം ഏറ്റം കൂടുതൽ ആവ ശ്യമുള്ളവരെയും / സ്വർഗ്ഗത്തിലേയ്ക്ക് ആനയിക്കേണമേ.**

പരിശുദ്ധ ജപമാലയുടെ രാജ്ഞി, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്ക ണമേ.

സന്തോഷത്തിന്റെ രണ്ടാം ദൈവരഹസ്യം

മറിയം എലിസബത്തിനെ സന്ദർശിക്കുന്നു. (ലൂക്കാ 1: 39-45)

പരിശുദ്ധ ദൈവമാതാവേ! അങ്ങേ ഇളയമ്മയായ ഏലീശ്വാപുണ്യവ തിയെ അങ്ങുചെന്നു കണ്ടപ്പോൾ ആ പുണ്യവതിയ്ക്ക് സർവ്വേശ്വരൻ ചെയ്ത കരുണയെ കണ്ട് അങ്ങേയ്ക്കുണ്ടായ അത്യധികമായ സന്തോഷത്തെ ഓർത്തു ധ്യാനിയ്ക്കുന്ന ഞങ്ങൾ ലൗകിക സന്തോഷങ്ങൾ പരിത്യജിച്ചു പരലോകസന്തോഷങ്ങളെ ആഗ്രഹിച്ചുതേടുവാൻ കൃപചെയ്യണമേ.

1 സ്വർഗ്ഗ. 10 നന്മ നിറഞ്ഞ. 1 ത്രിത്വസ്തുതി.

ഓ എന്റെ ഈശോയേ ...

സന്തോഷത്തിന്റെ മൂന്നാം ദൈവരഹസ്യം
ഈശോയുടെ ജനനം. (ലൂക്കാ 2: 1-14)

പരിശുദ്ധ ദൈവമാതാവേ! അങ്ങേ കന്യാത്വത്തിന് അന്തരം വരാതെ അങ്ങു ദൈവകുമാരനെ പ്രസവിച്ചതിനാൽ അങ്ങേയ്ക്കുണ്ടായ സന്തോഷത്തിന്മേൽ ധ്യാനിയ്ക്കുന്ന ഞങ്ങളുടെ ഹൃദയത്തിലും താൻ ജ്ഞാനവിധമായി പിറക്കുവാൻ കൃപചെയ്യണമേ.

1 സ്വർഗ്ഗ. 10 നന്മ നിറഞ്ഞ. 1 ത്രിത്വസ്തുതി.

ഓ എന്റെ ഈശോയേ ...

സന്തോഷത്തിന്റെ നാലാം ദൈവരഹസ്യം
ഈശോയെ കാഴ്ച സമർപ്പിക്കുന്നു. (ലൂക്കാ 2: 21-35)

പരിശുദ്ധ ദൈവമാതാവേ! അങ്ങേ ദിവ്യകുമാരനെ ദൈവാലയത്തിൽ കാഴ്ചവെച്ചപ്പോൾ മഹാത്മാക്കൾ തന്നെ സ്തുതിയ്ക്കുന്നതുകണ്ട് അങ്ങേയ്ക്കുണ്ടായ സന്തോഷത്തിന്മേൽ ധ്യാനിയ്ക്കുന്ന ഞങ്ങൾ അങ്ങേയ്ക്കു യോഗ്യമായ ദൈവാലയമായിരിക്കുവാൻ കൃപചെയ്യണമേ.

1 സ്വർഗ്ഗ. 10 നന്മ നിറഞ്ഞ. 1 ത്രിത്വസ്തുതി.

ഓ എന്റെ ഈശോയേ ...

സന്തോഷത്തിന്റെ അഞ്ചാം ദൈവരഹസ്യം
ഈശോ ദൈവാലയത്തിൽ. (ലൂക്കാ 2: 41-52)

പരിശുദ്ധ ദൈവമാതാവേ! അങ്ങേ തിരുക്കുമാരൻ പന്ത്രണ്ടുവയസ്സിൽ കാണാതെ പോയപ്പോൾ മൂന്നാം ദിവസം ദൈവാലയത്തിൽ തർക്കിച്ചുകൊണ്ടിരിക്കുകയിൽ അങ്ങു തന്നെ കണ്ടെത്തിയതിനാൽ അങ്ങേയ്ക്കുണ്ടായ സന്തോഷത്തിന്മേൽ ധ്യാനിക്കുന്ന ഞങ്ങൾ, തന്നെ ഒരിക്കലും പാപത്താൽ വിട്ടുപിരിയാതിരിക്കുവാനും, വിട്ടുപിരിഞ്ഞുപോയാലുടൻ മനഃസ്താപത്താൽ തന്നെ കണ്ടെത്തുവാനും കൃപചെയ്യണമേ.

1 സ്വർഗ്ഗ. 10 നന്മ നിറഞ്ഞ. 1 ത്രിത്വസ്തുതി.

ഓ എന്റെ ഈശോയേ ...

ജപമാല സമർപ്പണജപം പേജ് 15 കാണുക.

ദുഃഖത്തിന്റെ ദൈവരഹസ്യങ്ങൾ

(ചൊവ്വാ, വെള്ളി ദിവസങ്ങളിലും, വലിയ ആഴ്ചയിലെ എല്ലാ ദിവസങ്ങളിലും ചൊല്ലേണ്ടവ.)

ദുഃഖത്തിന്റെ ഒന്നാം ദൈവരഹസ്യം

ഈശോ ഗത്സമേൻ തോട്ടത്തിൽ. (ലൂക്കാ 2: 41-44)

പരിശുദ്ധ ദൈവമാതാവേ! അങ്ങേ തിരുക്കുമാരൻ പൂങ്കാവനത്തിൽവച്ചു നമസ്കരിച്ചുകൊണ്ടിരിക്കുമ്പോൾ മനക്ലേശത്താൽ രക്തം വിയർത്തു എന്നതിന്മേൽ ധ്യാനിക്കുന്ന ഞങ്ങളുടെ പാപങ്ങളിന്മേൽ മനഃസ്തപിച്ചു പാപശാന്തി ലഭിക്കുവാൻ കൃപചെയ്യണമേ.

1 സ്വർഗ്ഗ. 10 നന്മ നിറഞ്ഞ. 1 ത്രിത്വസ്തുതി.

(ഫാത്തിമാജപം): **ഓ എന്റെ ഈശോയേ, ഞങ്ങളുടെ പാപങ്ങൾ പൊറുക്കണമേ, നരകാഗ്നിയിൽ നിന്ന് ഞങ്ങളെ രക്ഷിയ്ക്കേണമേ, എല്ലാ ആത്മാക്കളെയും, പ്രത്യേകിച്ച് അങ്ങേ സഹായം ഏറ്റം കൂടുതൽ ആവശ്യമുള്ളവരെയും സ്വർഗ്ഗത്തിലേയ്ക്ക് ആനയിക്കേണമേ.**

പരിശുദ്ധ ജപമാലയുടെ രാജ്ഞി, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

ദുഃഖത്തിന്റെ രണ്ടാം ദൈവരഹസ്യം

ഈശോയെ ചമ്മട്ടികൊണ്ട് അടിക്കുന്നു. (മത്തായി 27: 20-26)

പരിശുദ്ധ ദൈവമാതാവേ! അങ്ങേ തിരുക്കുമാരൻ കൽത്തൂണിൽ കെട്ടപ്പെട്ടു ചമ്മട്ടികളാൽ അടിയ്ക്കപ്പെട്ടു എന്നതിന്മേൽ ധ്യാനിയ്ക്കുന്ന ഞങ്ങളുടെ പാപങ്ങളാൽ ഉണ്ടാവുന്ന കഠിനശിക്ഷകളിൽ നിന്നും മനഃസ്താപത്താലും നല്ല വ്യാപാരത്താലും ഒഴിഞ്ഞുമാറുവാൻ കൃപചെയ്യണമേ.

1 സ്വർഗ്ഗ. 10 നന്മ നിറഞ്ഞ. 1 ത്രിത്വസ്തുതി.

ഓ എന്റെ ഈശോയേ ...

ദുഃഖത്തിന്റെ മൂന്നാം ദൈവരഹസ്യം

ഈശോയെ മുൾമുടി ധരിപ്പിക്കുന്നു. (മത്തായി 27: 27-31)

പരിശുദ്ധ ദൈവമാതാവേ! അങ്ങേ തിരുക്കുമാരന്റെ തിരുശിരസ്സിൽ മുൾമുടി ധരിപ്പിച്ചു പരിഹാസരാജാവായിട്ട് തന്നെ സ്ഥാപിച്ചതിൻമേൽ ധ്യാനിയ്ക്കുന്ന ഞങ്ങളുടെ ഹൃദയത്തിലുള്ള പാപമുള്ളുകളെ മനഃസ്താപത്താൽ പിഴുതുകളയുവാൻ കൃപചെയ്യണമേ.

1 സ്വർഗ്ഗ. 10 നന്മ നിറഞ്ഞ. 1 ത്രിത്വസ്തുതി.

ഓ എന്റെ ഈശോയേ ...

ദുഃഖത്തിന്റെ നാലാം ദൈവരഹസ്യം

ഈശോമിശിഹാ കുരിശുചുമക്കുന്നു. (ലൂക്കാ 23: 26-28)

പരിശുദ്ധ ദൈവമാതാവേ! അങ്ങേ തിരുക്കുമാരൻ ഈശോമിശിഹാ മരണത്തിനു വിധിയ്ക്കപ്പെട്ടു ഭാരമേറിയ സ്ലീവാമരം ചുമന്നു കൊണ്ട് ഗാഗുൽത്താമലയിലേയ്ക്കു പോകുന്നതിന്മേൽ ധ്യാനിയ്ക്കുന്ന ഞങ്ങൾ ദുഃഖമാകുന്ന സ്ലീവായെ ക്ഷമാപൂർവ്വം ചുമന്നുകൊണ്ട് തന്നെ അനുഗമിക്കുവാൻ കൃപചെയ്യണമേ.

1 സ്വർഗ്ഗ. 10 നന്മ നിറഞ്ഞ. 1 ത്രിത്വസ്തുതി.

ഓ എന്റെ ഈശോയേ ...

ദുഃഖത്തിന്റെ അഞ്ചാം ദൈവരഹസ്യം

ഈശോ കുരിശിൽ തൂങ്ങിമരിക്കുന്നു. (യോഹന്നാൻ 19: 23-30)

പരിശുദ്ധ ദൈവമാതാവേ! അങ്ങേ തിരുക്കുമാരൻ ഗാഗുൽത്താമലയിൽ വച്ചു അങ്ങേ മുമ്പാകെ ഇരുമ്പാണികളാൽ കുരിശിന്മേൽ തറയ്ക്കപ്പെട്ടതിന്മേൽ ധ്യാനിക്കുന്ന ഞങ്ങളുടെ ഹൃദയത്തിൽ അങ്ങേ തിരുപ്പാടുകളും അങ്ങേ വ്യാകുലതകളും പതിപ്പിച്ചരുളണമേ.

1 സ്വർഗ്ഗ. 10 നന്മ നിറഞ്ഞ. 1 ത്രിത്വസ്തുതി.

ഓ എന്റെ ഈശോയേ ...

ജപമാല സമർപ്പണജപം പേജ് 15 കാണുക.

മഹിമയുടെ ദൈവരഹസ്യങ്ങൾ

(ബുധൻ, ഞായർ ദിവസങ്ങളിൽ ചൊല്ലേണ്ടവ.)

മഹിമയുടെ ഒന്നാം ദൈവരഹസ്യം

ഈശോ മരിച്ചവരിൽ നിന്ന് ഉയിർക്കുന്നു. (ലൂക്കാ 24: 5-13)

പരിശുദ്ധ ദൈവമാതാവേ! അങ്ങേ തിരുക്കുമാരൻ പാടുപെട്ടു മരിച്ചു മൂന്നാംനാൾ എന്നന്നേയ്ക്കും ജീവിക്കുന്നവനായി ഉയിർത്തതിനാലുണ്ടായ മഹിമയെ ധ്യാനിക്കുന്ന ഞങ്ങൾ പാപമാകുന്ന മരണത്തിൽ നിന്ന് നിത്യമായി ഉയിർത്തെഴുന്നേൽക്കുവാൻ കൃപചെയ്യണമേ.

1 സ്വർഗ്ഗ. 10 നന്മ നിറഞ്ഞ. 1 ത്രിത്വസ്തുതി.

(ഫാത്തിമാജപം): **ഓ എന്റെ ഈശോയേ, ഞങ്ങളുടെ പാപങ്ങൾ പൊറുക്കണമേ, നരകാഗ്നിയിൽ നിന്ന് ഞങ്ങളെ രക്ഷിയ്ക്കേണമേ, എല്ലാ ആത്മാക്കളെയും, പ്രത്യേകിച്ച് അങ്ങേ സഹായം ഏറ്റം കൂടുതൽ ആവശ്യമുള്ളവരെയും സ്വർഗ്ഗത്തിലേയ്ക്ക് ആനയിക്കേണമേ.**

പരിശുദ്ധ ജപമാലയുടെ രാജ്ഞി, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

മഹിമയുടെ രണ്ടാം ദൈവരഹസ്യം

ഈശോയുടെ സ്വർഗ്ഗാരോഹണം. (ലൂക്കാ 24: 50-52)

പരിശുദ്ധ ദൈവമാതാവേ! അങ്ങേ തിരുക്കുമാരൻ ഉയിർത്തു നാല്പതാം ദിവസം അനന്തമായ മഹിമപ്രതാപത്തോടുകൂടി മോക്ഷാരോഹണം ചെയ്തതിനാലുണ്ടായ മഹിമയെ ധ്യാനിക്കുന്ന ഞങ്ങൾ പരലോകവാഴ്ചയെ മാത്രം ആഗ്രഹിച്ചു മോക്ഷഭാഗ്യം പ്രാപിക്കുവാൻ കൃപചെയ്യണമേ.

1 സ്വർഗ്ഗ. 10 നന്മ നിറഞ്ഞ. 1 ത്രിത്വസ്തുതി.

ഓ എന്റെ ഈശോയേ ...

മഹിമയുടെ മൂന്നാം ദൈവരഹസ്യം

പരിശുദ്ധാത്മാവിന്റെ ആഗമനം. (നടപടി 2 : 1-3)

പരിശുദ്ധ ദൈവമാതാവേ! അങ്ങേ തിരുക്കുമാരൻ ആകാശത്തിലേയ്ക്കെഴുന്നള്ളിയതിന്റെ പത്താംനാൾ ഊട്ടുശാലയിൽ ധ്യാനിച്ചിരുന്ന തന്റെ ശിഷ്യന്മാരുടെമേലും അങ്ങേമേലും പരിശുദ്ധാത്മാവിനെ യാത്രയാക്കിയതിനാൽ ഉണ്ടായ മഹിമയെ ധ്യാനിക്കുന്ന ഞങ്ങൾ പരിശുദ്ധാത്മാവിന്റെ പ്രസാദവരത്താൽ ദൈവതിരുമനസ്സുപോലെ വ്യാപരിക്കുവാൻ കൃപചെയ്യണമേ.

1 സ്വർഗ്ഗ. 10 നന്മ നിറഞ്ഞ. 1 ത്രിത്വസ്തുതി.

ഓ എന്റെ ഈശോയേ ...

മഹിമയുടെ നാലാം ദൈവരഹസ്യം

മാതാവിന്റെ സ്വർഗ്ഗാരോപണം. (1കൊറി 15 : 20-23)

പരിശുദ്ധ ദൈവമാതാവേ! അങ്ങേ തിരുക്കുമാരൻ ഉയിർത്തെഴുന്നള്ളി കുറേക്കാലം കഴിഞ്ഞപ്പോൾ അങ്ങ് ഇഹലോകത്തിൽ നിന്നും മാലാഖാമാരാൽ സ്വർഗത്തിലേയ്ക്കു കരേറ്റപ്പെട്ടതിനാലുണ്ടായ മഹിമയെ ധ്യാനിക്കുന്ന ഞങ്ങളും അങ്ങേ സഹായത്താൽ മോക്ഷത്തിൽ വന്നു ചേരുവാൻ കൃപചെയ്യണമേ.

1 സ്വർഗ്ഗ. 10 നന്മ നിറഞ്ഞ. 1 ത്രിത്വസ്തുതി.

ഓ എന്റെ ഈശോയേ ...

മഹിമയുടെ അഞ്ചാം ദൈവരഹസ്യം

മാതാവിനെ ത്രിലോക രാജ്ഞിയായി മുടി ധരിപ്പിക്കുന്നു.
(വെളിപാട് 12 : 1)

പരിശുദ്ധ ദൈവമാതാവേ! സ്വർഗ്ഗത്തിൽ അങ്ങ് എഴുന്നള്ളിയ ഉടനെ അങ്ങേ തിരുക്കുമാരൻ അങ്ങയെ ത്രിലോക രാജ്ഞിയായി മുടിധരിപ്പിച്ച തിനാലുണ്ടായ മഹിമയെ ധ്യാനിക്കുന്ന ഞങ്ങളും മോക്ഷാനന്ദഭാഗ്യ ത്തിൽ അങ്ങയോടുകൂടെ സന്തതം ദൈവത്തെ സ്തുതിച്ചാനന്ദിക്കുവാൻ കൃപചെയ്യണമെ.

1 സ്വർഗ്ഗ. 10 നന്മ നിറഞ്ഞ. 1 ത്രിത്വസ്തുതി.

ഓ എന്റെ ഈശോയേ ...

ജപമാല സമർപ്പണജപം പേജ് 15 കാണുക.

പ്രകാശത്തിന്റെ ദൈവരഹസ്യങ്ങൾ

(വ്യാഴാഴ്ച ദിവസം ചൊല്ലേണ്ടവ)

പ്രകാശത്തിന്റെ ഒന്നാം ദൈവരഹസ്യം

ഈശോയുടെ ജ്ഞാനസ്നാനം. (മത്തായി 3 : 13-17)

പരിശുദ്ധ ദൈവമാതാവേ, അങ്ങേ തിരുക്കുമാരൻ ജോർദാൻ നദിയിൽ വച്ച്, യോഹന്നാനിൽനിന്ന് മാമ്മോദിസാ സ്വീകരിച്ചതിനെ ധ്യാനി ക്കുന്ന ഞങ്ങൾ, മാമ്മോദിസായിൽ ലഭിച്ച ദൈവിക വരപ്രസാദം നഷ്ട മാക്കാതിരിക്കുവാൻ കൃപചെയ്യണമേ.

1 സ്വർഗ്ഗ. 10 നന്മ നിറഞ്ഞ. 1 ത്രിത്വസ്തുതി.

(ഫാത്തിമാജപം): **ഓ എന്റെ ഈശോയേ, ഞങ്ങളുടെ പാപങ്ങൾ പൊറു ക്കണമേ, നരകാഗ്നിയിൽ നിന്ന് ഞങ്ങളെ രക്ഷിയ്ക്കേണമേ, എല്ലാ ആത്മാക്ക ളെയും, പ്രത്യേകിച്ച് അങ്ങേ സഹായം ഏറ്റം കൂടുതൽ ആവശ്യമുള്ളവരെയും സ്വർഗ്ഗത്തിലേയ്ക്ക് ആനയിക്കേണമേ.**

പരിശുദ്ധ ജപമാലയുടെ രാജ്ഞി, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്ക ണമേ.

പ്രകാശത്തിന്റെ രണ്ടാം ദൈവരഹസ്യം

ഈശോയുടെ ആദ്യത്തെ അത്ഭുതം. (യോഹന്നാൻ 2: 1-12)

പരിശുദ്ധ ദൈവമാതാവേ, അങ്ങേ തിരുക്കുമാരൻ കാനായിലെ കല്ല്യാണത്തിൽവച്ച്, വെള്ളം വീഞ്ഞാക്കി, തന്റെ അത്ഭുത പ്രവർത്തികളുടെ ആരംഭം കുറിച്ചതിനെ ധ്യാനിക്കുന്ന ഞങ്ങൾ, അങ്ങേ പുത്രന്റെ കല്പനകളെ അനുസരിച്ചു ജീവിക്കുവാൻ കൃപചെയ്യണമേ.

1 സ്വർഗ്ഗ. 10 നന്മ നിറഞ്ഞ. 1 ത്രിത്വസ്തുതി.

ഓ എന്റെ ഈശോയേ ...

പ്രകാശത്തിന്റെ മൂന്നാം ദൈവരഹസ്യം

ഈശോ ദൈവരാജ്യം പ്രഘോഷിക്കുന്നു. (മർക്കോസ് 2 : 3-13)

പരിശുദ്ധ ദൈവമാതാവേ, അങ്ങേ തിരുക്കുമാരൻ തന്റെ പരസ്യജീവിത കാലത്ത്, പാപങ്ങൾ ക്ഷമിക്കുകയും, ദൈവരാജ്യം സമീപിച്ചിരിക്കുന്നു, മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിക്കുവിൻ എന്ന് ആഹ്വാനം ചെയ്യുകയും ചെയ്തതിനെ ധ്യാനിക്കുന്ന ഞങ്ങൾ, കുമ്പസാരമെന്ന കൂദാശയിലൂടെ പാപങ്ങൾ കഴുകി കളയുന്നതിനും, ഞങ്ങളുടെ പ്രവർത്തികളിലൂടെ അങ്ങേപുത്രന് സാക്ഷ്യം വഹിക്കുന്നതിനും കൃപചെയ്യണമേ.

1 സ്വർഗ്ഗ. 10 നന്മ നിറഞ്ഞ. 1 ത്രിത്വസ്തുതി.

ഓ എന്റെ ഈശോയേ ...

പ്രകാശത്തിന്റെ നാലാം ദൈവരഹസ്യം

ഈശോയുടെ രൂപാന്തരീകരണം. (ലൂക്കാ 9: 28-36)

പരിശുദ്ധ ദൈവമാതാവേ, അങ്ങേ തിരുക്കുമാരൻ താബോർ മലയിൽ വച്ച് രൂപാന്തരപ്പെടുകയും, അവിടുത്തെ ദൈവികമായ മഹത്വം ശിഷ്യന്മാർ ദർശിക്കുകയും ചെയ്തുവെന്നു ധ്യാനിക്കുന്ന ഞങ്ങൾ, പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ നയിക്കപ്പെടുന്നതിനും, ഞങ്ങളുടെ ജീവിതത്തിൽ ദൈവിക ചിന്തകളും വിചാരങ്ങളും നിറയുന്നതിനും കൃപചെയ്യണമേ.

1 സ്വർഗ്ഗ. 10 നന്മ നിറഞ്ഞ. 1 ത്രിത്വസ്തുതി.

ഓ എന്റെ ഈശോയേ ...

പ്രകാശത്തിന്റെ അഞ്ചാം ദൈവരഹസ്യം

ഈശോ വിശുദ്ധ കുർബാന സ്ഥാപിക്കുന്നു. (ലൂക്കാ 22 : 7-20)

പരിശുദ്ധ ദൈവമാതാവേ, അങ്ങേ തിരുക്കുമാരൻ തന്റെ പരസ്യ ജീവിതത്തിന്റെ അന്ത്യത്തിൽ, വിശുദ്ധ കുർബാന സ്ഥാപിച്ചുകൊണ്ട് മനുഷ്യ

മക്കളോടുള്ള സ്നേഹം പ്രകടമാക്കിയതിനെ ധ്യാനിക്കുന്ന ഞങ്ങൾ, വിശുദ്ധ കുർബാനയിൽ സജീവമായി പങ്കെടുക്കുന്നതിനും, ജീവിതാവസാനംവരെ ദിവ്യകാരുണ്യ നാഥനോടുള്ള സ്നേഹത്തിൽ നിലനൽക്കുന്നതിനും കൃപചെയ്യണമേ.

1 സ്വർഗ്ഗ. 10 നന്മ നിറഞ്ഞ. 1 ത്രിത്വസ്തുതി.

ഓ എന്റെ ഈശോയേ ...

ജപമാല സമർപ്പണജപം

മുഖ്യദൂതനായിരിക്കുന്ന വി. മിഖായേലേ! ദൈവദൂതന്മാരയിരിക്കുന്ന വിശുദ്ധ ഗബ്രിയേലേ! വിശുദ്ധ റപ്പായേലേ! ശ്ലീഹന്മാരായിരിക്കുന്ന വിശുദ്ധ പത്രോസേ! വിശുദ്ധ പൗലോസേ! വിശുദ്ധ യോഹന്നാനേ! ഞങ്ങളുടെ പിതവായ മാർ തോമ്മാശ്ലീഹായേ! ഞങ്ങളേറ്റം പാപികളായിരിക്കുന്നു. എങ്കിലും, ഞങ്ങൾ ജപിച്ച ഈ അമ്പത്തിമൂന്നുമണി ജപത്തെ നിങ്ങളുടെ സ്തുതികളോടുകൂടി ഒന്നായിട്ട് ചേർത്തു പരിശുദ്ധ ദൈവമാതാവിന്റെ തൃപ്പാദത്തിങ്കൽ ഏറ്റം വലിയ ഉപഹാരമായി കാഴ്ച വെയ്ക്കുവാൻ നിങ്ങളോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ലൂത്തീനിയ

(ഗ്രാനരൂപത്തിൽ പേജ് 17)

കർത്താവേ അനുഗ്രഹിക്കണമേ (2)
മിശിഹായേ അനുഗ്രഹിക്കണമേ (2)
കർത്താവേ അനുഗ്രഹിക്കണമേ (2)
മിശിഹായേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ (2)
മിശിഹായേ ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ (2)

ആകാശങ്ങളിലിരിക്കുന്ന ബാവാതമ്പുരാനേ
(*പ്രതിവചനം:* "**ഞങ്ങളെ അനുഗ്രഹിക്കേണമേ**")
ഭൂലോക രക്ഷിതാവായ പുത്രൻ തമ്പുരാനേ
റൂഹാദക്കുദിശാതമ്പുരാനേ
ഏകസ്വരൂപമായിരിക്കുന്ന പരിശുദ്ധ ത്രീത്വമേ

പരിശുദ്ധ മറിയമേ,
(*പ്രതിവചനം:* "**ഞങ്ങൾക്കുവേണ്ടി അപേക്ഷിയ്ക്കേണമേ**")
ദൈവകുമാരന്റെ പുണ്യജനനി,
കന്യകകൾക്കു മകുടമായ നിർമ്മല കന്യകയേ,
മിശിഹായുടെ മാതാവേ,

ദൈവപ്രസാദത്തിന്റെ മാതാവേ,
എത്രയും നിർമ്മലയായ മാതാവേ,
കളങ്കഹീനയായ കന്യകയായിരിക്കുന്ന മാതാവേ,
കന്യാത്വത്തിന് അന്തരം വരാത്ത മാതാവേ,
സ്നേഹഗുണങ്ങളുടെ മാതാവേ,
അത്ഭുതത്തിന് വിഷയമായിരിക്കുന്ന മാതാവേ,
സദുപദേശത്തിന്റെ മാതാവേ,
സ്രഷ്ടാവിന്റെ മാതാവേ,
രക്ഷിതാവിന്റെ മാതാവേ,
വിവേകൈശ്വര്യമുള്ള കന്യകേ,
പ്രകാശപൂർണ്ണമായ സ്തുതിയ്ക്കു യോഗ്യയായിരിക്കുന്ന കന്യകേ,
സ്തുതിപ്രാപ്തിയ്ക്കൈശ്വര്യമുള്ള കന്യകേ,
വല്ലഭമുള്ള കന്യകേ,
കനിവുള്ള കന്യകേ,
വിശ്വാസവതിയായിരിക്കുന്ന കന്യകേ,
നീതിയുടെ ദർപ്പണമേ,
ബോധജ്ഞാനത്തിന്റെ സിംഹാസനമേ,
ഞങ്ങളുടെ തെളിവിന്റെ കാരണമേ,
ആത്മജ്ഞാനപൂരിതപാത്രമേ,
ബഹുമാനത്തിന്റെ പാത്രമേ,
അത്ഭുതകരമായ ഭക്തിയുടെ പാത്രമേ,
ദൈവരഹസ്യം നിറഞ്ഞിരിക്കുന്ന പനിനീർ കുസുമമേ,
ദാവീദിന്റെ കോട്ടയേ,
നിർമ്മലദന്തം കൊണ്ടുള്ള കോട്ടയേ,
സ്വർണ്ണാലയമേ,
വാഗ്ദാനത്തിന്റെ പെട്ടകമേ,
ആകാശമോക്ഷത്തിന്റെ വാതിലേ,
ഉഷഃകാലത്തിന്റെ നക്ഷത്രമേ,
രോഗികളുടെ സ്വസ്ഥാനമേ,
പാപികളുടെ സങ്കേതമേ,
വ്യാകുലന്മാരുടെ ആശ്വാസമേ,
ക്രിസ്ത്യാനികളുടെ സഹായമേ,
മാലാഖമാരുടെ രാജ്ഞി,
ബാവാന്മാരുടെ രാജ്ഞി,
ദീർഘദർശികളുടെ രാജ്ഞി,
ശ്ലീഹന്മാരുടെ രാജ്ഞി,

വേദസാക്ഷികളുടെ രാജ്ഞി,
വന്ദനീയന്മാരുടെ രാജ്ഞി,
കന്യകകളുടെ രാജ്ഞി,
സകല പുണ്യവാന്മാരുടെയും രാജ്ഞി,
അമലോത്ഭവയായിരിക്കുന്ന രാജ്ഞി,
സ്വർഗ്ഗാരോപിതയായിരിക്കുന്ന രാജ്ഞി,
പരിശുദ്ധ ജപമാലയുടെ രാജ്ഞി,
സമാധാനത്തിന്റെ രാജ്ഞി,
കർമ്മലസഭയുടെ അലങ്കാരമായ രാജ്ഞി,

ഭൂലോകപാപങ്ങൾ നീക്കുന്ന ദൈവചെമ്മരിയാടായിരിക്കുന്ന
ഈശോതമ്പുരാനേ,
കർത്താവേ! ഞങ്ങളുടെ പാപങ്ങൾ ക്ഷമിയ്ക്കണമേ.
ഭൂലോകപാപങ്ങൾ നീക്കുന്ന ദൈവചെമ്മരിയാടായിരിക്കുന്ന
ഈശോതമ്പുരാനേ,
കർത്താവേ! ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.
ഭൂലോകപാപങ്ങൾ നീക്കുന്ന ദൈവചെമ്മരിയാടായിരിക്കുന്ന
ഈശോതമ്പുരാനേ,
കർത്താവേ! ഞങ്ങളെ അനുഗ്രഹിയ്ക്കേണമേ.

(പേജ് 19 കാണുക)

(പകരം ഗാനം): മാതാവിന്റെ ലുത്തിനിയ

താതാ ദൈവമേ നീ, കൃപചെയ്തീടണമെ
പാരിൻ ത്രാണകനേ, കൃപചെയ്തീടണമെ
പാവന റൂഹായേ, കൃപചെയ്തീടണമെ

മിശിഹാ നാഥനു ജന്മം നല്കി, ധന്യയായൊരു കന്യാമാതേ
ഞങ്ങൾക്കായി നിത്യം, പ്രാർത്ഥിച്ചീടണമേ.

ദൈവിക ജീവന്നുറവിടമാകും, ദിവ്യ നിർമ്മല കന്യാംബികയേ
ഞങ്ങൾക്കായി നിത്യം, പ്രാർത്ഥിച്ചീടണമേ.

സ്വർഗ്ഗിയമാം പരിശുദ്ധി നിറഞ്ഞൊരു, കന്യാനാഥേ നിർമ്മല റാണി
ഞങ്ങൾക്കായി നിത്യം, പ്രാർത്ഥിച്ചീടണമേ.

പതിവ്രതയാകും പരിശുദ്ധേ നീ, ചാരിത്രത്തിൽ സംരക്ഷകയേ
ഞങ്ങൾക്കായി നിത്യം, പ്രാർത്ഥിച്ചീടണമേ.

സ്നേഹത്തിന്റെ നികേതനമേ നീ, മാനവരഖിലം വാഴ്ത്തും റാണി
ഞങ്ങൾക്കായി നിത്യം, പ്രാർത്ഥിച്ചീടണമേ.

വിജ്ഞാനത്തിൽ സുരഭില സുന്ദര, പുഷ്പാലംകൃത മരിയാംബികയേ
ഞങ്ങൾക്കായി നിത്യം, പ്രാർത്ഥിച്ചീടണമേ.

സൃഷ്ടാവിൻ തിരു മാതേ രക്ഷക, നേശു മഹേശനു ജനനീനാഥേ
ഞങ്ങൾക്കായി നിത്യം, പ്രാർത്ഥിച്ചീടണമേ.

സ്തുതിഗീതികളാലനവരതം പരി, ശോഭിത മായൊരു ദൈവകുമാരി
ഞങ്ങൾക്കായി നിത്യം, പ്രാർത്ഥിച്ചീടണമേ.

ശക്തിദമാം നിൻ മാദ്ധ്യസ്ഥത്താൽ, അനുദിനമങ്ങു നയിച്ചീടണമെ
ഞങ്ങൾക്കായി നിത്യം, പ്രാർത്ഥിച്ചീടണമേ.

വിശ്വാസത്താൽ വിജയം നേടിയ, വിജ്ഞാനത്തിൻ സിംഹാസനമേ
ഞങ്ങൾക്കായി നിത്യം, പ്രാർത്ഥിച്ചീടണമേ.

പാവനമാകും സന്തോഷത്തിൻ, കിരണം വീശിയ കരുണാലയമേ
ഞങ്ങൾക്കായി നിത്യം, പ്രാർത്ഥിച്ചീടണമേ.

സ്നേഹം നിറയും ഭക്തിയോടങ്ങേ, കരവലയത്തിലണഞ്ഞീടുന്നു
ഞങ്ങൾക്കായി നിത്യം, പ്രാർത്ഥിച്ചീടണമേ.

സുരഭില സുന്ദര റോസാപ്പൂവേ, വാഗ്ദാനത്തിൻ പേടകമേ നീ
ഞങ്ങൾക്കായി നിത്യം, പ്രാർത്ഥിച്ചീടണമേ.

ശുഭ്ര മനോഹര ദന്താൽ നിർമ്മിത, ദാവീദിന്നുടെ ഗോപുരമേ നീ
ഞങ്ങൾക്കായി നിത്യം, പ്രാർത്ഥിച്ചീടണമേ.

രജത മനോഹര ദീപ്തി പരത്തും, കനകാലയമേ കന്യാനാഥേ
ഞങ്ങൾക്കായി നിത്യം, പ്രാർത്ഥിച്ചീടണമേ.

എന്നു മുഷസ്സിലുദിച്ചു പ്രകാശം, മന്നിൽച്ചൊരിയും താരാസുമമേ
ഞങ്ങൾക്കായി നിത്യം, പ്രാർത്ഥിച്ചീടണമേ.

വേദന തിങ്ങിയ മരുഭൂമികളിൽ, വീഴുന്നവരുടെ ആശ്രയമേ നീ
ഞങ്ങൾക്കായി നിത്യം, പ്രാർത്ഥിച്ചീടണമേ.

ദൈവിക ദൂതഗണത്തിൻ രാജ്ഞി, പുണ്യപിതാക്കന്മാരുടെ രജ്ഞി
ഞങ്ങൾക്കായി നിത്യം, പ്രാർത്ഥിച്ചീടണമേ.

ശ്ലീഹന്മാരുടെ റാണീ മാനവ, കന്യകമാരുടെ മാതൃകയേ നീ
ഞങ്ങൾക്കായി നിത്യം, പ്രാർത്ഥിച്ചീടണമേ.

രക്താങ്കിതരുടെ സ്വർഗ്ഗീയ രാജ്ഞി, വന്ദ്യന്മാരുടെ നിർമ്മല റാണി
ഞങ്ങൾക്കായി നിത്യം, പ്രാർത്ഥിച്ചീടണമേ.

ജപമാലാർപ്പിത രാജ്ഞി കർമ്മല, സഭയുടെ റാണി അമലോത്ഭവയേ
ഞങ്ങൾക്കായി നിത്യം, പ്രാർത്ഥിച്ചീടണമേ.

പാരിൻ പാപം നീക്കും ദൈവിക, കുഞ്ഞാടാകും മിശിഹാ നാഥാ
പാപങ്ങൾ നിത്യം, മോചിച്ചീടണമേ.

പാരിൻ പാപം നീക്കും ദൈവിക, കുഞ്ഞാടാകും മിശിഹാ നാഥാ
പ്രാർത്ഥനകൾ നിത്യം, കൈക്കൊണ്ടീടണമേ.

പാരിൻ പാപം നീക്കും ദൈവിക, കുഞ്ഞാടാകും മിശിഹാ നാഥാ
ഞങ്ങളിലെന്നെന്നും, കൃപചെയ്തീടണമേ.

ലൂത്തിനിയായ്ക്കു ശേഷം

സർവ്വേശ്വരന്റെ പുണ്യപൂർണ്ണയായ മാതാവേ, ഇതാ അങ്ങയുടെ പക്കൽ ഞങ്ങൾ അഭയം തേടുന്നു. ഞങ്ങളുടെ ആവശ്യനേരത്തു ഞങ്ങളുടെ യാചനകൾ അങ്ങു നിരസിക്കല്ലേ. ഭാഗ്യവതിയും ആശീർവ്വദിക്കപ്പെട്ടവളുമായ അമ്മേ, സകല ആപത്തുകളിൽനിന്നും ഞങ്ങളെ കാത്തുകൊള്ളണമേ.

ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്ക് ഞങ്ങൾ യോഗ്യരാകുവാൻ,

സർവ്വേശ്വരന്റെ പരിശുദ്ധ ദൈവമാതാവേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.

പ്രാർത്ഥിക്കാം

കർത്താവേ, പൂർണ്ണഹൃദയത്തോടുകൂടെ സാഷ്ടാംഗം പ്രണമിക്കുന്ന ഈ സമൂഹത്തെ തൃക്കൺപാർത്ത്, എപ്പോഴും കന്യകയായിരിക്കുന്ന പരിശുദ്ധ മറിയത്തിന്റെ അപേക്ഷയാലേ, സകല ശത്രുക്കളുടെ ഉപദ്രവങ്ങളിൽ നിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളേണമേ. ഈ അപേക്ഷകളൊക്കെയും, ഞങ്ങളുടെ കർത്താവീശോമിശിഹായുടെ യോഗ്യതകളെക്കുറിച്ച്, ഞങ്ങൾക്കു കൽപ്പിച്ചു തന്നരുളേണമേ. ആമ്മേൻ.

പരിശുദ്ധ രാജ്ഞി

കരുണയുടെ മാതാവേ സ്വസ്തി. ഞങ്ങളുടെ ജീവനും മാധുര്യവും ശരണവുമേ സ്വസ്തി. ഹവ്വായുടെ പുറംതള്ളപ്പെട്ട മക്കളായ ഞങ്ങൾ അങ്ങേപ്പക്കൽ നിലവിളിക്കുന്നു. കണ്ണുനീരിന്റെ ഈ താഴ്‌വരയിൽനിന്ന് വിങ്ങിക്കരഞ്ഞ് അങ്ങേപ്പക്കൽ ഞങ്ങൾ നെടുവീർപ്പെടുന്നു. ആകയാൽ ഞങ്ങളുടെ മദ്ധ്യസ്ഥേ, അങ്ങയുടെ കരുണയുള്ള കണ്ണുകൾ ഞങ്ങളുടെ നേരെ തിരിക്കണമെ. ഞങ്ങളുടെ ഈ പ്രവാസത്തിനു ശേഷം അങ്ങയുടെ ഉദരത്തിന്റെ അനുഗ്രഹീതഫലമായ ഈശോയെ ഞങ്ങൾക്കു കാണിച്ചു തരണമെ. കരുണയും വാത്സല്യവും മാധുര്യവും നിറഞ്ഞ മറിയമേ, ആമ്മേൻ.

പ്രാർത്ഥിക്കാം

സർവ്വശക്തനും നിത്യനുമായിരിക്കുന്ന സർവ്വേശ്വരാ, ഭാഗ്യവതിയായിരിക്കുന്ന മറിയത്തിന്റെ ആത്മാവും ശരീരവും റൂഹാദക്കുദിശായുടെ അനുഗ്രഹത്താലെ അങ്ങേ ദിവ്യപുത്രനു യോഗ്യമായ പീഠമായിരിപ്പാൻ പൂർവ്വികമായി അങ്ങു നിയമിച്ചുവല്ലോ. ഈ ദിവ്യമാതാവിനെ നിനച്ചു സന്തോഷിക്കുന്ന ഞങ്ങൾ അവരുടെ അനുഗ്രഹമുള്ള അപേക്ഷയാലെ ഈ ലോകത്തിലുള്ള സകല ആപത്തുകളിലും നിത്യമരണത്തിലും നിന്നു രക്ഷപെടുവാൻ കൃപ ചെയ്യണമെ. ഈ അപേക്ഷകളെല്ലാം ഞങ്ങളുടെ കർത്താവീശോമിശിഹായുടെ യോഗ്യതകളെക്കുറിച്ച് ഞങ്ങൾക്കു കൽപ്പിച്ചരുളണമെ. ആമ്മേൻ.

എത്രയും ദയയുള്ള മാതാവേ

എത്രയും ദയയുള്ള മാതാവേ, നിന്റെ സങ്കേതമായി ഓടിവന്ന്, നിന്റെ സഹായം തേടി, നിന്റെ മാദ്ധ്യസ്ഥ്യം അപേക്ഷിച്ചവരിൽ ഒരുവനെയെങ്കിലും നീ ഉപേക്ഷിച്ചതായി ലോകത്തിൽ കേട്ടിട്ടില്ല എന്നു നീ ഓർക്കണമെ. കന്യകകളുടെ രാജ്ഞിയായ കന്യകയേ ദയയുള്ള മാതാവേ, ഈ വിശ്വാസത്തിൽ ധൈര്യപ്പെട്ട് നിന്റെ തൃപ്പാദത്തുങ്കൽ ഞാൻ അണയുന്നു. നെടുവീർപ്പെട്ട് കണ്ണുനീർ ചിന്തി പാപിയായ ഞാൻ നിന്റെ ദയാധിക്യത്തെ കാത്തുകൊണ്ട് നിന്റെ സന്നിധിയിൽ നിൽക്കുന്നു. അവതരിച്ച വചനത്തിന്റെ മാതാവേ, എന്റെ അപേക്ഷ ഉപേക്ഷിക്കാതെ ദയാപൂർവ്വം കേട്ടരുളണമെ. ആമ്മേൻ.

കരുണയുടെ ജപമാല

(ലോകം മുഴുവന്റെയും നമ്മുടെയും പാപപരിഹാരത്തിനായി)

1 സ്വർഗ്ഗ.
1 നന്മ നിറഞ്ഞ.
1 വിശ്വാസപ്രമാണം *(പേജ് - 6 കാണുക)*

(ഓരോ ദശകത്തിനും മുൻപ്)

നിത്യപിതാവേ, ഞങ്ങളുടെയും ലോകം മുഴുവന്റെയും പാപപരിഹാരത്തിനായി, അങ്ങയുടെ വത്സലസുതനും ഞങ്ങളുടെ കർത്താവുമായ ഈശിഹായുടെ തിരുശരീരവും തിരുരക്തവും, ആത്മാവും ദൈവത്വവും അങ്ങേയ്ക്ക് ഞാൻ കാഴ്ച വയ്ക്കുന്നു.

(ഓരോ ചെറിയ കൊന്തമണികളിൽ)

ഈശോയുടെ അതിദാരുണമായ പീഡാനുഭവങ്ങളെക്കുറിച്ച്

ഞങ്ങളുടെയും ലോകം മുഴുവന്റെമേലും കരുണയായിരിക്കേണമേ. *(10)*

(അഞ്ചു ദശകങ്ങളും കഴിഞ്ഞ്)

പരിശുദ്ധനായ ദൈവമേ, പരിശുദ്ധനായ ബലവാനേ, പരിശുദ്ധനായ അമർത്യനേ,

ഞങ്ങളുടെയും ലോകം മുഴുവന്റെമേലും കരുണയായിരിക്കേണമേ. *(3)*

(പകരം ഗാനം)

ഈശോയുടെ അതിദാരുണമാം
പീഡാസഹനങ്ങളെ ഓർത്തെന്നും
പിതാവേ ഞങ്ങളുടെമേൽ, ലോകം മുഴുവന്റെ മേൽ
കരുണയുണ്ടാകേണമേ. (10)

(ഓരോ ദശകവും കഴിഞ്ഞ്)
നിത്യപിതാവേ, ഞങ്ങളുടെയും പാരിന്റെയും പാപങ്ങൾ പരിഹാരം ചെയ്തിടുവാനായ് അണയുന്ന നിൻ പ്രിയമക്കൾ നിൻ പ്രിയ സുതനും ഞങ്ങളുടെ രക്ഷകനാകും ഈശോതൻ തിരുമേനിയും ആത്മാവും ദൈവത്വവും അർപ്പിക്കുന്നു.

കൂടാരയോഗ പ്രാർത്ഥനകൾ

ദീപം തെളിക്കൽ

കാർമ്മി: ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, അങ്ങേ പ്രമാണങ്ങൾ ഞങ്ങളുടെ പാദങ്ങക്കു വിളക്കും ഞങ്ങളുടെ വഴികളിൽ പ്രകാശവുമായി ഭവിക്കട്ടെ.

കുരിശടയാളം

സമൂഹം: വിശുദ്ധ കുരിശിന്റെ അടയാളത്താൽ ഞങ്ങളുടെ ശത്രുക്കളിൽ നിന്ന് ഞങ്ങളെ രക്ഷിക്കണമേ. ഞങ്ങളുടെ തമ്പുരാനേ, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.

ത്രിസന്ധ്യാജപം (പേജ് 4 കാണുക)

ത്രിസന്ധ്യാജപത്തെ തുടർന്ന്

കാർമ്മി: അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

സമൂഹം: ആമ്മേൻ.

കാർമ്മി: ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും.

സമൂഹം: ആമ്മേൻ.

കാർമ്മി: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, / ***(സമൂഹവും ചേർന്ന്)*** അങ്ങയുടെ നാമം പൂജിതമാകണമേ / അങ്ങയുടെ രാജ്യം വരണമേ / അങ്ങയുടെ തിരുമനസ്സ് / സ്വർഗ്ഗത്തിലേപ്പോലെ ഭൂമിയിലുമാകണമേ. / ഞങ്ങൾക്ക് ആവശ്യമായ ആഹാരം / ഇന്നു ഞങ്ങൾക്കു തരണമേ. / ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതു പോലെ / ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമേ. / ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. / ദുഷ്ടാത്രുപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ. / എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്വവും / എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, / അങ്ങയുടെ മഹത്വത്താൽ / സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖമാരും മനുഷ്യരും / അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ / എന്ന് ഉദ്ഘോഷിക്കുന്നു.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ.

കാർമ്മി: ഞങ്ങളുടെ ദൈവമായ കർത്താവേ, ഞങ്ങൾ അങ്ങയെ ആരാധിക്കുകയും പുകഴ്ത്തുകയും, അങ്ങയുടെ അനന്തമായ അനുഗ്രഹങ്ങൾക്ക് നന്ദി പറയുകയും ചെയ്യുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേയ്ക്കും.

സമൂഹം: ആമ്മേൻ

സങ്കീർത്തനം

(കാലമനുസരിച്ചുള്ള ഭാഗം കാണുക).

മംഗലവാർത്തക്കാലം ..... പേജ് 23
പിറവിത്തിരുന്നാൾ ..... പേജ് 24
ദനഹാക്കാലം ..... പേജ് 25
നോമ്പുകാലം ..... പേജ് 26
ഉയിർപ്പുകാലം ..... പേജ് 27
ശ്ലീഹാക്കാലം ..... പേജ് 28
കൈത്താക്കാലം ..... പേജ് 29
ഏലിയാ-സ്ലീവാ-മൂശാക്കാലങ്ങൾ പേജ് 30
പള്ളിക്കൂദാശാക്കാലം ..... പേജ് 31

മംഗലവാർത്തക്കാലം

സങ്കീർത്തനം 98 (രീതി: കർത്താവേ മമരാജാവേ ...)

കർത്താവിന്നപദാനങ്ങൾ, വാഴ്ത്തുക പുതിയൊരു ഗാനത്തിൽ
അത്ഭുതകരമാമവിടുത്തെ, കൃത്യാവലികൾ വർണ്ണിപ്പിൻ

ഭൂതലമഖിലം സാമോദം, നാഥനു ഗീതികൾ പാടട്ടെ
പ്രീതിയൊടാർത്തു വിളിച്ചീടാം, പാടാം നാഥനു സ്തുതിഗീതം.

ഇമ്പമൊടിന്നു മുഴക്കീടാം, കൊമ്പും കുഴലും കിന്നരവും
വാദ്യ വിശേഷ പരമ്പരയാൽ, വാഴ്ത്തുക രാജമഹോന്നതനെ.

ആനന്ദത്തിരമാലകളായ്, ആർത്തു വിളിക്കാം സന്നിധിയിൽ
ആഴിയുമതിലെ ജീവികളും, ഊഴിയുമതിലെ നിവാസികളും.

സ്വരമുച്ചത്തിലുയർത്തട്ടെ, കരഘോഷത്താലരുവികളും
ഒരുമിച്ചാർത്തു വിളിക്കട്ടെ, ഗിരിശിഖരങ്ങൾ തിരുമുമ്പിൽ.

താതനുമതുപോലാത്മജനും, റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതൽക്കെന്നതുപോലെ, ആമ്മേനാമ്മേനനവരതം.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം; സമാധാനം നമ്മോടുകൂടെ.

കാർമ്മി: കർത്താവായ ദൈവമേ, സ്വപുത്രനെ ലോകത്തിലേക്കയച്ച സ്നേഹനിധിയായ പിതാവേ, രക്ഷകനായ ദൈവസുതനെ സ്വീകരിക്കുവാനായി ഒരുങ്ങുന്ന ഞങ്ങളെ അനുഗ്രഹിക്കണമേ. പഴയ നിയമകാലത്ത് ഇസ്രായേൽക്കാർ നൂറ്റാണ്ടുകളായി അവിടുത്തെ വരവിനെ പ്രതീക്ഷിച്ചിരുന്നുവല്ലോ. പുതിയ ഇസ്രായേലായ ഞങ്ങൾ വിശ്വാസത്തോടും പ്രതീക്ഷയോടും ശരണത്തോടുംകൂടി അങ്ങയുടെ ദിവ്യപുത്രനെ സ്വീകരിക്കുവാൻ കൃപചെയ്യണമേ. തിരുപ്പിറവിയിൽ ബേത്‌ലഹേമിലെ തിരുകുടുംബം അനുഭവിച്ച സന്തോഷത്തിലും സമാധാനത്തിലും ഞങ്ങളെയും പങ്കുകാരാക്കണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

(പൊതു സങ്കീർത്തനം, പേജ് 32)

പിറവിത്തിരുനാൾ

സങ്കീർത്തനം 97 (രീതി: കർത്താവേ മമരാജാവേ ...)

കർത്താവെന്നും വാഴുന്നു, നിത്യം ഭൂമിക്കാമോദം
ആനന്ദത്തിൽ മുഴുകട്ടെ, ദ്വീപസമൂഹവുമനവരതം.

പാർത്തലമാകെ ഭരിച്ചീടും, കർത്താവിൻ തിരുസന്നിധിയിൽ
മെഴുകായുരുകിയൊലിക്കുന്നു, കൊടുമുടി പൊങ്ങും ശൈലങ്ങൾ.

നിസ്തുലമാകും തൻനീതി, ഉദ്ഘോഷിക്കുന്നാകാശം
ജനതകളെല്ലാമവിടുത്തെ, മഹിമകൾ കണ്ടു നമിക്കുന്നു.

കർത്താവേ, നീ അഖിലാണ്ഡം, കാത്തിടുമധിപൻ സ്തുത്യർഹൻ
എല്ലാ ദേവഗണങ്ങളിലും, വല്ലഭനുന്നതനല്ലോ നീ.

നീതിയിൽ വാഴും മാനവരേ, മോദിച്ചീടുക കർത്താവിൽ
നന്ദിയൊടാ തിരുനാമത്തെ, എന്നും വാഴ്ത്തി നമിച്ചിടുവാൻ.

താതനുമതുപോലാത്മജനും, റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതൽക്കെന്നതുപോലെ, ആമ്മേനാമ്മേനനവരതം.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം; സമാധാനം നമ്മോടുകൂടെ.

കാർമ്മി: മനുഷ്യകുലത്തിന്റെ രക്ഷയ്ക്കുവേണ്ടി മനുഷ്യാവതാരംചെയ്ത മിശിഹായേ, നിന്നെ ഞങ്ങൾ സ്തുതിക്കുകയും ആരാധിക്കുകയും ചെയ്യുന്നു. ഈ മഹനീയസംഭവം അനുസ്മരിക്കുന്ന ഞങ്ങൾ, തിരുസ്സഭ മുഴുവനോടും ചേർന്നു സന്തോഷിക്കുന്നു. പാപാന്ധകാരത്തിൽ കഴിഞ്ഞവർക്ക്

നിത്യജീവന്റെ പ്രകാശം നല്കുവാനായി പിറന്ന ദൈവപുത്രാ, തിന്മയുടെ പാതവെടിഞ്ഞ് സത്യത്തിന്റെ മാർഗ്ഗത്തിലൂടെ ജീവിതകാലം മുഴുവനും നിന്നെ അനുഗമിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. മാലാഖാമാരോടും, ഉണ്ണീശോയെ ആരാധിച്ച ആട്ടിടയരോടും ചേർന്ന് നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

(പൊതു സങ്കീർത്തനം, പേജ് 32)

ദനഹാക്കാലം

സങ്കീർത്തനം 96 (രീതി: കർത്താവേ മമരാജാവേ ...)

കർത്താവിന്നപദാനങ്ങൾ, കീർത്തിപ്പിൻ പുതു ഗാനത്തിൽ
വാഴ്ത്തിപ്പാടിനമിക്കട്ടെ, പാരിടമെല്ലാമുടയവനെ.

വാഴ്ത്തുക തൻതിരുനാമവുമാ, രക്ഷയുമെന്നും കീർത്തിപ്പിൻ
ജനതകൾ മദ്ധ്യേ കർത്താവിൻ, മഹിമകൾ നിതരാം ഘോഷിപ്പിൻ.

വാഴ്ത്തുക ജനമേ കർത്താവിൻ, നിസ്തുല ശക്തി മഹത്വങ്ങൾ
തിരുനാമത്തിനു ചേർന്നവിധം, മഹിത സ്തുതികളുയർത്തിടുവിൻ.

തൃക്കാഴ്ചകളോടവിടുത്തെ, തിരു മുറ്റത്തു പ്രവേശിപ്പിൻ
നിർമ്മല വസ്ത്ര വിഭൂഷിതരായ്, ആരാധിച്ചു വണങ്ങിടുവിൻ.

നീതി വിധിക്കും കർത്താവിൻ, നാമം ജനതകൾ വാഴ്ത്തട്ടെ
വനവൃക്ഷങ്ങൾ വയലുകളും, പുളകിതഗീത മുതിർക്കട്ടെ.

താതനുമതുപോലാത്മജനും, റൂഹായ്ക്കും സ്തുതി എന്നേയ്ക്കും
ആദിമുതൽക്കെന്നതുപോലെ, ആമ്മേനാമ്മേനനവരതം.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം; സമാധാനം നമ്മോടുകൂടെ.

കാർമ്മി: കർത്താവായ ദൈവമേ, ഞങ്ങളുടെ രക്ഷയ്ക്കു വേണ്ടി അങ്ങയുടെ തിരുക്കുമാരനെ നല്കിയ അനന്തസ്നേഹത്തിന് ഞങ്ങൾ നന്ദി പറയുന്നു. ഇവനെന്റെ പ്രിയ പുത്രനാകുന്നു ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന സന്ദേശത്തിലൂടെ സ്വപുത്രനെ ലോകത്തിന് വെളിപ്പെടുത്തിയ പിതാവേ, അങ്ങേ തിരുക്കുമാരൻവഴി ഞങ്ങളും പരിശുദ്ധാത്മാവിനെ സ്വീകരിച്ച് ദൈവിക ജീവനിൽ വളരുവാൻ കൃപചെയ്യണമേ. ഞങ്ങളുടെ ചിന്തയിലും സംസാരത്തിലും പ്രവൃത്തിയിലും ജീവിതാന്ത്യംവരെ നിനക്കു സാക്ഷികളാകുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. ദൈവിക

ജീവന്റെ ഉറവിടമായ പരിശുദ്ധാത്മാവേ, നിന്റെ ദാനങ്ങൾ വഴി ദൈവമക്കളുടെ ഗണത്തിലേയ്ക്ക് ഞങ്ങളെ നയിക്കേണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേയ്ക്കും.

സമൂഹം : ആമ്മേൻ.

(പൊതു സങ്കീർത്തനം, പേജ് 32)

നോമ്പുകാലം

സങ്കീർത്തനം 144 (രീതി: കർത്താവേ മമരാജാവേ ...)

നാഥാ നിന്റെ വിശുദ്ധന്മാർ, നിതരാം നിന്നെ വണങ്ങുന്നു
നിൻ രാജ്യത്തിൻ മഹിമയവർ, വർണ്ണിച്ചീടും വിനയമോടെ.

വീഴുന്നവരെ കനിവോടെ, നാഥൻ താങ്ങി നിറുത്തുന്നു
നിപതിച്ചവരെ സകലരേയും, സദയം താങ്ങിയുയർത്തുന്നു.

കണ്ണുകളെല്ലാം കർത്താവേ, നിന്നെത്തന്നെ തേടുന്നു
എന്തെന്നാൽ നീയാഹാരം, ചിതമാം സമയത്തേകുന്നു.

ഉള്ളു തുറന്നു വിളിക്കുമ്പോൾ, നാഥനടുത്തുണ്ടതു കേൾക്കാൻ
തന്നെ ഭയത്തൊടു സേവിക്കും, നരരുടെയിഷ്ടമവൻ ചെയ്യും.

അവരുടെ യാചന കേൾക്കുമവൻ, രക്ഷയവർക്കവനേകീടും
ഭക്തജനങ്ങളെയഖിലേശൻ, സദയം കാത്തരുളീടുന്നു.

താതനുമതുപോലാത്മജനും, ഗുഹ്യേയും സ്തുതി എന്നേക്കും
ആദിമുതൽക്കെന്നതുപോലെ, ആമ്മേനാമ്മേനനവരതം.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം; സമാധാനം നമ്മോടുകൂടെ.

കാർമ്മി: അനുതാപികളെ, പൈതൃക സ്നേഹത്തോടെ സദാ സ്വീകരിക്കുന്ന കാരുണ്യവാനായ ദൈവമേ, ഞങ്ങളുടെ ബലഹീനതയും അവിശ്വസ്തതയും പരിഗണിക്കരുതേ. ദൈവമേ, ഞങ്ങളോടു കരുണ തോന്നണമേ. ദയാപൂർവ്വം ഞങ്ങളുടെ പാപങ്ങൾ മായിച്ചുകളയണമേ. ഞങ്ങളുടെ അപരാധങ്ങൾ കഴുകിക്കളയുകയും തെറ്റുകൾ തുടച്ചു മാറ്റുകയും ചെയ്യണമേ. എന്തുകൊണ്ടെന്നാൽ ഞങ്ങളുടെ പാപങ്ങൾ ഞങ്ങൾ അറിയുന്നു. ഞങ്ങളുടെ തെറ്റുകളെല്ലാം കണ്ടുകൊണ്ടിരിക്കുന്നു. ഞങ്ങളോടു കാരുണ്യപൂർവ്വം ക്ഷമിക്കണമേ. അധഃപ്പതിച്ചുപോയ ഞങ്ങളെ രക്ഷിക്കുകയും മൃതരായ ഞങ്ങളെ അങ്ങയുടെ അനുഗ്രഹത്താൽ ശക്തരാക്കുകയും ചെയ്യ

ണമേ. അശുദ്ധിയിലും വഞ്ചനയിലും ദുഷ്ടതയിലുംനിന്ന് ഞങ്ങളെ രക്ഷിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

(പൊതു സങ്കീർത്തനം, പേജ് 32)

ഉയിർപ്പുകാലം

സങ്കീർത്തനം 46,47,48 (രീതി: കർത്താവേ മമരാജാവേ ...)

സൈന്യങ്ങൾ തന്നധിനാഥൻ, നമ്മോടൊത്തു വസിക്കുന്നു
യാക്കോബിൻ ബലമാം ദൈവം, ഓർക്കുകിൽ നമ്മുടെയവലംബം.

കരഘോഷങ്ങൾ മുഴക്കിടുവിൻ, തിരുസന്നിധിയിൽ ജനതകളേ
ആഹ്ലാദാരവമുയരട്ടെ, ദൈവത്തിൻ തിരുഭവനത്തിൽ.

ദൈവസ്തുതികൾ പാടിടുവിൻ, സ്തോത്രം ചെയ്തു പുകഴ്ത്തിടുവിൻ
കീർത്തനഗീതം മീട്ടിടുവിൻ, നമ്മുടെ രാജാവവനല്ലോ.

ഭൂമിക്കെല്ലാമധിപനവൻ, അവനായ് ഗീതം പാടുകനാം
ദൈവം ജനതയ്ക്കധിനാഥൻ, സിംഹാസനത്തിൽ വാഴുന്നു.

കർത്താവുന്നതനാകുന്നു, സ്തുത്യർഹൻ നിജ നഗരത്തിൽ
ഉന്നതമവനുടെ പുണ്യഗിരി, മന്നിനു മുഴുവൻ സാഘോഷം.

താതനുമതുപോലാത്മജനും, റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതൽക്കെന്നതുപോലെ, ആമ്മേനാമ്മേനനവരതം.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം; സമാധാനം നമ്മോടുകൂടെ.

കാർമ്മി: മഹത്വമേറിയ ഉത്ഥാനത്താൽ മരണത്തെ പരാജയപ്പെടുത്തുകയും മനുഷ്യഗണത്തെ ദിവ്യാനന്ദത്താൽ നവീകരിക്കുകയും ചെയ്ത മിശിഹായേ, ഞങ്ങൾ നിന്നെ ആരാധിക്കുന്നു. തന്റെ ജീവിതത്തിലൂടെ പിതാവിന്റെ ഹിതം നിറവേറ്റിയ കർത്താവേ, ഞങ്ങളിൽ ഓരോരുത്തരിലും, ഈ സമൂഹത്തിലും, ഇടവകയിലും തിരുസഭയിലും നിന്റെ തിരുവിഷ്ടം സദാ നിറവേറ്റുവാൻ ഇടവരുത്തണമേ. നിന്റെ സമാധാനത്തിനും ആനന്ദത്തിനും ഞങ്ങളെ അർഹരാക്കണമേ. മഹത്ത്വപൂർണ്ണമായ ഉത്ഥാനത്തിലൂടെ നിന്റെ ശിഷ്യഗണത്തിന് നല്കിയ സ്ഥിരവിശ്വാസവും ദൃഢപ്രതീക്ഷയും പരിപൂർണ്ണ സ്നേഹവുംവഴി ഞങ്ങളേയും ദിവ്യാനന്ദത്താൽ നിറയ്ക്കണമേ. നിഷ്കളങ്ക ഹൃദയത്തോടെ നിന്നെ നിരന്തരം പാടിപ്പുകഴ്ത്ത

വാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേയ്ക്കും.

സമൂഹം: ആമ്മേൻ.

(പൊതു സങ്കീർത്തനം, പേജ് 32)

ശ്ലീഹാക്കാലം

സങ്കീർത്തനം 145 (രീതി: കർത്താവേ മമരാജാവേ ...)

എന്നാത്മാവേ പാടുക നീ, കർത്താവിൻ സ്തുതി ഗീതങ്ങൾ
ജീവിതകാലം മുഴുവൻ ഞാൻ, നാഥനു ഗീതികൾ പാടീടും.

ഞാനീ മന്നിൽക്കഴിവോളം, ദൈവസ്തുതികൾ പാടീടും
അരചനിലോ നരനൊരുവനിലോ, ശരണം തേടാൻ തുനിയരുതേ.

കനിവൊടു കർത്താവേകുന്നു, പശിയുള്ളോർക്കിങ്ങാഹാരം
ബന്ധിതരായോർക്കെന്നെന്നും, നാഥൻ മോചനമേകുന്നു.

കുരുടന്മാരുടെ നയനങ്ങൾ, കർത്താവാണു തുറന്നിടുവോൻ
താഴ്ന്ന മുഖങ്ങളുയർത്തിടുവോൻ, കർത്താവല്ലോ എന്നാളും.

കർത്താവല്ലോ വാഴുന്നു, എന്നാളും ഭരണാധിപനായ്
സെഹിയോനേ നിൻ ദൈവത്തിൻ, ഭരണം നിതരാം നിലനിൽക്കും.

താതനുമതുപോലാത്മജനും, റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതൽക്കെന്നതുപോലെ, ആമ്മേനാമ്മേനനവരതം.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം; സമാധാനം നമ്മോടുകൂടെ.

കാർമ്മി: പരിശുദ്ധാത്മാവിനെ നല്കി ശ്ലീഹന്മാരെ ശക്തിപ്പെടുത്തിയ കർത്താവേ, അങ്ങയുടെ അരൂപിയാൽ ഞങ്ങളേയും നിറയ്ക്കണമേ. നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം അറിയിക്കുവിൻ എന്ന് ആഹ്വാനംചെയ്ത കർത്താവേ, ഞങ്ങളെയും പ്രേഷിതരാക്കണമേ. അനുദിന ജീവിതത്തിലൂടെ അങ്ങേയ്ക്കു സാക്ഷികളാകുവാൻ ഞങ്ങളെ പ്രാപ്തരാക്കേണമേ. ഈ സുവിശേഷ ചൈതന്യം ഞങ്ങളുടെ സകല പ്രവർത്തനങ്ങളിലും പ്രകടമാക്കുവാൻ കൃപചെയ്യണമേ. ലോകാവസാനംവരെ ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും എന്നരുളിയ മിശിഹായേ, അങ്ങയുടെ നാമത്തിൽ സമ്മേളിച്ചിരിക്കുന്ന ഞങ്ങളെ അങ്ങ് എന്നും നയിക്കണമേ. അങ്ങയുടെ സഭാസേവനത്തിനായി സ്വയം പൂർണ്ണമായി സമർപ്പിക്കുവാനുള്ള ദൈവവിളിയാൽ ഞങ്ങളുടെ കുടുംബങ്ങളെ അനുഗ്രഹിക്കണമെന്നും ഞങ്ങൾ വിനയപൂർവ്വം അപേക്ഷിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

സമൂഹം: അമ്മേൻ.

(പൊതു സങ്കീർത്തനം, പേജ് 32)

കൈത്താക്കാലം

സങ്കീർത്തനം 146 (രീതി: കർത്താവേ മമരാജാവേ ...)

നല്ലതുമുചിതവുമല്ലോ നാം, പാടുക ദൈവ സ്തുതിഗീതം
വാഴ്ത്തുമവനുടെ തിരുനാമം, ദൈവം നിത്യം സ്തുത്യർഹൻ.

ചിതറിയൊരിസ്രേൽ ജനതതിയെ, നാഥൻ വീണ്ടും ചേർക്കുന്നു
പണിയുന്നോർശ്ലേം നഗരിയവൻ, കരുണാവാരിധിയവനല്ലോ.

പൊട്ടിനുറുങ്ങിയ മനസ്സുകളിൽ, ദൈവം സൗഖ്യം പകരുന്നു
ആകുലമാകെയകറ്റിയവൻ, ശാന്തിജനത്തിനു നല്കുന്നു.

കിന്നര രാഗം മീട്ടിമുദാ, നാഥനു ഗാനം പാടിടുവാൻ
മുകിലുകളാലവനാകാശം, മൂടുന്നു മഴ നല്കുന്നു.

ഭയവും നല്ല പ്രതീക്ഷയുമായ്, തന്നെത്തേടും നരതതിയിൽ
സ്നേഹമരന്ദം വർഷിക്കും, കർത്താവെന്നും കുറവെന്യേ.

താതനുമതുപോലാത്മജനും, റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതൽക്കെന്നതുപോലെ, ആമ്മേനാമ്മേനനവരതം.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം; സമാധാനം നമ്മോടുകൂടെ.

കാർമ്മി: നല്ലിടയനായ മിശിഹായേ, അങ്ങയുടെ സുവിശേഷദൗത്യം തുടരുന്നതിനായി തിരുസ്സഭയെ സ്ഥാപിച്ചതിനും, നിരന്തരം പരിപാലിക്കുന്നതിനും ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. അങ്ങയുടെ സുവിശേഷ സന്ദേശം എല്ലായിടത്തും അറിയിക്കുന്നതിനും അതിനു സാക്ഷികളാക്കുന്നതിനും വേണ്ടി സ്നേഹത്തിന്റെ ബലിവേദിയിൽ സ്വയം സമർപ്പിച്ച ശ്ലീഹന്മാരെയും രക്തസാക്ഷികളെയും വിശുദ്ധരായ അനേകരെയും ഞങ്ങൾക്കു മാതൃകയായി നല്കിയതിനും ഞങ്ങൾ നന്ദി പറയുന്നു. തിരുസ്സഭയെ നിരന്തരം പരിപാലിക്കുന്ന കർത്താവേ, എപ്പോഴും വിശ്വസ്തരായി അങ്ങയുടെ കാലടികളെ പിഞ്ചെല്ലുവാൻ ഞങ്ങളെ ശക്തരാക്കണമേ. സഭയോടൊത്തു ചിന്തിക്കുവാനും രക്ഷാകരദൗത്യത്തിൽ സജീവമായി പങ്കുചേരുവാനും ഞങ്ങളെ അനുഗ്രഹിക്കണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവു മായ സർവ്വേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

(പൊതു സങ്കീർത്തനം, പേജ് 32)

ഏലിയാക്കാലം

സങ്കീർത്തനം 144 (രീതി: കർത്താവേ മമരാജാവേ ...)

നാഥാ നിന്റെ വിശുദ്ധന്മാർ, നിതരാം നിന്നെ വണങ്ങുന്നു
നിൻ രാജ്യത്തിൻ മഹിമയവർ, വർണ്ണിച്ചീടും വിനയമോടെ.

വീഴുന്നവരെ കനിവോടെ, നാഥൻ താങ്ങി നിറുത്തുന്നു
നിപതിച്ചവരെ സകലരെയും, സദയം താങ്ങിയുയർത്തുന്നു.

കണ്ണുകളെല്ലാം കർത്താവേ, നിന്നെത്തന്നെ തേടുന്നു
എന്തെന്നാൽ നീയാഹാരം, ചിതമാം സമയത്തേകുന്നു.

ഉള്ളു തുറന്നു വിളിക്കുമ്പോൾ, നാഥനടുത്തുണ്ടതു കേൾക്കാൻ
തന്നെ ഭയത്തൊടു സേവിക്കും, നരരുടെയിഷ്ടമവൻ ചെയ്യും.

അവരുടെ യാചന കേൾക്കുമവൻ, രക്ഷയവർക്കവനേകീടും
ഭക്തജനങ്ങളെയഖിലേശൻ, സദയം കാത്തരുളീടുന്നു.

താതനുമതുപോലാത്മജനും, റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതൽക്കെന്നതുപോലെ, ആമ്മേനാമ്മേനനവരതം.

സ്ലീവാക്കാലം, മൂശാക്കാലം

സങ്കീർത്തനം 96 (രീതി: കർത്താവേ മമരാജാവേ ...)

കർത്താവിന്നപദാനങ്ങൾ, കീർത്തിപ്പിൻ പുതു ഗാനത്തിൽ
വാഴ്ത്തിപ്പാടി നമിക്കട്ടെ, പാർത്തലമെല്ലാമുടയവനേ.

വാഴ്ത്തുകതൻതിരു നാമവുമാ, രക്ഷയുമെന്നും കീർത്തിപ്പിൻ
ജനതകൾ മദ്ധ്യേ കർത്താവിൻ, മഹിമകൾ നിതരാം ഘോഷിപ്പിൻ.

വാഴ്ത്തുക ജനമേ കർത്താവിൻ, നിസ്തുല ശക്തി മഹത്വങ്ങൾ
തിരുനാമത്തിനു ചേർന്ന വിധം, മഹിത സ്തുതികളുയർത്തിടുവിൻ.

തൃക്കാഴ്ചകളോടവിടുത്തെ, തിരുമുറ്റത്തു പ്രവേശിപ്പിൻ
നിർമ്മലവസ്ത്ര വിഭൂഷിതരായ്, ആരാധിച്ചു വണങ്ങിടുവിൻ.

നീതി വിധിക്കും കർത്താവിൻ, നാമം ജനതകൾ വാഴ്ത്തട്ടെ
വന വൃക്ഷങ്ങൾ വയലുകളും, പുളകിത ഗീതമുതിർക്കട്ടെ.

താതനുമതുപോലാത്മജനും, റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതൽക്കെന്നതുപോലെ, ആമ്മേനാമ്മേനനവരതം.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം; സമാധാനം നമ്മോടുകൂടെ.

കാർമ്മി: ഞങ്ങളുടെ ജീവന്റെ ആരംഭവും അന്ത്യവുമായ മിശിഹായേ, അങ്ങയുടെ നിത്യപ്രകാശത്താൽ ഞങ്ങളുടെ അനുദിന ജീവിതത്തെ പ്രകാശപൂരിതമാക്കണമേ. നന്മയും തിന്മയും വിവേചിച്ചറിയുന്നതിനും നന്മയെ സ്വീകരിക്കുന്നതിനും, തിന്മയെ എതിർക്കുന്നതിനും ഞങ്ങളെ പ്രാപ്തരാക്കേണമേ. അങ്ങയുടെ പ്രമാണത്തിന്റെ വഴിയിലൂടെ നടന്ന് മരണത്തെ പരാജയപ്പെടുത്തുന്നതിനും അങ്ങയുടെ വചനത്തെ നിത്യജീവിതത്തിന്റെ കവാടമാക്കി തീർക്കുന്നതിനും ഇടയാക്കണമേ. സമയത്തിന്റെ പൂർണ്ണതയിൽ അങ്ങ് മഹത്വത്തോടെ വരുമ്പോൾ നീതിമാന്മാരുടെ സമൂഹത്തോടു ചേർന്ന് അങ്ങയെ സ്വീകരിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. സത്യത്തിനും നീതിക്കും വേണ്ടി സദാജീവിക്കുന്നതിനും ജീവിതാന്ത്യംവരെ വിശ്വസ്തതയോടെ നിലനിൽക്കുന്നതിനും വരം തരണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേയ്ക്കും.

സമൂഹം: ആമ്മേൻ.

(പൊതു സങ്കീർത്തനം, പേജ് 32)

പള്ളിക്കൂദാശക്കാലം

സങ്കീർത്തനം 148 (രീതി: കർത്താവേ മമരാജാവേ ...)

കർത്താവിൻ സ്തുതി പാടിടുവിൻ, അത്യുന്നതനെ വാഴ്ത്തിടുവിൻ
ആകാശങ്ങളിലുയരട്ടെ, നാകാധിപനുടെയപദാനം.

ദൂതന്മാരെ സേവകരേ, പാടുക നാഥനു സ്തുതിഗീതം
സൈന്യങ്ങൾക്കവനധിനാഥൻ, ധന്യനെ വാഴ്ത്തുക സേനകളെ.

വാനിലെയർക്കനു മമ്പിളിയും, സാനന്ദം സ്തുതി പാടട്ടെ
മിന്നി മിനുങ്ങും താരങ്ങൾ, നാഥനു ഗീതികൾ പാടട്ടെ.

മേഘാവലിയിലെ ജലനിരയും, ആകാശവുമതു പാടട്ടെ
അവിടുന്നല്ലോ തിരുമൊഴിയാൽ, അവയെ സകലം സൃഷ്ടിച്ചു.

ഗിരിശിഖരങ്ങൾ കുന്നുകളും, ഫലവൃക്ഷങ്ങൾ വല്ലികളും
തീയും മഞ്ഞും കന്മഴയും, പായും കാറ്റും പാടട്ടെ.

താതനുമതുപോലാത്മജനും, റൂഹായ്ക്കും സ്തുതി എന്നേയ്ക്കും
ആദിമുതൽക്കെന്നതുപോലെ, ആമ്മേനാമ്മേനനവരതം.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ.

കാർമ്മി: ഞങ്ങളുടെ രക്ഷകനായ മിശിഹായേ, മനുഷ്യകുലത്തിന്റെ നവീകരണത്തിനും രക്ഷയ്ക്കും വേണ്ടി തിരുസ്സഭയെ സ്ഥാപിച്ചതിന് ഞങ്ങൾ നന്ദി പറയുന്നു. അവിടുന്നു ഭരമേൽപ്പിച്ച രക്ഷാകരദൗത്യം ലോകാവസാനംവരെ തുടരുവാൻ അവിടുത്തെ നിർമ്മലവധുവായ സഭയെ സജ്ജമാക്കിയല്ലോ. അങ്ങയുടെ മാംസ-രക്തങ്ങളാൽ അവളെ പരിപോഷിപ്പിക്കുകയും പരിശുദ്ധാത്മാവിനാൽ നയിക്കുകയും ചെയ്യുന്നതിന് അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. യുഗാന്ത്യത്തിൽ അങ്ങുന്നു പ്രതാപവാനായി പ്രത്യക്ഷപ്പെടുമ്പോൾ അങ്ങേയ്ക്കു മാത്രം സമർപ്പിതമായ സഭ, നൈർമ്മല്യപൂർവ്വം തന്റെ മക്കളായ ഞങ്ങളോടൊപ്പം അങ്ങയെ സ്വീകരിക്കുന്നതിന് ഇടവരുത്തണമേ. പിതാവായ ദൈവത്തിന് ഏറ്റവും സ്വീകാര്യ സമർപ്പണമായിതീരുവാൻ സഭയെ സജ്ജമാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. നിത്യഭവനമായ സ്വർഗ്ഗത്തെ ലക്ഷ്യംവച്ചു നീങ്ങുന്ന ഈ തീർത്ഥാടക സമൂഹത്തെ അങ്ങയുടെ പരിശുദ്ധാത്മാവിനാൽ നയിക്കേണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശാ എന്നേയ്ക്കും.

സമൂഹം: ആമ്മേൻ.

ഇരുന്നുകൊണ്ട്

എല്ലാ ദിവസത്തേയ്ക്കുമുള്ള സങ്കീർത്തനങ്ങൾ
(സങ്കീർത്തനം 140)

കർത്താവേ ഞാൻ അങ്ങയെ വിളിച്ചപേക്ഷിക്കുന്നു.
എനിക്ക് ഉത്തരമരുളണമേ.

എന്റെ യാചന സ്വീകരിക്കണമേ.
പരിമളധൂപംപോലെ അത് അങ്ങേ പക്കലേയ്ക്കുയരട്ടെ.

എന്റെ കരങ്ങളുടെ അർച്ചന
എന്റെ സായാഹ്ന ബലിയായി സ്വീകരിക്കണമേ.

കർത്താവേ, എന്റെ നാവിന് നിയന്ത്രാവിനേയും
അധരങ്ങൾക്ക് കാവൽക്കാരനേയും നിയമിക്കണമേ.

എന്റെ ഹൃദയം തിന്മയിലേക്ക് ചായാതിരിക്കട്ടെ.
ദുഷ്കൃത്യങ്ങൾ ഞാൻ ചെയ്യാതിരിക്കട്ടെ.
ദുഷ്ടരോട് ഞാൻ സഹവസിക്കാതിരിക്കട്ടെ.

നീതിമാനായ മനുഷ്യൻ
എന്നെ പഠിപ്പിക്കുകയോ ശാസിക്കുകയോ ചെയ്യട്ടെ.

ദുഷ്ടന്മാരുടെ തൈലം, എന്റെ ശിരസ്സിൽ സ്പർശിക്കാതിരിക്കട്ടെ.

എന്റെ പ്രാർത്ഥന, അവരുടെ ദുഷ്കൃത്യങ്ങൾക്കെതിരാകുന്നു.

അവരുടെ വിധികർത്താക്കൾ, കനത്ത കൈകളാൽ തടയപ്പെട്ടു.

അപ്പോൾ അവർ, എന്റെ മധുര വചനങ്ങൾ ശ്രവിച്ചു.

കൊഴുകൊണ്ടു കീറിയ നിലം പോലെ, അവരുടെ അസ്ഥികൾ
പാതാള വാതിൽക്കൽ ചിതറിക്കപ്പെട്ടിരിക്കുന്നു.

കർത്താവേ, നിന്റെ പക്കലേക്ക് ഞാൻ കണ്ണുകളുയർത്തി.
നിന്നെ ഞാൻ ശരണംഗമിക്കുന്നു, എന്നെ തിരസ്കരിക്കരുതേ.

അഹങ്കാരികൾ എനിക്കെതിരായി കെണിവച്ചിരിക്കുന്നു.
അവരിൽനിന്ന് എന്നെ കാത്തുകൊള്ളണമേ.

അധർമ്മികൾ അവരുടെ വലകളിൽ കുരുങ്ങട്ടെ.
ഞാനോ സുരക്ഷിതനായി കടന്നുപോകട്ടെ.

(സങ്കീർത്തനം 118)

നിന്റെ പ്രമാണം എന്റെ പാദങ്ങൾക്കു വിളക്കും
എന്റെ വഴികളിൽ പ്രകാശവുമാകുന്നു.

നീതിയുടെ നിയമങ്ങളനുസരിക്കുവാൻ
ശപഥപൂർവ്വം ഞാൻ നിശ്ചയിച്ചു.

കർത്താവേ, ഞനേറെ താഴ്ത്തപ്പെട്ടിരിക്കുന്നു
നിന്റെ വചനമനുസ്സരിച്ച് എനിക്കു ജീവൻ നല്കണമെ.

എന്റെ സ്തോത്രങ്ങളിൽ നീ പ്രസാദിക്കേണമേ.
നിന്റെ വിധികൾ എന്നെ പഠിപ്പിക്കേണമേ.

എന്നെന്നും ഞാൻ നിന്റെ കരങ്ങളിലാകുന്നു.
നിന്റെ നിയമം ഞാൻ മറക്കുകയില്ല.

പാപികൾ എനിക്കു കെണികളിണക്കി.
എങ്കിലും പ്രമാണങ്ങളിൽനിന്ന് ഞാൻ പിന്മാറിയില്ല.

നിന്റെ പ്രമാണങ്ങളാണ്, എന്നെന്നുമുള്ള എന്റെ ഓഹരി
അവയിലാണ് എനിക്കുള്ള ആനന്ദം.

നിന്റെ കല്പനകൾ എന്നെന്നും സത്യമായി പാലിക്കാൻ
എന്റെ ഹൃദയം സജ്ജമാക്കുന്നു.

(സങ്കീർത്തനം 116)

സകല ജനതകളേ കർത്താവിനെ സ്തുതിക്കുവിൻ.
ജനപഥങ്ങളെ അവനെ പുകഴ്ത്തുവിൻ.

എന്തെന്നാൽ അവന്റെ കൃപാവരം നമ്മിൽ പ്രബലമാണ്.
സത്യമായും കർത്താവ് നിത്യനാകുന്നു.

പിതാവിനും പുത്രനും, പരിശുദ്ധാത്മാവിനും സ്തുതി.

ആദിമുതൽ എന്നേക്കും ആമ്മേൻ.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം; സമാധാനം നമ്മോടുകൂടെ.

കാർമ്മി: ഞങ്ങളുടെ കർത്താവായ ദൈവമേ / ***(സമൂഹവും ചേർന്ന്)*** പാപികളായ ഞങ്ങളുടെ ഈ പ്രാർത്ഥന / കനിവോടെ കേൾക്കുകയും / സായാഹ്നബലിയായി സ്വീകരിക്കുകയും ചെയ്യണമെ / ഞങ്ങളുടെ ആത്മാവിനേയും ശരീരത്തേയും / അങ്ങേയ്ക്കു ഞങ്ങൾ സമർപ്പിക്കുന്നു / പാപങ്ങൾ ക്ഷമിച്ച് / ഞങ്ങളെ അനുഗ്രഹിക്കണമേ / നിന്റെ നിത്യ പ്രകാശത്തിലൂടെ / ഞങ്ങളെ എന്നും നയിക്കണമേ / പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും. ആമ്മേൻ.

ഗാനം

സർവാധിപനാം കർത്താവേ, നിന്നെ വണങ്ങി നമിക്കുന്നു.
ഈശോനാഥാ, വിനയമോടെ, നിന്നെ നമിച്ചു പുകഴ്ത്തുന്നു.

മർത്യനു നിത്യമഹോന്നതമാ-, മുത്ഥാനം നീയരുളുന്നു
അക്ഷയമവനുടെയാത്മാവി-, നുത്തമരക്ഷയുമേകുന്നു.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം; സമാധാനം നമ്മോടുകൂടെ.

കാർമ്മി: എന്റെ കർത്താവേ, അങ്ങു സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയർപ്പിക്കുന്നവനും, ആത്മാക്കളെ രക്ഷിക്കുന്നവനും, ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. ഞങ്ങൾ എപ്പോഴും അങ്ങേയ്ക്കു സ്തുതിയും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുവാൻ കടപ്പെട്ടവരാകുന്നു. സകലത്തിന്റെയും നാഥാ എന്നേക്കും.

സമൂഹം: ആമ്മേൻ.

ത്രൈശുദ്ധ കീർത്തനം

ശബ്ദമുയർത്തിപ്പാടിടുവിൻ, സർവ്വരുമൊന്നായ് പാടിടുവിൻ
എന്നെന്നും ജീവിക്കും, സർവ്വേശ്വരനേ വാഴ്ത്തിടുവിൻ.

പരിപാവനനാം സർവ്വേശാ, പരിപാവനനാം ബലവാനേ,
പരിപാവനനാം അമർത്യനേ, നിൻകൃപ ഞങ്ങൾക്കേകണമേ.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം; സമാധാനം നമ്മോടുകൂടെ.

കാർമ്മി: ഞങ്ങളുടെ കർത്താവായ ദൈവമേ, ജീവദായകമായ ദിവ്യസന്ദേശം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും ഞങ്ങളുടെ ബുദ്ധിയേയും മനസ്സിനേയും പ്രകാശിപ്പിക്കണമേ. അതുവഴി സ്നേഹവും ശരണവും ഞങ്ങളിൽ വർദ്ധിക്കുവാനും ഞങ്ങൾ രക്ഷപ്രാപിച്ച് നിരന്തരം അങ്ങയെ സ്തുതിക്കുവാനും ഞങ്ങളെ സഹായിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

ലേഖനം

വായിക്കുന്ന ആൾ: സഹോദരരേ, വിശുദ്ധ ..... ശ്ലീഹാ ..... എഴുതിയ ലേഖനം.

(ലേഖനം വായിക്കുന്നു. വായന തീരുമ്പോൾ)

സമൂഹം: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

(എല്ലാവരും എഴുന്നേറ്റുനിന്നുകൊണ്ട്)

ഹല്ലേലൂയ്യാ ഗീതം

ഹല്ലേലൂയ്യ പാടീടുന്നേൻ, ഹല്ലേലൂയ്യ ഹല്ലേലൂയ്യ.

നല്ലോരാശയമെൻ മനതാരിൽ, വന്നു നിറഞ്ഞു തുളുമ്പീടുന്നു.

രാജാവിൻ തിരുമുമ്പിൽ കീർത്തന, മധുവായ് ഞാനതൊഴുക്കീടട്ടെ.

ഏറ്റമനുഗ്രഹ പൂരിതനാംകവിതൻ, തൂലികപോലെൻ നാവിപ്പോൾ.

താതനുമതുപോൽ സുതനും, പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.

ആദിമുതൽക്കേയിന്നും നിത്യവു, മായി ഭവിച്ചീടട്ടെ ആമ്മേൻ.

ഹല്ലേലൂയ്യ പാടീടുന്നേൻ, ഹല്ലേലൂയ്യ ഹല്ലേലൂയ്യ.

കാർമ്മി: വിശുദ്ധ ..... അറിയിച്ച നമ്മുടെ കർത്താവീശോ മിശിഹായുടെ പരിശുദ്ധ സുവിശേഷം.

സമൂഹം: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

(കാർമ്മികൻ സുവിശേഷം വായിക്കുന്നു. വായന തീരുമ്പോൾ)

സമൂഹം: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

(ഇരിക്കുന്നു; വൈദികനുണ്ടെങ്കിൽ വചനപ്രസംഗം)

കാറോസൂസാ

(കാലമനുസരിച്ചുള്ള ഭാഗം)

മംഗലവാർത്തക്കാലം ..... പേജ് 36
പിറവിത്തിരുന്നാൾ ..... പേജ് 37
ദനഹാക്കാലം ..... പേജ് 38
നോമ്പുകാലം ..... പേജ് 39
ഉയിർപ്പുകാലം ..... പേജ് 40
ശ്ലീഹാക്കാലം ..... പേജ് 41
കൈത്താക്കാലം ..... പേജ് 42
ഏലിയാ-സ്ലീവാ-മൂശാക്കാലങ്ങൾ പേജ് 44
പള്ളിക്കൂദാശാക്കാലം ..... പേജ് 45

മംഗലവാർത്തക്കാലം

(സമൂഹാംഗങ്ങൾ മാറിമാറി ചൊല്ലുക).

ശുശ്രൂഷി: നമുക്കെല്ലാവർക്കും സന്തോഷത്തോടും പ്രതീക്ഷയോടും കൂടെ നിന്ന്, കർത്താവായ മിശിഹായേ, എഴുന്നള്ളിവരണമേ എന്നു പ്രാർത്ഥിക്കാം.

സമൂഹം: കർത്താവായ മിശിഹായേ, എഴുന്നള്ളിവരണമേ.

ശുശ്രൂഷി: ആദത്തിന്റെ പാപം മൂലം അധഃപതിച്ച മനുഷ്യർക്കു രക്ഷകനായി വാഗ്ദാനം ചെയ്യപ്പെട്ട മിശിഹായേ, ഞങ്ങൾക്കു പാപമോചനവും രക്ഷയും നല്കുവാൻ എഴുന്നള്ളിവരണമേ.

ശുശ്രൂഷി: പൂർവ്വപിതാക്കന്മാർ പ്രത്യാശയോടെ പാർത്തിരുന്ന മിശിഹായേ, കൃപാവരങ്ങൾ നല്കി തിരുസഭയെ ധന്യമാക്കുവാൻ എഴുന്നള്ളിവരണമേ.

ശുശ്രൂഷി: ജനപഥങ്ങളുടെ കർത്താവും സമാധാനത്തിന്റെ രാജാവുമായ മിശിഹായേ, സമസ്തലോകത്തിനും വിശിഷ്യ, ഞങ്ങളുടെ മാതൃരാജ്യത്തിനും അങ്ങയുടെ ശാന്തിയും സമാധാനവും നല്കുവാൻ എഴുന്നള്ളിവരണമേ.

ശുശ്രൂഷി: ലോകത്തിന്റെ പ്രകാശവും മനുഷ്യവർഗ്ഗത്തിന്റെ ഗുരുനാഥനുമായ മിശിഹായേ, സകല ജനങ്ങളേയും പ്രത്യേകിച്ച് ഭാരതത്തിലെ

ഞങ്ങളുടെ എല്ലാ സഹോദരങ്ങളേയും സുവിശേഷ ദീപ്തിയാൽ പ്രകാശിപ്പിക്കുവാൻ എഴുന്നള്ളിവരണമേ.

ശ്രുശ്രൂഷി: മനുഷ്യാവതാരംവഴി മനുഷ്യവംശത്തെ മഹത്ത്വമണിയിച്ച മിശിഹായേ, ഞങ്ങളുടെ കുടുംബങ്ങളെ ദിവ്യസ്നേഹ ചൈതന്യത്താൽ ധന്യമാക്കുവാൻ എഴുന്നള്ളിവരണമേ.

ശ്രുശ്രൂഷി: മനുഷ്യാവതാരത്തിലൂടെ ഞങ്ങൾക്ക് അങ്ങേ തിരുവചനങ്ങൾ നല്കുകയും ദൈവിക രഹസ്യങ്ങൾ വെളിപ്പെടുത്തുകയും ചെയ്ത മിശിഹായേ, ഞങ്ങളുടെ ബുദ്ധിയേയും മനസ്സിനേയും പ്രകാശിപ്പിക്കുവാൻ എഴുന്നള്ളിവരണമേ.

ശ്രുശ്രൂഷി: അങ്ങേ മുന്നോടിയായ സ്നാപകയോഹന്നാന്റെ ആഹ്വാനം സ്വീകരിച്ച് അനുതാപപൂർവ്വം അങ്ങയെ സമീപിച്ചവരിൽ സംപ്രീതനായ കർത്താവേ, ഞങ്ങളേയും വിശുദ്ധീകരിക്കുവാൻ എഴുന്നള്ളിവരണമേ.

ശ്രുശ്രൂഷി: ഞങ്ങളുടെ രക്ഷയ്ക്കും വിശുദ്ധീകരണത്തിനും വേണ്ടി കന്യകാമറിയത്തിന്റെ വിനയത്തെ തൃക്കൺപാർത്ത് അവളിൽ നിന്നു ജന്മമെടുക്കുവാൻ തിരുമനസ്സായ കർത്താവേ, ഞങ്ങളേയും വിനയത്തിൽ വളർത്തുവാൻ എഴുന്നള്ളിവരണമേ.

(തുടർന്ന് പൊതു കാറോസൂസ; പേജ് 46 കാണുക)

പിറവിത്തിരുനാൾ

(സമൂഹാംഗങ്ങൾ മാറിമാറി ചൊല്ലുക).

ശ്രുശ്രൂഷി: നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടുംകൂടെ നിന്ന്, "ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു" എന്ന് ഏറ്റു പറയാം.

സമൂഹം: ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

ശ്രുശ്രൂഷി: തന്റെ ഏകജാതനെ നല്കുവാൻ തക്കവിധം ഈ ലോകത്തെ അത്രയധികമായി സ്നേഹിച്ച ദൈവമേ.

ശ്രുശ്രൂഷി: വിനീതരായ ആട്ടിടയരെയും വിജ്ഞാനികളായ ശാസ്ത്രജ്ഞരെയും ദിവ്യശിശുവിന്റെ സവിധത്തിലേയ്ക്ക് ആനയിച്ച ദൈവമേ.

ശ്രുശ്രൂഷി: തന്റെ തിരുക്കുമാരന്റെ മനുഷ്യാവതാരംവഴി എളിമയുടെയും ദാരിദ്ര്യത്തിന്റെയും മാതൃക കാട്ടുകയും സമാധാനവും പ്രത്യാശയുംനല്കി ലോകത്തെ അനുഗ്രഹിക്കുകയും ചെയ്ത ദൈവമേ.

ശ്രുശ്രൂഷി: അവതരിച്ച മിശിഹാവഴി ഞങ്ങളെ അങ്ങയുടെ മക്കളും സ്വർഗ്ഗത്തിന് അവകാശികളുമാക്കിയ ദൈവമേ.

ശുശ്രൂഷി: മനുഷ്യാവതാരത്തിന്റെ മഹനീയ ഫലങ്ങൾ തിരുസ്സഭയിലൂടെ ഞങ്ങൾക്കു നല്കുന്ന ദൈവമേ.

ശുശ്രൂഷി: ദാസന്റെ വേഷം ധരിച്ച കാലിത്തൊഴുത്തിൽ പിറന്ന ദിവ്യ സുതൻവഴി പതിതരെയും പാവപ്പെട്ടവരെയും തന്നിലേക്കടുപ്പിച്ച ദൈവമേ.

ശുശ്രൂഷി: സമാധാനത്തിന്റെ സന്ദേശവുമായിവരികയും നിന്റെ ദിവ്യസമാധാനത്താൽ ഞങ്ങളോരോരുത്തരെയും ഞങ്ങളുടെ ഇടവകയെയും തിരുസ്സഭയെയും സമ്പന്നമാക്കുകയും ചെയ്യുന്ന കർത്താവേ.

ശുശ്രൂഷി: ആദത്തിന്റെ അനുസരണക്കേടിനു പരിഹാരം ചെയ്യുന്നതിനായി പിതാവിന്റെ ഹിതം പൂർണ്ണമായി നിറവേറ്റുവാൻ മനുഷ്യാവതാരം ചെയ്ത കർത്താവേ.

ശുശ്രൂഷി: ഞങ്ങളുടെ രക്ഷയ്ക്കും വിശുദ്ധീകരണത്തിനും വേണ്ടി പരിശുദ്ധ കന്യകാമറിയത്തിൽനിന്നു പിറക്കുകയും ദൈവജനനിയെ ഞങ്ങൾക്കു മാതാവായി നല്കുകയും ചെയ്ത മിശിഹായേ.

(തുടർന്ന് പൊതു കാറോസൂസ; പേജ് 46 കാണുക)

ദനഹാക്കാലം

(സമൂഹാംഗങ്ങൾ മാറിമാറി ചൊല്ലുക).

ശുശ്രൂഷി: നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടുംകൂടെ നിന്ന്, "കർത്താവേ, അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു" എന്നു പ്രാർ ത്ഥിക്കാം.

സമൂഹം: കർത്താവേ, അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ശുശ്രൂഷി: ഇവൻ എന്റെ പ്രിയപുത്രനാകുന്നു എന്നു പിതാവിൽനിന്ന് സാക്ഷ്യംലഭിച്ച മിശിഹായേ, കർത്താവും ദൈവവുമായി അങ്ങയെ ഏറ്റുപറയുവാൻ അങ്ങയുടെ സഭയെ അനുഗ്രഹിക്കണമെന്ന്.

ശുശ്രൂഷി: യോഹന്നാനിൽനിന്ന് മാമ്മോദീസാ സ്വീകരിച്ചുകൊണ്ട് സകല നീതിയും പൂർത്തിയാക്കിയ മിശിഹായേ, ഞങ്ങൾക്കു നല്കപ്പെട്ട പുത്രസ്വീകരണത്തിന്റെ അരൂപിയിൽ അയൽക്കാരെ സ്നേഹിക്കുവാനും ദുഃഖിതരെ ആശ്വസിപ്പിക്കുവാനും ഞങ്ങളെ ശക്തരാക്കണമെന്ന്.

ശുശ്രൂഷി: ഒരു കർത്താവും ഒരു വിശ്വാസവും ഒരു മാമ്മോദീസായും ഏറ്റു പറഞ്ഞുകൊണ്ട് എല്ലാ ക്രിസ്തീയ സഭാവിഭാഗങ്ങളും ഒന്നായിത്തീരുവാൻ ഇടയാക്കണമെന്ന്.

ശുശ്രൂഷി: അങ്ങയുടെ മുന്നോടിയായ യോഹന്നാനെപ്പോലെ ഞങ്ങൾ സത്യത്തിന്റെ സാക്ഷികളും പരിത്യാഗത്തിന്റെ മാതൃകകളുമായിത്തീരുവാൻ അനുഗ്രഹിക്കണമെന്ന്.

ശുശ്രൂഷി: പാപികളോട് ഒന്നുചേർന്ന് അനുതാപത്തിന്റെ മാമ്മോദീസാ സ്വീകരിച്ച മിശിഹായേ, ഞങ്ങളുടെ ബലഹീനതകൾ ഏറ്റുപറഞ്ഞ് അനുതാപത്തിന്റെ അരൂപിയിൽ ജീവിക്കുന്നതിനുവേണ്ട വരം നല്കണമെന്ന്.

ശുശ്രൂഷി: മാമ്മോദീസാവഴി ഞങ്ങളെ ദൈവമാതാവിന്റെ മക്കളും മിശിഹായുടെ സഹോദരങ്ങളും അങ്ങേ ആലയങ്ങളുമാക്കിയ പരിശുദ്ധാത്മാവേ, ഞങ്ങൾക്ക് ദൈവികാരൂപിയിൽ അനുദിനം വളരുവാൻ ശക്തി തരണമെന്ന്.

ശുശ്രൂഷി: വിജ്ഞാനികൾവഴി വിജാതീയർക്കും, മാമ്മോദീസാവഴി യഹൂദജനതയ്ക്കും, കാനായിലെ അത്ഭുതം വഴി ശിഷ്യഗണത്തിനും, സ്വയം വെളിപ്പെടുത്തിയ മിശിഹായേ, ദൈവിക പരിപാലനയുടെ പിന്നിൽ പ്രവർത്തിക്കുന്ന അങ്ങയെ ദർശിക്കുവാൻ ഞങ്ങളുടെ ആദ്ധ്യാത്മിക നയനങ്ങളെ പ്രാപ്തമാക്കണമെന്ന്.

ശുശ്രൂഷി: ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ശിഖരങ്ങളുമാകുന്നു, നിങ്ങൾ എന്നിൽ വസിക്കുവിൻ എന്നരുളിയ മിശിഹായേ, അങ്ങയോടുള്ള ഐക്യത്തിൽ അനുദിനം വളരുവാനും സൽകൃത്യങ്ങളിലൂടെ അത് പ്രകടമാക്കുവാനുമുള്ള അനുഗ്രഹം തരണമെന്ന്.

(തുടർന്ന് പൊതു കാറോസൂസ; പേജ് 46 കാണുക)

നോമ്പുകാലം

(സമൂഹാംഗങ്ങൾ മാറിമാറി ചൊല്ലുക).

ശുശ്രൂഷി: നമുക്കെല്ലാവർക്കും അനുതാപത്തോടും ഭക്തിയോടുംകൂടി, കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ എന്നപേക്ഷിക്കാം.

സമൂഹം: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ശുശ്രൂഷി: പരിശുദ്ധാത്മാവിനാൽ വനത്തിലേയ്ക്ക് നയിക്കപ്പെടുകയും നാൽപ്പതു രാവും നാൽപ്പതു പകലും തപസ്സനുഷ്ഠിക്കുകയും ചെയ്ത കർത്താവേ, തപസ്സിന്റെയും പ്രായശ്ചിത്തത്തിന്റെയും അരൂപിയിൽ ഞങ്ങളെ നിറയ്ക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: സ്നേഹത്തിന്റെ ബലിവസ്തുവായ മിശിഹായേ, ഞങ്ങളുടെ ശരീരത്തേയും അതിന്റെ ദുർവ്വാസനകളേയും അങ്ങയോടുകൂടി ക്രൂശിക്കുന്നതിന് ഞങ്ങളെ അനുഗ്രഹിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: പരിശുദ്ധമായ ഉപവാസത്താൽ സാത്താനെ ലജ്ജിപ്പിക്കുകയും, ദുർബലമായ ഞങ്ങളുടെ സ്വഭാവത്തെ ശക്തിപ്പെടുത്തുകയുംചെയ്ത മിശിഹായേ, ദൈവിക ജീവനിൽ അനുദിനം വളരുവാനും തിന്മയെ തിരസ്കരിക്കുവാനും ശക്തി തരണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: പരീക്ഷയിൽ പിശാചിനെ പരാജയപ്പെടുത്തുകയും, അവന്റെ കാപട്യം തെളിയിക്കുകയും ചെയ്തശേഷം മാലാഖമാരുടെ സാന്നിദ്ധ്യത്തിൽ ആശ്വാസം പ്രാപിച്ച മിശിഹായേ, ജീവിത നൈർമല്യത്തിൽ യഥാർത്ഥ സന്തോഷം കണ്ടെത്തുവാൻ ഞങ്ങളെ പ്രാപ്തരാക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: തന്നെ പിഞ്ചെല്ലുവാൻ ആഗ്രഹിക്കുന്നവർ സ്വന്തം കുരിശുമെടുത്തുകൊണ്ട് തന്നെ അനുഗമിക്കുവാൻ ആഹ്വാനം ചെയ്ത കർത്താവേ, അനുദിന ജീവിതത്തിലുണ്ടാകുന്ന ക്ലേശങ്ങളും ബുദ്ധിമുട്ടുകളും വിശ്വാസത്തിന്റെ വെളിച്ചത്തിലൂടെ നേരിടുവാൻ ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കണമെന്ന് അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ശുശ്രൂഷി: പുലർച്ചയാകുവോളം വനത്തിന്റെ ഏകാന്തതയിൽ പ്രാർത്ഥനാനിമഗ്നനായിരുന്ന കർത്താവേ, വിശ്വാസത്തിലും പ്രാർത്ഥനാ ചൈതന്യത്തിലും അനുദിനം ജീവിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: അനുഗ്രഹസമ്പന്നനും അനുതാപികൾക്കു വാതിൽ തുറന്നുകൊടുക്കുന്ന കാരുണ്യവാനുമായ കർത്താവേ, ശാശ്വതമായ സമാധാനത്തിന്റെ ഉറവിടത്തിലേയ്ക്ക് ഞങ്ങളെ നയിക്കുകയും നിത്യാനന്ദത്തിന് അർഹരാക്കുകയും ചെയ്യണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

(തുടർന്ന് പൊതു കാറോസൂസ; പേജ് 46 കാണുക)

ഉയിർപ്പുകാലം

(സമൂഹാംഗങ്ങൾ മാറിമാറി ചൊല്ലുക)

ശുശ്രൂഷി: നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടുംകൂടി "കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ" എന്നപേക്ഷിക്കാം.

സമൂഹം: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ശുശ്രൂഷി: വഴിയും സത്യവും ജീവനുമായ മിശിഹായേ, അങ്ങയുടെ പുനഃരുത്ഥാനത്തിൽ ആനന്ദിക്കുന്ന ഞങ്ങളെ അന്ധകാരത്തിൽനിന്നു പ്രകാശത്തിലേക്കും അസത്യത്തിൽനിന്ന് സത്യത്തിലേക്കും മരണത്തിൽ

നിന്ന് മരണമില്ലായ്മയിലേക്കും ആനയിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: പുനരുത്ഥാനംവഴി പരിഹാസത്തിന്റെ അടയാളമായ കുരിശിനെ മഹത്വത്തിന്റെ ചിഹ്നമായി ഉയർത്തിയ കർത്താവേ, ഞങ്ങളുടെ ശരീരത്തെ അതിന്റെ ദുരാശകളോടെ കുരിശിൽ തറയ്ക്കുവാനും, ആത്മസമർപ്പണത്തിൽ നിത്യജീവൻ കണ്ടെത്തുവാനും ഞങ്ങളെ അനുഗ്രഹിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: ദാരിദ്ര്യത്താലും രോഗത്താലും വലയുന്നവരും സത്യത്തെപ്രതി പീഡയനുഭവിക്കുന്നവരും, അങ്ങയുടെ മഹത്വപൂർണ്ണമായ ഉത്ഥാനത്തേയും അവർണ്ണനീയമായ സ്വർഗ്ഗഭാഗ്യത്തേയും ഓർത്തുകൊണ്ട് നല്ല ഓട്ടം ഓടുവാനും വിശ്വാസം സംരക്ഷിക്കുവാനും വരംതരണമെന്ന് കർത്താവേ അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: ദിവ്യബലിയിൽ സജീവമായി പങ്കെടുക്കുവാനും ഞങ്ങളുടെ ജീവന്റെയും ഉയർപ്പിന്റെയും കാരണമായ തിരുശരീരരക്തങ്ങൾ യോഗ്യതയോടുകൂടി സ്വീകരിക്കുവാനും ഞങ്ങളെ ശക്തരാക്കണമെന്ന് കർത്താവേ, അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: യൂദന്മാരെ ഭയന്നു മുറിയടച്ചിരുന്ന ശിഷ്യന്മാരുടെ മുമ്പിൽ അത്ഭുതകരമായി പ്രത്യക്ഷപ്പെട്ട് സമാധാനം ആശംസിച്ച കർത്താവേ, അങ്ങയുടെ സമാധാനം ഞങ്ങൾക്കെന്നും തരണമെന്ന് പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: പാപികളുടെ ആലംബവും ദുഃഖിതരുടെ ആശ്വാസവുമായ മിശിഹായേ, അങ്ങേ ഉത്ഥാനത്തിന്റെ മഹത്വത്താൽ ഞങ്ങളെ ആനന്ദിപ്പിക്കുകയും അങ്ങേ സ്വർഗ്ഗീയ സമാധാനം നല്കി ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

(തുടർന്ന് പൊതു കാറോസൂസ; പേജ് 46 കാണുക)

ശ്ലീഹാക്കാലം

(സമൂഹാംഗങ്ങൾ മാറിമാറി ചൊല്ലുക).

ശുശ്രൂഷി: നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടുംകൂടി "കർത്താവേ, അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു" എന്നു പ്രാർത്ഥിക്കാം.

സമൂഹം: കർത്താവേ, അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ശുശ്രൂഷി: ദരിദ്രർക്കു സുവിശേഷം അറിയിക്കപ്പെടുന്നു എന്നരുൾചെയ്ത മിശിഹായേ, സുവിശേഷഭാഗ്യങ്ങൾക്കൊത്ത വിധം ജീവിച്ചുകൊണ്ട്,

അങ്ങയുടെ സത്യത്തിനു സാക്ഷികളാകുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്ന്.

ശുശ്രൂഷി: ഞങ്ങളുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ മാതൃകയനുസരിച്ച്, അങ്ങയോടുകൂടി മരിക്കുവാൻ സന്നദ്ധരായ അനേകം മിഷനറിമാരെ ഭാരതത്തിനു നല്കണമെന്ന്.

ശുശ്രൂഷി: സഭയുടെ വിവിധ രംഗങ്ങളിൽ ജോലി ചെയ്യുന്നവർ സ്നേഹത്തിന്റെയും സേവനത്തിന്റെയും പ്രേഷിതരായി പ്രശോഭിക്കുവാൻ പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ സമൃദ്ധമായി നല്കണമെന്ന്.

ശുശ്രൂഷി: അനേകരുടെ മാനസാന്തരത്തിനുവേണ്ടി അങ്ങയുടെ ബലിയോടുചേർത്ത് തങ്ങളുടെ ജീവിതബലി അർപ്പിക്കുവാൻ ക്ലേശമനുഭവിക്കുന്നവർ ശക്തരാകേണ്ടതിന് അങ്ങയുടെ അരൂപിയെ അവർക്കു നല്കണമെന്ന്.

ശുശ്രൂഷി: രക്ഷയുടെ സുവിശേഷം ലോകത്തെ അറിയിക്കുവാനും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ മാമ്മോദീസാ നല്കുവാനുമായി വത്സല ശിഷ്യരെ നിയോഗിച്ച കർത്താവേ, ആ ദൗത്യം തുടരുവാൻ ഞങ്ങളെ ശക്തരാക്കണമെന്ന്.

ശുശ്രൂഷി: പരിശുദ്ധാത്മാവിലുള്ള സ്നാനം സ്വീകരിക്കുവാൻ പ്രാർത്ഥനയിൽ ഒരുമിച്ചിരുന്ന ശ്ലീഹന്മാരുടെമേൽ, തീനാവുകളുടെ രൂപത്തിൽ ആശ്വാസപ്രദനെ അയച്ച്, അവരെ വിശ്വാസത്തിൽ ഉറപ്പിച്ച കർത്താവേ, ഞങ്ങളെയും വിശ്വാസത്തിൽ ഉറപ്പിക്കണമെന്ന്.

ശുശ്രൂഷി: സുവിശേഷദൗത്യം നിർവ്വഹിക്കുവാൻ ശ്ലീഹന്മാരെ നിയോഗിക്കുകയും, നിത്യജീവന്റെ പാതയിലേയ്ക്ക് ഞങ്ങളെ നയിക്കുവാൻ, ഞങ്ങളുടെ പിതാവായ മാർ തോമ്മാശ്ലീഹായെ ഭാരതത്തിലേക്ക് അയയ്ക്കുകയും ചെയ്ത കർത്താവേ, ഈ സുവിശേഷ ചൈതന്യത്താൽ ഞങ്ങളേയും നയിക്കണമെന്ന്.

ശുശ്രൂഷി: ലോകത്തിന്റെ ജ്ഞാനത്തെ മൗഢ്യമാക്കുകയും ലോകം ഭോഷത്തമായി കരുതിയിരുന്ന കുരിശിനെ രക്ഷയുടെ അടയാളമാക്കുകയും ചെയ്ത കർത്താവേ, അങ്ങയുടെ സുവിശേഷം ലോകമെങ്ങും അറിയിക്കുവാൻ എളിയവരായ ഞങ്ങളേയും പ്രാപ്തരാക്കണമെന്ന്.

(തുടർന്ന് പൊതു കാറോസൂസ; പേജ് 46 കാണുക)

കൈത്താക്കാലം

(സമൂഹാംഗങ്ങൾ മാറിമാറി ചൊല്ലുക).

ശുശ്രൂഷി: നമുക്കെല്ലാവർക്കും വിശ്വാസത്തോടും സ്നേഹത്തോടും കൂടെ

നിന്ന്, "കർത്താവേ അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു" എന്ന് ഏറ്റുപറയാം.

സമൂഹം: കർത്താവേ, അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: അങ്ങയുടെ ദിവ്യരക്തത്താൽ അങ്ങു വീണ്ടെടുക്കുകയും രക്തസാക്ഷികളുടെ ചുടുനിണത്താൽ പരിപോഷിപ്പിക്കുകയുംചെയ്ത സഭയ്ക്കു പ്രയാസങ്ങളേയും എതിർപ്പുകളെയും നേരിടുന്നതിനും നിന്റെ ദിവ്യദൗത്യം വിജയപ്രദമായി തുടരുന്നതിനും ശക്തിനല്കണമെന്ന്.

ശുശ്രൂഷി: സഭയോടൊത്തു ചിന്തിക്കുവാനും അവളുടെ പ്രവർത്തനങ്ങളിൽ കഴിവിനൊത്തു പങ്കാളികളാകുവാനും വേണ്ട സന്മനസ്സ് അങ്ങയുടെ ജനത്തിനു നല്കണമെന്ന്.

ശുശ്രൂഷി: വിവിധ സഭകൾ തമ്മിൽ പരസ്പര ധാരണയും ഐക്യവും വളർത്തി ഏകസത്യ ദൈവവിശ്വാസത്തിൽ അവയെ പരിരക്ഷിക്കണമെന്ന്.

ശുശ്രൂഷി: ഈ ലോകത്തിൽ അങ്ങയെപ്രതി നിന്ദനങ്ങളും പീഡകളും ദുഷ്പ്രചരണങ്ങളും സഹിക്കുന്നവർക്കു സ്വർഗ്ഗത്തിൽ വലിയ പ്രതിഫലം വാഗ്ദാനംചെയ്ത അങ്ങ് ഞങ്ങൾക്കു പ്രത്യാശ പ്രദാനം ചെയ്യണമെന്ന്.

ശുശ്രൂഷി: അങ്ങയെപ്രതി ബന്ധുമിത്രാദികളെയോ, സമ്പത്തോ ഉപേക്ഷിക്കുന്നവർക്ക് ഇഹത്തിൽ നൂറിരട്ടിയും സ്വർഗ്ഗത്തിൽ നിത്യജീവനും വാഗ്ദാനം ചെയ്ത കർത്താവേ, അങ്ങയുടെ പാതയിലൂടെ ഞങ്ങളെ നയിക്കണമെന്ന്.

ശുശ്രൂഷി: നീതിമാന്മാർക്കും നീതിരഹിതർക്കും ഒരുപോലെ മഴയും വെയിലും പ്രദാനം ചെയ്ത്, എല്ലാവരുടെയും രക്ഷ ആഗ്രഹിക്കുന്ന കർത്താവേ, എല്ലാവരിലും അങ്ങയെ കാണുവാൻ ഞങ്ങളെ പ്രാപ്തരാക്കണമെന്ന്.

ശുശ്രൂഷി: "ഇതാ കർത്താവിന്റെ ദാസി" എന്നു പറഞ്ഞുകൊണ്ട്, ദൈവഹിതത്തിനു പൂർണ്ണമായി സമർപ്പിച്ച പരിശുദ്ധ കന്യകാമറിയത്തെ ഞങ്ങൾക്കു മാതാവും മാതൃകയുമായി നല്കിയ കർത്താവേ, ജീവിത ലാളിത്യത്തിലും നൈർമ്മല്യത്തിലും അങ്ങയുടെ അമ്മയുടെ മാതൃകയെ പിഞ്ചെല്ലുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്ന്.

ശുശ്രൂഷി: അങ്ങയെ അറിഞ്ഞു സ്നേഹിച്ചു സ്തുതിക്കുന്നതിനായി അങ്ങയുടെ ഛായയിൽ സൃഷ്ടിക്കപ്പെട്ട ഞങ്ങൾ, നന്ദിഹീനരും വ്യർത്ഥ വിചാരങ്ങളിൽ വ്യാപൃതരും സത്യത്തെ എതിർക്കുന്നവരുമായിത്തീരു

വാൻ ഒരിക്കലും ഇടയാക്കരുതെന്നും, ധൂർത്ത പുത്രനെപ്പോലെ അനുതാപത്തിലൂടെ അങ്ങിലേയ്ക്കു തിരിച്ചെത്തുവാൻ അനുഗ്രഹിക്കണമെന്നും.

(തുടർന്ന് പൊതു കാറോസൂസ; പേജ് 46 കാണുക)

ഏലിയാ-സ്ലീവാ-മൂശാക്കാലം

(സമൂഹാംഗങ്ങൾ മാറിമാറി ചൊല്ലുക).

ശുശ്രൂഷി: നമുക്കെല്ലാവർക്കും സന്തോഷത്തോടും പ്രതീക്ഷയോടുംകൂടെ, "കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ" എന്നപേക്ഷിക്കാം.

സമൂഹം: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ശുശ്രൂഷി: പ്രമാണങ്ങളെയും പ്രവാചകന്മാരെയും സമാദരിക്കുകയും എല്ലാ നിയമങ്ങളും പൂർത്തിയാക്കുകയും ചെയ്ത മിശിഹായേ ഞങ്ങളുടെ മേലധികാരികളിൽ അങ്ങയെ ദർശിക്കുവാനും അവരുടെ ആജ്ഞകൾ അനുസരിക്കുവാനും ഞങ്ങളെ ശക്തരാക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: ഏലിയായുടെ തീഷ്ണതയോടും മോശയുടെ ധൈര്യത്തോടുംകൂടെ ജീവിതകാലം മുഴുവൻ അങ്ങേയ്ക്കു ശുശ്രൂഷ ചെയ്യുവാൻ ഞങ്ങളെ സഹായിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: താബോർമലയിൽവച്ച് രൂപാന്തരപ്പെടുകയും അങ്ങയുടെ മഹത്വംകണ്ടു ഭീതിപൂണ്ട വത്സലശിഷ്യരെ ധൈര്യപ്പെടുത്തുകയും ചെയ്ത കർത്താവെ വിധിദിവസത്തിൽ മഹത്വപൂർണ്ണനായി അങ്ങു പ്രത്യക്ഷപ്പെടുമ്പോൾ ആനന്ദത്തോടെ അങ്ങയെ എതിരേൽക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: അക്രമം കൈവെടിഞ്ഞ് സ്നേഹത്തിലും സഹിഷ്ണതയിലും സമാധാനത്തിന്റെ മാർഗ്ഗത്തിലൂടെ ലോകജനതയെ നയിക്കുവാൻ രാഷ്ട്രത്തലവന്മാരെ പഠിപ്പിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: ഞങ്ങളുടെ ഉത്ഥാനവും പ്രതീക്ഷയുമായ മിശിഹായേ, അങ്ങ് കുരിശടയാളത്തോടുകൂടി വാനമേഘങ്ങളിൽ ആഗതനാകുമ്പോൾ അങ്ങയുടെ വലതുഭാഗത്ത് അണിനിരക്കുവാൻ ഞങ്ങളേയും അർഹരാക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: ഭൂമിയിൽ ഞങ്ങളുടെ താൽക്കാലിക വാസത്തിന്റെ അന്ത്യസമയം അനിശ്ചിതം ആയിരിക്കയാൽ ഞങ്ങളുടെ അനുദിന ജീവിതത്തെ അങ്ങേയ്ക്കു സ്വീകാര്യബലിയായി സമർപ്പിക്കുവാൻ സഹായിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: മിശിഹായോടുകൂടി മരിക്കുന്നവർ മിശിഹായോടുകൂടി ഉയർപ്പിൽ മഹത്വം പ്രാപിക്കുമെന്ന വിശ്വാസത്തിൽ ഞങ്ങളെ ഉറപ്പുള്ളവരാക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: ക്ലേശങ്ങളും പ്രലോഭനങ്ങളും നിറഞ്ഞ ഈ ലോക ജീവിതത്തിൽ മറിയത്തെപ്പോലെ ത്യാഗോജ്ജ്വല ജീവിതം നയിക്കുന്നതിനും സ്വയം പരിഹാരബലിയായി സമർപ്പിക്കുന്നതിനും ഞങ്ങളെ യോഗ്യരാക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

(തുടർന്ന് പൊതു കാറോസൂസ; പേജ് 46 കാണുക)

പള്ളിക്കൂദാശക്കാലം

(സമൂഹാംഗങ്ങൾ മാറിമാറി ചൊല്ലുക)

ശുശ്രൂഷി: നമുക്കെല്ലാവർക്കും സന്തോഷത്തോടെ തിരുസഭയുടെ ഭാവി മഹത്വത്തെ സ്മരിച്ചുകൊണ്ട്, "കർത്താവേ, നിന്റെ മഹത്വത്തിൽ ഞങ്ങളെ പങ്കുകാരാക്കണമേ" എന്നു പ്രാർത്ഥിക്കാം.

സമൂഹം: കർത്താവേ, നിന്റെ മഹത്വത്തിൽ ഞങ്ങളെ പങ്കുകാരാക്കണമേ.

ശുശ്രൂഷി: ലോകാവസനത്തോളം ഞാൻ നിങ്ങളോടു കൂടെയുണ്ടായിരിക്കും എന്ന വാഗ്ദാനമനുസരിച്ച് സഭയിൽ നിരന്തരം വസിച്ചുകൊണ്ട് അവളെ നിത്യഭാഗ്യത്തിലേക്കു നയിക്കുന്ന കർത്താവേ.

ശുശ്രൂഷി: ശ്ലീഹന്മാരും അവരുടെ പിൻഗാമികളുംവഴി സഭയെ സ്വർഗ്ഗീയ ജറൂസലത്തേക്കു സുരക്ഷിതമായി നയിച്ചുകൊണ്ടിരിക്കുന്ന കർത്താവേ.

ശുശ്രൂഷി: സഭയെ സ്നേഹിക്കുകയും നിർമ്മല വധുവായിരിക്കുവാൻ അവൾക്കുവേണ്ടി തന്നെത്തന്നെ ബലിയർപ്പിക്കുകയുംചെയ്ത കർത്താവേ.

ശുശ്രൂഷി: ലോകസൃഷ്ടിക്കു മുമ്പുതന്നെ നിനക്കുണ്ടായിരുന്ന മഹത്വത്തിൽ ഞങ്ങൾ പങ്കുകാരാകുവാൻ വേണ്ടി, അനുദിനം ഞങ്ങളുടെ കുരിശു മെടുത്ത് നിന്നെ അനുഗമിക്കുവാൻ ആഹ്വാനം ചെയ്ത കർത്താവേ.

ശുശ്രൂഷി: വിശുദ്ധരുടെയും പ്രവാചകരുടെയും അടിസ്ഥാനത്തിന്മേൽ പുതിയനിയമത്തിലെ സഭയെ പണിതുയർത്തി, ഞങ്ങളെ വിശുദ്ധന്മാരുടെ ആ നഗരത്തിൽ നിവസിക്കുന്നവരും ദൈവജനവുമായി തെരഞ്ഞെടുത്ത കർത്താവേ.

ശുശ്രൂഷി: ആകാശത്തിലും ഭൂമിയിലുമുള്ള സകല മനുഷ്യരെയുംകാൾ മറിയത്തെ വരപ്രസാദത്താൽ അലങ്കരിക്കുകയും സഭയിൽ അതുല്യ

രീതിയിൽ അംഗത്വം നല്കി ഞങ്ങൾക്കു മാതൃകയാക്കുകയും ചെയ്ത കർത്താവേ.

ശുശ്രൂഷി: അങ്ങയുടെ പീഡാനുഭവത്തിന്റെയും കുരിശു മരണത്തിന്റെയും ഉത്ഥാനത്തിന്റെയും പാവനസ്മരണയ്ക്കായി വിശുദ്ധ കുർബാന സ്ഥാപിക്കുകയും, ജീവിതത്തിന്റെ ആരംഭം മുതൽ അവസാനംവരെ എല്ലാ രംഗങ്ങളേയും വിശുദ്ധീകരിക്കുവാൻ മറ്റു കൂദാശകൾ സ്ഥാപിക്കുകയും ചെയ്ത കർത്താവേ.

ശുശ്രൂഷി: എന്നിൽ വിശ്വസിക്കുന്നവർ മരിച്ചാലും ജീവിക്കും എന്നരുളിയ കർത്താവേ, മരണത്തിലൂടെ വേർപിരിഞ്ഞ ഞങ്ങളുടെ പ്രിയപ്പെട്ടവരുടെ കടങ്ങളും പാപങ്ങളും ക്ഷമിച്ച് അവരെ നിത്യാനന്ദത്തിൽ ചേർക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

(പൊതുവായ കാറോസൂസ)

(സമൂഹാംഗങ്ങൾ മാറിമാറി ചൊല്ലുക).

ശുശ്രൂഷി: ഈ ഭവനത്തിൽ നാമെല്ലാവരും ഒരുമിച്ചു കൂടുവാൻ ദൈവം തിരുമനസ്സായി. ഉറച്ച വിശ്വാസത്തോടും നിറഞ്ഞ പ്രതീക്ഷയോടും നിർമ്മല ഹൃദയത്തോടും കൂടി നമുക്ക് "കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ" എന്ന് അപേക്ഷിക്കാം.

സമൂഹം: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.

ശുശ്രൂഷി: ഭവനംതോറും ഒരുമിച്ചു കൂടുകയും കൂട്ടായ്മയോടെ പ്രാർത്ഥിക്കുകയും ചെയ്ത ആദിമ ക്രൈസ്തവസമൂഹത്തെപ്പോലെ ഒരുമയോടെ പ്രാർത്ഥിക്കുവാനും പരസ്പരം പങ്കുവെക്കുവാനും ഞങ്ങളെ പ്രാപ്തരാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കാർമ്മി: സ്നേഹനിധിയായ കർത്താവേ, കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവൻ കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കയില്ലല്ലോ. ആകയാൽ ഈ സമൂഹത്തിലെ അംഗങ്ങൾ പരസ്പരയോജിപ്പോടും സ്നേഹത്തോടുംകൂടി വർത്തിക്കുവാൻ അനുഗ്രഹിക്കണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: എല്ലാം ത്യജിച്ച് അങ്ങയെ അനുഗമിക്കുവാനും, സുവിശേഷത്തിന്റെ സാക്ഷികളാകുവാനും, പൗരോഹിത്യത്തിലേക്കും സമർപ്പിത ജീവിതത്തിലേക്കും ധാരാളം ദൈവവിളികൾ നല്കി തിരുസഭയേയും, പ്രത്യേകിച്ച് ഞങ്ങളുടെ ഇടവകയേയും അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: തിരുസഭയുടെ ദൃശ്യതലവനായ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ ... പാപ്പായേയും, ഞങ്ങളുടെ സഭയുടെ തലവനും പിതാവുമായ മാർ ... മെത്രാപ്പോലിത്തയേയും, ഞങ്ങളുടെ രൂപതാദ്ധ്യക്ഷനായ മാർ ... മെത്രാനേയും, അവരുടെ സഹപ്രവർത്തകരെയും, ഞങ്ങളുടെ വികാരിയച്ചനേയും ആത്മീയനന്മകൾനല്കി അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

(അവസരോചിതമായി പ്രാർത്ഥനകൾ കൂട്ടിചേർക്കാം).

ശുശ്രൂഷി: നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരേയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

സമൂഹം: ഞങ്ങളുടെ ദൈവമായ കർത്താവേ അങ്ങേയ്ക്കു ഞങ്ങൾ സമർപ്പിക്കുന്നു.

കാറോസൂസായുടെ സമാപന പ്രാർത്ഥന

കാർമ്മി: തിരുസ്സഭയെ കളങ്കമേശാത്ത വധുവാക്കിത്തീർക്കുവാൻ കാൽവരിയിൽ ജീവാർപ്പണംചെയ്ത മിശിഹായേ, അങ്ങേ തിരുശരീരരക്തങ്ങളാൽ പരിപോഷിക്കപ്പെടുന്ന ഈ സമൂഹത്തിൽ അങ്ങുന്നു പ്രസാദിക്കേണമെ. പരിശുദ്ധാത്മാവിന്റെ സ്നേഹത്തിൽ അങ്ങ് പിതാവിനോട് ഒന്നായിരിക്കുന്നതുപോലെ ഞങ്ങളും അങ്ങിൽ ഒന്നായിരിക്കുവാൻ സഹായിക്കേണമെ. നിത്യസൗഭാഗ്യത്തെ പാർത്തിരിക്കുന്ന ഞങ്ങളേവരേയും നിലനിൽപ്പിന്റെ വരംനല്കി അനുഗ്രഹിക്കുകയും ചെയ്യണമെ.

സമൂഹം: ആമ്മേൻ.

(എല്ലാവരും എഴുന്നേറ്റുനിന്നുകണ്ട്)

വിശ്വാസ പ്രഖ്യാപനം

കാർമ്മി: സർവ്വശക്തനും പിതാവുമായ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

(സമൂഹവും ചേർന്നു തുടരുന്നു). ദൃശ്യവും അദൃശ്യവുമായ / സകലത്തിന്റെയും സ്രഷ്ടാവിൽ ഞങ്ങൾ വിശ്വസിക്കുന്നു. / ദൈവത്തിന്റെ ഏകപുത്രനും / സകല സൃഷ്ടികൾക്കു മുമ്പുള്ള ആദ്യജാതനും / യുഗങ്ങൾക്കെല്ലാംമുമ്പ് പിതാവിൽനിന്നു ജനിച്ചവനും / എന്നാൽ സൃഷ്ടിക്കപ്പെടാത്തവനും / ഏകകർത്താവുമായ ഈശോമിശിഹായിൽ ഞങ്ങൾ വിശ്വസിക്കുന്നു. / അവിടുന്ന് സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും / പിതാവിനോടുകൂടെ ഏകസത്തയുമാകുന്നു. / അവിടുന്നുവഴി പ്രപഞ്ചം സംവിധാനം ചെയ്യപ്പെടുകയും / എല്ലാം സൃഷ്ടിക്കപ്പെടുകയും ചെയ്തു. /

മനുഷ്യരായ നമുക്കുവേണ്ടിയും / നമ്മുടെ രക്ഷയ്ക്കുവേണ്ടിയും / അവിടുന്നു സ്വർഗ്ഗത്തിൽനിന്നിറങ്ങി / പരിശുദ്ധാത്മാവിനാൽ / കന്യകാമറിയത്തിൽനിന്ന് ശരീരം സ്വീകരിച്ച് / മനുഷ്യനായിപ്പിറന്നു. പന്തീയോസ് പീലാത്തോസിന്റെ കാലത്തു പീഡകൾ സഹിക്കുകയും / സ്ലീവായിൽ തറയ്ക്കപ്പെട്ടു മരിക്കുകയും / സംസ്കരിക്കപ്പെടുകയും / എഴുതപ്പെട്ടിരിക്കുന്നതുപോലെ / മൂന്നാം ദിവസം ഉയിർത്തെഴുന്നേൽക്കുകയുംചെയ്തു. അവിടുന്ന് സ്വർഗ്ഗത്തിലേക്ക് എഴുന്നള്ളി / പിതാവിന്റെ വലതുഭാഗത്തിരിക്കുന്നു. മരിച്ചവരേയും ജീവിക്കുന്നവരേയും വിധിക്കുവാൻ / അവിടുന്നു വീണ്ടും വരുവാനിരിക്കുന്നു. പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്ന / സത്യാത്മാവും ജീവദാതാവുമായ / ഏക പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു. ഏകവും പരിശുദ്ധവും / ശ്ലൈഹികവും സാർവ്വത്രികവുമായ സഭയിലും / ഞങ്ങൾ വിശ്വസിക്കുന്നു. പാപമോചനത്തിനുള്ള ഏക മാമ്മോദീസയും / ശരീരത്തിന്റെ ഉയിർപ്പും / നിത്യായുസ്സും ഞങ്ങൾ ഏറ്റുപറയുകയും ചെയ്യുന്നു. ആമ്മേൻ.

കുടുംബപ്രതിഷ്ഠ

കാർമ്മി: ഈശോയുടെ തിരുഹൃദയമേ, ***(സമൂഹവും ചേർന്ന്)*** ഈ കുടുംബത്തേയും / ഞങ്ങളെ ഓരോരുത്തരേയും / ഞങ്ങൾ അങ്ങേയ്ക്കു പ്രതിഷ്ഠിക്കുന്നു. ഞങ്ങളുടെ ഈ കുടുംബത്തിൽ / അങ്ങു രാജാവായി വാഴണമേ. ഞങ്ങളുടെ പ്രവൃത്തികളെല്ലാം / അങ്ങുതന്നെ നിയന്ത്രിക്കണമേ. ഞങ്ങളുടെ ഉദ്യമങ്ങളെല്ലാം ആശീർവ്വദിക്കുകയും / ഞങ്ങളുടെ സന്തോഷങ്ങൾ വിശുദ്ധീകരിക്കുകയും / സങ്കടങ്ങളിൽ ആശ്വാസം നല്കുകയും ചെയ്യണമേ. ഞങ്ങളിൽ ആർക്കെങ്കിലും / അങ്ങയെ ഉപദ്രവിക്കാനിടയായാൽ / ഞങ്ങളോടു ക്ഷമിക്കണമേ. ഈ കുടുംബത്തിലുള്ളവരെയും / ഇവിടെ നിന്ന് അകന്നിരിക്കുന്നവരെയും / സമൃദ്ധമായി അനുഗ്രഹിക്കണമേ. മരിച്ചുപോയ ഞങ്ങളുടെ കുടുംബാംഗങ്ങളെ / നിത്യഭാഗ്യത്തിൽ പ്രവേശിപ്പിക്കണമേ. അങ്ങയെ കണ്ടാനന്ദിക്കുവാൻ / സ്വർഗ്ഗത്തിലെത്തുന്നതുവരെ / ആത്മീയവും ശാരീരികവുമായ / എല്ലാ വിപത്തുകളിലും നിന്ന് / ഞങ്ങളെ കാത്തുകൊള്ളണമേ.

മറിയത്തിന്റെ വിമലഹൃദയവും / മാർ യൗസേപ്പു പിതാവും / ഞങ്ങളുടെ പ്രതിഷ്ഠയെ / അങ്ങേയ്ക്കു സമർപ്പിക്കുകയും / ജീവിതകാലം മുഴുവനും / ഇതിന്റെ സജീവ സ്മരണ / ഞങ്ങളിൽ നിലനിർത്തുകയും ചെയ്യട്ടെ.

കാർമ്മി: ഈശോയുടെ തിരുഹൃദയമേ
സമൂഹം: ഞങ്ങളെ അനുഗ്രഹിക്കണമേ.

കാർമ്മി: മറിയത്തിന്റെ വിമലഹൃദയമേ
സമൂഹം: ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

കാർമ്മി: വിശുദ്ധ യൗസേപ്പേ
സമൂഹം: ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

കാർമ്മി: മാർത്തോമ്മാ ശ്ലീഹായേ,
സമൂഹം: ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

കാർമ്മി: ഞങ്ങളുടെ സഭയിലെ വിശുദ്ധരേ
സമൂഹം: ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

കാർമ്മി: അങ്ങേ കൃപയുടെ വാതിൽക്കൽ മുട്ടിവിളിക്കുന്ന വർക്കു വാതിൽ തുറന്നുകൊടുക്കുന്ന കർത്താവേ, പ്രശാന്തമായ സായംകാലവും ആശ്വാസ പ്രദമായ രാത്രിയും പ്രതീക്ഷാനിർഭരമായ പ്രഭാതവും സദ്പ്രവർത്തികൾ നിറഞ്ഞ ദിവസവും നല്കി ഞങ്ങളെ അനുഗ്രഹിക്കണമേ. ഞങ്ങളുടെ ജീവിതകാലം മുഴുവനും അങ്ങയെ പ്രസാദിപ്പിക്കുവാൻ ഞങ്ങളെ സഹായിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

മാതാവിനോട് മദ്ധ്യസ്ഥ പ്രാർത്ഥന

കാർമ്മി: ഏറ്റവും പരിശുദ്ധയായ കന്യകാമറിയമേ ***(സമൂഹവും ചേർന്ന്)*** ദൈവത്തിന്റെ ഹിതമനുസരിച്ചു പ്രവർത്തിക്കുകമൂലം / സകല തലമുറകളാലും / ഭാഗ്യവതിയെന്ന് പുകഴ്ത്തപ്പെടുവാൻ തക്കവിധം / ദൈവമാതാവായിത്തീർന്ന / അനുഗ്രഹീതയായ ഞങ്ങളുടെ അമ്മേ / ഇതാ മക്കളായ ഞങ്ങൾ / നിന്റെ പക്കൽ അഭയം തേടുന്നു. എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് / ദിവ്യപുത്രന്റെ ജനനത്തിനൊരുങ്ങിയ / നന്മനിറഞ്ഞ മറിയമേ / വഴിയും സത്യവും ജീവനുമായ / നിന്റെ ദിവ്യസുതനു യോഗ്യരായി ജീവിക്കുവാൻ / ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ / എല്ലായ്പ്പോഴും ഞങ്ങളുടെ ആശ്രയമായ മാതാവേ / കാനായിലെ കല്ല്യാണത്തിൽ വച്ച് / വെള്ളം വീഞ്ഞാക്കി മാറ്റുവാൻ / മദ്ധ്യസ്ഥം അപേക്ഷിച്ച നല്ല അമ്മേ / അനുദിനജീവിതത്തിലെ പ്രശ്നങ്ങളിലും ക്ലേശങ്ങളിലും / ഞങ്ങളെ സഹായിക്കണമേ. സന്തോഷത്തിലും സന്താപത്തിലും / ദിവ്യസുതനെ വിശ്വസ്തയായി അനുഗമിച്ച മാതാവേ / സ്ഥിരവിശ്വാസത്തോടും പരിപൂർണ്ണ പ്രതീക്ഷയോടും / അളവറ്റ സ്നേഹത്തോടും കൂടി / ഞങ്ങളുടെ ജീവിതകാലം മുഴുവനും / നിന്റെ പ്രിയപുത്രനായ ഈശോമിശിഹായെ

അനുഗമിക്കുവാനും / നിത്യാനന്ദത്തിൽ നിരന്തരം പാടിപ്പുകഴ്ത്തുവാനും യോഗ്യരാകുവാൻ / ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണമേ. ആമ്മേൻ.

വൈദികർക്കുവേണ്ടിയുള്ള പ്രാർത്ഥന

കാർമ്മി: നിത്യപുരോഹിതനായ ഈശോയേ, ***(സമൂഹവും ചേർന്ന്)*** അങ്ങേ ദാസരായ വൈദികർക്ക് / യാതൊരാപത്തും വരാതെ / അങ്ങേ തിരുഹൃദയത്തിൽ സദാ പരിപാലിക്കണമെ. അങ്ങേ പരിശുദ്ധമായ ശരീരത്തെ / ദിവസം തോറും എടുക്കുന്ന അവരുടെ കരങ്ങളെ / മലിനമാകാതെ കാത്തുകൊള്ളണമെ. അങ്ങേ വിലയേറിയ തിരുരക്തത്താൽ നനയുന്ന / അവരുടെ നാവുകളെ / നിർമ്മലമായി കാത്തുകൊള്ളണമെ. ശ്രേഷ്ഠമായ അങ്ങയുടെ പൗരോഹിത്യത്തിന്റെ / മഹനീയമുദ്ര പതിച്ചിരിക്കുന്ന / അവരുടെ ഹൃദയങ്ങളെ / ലോകവസ്തുക്കളിൽനിന്ന് അകറ്റുകയും / ശുദ്ധമായി കാത്തുകൊള്ളുകയും ചെയ്യണമെ. അങ്ങേ ദിവ്യസ്നേഹം / ലോകതന്ത്രങ്ങളിൽനിന്നും അവരെ സംരക്ഷിക്കട്ടെ. അവരുടെ പ്രയത്നങ്ങൾ / ഫലസംദായകങ്ങളായി ഭവിക്കട്ടെ. അവരുടെ ശുശ്രൂഷ ലഭിക്കുന്നവർ / ഇഹത്തിൽ അവരുടെ ആനന്ദവും / പരത്തിൽ നിത്യസൗഭാഗ്യത്തിന്റെ മകുടവുമായിത്തീരട്ടെ. ആമ്മേൻ.

കാർമ്മി: ലോകരക്ഷകനായ ഈശോയേ,
സമൂഹം: അങ്ങേ പുരോഹിതരെ വിശുദ്ധീകരിക്കണമെ.

കാർമ്മി: വൈദികരുടെ രാജ്ഞിയായ പരിശുദ്ധ മറിയമേ,
സമൂഹം: വൈദികർക്കുവേണ്ടി പ്രാർത്ഥിക്കണമെ.

മരിച്ചവർക്കു വേണ്ടി

കാർമ്മി: അനന്തമായ സ്നേഹത്താൽ ഞങ്ങളെ സൃഷ്ടിക്കുകയും ***(സമൂഹവും ചേർന്ന്)*** അതുല്യമായ കൃപയാൽ ഞങ്ങളെ രക്ഷിക്കുകയും / അമൂല്യമായ കൃപാവരത്താൽ ഞങ്ങളെ പരിപാലിക്കുകയും ചെയ്യുന്ന / പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ / ഞങ്ങളിൽനിന്നും വേർപിരിഞ്ഞുപോയ സകല മരിച്ചവരേയും / അങ്ങു കരുണാപൂർവ്വം കടാക്ഷിക്കണമേ / ദുഃഖിതരെ ആശ്വസിപ്പിക്കാൻ വേണ്ടി / ലാസറിന്റെ കബറിടത്തിൽ / സ്വയം കണ്ണുനീർ ചിന്തിയ മിശിഹായേ / മരിച്ചുപോയ ഞങ്ങളുടെ പ്രിയപ്പെട്ടവരിൽ / അങ്ങയുടെ കാരുണ്യം ചൊരിയുകയും / കടങ്ങളും പാപങ്ങളും ക്ഷമിച്ച് / അവരെ നിത്യമഹത്വത്തിന്റെ പ്രഭയാൽ / പ്രകാശിപ്പിക്കുകയും ചെയ്യണമേ. മരണശേഷം ഞങ്ങളെല്ലാവരും / സകല വിശുദ്ധരോടും മാലാഖമാരോടുമൊത്ത് / സ്വർഗ്ഗത്തിൽ / പിതാവും പുത്രനും പരിശുദ്ധാത്മാവുമായ / അങ്ങയെ നിരന്തരം പാടിസ്തു

തിക്കുവാൻ ഇടവരുത്തണമെന്നും / ഞങ്ങൾ അപേക്ഷിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും. ആമ്മേൻ.

(താഴെ കൊടുത്തിരിക്കുന്ന സ്ലോസാകൾ ഓരോരുത്തർ മാറിമാറി ചൊല്ലാവുന്നതാണ്).

കാർമ്മി: ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, നിന്റെ അനുഗ്രഹാശിസ്സുകൾ നിന്റെ ജനത്തിന്മേൽ ഉണ്ടാകുമാറാകട്ടെ. ബലഹീനരും പാപികളുമായ ഞങ്ങളുടെമേൽ നിന്റെ കരുണ എപ്പോഴും ഉണ്ടായിരിക്കട്ടെ. ഞങ്ങളുടെ കടങ്ങളും പാപങ്ങളും ക്ഷമിക്കുന്നവനും ഞങ്ങളുടെ നല്ല ശരണവും കരുണ നിറഞ്ഞ അഭയവും സകലത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ; കർത്താവേ അനുഗ്രഹിക്കേണമേ.

കാർമ്മി: പിതാവിന്റെ സമാധാനം നമ്മോടുകൂടെയും പുത്രന്റെ സ്നേഹം നമ്മുടെ ഇടയിലും ഉണ്ടായിരിക്കട്ടെ. തന്റെ തിരുവിഷ്ടംപോലെ റൂഹാദക്കുദിശാ നമ്മെ നയിക്കട്ടെ. അവന്റെ കരുണയും ദയയും നമ്മുടെമേൽ എപ്പോഴും ഉണ്ടായിരിക്കട്ടെ. സകലത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ; കർത്താവേ അനുഗ്രഹിക്കേണമേ.

കാർമ്മി: കർത്താവേ നിന്റെ സമാധാനം ഞങ്ങളിൽ വസിക്കട്ടെ. നിന്റെ ശാന്തി ഞങ്ങളെ ഭരിക്കട്ടെ. നിന്റെ സ്നേഹം ഞങ്ങളുടെ ജീവിതകാലം മുഴുവനും ഞങ്ങളുടെ ഇടയിൽ വർദ്ധിച്ചുവരട്ടെ. സകലത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ; കർത്താവേ അനുഗ്രഹിക്കേണമേ.

കാർമ്മി: കർത്താവേ, നിന്റെ നിലനിൽക്കുന്ന സ്നേഹവും സമാധാനവും, ജ്ഞാനതീഷ്ണതയും ജീവനും, സന്തോഷവും ഞങ്ങൾക്കു തരണമേ. ഞങ്ങൾക്ക് ആവശ്യമായിരിക്കുന്നവ ഒരിക്കലും കുറയാനനുവദിക്കരുതേ. സകലത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ; കർത്താവേ അനുഗ്രഹിക്കേണമേ.

കാർമ്മി: കർത്താവേ, നിന്റെ അജഗണത്തിന്റെ രക്ഷത്തിനായി ദാഹിക്കുന്ന ചെന്നായ്ക്കൾ ഞങ്ങളെ ഉപദ്രവിക്കാതെ തൊഴുത്തിൻ മുറ്റത്തു വസിക്കുന്ന ഉറങ്ങാത്ത കാവൽക്കാരനായിരിക്കണമേ. എന്തുകൊണ്ടെ

ന്നാൽ, അങ്ങു കുറയാത്ത സ്നേഹത്തിന്റെ സമുദ്രമാകുന്നു. സകലത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ; കർത്താവേ അനുഗ്രഹിക്കേണമേ.

സഹായ അഭ്യർത്ഥന

കാർമ്മി: കർത്താവേ, അങ്ങേ മഹത്വമേറിയ ത്രീത്വത്തിന്റെ നിഗൂഢമായ ശക്തിയും അനന്തമായ അനുഗ്രഹവും നിരന്തരമായ സഹായവും ഞങ്ങൾക്കു ലഭിക്കുമാറാകട്ടെ. പരിശുദ്ധ കന്യകാമറിയത്തിന്റെ അപേക്ഷയും, മാർ യൗസേപ്പിന്റെയും വിശുദ്ധ ശ്ലീഹന്മാരുടെയും പ്രാർത്ഥനകളും, ഞങ്ങളുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും, മാർ ഗീവർഗ്ഗീസിന്റെയും മറ്റു വേദസാക്ഷികളുടെയും, ഞങ്ങളുടെ സഭയിലെ വിശുദ്ധരുടെയും, ഞങ്ങളുടെ ഇടവക മദ്ധ്യസ്ഥനായ (യായ) ..... യും, കൂടാരയോഗ മദ്ധ്യസ്ഥനായ (യായ) ..... യും, മറ്റു സകല വിശുദ്ധരുടെയും മല്പാന്മാരുടേയും മദ്ധ്യസ്ഥതയും, ഞങ്ങളെ സഹായിക്കുമാറാകട്ടെ. അവ ഞങ്ങൾക്ക് അഭയവും സഹായവും, ദുഷ്ടപിശാചിലും അവന്റെ സൈന്യങ്ങളിലും നിന്നു സംരക്ഷണവും നല്കി നിത്യഭാഗ്യത്തിലേക്ക് ഞങ്ങളെ നയിക്കുമാറാകട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

സമാപന പ്രാർത്ഥന

കാർമ്മി: കാരുണ്യവാനായ ദൈവമേ, ഈ ദിവസം അങ്ങു ഞങ്ങൾക്കു നല്കിയ എല്ലാ സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കും, പ്രത്യേകിച്ച് ഞങ്ങളെ ഒരുമിച്ചു കൂട്ടിയതിനും, ഞങ്ങൾ നന്ദി പറയുന്നു. വിചാരം വചനം പ്രവൃത്തി ഇവമൂലം, ഞങ്ങൾ ചെയ്തുപോയ പാപങ്ങളെല്ലാം ഞങ്ങളോടു ക്ഷമിക്കുകയും, പീഡകളിൽ ഞങ്ങളെ ആശ്വസിപ്പിക്കുകയും ചെയ്യേണമേ. നിത്യസൗഭാഗ്യത്തിലേക്ക് ഞങ്ങളെ ആനയിക്കുകയും, ജീവിതത്തിലുണ്ടാകുന്ന എല്ലാ ഉപദ്രവങ്ങളിൽ നിന്നും, നിന്റെ വിശുദ്ധ സ്ലീവായുടെ ശക്തിയാൽ ഞങ്ങളെ രക്ഷിക്കുകയും, നിന്റെ തൃക്കരങ്ങൾ നീട്ടി നിന്റെ മക്കളായ ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യേണമേ. ഇപ്പോഴും എപ്പോഴും എന്നേക്കും.

സമൂഹം: ആമ്മേൻ.

സമാപന ഗാനം

നിത്യസഹായമാതേ, പ്രാർത്ഥിക്കാ ഞങ്ങൾക്കായ് നീ
നിൻ മക്കൾ ഞങ്ങൾക്കായ് നീ, പ്രാർത്ഥിക്ക സ്നേഹനാഥേ.

നീറുന്ന മാനസങ്ങൾ, ആയിരമായിരങ്ങൾ
കണ്ണീരിൻ താഴ്‌വരയിൽ, നിന്നിതാ കേഴുന്നമ്മേ.

കേൾക്കണേ രോദനങ്ങൾ, നല്കണേ നൽവരങ്ങൾ
നിൻ ദിവ്യ സൂനുവിങ്കൽ, ചേർക്കണേ മക്കളേ നീ.

(സ്വയം കുരിശുവരച്ച് "ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ" എന്നു പറഞ്ഞ് പരസ്പരം സ്തുതി കൊടുക്കുന്നു.)

കൂടാരയോഗ നടപടിക്രമം

(പ്രാർത്ഥനയെ തുടർന്ന്)

1. സ്വാഗതം: കുടുംബനാഥൻ / നാഥ
2. റിപ്പോർട്ട്: കൂടാരയോഗം സെക്രട്ടറി
3. കണക്ക്: കൂടാരയോഗം ട്രഷറർ
4. ഹാജർ രേഖപ്പെടുത്തൽ
5. പൊതു ചർച്ച
6. അടുത്ത കൂടാരയോഗത്തിന്റെ സ്ഥലവും തീയതിയും
7. ജന്മദിന - വിവാഹ വാർഷിക ആഘോഷങ്ങൾ
8. നന്ദി: കൂടാരയോഗം കോർഡിനേറ്റർ
9. ലഘു ഭക്ഷണം.

-oOo-

പ്രവേശക കൂദാശകൾ

(മാമ്മോദീസാ, തൈലാഭിഷേകം, വിശുദ്ധ കുർബാന)

(ദൈവാലയത്തിന്റെ പ്രധാന കവാടത്തിങ്കൽവച്ചാണ് കർമ്മങ്ങൾ ആരംഭിക്കുന്നത്. മുൻപു നടത്തിയ മാമ്മോദീസായിലെ തൈലം അവിടെ കരുതിയിരിക്കണം. വിശുദ്ധ മൂറോൻ, ജലം, തിരി, തീപ്പെട്ടി, വെള്ളവസ്ത്രം, മുടി എന്നിവയും കരുതണം. ശിശുവിന്റെ മാമ്മോദീസാപേരു ചോദിച്ചറിയണം).

സ്നേഹത്തിന്റെ കല്പന (യോഹ. 13:34-35)

കാർമ്മി: അന്നാപെസഹാത്തിരുനാളിൽ, കർത്താവരുളിയ കല്പനപോൽ തിരുനാമത്തിൽച്ചേർന്നീടാം, ഒരുമയോടിബലിയർപ്പിക്കാം.

സമൂഹം: അനുരഞ്ജിതരായ് തീർന്നീടാം, നവമൊരു പീഠമൊരുക്കീടാം ഗുരുവിൻ സ്നേഹമൊടീയാഗം, തിരുമുമ്പാകെയണച്ചീടാം.

കാർമ്മി: അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

സമൂഹം: ആമ്മേൻ.

കാർമ്മി: ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും.

സമൂഹം: ആമ്മേൻ.

(പകരം ഗാനം)

കാർമ്മി: അത്യുന്നതമാം സ്വർല്ലോകത്തിൽ, സർവ്വേശനു സ്തുതിഗീതം.*(3)*

സമൂഹം: ഭൂമിയിലെങ്ങും മർത്യനു ശാന്തി, പ്രത്യാശയുമെന്നേക്കും. (3)

കാർമ്മി: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ***(സമൂഹവും ചേർന്ന്)*** അങ്ങയുടെ നാമം പൂജിതമാകണമെ / അങ്ങയുടെ രാജ്യം വരണമെ / അങ്ങയുടെ തിരുമനസ്സ / സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമെ. ഞങ്ങൾക്കു ആവശ്യകമായ ആഹാരം / ഇന്നു ഞങ്ങൾക്കു തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ, ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതെ. ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമെ. എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്വവും / എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ / അങ്ങയുടെ മഹത്വത്താൽ / സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു / മാലാഖമാരും മനുഷ്യരും അങ്ങു പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്ന് ഉൽഘോഷിക്കുന്നു.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം; സമാധാനം നമ്മോടുകൂടെ.

കാർമ്മി: കർത്താവായ ദൈവമേ, അങ്ങയുടെ അനുഗ്രഹം പ്രതീക്ഷിച്ചുവന്നിരിക്കുന്ന ഈ *ദാസനെ (ദാസിയെ)* / അങ്ങയുടെ അജഗണത്തിൽ ചേർക്കുകയും / പ്രസാദവരത്താൽ പ്രകാശിപ്പിക്കുകയും ചെയ്യണമേ. ജലത്താലും പരിശുദ്ധാത്മാവിനാലും വീണ്ടും ജനിച്ച് / പിതാവേ എന്ന് അങ്ങയെ വിളിക്കുവാൻ / ഈ ശിശുവിനെ *അർഹനാ(യാ)*ക്കണമേ. ഈ കൂദാശ യോഗ്യതയോടെ പരികർമ്മം ചെയ്യുവാൻ / ബലഹീനരായ ഞങ്ങളെ ശക്തരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

സമൂഹം: ആമ്മേൻ.

(സങ്കീർത്തനം 42)

കാർമ്മി: കാട്ടരുവി തേടിനടക്കുന്ന മാൻപേടയെപ്പോലെ,
ദൈവമേ, എന്റെ ഹൃദയം അങ്ങയെ തേടുന്നു.
ജലത്താലും ആത്മാവിലും ജനിക്കുന്നില്ലെങ്കിൽ
ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാധ്യമല്ല.

സമൂഹം: കാട്ടരുവി തേടിനടക്കുന്ന മാൻപേടയെപ്പോലെ,
ദൈവമേ, എന്റെ ഹൃദയം അങ്ങയെ തേടുന്നു.

കാർമ്മി: ജീവന്റെ ദൈവത്തെ കാണുവാൻ
എന്റെ ആത്മാവു ദാഹിക്കുന്നു.

സമൂഹം: രാവും പകലും ഞാൻ കണ്ണീരു കുടിക്കുന്നു.
ഞാൻ എപ്പോൾ എന്റെ ദൈവത്തെ കാണും?

കാർമ്മി: എന്റെ ആത്മാവേ, നീഎന്തിന് ആകുലപ്പെടുന്നു?
നീ എന്തിനു വിഷാദിച്ചു കലങ്ങുന്നു?
നീ ദൈവത്തെ ആശ്രയിക്കുക.

സമൂഹം: രക്ഷകനായ ദൈവത്തെ ഞാൻ പ്രകീർത്തിക്കും
എന്റെ ആത്മാവ് അസ്വസ്ഥമായിരിക്കുന്നു.

കാർമ്മി: പകൽ ദൈവം തന്റെ അനുഗ്രഹം വർഷിക്കും.
രാത്രിയിൽ ഞാൻ അവിടുത്തെ സ്തുതിക്കും.

സമൂഹം: നീ ദൈവത്തിൽ അഭയം തേടുക.
രക്ഷകനായ ദൈവത്തെ ഞാൻ പ്രകീർത്തിക്കും.

കാർമ്മി: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂഹം: ആദിമുതൽ എന്നേക്കും ആമ്മേൻ.

കാർമ്മി: ജലത്താലും ആത്മാവിലും ജനിക്കുന്നില്ലെങ്കിൽ
ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാധ്യമല്ല.

ശുശ്രൂഷി: നമുക്കു പ്രാർഥിക്കാം. സമാധാനം നമ്മോടുകൂടെ.

(കാർമ്മികൻ ശിശുവിന്റെ ശിരസ്സിനു മുകളിൽ വലത്തുകൈ നീട്ടി).

കാർമ്മി: ചോദിക്കുവിൻ നിങ്ങൾക്കു ലഭിക്കും; അന്വേഷിക്കുവിൻ, നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ നിങ്ങൾക്കു തുറന്നു കിട്ടും എന്നരുളിച്ചെയ്ത കർത്താവേ, നിന്റെ കരുണയേറിയ വാഗ്ദാനം ഈ *ദാസനിൽ (ദാസിയിൽ)* പൂർത്തിയാക്കണമേ. നിന്റെ ദാനം വിവേകികൾക്കും ബുദ്ധിമാന്മാർക്കും എന്നതിനേക്കാൾ ശിശുക്കൾക്കു നല്കിയിരിക്കുന്നുവല്ലോ. നിന്റെ കൃപയാൽ മാമ്മോദീസാ ജലത്തിലൂടെ പാപക്കറകൾ കഴുകി ഈ ശിശു പുതുജന്മം പ്രാപിക്കട്ടെ. നിന്റെ മൗതിക ശരീരത്തിലെ അവയവമായിത്തീരുന്ന ഈ *ദാസൻ (ദാസി)* കൂദാശകളുടെ സ്വീകര ണംവഴി ആത്മീകവും ശാരീരികവുമായി വളരുവാൻ ഇടയാകട്ടെ. ഈ ദാനത്തെ പ്രതി ഈ *ദാസനോടൊത്ത് (ദാസിയോടൊത്ത്)* ഞങ്ങൾ നിനക്കു നന്ദി പറയുന്നു. ഇപ്പോഴും എപ്പോഴും + എന്നേക്കും.

(ശിശുവിനെ ആശീർവദിക്കുന്നു).

സമൂഹം: ആമ്മേൻ.

കാർമ്മി: പിശാചിന്റെ അടിമത്തത്തിൽനിന്നു മോചിതനാകാൻ (മോചിതയാകാൻ) നീ ആഗ്രഹിക്കുന്നുവോ?

ഉത്തരം: ആഗ്രഹിക്കുന്നു.

കാർമ്മി: പാപവും പാപമാർഗങ്ങളും നീ ഉപേക്ഷിക്കുന്നുവോ?

ഉത്തരം: ഉപേക്ഷിക്കുന്നു.

കാർമ്മി: ഈശോമിശിഹായെ നിന്റെ രക്ഷകനായി സ്വീകരിക്കുന്നുവോ?

ഉത്തരം: സ്വീകരിക്കുന്നു.

ഒന്നാമത്തെ ലേപനം

(മുൻപു നടത്തിയ മാമ്മോദീസയിലെ തൈലം ഉപയോഗിച്ച് ശിശുവിന്റെ നെറ്റിയിൽ കുരിശുവരച്ചുകൊണ്ട് ചൊല്ലുന്നു).

കാർമ്മി: ഈ അഭിഷേക തൈലത്താൽ പിതാവിന്റെയും പുത്രന്റെയും + പരിശുദ്ധാത്മവിന്റെയും നാമത്തിൽ ..... *(പേര്) മുദ്രിതനാ(യാ)*യിരിക്കുന്നു.

സമൂഹം: ആമ്മേൻ.

(എല്ലാവരും പ്രദക്ഷിണമായി വചനവേദിയിലേക്കു പോകുന്നു. തത്സമയം തഴെക്കാണുന്ന സങ്കീർത്തനം ആലപിക്കുന്നു).

(സങ്കീർത്തനം 84)

സൈന്യങ്ങൾതൻ കർത്താവേ, എത്ര വിശിഷ്ടം നിൻഗേഹം
നിൻതിരുസന്നിധി ചേരാനായ്, ആത്മാവെന്നും കേഴുന്നു.

ജീവിപ്പവനാം ദൈവത്തിൻ, അപദാനാമൃത ഗാനങ്ങൾ
മാമകചിത്തവും എൻനാവും, മോദമൊടേവം പാടുന്നു.

സൈന്യങ്ങൽ തൻ രാജാവാം, ദൈവത്തിൽ ബലിപീഠത്തിൽ
കുരുകിൽമീവൽ പക്ഷികളും, സങ്കേതം കണ്ടെത്തുന്നു.

ശുശ്രൂഷി: നമുക്കു പ്രാർഥിക്കാം. സമാധാനം നമ്മോടുകൂടെ.

കാർമ്മി: ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങു നല്കിയിട്ടുള്ളതും എന്നാൽ കൃതജ്ഞത പ്രകാശിപ്പിക്കുവാൻ ഞങ്ങൾക്കു കഴിയാത്തതുമായ എല്ലാ സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കുമായി സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞു മുടിച്ചൂടിനില്ക്കുന്ന സഭയിൽ ഞങ്ങൾ അങ്ങയെ നിരന്തരം സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യട്ടെ. അങ്ങു സകലത്തിന്റെയും നാഥനും സൃഷ്ടാവുമാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

(മദുബഹയുടെ വിരിനീക്കുന്നു).

ഉത്ഥാന ഗീതം

(എല്ലാവരും അൾത്താരയിലേക്കു തിരിഞ്ഞ് ശിരസ്സു നമിക്കുന്നു)

സർവ്വാധിപനാം കർത്താവേ, നിന്നെ വണങ്ങി നമിക്കുന്നു
ഈശോ നാഥാ വിനയമൊടെ, നിന്നെ നമിച്ചു പുകഴ്ത്തുന്നു.

മർത്യനു നിത്യമഹോന്നതമാ, മുത്ഥാനം നീയരുളുന്നു
അക്ഷയമവനുടെ ആത്മാവി, നുത്തമരക്ഷയുമേകുന്നു.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ.

(കാർമ്മികൻ ജനങ്ങൾക്കുനേരെ തിരിഞ്ഞ്)

കാർമ്മി: എന്റെ കർത്താവേ നീ സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയർപ്പിക്കുന്നവനും ആത്മാക്കളെ രക്ഷിക്കുന്നവനും ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. ഞങ്ങൾ എപ്പോഴും നിനക്കു സ്തുതിയും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുവാൻ കടപ്പെട്ടവരാകുന്നു. സകലത്തിന്റെയും നാഥാ എന്നേക്കും.

സമൂഹം: ആമ്മേൻ.

ത്രൈശുദ്ധ കീർത്തനം

ശബ്ദമുയർത്തിപ്പാടിടുവിൻ, സർവ്വരുമൊന്നായിപ്പാടിടുവിൻ
എന്നെന്നും ജീവിക്കും, സർവ്വേശ്വരനെ വാഴ്ത്തിടുവിൻ.

പരിപാവനനാം സർവ്വേശാ, പരിപാവനനാം ബലവാനേ
പരിപാവനനാം അമർത്യനേ, നിൻകൃപ ഞങ്ങൾക്കേകണമേ.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ.

കാർമ്മി: വിശുദ്ധരിൽ സംപ്രീതനായി വസിക്കുന്ന പരിശുദ്ധനും സ്തുത്യർഹനും ബലവാനും അമർത്യനുമായ കർത്താവേ, അങ്ങയുടെ സ്വഭാവത്തിനൊത്തവിധം എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും ഞങ്ങളോടു കരുണകാണിക്കുകയും ചെയ്യണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

കാർമ്മി: ഞങ്ങളുടെ കർത്താവായ ദൈവമേ അങ്ങയുടെ ജീവദായകവും ദൈവികവുമായ കല്പനകളുടെ മധുരസ്വരം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമെ. അതുവഴി ആത്മശരീരങ്ങൾക്കുപകരിക്കുന്ന സ്നേഹവും ശരണവും രക്ഷയും ഞങ്ങളിൽ ഫലമണിയുന്നതിനും നിരന്തരം ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നതിനും അങ്ങയുടെ കാരുണ്യത്താലും അനുഗ്രഹത്താലും ഞങ്ങളെ സഹായിക്കണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

(പഴയനിയമ വായനയുണ്ടെങ്കിൽ ഉല്പത്തി 12:1-4 / എസെ. 36:24-28)

ലേഖനം

വായിക്കുന്ന ആൾ: സഹോദരരേ, വിശുദ്ധ പൗലോസ്ശ്ലീഹാ റോമാക്കാർക്ക് എഴുതിയ ലേഖനം. *(6:3-11 / ഗലാത്തിയാ 3:26-29)*

(കാർമ്മികനുനേരെ തിരിഞ്ഞ്) ഗുരോ ആശീർവ്വദിക്കണമേ.

കാർമ്മി: മിശിഹാ + നിന്നെ അനുഗ്രഹിക്കട്ടെ.

(ജനങ്ങൾക്കു നേരെ തിരിഞ്ഞു വായിക്കുന്നു. ഒരു ശുശ്രൂഷി കത്തിച്ച തിരിയുമായി സമീപത്തു നില്ക്കുന്നു).

വായിക്കുന്ന ആൾ: യേശുക്രിസ്തുവിനോട് ഐക്യപ്പെടാൻ ജ്ഞാനസ്നാനം സ്വീകരിച്ച നാമെല്ലാവരും അവന്റെ മരണത്തോട് ഐക്യപ്പെടാനാണ് ജ്ഞാനസ്നാനം സ്വീകരിച്ചതെന്ന് നിങ്ങൾക്കറിഞ്ഞുകൂടേ? അങ്ങനെ, അവന്റെ മരണത്തോടു നമ്മെ ഐക്യപ്പെടുത്തിയ ജ്ഞാനസ്നാനത്താൽ നാം അവനോടൊത്തു സംസ്കരിക്കപ്പെട്ടു. ക്രിസ്തു മരിച്ചതിനു ശേഷം പിതാവിന്റെ മഹത്വത്തിൽ ഉയിർത്തെഴുന്നേറ്റതുപോലെ, നാമും പുതിയ ജീവിതം നയിക്കേണ്ടതിനാണ് അവനോടൊത്തു സംസ്കരിക്കപ്പെട്ടത്. അവന്റെ മരണത്തിനു സദൃശ്യമായ ഒരു മരണത്തിൽ നാം അവനോട് ഐക്യപ്പെട്ടവരായെങ്കിൽ അവന്റെ പുനഃരുത്ഥാനത്തിലും അവനോട് ഐക്യപ്പെട്ടവരായിരിക്കും. നാം ഇനി പാപത്തിന് അടിമപ്പെടാതിരിക്കത്തക്കവിധം പാപപൂർണ്ണമായ ശരീരത്തെ നശിപ്പിക്കാൻ വേണ്ടി നമ്മിലെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നുവെന്നു നമുക്കറിയാമല്ലോ. എന്തെന്നാൽ, മരിച്ചവൻ പാപത്തിൽ നിന്നു മോചിതനായിരിക്കുന്നു. നാം ക്രിസ്തുവിനോടുകൂടെ മരിച്ചുവെങ്കിൽ അവനോടുകൂടി ജീവിക്കും എന്നു നാം വിശ്വസിക്കുന്നു. മരിച്ചവരിൽ നിന്ന് ഉത്ഥാനംചെയ്ത ക്രിസ്തു ഇനി ഒരിക്കലും മരിക്കുകയില്ലെന്നു നമുക്കറിയാം. മരണത്തിന് അവന്റെമേൽ ഇനി അധികാരമില്ല. അവൻ മരിച്ചു, പാപത്തെ സംബന്ധിച്ചിടത്തോളം എന്നേക്കുമായി അവൻ മരിച്ചു. അവൻ ജീവിക്കുന്നു; ദൈവത്തിനുവേണ്ടി അവൻ ജീവിക്കുന്നു. അതുപോലേ, നിങ്ങളും പാപത്തെ സംബന്ധിച്ചിടത്തോളം മരിച്ചവരാണെന്നും യേശുക്രിസ്തുവിൽ ദൈവത്തിനുവേണ്ടി ജീവിക്കുന്നവരാണെന്നും അറിഞ്ഞു കൊള്ളുവിൻ.

സമൂഹം: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

ഹല്ലേലൂയ്യാ ഗീതം

ഹല്ലേലൂയ്യാ പാടാമൊന്നായ്, ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ.

നല്ലൊരാശയമെൻ മനതാരിൽ, വന്നു നിറഞ്ഞു തുളുമ്പീടുന്നു.

രാജാവിൻ തിരുമുമ്പിൽ കീർത്തന, മധുവായ് ഞാനതൊഴുക്കീടട്ടെ.

ഏറ്റമനുഗ്രഹ പൂരിതനാം കവി, തൻ തൂലികപോലെൻ നാവിപ്പോൾ.

താതനുമതുപോൽ സുതനും, പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ

ആദിമുതൽക്കേയിന്നും നിത്യവു, മായി ഭവിച്ചീടട്ടെ ആമ്മേൻ.

ഹല്ലേലൂയ്യാ പാടാമൊന്നായ്, ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ.

ശുശ്രൂഷി: നമുക്കു ശ്രദ്ധാപൂർവ്വംനിന്ന് പരിശുദ്ധ സുവിശേഷം ശ്രവിക്കാം.

കാർമ്മി: സമാധാനം + നിങ്ങളോടുകൂടെ.

സമൂഹം: അങ്ങയോടും അങ്ങയുടെ ആത്മാവോടുംകൂടെ.

കാർമ്മി: വിശുദ്ധ മത്തായി അറിയിച്ച നമ്മുടെ കർത്താവീശോ മിശിഹായുടെ പരിശുദ്ധ സുവിശേഷം. *(3:13-17 / യോഹന്നാൻ 3:1-8)*

സമൂഹം: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

കാർമ്മി: യേശു യോഹന്നാനിൽനിന്നു സ്നാനം സ്വീകരിക്കുവാൻ ഗലീലിയിൽനിന്ന് ജോർദ്ദാനിൽ അവന്റെ അടുത്തേക്കു വന്നു. ഞാൻ നിന്നിൽ നിന്നു സ്നാനം സ്വീകരിക്കേണ്ടിയിരിക്കേ, നീ എന്റെ അടുത്തേക്കുവരുന്നുവോ എന്നു ചോദിച്ചുകൊണ്ട് യോഹന്നാൻ അവനെ തടഞ്ഞു. എന്നാൽ, യേശു പറഞ്ഞു: ഇപ്പോൾ ഇതു സമ്മതിക്കുക; അങ്ങനെ സർവ്വനീതിയും പൂർത്തിയാക്കുക നമുക്ക് ഉചിതമാണ്. അവൻ സമ്മതിച്ചു. സ്നാനം കഴിഞ്ഞയുടൻ യേശു വെള്ളത്തിൽനിന്നു കയറി. അപ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടു. ദൈവാത്മാവ് പ്രാവിന്റെ രൂപത്തിൽ തന്റെ മേൽ ഇറങ്ങിവരുന്നത് അവൻ കണ്ടു. ഇവൻ എന്റെ പ്രിയ പുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന് ഒരു സ്വരം സ്വർഗ്ഗത്തിൽ നിന്നു കേട്ടു.

സമൂഹം: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

പ്രസംഗം

കാറോസൂസ

ശുശ്രൂഷി: മാമ്മോദീസവഴി *ദൈവപുത്രനായി (പുത്രിയായി)* ത്തീരുന്ന ഈ ശിശുവിനെ സമർപ്പിച്ചുകൊണ്ട് "കർത്താവേ കൃപയുണ്ടാകണമേ" എന്നപേക്ഷിക്കാം.

സമൂഹം: കർത്താവേ കൃപയുണ്ടാകണമേ. *(ഓരോന്നിനും ആവർത്തിക്കുന്നു)*

ശുശ്രൂഷി: ജലത്താലും ആത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാധ്യമല്ലെന്ന് അരുളിച്ചെയ്ത കർത്താവേ, മാമ്മോദീസയിലൂടെ വീണ്ടും ജനിച്ച് *ദൈവപുത്രനാ (പുത്രിയാ)* കാനുള്ള വരം ഈ ശിശുവിനു നല്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: യോർദ്ദാൻ നദിയിൽ മാമ്മോദീസാ സ്വീകരിച്ച് വിനയത്തിന്റെ മാതൃക കാണിച്ചുതന്ന കർത്താവേ; ദൈവഹിതം നിറവേറ്റി ജീവിക്കുവാനുള്ള കൃപാവരം ഈ *ദാസനു (ദാസിക്കു)* നല്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: ഞങ്ങൾക്കുവേണ്ടി മരിക്കുകയും സംസ്കരിക്കപ്പെടുകയും മഹത്ത്വത്തോടെ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്ത കർത്താവേ, പാപത്തിനു മരിച്ച് നവജീവൻ പ്രാപിക്കുന്ന ഈ ശിശുവിനെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: പരിശുദ്ധാത്മാവിന്റെ ആലയമായിത്തീരാനാഗ്രഹിച്ച് നിന്റെ പക്കലെത്തിയിരിക്കുന്ന ഈ ശിശുവിനെ വിശുദ്ധിയുടെ മാർഗ്ഗത്തിൽ നയിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: തിരുസഭയുടെ അംഗമാകുവാൻ വിളിക്കപ്പെട്ടിരിക്കുന്ന ഈ ശിശുവിനെ ആത്മീയവും ഭൗതികവുമായ എല്ലാ നന്മകളും നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

ശുശ്രൂഷി: മാതാപിതാക്കൾക്ക് ആശാകേന്ദ്രവും കുടുംബത്തിനു പ്രകാശവും നാടിനു സേവനമാതൃകയും ആകുംവിധം ഈ ശിശുവിനെ വളർത്തുവാൻ വേണ്ട കൃപാവരം *ഇവന്റെ (ഇവളുടെ)* മാതാപിതാക്കൾക്കും, ജ്ഞാനസ്നാന മാതാപിതാക്കൾക്കും നല്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: മിശിഹായുടെ സഭ മുഴുവന്റെയും തലവനായ മാർ ..... പാപ്പായേയും, ഞങ്ങളുടെ സഭയുടെ തലവനും പിതാവുമായ മാർ ..... ശ്രേഷ്ഠമെത്രാപ്പോലീത്തായേയും, ഞങ്ങളുടെ രൂപതാദ്ധ്യക്ഷനും പിതാവുമായ

മാർ ..... മെത്രാനെയും, മാർ ..... മെത്രാപ്പൊലീത്തായെയും മാർ ... മെത്രാനെയും അവരുടെ സഹശുശ്രൂഷികളെയും ആത്മീയ നന്മകൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ കൃപയുണ്ടാകണമേ.

കാർമ്മി: എല്ലാ ജനതകളേയും സുവിശേഷമറിയിച്ചു ശിഷ്യപ്പെടുത്തി മാമ്മോദീസാ നല്കുവാൻ കല്പിച്ച കർത്താവേ, നിന്റെ കല്പന അനുവർത്തിക്കുന്ന ഞങ്ങളെ തൃക്കൺപാർക്കണമേ. ഭൂമിയിൽ സ്വർഗ്ഗരാജ്യം സ്ഥാപിക്കുവാൻ നീ നിയോഗിച്ച സഭ, ഞങ്ങളിലൂടെ ആ ദൗത്യം പൂർത്തിയാക്കട്ടെ. മനുഷ്യരെല്ലാവരും ഒരിടയന്റെ കീഴിൽ, ഒരാലയത്തിൽ ഒന്നുചേരുന്ന നിന്റെ രക്ഷാകരദിനം വേഗം സംജാതമാകട്ടെ. ഞങ്ങൾ പരികർമ്മം ചെയ്യുന്ന ഈ വിശുദ്ധ കൂദാശ, പരിശുദ്ധാത്മാവിന്റെ ചൈതന്യത്താൽ ഈ ശിശുവിന് നിത്യജീവനിലേക്കുള്ള കവാടമായി ഭവിക്കട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂഹം: ആമ്മേൻ.

ശുശ്രൂഷി: കർത്താവേ, ആശീർവ്വദിക്കണമേ, സഹോദരരേ, നിങ്ങൾ കൈവയ്പിനായി തലകുനിക്കുകയും ആശീർവ്വാദം സ്വീകരിക്കുകയും ചെയ്യുവിൻ.

കാർമി: *(താഴ്ന്ന സ്വരത്തിൽ)* ഞങ്ങളുടെ കർത്താവായ ദൈവമേ, സാർവത്രികവും ശ്ലൈഹികവുമായ സഭയുടെമേൽ അങ്ങയുടെ കരുണനിറഞ്ഞ വലംകൈ നീട്ടണമേ. ദൃശ്യവും അദൃശ്യവുമായ സകല വിപത്തുകളിൽനിന്നും അതിനെ സംരക്ഷിക്കണമേ. ഭക്തിയോടും ശ്രദ്ധയോടും വിശുദ്ധിയോടുംകൂടെ അങ്ങയുടെ മുമ്പാകെ ശുശ്രൂഷചെയ്യാൻ ഞങ്ങളെല്ലാവരെയും ദയാപൂർവം യോഗ്യരാക്കേണമേ.

കാർമ്മി: *(ഉയർന്ന സ്വരത്തിൽ)* കരുണാനിധിയായ ദൈവമേ, ഞങ്ങളെല്ലാവരും ഒന്നുചേർന്ന് അങ്ങയെ ഞങ്ങളുമായി രമ്യതപ്പെടുത്തുന്ന നീതിയുടെ പ്രവൃത്തികളാൽ ജീവിതകാലം മുഴുവനും അങ്ങയെ യഥോചിതം പ്രീതിപ്പെടുത്തുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങേയ്ക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും നിരന്തരം സമർപ്പിക്കുവാൻ ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

സമൂഹം: ആമ്മേൻ.

വിശ്വാസ പ്രഖ്യാപനം

കാർമ്മി: സർവ്വശക്തനും പിതാവുമായ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

(സമൂഹവും ചേർന്നു തുടരുന്നു). ദൃശ്യവും അദൃശ്യവുമായ / സകലത്തിന്റെയും സ്രഷ്ടാവിൽ ഞങ്ങൾ വിശ്വസിക്കുന്നു. ദൈവത്തിന്റെ ഏക പുത്രനും / സകല സൃഷ്ടികൾക്കു മുമ്പുള്ള ആദ്യജാതനും / യുഗങ്ങൾക്കെല്ലാം മുമ്പ് പിതാവിൽനിന്നു ജനിച്ചവനും / എന്നാൽ സൃഷ്ടിക്കപ്പെടാത്തവനും / ഏക കർത്താവുമായ / ഈശോമിശിഹായിൽ ഞങ്ങൾ വിശ്വസിക്കുന്നു. അവിടുന്ന് സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും / പിതാവിനോടുകൂടെ ഏകസത്തയുമാകുന്നു. അവിടുന്നുവഴി പ്രപഞ്ചം സംവിധാനം ചെയ്യപ്പെടുകയും / എല്ലാം സൃഷ്ടിക്കപ്പെടുകയും ചെയ്തു. മനുഷ്യരായ നമുക്കുവേണ്ടിയും / നമ്മുടെ രക്ഷക്കുവേണ്ടിയും / അവിടുന്നു സ്വർഗ്ഗത്തിൽനിന്നിറങ്ങി / പരിശുദ്ധാത്മാവിനാൽ കന്യകാമറിയത്തിൽ നിന്ന് ശരീരം സ്വീകരിച്ച് / മനുഷ്യനായിപ്പിറന്നു. പന്തീയോസ് പീലാത്തോസിന്റെ കാലത്തു പീഡകൾ സഹിക്കുകയും / സ്ലീവായിൽ തറയ്ക്കപ്പെട്ടു മരിക്കുകയും / സംസ്കരിക്കപ്പെടുകയും / എഴുതപ്പെട്ടിരിക്കുന്നതുപോലെ / മൂന്നം ദിവസം ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു. അവിടുന്ന് സ്വർഗ്ഗത്തിലേക്ക് എഴുന്നള്ളി / പിതാവിന്റെ വലതുഭാഗത്തിരിക്കുന്നു. മരിച്ചവരേയും ജീവിക്കുന്നവരേയും വിധിക്കുവാൻ / അവിടുന്നു വീണ്ടും വരുവാനിരിക്കുന്നു. പിതാവിൽനിന്നും പുത്രനിൽ നിന്നും പുറപ്പെടുന്ന / സത്യാത്മാവും ജീവദാതാവുമായ / ഏക പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു. ഏകവും പരിശുദ്ധവും / ശ്ലൈഹികവും സാർവ്വത്രികവുമായ സഭയിലും / ഞങ്ങൾ വിശ്വസിക്കുന്നു. പാപമോചനത്തിനുള്ള ഏക മാമ്മോദീസയും / ശരീരത്തിന്റെ ഉയിർപ്പും / നിത്യായുസ്സും ഞങ്ങൾ ഏറ്റുപറയുകയും ചെയ്യുന്നു. ആമ്മേൻ.

(എല്ലാവരും പ്രദക്ഷിണമായി മാമ്മോദീസാത്തൊട്ടിയുടെ അടുത്തേക്കു പോകുന്നു. തത്സമയം താഴെക്കാണുന്ന ഗീതം ആലപിക്കുന്നു).

ഗീതം

വാഴ്ത്തിപ്പാടാം കർത്താവിൻ, പാവനമാകും തിരുനാമം
സീമാതീത മഹത്ത്വം നാം, സാദരമെന്നും കീർത്തിക്കാം.

പാതയൊരുക്കാനാഗതനാം, യോഹന്നാനിൽ നിന്നീശോ
യോർദ്ദാൻ നദിയിൽ വിനയമോടെ, മാമ്മോദീസാ കൈക്കൊണ്ടു.

ജ്ഞാനസ്നാന ജലത്താലേ, നിർമ്മലരാക്കുക ഞങ്ങളെ നീ
നിത്യം ദൈവിക തിരുനാമം, മഹിമയണിഞ്ഞു വിളങ്ങട്ടെ.

ശുശ്രൂഷി: സഹോദരരേ, ദൈവികജീവൻ നല്കുന്ന പരിശുദ്ധ മാമ്മോദീസയുടെ പരികർമ്മത്തിനൊരുക്കമായി, കാർമ്മികൻ തനിക്കുവേണ്ടിത്തന്നെ പ്രാർത്ഥിക്കുവാൻ തുടങ്ങുന്നു. നമുക്കെല്ലാവർക്കും ഭക്തിയോടും ശ്രദ്ധയോടുംകൂടി നിന്നു മൗനമായി പ്രാർത്ഥിക്കാം.

കാർമ്മി: നഷ്ടപ്പെട്ടു പോയവരെ അന്വേഷിച്ചു കണ്ടെത്തുകയും ചിതറിപ്പോയവരെ ഒരുമിച്ചുകൂട്ടുകയും ചെയ്യുന്ന കർത്താവേ, നിന്റെ സഭയിൽ പുരോഹിത ശുശ്രൂഷ ചെയ്യുവാൻ വിനീതനായ ഈ ദാസനെ തെരഞ്ഞെടുത്തുവല്ലോ. സകല നീതിയും പൂർത്തിയാക്കുവാൻ വേണ്ടി യോർദ്ദാനിൽ വച്ചു യോഹന്നാനിൽനിന്നു മാമ്മോദീസാ സ്വീകരിക്കുകയും മാമ്മോദീസ നല്കുവാൻ ശ്ലീഹന്മാരെ നിയോഗിക്കുകയുംചെയ്ത കർത്താവേ, ഈ കൂദാശ യഥാവിധി പരികർമ്മം ചെയ്യുവാൻ എന്നെ യോഗ്യനാക്കേണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂഹം: ആമ്മേൻ.

തൈലത്തിന്റെയും വെള്ളത്തിന്റെയും വെഞ്ചരിപ്പ്

കാർമ്മി: നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സംസർഗ്ഗവും നാമെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ. ഇപ്പോഴും എപ്പോഴും + എന്നേക്കും. *(തൈലവും വെള്ളവും ആശിർവദിക്കുന്നു).*

സമൂഹം: ആമ്മേൻ.

തൈലം വെഞ്ചരിപ്പ്

കാർമ്മി: ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ പരിശുദ്ധാത്മാവ് എഴുന്നള്ളിവന്ന് ഈ തൈലത്തിൽ ആവസിച്ച് ഇതിനെ ആശിർവദിക്കുമാറാകട്ടെ. മിശിഹായുടെ പീഡാനുഭവത്തിന്റെയും ഉയിർപ്പിന്റെയും പ്രതീകമായ മാമ്മോദീസായുടെ പരികർമ്മത്തിനായി ആരാധ്യമായ ത്രിത്വത്തിന്റെ നാമത്തിൽ ഈ തൈലം + പവിത്രീകരിക്കപ്പെടട്ടെ. ഈ തൈലം ഞങ്ങൾക്ക് ജീവന്റെ അടയാളമായിത്തീരട്ടെ. അങ്ങയുടെ പുത്രനും ഞങ്ങളുടെ രക്ഷകനുമായ ഈശോമിശിഹായുടെ പൂർത്തീകരിക്കപ്പെടുന്ന മമ്മോദീസാവഴി ഞങ്ങൾക്കു പരിപൂർണ്ണമായ വിശുദ്ധിയും സ്വർഗഭാഗ്യവും അവിടുത്തെ പൗരോഹിത്യത്തിൽ പങ്കാളിത്തവും ലഭിക്കുമാറാകട്ടെ. ഞങ്ങൾ അങ്ങേക്കും അങ്ങയുടെ പ്രിയപുത്രനും പരിശുദ്ധാത്മാവിനും സ്തുതിയും പുകഴ്ചയും, കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. *(തൈലം ആശീർദിച്ചുകോണ്ട്)* ഇപ്പോഴും എപ്പോഴും + എന്നേക്കും.

സമൂഹം: ആമ്മേൻ.

(വി. മൂറോനിൽ തള്ളവിരൽ മുക്കി താഴെവരുന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ട് തൈലത്തിൽ കുരിശടയാളം വരയ്ക്കുന്നു).

കാർമ്മി: പാപമോചകമായ മാമ്മോദീസയിൽ അമർത്യതയുടെ അടയാളമാകുവാൻ, ഈ തൈലം വിശുദ്ധ മൂറോൻകൊണ്ട് മുദ്രിതമാവുകയും വിശുദ്ധീകരിക്കപ്പെടുകയും പരസ്പരം കലർത്തപ്പെടുകയും ചെയ്തിരിക്കുന്നു. പിതാവിന്റെയും പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

സമൂഹം: ആമ്മേൻ.

വെള്ളം വെഞ്ചരിപ്പ്

കാർമ്മി: കർത്താവായ ദൈവമേ, യോർദാനിൽവച്ച് മാമ്മോദിസ സ്വീകരിച്ചപ്പോൾ ഈശോയുടെമേൽ ഇറങ്ങി വസിച്ചവനും മനുഷ്യപ്രകൃതിയെ നവീകരിക്കുന്നവനുമായ പരിശുദ്ധാത്മാവ് ഈ ജലത്തിൽ ഇറങ്ങി വസിക്കട്ടെ. അവിടുന്ന് ആവസിക്കുന്ന ഈ ജലത്തിൽ സ്നാനപ്പെടുന്നവർക്ക് രക്ഷ ലഭിക്കുമാറാകട്ടെ. ശരീരത്തിലും ആത്മാവിലും പവിത്രീകരിക്കപ്പെട്ട് അങ്ങേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും സമർപ്പിക്കുവാൻ ഞങ്ങൾ യോഗ്യരാവുകയും ചെയ്യട്ടെ. *(വെള്ളത്തിനു മീതെ കുരിശടയാളം വരച്ചുകോണ്ട്)* ഇപ്പോഴും എപ്പോഴും + എന്നേക്കും.

സമൂഹം: ആമ്മേൻ.

(വിശുദ്ധ മൂറോനിൽ വിരൽമുക്കി ജലത്തിൽ കുരിശടയാളം വരച്ചുകൊണ്ട്).

കാർമ്മി: മാമ്മോദീസയിലൂടെ പാപമോചനം നല്കി, ആത്മീയ ജന്മം നല്കുന്ന ഒരു പുതിയ ഉദരമായിത്തീരാൻ, ഈ ജലം പിതാവിന്റെയും + പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആശീർവ്വദിക്കപ്പെടുകയും വിശുദ്ധ തൈലത്തോടു കലർത്തപ്പെടുകയും ചെയ്തിരിക്കുന്നു.

സമൂഹം: ആമ്മേൻ.

ലേപനം

(തള്ളവിരൽകോണ്ട് ശിശുവിന്റെ നെഞ്ചിൽ തൈലം പൂശുന്നു).

കാർമ്മി: പിതാവിന്റെയും + പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ..... *(പേര്)* വിശുദ്ധ തൈലംകൊണ്ട് ലേപനം ചെയ്യപ്പെടുന്നു.

സമൂഹം: ആമ്മേൻ.

സ്നാപനം

(ശിശുവിന്റെ ശിരസ്സിൽ കുരിശടയാളത്തിൽ മൂന്നു പ്രാവശ്യം വെള്ള മൊഴിച്ചുകൊണ്ട്).

കാർമ്മി: പിതാവിന്റെയും +
സമൂഹം: ആമ്മേൻ.

കാർമ്മി: പുത്രന്റെയും +
സമൂഹം: ആമ്മേൻ.

കാർമ്മി: പരിശുദ്ധാത്മാവിന്റെയും നാമത്തിൽ + ... *(പേര്)* മാമ്മോദീസാ മുക്കപ്പെടുന്നു.
സമൂഹം: ആമ്മേൻ.

വെള്ളവസ്ത്രം ധരിപ്പിക്കുന്നു

കാർമ്മി: നമ്മുടെ കർത്താവീശോമിശിഹാ വിശുദ്ധിയുടെ വസ്ത്രത്താൽ നിന്നെ അലങ്കരിക്കുകയും നിഷ്കളങ്കമായി ജീവിക്കുവാൻ നിന്നെ സഹായിക്കുകയും ചെയ്യട്ടെ.

സമൂഹം: ആമ്മേൻ.

തിരി നല്കുന്നു

കാർമ്മി: ലോകത്തിന്റെ പ്രകാശമായ മിശിഹാ നിനക്കു മാർഗ്ഗദീപമായിരിക്കട്ടെ.

സമൂഹം: ആമ്മേൻ.

തൈലാഭിഷേകത്തിന് ഒരുക്കമായ കാറോസൂസാ

ശുശ്രൂഷി: മാമ്മോദീസായിലൂടെ *ദൈവമകനാ(ളാ)*യിത്തീർന്ന് പരിശുദ്ധാത്മാവിന്റെ വരങ്ങൾക്കായി കാത്തിരിക്കുന്ന ഈ *ദാസനു (ദാസിക്കു)* വേണ്ടി "കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ" എന്നപേക്ഷിക്കാം.

സമൂഹം: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ശുശ്രൂഷി: സെഹിയോൻ ശാലയിൽ പ്രാർത്ഥനാനിരതരായിരുന്ന ശിഷ്യരിലെന്നപോലെ ഈ *ദാസന് (ദാസിക്ക്)* അങ്ങയുടെ പരിശുദ്ധാത്മാവിനെ നല്കണമെന്ന് ഞങ്ങളപേക്ഷിക്കുന്നു.

സമൂഹം: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ശുശ്രൂഷി: അങ്ങയുടെ ചൈതന്യത്താൽ നിറഞ്ഞ് വിശുദ്ധ ജീവിതം നയിക്കുവാനും എല്ലാസാഹചര്യങ്ങളിലും വിശ്വാസത്തിലുറച്ചുനിന്ന് അങ്ങയെ മഹത്വപ്പെടുത്തുവാനും *ഇവനെ (ഇവളെ) ശക്തനാ(യാ)*ക്കണമെന്നു ഞങ്ങളപേക്ഷിക്കുന്നു.

സമൂഹം: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ശുശ്രൂഷി: ക്രൈസ്തവവിശ്വാസത്തിൽ *ഇവനെ (ഇവളെ)* വളർത്തുന്ന മാതാപിതാക്കളേയും ഗുരുജനങ്ങളെയും ഉപകാരികളെയും അങ്ങയുടെ അരൂപിയാൽ പൂരിതരാക്കണമെന്ന് ഞങ്ങളപേക്ഷിക്കുന്നു.

സമൂഹം: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ശുശ്രൂഷി: നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാതാവിനും സമർപ്പിക്കാം.

സമൂഹം: ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

കാർമ്മി: കർത്താവേ ബലവാനായ ദൈവമേ, അങ്ങയോടു ഞങ്ങൾ വിനയപൂർവ്വം പ്രാർത്ഥിക്കുന്നു. അങ്ങയുടെ ആത്മാവിനാൽ *ഇവനെ (ഇവളെ)* നിറയ്ക്കണമേ. ക്രിസ്തീയ ജീവിത പൂർണ്ണതയിലേക്ക് *ഇവൻ (ഇവൾ)* വളരുമാറാകട്ടെ. ഐശ്വര്യകാലത്ത് അങ്ങയെ വിസ്മരിക്കാതിരിക്കുവാനും, ക്ലേശങ്ങളിൽ അങ്ങയിൽ ആശ്രയം വയ്ക്കുവാനും ഇവൻ *(ഇവൾ) ശക്തനാ(യാ)*കട്ടെ. ലോകത്തിൽ അങ്ങയുടെ സജീവസാക്ഷിയായി ജീവിച്ച്, മരണശേഷം നിത്യസൗഭാഗ്യമനുഭവിക്കുവാൻ *ഇവനെ (ഇവളെ)* അനുഗ്രഹിക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

സമൂഹം: ആമ്മേൻ.

(കാർമ്മികൻ ചോദിക്കുന്നു).

കാർമ്മി: പരിശുദ്ധാത്മാവിനാൽ *പൂരിതനാ(യാ)യി* വിശ്വാസത്തിൽ സ്ഥിരീകരിക്കപ്പെട്ട്, മിശിഹായ്ക്കു സാക്ഷ്യം വഹിക്കുവാൻ നീ ആഗ്രഹിക്കുന്നുവോ?

ഉത്തരം: ഞാൻ ആഗ്രഹിക്കുന്നു.

കാർമ്മി: ദൈവം നിന്നെ അനുഗ്രഹിക്കട്ടെ.

ഗാനം

പരിശുദ്ധാത്മാവേ, നീയെഴുന്നള്ളി, വരണമേ എന്റെ ഹൃദയത്തിൽ
ദിവ്യദാനങ്ങൾ ചിന്തിയെന്നുള്ളിൽ, ദൈവസ്നേഹം നിറയ്ക്കണേ.

സ്വർഗ്ഗവാതിൽ തുറന്നു ഭൂമിയിൽ, നിർഗളിക്കും പ്രകാശമേ
- സ്വർഗ്ഗ...

അന്ധകാരവിരിപ്പു മാറ്റിടും, ചന്തമേറുന്ന ദീപമേ
കേഴുമാത്മാവിലാശ വീശുന്ന, മോഹന ദിവ്യഗാനമേ.
പരിശുദ്ധാത്മാവേ ...

ശുശ്രൂഷി: പ്രിയ സഹോദരരേ, പരിശുദ്ധാത്മാവിന്റെ കൃപാവരപൂർണ്ണതയാൽ കാർമ്മികൻ ഈ *ദാസനെ (ദാസിയെ) മുദ്രിതനാ(യാ)*ക്കാൻ തുടങ്ങുന്നു. അതിനൊരുക്കമായി അദ്ദേഹം തനിക്കുവേണ്ടിത്തന്നെ പ്രാർത്ഥിക്കുന്നു. നമുക്കെല്ലാവർക്കും ഭക്തിയോടും ശ്രദ്ധയോടുംകൂടി മൗനമായി പ്രാർഥിക്കാം.

കാർമ്മി: കർത്താവേ ശക്തനായ ദൈവമേ, ശ്ലീഹന്മാരുടെമേൽ പരിശുദ്ധാത്മാവിനെ അയച്ച് ശക്തിപ്പെടുത്തിയ അങ്ങയുടെ അനന്തകാരുണ്യത്തിന് ഞങ്ങൾ നന്ദി പറയുന്നു. ശ്ലീഹന്മാരുടെയും അവരുടെ പിൻഗാമികളുടെയും കൈവയ്പുവഴി പരിശുദ്ധാത്മാവിന്റെ ദാനം ഇന്നും സഭയിൽ വർഷിച്ചുകൊണ്ടിരിക്കുന്ന അങ്ങ്, ഈ ദിവ്യദാനം അങ്ങയുടെ *ദാസന് (ദാസിക്ക്)* നല്കുന്നതിന് എളിയവനായ എന്നെയും യോഗ്യനാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

സമൂഹം: ആമ്മേൻ.

കൈവയ്പു പ്രാർത്ഥന

(കാർമ്മികൻ ഇരുകരങ്ങളും നീട്ടി അർത്ഥിയുടെ മേൽ കമഴ്ത്തിപ്പിടിച്ചുകൊണ്ടു ചൊല്ലുന്നു).

കാർമ്മി: മാമ്മോദീസയിലൂടെ പുതുജന്മവും മിശിഹായുടെ മൗതിക ശരീരത്തിൽ അംഗത്വവും നിത്യജീവിതത്തിനുള്ള അവകാശവും ഞങ്ങൾക്കു നല്കിയ പിതാവായ ദൈവമേ, വാഗ്ദാനം ചെയ്യപ്പെട്ട പരിശുദ്ധാത്മാവിനാൽ ഈ *ദാസനെ (ദാസിയെ) മുദ്രിത(യാ)*ക്കണമേ. ആബാ, പിതാവേ എന്ന് അങ്ങയെ വിളിക്കുവാൻ പുത്രസ്വീകാരത്തിന്റെ ആത്മാവിനെ ഈ *ദാസനു (ദാസിക്കു)* നല്കണമേ. കൈവയ്പു ശുശ്രൂഷവഴി ദിവ്യാത്മാവിനാൽ നിറഞ്ഞ് സുവിശേഷത്തിനു സാക്ഷ്യം വഹിക്കുന്ന ധീരപടയാളിയും സഭയുടെ *വിശ്വസ്തദാസനു (ദാസിയുമായി)* ജീവിക്കുവാൻ ഇവനെ

(ഇവളെ) ശക്തതനാ(യാ)ക്കണമേ. അങ്ങനെ ആത്മാവിന്റെ ഫലങ്ങളായ സ്നേഹവും ആനന്ദവും, സമാധാനവും ക്ഷമയും, ദയയും നന്മയും, വിശ്വസ്ഥതയും സൗമ്യതയും, ആത്മസംയമനവും ഇവനിൽ (ഇവളിൽ) നിറയട്ടെ. അങ്ങയുടെ അനുഗ്രഹത്താൽ നിർമ്മലമായ ജീവിതം നയിക്കുവാൻ ഈ *ദാസന് (ദാസിക്ക്)* ഇടയാകട്ടെ. ഞങ്ങൾ അങ്ങേക്കും അങ്ങയുടെ പ്രിയപുത്രനും പരിശുദ്ധാത്മാവിനും സ്തുതിയും പുകഴ്ചയും ആരാധനയും സമർപ്പിക്കുന്നു. ഇപ്പോഴും എപ്പോഴും + എന്നേക്കും. *(കാർമ്മികൻ അർത്ഥിയെ ആശിർവദിക്കുന്നു).*

സമൂഹം: ആമ്മേൻ.

ലേപനം

(കാർമ്മികൻ തള്ളവിരൽ മൂറോനിൽ മുക്കിയ ശേഷം അർഥിയുടെ നെറ്റിയിൽ കുരിശു വരയ്ക്കുന്നു).

കാർമ്മി: മാമ്മോദീസാ സ്വീകരിച്ച ..... *(പേര്)* പിതാവിന്റെയും പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ *പൂർണ്ണനാ(യാ)ക്കപ്പെ*ടുകയും സ്ഥിരീകരിക്കപ്പെടുകയും ചെയ്തിരിക്കുന്നു.

കാർമ്മി: കർത്താവായ ദൈവമേ, ഈ *ദാസൻ (ദാസി)* സ്വീകരിച്ച ജീവദായകമായ അടയാളവും പരിശുദ്ധാത്മാവിന്റെ കൃപാവരപൂർണ്ണതയും *ഇവൻ (ഇവൾ)* ആരംഭിച്ചിരിക്കുന്ന നവജീവിതവും ധരിച്ചിരിക്കുന്ന നീതിയുടെ കവചവും ശത്രുവിന്റെ എല്ലാ ഉപദ്രവങ്ങളിൽനിന്ന് ഈ *ദാസനെ (ദാസിയെ)* സംരക്ഷിക്കട്ടെ. മിശിഹായുടെ ദിവ്യപരിമളം ജീവിതത്തിലുടനീളം പ്രസരിപ്പിക്കുവാൻ *ഇവന് (ഇവൾക്ക്)* ഇടയാവുകയും ചെയ്യട്ടെ.

സമൂഹം: ആമ്മേൻ.

മുടിയണിയിക്കൽ

കാർമ്മി: ആത്മീയദാനത്തിന്റെയും നിത്യസൗഭാഗ്യത്തിന്റെയും അടയാളമായി ..... *(പേര്)* പിതാവിന്റെയും പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ജീവന്റെ കിരീടം അണിയിക്കപ്പെടുന്നു.

(കാർമ്മികൻ അർഥിയെ മുടിയണിയിക്കുന്നു).

സമൂഹം: ആമ്മേൻ.

(എല്ലാവരും പ്രദക്ഷിണമായി മദ്ബഹായുടെ കവാടത്തിലേക്കു പോകുന്നു. പ്രദക്ഷിണസമയത്ത് ഗീതം ആലപിക്കുന്നു).

ഗീതം

യോർദ്ദാൻ നദിയിൽ ദൈവസുതൻ, മാമ്മോദീസ മുങ്ങുമ്പോൾ
വിണ്ണിൻ വാതിൽ തുറക്കുന്നു, വാഴ്ത്തിപ്പാടം തിരുനാമം.

ദൈവത്തിൻ പ്രിയപുത്രനിതാ, സംപ്രീതൻ ഞാനീസുതനിൽ
പാവനനാദം മുഖരിതമായ്, വാഴ്ത്തിപ്പാടം തിരുനാമം.

പുതുജന്മത്തിൻ ജീവജലം, ആത്മവിശുദ്ധി പകർന്നരുളും
മേഘപഥത്തിൽ വെൺപ്രാവായ്, പാവനരൂപനിറങ്ങുന്നു.

(കുർബാനയുണ്ടെങ്കിൽ കാഴ്ചവയ്പിന്റെ ഗാനത്തോടെ കുർബാന തുടരുന്നു. പേജ് 87 കാണുക.)

(ദിവ്യകാരുണ്യസ്വീകരണ സമയത്ത് ശിശുവിനു വിശുദ്ധ കുർബാന നല്കുന്നു).

സമാപന പ്രാർത്ഥനകൾ

കാർമ്മി: കർത്താവായ ദൈവമേ, പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടായ ഈശോയുടെ തിരുരക്തത്താൽ ഈ ശിശുവിനെ അങ്ങ് കഴുകി വിശുദ്ധീകരിച്ചുവല്ലോ. പരിശുദ്ധാത്മാവിനെ നല്കുമെന്ന ഞങ്ങളുടെ കർത്താവീശോമിശിഹായുടെ വാഗ്ദാനം ഈ *ദാസനിൽ (ദാസിയിൽ)* നിറവേറ്റുന്നതിനു ഞങ്ങൾ അങ്ങേക്കു നന്ദി പറയുന്നു. അങ്ങയുടെ ഈ *മകനെ (മകളെ)* മിശിഹായുടെ കൂട്ടവകാശിയും പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ *സമ്പന്നനു(യു)*മാക്കിയതിനു ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. ഈ *ദാസൻ (ദാസി)* സത്യത്തിലും ആത്മാവിലും അങ്ങയെ മഹത്വപ്പെടുത്തുവാൻ അനുഗ്രഹിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ, കർത്താവേ, ആശീർവദിക്കണമേ.

കാർമ്മി: പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർ യൗസേപ്പിന്റെയും വിശുദ്ധ ശ്ലീഹന്മാരുടെയും ഞങ്ങളുടെ പിതാവായ മാർ തോമ്മാശ്ലീഹായുടെയും വേദസാക്ഷികളുടെയും സകല വിശുദ്ധരുടെയും ഞങ്ങളുടെ സഭയിലെ വിശുദ്ധരുടെയും, ഇടവക *മധ്യസ്ഥനായ (മധ്യസ്ഥയായ)* .... യും പ്രാർത്ഥന ഈ ശിശുവിനെ സഹായിക്കുമാറാകട്ടെ. ഈ ശിശുവിന്റെ നാമത്തിന് *കാരണഭൂതനാ(യാ)യ വിശുദ്ധ ..... ന്റെ(ടെ)* ജീവിതമാതൃക *ഇവന് (ഇവൾക്ക്)* വഴികാട്ടിയായിരിക്കുകയും ചെയ്യട്ടെ.

സമൂഹം: ആമ്മേൻ.

സമാപനാശീർവാദം

കാർമ്മി: മാമ്മോദീസയിലൂടെ ദൈവമക്കളുടെ പദവിയിലേക്ക് നമ്മെ ഉയർത്തിയ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. തിരുസഭയുടെ വിശ്വസ്ഥ *പുത്രനായി (പുത്രിയായി)* ജീവിക്കുവാൻ അവിടുന്ന് നിന്നെ സഹായിക്കട്ടെ. പരിശുദ്ധാത്മാവിനെ സ്വീകരിച്ച നീ എന്നും സുവിശേഷത്തിനു സാക്ഷ്യം വഹിക്കുന്ന ധീര *പ്രേഷിതനാ(യാ)*യിത്തീരട്ടെ. കണ്ണു കണ്ടിട്ടില്ലാത്തതും കാതു കേട്ടിട്ടില്ലാത്തതും ഹൃദയം ആസ്വദിച്ചിട്ടില്ലാത്തുമായ സ്വർഗഭാഗ്യത്തിന് *അവകാശി(നി)*യായിത്തീരുന്നതുവരെ ആപത്തുകളിൽ തുണയും സങ്കടങ്ങളിൽ ആശ്വാസവും പരീക്ഷകളിൽ ബലവും നല്കി അവിടുന്നു നിന്നെ സംരക്ഷിക്കട്ടെ. മാതാപിതാക്കൾക്ക് ആശാകേന്ദ്രവും കുടുംബത്തിനു പ്രകാശവും നാടിനു സേവനമാതൃകയുമായിത്തീരുവാൻ ദൈവം നിന്നെ *യോഗ്യനാ(യാ)*ക്കട്ടെ. ഈ തിരുക്കർമ്മങ്ങളിൽ പങ്കുകൊണ്ട എല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ഇപ്പോഴും എപ്പോഴും + എന്നേക്കും.

സമൂഹം: ആമ്മേൻ.

(കാർമ്മികൻ എല്ലാവരെയും ആശീർവ്വദിക്കുന്നു).

വിടവാങ്ങൽ ശുശ്രൂഷ പ്രാർത്ഥന

കാർമ്മി: വിശുദ്ധീകരണത്തിന്റെ ബലിപീഠമെ സ്വസ്ഥി. ഞങ്ങളുടെ കർത്താവിന്റെ കബറിടമെ സ്വസ്ഥി. നിന്നിൽ നിന്നു ഞാൻ സ്വീകരിച്ച കുർബ്ബാന കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ. ഇനി ഒരു ബലി അർപ്പിക്കുവാൻ ഞാൻ വരുമോ ഇല്ലയോ എന്നറിഞ്ഞുകൂടാ.

(മദ്ബഹാ വിരിയിട്ടു മറയ്ക്കുന്നു).

നിത്യസഹായ മാതേ (ഗാനം)

നിത്യസഹായമാതേ, പ്രാർത്ഥിക്കാ ഞങ്ങൾക്കായ് നീ
നിൻ മക്കൾ ഞങ്ങൾക്കായ് നീ, പ്രാർത്ഥിക്ക സ്നേഹനാഥേ.

നീറുന്ന മാനസങ്ങൾ, ആയിര-മായിരങ്ങൾ
കണ്ണീരിൻ താഴ്‌വരയിൽ, നിന്നിതാ കേഴുന്നമ്മേ.

കേൾക്കണേ രോദനങ്ങൾ, നല്കണേ നൽവരങ്ങൾ
നിൻ ദിവ്യ സൂനുവിങ്കൽ, ചേർക്കണേ മക്കളേ നീ.

-oOo-

ക്നാനായക്കാരുടെ ഒത്തുകല്യാണം

(വധൂവരന്മാരും ഇരുഭാഗത്തുനിന്നുമുള്ള കാരണവന്മാരും അൾത്താരയ്ക്കു സമീപം വന്നുനില്ക്കുന്നു. കാർമ്മികൻ താഴെക്കാണുന്നതോ തത്തുല്യമോ ആയ ആമുഖം പറയുന്നു).

കാർമ്മി: ഇന്നു നമുക്കൊരു സുദിനമാണ്. സ്നേഹം പങ്കുവച്ച്, പരസ്പരം ഒന്നുചേർന്ന്, ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കാളികളാകുവാനുള്ള അവിടുത്തെ ക്ഷണം സ്വീകരിച്ച്, ഈ യുവതീയുവാക്കൾ ഇപ്പോൾ വിവാഹവാഗ്ദാനം നടത്തുവാൻ പോവുകയാണ്. ഇവരുടെ ആശകളും പ്രത്യാശകളും സഫലമാകുന്നതിനും ഈ വിവാഹവാഗ്ദാനം അഭംഗുരം പാലിക്കപ്പെടുന്നതിനും വേണ്ടി ഈ മംഗളകർമ്മം മാർത്തോമ്മായെ അനുസ്മരിച്ചുകൊണ്ട് നമുക്ക് ആരംഭിക്കാം.

(കാർമ്മികനും സമൂഹവും ഒരുമിച്ച്)

മാർത്തോമ്മൻ നന്മയാലൊന്നു തുടങ്ങുന്നു, നന്നായ് വരണമേ ഇന്ന്.
ഉത്തമനായ മിശിഹാ തിരുവുള്ളം, ഉണ്മെ എഴുന്നള്ക വേണം.

കാരണമായവരെല്ലാരും കൂടീട്ട്, നന്മ വരുത്തിത്തരേണം.
ആലാഹാനായനും അമ്പൻ മിശിഹായും, കൂടെ തുണയ്ക്കയിവർക്ക്.

കാർമ്മി: അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

സമൂഹം: ആമ്മേൻ.

കാർമ്മി: ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും.

സമൂഹം: ആമ്മേൻ.

കാർമ്മി: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, *(സമൂഹവും ചേർന്ന്)* അങ്ങയുടെ നാമം പൂജിതമാകണമേ / അങ്ങയുടെ രാജ്യം വരണമേ / അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലേപ്പോലെ ഭൂമിയിലുമാകണമേ. ഞങ്ങൾക്ക് ആവശ്യമായ ആഹാരം / ഇന്നു ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ / ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമേ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. ദുഷ്ടാത്രുപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ. എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്ത്വവും എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ മഹത്വത്താൽ / സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. / മാലാഖമാരും മനുഷ്യരും / അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് ഉദ്ഘോഷിക്കുന്നു.

ശുശ്രൂഷി: നമുക്കു പ്രാർഥിക്കാം. സമാധാനം നമ്മോടുകൂടെ.

കാർമ്മി: അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവമേ, അങ്ങയെ ഞങ്ങൾ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ അവിടുന്നു അബ്രാഹം തുടങ്ങിയ പൂർവ്വപിതാക്കന്മാരുടെ ദാമ്പത്യ ജീവിതത്തെ അനുഗ്രഹിക്കുകയും സഫലീകരിക്കുകയും ചെയ്തു. ഇപ്പോൾ വിവാഹവാഗ്ദാനം ചെയ്യുന്ന ഈ യുവതിയേയും യുവാവിനേയും കാരുണ്യപൂർവ്വം കടാക്ഷിക്കണമെ. ഇവരുടെ ജീവിതത്തിലേക്ക് അവിടുത്തെ സ്നേഹത്തിന്റെ മുന്തിരിച്ചാറു പകരണമെ. ഹൃദയങ്ങളെ പരിശോധിക്കുന്നവനായ കർത്താവേ, ഈ യുവതീയുവാക്കളുടെ അന്തർഗതം അവിടുന്ന് അറിയുന്നുവല്ലോ. ഇവരുടെ അന്തരംഗങ്ങളിലേക്ക് അവിടുത്തെ അരൂപിയെ അയച്ച് സ്ഥൈര്യം പകരണമെ. ഹൃദയപൂർവ്വം നിഷ്കളങ്കമായി അങ്ങിൽ ആശ്രയിച്ച് വിവാഹസമ്മതം നടത്താൻ ഈ ദാസർ പ്രാപ്തരായി ഭവിക്കട്ടെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം: ആമ്മേൻ.

കാർമ്മി: അങ്ങു ഞങ്ങൾക്കു നല്കിയിട്ടുള്ളതും ഞങ്ങളുടെ കൃതജ്ഞതക്കു അതീതവുമായ അങ്ങയുടെ സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കുമായി സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞു മുടിചൂടി നിൽക്കുന്ന സഭയിൽ ഞങ്ങൾ അങ്ങയെ സ്തുതിക്കുകയും മഹത്ത്വപ്പെടുത്തുകയും ചെയ്യുന്നു. സകലത്തിന്റെയും നാഥാ എന്നേക്കും.

സമൂഹം: ആമ്മേൻ.

സർവ്വാധിപനാം കർത്താവേ, നിന്നെ വണങ്ങി നമിക്കുന്നു
ഈശോ നാഥാ വിനയമോടെ, നിന്നെ നമിച്ചു പുകഴ്ത്തുന്നു.

മർത്ത്യനു നിത്യമഹോന്നതമാം, ഉത്ഥാനം നീ അരുളുന്നു
അക്ഷയമവനുടെ ആത്മാവിൻ, ഉത്തമരക്ഷയുമേകുന്നു.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമ്മി: എന്റെ കർത്താവേ നീ സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയർപ്പിക്കുന്നവനും ആത്മാക്കളെ രക്ഷിക്കുന്നവനും ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. ഞങ്ങൾ എപ്പോഴും നിനക്കു സ്തുതിയും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുവാൻ കടപ്പെട്ടവരാകുന്നു സകലത്തിന്റെയും നാഥാ എന്നേക്കും.

സമൂഹം: ആമ്മേൻ.

ത്രൈശുദ്ധ കീർത്തനം

ശബ്ദമുയർത്തിപ്പാടിടുവിൻ, സർവ്വരുമൊന്നായ്പ്പാടിടുവിൻ
എന്നെന്നും ജീവിക്കും, സർവ്വേശ്വരനെ വാഴ്ത്തിടുവിൻ.

പരിപാവനനാം സർവ്വേശാ, പരിപാവനനാം ബലവാനേ
പരിപാവനനാം അമർത്യനേ, നിൻകൃപ ഞങ്ങൾക്കേകണമേ.

വിശുദ്ധ ഗ്രന്ഥവായന

കാർമ്മി: തോബിത്ത് തന്റെ പുത്രനായ തോബിയാസ് വിവാഹ സന്നദ്ധനായി പുറപ്പെടുന്ന വേളയിൽ നല്കിയ ഉപദേശങ്ങളും നിർദ്ദേശങ്ങളും ഈ സമൂഹത്തിനും പ്രതിശ്രുതവരനും വധുവിനും മാർഗ്ഗരേഖകളായിത്തീരട്ടെ.

ശുശ്രൂഷി: തോബിത്തിന്റെ പുസ്തകത്തിൽനിന്നുള്ള വായന. (4:12-13)
(പകരം വായിക്കാവുന്നത് ഹെബ്രായർ 8:7-10)
(കാർമ്മികനുനേരെ തിരിഞ്ഞ്) ഗുരോ ആശീർവ്വദിക്കണമേ.

കാർമ്മി: മിശിഹാ + നിന്നെ അനുഗ്രഹിക്കട്ടെ.

(ജനങ്ങൾക്കു നേരെ തിരിഞ്ഞു വായിക്കുന്നു).

(വായന കഴിയുമ്പോൾ)

സമൂഹം: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

കാർമ്മി: നല്ലവനായ കർത്താവേ, ഞങ്ങളുടെ പൂർവ്വികന്മാരിൽ അങ്ങയുടെ പരിപാലനയെ ഞങ്ങൾ വാഴ്ത്തുന്നു. കാരണവന്മാരോടുള്ള ഭക്തിയിൽ ഞങ്ങളെ വളർത്തണമെ. ഞങ്ങളുടെ പിതാക്കന്മാരോടൊത്തുണ്ടായിരുന്നതുപോലെ അവിടുത്തെ കൃപ ഇന്നും എന്നും ഞങ്ങളെ വഴി നടത്തട്ടെ.

സമൂഹം: കർത്താവേ ഞങ്ങൾ അങ്ങയുടെ ജനവും അങ്ങു ഞങ്ങളുടെ ദൈവവുമാകുന്നു. ഞങ്ങളുടെ പ്രാർത്ഥന അവിടുന്നു ചെവിക്കൊള്ളണമെ.

ഹല്ലേലൂയ്യാ ഗീതം

ഹല്ലേലൂയ്യ പാടീടുന്നേൻ, ഹല്ലേലൂയ്യ ഹല്ലേലൂയ്യ.
നല്ലോരാശയമെൻ മനതാരിൽ, വന്നു നിറഞ്ഞു തുളുമ്പീടുന്നു.
രാജാവിൻ തിരുമുമ്പിൽ കീർത്തന, മധുവായ് ഞാനതൊഴുക്കീടട്ടെ.
ഏറ്റമനുഗ്രഹ പൂരിതനാംകവിതൻ, തൂലികപോലെൻ നാവിപ്പോൾ.
താതനുമതുപോൽ സുതനും, പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.
ആദിമുതൽക്കേയിന്നും നിത്യവു, മായി ഭവിച്ചീടട്ടെ ആമ്മേൻ.
ഹല്ലേലൂയ്യ പാടീടുന്നേൻ, ഹല്ലേലൂയ്യ ഹല്ലേലൂയ്യ.

ശുശ്രൂഷി: നമുക്കു ശ്രദ്ധാപൂർവ്വംനിന്ന് പരിശുദ്ധ സുവിശേഷം ശ്രവിക്കാം.

കാർമ്മി: സമാധാനം + നിങ്ങളോടുകൂടെ.

സമൂഹം: അങ്ങയോടും അങ്ങയുടെ ആത്മാവോടുംകൂടെ.

കാർമ്മി: വിശുദ്ധ മത്തായി അറിയിച്ച നമ്മുടെ കർത്താവീശോ മിശിഹായുടെ പരിശുദ്ധ സുവിശേഷം. (1:18-25)

സമൂഹം: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

(സുവിശേഷ വായന കഴിയുമ്പോൾ)

സമൂഹം: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

കാറോസൂസാ

ശുശ്രൂഷി: നമുക്കെല്ലാവർക്കും ഭക്തിയോടും ശ്രദ്ധയോടുംകൂടെ നിന്ന് "കർത്താവേ, ഞങ്ങളോടു കൃപചെയ്യണമേ" എന്നു പ്രാർത്ഥിക്കാം.

സമൂഹം: കർത്താവേ, ഞങ്ങളോടു കൃപചെയ്യണമേ. *(ആവർത്തിക്കുന്നു)*

ശുശ്രൂഷി: ഈ മംഗളകർമ്മത്തിനു ഇവിടെ സന്നിഹിതരായിരിക്കുന്ന ..... നേയും .... നേയും ദൈവിക നന്മകൾ നല്കി അനുഗ്രഹിക്കണമേ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: ഇവർ ചെയ്യുന്ന വാഗ്ദാനം വേണ്ടവിധം പൂർത്തിയാക്കുവാൻ ദൈവത്തിന്റെ സംരക്ഷണം ഇവർക്ക് സദാ ഉണ്ടാകണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: ഇന്നു പരസ്പരം ബന്ധം ആരംഭിക്കുന്ന രണ്ടു കുടുംബങ്ങൾ സ്നേഹത്തിലും ഐക്യത്തിലും വളരുവാൻ ഇടയാക്കണമേ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: ഇവിടെ സന്നിഹിതരാവുകയും നിന്റെ ഈ ദാസർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്ന എല്ലാവരുടെമേലും കൃപ ചൊരിയണമേ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കാർമ്മി: കർത്താവേ, ശക്തനായ ദൈവമേ, ബലഹീനരെ ശക്തിപ്പെടുത്തുന്നവനേ, നിന്റെ ദാസർ ചെയ്യുന്ന വിവാഹ വാഗ്ദാനം നിർവിഘ്നം പൂർത്തിയാക്കാനുള്ള മനസ്സും സന്നദ്ധതയും നല്കി ഇവരെ അനുഗ്രഹിക്കണമേ, നിത്യനായ സർവ്വേശ്വരാ.

സമൂഹം: ആമ്മേൻ.

കാർമ്മി: *(വരനോട്) ..... (പേര്)* മിശിഹായുടെ നിയമവും തിരുസ്സഭയുടെ നടപടികളുമനുസ്സരിച്ച് ഈ ..... *(പേര്)* നെ ഭാര്യയായി സ്വീകരിച്ചുകൊള്ളാമെന്ന് നീ വാഗ്ദാനം ചെയ്യുന്നുവോ?

വരൻ: വാഗ്ദാനം ചെയ്യുന്നു.

കാർമ്മി: *(വധുവിനോട്) ..... (പേര്)* മിശിഹായുടെ നിയമവും തിരുസ്സഭയുടെ നടപടികളുമനുസ്സരിച്ച് ഈ (*പേര്*) ..... യെ നിന്റെ ഭർത്താവായി സ്വീകരിച്ചു കൊള്ളാമെന്ന് നീ വാഗ്ദാനം ചെയ്യുന്നുവോ?

വധു: വാഗ്ദാനം ചെയ്യുന്നു.

കാർമ്മി: നിങ്ങളുടെ ഈ ഉടമ്പടിക്ക് വാഗ്ദാനങ്ങളിൽ വിശ്വസ്തനായ ദൈവവും നിങ്ങളുടെ കാരണവന്മാരും ഇവിടെയുള്ള മറ്റെല്ലാവരും സാക്ഷികളാണ്. കർത്താവ് നിങ്ങളെ ആശീർവ്വദിക്കുകയും നിങ്ങൾ ചെയ്ത വാഗ്ദാനം പൂർത്തിയാക്കുവാൻ അനുഗ്രഹിക്കുകയും + ചെയ്യട്ടെ.

സമൂഹം: ആമ്മേൻ.

കാരണവന്മാർ വലതു കരങ്ങൾ പിടിക്കുമ്പോൾ

കാർമ്മി: ഉടമ്പടികൾ ചെയ്യുന്നവനും അവയെ വിശ്വസ്തതയോടെ പാലിക്കുന്നവനും പാലിക്കാൻ സഹായിക്കുന്നവനുമായ കർത്താവേ, നിന്റെ ദാസർ ചെയ്യുന്ന ഈ ഉടമ്പടിയെ നീ സ്ഥിരീകരിക്കണമെ. ഇപ്പോൾ ചെയ്ത വിവാഹ വാഗ്ദാനം പൂർത്തിയാക്കുവാൻ നിന്റെ ദാസരായ ..... നെയും ..... യും *(പേരുകൾ)* അവരുടെ കാരണവന്മാരായ ഇവരേയും കുടുംബാംഗങ്ങളേയും അനുഗ്രഹിക്കണമെ. അവിടുത്തെ സ്നേഹവും പരിരക്ഷണവും ഇവരുടെമേലും ഈ സമൂഹത്തിന്റെമേലും ഉണ്ടാകുമാറാകട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

സമൂഹം: ആമ്മേൻ.

-oOo-

വിവാഹം

(ഒരുക്കങ്ങൾ: സുവിശേഷഗ്രന്ഥം, നിലവിളക്ക്, തീപ്പെട്ടി, വിശുദ്ധ ജലം, താലി, മന്ത്രകോടി, മോതിരം, ജപമാല)

പ്രാരംഭ ഗീതം

ആദിയിലഖിലേശൻ, നരനേ സൃഷ്ടിച്ചു;
അവനൊരു സഖിയുണ്ടായ്; അവനൊരു തുണയുണ്ടായ്.
ആദിയിലഖിലേശൻ ...

വാനവർ സാക്ഷികളാം, പാവന മംഗല്യം
ആദേൻ വനികയിലേ, ആദിമ ദമ്പതിമാർ
ആദിയിലഖിലേശൻ ...

ഇരുമെയ്യല്ലവരീ, ധരമേലൊരുനാളും
ഏകശരീരം പോൽ, വാഴണെമന്നാളും.
ആദിയിലഖിലേശൻ ...

(ദിവ്യബലി ഉണ്ടെങ്കിൽ)

സ്നേഹത്തിന്റെ കല്പന (യോഹ. 13:34-35)

കാർമ്മി: അന്നാപെസഹാത്തിരുനാളിൽ, കർത്താവരുളിയ കല്പനപോൽ
തിരുനാമത്തിൽച്ചേർന്നീടാം, ഒരുമയോടിബലിയർപ്പിക്കാം.

സമൂഹം: അനുരഞ്ജിതരായ് തീർന്നീടാം, നവമൊരു പീഠമൊരുക്കീടാം
ഗുരുവിൻ സ്നേഹമൊടീയാഗം, തിരുമുമ്പാകെയണച്ചീടാം.

കാർമ്മി: അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

സമൂഹം: ആമ്മേൻ.

കാർമ്മി: ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും.

സമൂഹം: ആമ്മേൻ.

(പകരം ഗാനം)

കാർമ്മി: അത്യുന്നതമാം സ്വർല്ലോകത്തിൽ, സർവ്വേശനു സ്തുതിഗീതം.*(3)*

സമൂഹം: ഭൂമിയിലെങ്ങും മർത്യനു ശാന്തി, പ്രത്യാശയുമെന്നേക്കും. (3)

കാർമ്മി: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ***(സമൂഹവും ചേർന്ന്)*** അങ്ങയുടെ നാമം പൂജിതമാകണമെ / അങ്ങയുടെ രാജ്യം വരണമെ / അങ്ങയുടെ തിരുമനസ്സു സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമെ. ഞങ്ങൾക്കു ആവശ്യകമായ ആഹാരം / ഇന്നു ഞങ്ങൾക്കു തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ, ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതെ. ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമെ. എന്തുകൊണ്ടെന്നാൽ /രാജ്യവും ശക്തിയും മഹത്വവും എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ / അങ്ങയുടെ മഹത്വത്താൽ സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു / മാലാഖമാരും മനുഷ്യരും അങ്ങു പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്ന് ഉൽഘോഷിക്കുന്നു.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം; സമാധാനം നമ്മോടുകൂടെ.

കാർമ്മി: ഞങ്ങളുടെ കർത്താവായ ദൈവമേ, വിവാഹത്താൽ ബന്ധിതരായി ഹൃദയൈക്യത്തിൽ ജീവിക്കുവാൻ ഈ ദാസരെ അങ്ങു വിളിച്ചുവല്ലോ. സ്വർഗ്ഗിയ വരങ്ങളാൽ ഈ വധൂവരന്മാരെ സമ്പന്നരാക്കുകയും അങ്ങയുടെ കല്പനകൾ പാലിച്ച് മാതൃകാപരമായി ജീവിക്കുന്ന കുടുംബത്തിനു രൂപം നല്കുവാൻ ഇവരെ സഹായിക്കുകയും ചെയ്യണമേ. അങ്ങയുടെ മഹത്വത്തിനും മനുഷ്യകുലത്തിന്റെ നന്മയ്ക്കും വേണ്ടി ഈ കൂദാശ യോഗ്യതയോടെ പരികർമ്മം ചെയ്യുവാൻ ഞങ്ങളെ ശക്തരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

സമൂഹം: ആമ്മേൻ.

സങ്കീർത്തനം 45, 128

കാർമ്മി: എന്റെ പുത്രീ, ശ്രദ്ധിച്ചുകേൾക്കുക.
നിന്റെ ജനത്തെയും പിതൃഗൃഹത്തെയും നീ മറന്നുകളയുക.
(കാനോനാ) ഞങ്ങളുടെ രക്ഷകന്റെ മണവാട്ടിയായ സഭയെ,
നീ സന്തോഷിക്കുക. നിത്യനായ ദൈവം തന്റെ സ്നേഹംമൂലം
നിന്നെ തന്റെ മണവാട്ടിയായി തിരഞ്ഞെടുത്തു.

സമൂഹം: രാജപുത്രിയുടെ അഴകെല്ലാം ആന്തരികമാകുന്നു.
അവളുടെ മേലങ്കി പൊന്നുപൊതിഞ്ഞതാകുന്നു.

കാർമ്മി: വിലയേറിയ കാഴ്ചകളുമായി, രാജാവിനെ അവൾ സന്ദർശിക്കും.

സമൂഹം: തോഴികളായ കന്യകമാർ അവളെ അനുഗമിക്കും.

സമൂഹം: അവർ ഉല്ലാസഭരിതരായി, രാജകൊട്ടാരത്തിൽ പ്രവേശിക്കും. എല്ലാ തലമുറകളും അവിടുത്തെ നാമം അനുസ്മരിക്കും.

കാർമ്മി: നിന്റെ ഭാര്യ നിന്റെ ഭവനത്തിൽ,
വിളഞ്ഞുകിടക്കുന്ന മുന്തിരിവള്ളിയാകും.
നിന്റെ മക്കൾ മേശക്കു ചുറ്റും, സൈത്തു മുളകൾപോലേയുമായിരിക്കും.

സമൂഹം: കർത്താവിനെ ഭയപ്പെടുന്നവരെല്ലാം,
ഇപ്രകാരം അനുഗ്രഹീതരാകും. ജീവിതത്തിന്റെ ഓരോ ദിവസവും
കർത്താവ് സെഹിയോനിൽനിന്ന്, നിന്നെ അനുഗ്രഹിക്കുമാറാകട്ടെ.

കാർമ്മി: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

സമൂഹം: ആദിമുതൽ എന്നേക്കും ആമ്മേൻ.

കാർമ്മി: *(കാനോനാ)* ഞങ്ങളുടെ രക്ഷകന്റെ മണവാട്ടിയായ സഭയെ, നീ സന്തോഷിക്കുക. നിത്യനായ ദൈവം തന്റെ സ്നേഹം മൂലം നിന്നെ തന്റെ മണവാട്ടിയായി തിരഞ്ഞെടുത്തു.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ.

കാർമ്മി: ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങു നല്കിയിട്ടുള്ളതും എന്നാൽ കൃതജ്ഞത പ്രകാശിപ്പിക്കുവാൻ ഞങ്ങൾക്കു കഴിയാത്തതുമായ എല്ലാ സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കുമായി സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞ് മുടിച്ചൂടിനില്ക്കുന്ന സഭയിൽ ഞങ്ങൾ അങ്ങയെ നിരന്തരം സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യട്ടെ. അങ്ങു സകലത്തിന്റെയും നാഥനും സൃഷ്ടാവുമാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

സമൂഹം: ആമ്മേൻ.

(താഴെവരുന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ട് കാർമ്മികൻ നിലവിളക്കോ തിരിയോ കത്തിക്കുന്നു. തുടർന്ന് വധൂവരന്മാരും നിലവിളക്കു കത്തിക്കുന്നു. യൂണിറ്റി കാന്റിൽ കത്തോലിക്കാ പാരമ്പര്യമല്ലാത്തതിനാൽ സഭ അതിനെ നിരുത്സാഹപ്പെടുത്തുകയാണ്.)

കാർമ്മി: ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു, എന്നെ അനുഗമിക്കുന്നവർ അന്ധകാരത്തിൽ നടക്കുന്നില്ല എന്നരുളിച്ചെയ്ത മിശിഹാ നമുക്കു മാർഗദീപമായരിക്കട്ടെ.

(നിലവിളക്കു കത്തിച്ചശേഷം മദുബഹയുടെ വിരിനീക്കുന്നു. എല്ലാവരും അൾത്താരയിലേക്കു തിരിഞ്ഞ് ശിരസ്സു നമിക്കുന്നു)

ഗാനം: സർവ്വാധിപനാം കർത്താവേ / നിന്നെ വണങ്ങി നമിക്കുന്നു
ഈശോ നാഥാ വിനയമൊടെ / നിന്നെ നമിച്ചു പുകഴ്ത്തുന്നു.

മർത്യനു നിത്യമഹോന്നതമാ / മുത്ഥാനം നീയരുളുന്നു
അക്ഷയമവനുടെ ആത്മാവി / ന്നുത്തമരക്ഷയുമേകുന്നു.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ.

(കാർമ്മികൻ ജനങ്ങൾക്കുനേരെ തിരിഞ്ഞ്)

കാർമ്മി: എന്റെ കർത്താവേ നീ സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയർപ്പിക്കുന്നവനും ആത്മാക്കളെ രക്ഷിക്കുന്നവനും ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. ഞങ്ങൾ എപ്പോഴും നിനക്കു സ്തുതിയും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുവാൻ കടപ്പെട്ടവരാകുന്നു സകലത്തിന്റെയും നാഥാ എന്നേക്കും.

സമൂഹം: ആമ്മേൻ.

ഗാനം: ശബ്ദമുയർത്തിപ്പാടിടുവിൻ / സർവ്വരുമൊന്നായിപ്പാടിടുവിൻ
എന്നെന്നും ജീവിക്കും / സർവ്വേശ്വരനെ വാഴ്ത്തിടുവിൻ.

പരിപാവനനാം സർവ്വേശാ / പരിപാവനനാം ബലവാനേ
പരിപാവനനാം അമർത്യനേ / നിൻകൃപ ഞങ്ങൾക്കേകണമേ.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ.

കാർമ്മി: വിശുദ്ധരിൽ സംപ്രീതനായി വസിക്കുന്ന പരിശുദ്ധനും സ്തുത്യർഹനും ബലവാനും അമർത്യനുമായ കർത്താവേ, അങ്ങയുടെ സ്വഭാവത്തിനൊത്തവിധം എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും ഞങ്ങളോടു കരുണകാണിക്കുകയും ചെയ്യണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

പഴയ നിയമവായന

ശുശ്രൂഷി: സഹോദരരേ നിങ്ങൾ ഇരുന്നു ശ്രദ്ധയോടെ കേൾക്കുവിൻ.

വായിക്കുന്നയാൾ: ..... പുസ്തകത്തിൽ നിന്നുള്ള വായന.
(ഉല്പത്തി 1:26-28 / ഉല്പത്തി 2:18-24 / ഏശയ്യാ 61:10-11)

(കാർമ്മികനു നേരെ തിരിഞ്ഞ്) ഗുരോ ആശീർവ്വദിക്കണമേ.

കാർമ്മി: ദൈവം നിന്നെ + അനുഗ്രഹിക്കട്ടെ.

(വായന തീരുമ്പോൾ)

സമൂഹം: ദൈവമായ കർത്താവിനു സ്തുതി.

—— *ഐശ്വര്യകം* ——

ശുശ്രൂഷി: പ്രകീർത്തനം ആലപിക്കുവാനായി നിങ്ങൾ എഴുന്നേല്ക്കുവിൻ.

കാർമ്മി: അംബരമനവരതം, ദൈവമഹത്വത്തെ, വാഴ്ത്തിപ്പാടുന്നു.

സമൂഹം: ദിവ്യാത്മാവിൻ ഗീതികളാൽ, ഹല്ലേലൂയ്യാ ഗീതികളാൽ
കർത്താവിൻ തിരു നാമത്തിൻ, നിർമ്മലമാകുമനുസ്മരണം,
കൊണ്ടാടാം, ഇന്നീ വേദികയിൽ.

കാർമ്മി: തൻ മഹിമാവല്ലോ, വാനവിതാനങ്ങൾ, ഉദ്ഘോഷിക്കുന്നു.

സമൂഹം: ദിവ്യാത്മാവിൻ ഗീതികളാൽ ...

കാർമ്മി: പകലുകൾ പകലുകളോ, ടവിരതമവിടുത്തെ, പുകളുരചെയ്യുന്നു.

സമൂഹം: ദിവ്യാത്മാവിൻ ഗീതികളാൽ ...

കാർമ്മി: നിത്യപിതാവിനും, സുതനും റൂഹായ്ക്കും, സ്തുതിയുണ്ടാകട്ടെ.

സമൂഹം: ദിവ്യാത്മാവിൻ ഗീതികളാൽ ...

കാർമ്മി: ആദിയിലെപ്പോലെ ഇപ്പൊഴുമെപ്പോഴും എന്നേക്കും ആമ്മേൻ.

സമൂഹം: ദിവ്യാത്മാവിൻ ഗീതികളാൽ ...

—— *ഐശ്വര്യകം അവസാനിക്കുന്നു* ——

കാർമ്മി: ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ ജീവദായകവും ദൈവികവുമായ കല്പനകളുടെ മധുരസ്വരം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമെ. അതുവഴി ആത്മശരീരങ്ങൾക്കുപകരിക്കുന്ന സ്നേഹവും ശരണവും രക്ഷയും ഞങ്ങളിൽ ഫലമണിയുന്നതിനും നിരന്തരം ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നതിനും അങ്ങയുടെ കാരുണ്യത്താലും അനുഗ്രഹത്താലും ഞങ്ങളെ സഹായിക്കണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

ലേഖനം

(എഫേസോസ് 5:20-33 / 1പത്രോസ് 3:1-7)

വായിക്കുന്ന ആൾ: സഹോദരരേ, വിശുദ്ധ ..... ശ്ലീഹാ ..... എഴുതിയ ലേഖനം.

(കാർമ്മികനുനേരെ തിരിഞ്ഞ്) ഗുരോ ആശീർവ്വദിക്കണമേ.

കാർമ്മി: മിശിഹാ + നിന്നെ അനുഗ്രഹിക്കട്ടെ.

(ജനങ്ങൾക്കു നേരെ തിരിഞ്ഞു വായിക്കുന്നു).

(വായന കഴിയുമ്പോൾ)

സമൂഹം: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

ഹല്ലേലൂയ്യാ ഗീതം

ഹല്ലേലൂയ്യ പാടീടുന്നേൻ, ഹല്ലേലൂയ്യ ഹല്ലേലൂയ്യ.

നല്ലോരാശയമെൻ മനതാരിൽ, വന്നു നിറഞ്ഞു തുളുമ്പീടുന്നു.

രാജാവിൻ തിരുമുമ്പിൽ കീർത്തന, മധുവായ് ഞാനതൊഴുക്കീടട്ടെ.

ഏറ്റമനുഗ്രഹ പൂരിതനാംകവിതൻ, തൂലികപോലെൻ നാവിപ്പോൾ.

താതനുമതുപോൽ സുതനും, പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.

ആദിമുതൽക്കേയിന്നും നിത്യവു, മായി ഭവിച്ചീടട്ടെ ആമ്മേൻ.

ഹല്ലേലൂയ്യ പാടീടുന്നേൻ, ഹല്ലേലൂയ്യ ഹല്ലേലൂയ്യ.

ശുശ്രൂഷി: നമുക്കു ശ്രദ്ധാപൂർവ്വംനിന്ന് പരിശുദ്ധ സുവിശേഷം ശ്രവിക്കാം.

കാർമ്മി: സമാധാനം + നിങ്ങളോടുകൂടെ.

സമൂഹം: അങ്ങയോടും അങ്ങയുടെ ആത്മാവോടുംകൂടെ.

കാർമ്മി: വിശുദ്ധ ..... അറിയിച്ച നമ്മുടെ കർത്താവീശോ മിശിഹായുടെ പരിശുദ്ധ സുവിശേഷം.

(യോഹ. 2:1-11 / മത്തായി 19: 3-6 / മർക്കോസ് 10:2-9)

സമൂഹം: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

(സുവിശേഷ വായന കഴിയുമ്പോൾ)

സമൂഹം: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

പ്രസംഗം

കാറോസൂസ

ശുശ്രൂഷി: നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടുംകൂടെ, വിവാഹമെന്ന കൂദാശവഴി ബന്ധിതരാകുന്ന ഇവർക്കുവേണ്ടി

"കർത്താവേ ഈ ദമ്പതിമാരുടെമേൽ കൃപയുണ്ടാകണമേ" എന്നു പ്രാർത്ഥിക്കാം.

സമൂഹം: കർത്താവേ, ഈ ദമ്പതിമാരുടെമേൽ കൃപയുണ്ടാകണമേ.

ശുശ്രൂഷി: നിന്റെ മണവാട്ടിയായ സഭയ്ക്കുവേണ്ടി സ്വജീവൻ അർപ്പിച്ച സ്വർഗീയമണവാളാ, പരസ്പര സ്നേഹത്തിലും ഐക്യത്തിലും ത്യാഗ പൂർണ്ണമായ ജീവിതം നയിക്കുവാൻ,

ശുശ്രൂഷി: ദൈവവചനമാകുന്ന ആത്മീയ വിരുന്നിനായി സകലരേയും ക്ഷണിക്കുന്ന മിശിഹായേ, നിന്റെ പ്രമാണങ്ങൾ അനുസരിച്ച് മാതൃകാ പരമായ കുടുംബ ജീവിതം നയിച്ച് സ്വർഗീയവിരുന്നിൽ പങ്കുകാരാകു വാൻ,

ശുശ്രൂഷി: വിവാഹ ബന്ധത്തിന്റെ അഭേദ്യതയെപ്പറ്റി പഠിപ്പിച്ച മിശി ഹായേ, പരസ്പര വിശ്വസ്തതയോടും ചാരിത്ര്യ ശുദ്ധിയോടുംകൂടി സന്തോ ഷപ്രദമായ ദാമ്പത്യജീവിതം നയിക്കുവാൻ,

ശുശ്രൂഷി: കാനായിലെ കല്ല്യാണവിരുന്നിൽവച്ച് തന്റെ സാന്നിദ്ധ്യ ത്താൽ വധൂവരന്മാരെ അനുഗ്രഹിച്ച മിശിഹായേ, നിന്റെ സഹായത്തിൽ ആശ്രയിച്ചും ദിവ്യസാന്നിദ്ധ്യം അനുഭവിച്ചും പ്രാർത്ഥനാനിരതരായി ജീവിക്കുവാൻ,

ശുശ്രൂഷി: നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാ വിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

സമൂഹം: ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർ പ്പിക്കുന്നു.

കാർമ്മി: ഞങ്ങളുടെ കർത്താവായ ദൈവമേ, ഈ വധൂവരന്മാർ സന്തോ ഷത്തോടും പ്രതീക്ഷയോടുംകൂടി ആരംഭിക്കുന്ന കുടുംബജീവിതം വിജയ കരമായി നയിക്കുവാൻ ഇവരെ അനുഗ്രഹിക്കണമേ. അങ്ങയുടെ ശാന്തിയും സമാധാനവും ഇവരിൽ നിറയ്ക്കുകയും അങ്ങയുടെ ദാസർക്കു വാഗ്ദാനം ചെയ്തിരിക്കുന്ന നിത്യകിരിടം നേടുവാൻ ഇവരെ അർഹരാക്കു കയും ചെയ്യണമേ. അങ്ങയുടെ സ്നേഹത്തിൽ ഇവരെ വളർത്തിയ മാതാ പിതാക്കളെയും കുടുംബാംഗങ്ങളെയും ഈ തിരുക്കർമ്മത്തിൽ പങ്കെടു ക്കുന്ന ഞങ്ങളേവരേയും അനുഗ്രഹിക്കണമേ. പിതാവും പുത്രനും പരിശു ദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

സമൂഹം: ആമ്മേൻ

ശുശ്രൂഷി: പ്രിയ സഹോദരരേ, ഈ വധൂവരന്മാർ വിവാഹമെന്ന കൂദാശയാൽ ബന്ധിതരാകാൻ പോകുന്നു. ഈ കൂദാശ യോഗ്യതയോടെ പരികർമ്മം ചെയ്യുന്നതിന് പുരോഹിതൻ തനിക്കുവേണ്ടിത്തന്നെ പ്രാർത്ഥിക്കുവാൻ തുടങ്ങുന്നു. നമുക്കെല്ലാവർക്കും ഭക്തിയോടും ശ്രദ്ധയോടുംകൂടി മൗനമായി പ്രാർത്ഥിക്കാം.

കാർമ്മി: ആദിയിൽ പുരുഷന് ജീവിത സഖിയേ നല്കിയ ദൈവമേ, അങ്ങയുടെ അനന്ത പരിപാലനയെ ഞങ്ങൾ വാഴ്ത്തുന്നു. ഭാര്യഭർത്താക്കന്മാരാകാൻ ആഗ്രഹിക്കുന്ന ഇവരെ സ്നേഹത്തിൽ ബന്ധിപ്പിക്കുന്ന ഈ കൂദാശ യോഗ്യതയോടെ പരികർമ്മം ചെയ്യുവാൻ അങ്ങയുടെ ഈ ദാസനെ ശക്തനാക്കണമേ. അങ്ങയുടെ കൃപാവരം സമൃദ്ധമായി എന്നിൽ ചൊരിയണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

വിവാഹ ഉടമ്പടി

കാർമ്മി: *(വരന്റെ പേരുവിളിച്ച്) .....* മിശിഹായുടെ നിയമവും തിരുസഭയുടെ നടപടിയുമനുസരിച്ച് സ്വതന്ത്രമായ മനസ്സോടും പൂർണ്ണമായ സമ്മതത്തോടുംകൂടി *(വധുവിന്റെ പേര്) .....* യെ നിന്റെ ഭാര്യയായി സ്വീകരിക്കുന്നുവോ?

വരൻ: ഞാൻ സ്വീകരിക്കുന്നു.

കാർമ്മി: *(വധുവിന്റെ പേരുവിളിച്ച്) .....* മിശിഹായുടെ നിയമവും തിരുസഭയുടെ നടപടിയുമനുസരിച്ച് സ്വതന്ത്രമായ മനസ്സോടും പൂർണ്ണമായ സമ്മതത്തോടുംകൂടി *(വരന്റെ പേര്) .....* നെ നിന്റെ ഭർത്താവായി സ്വീകരിക്കുന്നുവോ?

വധു: ഞാൻ സ്വീകരിക്കുന്നു.

കാർമ്മി: *(സാക്ഷികളോട്)* നിങ്ങൾ ഈ വിവാഹ ഉടമ്പടിക്ക് സാക്ഷികളാണല്ലോ?

സാക്ഷികൾ: അതെ

കാർമ്മി: *(വധൂവർന്മാരോട്)* നിങ്ങൾ തമ്മിലുള്ള ഈ ഉടമ്പടിയുടെ അടയാളമായി പരസ്പരം വലത്തുകരം ചേർത്തുപിടിക്കുവിൻ.

(വധൂവരന്മാർ പരസ്പരം വലത്തുകരം ചേർത്തുപിടിക്കുമ്പോൾ കാർമ്മികൻ താഴെ വരുന്ന പ്രാർത്ഥന ചൊല്ലി ആശീർവ്വദിക്കുന്നു).

കാർമ്മി: അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവം നിങ്ങളോടുകൂടി ഉണ്ടായിരിക്കട്ടെ. സ്നേഹത്തോടും മനസ്സിന്റെ ഐക്യത്തോടുംകൂടി കുടുംബജീവിതം നയിക്കുവാൻ നമ്മുടെ കർത്താവായ ഈശോമിശിഹാ നിങ്ങളെ വിവാഹത്തിൽ ബന്ധിക്കുമാറാകട്ടെ. പിതാവിന്റെയും പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, എന്നേക്കും.

സമൂഹം: ആമ്മേൻ.

(ദമ്പതിമാർ ചേർത്തുപിടിച്ചിരിക്കുന്ന കൈകളിൽ കാർമ്മികൻ വിശുദ്ധജലം തളിക്കുന്നു).

താലി വെഞ്ചരിപ്പ്

കാർമ്മി: കുരിശുമരണംവഴി തിരുസഭയെ വധുവായി സ്വീകരിച്ച കർത്താവേ, വിശ്വാസത്തിലും സ്നേഹത്തിലും വധൂവരന്മാരെ ഒന്നിപ്പിക്കുന്ന ഈ താലി ദയാപൂർവ്വം + ആശീർവ്വദിക്കേണമേ. ഐക്യത്തിന്റെ പ്രതീകമായ ഈ താലി അഭേദ്യമായ സ്നേഹത്തിലും പൂർണമായ വിശ്വസ്തതയിലും ഇവരെ ബന്ധിക്കുമാറാകട്ടെ. ജീവിതത്തിലുണ്ടാകുന്ന ക്ലേശങ്ങൾ സന്തോഷപൂർവ്വം സഹിക്കുവാനും, നിന്റെ ഇഷ്ടമനുസരിച്ച് പരിശുദ്ധരായി ജീവിക്കുവാനും, ഇതിൽ മുദ്രിതമായിരിക്കുന്ന കുരിശ് ഇവർക്ക് ശക്തി നല്കട്ടെ. ഇത് ഇവരുടെ വിശ്വസ്തതയുടെ അടയാളമായിരിക്കുകയും ചെയ്യട്ടെ.

സമൂഹം: ആമ്മേൻ.

(കാർമ്മികൻ താലിയിൽ വിശുദ്ധജലം തളിക്കുന്നു).

മോതിരം വെഞ്ചരിപ്പ്

കാർമ്മി: കർത്താവായ ദൈവമേ, ഈ ദമ്പതിമാരുടെ സ്നേഹത്തിന്റെയും വിശ്വസ്തതയുടെയും അടയാളമായി ഇവർ പരസ്പരം അണിയിക്കുന്ന ഈ മോതിരങ്ങൾ + ആശീർവ്വദിക്കണമേ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

(കാർമ്മികൻ മോതിരങ്ങളിൽ വിശുദ്ധജലം തളിക്കുന്നു).

മന്ത്രകോടി വെഞ്ചരിപ്പ്

കാർമ്മി: കൃപാവരത്തിന്റെ അനശ്വരവസ്ത്രത്താൽ മനുഷ്യാത്മാവിനെ അലങ്കരിക്കുന്ന കാരുണ്യവാനായ കർത്താവേ, ഈ മന്ത്രകോടി + ആശിർവ്വദിക്കണമേ. പൂർണമായ ആത്മസമർപ്പണവും പരസ്പര

സ്നേഹവുംവഴി നിന്നെ ധരിക്കുവാൻ ഈ ദമ്പതിമാരെ അനുഗ്രഹിക്കണമേ. നിന്റെ മണവാട്ടിയായ പരിശുദ്ധസഭയെ മഹത്ത്വത്തിന്റെ വസ്ത്രം ധരിപ്പിച്ച കർത്താവേ, ലോകത്തിൽ നിഷ്കളങ്കരായി ജീവിച്ച്, സ്വർഗ്ഗത്തിൽ മഹത്ത്വത്തിന്റെ വസ്ത്രമണിയുവാൻ ഇവരെ യോഗ്യരാക്കുകയും ചെയ്യണമേ.

സമൂഹം: ആമ്മേൻ.

കാർമ്മികൻ മന്ത്രകോടിയിൽ വിശുദ്ധജലം തളിക്കുന്നു. മന്ത്രം (പ്രാർഥന) ചൊല്ലിയ കോടിപുടവ എന്നതിന്റെ ചുരുക്കപ്പേരാണ് മന്ത്രകോടി. ***താലി*** *വരനെ ഏല്പിക്കുന്നു. വരൻ അതു വധുവിന്റെ കഴുത്തിൽ കെട്ടുന്നു. നവദമ്പതിമാർ പരസ്പരം* ***മോതിരം*** *അണിയിക്കുന്നു.* ***ജപമാല*** *കാർമ്മികൻ രണ്ടുപേർക്കും നല്കുന്നു. കാർമ്മികൻ* ***മന്ത്രകോടി*** *വരനെ ഏല്പിക്കുന്നു. വരൻ അത് വധുവിന്റെ ശിരസ്സിൽ അണിയിക്കുന്നു. തലി കെട്ടുമ്പോൾ താഴെക്കാണുന്ന ഗാനം ആലപിക്കുന്നു).*

ഗാനം

പുതിയ കുടുംബത്തിൻ, കതിരുകളുയരുന്നു.
തിരുസഭ വിജയത്തിൽ, തൊടുകുറിയണിയുന്നു.
പുതിയ കുടുംബ ...

അവനിയിലുന്നതമാം, അംബര വീഥികളും
ഏദേൻ വനികയിലെ, ആദിമ ദമ്പതിമാർ
പുതിയ കുടുംബ ...

നവദമ്പതിമാരേ, ഭാവുകമരുളുന്നു
മഞ്ജുളവാണികളാൽ, മംഗളമണിയുന്നു.
പുതിയ കുടുംബ ...

(നവദമ്പതിമാർ സുവിശേഷഗ്രന്ഥത്തിൽ വലത്തുകൈവച്ച്, കാർമ്മികൻ ചോല്ലിക്കൊടുക്കുന്ന പ്രതിജ്ഞാവാചകം ഏറ്റുചൊല്ലുന്നു).

ഇന്നു മുതൽ മരണംവരെ / സന്തോഷത്തിലും ദുഃഖത്തിലും / സമ്പത്തിലും ദാരിദ്ര്യത്തിലും / ആരോഗ്യത്തിലും അനാരോഗ്യത്തിലും / പരസ്പരസ്നേഹത്തോടും വിശ്വസ്തതയോടുംകൂടി / ഏകമനസ്സോടെ ജീവിച്ചുകൊള്ളാമെന്ന് / ഈ വിശുദ്ധ സുവിശേഷം സാക്ഷിയാക്കി / ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു. / വാഗ്ദാനമനുസരിച്ച് ജീവിക്കുവാൻ / സർവ്വശക്തനായ ദൈവം / ഞങ്ങളെ സഹായിക്കട്ടെ.

<u>ശുശ്രൂഷി</u>: സഹോദരരേ, നിങ്ങൾ തലകുനിച്ച് ആശീർവ്വാദം സ്വീകരിക്കുവിൻ.

(നവദമ്പതിമാർ തലകുനിച്ച് ആശീർവ്വാദം സ്വീകരിക്കുന്നു).

കാർമ്മി: *(വലത്തുകരം ദമ്പതിമാരുടെ ശിരസ്സിനുമീതേ നീട്ടി കമ്മ്ഴി പ്പിടിച്ചുകൊണ്ട്)* സർവ്വശക്തനായ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ആന്തരിക സൗന്ദര്യത്താലും പരിശുദ്ധാത്മാവിന്റെ വരങ്ങളാലും അവി ടുന്ന് നിങ്ങളെ സമ്പന്നരാക്കട്ടെ. തിരുസഭയുടെ ശിരസ്സായ മിശിഹാ എപ്പോഴും നിങ്ങളുടെ ഭരണകർത്താവും സംരക്ഷകനുമായിരിക്കട്ടെ. ജീവിതത്തിലെ എല്ലാ പ്രവർത്തനങ്ങളിലും അവിടുന്നു നിങ്ങൾക്കു തുണ യായിരിക്കട്ടെ. മാനസികവും ശാരീരികവുമായ ആരോഗ്യവും ഭൗതിക മായ സുസ്ഥിതിയും അവിടുന്നു നിങ്ങളിൽ ചൊരിയട്ടെ. ദൈവം നിങ്ങൾക്കു നല്കുന്ന മക്കളെ സന്തോഷപൂർവ്വം സ്വീകരിക്കുന്നതിനും അവരെ വിശുദ്ധിയുടെ മാർഗത്തിൽ നയിക്കുന്നതിനും അവിടുന്നു നിങ്ങളെ സഹായിക്കട്ടെ. അവിടുത്തേക്കു സ്തുതിയും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുവാൻ നിങ്ങളെ അവിടുന്ന് യോഗ്യരാക്കുകയും ചെയ്യട്ടെ.

സമൂഹം: ആമ്മേൻ.

(കാഴ്ചവയ്പിന്റെ ഗാനത്തോടെ കുർബാന തുടരുന്നു).

കർത്താവിൽ ഞാൻ ദൃഢമായി ശരണപ്പെട്ടു.

മിശിഹാ കർത്താവിൻ, തിരുമെയ് നിണവുമിതാ
പാവന ബലിപീഠേ, സ്നേഹഭയങ്ങളൊടണയുകനാ
മഖിലരുമൊന്നായ് സന്നിധിയിൽ
വാനവ നിരയൊടു ചേർന്നേവം, പാടാം ദൈവം പരിശുദ്ധൻ
പരിശുദ്ധൻ, നിത്യം പരിശുദ്ധൻ.

ദരിദ്രർ ഭക്ഷിച്ചു തൃപ്തരാകും

മിശിഹാ കർത്താവിൻ ...

കാർമ്മി: *(കാർമ്മികൻ കൈ കഴുകുമ്പോൾ)* സകലത്തിന്റെയും നാഥ നായ ദൈവം തന്റെ കൃപാസമുദ്രത്തിൽ നമ്മുടെ കടങ്ങളുടേയും പാപ ങ്ങളുടേയും കറ കഴുകിക്കളയട്ടെ.

(കൈകൾ തുടയ്ക്കുമ്പോൾ) കർത്താവു തന്റെ കൃപയാലും അനുഗ്രഹ ത്താലും നമ്മുടെ പാപങ്ങളുടെ മാലിന്യം തുടച്ചു നീക്കുകയും ചെയ്യട്ടെ.

കാർമ്മി: അങ്ങയുടെ ആരാധ്യമായ ത്രീത്വത്തെ എപ്പോഴും എന്നേ ക്കും ഞങ്ങൾ സ്തുതിക്കും.

സമൂഹം: ആമ്മേൻ.

കാർമ്മി: നമ്മുടെ രക്ഷയ്ക്കുവേണ്ടി / ***(സമൂഹവും ചേർന്ന്)*** തന്നെത്തന്നെ ബലിയർപ്പിക്കുകയും / തന്റെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും / സംസ്കാരത്തിന്റെയും ഉത്ഥാനത്തിന്റെയും / ഓർമ്മ ആചരിക്കുവാൻ / കല്പിക്കുകയും ചെയ്ത മിശിഹാ / തന്റെ കൃപയാലും അനുഗ്രഹത്താലും / ഈ കുർബ്ബാന നമ്മുടെ കരങ്ങളിൽനിന്നു സ്വീകരിക്കുമാറാകട്ടെ.

സമൂഹം: ആമ്മേൻ.

കാർമ്മി: ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ കല്പനയനുസരിച്ച് *(പീലാസകൊണ്ടു കാസയിൽ മൂന്നു പ്രാവശ്യം മുട്ടുന്നു.)* മിശിഹായുടെ സ്വർഗ്ഗത്തിൽനിന്നുള്ള മഹത്വപൂർണ്ണമായ രണ്ടാമത്തെ ആഗമനംവരെ അവിടുത്തെ വിശുദ്ധ ബലിപീഠത്തിന്മേൽ സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങൾ സജ്ജീകരിക്കപ്പെടുന്നു. അവിടുത്തേയ്ക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും ഉണ്ടായിരിക്കട്ടെ ഇപ്പോഴും എപ്പോഴും എന്നേക്കും.

സമൂഹം: ആമ്മേൻ

(ബലിവസ്തുക്കൾ ശോശപ്പക്കൊണ്ടു മൂടുന്നു).

(കാർമ്മികൻ ബേമ്മയിൽ വന്ന് ജനങ്ങളുടെ നേരെ തിരിഞ്ഞ്).

കാർമ്മി: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ദൈവമാതാവായ കന്യകാമറിയത്തിന്റെയും നീതിമാനായ മാർ യൗസേപ്പിന്റെയും സ്മരണ വിശുദ്ധ ബലിപീഠത്തിങ്കൽ ഉണ്ടാകട്ടെ.

സമൂഹം: ആദിമുതൽ എന്നേക്കും ആമ്മേൻ. ദൈവപുത്രന്റെ ശ്ലീഹന്മാരെ / ഏകജാതന്റെ സ്നേഹിതരെ / ലോകത്തിൽ സമാധാനമുണ്ടാകുവാൻ വേണ്ടി പ്രാർത്ഥിക്കുവിൻ.

കാർമ്മി: ദൈവജനമെല്ലാം ആമ്മേൻ, ആമ്മേൻ, എന്ന് ഉദ്ഘോഷിക്കട്ടെ. വിജയം വരിച്ച നീതിമാന്മാരുടെയും, മകുടം ചൂടിയ രക്തസാക്ഷികളുടെയും സ്മരണയോടുകൂടെ, നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ ഓർമ്മ വിശുദ്ധ ബലിപീഠത്തിങ്കൽ ഉണ്ടാകട്ടെ.

സമൂഹം: ബലവാനായ കർത്താവു നമ്മോടുകൂടെ / നമ്മുടെ രാജാവു നമ്മോടുകൂടെ / നമ്മുടെ ദൈവം നമ്മോടുകൂടെ / യാക്കോബിന്റെ ദൈവം നമ്മുടെ സഹായിയും.

കാർമ്മി: ചെറിയവരും വലിയവരും നിന്റെ സ്തുത്യർഹമായ ഉത്ഥാനം വഴി നീ മഹത്വത്തോടെ ഉയർപ്പിക്കുമെന്ന പ്രതീക്ഷയിൽ മരിച്ചവരെല്ലാവരും നിദ്ര ചെയ്യുന്നു.

സമൂഹം: അവിടുത്തെ സന്നിധിയിൽ നിങ്ങളുടെ ഹൃദയങ്ങൾ തുറക്കുവിൻ. ഉപവാസവും പ്രാർത്ഥനയും അനുതാപവുംവഴി / മിശിഹായേയും അവിടുത്തെ പിതാവിനേയും / പരിശുദ്ധാത്മാവിനേയും നമുക്കു പ്രസാദിപ്പിക്കാം.

പകരം അനുസ്മരണ ഗീതം

കാർമ്മി: താതനുമതുപോലാത്മജനും ദിവ്യ, റൂഹാക്കും സ്തുതിയെന്നും
ദൈവാംബികയേയും, മാർ യൗസേപ്പിനെയും,
സാദരമോർത്തീടാം, പാവനമീബലിയിൽ.

സമൂഹം: ആദിയിലേപ്പോൽ, എന്നന്നേക്കും ആമ്മേനാമ്മേൻ
സുതനുടെ പ്രേഷിതരേ, ഏകജ സ്നേഹിതരേ
ശാന്തി ലഭിച്ചിടുവാൻ, നിങ്ങൾ പ്രാർത്ഥിപ്പിൻ.

കാർമ്മി: സർവ്വരുമൊന്നായ് പാടീടട്ടെ, ആമ്മേനാമ്മേൻ
മാർത്തോമ്മായേയും, നിണസാക്ഷികളേയും
സൽക്കർമ്മികളേയും, ബലിയിതിലോർത്തീടാം.

സമൂഹം: നമ്മുടെ കൂടെ ബലവാനാകും, കർത്താവെന്നന്നേക്കും
രാജാവാം ദൈവം, നമ്മോടൊത്തെന്നും
യാക്കോബിൻ ദൈവം, നമ്മുടെ തുണയെന്നും.

കാർമ്മി: ചെറിയവരെല്ലാം വലിയവരൊപ്പം, കാത്തുവസിക്കുന്നു
മൃതരെല്ലാരും നിൻ, മഹിതോത്ഥാനത്തിൽ
ശരണം തേടുന്നു, ഉത്ഥിതരായിടുവാൻ.

സമൂഹം:
തിരുസ്സന്നിധിയിൽ ഹൃദയഗതങ്ങൾ, ചൊരിയുവിനെന്നന്നേക്കും
നോമ്പും പ്രാർത്ഥനയും, പശ്ചാത്താപവുമായി
ത്രീത്വത്തെ മോദാൽ, നിത്യം വാഴ്ത്തീടാം.

മദ്ബഹാ പ്രവേശനം

(കാർമ്മികൻ മദ്ബഹായിലേക്കു തിരിഞ്ഞ് കുനിഞ്ഞ് താഴ്ന്ന സ്വരത്തിൽ)

കാർമ്മി: കർത്താവായ ദൈവമേ, കഴുകി ശുദ്ധമാക്കപ്പെട്ട ഹൃദയത്തോടും വെടിപ്പാക്കപ്പെട്ട മനസ്സാക്ഷിയോടും കൂടെ അതിവിശുദ്ധ

സ്ഥലത്തു പ്രവേശിച്ച് ഭക്തിയോടും ശ്രദ്ധയോടും വിശുദ്ധിയോടും കൂടെ അങ്ങയുടെ ബലിപീഠത്തിനു മുമ്പാകെ നില്ക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. ആദ്ധ്യാത്മികവും മാനുഷികവുമായ ബലികൾ യഥാർത്ഥ വിശ്വാസത്തോടെ അങ്ങേക്കർപ്പിക്കുവാൻ ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യേണമേ.

(എല്ലാവരും എഴുന്നേറ്റു നില്ക്കുന്നു. കാർമ്മികൻ കൈകൾ വിരിച്ചു പിടിച്ച് ഉയർന്ന സ്വരത്തിൽ ചൊല്ലുന്നു).

വിശ്വാസ പ്രമാണം

കാർമ്മി: സർവ്വശക്തനും പിതാവുമായ ഏക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. *(സമൂഹവും ചേർന്നു തുടരുന്നു).* ദൃശ്യവും അദൃശ്യവുമായ / സകലത്തിന്റെയും സ്രഷ്ടാവിൽ ഞങ്ങൾ വിശ്വസിക്കുന്നു. ദൈവത്തിന്റെ ഏക പുത്രനും / സകല സൃഷ്ടികൾക്കും മുമ്പുള്ള ആദ്യ ജാതനും / യുഗങ്ങൾക്കെല്ലാം മുമ്പു പിതാവിൽ നിന്നു ജനിച്ചവനും / എന്നാൽ സൃഷ്ടിക്കപ്പെടാത്തവനും / ഏക കർത്താവുമായ / ഈശോമിശിഹായിൽ ഞങ്ങൾ വിശ്വസിക്കുന്നു. അവിടുന്നു സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും / പിതാവിനോടുകൂടെ ഏകസത്തയുമാകുന്നു. അവിടുന്നു വഴി / പ്രപഞ്ചം സംവിധാനം ചെയ്യപ്പെടുകയും / എല്ലാം സൃഷ്ടിക്കപ്പെടുകയും ചെയ്തു. മനുഷ്യരായ നമുക്കുവേണ്ടിയും / നമ്മുടെ രക്ഷയ്ക്കുവേണ്ടിയും / അവിടുന്നു സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങി / പരിശുദ്ധാത്മാവിനാൽ / കന്യകാമറിയത്തിൽ നിന്നു ശരീരം സ്വീകരിച്ച് / മനുഷ്യനായി പിറന്നു. പന്തിയോസ് പീലാത്തോസിന്റെ കാലത്തു പീഡകൾ സഹിക്കുകയും / സ്ലീവായിൽ തറക്കപ്പെട്ടു മരിക്കയും / സംസ്കരിക്കപ്പെടുകയും / എഴുതപ്പെട്ടിരിക്കുന്നതു പോലെ / മൂന്നാം ദിവസം ഉയർത്തെഴുന്നേൽക്കുകയും ചെയ്തു. അവിടുന്നു സ്വർഗ്ഗത്തിലേക്കെഴുന്നള്ളി / പിതാവിന്റെ വലതുഭാഗത്തിരിക്കുന്നു. മരിച്ചവരേയും ജീവിക്കുന്നവരേയും വിധിക്കുവാൻ / അവിടുന്നു വീണ്ടും വരുവാനിരിക്കുന്നു. പിതാവിൽനിന്നും പുത്രനിൽ നിന്നും പുറപ്പെടുന്ന / സത്യാത്മാവും ജീവദാതാവുമായ / ഏക പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു. ഏകവും പരിശുദ്ധവും / ശ്ലൈഹികവും സാർവ്വത്രികവുമായ സഭയിലും / ഞങ്ങൾ വിശ്വസിക്കുന്നു. പാപമോചനത്തിനുള്ള ഏക മാമ്മോദീസായും / ശരീരത്തിന്റെ ഉയിർപ്പും / നിത്യായുസ്സും ഞങ്ങൾ ഏറ്റുപറയുകയും ചെയ്യുന്നു. ആമ്മേൻ.

(കാർമ്മികൻ ശുശ്രൂഷിയെ ആശീർവ്വദിച്ചുകൊണ്ട്)

കാർമ്മി: സകലത്തിന്റെയും നാഥനായ ദൈവം / തന്റെ സ്തുതികൾ ആലപിക്കുവാൻ നിന്നെ ശക്തനാക്കട്ടെ.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ.
പാത്രിയർക്കീസുമാരും മെത്രാന്മാരുമായ നമ്മുടെ പിതാക്കന്മാർ, പുരോഹിതന്മാർ, ശുശ്രൂഷികൾ എന്നിവരുടെയും / ബ്രഹ്മചാരികളുടെയും കന്യകകളുടെയും / നമ്മുടെ മാതാപിതാക്കന്മാർ, പുത്രീപുത്രന്മാർ, സഹോദരീ സഹോദരന്മാർ എന്നിവരുടെയും, / ഓർമ്മ ആചരിച്ചുകൊണ്ട് നിങ്ങൾ പ്രാർത്ഥിക്കുവിൻ. മിശിഹായുടെ സ്നേഹിതരും വിശ്വാസികളുമായ / എല്ലാ ഭരണകർത്താക്കളെയും / സത്യവിശ്വാസത്തോടെ മരിച്ച് / ഈ ലോകത്തിൽനിന്നും വേർപെട്ടുപോയ എല്ലാവരേയും അനുസ്മരിക്കുവിൻ. മിശിഹായുടെ കൃപയാൽ / ഈ ബലി നമുക്കു സഹായത്തിനും രക്ഷയ്ക്കും / സ്വർഗ്ഗരാജ്യത്തിൽ നിത്യജീവനും കാരണമാകട്ടെ.

(കാർമ്മികൻ മൂന്നു പ്രാവശ്യം കുനിഞ്ഞ് ആചാരം ചെയ്ത് താഴെ വരുന്ന പ്രാർത്ഥന ചൊല്ലി ബലിപീഠത്തെ സമീപിക്കുന്നു).

കാർമ്മി: പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും നാഥനായ പിതാവേ, അങ്ങേയ്ക്കു ഞാൻ നന്ദി പറയുന്നു. * അങ്ങയുടെ അഭിഷിക്തന്റെ ശരീരരക്തങ്ങളുടെ സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ രഹസ്യങ്ങളെ അങ്ങേയ്ക്കു സമർപ്പിക്കുവാൻ പാപിയായിരുന്നിട്ടും എന്നെ അങ്ങു കാരുണ്യപൂർവ്വം യോഗ്യനാക്കി. * അങ്ങയുടെ അജഗണമായ ജനത്തിന്റെ കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും ആത്മാക്കളുടെ രക്ഷയ്ക്കും ലോകം മുഴുവന്റേയും അനുരഞ്ജനത്തിനും എല്ലാ സഭകളുടെയും സമാധാനത്തിനും ശാന്തിക്കും വേണ്ടി ഞാൻ ഇവ അനുഷ്ഠിക്കുന്നു.

(പരിശുദ്ധ ത്രീത്വത്തിന്റെ സാന്നിദ്ധ്യമുള്ള ബലിപീഠത്തിന്റെ മധ്യത്തിലും രണ്ടറ്റത്തും കാർമ്മികൻ ചുംബിക്കുന്നു).

കാർമ്മി: കർത്താവേ, ആശീർവ്വദിക്കണമേ.

(ജനങ്ങൾക്കു നേരേ തിരിഞ്ഞ് കരങ്ങൾ നീട്ടി വിടർത്തിക്കൊണ്ട്)
എന്റെ സഹോദരരേ ഈ കുർബ്ബാന എന്റെ കരങ്ങൾവഴി പൂർത്തിയാകുവാൻ നിങ്ങൾ എനിക്കു വേണ്ടി പ്രാർത്ഥിക്കുവിൻ.
(ബലിപീഠത്തിനു നേരെ തിരിയുന്നു).

സമൂഹം: സകലത്തിന്റെയും നാഥനായ ദൈവം / തന്റെ അഭിഷ്ടം നിറവേറ്റുവാൻ / നമ്മെ ശക്തരാക്കട്ടെ. ഈ കുർബാന അവിടുന്നു സ്വീകരിക്കട്ടെ. അങ്ങേയ്ക്കും ഞങ്ങൾക്കും ലോകം മുഴുവനും വേണ്ടി / അങ്ങു സമർപ്പിക്കുന്ന ഈ ബലിയിൽ / അവിടുന്നു സംപ്രീതനാകുകയും ചെയ്യട്ടെ. ആമ്മേൻ.

കൂദാശ / അനാഫൊറ

(ഈശോയുടെ മരണവും ഉത്ഥാനവും അനുസ്മരിക്കുന്നു)

കാർമ്മി: ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങു ഞങ്ങളുടെമേൽ വർഷിച്ച സമൃദ്ധമായ അനുഗ്രഹങ്ങളെപ്രതി ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു. അങ്ങയുടെ അഭിഷക്തന്റെ ശരീരരക്തങ്ങളാകുന്ന ദിവ്യരഹസ്യങ്ങളുടെ ശുശ്രൂഷകരാകുവാൻ എളിയവരും പാപികളുമായിരുന്നിട്ടും ഞങ്ങളെ അങ്ങു കാരുണ്യാതിരേകത്താൽ യോഗ്യരാക്കി. അങ്ങു നല്കിയ ഈ ദാനം തികഞ്ഞ സ്നേഹത്തോടും ഉറച്ച വിശ്വാസത്തോടുംകൂടെ പരികർമ്മം ചെയ്യുവാൻ ഞങ്ങളെ ശക്തരാക്കണമെന്ന് അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു.

(കാർമ്മികൻ ***ബലിപീഠം ചുംബിച്ചതിനു*** *ശേഷം* ***കൈകൾ കുരിശാകൃതിയിൽ നെഞ്ചിന്മേൽ*** *ചേർത്തുവച്ചുകൊണ്ട് ചൊല്ലുന്നു).*

കാർമ്മി: ഞങ്ങൾ അങ്ങേയ്ക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. *(തന്റെമേൽ കുരിശടയാളം വരയ്ക്കുന്നു)* ഇപ്പോഴും + എപ്പോഴും എന്നേക്കും.

സമൂഹം: ആമ്മേൻ.

(കാർമ്മികൻ ജനങ്ങൾക്കു നേരെ തിരിഞ്ഞ് ആശീർവ്വദിക്കുന്നു).

കാർമ്മി: സമാധാനം + നിങ്ങളോടുകൂടെ.

സമൂഹം: അങ്ങയോടും അങ്ങയുടെ ആത്മാവോടുംകൂടെ.

(ശുശ്രൂഷി കാർമ്മികനിൽനിന്നു സമാധാനം സ്വീകരിച്ചശേഷം).

ശുശ്രൂഷി: സഹോദരരേ, മിശിഹായുടെ സ്നേഹത്തിൽ / നിങ്ങൾ സമാധാനം ആശംസിക്കുവിൻ.

(എല്ലാവരും പരസ്പരം സമാധാനം ആശംസിക്കുന്നു).

ശുശ്രൂഷി: നമുക്കെല്ലാവർക്കും അനുതാപത്തോടും വിശുദ്ധിയോടുംകൂടെ / കർത്താവിനു നന്ദി പറയുകയും / അവിടുത്തെ വിളിച്ചപേക്ഷിക്കുകയും ചെയ്യാം. നിങ്ങൾ ആദരപൂർവ്വംനിന്ന് / ഇവിടെ അനുഷ്ഠിക്കപ്പെടുന്നവയെ സൂക്ഷിച്ചു വീക്ഷിക്കുവിൻ. ഭയഭക്തിജനകമായ രഹസ്യങ്ങൾ / കൂദാശ ചെയ്യപ്പെടുന്നു. പുരോഹിതൻ (പുരോഹിത ശ്രേഷ്ഠൻ) തന്റെ മധ്യസ്ഥം വഴി / സമാധാനം സമൃദ്ധമാകുന്നതിനു വേണ്ടി പ്രാർത്ഥിക്കുവാൻ തുടങ്ങുന്നു. കണ്ണുകൾ താഴ്ത്തി / വിചാരങ്ങൾ സ്വർഗ്ഗത്തിലേയ്ക്കുയർത്തി / നിശബ്ദരായി ഏകാഗ്രതയോടും ഭക്തിയോടുകൂടെ / നിങ്ങൾ ഹൃദയത്തിൽ പ്രാർത്ഥിക്കുവിൻ / സമാധാനം നമ്മോടുകൂടെ.

തിരുവസ്ത്രക്കളുടെ അനാവരണം
(ഉത്ഥിതനായ മിശിഹായെ അനുസ്മരിപ്പിക്കുന്നു).

കാർമ്മി: കർത്താവേ, ശക്തനായ ദൈവമേ, ബലഹീനനായ എന്നെ ദയാപൂർവ്വം സഹായിക്കണമേ. അങ്ങയുടെ ത്രിത്വത്തിന്റെ ബഹുമാനത്തിനും ഈ സമൂഹത്തിന്റെ നന്മയ്ക്കുമായി സജീവവും വിശുദ്ധവുമായ ഈ ബലി തിരുസ്സന്നിധിയിൽ അർപ്പിക്കുവാൻ അങ്ങയുടെ അനുഗ്രഹത്താൽ എന്നെ യോഗ്യനാക്കുകയും ചെയ്യണമേ. സകലത്തിന്റെയും നാഥാ എന്നേക്കും.

(ശോശാപ്പാ ബലി വസ്ത്രക്കൾക്കു ചുറ്റും വച്ചുകൊണ്ട്) കർത്താവേ, നിന്റെ ശരീരത്തിനും രക്തത്തിനും കൃപാപൂർവ്വം നീ എന്നെ യോഗ്യനാക്കി. അപ്രകാരം തന്നെ, വിധിദിവസത്തിൽ നിന്റെ സംപ്രീതിക്കും എന്നെ യോഗ്യനാക്കണമേ.

(കാർമ്മികൻ ധൂപം ആശീർവ്വദിച്ചുകൊണ്ട്)

കാർമ്മി: പിതാവും പുത്രനും പരിശുദ്ധാത്മാവുമായ അങ്ങയുടെ ബഹുമാനത്തിനായി ഞങ്ങൾ സമർപ്പിക്കുന്ന ഈ ധൂപം അങ്ങയുടെ മഹനീയ ത്രീത്വത്തിന്റെ നാമത്തിൽ + ആശീർവ്വദിക്കപ്പെടട്ടെ. ഇത് അങ്ങയുടെ പ്രസാദത്തിനും അങ്ങയുടെ അജഗണത്തിന്റെ പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ.

<u>ശുശ്രൂഷി</u>: ആമ്മേൻ.

(കാർമ്മികൻ ബലിപീഠം ധൂപിക്കുന്നു).

ഗാനം

കാർമ്മി:
മിശിഹാ കർത്താവിൻ കൃപയും / ദൈവപിതാവിൻ സ്നേഹമതും
റൂഹാതൻ സഹവാസവുമീ / + നമ്മോടൊത്തുണ്ടാകട്ടെ.

സമൂഹം: ആമ്മേൻ.

കാർമ്മി: ഉയരങ്ങളിലേക്കുയരട്ടെ / ഹൃദയവികാരവിചാരങ്ങൾ
ഉയരങ്ങളിലേക്കുയരട്ടെ / ഹൃദയവികാരവിചാരങ്ങൾ.

സമൂഹം:
പൂർവ്വപിതാവാമബ്രാഹം / ഇസഹാക്ക് യാക്കോബെന്നിവർതൻ
ദൈവമേ നിത്യം ആരാധ്യൻ / രാജാവേ നിൻ സന്നിധിയിൽ.

കാർമ്മി: അഖിലചരാചരകർത്താവാം / ദൈവത്തിനു ബലിയർപ്പിപ്പൂ.

സമൂഹം: ന്യായവുമാണതു യുക്തവുമാം / ന്യായവുമാണതു യുക്തവുമാം.

ശുശ്രൂഷി: സമാധാനം നമ്മോടുകൂടെ.

കാർമ്മി: പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ / അങ്ങയുടെ മഹത്വമേറിയ ത്രീത്വത്തിന്റെ ആരാധ്യമായ നാമം / എല്ലാ അധരങ്ങളിലും നിന്നു സ്തുതിയും / എല്ലാ നാവുകളിലും നിന്നു കൃതജ്ഞതയും / എല്ലാ സൃഷ്ടികളിലും നിന്നു പുകഴ്ചയും അർഹിക്കുന്നു. എന്തുകൊണ്ടെന്നാൽ അങ്ങു ലോകത്തേയും / അതിലുള്ള സകലത്തേയും കനിവോടെ സൃഷ്ടിക്കുകയും / മനുഷ്യവംശത്തോട് അളവറ്റ കൃപ കാണിക്കുകയും ചെയ്തു. സ്വർഗ്ഗവാസികളുടെ ആയിരങ്ങളും മാലാഖമാരുടെ പതിനായിരങ്ങളും / മഹോന്നതനായ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു. അഗ്നിമയന്മാരും അരൂപികളുമായ സ്വർഗ്ഗീയ സൈന്യങ്ങൾ / അങ്ങയുടെ നാമം പ്രകീർത്തിക്കുന്നു. പരിശുദ്ധരും അരൂപികളുമായ ക്രോവേന്മാരോടും സ്രാപ്പേന്മാരോടും ചേർന്ന് / നാഥനായ അങ്ങേയ്ക്കു അവർ ആരാധന സമർപ്പിക്കുന്നു.

കാർമ്മി: ഉയർന്ന സ്വരത്തിൽ ഇടവിടാതെ സ്തുതിച്ചുകൊണ്ട് അവർ ഒന്നു ചേർന്ന് ഉദ്ഘോഷിക്കുകയും ചെയ്യുന്നു.

കാർമ്മി: *(ഗാനം)* ഒന്നായ് ഉച്ചസ്വരത്തിലവർ,
തിരുസന്നിധിയിൽ അനവരതം, സ്തുതി ഗീതങ്ങൾ പാടുന്നു.

സമൂഹം: *(ഗാനം)* ദൈവം നിത്യമഹത്വത്തിൽ
കർത്താവെന്നും പരിശുദ്ധൻ, ബലവാനീശൻ പരിശുദ്ധൻ

മണ്ണും വിണ്ണും നിറയുന്നു, മന്നവനവനുടെ മഹിമകളാൽ
ഉന്നത വീഥിയിലോശാന, ദാവീദിൻ സുതനോശാന

കർത്താവിൻ തിരുനാമത്തിൽ, വന്നവനും യുഗരാജാവായ്
വീണ്ടും വരുവോനും ധന്യൻ, ഉന്നതവീഥിയിലോശാന.

കാർമ്മി: കർത്താവായ ദൈവമേ, സ്വർഗ്ഗീയ ഗണങ്ങളോടുകൂടെ അങ്ങേക്കു ഞങ്ങൾ കൃതജ്ഞത സമർപ്പിക്കുന്നു. അങ്ങയിൽ മറഞ്ഞിരിക്കുന്ന ആത്മജാതനും / അങ്ങയോടു സദൃശനും / അങ്ങയിൽ നിന്നുള്ള പ്രകാശവും / അങ്ങയുടെ സത്തയുടെ പ്രതിച്ഛായയുമായ / വചനമാകുന്ന ദൈവത്തെ ഞങ്ങൾ വാഴ്ത്തുന്നു. അങ്ങയോടുള്ള സമാനത നിലനിർത്തേണ്ട കാര്യമായി പരിഗണിക്കാതെ / അവിടുന്നു തന്നെത്തന്നെ ശൂന്യനാക്കി / ദാസന്റെ രൂപം സ്വീകരിച്ച് / വിവേകവും ബുദ്ധിയുമുള്ള അമർത്ത്യമായ

ആത്മാവോടും മർത്ത്യമായ ശരീരത്തോടുംകൂടെ / പരിപൂർണ്ണ മനുഷ്യനായി സ്ത്രീയിൽനിന്നു ജാതനായി. നിയമത്തിന് അധീനരായവരെ ഉദ്ധരിക്കുവാൻ നിയമത്തിനു വിധേയനാവുകയും / ഞങ്ങളുടെ രക്ഷയുടെ സ്മാരകം ഏർപ്പെടുത്തുകയും ചെയ്തു. രക്ഷാകരമായ ഈ രഹസ്യം / തിരുസന്നിധിയിൽ ഞങ്ങൾ അർപ്പിക്കുന്നു.

മണി

കാർമ്മി: കർത്താവായ ദൈവമേ, അങ്ങയുടെ പ്രിയപുത്രൻ ഞങ്ങളെ പഠിപ്പിച്ചതുപോലെ / അവിടുത്തെ പീഡാനുഭവത്തിന്റെ സ്മരണ ഞങ്ങൾ ആചരിക്കുന്നു. താൻ ഏല്പിച്ചു കൊടുക്കപ്പെട്ട രാത്രിയിൽ / ഈശോ നിർമ്മലമായ തൃക്കരങ്ങളിൽ അപ്പമെടുത്ത് / സ്വർഗ്ഗത്തിലേക്ക് / ആരാധ്യനായ പിതാവേ അങ്ങയുടെ പക്കലേക്ക് കണ്ണുകളുയർത്തി / വാഴ്ത്തി + വിഭജിച്ച് / ശിഷ്യന്മാർക്കു നല്കിക്കൊണ്ട് അരുൾചെയ്തു. ഇത് പാപമോചനത്തിനായി / നിങ്ങൾക്കുവേണ്ടി വിഭജിക്കപ്പെടുന്ന എന്റെ ശരീരമാകുന്നു. നിങ്ങളെല്ലാവരും / ഇതിൽ നിന്നു വാങ്ങി ഭക്ഷിക്കുവിൻ.

സമൂഹം: ആമ്മേൻ. *മണി*

കാർമ്മി: അപ്രകാരം തന്നെ കാസയുമെടുത്ത് / കൃതജ്ഞതാസ്തോത്രം ചെയ്ത് / വാഴ്ത്തി + അവർക്കു നല്കിക്കൊണ്ട് അരുൾചെയ്തു. ഇത് പാപമോചനത്തിനായി / അനേകർക്കുവേണ്ടി ചിന്തപ്പെടുന്ന / പുതിയ ഉടമ്പടിയിലെ എന്റെ രക്തമാകുന്നു. നിങ്ങളെല്ലാവരും / ഇതിൽ നിന്നു വാങ്ങി പാനം ചെയ്യുവിൻ.

സമൂഹം: ആമ്മേൻ. *മണി*

കാർമ്മി: ഞാൻ ഈ ചെയ്തത് / നിങ്ങൾ എന്റെ നാമത്തിൽ ഒന്നിച്ചു കൂടുമ്പോൾ / എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ.

(എല്ലാവരും നന്നായി കുനിഞ്ഞ് ആചാരം ചെയ്യുന്നു).

കാർമ്മി: കർത്താവേ, നീ ഞങ്ങളോടു കല്പിച്ചതുപോലെ / എളിയവരും ബലഹീനരും ആകുലരുമായ ഈ ദാസർ / നിന്റെ തിരുസന്നിധിയിൽ ഒരുമിച്ചു കൂടിയിരിക്കുന്നു. നന്ദി പ്രകാശിപ്പിക്കുവാൻ കഴിയാത്തവിധം / അത്ര വലിയ അനുഗ്രഹമാണു നീ ഞങ്ങൾക്കു നല്കിയിരിക്കുന്നത്. നിന്റെ ദൈവീകജീവനിൽ ഞങ്ങളെ പങ്കുകാരാക്കുവാൻ / നീ ഞങ്ങളുടെ മനുഷ്യസ്വഭാവം സ്വീകരിക്കുകയും / അധഃപതിച്ചുപോയ ഞങ്ങളെ സമുദ്ധരിക്കുകയും / മൃതരായ ഞങ്ങളെ ജീവിപ്പിക്കുകയും ചെയ്തു. പാപികളായ ഞങ്ങളെ കടങ്ങൾ ക്ഷമിച്ചു വിശുദ്ധീകരിച്ചു. ഞങ്ങളുടെ ബുദ്ധിക്കു പ്രകാശം നല്കി. ഞങ്ങളുടെ ശത്രുക്കളെ പരാജിതരാക്കി. ഞങ്ങളുടെ ബലഹീനമായ പ്രകൃതിയെ / നിന്റെ സമൃദ്ധമായ അനുഗ്രഹത്താൽ / മഹത്വമണിയിക്കുകയും ചെയ്തു.

കാർമ്മി: നീ ഞങ്ങൾക്കു നല്കിയ എല്ലാ സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കുമായി / ഞങ്ങൾ നിനക്കു സ്തുതിയും ബഹുമാനവും / കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. ഇപ്പോഴും + എപ്പോഴും എന്നേക്കും.

(ദിവ്യരഹസ്യങ്ങളുടെമേൽ ധൂപം ചെയ്യുന്നു).

സമൂഹം: ആമ്മേൻ.

ശുശ്രൂഷി: ഹൃദയം കൊണ്ടു നിങ്ങൾ പ്രാർത്ഥിക്കുവിൻ / സമാധാനം നമ്മോടുകൂടെ.

കാർമ്മി: കർത്താവേ ശക്തനായ ദൈവമേ / പ്രധാനാചാര്യനും സാർവ്വിത്രിക സഭയുടെ തലവനും ഭരണാധികാരിയുമായ / റോമായിലെ മാർ *(പേര്)* പാപ്പാക്കുവേണ്ടിയും / ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ ..... *(പേര്)* മെത്രാപ്പോലിത്താക്കുവേണ്ടിയും / ഞങ്ങളുടെ പിതാവും മേലധ്യക്ഷനുമായ മാർ ..... *(പേര്)* മെത്രാനുവേണ്ടിയും / മാർ ... മെത്രാപ്പോലീത്തായ്ക്കും, മാർ ... മെത്രാനും വേണ്ടിയും / പുരോഹിതന്മാർ, സമർപ്പിതർ, അല്മായപ്രേഷിതർ എന്നിവർക്കുവേണ്ടിയും / വിശുദ്ധ കത്തോലിക്കാസഭ മുഴുവനുവേണ്ടിയും / ഭരണ കർത്താക്കൾ, മേലധികാരികൾ എന്നിവർക്കുവേണ്ടിയും / ഈ കുർബാന സ്വീകരിക്കേണമേ.

സമൂഹം: കർത്താവേ, ഈ കുർബാന സ്വീകരിക്കണമേ.

കാർമ്മി: എല്ലാ പ്രവാചകന്മാരുടെയും ശ്ലീഹന്മാരുടെയും / രക്തസാക്ഷികളുടെയും വന്ദകരുടെയും ബഹുമാനത്തിനു വേണ്ടിയും / അങ്ങയുടെ സന്നിധിയിൽ പ്രീതിജനകമായവിധം വർത്തിച്ച / നീതിമാന്മാരും വിശുദ്ധരുമായ എല്ലാ പിതാക്കന്മാർക്കുവേണ്ടിയും / ഈ കുർബാന സ്വീകരിക്കണമേ.

സമൂഹം: കർത്താവേ, ഈ കുർബ്ബാന സ്വീകരിക്കണമേ.

കാർമ്മി: ക്ലേശിതരും ദു:ഖിതരും, ദരിദ്രരും പീഡിതരും / രോഗികളും ആകുലരുമായ എല്ലാവർക്കുംവേണ്ടിയും / ഞങ്ങളുടെ ഇടയിൽനിന്ന് അങ്ങയുടെ നാമത്തിൽ വേർപിരിഞ്ഞുപോയ എല്ലാ മരിച്ചവർക്കുവേണ്ടിയും / അങ്ങയുടെ കാരുണ്യത്തെ പ്രത്യാശാപൂർവ്വം കാത്തിരിക്കുന്ന ഈ ജനത്തിനുവേണ്ടിയും / അയോഗ്യനായ എനിക്കുവേണ്ടിയും ഈ കുർബാന സ്വീകരിക്കണമേ.

സമൂഹം: കർത്താവേ, ഈ കുർബാന സ്വീകരിക്കണമേ.

കാർമ്മി: കർത്താവായ ദൈവമേ, അങ്ങു ഞങ്ങളെ പഠിപ്പിച്ചതുപോലെ / നിർമ്മലവും വിശുദ്ധവുമായ ഈ ബലിപീഠത്തിന്മേൽ / അങ്ങയുടെ അഭിഷിക്തന്റെ ശരീരരക്തങ്ങൾ ഞങ്ങൾ അർപ്പിക്കുന്നു. ഈ ഓർമ്മ ആചരണത്തിൽ ദൈവമാതാവായ കന്യകാമറിയത്തിന്റെയും / അങ്ങയുടെ തിരുസന്നിധിയിൽ സംപ്രീതി കണ്ടെത്തിയ / നീതിമാന്മാരും വിശുദ്ധരുമായ പിതാക്കന്മാരുടെയും പാവനസ്മരണ / അങ്ങയുടെ അവർണ്ണനീയവും സമൃദ്ധവുമായ കൃപയാൽ സംജാതമാക്കേണമേ. ജീവിതകാലം മുഴുവനും അങ്ങയുടെ ശാന്തിയും സമാധാനവും ഞങ്ങൾക്കു നല്കണമേ. അങ്ങു മാത്രമാണു യഥാർത്ഥ പിതാവായ ദൈവമെന്നും / അങ്ങയുടെ പ്രിയപുത്രനായ ഈശോമിശിഹായെ അങ്ങ് അയച്ചുവെന്നും / ഭൂവാസികൾ എല്ലാവരും അറിയട്ടെ. ഞങ്ങളുടെ കർത്താവും ദൈവവുമായ മിശിഹാവന്ന് / ജീവദായകമായ സുവിശേഷംവഴി / പ്രവാചകന്മാർ, ശ്ലീഹന്മാർ, / രക്തസാക്ഷികൾ, വന്ദകന്മാർ, / വേദപാരംഗതന്മാർ, മെത്രാന്മാർ, / പുരോഹിതന്മാർ, ശുശ്രൂഷികൾ എന്നിവർക്കും / വിശുദ്ധ മാമ്മോദീസായുടെ സജീവവും ജീവദായകവുമായ അടയാളത്താൽ മുദ്രിതരും (+) / പരിശുദ്ധ കത്തോലിക്കാ സഭയുടെ സന്താനങ്ങളുമായ എല്ലാവർക്കും / ആവശ്യകമായ നൈർമ്മല്യത്തിന്റെയും വിശുദ്ധിയുടെയും മാർഗ്ഗം പഠിപ്പിച്ചുവന്നും / എല്ലാ മനുഷ്യരും അറിയട്ടെ. കർത്താവേ, എളിയവരും ബലഹീനരും ക്ലേശിതരുമായ ഈ ദാസരും / അങ്ങു നല്കിയ മാതൃക പരമ്പരാഗതമായി സ്വീകരിച്ച് / അങ്ങയുടെ നാമത്തിൽ ഒരുമിച്ചുകൂടി ഇപ്പോൾ തിരുസന്നിധിയിൽ നില്ക്കുന്നു. ഞങ്ങളുടെ നാഥനും രക്ഷകനുമായ ഈശോമിശിഹായുടെ / പീഡാനുഭവത്തിന്റെയും മരണത്തിന്റെയും / സംസ്കാരത്തിന്റെയും ഉത്ഥാനത്തന്റെയും മഹനീയവും ഭയഭക്തിജനകവും / പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ രഹസ്യത്തെ / സന്തോഷത്തോടെ ഞങ്ങൾ സ്മരിക്കുകയും സ്തുതിക്കുകയും അനുഷ്ഠിക്കുകയും ചെയ്യുന്നു.

ശുശ്രൂഷി: നിങ്ങൾ നിശ്ശബ്ദരായി ആദരപൂർവ്വം പ്രാർത്ഥിക്കുവിൻ. സമാധാനം നമ്മോടുകൂടെ.

(മണിയടിക്കുന്നു).

റൂഹാക്ഷണ പ്രാർത്ഥന
(പരിശുദ്ധാത്മാവിന്റെ ആഗമനം)

എല്ലാവരും ശിരസ്സു നമിച്ചു പ്രാർത്ഥിക്കുന്നു.
കാർമ്മികൻ കൈകൾ വിശുദ്ധ രഹസ്യങ്ങളുടെമേൽ കമഴ്ത്തിപ്പിടിച്ച്

കാർമ്മി: കർത്താവേ, നിന്റെ പരിശുദ്ധാത്മാവ് എഴുന്നള്ളിവരട്ടെ.

കാർമ്മി: നിന്റെ ദാസരുടെ ഈ കുർബാനയിൽ അവിടുന്ന് ആവസിച്ച് / ഇതിനെ ആശീർവ്വദിക്കുകയും പവിത്രീകരിക്കുകയും ചെയ്യട്ടെ. ഇതു ഞങ്ങൾക്കു കടങ്ങളുടെ പൊറുതിക്കും, പാപങ്ങളുടെ മോചനത്തിനും, മരിച്ചവരുടെ ഉയർപ്പിലുള്ള വലിയ പ്രത്യാശയ്ക്കും / നിന്നെ പ്രീതിപ്പെടുത്തിയ എല്ലാവരോടും ഒന്നിച്ച് / സ്വർഗ്ഗരാജ്യത്തിൽ നവമായ ജീവിതത്തിനും കാരണമാകട്ടെ. കർത്താവായ ദൈവമേ, ഞങ്ങൾക്കുവേണ്ടിയുള്ള അങ്ങയുടെ / മഹനീയവും വിസ്മയാഹവുമായ ഈ രക്ഷാപദ്ധതിയെക്കുറിച്ച് / അങ്ങയെ ഞങ്ങൾ നിരന്തരം പ്രകീർത്തിക്കുന്നു. അങ്ങയുടെ അഭിഷിക്തന്റെ അമൂല്യരക്തത്താൽ രക്ഷിക്കപ്പെട്ട സഭയിൽ / സന്തോഷത്തോടും പ്രത്യാശയോടുംകൂടെ / ഞങ്ങൾ അങ്ങേയ്ക്കു കൃതജ്ഞത അർപ്പിക്കുകയും ചെയ്യുന്നു.

(കാർമ്മികൻ ബലിപീഠം ചുംബിക്കുന്നു).

കാർമ്മി: സജീവവും പരിശുദ്ധവും ജീവദായകവുമായ അങ്ങയുടെ നാമത്തിനു / സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും ഞങ്ങൾ സമർപ്പിക്കുന്നു. *(ദിവ്യരഹസ്യങ്ങളുടെമേൽ ധൂപാചെയ്തുകൊണ്ട്)* ഇപ്പോഴും + എപ്പോഴും എന്നേക്കും.

സമൂഹം: ആമ്മേൻ.

പകരം ഗാനം

കാർമ്മി: അതിപൂജിതമാം നിൻ / തിരുനാമത്തിനിതാ
സ്തുതിയും ബഹുമതിയും / സ്തോത്രം കീർത്തനവും
നാഥാ ഞങ്ങളണയ്ക്കുന്നു + ഇപ്പൊഴുമെന്നേയ്ക്കും.

സമൂഹം: ആമ്മേൻ.

അല്ലെങ്കിൽ ഗാനം

കാർമ്മി: പൂജ്യമായിടും നിന്റെ, നാമത്തിനാദരാൽ ഞങ്ങളർപ്പിക്കും.
സ്തോത്രവും സ്തുതി കീർത്തനങ്ങളും, ഇന്നു-മെപ്പോഴും എന്നേക്കും.

സമൂഹം: ആമ്മേൻ.

അനുതാപ ശുശ്രൂഷ

*(സമൂഹവും ശുശ്രൂഷികളും **മുട്ടുകുത്തുന്നു**).*

കാർമ്മി: ദൈവമേ, അങ്ങയുടെ കാരുണ്യത്തിനൊത്തവിധം എന്നോടു ദയ തോന്നണമേ.

സമൂഹം: അങ്ങയുടെ കാരുണ്യാതിരേകത്തിനനുസൃതമായി എന്റെ പാപങ്ങൾ മായിച്ചുകളയണമേ.

(ധൂപം ആശീർവ്വദിക്കുന്നു).

കാർമ്മി: പരിമള സസ്യങ്ങളുടെയും സുഗന്ധദ്രവ്യങ്ങളുടെയും നാഥാ, ശ്രേഷ്ഠപുരോഹിതനായ അഹറോൻ വാഗ്ദാന പേടകത്തിന്റെ താത്കാലിക കൂടാരത്തിൽ അർപ്പിച്ച ധൂപം പോലെ ഞങ്ങളുടെ പ്രാർത്ഥനകളും ധൂപവും അങ്ങയെ പ്രസാദിപ്പിക്കട്ടെ. പിതാവും പുത്രനും + പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

*(കാർമ്മികൻ കൈകൾ വിടർത്തി **ശുശ്രൂഷിയുടെ നേരെ നീട്ടുന്നു.** ശുശ്രൂഷി കൈകളെ ധൂപിക്കുമ്പോൾ കാർമ്മികൻ താഴ്ന്നസ്വരത്തിൽ ചൊല്ലുന്നു).*

കാർമ്മി: കർത്താവായ ദൈവമേ, പാപമാലിന്യങ്ങൾ കഴുകി അങ്ങയുടെ സ്നേഹത്തിന്റെ ദിവ്യപരിമളത്താൽ എന്നെ പൂരിതനാക്കണമേ. വഴിതെറ്റിപ്പോയ ഞങ്ങളെ അന്വേഷിച്ചു കണ്ടെത്തിയ നല്ലയിടയാ എനിക്കറിയാവുന്നതും അറിഞ്ഞുകൂടാത്തതുമായ ***(കാർമ്മികൻ നെഞ്ചിന്മേൽ കുരിശാകൃതിയിൽ ചേർത്തുപിടിക്കുന്നു)*** എന്റെ കടങ്ങളും പാപങ്ങളും എന്നോടു ക്ഷമിക്കണമേ.

കാർമ്മി: ***(വലതുകരം ശുശ്രൂഷിയുടെമേൽ ഉയർത്തിക്കൊണ്ട്)*** കർത്താവായ ദൈവമേ അങ്ങയുടെ മഹനീയവും വിശുദ്ധവുമായ ബലിപീഠത്തിനു മുമ്പിൽ നില്ക്കുന്ന ഈ ശുശ്രൂഷികളെ സുഗന്ധപൂരിതരാക്കണമേ.

(വലതുകരം ജനങ്ങളുടെമേൽ നീട്ടിക്കൊണ്ട്) കർത്താവായ ദൈവമേ അങ്ങയുടെ കാരുണ്യം പ്രത്യാശാപൂർവ്വം കാത്തിരിക്കുന്ന ഈ ജനത്തെ സുഗന്ധപൂരിതരാക്കണമേ.

(ബലിപീഠത്തിന്മേൽ കൈ നീട്ടിക്കൊണ്ട്) കർത്താവായ ദൈവമേ, മിശിഹായുടെ തിരുക്കല്ലറയുടെ സാദൃശ്യവും അവിടുത്തെ സിംഹാസനവുമായ ഈ ബലിപീഠത്തേയും പാപമോചകമായ തിരുശ്ശരീരരക്തങ്ങളേയും സുഗന്ധപൂരിതമാക്കണമേ.

കാർമ്മി: കർത്താവേ അനുഗ്രഹിക്കണമേ. ഞങ്ങളുടെ കർത്താവായ ദൈവമേ, ഞങ്ങൾ അയോഗ്യരാകുന്നു. ഞങ്ങൾ തീർത്തും അയോഗ്യരാകുന്നു. എങ്കിലും, സ്തുത്യർഹവും പരിശുദ്ധവും / ജീവദായകവും ദൈവീകവുമായ ഈ രഹസ്യങ്ങളിലേക്ക് / അങ്ങയുടെ കാരുണ്യം ഞങ്ങൾ അടുപ്പിക്കുന്നു.

വിഭജന ശുശ്രൂഷ

(കാർമ്മികൻ പരിശുദ്ധ കുർബ്ബാന ഉയർത്തിക്കൊണ്ട്).

കാർമ്മി: ഞങ്ങളുടെ കർത്താവീശോമിശിഹായെ, നിന്റെ തിരുനാമത്തിനു സ്തുതിയും / നാഥനായ നിനക്കു ആരാധനയും എപ്പോഴും ഉണ്ടായിരിക്കട്ടെ. സജീവവും ജീവദായകവുമായ ഈ അപ്പം / സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിയതും / ലോകത്തിനു മുഴുവനും ജീവൻ നല്കുന്നതുമാകുന്നു. ഇതു ഭക്ഷിക്കുന്നവർ മരിക്കുകയില്ല. പ്രത്യുത, പാപമോചനവും രക്ഷയും പ്രാപിക്കുകയും / നിത്യം ജീവിക്കുകയും ചെയ്യും.

മണി

(കാർമ്മികൻ വിഭജന ശുശ്രൂഷ നടത്തുന്നു).

ഞാൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പമാകുന്നു.

രക്ഷക-നീശോതൻ, ശിഷ്യരെ-യറിയിച്ച
ദിവ്യരഹസ്യമിതാ: സ്വർഗ്ഗത്തിൽ-നിന്നാഗതമാം
ജീവൻ നല്കിടു-മപ്പം ഞാൻ;
സ്നേഹമൊടെന്നെ കൈക്കൊൾവോ-
നെന്നിൽ നിത്യം ജീവിക്കും;
നേടുമവൻ, സ്വർഗ്ഗം നിശ്ചയമായ്.

നിന്റെ തിരുവിഷ്ടം നിറവേറ്റുന്ന ശുശ്രൂഷകന്മാർ

ക്രോവേ സ്രാപ്പേന്മാ-രുന്നത ദൂതന്മാർ
ബലിപീഠത്തിങ്കൽ, ആദരവോടെ നില്ക്കുന്നു;
ഭയ ഭക്തിയോടെ നോക്കുന്നു;
പാപകടങ്ങൾ പോക്കിടുവാൻ
കർത്താവിൻ മെയ് വിഭജിക്കും
വൈദികനെ വീക്ഷിച്ചീടുന്നു.

(അല്ലെങ്കിൽ)

സമൂഹം: ഞാൻ സ്വർഗ്ഗത്തിൽനിന്നു വന്ന ജീവനുള്ള അപ്പമാകുന്നു. ഉന്നതങ്ങളിൽ നിന്നിറങ്ങിയ അപ്പം ഞാനാകുന്നു. സ്നേഹപൂർവ്വം സമീപിച്ച് / എന്നെ സ്വീകരിക്കുന്ന എല്ലാവരും / എന്നിൽ നിത്യം ജീവിക്കുകയും / സ്വർഗ്ഗരാജ്യം അവകാശപ്പെടുത്തുകയും ചെയ്യും എന്ന രഹസ്യം രക്ഷകൻ അറിയിച്ചു. അവിടുത്തെ തിരുവിഷ്ടം നിറവേറ്റുന്ന ശുശ്രൂഷകരായ / ക്രോവേന്മാരും സ്രാപ്പേന്മാരും മുഖ്യദൂതന്മാരും / ബലിപീഠത്തിനുമുമ്പിൽ ഭയഭക്തികളോടെ നിന്ന് / കടങ്ങളുടെ പൊറുതിക്കായി / മിശിഹായുടെ

ശരീരം വിഭജിക്കുന്ന വൈദികനെ (*മെത്രാനെങ്കിൽ* വൈദിക ശ്രേഷ്ഠനെ) സൂക്ഷിച്ചു വീക്ഷിക്കുന്നു. നീതിയുടെ വാതിൽ ഞങ്ങൾക്കായി തുറക്കണമേ. പാപികളെ തന്റെ അടുക്കലേയ്ക്കു വിളിക്കുകയും / അനുതാപികൾക്കായി വാതിൽ തുറന്നിടുകയും ചെയ്തിരിക്കുന്ന / കാരുണ്യവാനായ കർത്താവേ, ഞങ്ങൾ അങ്ങയുടെ സന്നിധിയിൽ പ്രവേശിച്ച് / രാപകൽ അങ്ങേയ്ക്കു സ്തുതി പാടട്ടെ.

(വിഭജന ശുശ്രൂഷയ്ക്ക് കാർമ്മികൻ ചൊല്ലുന്ന പ്രാർത്ഥനകൾ)

കാർമ്മി: കർത്താവായ ദൈവമേ, അങ്ങയുടെ നാമത്തിൽ യഥാർത്ഥമായി വിശ്വസിച്ചുകൊണ്ട് ഈ വിശുദ്ധ രഹസ്യങ്ങളെ ഞങ്ങൾ സമീപിക്കുന്നു. അങ്ങയുടെ പ്രിയപുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായുടെ തിരുശ്ശരീരരക്തങ്ങളെ അങ്ങയുടെ അനുഗ്രഹത്താലും കാരുണ്യത്താലും ഞങ്ങൾ വിഭജിച്ചു രൂശ്മാ ചെയ്യുന്നു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ എന്നേക്കും.

കാർമ്മി: നമ്മുടെ കർത്താവീശോമിശിഹായുടെ അമൂല്യമായ രക്തം അവിടുത്തെ ജീവദായകമായ ശരീരംകൊണ്ടു രൂശ്മാ ചെയ്യപ്പെടുന്നു. പിതാവിന്റെയും പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.

കാർമ്മി: നമ്മുടെ കർത്താവീശോമിശിഹായുടെ തിരുശ്ശരീരം അവിടുത്തെ പാപമോചകമായ രക്തംകൊണ്ടു രൂശ്മാ ചെയ്യപ്പെടുന്നു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.

കാർമ്മി: സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങൾ പിതാവും പുത്രനും പരിശുദ്ധാത്മാവുമായ മഹത്ത്വമേറിയ ത്രീത്വത്തിന്റെ ആരാധ്യവും മഹനീയവുമായ നാമത്തിൽ വേർതിരിക്കപ്പെടുകയും പവിത്രീകരിക്കപ്പെടുകയും പൂർത്തിയാക്കപ്പെടുകയും കലർത്തപ്പെടുകയും പരസ്പരം യോജിക്കപ്പെടുകയും ചെയ്തിരിക്കുന്നു. കർത്താവായ ദൈവമേ ഇവിടെയും മറ്റെല്ലാ സ്ഥലങ്ങളിലുമുള്ള വിശുദ്ധ സഭയ്ക്കും ഞങ്ങൾക്കെല്ലാവർക്കും ഈ രഹസ്യങ്ങൾവഴി കടങ്ങളുടെ പൊറുതിയും പാപങ്ങളുടെ മോചനവും ഉയിർപ്പിലുള്ള പ്രത്യാശയും സ്വർഗ്ഗരാജ്യത്തിൽ നവമായ ജീവിതവും ലഭിക്കുമാറാകട്ടെ. ഇപ്പോഴും എപ്പോഴും എന്നേക്കും.

കാർമ്മി: നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും / പിതാവായ ദൈവത്തിന്റെ സ്നേഹവും / പരിശുദ്ധാത്മാവിന്റെ സഹവാസവും / നാമെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

(കർമ്മികൻ തന്റെമേൽ കുരിശടയാളം വരയ്ക്കുന്നു).

സമൂഹം: ആമ്മേൻ.

അനുരഞ്ജന ശുശ്രൂഷ

(പാപമോചനത്തിനുള്ള ക്ഷണം)

(കാർമ്മികൻ സക്രാരിയിൽനിന്ന് തിരുവോസ്തിയെടുത്ത് വിശുദ്ധ കുർബ്ബാന സ്വീകരണത്തിന് ഒരുക്കുന്നു).

ശുശ്രൂഷി: നമ്മുടെ രക്ഷകന്റെ അമൂല്യമായ ശരീരരക്തങ്ങളുടെ രഹസ്യങ്ങളെ / നമുക്കെല്ലാവർക്കും ഭക്ത്യാദരങ്ങളോടെ സമീപിക്കാം. അനുതാപത്തിൽ നിന്നുളവാകുന്ന ശരണത്തോടെ / അപരാധങ്ങളിൽനിന്നു പിന്തിരിഞ്ഞുകൊണ്ടും / പാപങ്ങളെക്കുറിച്ചു പശ്ചാത്തപിച്ചുകൊണ്ടും / സഹോദരങ്ങളുടെ തെറ്റുകൾ ക്ഷമിച്ചുകൊണ്ടും / നമുക്കു സകലത്തിന്റെയും നാഥനായ ദൈവത്തോട് / കൃപയും പാപമോചനവും യാചിക്കുകയും ചെയ്യാം.

സമൂഹം: കർത്താവേ, അങ്ങയുടെ ദാസരുടെ പാപങ്ങളും അപരാധങ്ങളും ക്ഷമിക്കണമേ.

ശുശ്രൂഷി: ഭിന്നതകളും കലഹങ്ങളും വെടിഞ്ഞ് /നമ്മുടെ മനസ്സാക്ഷിയെ ശുദ്ധീകരിക്കാം.

ശുശ്രൂഷി: ശത്രുതയിലും വിദ്വേഷത്തിലും നിന്നു / നമ്മുടെ ആത്മാക്കളെ വിമുക്തമാക്കാം.

ശുശ്രൂഷി: വിശുദ്ധ കുർബാന സ്വീകരിക്കുകയും / പരിശുദ്ധാത്മാവിനാൽ പവിത്രീകരിക്കപ്പെടുകയും ചെയ്യാം.

ശുശ്രൂഷി: യോജിപ്പോടും ഐക്യത്തോടുംകൂടെ / ദിവ്യരഹസ്യങ്ങളിൽ പങ്കുകൊള്ളാം.

ശുശ്രൂഷി: കർത്താവേ, ഇവ ഞങ്ങളുടെ ശരീരത്തിന്റെ ഉയർപ്പിനും / ആത്മാക്കളുടെ രക്ഷയ്ക്കും കാരണമാകട്ടെ.

സമൂഹം: നിത്യജീവനും കാരണമാകട്ടെ. എന്നേക്കും, ആമ്മേൻ.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമ്മി: *(താഴ്ന്ന സ്വരത്തിൽ)* കർത്താവായ ദൈവമേ, അങ്ങയുടെ ദാസരുടെ പാപങ്ങളും അപരാധങ്ങളും കാരുണ്യപൂർവ്വം ക്ഷമിക്കണമേ. മഹോന്നത ദൈവമായ അങ്ങയെ സ്വർഗ്ഗരാജ്യത്തിൽ സകല വിശുദ്ധരോടുമൊന്നിച്ചു സ്തുതിക്കുവാൻ ഞങ്ങളുടെ അധരങ്ങളെ പവിത്രീകരിക്കുകയും ചെയ്യണമേ.

(സമൂഹം എഴുന്നേല്ക്കുന്നു).

ദൈവൈക്യ ശുശ്രൂഷ

(സുവിശേഷത്തിൽ വിശ്വസിച്ച് രക്ഷപ്രാപിച്ച സഭാതനയർ)

കാർമ്മി: കർത്താവായ ദൈവമേ, കാരുണ്യപൂർവ്വം അങ്ങു ഞങ്ങൾക്കു നല്കിയ മനോവിശ്വാസത്തോടുകൂടെ / അങ്ങയുടെ സന്നിധിയിൽ എപ്പോഴും നിർമ്മല ഹൃദയരും പ്രസന്നവദനരും / നിഷ്കളങ്കരുമായി വ്യാപരിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. ഞങ്ങളെല്ലാവരും ഒന്നു ചേർന്ന് അങ്ങയെ വിളിച്ച് / ഇപ്രകാരം അപേക്ഷിക്കുന്നു.

കാർമ്മി: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, ***(സമൂഹവും ചേർന്ന്)*** അങ്ങയുടെ നാമം പൂജിതമാകണമേ / അങ്ങയുടെ രാജ്യം വരണമേ / അങ്ങയുടെ തിരുമനസ്സു സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ. ഞങ്ങൾക്ക് ആവശ്യകമായ ആഹാരം / ഇന്നു ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ / ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടും ക്ഷമിക്കണമേ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. ദുഷ്ടാരൂപിയിൽ നിന്നു ഞങ്ങളെ രക്ഷിക്കണമേ. എന്തുകൊണ്ടെന്നാൽ / രാജ്യവും ശക്തിയും മഹത്ത്വവും / എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

കാർമ്മി: കർത്താവേ, ശക്തനായ സർവ്വേശ്വരാ, നല്ലവനായ ദൈവമേ / കൃപാപൂർണ്ണനായ ഞങ്ങളുടെ പിതാവേ / അങ്ങയുടെ കാരുണ്യം ഞങ്ങൾ കേണപേക്ഷിക്കുന്നു. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ, ദുഷ്ടാരൂപിയിൽനിന്നും അവന്റെ സൈന്യങ്ങളിൽനിന്നും ഞങ്ങളെ രക്ഷിക്കണമേ. എന്തുകൊണ്ടെന്നാൽ, സ്വർഗ്ഗത്തിലും ഭൂമിയിലും / രാജ്യവും ശക്തിയും പ്രാബല്യവും അധികാരവും അങ്ങയുടേതാകുന്നു. *(സ്വയം ആശീർവ്വദിക്കുന്നു)* ഇപ്പോഴും + എപ്പോഴും എന്നേക്കും.

സമൂഹം: ആമ്മേൻ.

കാർമ്മി: സമാധാനം + നിങ്ങളോടുകൂടെ.

സമൂഹം: അങ്ങയോടും അങ്ങയുടെ ആത്മാവോടുംകൂടെ.

കാർമ്മി: വിശുദ്ധ കുർബാന വിശുദ്ധ ജനത്തിനുള്ളതാകുന്നു.

സമൂഹം: ഏക പിതാവു പരിശുദ്ധനാകുന്നു. ഏക പുത്രൻ പരിശുദ്ധനാകുന്നു. ഏക റൂഹാ പരിശുദ്ധനാകുന്നു. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും എന്നേക്കും സ്തുതി. ആമ്മേൻ.

ശുശ്രൂഷി: ജീവിക്കുന്ന ദൈവത്തെ നിങ്ങൾ പ്രകീർത്തിക്കുവിൻ.

സമൂഹം: സഭയിൽ അവിടുത്തേക്കു സ്തുതിയുണ്ടായിരിക്കട്ടെ. എല്ലാ നിമിഷവും എല്ലാ സമയവും / അവിടുത്തെ കൃപയും കാരുണ്യവും നമ്മുടെമേൽ ഉണ്ടായിരിക്കട്ടെ.

(കാർമ്മികൻ വിശുദ്ധ കുർബാന സ്വീകരിച്ചുകൊണ്ടു ചൊല്ലുന്നു).

കാർമ്മി: കർത്താവേ, നിന്റെ തിരുശ്ശരീരം എനിക്കു ശിക്ഷാവിധിക്കു ഹേതുവാകാതെ കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ.

കാർമ്മി: നമ്മെ ജീവിപ്പിക്കുന്ന കർത്താവീശോമിശിഹായുടെ കൃപാവരം / അവിടുത്തെ കാരുണ്യത്താൽ നാമെല്ലാവരിലും + സമ്പൂർണ്ണമാകട്ടെ *(ജനങ്ങളെ ആശീർവ്വദിക്കുന്നു).*

സമൂഹം: എപ്പോഴും എന്നേക്കും ആമ്മേൻ.

ശുശ്രൂഷി: സഹോദരരേ സ്വർഗ്ഗരാജ്യത്തിലുള്ള വിശ്വാസത്തോടെ / ദൈവപുത്രന്റെ ശരീരം സ്വീകരിക്കുവാനും / അവിടുത്തെ രക്തം പാനം ചെയ്യുവാനും / തിരുസഭ നിങ്ങളെ ക്ഷണിക്കുന്നു.

(വിശുദ്ധ കുർബ്ബാന സ്വീകരണം).

കാർമ്മി: മനുഷ്യവർഗ്ഗത്തിന്റെ പ്രത്യാശയായ മിശിഹായെ / ഞങ്ങൾ ഭക്ഷിച്ച തിരുശരീരവും പാനം ചെയ്ത തിരുരക്തവും / ഞങ്ങൾക്കു ശിക്ഷാവിധിക്കു കാരണമാകാതെ / കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും / നിന്റെ സന്നിധിയിൽ സന്തുഷ്ടിക്കും നിദാനമാകട്ടെ. സകലത്തിന്റെയും നാഥാ എന്നേക്കും .

സമൂഹം: ആമ്മേൻ.

സമൂഹം: ഞങ്ങളുടെ കർത്താവേ / വിശ്വാസപൂർവ്വം ഞങ്ങൾ സ്വീകരിച്ച ദിവ്യരഹസ്യങ്ങൾ / ഞങ്ങളുടെ കടങ്ങളുടെ പൊറുതിക്കു കാരണമാകട്ടെ. യുഗങ്ങളുടെ രാജാവായ മിശിഹായെ / നീ ദാസന്റെയും സൃഷ്ടാവിന്റെയും സാദൃശ്യമാകുന്നു. നിന്നിൽ വിശ്വസിച്ച സകലരുടെയും / കറകളും കട

ങ്ങളും / നിന്റെ ശരീരരക്തങ്ങളാൽ / നിർമ്മാർജ്ജനം ചെയ്യുകയും ക്ഷമിക്കുകയും ചെയ്തു. നീ മഹത്വപൂർണ്ണനായി പ്രത്യക്ഷപ്പെടുമ്പോൾ / മനോവിശ്വാസത്തോടെ നിന്നെ എതിരേല്ക്കുവാനും / സ്വർഗ്ഗീയഗണങ്ങളോടുകൂടെ നിന്നെ സ്തുതിക്കുവാനും / ഞങ്ങളെ യോഗ്യരാക്കേണമേ. ആമ്മേൻ.

ശുശ്രൂഷി: പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ / സ്തുത്യർഹവും പരിശുദ്ധവും / ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങളെ സമീപിച്ച് / ഇവയിൽ പങ്കുകൊള്ളുവാൻ യോഗ്യരാക്കപ്പെട്ട നമുക്കെല്ലാവർക്കും / ഇവയുടെ ദാതാവായ ദൈവത്തിന് / സ്തുതിയും കൃതജ്ഞതയും സമർപ്പിക്കാം.

സമൂഹം: അവർണ്ണനീയമായ ഈ ദാനത്തെക്കുറിച്ച് / കർത്താവേ അങ്ങേയ്ക്കു സ്തുതി.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ.

സമാപന പ്രാർത്ഥനകൾ

മാമ്മോദീസായ്ക്ക്	*പേജ്*	*70*
ക്രിസ്തുമസ് / പിറവി	*പേജ്*	*172*
വർഷാവസാനം	*പേജ്*	*189*
വർഷാരംഭം	*പേജ്*	*205*
വിഭൂതി	*പേജ്*	*220*
ഓശാന ഞായർ	*പേജ്*	*252*
പെസഹാ വ്യാഴം	*പേജ്*	*266*
ദുഃഖശനി	*പേജ്*	*344*
ഉയിർപ്പു തിരുനാൾ	*പേജ്*	*362*

കാർമ്മി: ഞങ്ങളുടെ കർത്താവായ ദൈവമേ, ഈ ദമ്പതിമാരുടെമേൽ അങ്ങയുടെ കാരുണ്യത്തിന്റെ വലംകൈ നീട്ടണമേ. അങ്ങയുടെ സംരക്ഷണത്തിന്റെ തണലിൽ ഇവരെ കാത്തുകൊള്ളണമേ. അബ്രാഹത്തെയും സാറായെയും അനുഗ്രഹിച്ച ദൈവമേ, അഭേദ്യമായ ഐക്യത്തിൽ ഇവരെ ഒന്നിപ്പിച്ച പരിപാലനത്തിന് ഞങ്ങൾ നന്ദിപറയുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

സമൂഹം: ആമ്മേൻ. കർത്താവേ, ആശീർവദിക്കണമേ.

കാർമ്മി: കർത്താവായ മിശിഹായേ, ഈ ദമ്പതിമാരെ അനുഗ്രഹിക്കണമേ. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും, തിരുക്കുടുംബത്തിന്റെ നായകനായ മാർ യൗസേപ്പിന്റെയും മാദ്ധ്യസ്ഥ്യം ഇവരുടെ കുടുംബജീവിതത്തെ ഐശ്വര്യപൂർണ്ണമാക്കട്ടെ. സകല വിശുദ്ധരു

ടെയും പ്രാർത്ഥന ഇവരെ സഹായിക്കുകയും ചെയ്യട്ടെ. സകലത്തിന്റെയും നാഥാ എന്നേക്കും.

സമൂഹം: ആമ്മേൻ.

കാർമ്മി: അനന്തമായ സ്നേഹത്താൽ പുരുഷനും സ്ത്രീയുമായി മനുഷ്യരെ സൃഷ്ടിക്കുകയും സൃഷ്ടികർമ്മത്തിൽ അവരെ പങ്കാളികളാക്കുകയും ചെയ്ത കാരുണ്യവാനായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. വിവാഹമെന്ന കൂദാശയാൽ, നിർമ്മലമായ സ്നേഹത്തിലും നിസ്വാർത്ഥമായ ആത്മസമർപ്പണത്തിലും അവിടുന്നു നിങ്ങളെ കാത്തുപരിപാലിക്കട്ടെ. മിശിഹായുടെ അവയവങ്ങളും പരിശുദ്ധാത്മാവിന്റെ ആലയങ്ങളുമായ നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും പ്രീതികരവുമായ സജീവബലിയായി ദൈവത്തിനു സമർപ്പിക്കുവാൻ ഈ കൂദാശ നിങ്ങളെ ശക്തരാക്കാട്ടെ. സന്താന സൗഭാഗ്യം നല്കി ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. പ്രാർത്ഥനയുടെ കൂട്ടായ്മയിൽ നിങ്ങളുടെ കുടുംബം അഭിവൃദ്ധി പ്രാപിക്കട്ടെ. നിങ്ങളുടെ ജീവിതം അവിടുന്നു ഐശ്വര്യ പൂർണ്ണമാക്കുകയും നിങ്ങളുടെ ആശകളും പ്രതീക്ഷകളും അവിടുന്നു സഫലമാക്കുകയും ചെയ്യട്ടെ. ആവശ്യനേരത്തു സഹായിക്കുവാൻ നിരവധി ആത്മാർത്ഥ സുഹൃത്തുക്കളെ ദൈവം നിങ്ങൾക്കു പ്രദാനം ചെയ്യട്ടെ. സ്വർഗീയ മണവറയിൽ അവിടുത്തേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും സമർപ്പിക്കുവാൻ നിങ്ങൾ യോഗ്യരാകട്ടെ. നവദമ്പതിമാരായ നിങ്ങളെയും ഈ തിരുക്കർമ്മങ്ങളിൽ പങ്കുചേർന്ന എല്ലാവരെയും ദൈവം ആശീർവദിക്കട്ടെ. ഇപ്പോഴും എപ്പോഴും + എന്നേക്കും.

സമൂഹം: ആമ്മേൻ

അല്ലെങ്കിൽ ഗാനം

കാർമ്മി: അനന്തമാകും സ്നേഹത്താൽ / മനുജനെ സൃഷ്ടിച്ചഖിലേശൻ
ജീവിത സഖിയെ നല്കുന്നു / അവനെ വാഴ്ത്തി വണങ്ങീടാം.

അബ്രാമിനെയും സാറയെയും / അവരുടെ സന്താനങ്ങളെയും
പരിപാലിച്ചൊരു കർത്താവേ / ഇവരെ കാത്തു നടത്തണമേ.

സമൂഹം: ആമ്മേൻ

ഇവരുടെ ജീവിതമെന്നെന്നും / ഐശ്വര്യപൂരിതമാക്കണമേ
ഇവരുടെയാശ പ്രതീക്ഷകളും / സഫലീകൃതമായ്ത്തീരണമേ.

സ്നേഹവും ശാന്തിയും പുലർത്തിടുവാൻ / ദൈവമേ ഇവരിൽ കനിയണമേ
സഹായമേകും സ്നേഹിതരേ / നല്കണമേ നിൻ കൃപയാലേ.

സമൂഹം: ആമ്മേൻ

ഇന്നീ ബലിനിൻ സന്നിധിയിൽ / അർപ്പിച്ചവരാമഖിലർക്കും
നവദമ്പതിമാരിരുവർക്കും / ദൈവം വരനിര ചൊരിയട്ടെ.

കുരിശടയാളം വഴിയായ് നാം / സംരക്ഷിതരായി തീരട്ടെ
മുദ്രിതറ്റായി ഭവിക്കട്ടെ / ഇപ്പോഴും എപ്പോഴും എന്നേക്കും.
സമൂഹം: ആമ്മേൻ ...

കാർമ്മി: *(താഴ്ന്നസ്വരത്തിൽ)* വിശുദ്ധീകരണത്തിന്റെ ബലിപീഠമെ സ്വസ്തി. ഞങ്ങളുടെ കർത്താവിന്റെ കബറിടമെ സ്വസ്തി. നിന്നിൽനിന്നു ഞാൻ സ്വീകരിച്ച കുർബ്ബാന കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ. ഇനി ഒരു ബലി അർപ്പിക്കുവാൻ ഞാൻ വരുമോ ഇല്ലയോ എന്നറിഞ്ഞുകൂടാ.

നിത്യസഹായമാതാവിന്റെ ഗാനം (പേജ് 71) ആലപിക്കുമ്പോൾ നവ ദമ്പതികൾ മാതാവിന്റെ തിരുസ്വരൂപത്തിൽ പുഷ്പാർച്ചന നടത്തുന്നു.

(നവദമ്പതികൾ തിരിച്ചെത്തിയശേഷം കാർമ്മികരും ഗായക സംഘവും രണ്ടു ഗണമായി ആലപിക്കുന്നു).

ബറുമറിയം

ബറുമറിയം ബറുമറിയം / ബറ് ആലാഹാ ദ്യെൽദസ് മറിയം
ഹാവീ കൗവ്ക്ക്വേ ബറുമറിയം / അൽനീ വിയൂസാ ബറുമറിയം
ബറുമറിയം ബറുമറിയം ...
കന്തെശ് മയ്യാ ബറുമറിയം / ബ് മാമ്മോദീസേ ബറുമറിയം
ഏകൽ പെസഹാ ബറുമറിയം / അംതൽ മീദാവ് ബറുമറിയം
ശന്തർ റൂഹാ ബറുമറിയം / പാറേക്ക് ലേത്താ ബറുമറിയം
ല്ലാലം ആൽമീൻ ബറുമറിയം / ആമ്മേനുവാമ്മേൻ ബറുമാറിയം

കാർമ്മി: ബ്രൂക്സേ ഓലൈഹാ / ആവാമ്സെ ആഹീദ്ക്കോൽ
ഉദാവ്റാ വദ് റൂഹാദ്ക്കുദ്ശാ / നഹ്ത്താ അലൈക്കോൽ
ഉപയ്ശബ് ലെസ്ഹോൻ ലാലം ആൽമീൻ.

ഗായകർ: ആ ... ആൽമീൻ.

(കാർമ്മികൻ ദമ്പതികളെ ആശിർവ്വദിച്ച് വിശുദ്ധജലം തളിക്കുന്നു).

അല്ലെങ്കിൽ മലയാള ഗാനം

സർവേശ സൂനു, കന്യകതൻ സൂനു
ദൈവാനുഗ്രഹമേകട്ടെ, നിങ്ങൾക്കെന്നും

ദൈവമാതാവിൽ ജാതനാമീശോ
ദൈവാനുഗ്രഹമേകട്ടെ, നിങ്ങൾക്കെന്നും

ത്യാഗത്തിൽ വേദികയിൽ ജീവൻ ബലിചെയ്തു
മിശിഹാ നിങ്ങൾക്കേകിടട്ടെ, ദിവ്യാനുഗ്രഹമെന്നും

വിജയത്തിൻ പൊൻകൊടിയാൽ സ്ലീവായെ തീർത്തവൻ
മിശിഹാ നിങ്ങൾക്കേകിടട്ടെ, ദിവ്യാനുഗ്രഹമെന്നും.

കുമ്പസാരം

കുമ്പസാരത്തിനുള്ള ജപം

സർവ്വശക്തനായ ദൈവത്തോടും, നിത്യകന്യകയായ പരിശുദ്ധ മറിയത്തോടും, പ്രധാന മാലാഖയായ വിശുദ്ധ മിഖായേലിനോടും, വിശുദ്ധ സ്നാപക യോഹന്നാനോടും, ശ്ലീഹന്മാരായ വിശുദ്ധ പത്രോസിനോടും, വിശുദ്ധ പൗലോസിനോടും, വിശുദ്ധ തോമ്മായോടും, സകല വിശുദ്ധരോടും, പിതാവേ, അങ്ങയോടും ഞാൻ ഏറ്റു പറയുന്നു. വിചാരത്താലും വാക്കാലും പ്രവൃത്തിയാലും ഞാൻ വളരെ പാപം ചെയ്തുപോയി. എന്റെ പിഴ, എന്റെ പിഴ, എന്റെ വലിയ പിഴ.

ആകയാൽ നിത്യകന്യകയായ പരിശുദ്ധ മറിയത്തോടും, പ്രധാന മാലാഖയായ വിശുദ്ധ മിഖായേലിനോടും, വിശുദ്ധ സ്നാപക യോഹന്നാനോടും, ശ്ലീഹന്മാരായ വിശുദ്ധ പത്രോസിനോടും, വിശുദ്ധ പൗലോസിനോടും, വിശുദ്ധ തോമ്മായോടും, സകല വിശുദ്ധരോടും, പിതാവേ, അങ്ങയോടും നമ്മുടെ കർത്താവായ ദൈവത്തോട് എനിയ്ക്കുവേണ്ടി പ്രാർത്ഥിക്കണമേ എന്ന് ഞാനപേക്ഷിക്കുന്നു. ആമ്മേൻ.

മനഃസ്തപ പ്രകരണം

എന്റെ ദൈവമേ ഏറ്റം നല്ലവനും എല്ലാറ്റിനും ഉപരിയായി സ്നേഹിക്കപ്പെടുവാൻ യോഗ്യനുമായ അങ്ങേയ്ക്കെതിരായി പാപം ചെയ്തുപോയതിനാൽ പൂർണ്ണഹൃദയത്തോടെ ഞാൻ മനഃസ്തപിക്കുകയും പാപങ്ങളെ വെറുക്കുകയും ചെയ്യുന്നു. എന്റെ പാപങ്ങളാൽ എന്റെ ആത്മാവിനെ അശുദ്ധമാക്കിയതിനാലും സ്വർഗ്ഗത്തെ നഷ്ടപ്പെടുത്തി നരകത്തിനു അർഹനായി (അർഹയായി) ത്തീർന്നതിനാലും ഞാൻ ഖേദിക്കുന്നു. അങ്ങയുടെ പ്രസാദവര സഹായത്താൽ പാപസാഹചര്യങ്ങളെ ഉപേക്ഷിക്കുമെന്നും മേലിൽ പാപം ചെയ്യുകയില്ലെന്നും ദൃഢമായി ഞാൻ പ്രതിജ്ഞ ചെയ്യുന്നു. ഏതെങ്കിലുമൊരു പാപം ചെയ്യുക എന്നതിനേക്കാൾ മരിക്കാനും ഞാൻ സന്നദ്ധനാ (യാ) യിരിക്കുന്നു. ആമ്മേൻ.

വലിയ ഒപ്പീസ്

കാർമി: അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

സമൂഹം: ആമ്മേൻ.

കാർമി: ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും.

സമൂഹം: ആമ്മേൻ.

കാർമി: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, ***(സമൂഹവും ചേർന്ന്)*** അങ്ങയുടെ നാമം പൂജിതമാകണമേ / അങ്ങയുടെ രാജ്യം വരണമേ / അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ. ഞങ്ങൾക്കു ആവശ്യകമായ ആഹാരം / ഇന്നു ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ / ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമേ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. ദുഷ്ടാത്രുപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ. എന്തുകൊണ്ടെന്നാൽ / രാജ്യവും ശക്തിയും മഹത്വവും എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ / അങ്ങയുടെ മഹത്വത്താൽ സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖമാരും മനുഷ്യരും / അങ്ങു പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്ന് ഉൽഘോഷിക്കുന്നു.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം; സമാധാനം നമ്മോടുകൂടെ.

ഒന്നാം ഭാഗം

കാർമി: കർത്താവേ, നിന്റെ കാരുണ്യത്തെ ഞങ്ങൾ പുകഴ്ത്തുകയും, മനുഷ്യവർഗത്തിന്റെ പാലകനായ നിന്റെ അനുഗ്രഹത്തെ ആരാധിക്കുകയും, നിന്റെ മഹനീയമായ ത്രിത്വത്തെ നിരന്തരം സ്തുതിക്കുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ നീ ആകാശത്തിന്റെയും ഭൂമിയുടെയും രാജാവാകുന്നു. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ.

സമൂഹം: ആമ്മേൻ.

ശുശ്രൂഷി: കർത്താവേ, നീ ശാസിക്കുന്നതും ശിക്ഷിക്കുന്നതും കോപത്തോടുകൂടെയാവരുതേ. മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി.

സമൂഹം രണ്ടു ഗണമായി തുടരുന്നു: (സ. 6)

കർത്താവേ, നീ ശാസിക്കുന്നതും ശിക്ഷിക്കുന്നതും
കോപത്തോടുകൂടെയാവരുതേ.

കർത്താവേ, എന്നോടു കരുണതോന്നണമേ:
എന്തുകൊണ്ടെന്നാൽ, ഞാൻ ദുർബലനാകുന്നു.

കർത്താവേ, എന്നെ സുഖപ്പെടുത്തണമേ:
എന്തുകൊണ്ടെന്നാൽ, എന്റെ അസ്ഥികൾ ഇളകിയിരിക്കുന്നു.

എന്റെ ആത്മാവ് അത്യന്തം അസ്വസ്ഥമായിരിക്കുന്നു.

കർത്താവേ, നീ എത്രത്തോളം വൈകും?
നീ എന്നെ തൃക്കൺപാർത്ത്, എന്റെ ആത്മാവിനെ രക്ഷിക്കണമേ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി:
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

ശുശ്രൂഷി: കർത്താവേ, നീ ശാസിക്കുന്നതും ശിക്ഷിക്കുന്നതും കോപത്തോടുകൂടെയാവരുതേ. മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി. പ്രാർഥിക്കാം, നമുക്കു സമാധാനം.

കാർമി: കർത്താവേ, നിന്റെ കരുണ ഞങ്ങളെ അനുഗമിക്കുകയും, നിന്റെ ദയാധിക്യം ഞങ്ങളുടെ പാപങ്ങൾ മായിച്ചുകളയുകയും ചെയ്യട്ടെ. നിന്റെ മഹനീയമായ ത്രിത്വത്തിന്റെ അനുഗ്രഹം ഞങ്ങളെ സഹായിക്കട്ടെ. ജീവന്റെയും മരണത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ.

സമൂഹം: ആമ്മേൻ.

ഗാനം
(ലെക്കാ ഏസൽ ...)

നിന്നിൽനിന്നു ഞാനെവിടെപ്പോകും.
എവിടെയൊളിക്കും കർത്താവേ നിൻ, സന്നിധിവിട്ടെങ്ങോടും ഞങ്ങൾ?
ആകാശം നിൻ പാർപ്പിടമല്ലോ, കരയും കടലും നിറയുന്നോനേ,
പാതാളത്തിലുമവിടുന്നല്ലോ, വാഴുന്നെവിടെയൊളിക്കും ഞങ്ങൾ?

പൂർണ്ണമായെന്നെ നീയറിയുന്നു.
പാപം വലുതാണതുപോലങ്ങേ, കൃപയും വലുതെന്നറിവൂ ഞങ്ങൾ
കാരുണ്യം നീ കാണിക്കായ്കിൽ, നരഗണമാകെ നശിക്കും നൂനം
നാഥാ, നിന്നുടെ മാംസനിണങ്ങൾ, കൈക്കൊണ്ടവരെക്കൈവെടിയല്ലേ.

എന്നെ സൃഷ്ടിച്ച് എന്റെ മേൽ നീ കൈകൾവച്ചു.
ആദിയിലലിവൊടു ജന്മം നല്കി, മർത്യനു നിന്നുടെ രൂപവുമേകി
പാപം ചെയ്തു നിനക്കെതിരായി, കോപം പൂണ്ടു നശിപ്പിക്കല്ലേ:
നാഥാ, നിന്റെ അനുഗ്രഹപൂരം, വർഷിക്കണമേ ഞങ്ങളിലെല്ലാം.

മഹിമയിൽ നിന്നു രാജകുമാരി
ബലിപീഠത്തിൽ കൂട്ടുചമയ്ക്കും, പ്രാവുകണക്കെ തിരുസഭ നിൽപൂ:
കൂട്ടു തകർത്താപ്രാക്കളെയെല്ലാം, കുരുതി കഴിക്കാൻ സർപ്പമണഞ്ഞു
കർത്താവേ, നിൻ ദിവ്യനിണത്താൽ, നേടിയ സഭയെക്കൈവെടിയല്ലേ.

കടലിൽ യാത്ര ചെയ്യുന്നവർ
ആഴികടക്കും വർത്തകരെപ്പോ-, ലൂഴിയിലങ്ങനെ നീങ്ങുന്നു നാം:
കരയെത്തുമ്പോൾ ധനമില്ലാത്തോർ, കരയും: മറ്റവരാനന്ദിക്കും:
ശാശ്വതമാം ധനമുള്ളവരെല്ലാ-, മന്ത്യദിനത്തിൽ വിജയം നേടും.

നിന്റെ സന്നിധിയിൽനിന്നു ഞങ്ങളെ തിരസ്കരിക്കരുതേ.
അന്തിമദിവസം മർത്യഗണത്തിൻ, ചെയ്തികൾ ത്രുക്കിയളക്കുന്നേരം
ത്രിത്വത്തിങ്കൽ ദൃഢവിശ്വാസം, പാലിച്ചവരാം ഞങ്ങൾക്കെല്ലാം
ആനന്ദത്തിൻ പറുദീസായിൽ, നല്കണമേ ചിരമക്ഷയ ജീവൻ.

കർത്താവു എന്നെ കഠിനമായി ശിക്ഷിച്ചു.
വേദനതിങ്ങിയ ജീവിതയാനം, പെട്ടെന്നങ്ങു നിലച്ചുകഴിഞ്ഞു:
കർത്താവേ, നിൻ കല്പനയാലേ, അന്തിമയാത്ര പറഞ്ഞുകഴിഞ്ഞു:
വിധിദിവസം നിൻ വിളി കേൾക്കുമ്പോൾ,
സന്നിധിയണയാൻ വരമരുളേണം.

നീതിമാനും സത്യമുള്ളവനും.
യൗനാനേകിയ സന്ദേശത്താൽ, നിനിവേനഗരി മനസ്സുതിരിഞ്ഞു:
അനുതാപത്തൊടു ചാക്കുമുടുത്താ-, ജനമെല്ലാമുപവാസമിരുന്നു:
കരുണാനിധിയാമുലകിൻ നാഥൻ, പൊറുതി നമുക്കും നല്കും നൂനം.

ജനങ്ങളേ, നിങ്ങളെല്ലാവരും ഇതു ശ്രവിക്കുവിൻ.
ഉപവാസത്താൽ ഹന്നനിയായും, കൂട്ടരുമന്നെരിതീയിൽ നടന്നു:
ഉപവാസത്താൽ ദാനിയെലന്നാൾ, സിംഹഗണത്തിൻ വായ്കൾ പൂട്ടി;
ഉപവാസത്താൽ മിശിഹാനാഥൻ, നരകപിശാചിന്നപജയമേറ്റി.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
നൃപനാം മിശിഹാ കർത്താവേ നീ, അംബരവീഥിയിലന്തിമനാളിൽ
അന്ത്യവിധിക്കായണയുന്നേരം, കനിവൊടു ഞങ്ങളെ രക്ഷിക്കേണം:
സിദ്ധന്മാരുടെ നിരയിച്ച്ചേർത്താ-, നിത്യവിരുന്നിനണച്ചരുളേണം.

ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

നിത്യമഹോന്നതമംഗളമോടെ, കുരിശു വിയത്തിലുയർന്നുവരുമ്പോൾ
ന്യായാധിപനാം മിശിഹാരാജൻ, മേഘച്ചുരുളിലിറങ്ങിവരുമ്പോൾ
അറുതിവരാത്തോരവികലമോദം, പകരണമേ നീ ഞങ്ങൾക്കെല്ലാം.

കാർമി: "നീ ഇന്ന് എന്നോടുകൂടെ പറുദീസായിലായിരിക്കും" എന്നു / നല്ല കള്ളനോടു വാഗ്ദാനംചെയ്ത / നീതിമാനും അനുഗ്രഹസമ്പന്നനുമായ കർത്താവേ, നിന്റെ നീതി നടത്തപ്പെടുന്ന മഹനീയവും ഭീതിജനകവുമായ വിധിദിവസത്തിൽ / നിന്റെ സമൃദ്ധമായ അനുഗ്രഹം ഞങ്ങളെ ആശ്വസിപ്പിക്കുമാറാകട്ടെ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ.

സമൂഹം: ആമ്മേൻ. കർത്താവേ, അനുഗ്രഹിക്കണമേ.

കാർമി: ജീവിതകാലത്തു ഞങ്ങളുടെ ആലംബവും / മരണശേഷം ഞങ്ങളുടെ പ്രതീക്ഷയുമായ മിശിഹായേ, നീ ആകാശത്തിലും ഭൂമിയിലും ആരാധ്യനാകുന്നു. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ.

സമൂഹം: ആമ്മേൻ.

ബോധനഗാനം *(ശ്ലൈയെ ...)*

കാർമി: മങ്ങിയൊരന്തിവെളിച്ചത്തിൽ
ചെന്തീപോലൊരു മാലാഖ
വിണ്ണിൽനിന്നെൻ മരണത്തിൻ
സന്ദേശവുമായ് വന്നരികിൽ.

സമൂഹം: മങ്ങിയൊരന്തിവെളിച്ചത്തിൽ ...

കാർമി: കേട്ടുനടുങ്ങീ മനമിളകി
പേടിവളർന്നെൻ സ്വരമിടറി
മിഴിനീർ ശ്ലോകിയുണർത്തിച്ചു:
"ഞാനൊരു നിമിഷമൊരുങ്ങട്ടെ."

സമൂഹം: മങ്ങിയൊരന്തിവെളിച്ചത്തിൽ ...

കാർമി: ദൂതൻ പ്രാർഥന കേട്ടില്ല;
സമയം തെല്ലും തന്നില്ല;
മൃതിയുടെ പിടിയിലമർന്നു ഞാൻ
നാഥാ, നീതാനവലംബം.

സമൂഹം: മങ്ങിയൊരന്തിവെളിച്ചത്തിൽ ...

രണ്ടാം ഭാഗം

കാർമി: ഞങ്ങളുടെ ശരണവും ആശ്രയവുമായ ദൈവമേ, പാപങ്ങളും കടങ്ങളും പൊറുക്കുന്നവനേ, നിന്റെ മഹനീയമായ ത്രിത്വത്തിന്റെ അഗ്രാഹ്യമായ അനന്തകാരുണ്യം / അത്ഭുതാവഹവും ആരാധ്യവുമാകുന്നു. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ.

സമൂഹം: ആമ്മേൻ.

ശുശ്രൂഷി: കർത്താവേ, എത്രത്തോളം നീ എന്നെ വിസ്മരിക്കും.
മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി.

സമൂഹം രണ്ടു ഗണമായി തുടരുന്നു (സ. 31)

കർത്താവേ എത്രത്തോളം നീ എന്നെ വിസ്മരിക്കും?
നിത്യമായി നീ എന്നെ മറന്നുകളയുമോ?

എത്രത്തോളം നിന്റെ മുഖം എന്നിൽനിന്നു മറച്ചുവയ്ക്കും?
എത്രനാൾ എന്റെ ആത്മാവു വേദനിക്കയും
ഹൃദയം ദു:ഖിക്കയും ചെയ്യണം?

എത്രനാൾ എന്റെ ശത്രു എന്റെമേൽ ഉയർന്നുനില്ക്കും?
എന്റെ ദൈവമായ കർത്താവേ, എന്നെ കടാക്ഷിക്കണമേ.

എന്റെ പ്രാർഥന കേൾക്കുകയും ചെയ്യണമേ:
മരണനിദ്രയിൽ നിപതിക്കാതെ
എന്റെ മിഴികൾ പ്രകാശിപ്പിക്കണമേ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

ശുശ്രൂഷി: കർത്താവേ, എത്രത്തോളം നീ എന്നെ വിസ്മരിക്കും?
മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി.
പ്രാർഥിക്കാം, നമുക്കു സമാധാനം.

കാർമി: കർത്താവേ, മരിച്ചവരെ നീ കരുണാപൂർവ്വം ഉയിർപ്പിച്ചു / നിന്റെ വലതുഭാഗത്തു നിറുത്തണമേ. അനുഗ്രഹ സമ്പന്നനും പാപങ്ങൾ പൊറുക്കുന്നവനുമായ മിശിഹായേ, നിന്നെ പ്രസാദിപ്പിച്ച നീതിമാന്മാരോടുകൂടെ / ഇവരെയും നിന്റെ രാജ്യത്തിൽ മനോഹരമായ നിത്യമഹത്വം അണിയിക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ.

സമൂഹം: ആമ്മേൻ.

ഗാനം

(മൽക്കാ മിശിഹാ പാറോക്കൻ ...)

കാഹളമൂതി പ്രകീർത്തിക്കുവിൻ.
കാഹളനാദം കേൾക്കുമ്പോ- / ളുണരുന്നു മൃതരൊന്നാകെ;
ബാവാ പുത്രൻ റൂഹായ്ക്കും / കീർത്തനഗാനം പാടുന്നു.

രോഗങ്ങൾ അവൻ സുഖമാക്കും.
നാശത്തിൻ നിന്നാദാമിൻ / സുതരെയുയർത്തിയ തിരുസൂനോ,
ജീവനെനിക്കുപകർന്നുവലം- / ഭാഗമണച്ചു നിറുത്തണമേ.

സ്വർഗ്ഗത്തിൽ നിന്നയച്ച് എന്നെ രക്ഷിച്ചു.
മർത്യഗണത്തിനു മൃത്യുവിൽ നി- / ന്നരിയവിമോചനമരുളീടാൻ
തൻ പ്രിയസുതനെ നിയോഗിച്ചോൻ / ദൈവം നിത്യസമാരാധ്യൻ.

ദൈവത്തിൽ ഞാൻ സന്തോഷിക്കും
പാവനമാകും കുരിശിനെയി- / ന്നഭയം തേടുന്നവരെല്ലാം
അക്ഷയമുന്നതമഹിമാവിൻ / നിക്ഷേപത്തിനുടമകളാം.

വരുവിൻ, കർത്താവിനെ വാഴ്ത്താം
വരുവിൻ, മൃതിയേ മൃതിയാലേ / വിജയിച്ചവനെ വാഴ്ത്തീടാം:
പുനരുത്ഥാനം നല്കുന്നോ- / നാരാധനയും കീർത്തനവും.

എല്ലാവരും നിന്നെപ്പാർത്തിരിക്കുന്നു.
അദ്ധ്വാനത്തിനു സമ്മാനം / നേടാൻ നാഥാ, മൃതരെല്ലാം
നിന്നുടെയാഗമദിനവും കാ- / ത്തക്ഷമരായിക്കഴിയുന്നു.

നിന്റെ ശോഭയിൽ ഞങ്ങൾ പ്രകാശം കാണുന്നു.
വാരൊളി ചൂഴ്ന്നു വിരാജിക്കും / സിദ്ധരെനോക്കിനിരാശന്മാർ
പാപികൾ പറയും: "കർത്താവേ, / നിൻ വിധി സത്യം ന്യായവുമാം."

ദൈവകല്പന അവർ നിരസിച്ചു.
ആദിപിതാവാമാദത്തിൻ / പാപം മൂലം ഭൂലോകം
മൃതിയുടെ പിടിയിലമർന്നഴലിൻ / നടുവിൽത്താണു നരവംശം.

ദൈവമേ നീ സ്തുത്യർഹനാകുന്നു.
മിശിഹാ രണ്ടാമാദമിതാ, / മരണം മൂലം മരണത്തെ
വിജയിച്ചൊടുവിലുയിർത്തപ്പോൾ / മർത്യനു ശരണം കൈവന്നു.

നീതിയുടെ വാതിൽ തുറക്കണമേ.
പശ്ചാത്താപം കൊള്ളുകയാൽ / കള്ളനു മാപ്പുകൊടുത്തല്ലോ:
നാഥാ, പാപികൾ ഞങ്ങൾക്കായ് / കൃപയുടെ വാതിൽ തുറക്കണമേ.

അവൻ നിന്റെ നാഥനാകുന്നു.
ദൈവത്തിൻ തിരുമാതാവേ, / കന്യാമേരി, ഞങ്ങൾക്കായ്
പ്രാർഥിക്കണമേ സുതനൊടു നീ / ദൈവാനുഗ്രഹമെന്നെന്നും

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
ഇരുളിൽ മുങ്ങിയ ഹൃദയങ്ങൾ / വിശ്വാസത്തിൻ പ്രഭയാലേ
ഉജ്ജ്വലമാക്കിയ സകലേശാ / വാഴ്ത്തിപ്പാടി നമിക്കുന്നു.

ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.
ആരാധകരുടെയർഥനകൾ / നിൻ തിരുസന്നിധിയണയട്ടെ:
ദുഷ്ടപിശാചിൻ വഞ്ചനകൾ / നാഥാ, ഞങ്ങൾ തകർക്കട്ടെ.

കാർമി: "നിന്റെ പാപങ്ങൾ പൊറുത്തിരിക്കുന്നു" എന്നു പാപിനിയോട് അരുളിച്ചെയ്ത് / അവളെ ആനന്ദിപ്പിച്ച കർത്താവേ, പാപപങ്കിലമായ ഈലോക ജീവിതത്തിനുശേഷം / സമാധാനത്തോടെ യാത്രപുറപ്പെടുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. മരണശേഷം മഹത്തായ പുനഃരുത്ഥാനത്തിനു ഞങ്ങളെ അർഹരാക്കണമേ. നിന്റെ പരിപാലനത്തെ നിരന്തരം പുകഴ്ത്തുവാനായി / ഞങ്ങളെ നിന്റെ സന്നിധിയിൽ ചേർക്കുകയും ചെയ്യണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ.

സമൂഹം: ആമ്മേൻ, കർത്താവേ, അനുഗ്രഹിക്കണമേ.

കാർമി: യോവാറാശിന്റെ പുത്രിയെ ഉയിർപ്പിച്ച് അയാളെ ആശ്വസിപ്പിച്ച കർത്താവേ, പ്രിയപ്പെട്ടവരുടെ വേർപാടിൽ ദു:ഖിതരായിരിക്കുന്ന നിന്റെ ദാസരെയും ആശ്വസിപ്പിക്കണമേ. അവരെ നിരാശരാക്കാതെ ഉത്ഥാനത്തിന്റെ പ്രതീക്ഷയാൽ ധൈര്യപ്പെടുത്തണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ.

സമൂഹം: ആമ്മേൻ.

പ്രബോധനഗാനം
(ലാതെക്റേ ലാക്...)

കാർമി: അസ്ഥിരമല്ലോ ഭുവനവുമതിലേ ജഡികാശകളും
നീർപ്പോളകൾപോലെല്ലാമെല്ലാം മാഞ്ഞടിയുന്നു.

സമൂഹം: അസ്ഥിരമല്ലോ ...

കാർമി: ഇന്നലെയുള്ളോരിന്നിവിടില്ല ഇനി വരികില്ല:
യാത്രക്കാരാ, മുന്നിലതാനിൻ കബറിടമല്ലേ?

സമൂഹം: അസ്ഥിരമല്ലോ ...

കാർമി: പറുദീസാ ഞാൻ കണ്ടൊരുദിനമെൻ ഭാവനതന്നിൽ
എത്രവിശിഷ്ടം സുഖസമൃദ്ധം ദർശനസുഭഗം!

സമൂഹം: അസ്ഥിരമല്ലോ ...

മൂന്നാം ഭാഗം

കാർമി: ദൈവമേ, നിന്റെ മഹനീയമായ ത്രിത്വത്തിന്റെ നിഗൂഢമായ ശക്തിക്കു ഞങ്ങൾ / സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. എന്തുകൊണ്ടെന്നാൽ നീ ആകാശത്തിന്റെയും ഭൂമിയുടെയും രാജാവാകുന്നു. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ.

സമൂഹം: ആമ്മേൻ.

ശുശ്രൂഷി: നിന്റെ ദാസന്റെ ആത്മാവിനെ ആനന്ദിപ്പിക്കണമേ:
മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി.

സമൂഹം രണ്ടു ഗണമായി തുടരുന്നു (സങ്കീ. 86)

നിന്റെ ദാസന്റെ ആത്മാവിനെ ആനന്ദിപ്പിക്കണമേ:
കർത്താവേ, എന്റെ മനസ്സ് നിന്റെ പക്കലേയ്ക്കു ഞാനുയർത്തുന്നു.

എന്തുകൊണ്ടെന്നാൽ, നീ നല്ലവനാകുന്നു:
നിന്നെവിളിക്കുന്നവർക്കെല്ലാം നീ കരുണനിറഞ്ഞവനുമാകുന്നു.

കർത്താവേ, എന്റെ പ്രാർഥന നീ കേൾക്കണമേ:
എന്റെ വിളിയുടെ ശബ്ദം നീ ശ്രദ്ധിക്കണമേ.

എന്റെ സങ്കടകാലങ്ങളിൽ നിന്നെ വിളിക്കുമ്പോൾ
നീ എന്റെ പ്രാർഥന കേൾക്കുന്നു:
എന്റെ ദൈവമായ കർത്താവേ, നിനക്കു സമനായി ആരുമില്ല.

നിന്റെ പ്രവൃത്തികൾ നിസ്തുലങ്ങളാകുന്നു:
കർത്താവേ, നീ സൃഷ്ടിച്ച എല്ലാ ജനതയും, നിന്നെ വന്നാരാധിക്കും.

നിന്റെ നാമം അവർ പുകഴ്ത്തുകയും ചെയ്യും:
എന്തുകൊണ്ടെന്നാൽ, നീ വലിയവനാകുന്നു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി:
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

ശുശ്രൂഷി: നിന്റെ ദാസന്റെ ആത്മാവിനെ ആനന്ദിപ്പിക്കണമേ.
മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി.
പ്രാർഥിക്കാം, നമുക്കു സമാധാനം.

കാർമി: മരിച്ചവരെ ഉയിർപ്പിക്കുന്നവനും / ജീവിക്കുന്നവരെ രൂപാന്തരപ്പെടുത്തുന്നവനും / പാപികളെ അനുഗ്രഹിക്കുന്നവനുമായ കർത്താവേ, നിന്റെ മഹനീയമായ ത്രിത്വത്തിനു / ഞങ്ങൾ ആരാധനയും സ്തുതിയും സമർപ്പിക്കുന്നു. എന്തുകൊണ്ടെന്നാൽ നീ ആകാശത്തിന്റെയും ഭൂമിയുടെയും രാജാവാകുന്നു. ജീവന്റെയും മരണത്തിന്റെയും നാഥനും / പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ.

സമൂഹം: ആമ്മേൻ.

ഗാനം

(ബ് എന്താൻ സപ്രാ ...)

നീതിമാന്മാരേ, കർത്താവിനെ സ്തുതിക്കുവിൻ
സമയമടുത്തു ദൈവമിതാ, / ന്യായാധിപനായണയുന്നു;
സ്വീകരണത്തിനൊരുങ്ങിടുവിൻ: / സൽകൃത്യങ്ങൾ ചെയ്തിടുവിൻ
പരിശുദ്ധന്മാർക്കവനേകും / നിത്യാനന്ദവുമാശ്ലിസ്സും.

കർത്താവു തന്റെ വിധി വിളംബരം ചെയ്യും.
ഈശോനാഥൻ ചൊല്ലുന്നു: / "ഞാനല്ലോ പുനരുത്ഥാനം
ഞാൻ തന്നെ നിത്യായുസ്സും: / എന്നിൽ ദൃഢമാം വിശ്വാസം
ചേർപ്പോനിവിടെ മരിച്ചാലും / നല്കും ഞാനവനുത്ഥാനം."

ദൈവമേ, ആരു നിനക്കു തുല്യനാകും.
എതിരേല്പിന്നായ് വന്നവരാം / കന്യകമാരൊടവൻ നരരെ
ഉപമിച്ചതു നാമറിയുന്നു; / മണവാളൻ തൻ വിളികേൾക്കെ
നിദ്രയുണർന്നാക്കന്യകമാർ / വേഗമെടുത്തു വിളക്കുകളും.

രാജമന്ദിരത്തിലവർ പ്രവേശിക്കും.
മതിശാലിനികൾ കന്യകമാ- / രെണ്ണപകർന്നു വിളക്കുകളിൽ
തിരികൾ കൊളുത്തിയൊരുക്കുന്നു; / മണവാളനതാ, സ്വർഗ്ഗത്തിൻ
വാതിൽ തുറന്നകമണയുന്നു / കന്യകളാൽ പരിസേവിതനായ്.

ദുഷ്ടർക്ക് അവരുടെ പ്രതിഫലം നല്കുന്നു.
മതിയറ്റവരാം കന്യകമാ- / രെണ്ണവിളക്കിലെടുത്തീലാ;
തിരികൾ കൊളുത്തിയൊരുക്കീലാ: / വാതിലടച്ചു മണവാളൻ
നിഷ്കാസിതരായവരെല്ലാം / നൈരാശ്യമൊടേ കരയുന്നു.

നീതിമാനായ നിന്റെ വിധി നിഷ്പക്ഷമാകുന്നു.
അദ്ധ്വാനത്തിന്നനുഗുണമായ് / പ്രതിഫലമീശൻ നല്കുന്നു
നല്ലവനേകും നാകസുഖം: / ദുഷ്ടന്മാർക്കോ തീനരകം;
നാകത്തിൽ കതിരണിയില്ല; / നരകത്തിൽ തീ കെടുകില്ല.

നീ അവനുവേണ്ടി സജ്ജമാക്കിയ സ്ഥലത്ത്
വിശ്രാന്തിക്കായുന്നതമാം / പറുദീസായിൽ ചെന്നൊടുവിൽ
പരിശുദ്ധന്മാരൊരുമിക്കും; / അവിടെയവർക്കില്ലദ്ധ്വാനം;
പീഡയുമാധിയുമില്ലവിടം; / സൗഭാഗ്യത്തിൻ പൂവനമാം.

എത്ര വിശിഷ്ടവും മനോഹരവുമാകുന്നു.
പരിശുദ്ധന്മാർ കുടികൊള്ളും / കബറിടമെത്ര മനോഹരമാം
അവരുടെ മരണം ധന്യവുമാം: / തുലനം ചെയ്യിൽ മന്നവർതൻ
പൊങ്ങി വിളങ്ങും കൊട്ടാരം / തിമിരം തിങ്ങും പാഴ്ക്കുടിലാം.

കർത്താവേ, നീ നല്ലവനാകുന്നു.
കരുണാനിധിയാം കർത്താവേ, / പാപം നോക്കി വിധിക്കരുതേ;
നീയവ ളുക്കിയളന്നീടിൽ / മാമലനിരയേക്കാളേറ്റം
ഘനമുള്ളവയായ്കാണും; നീ / ഓർക്കരുതോർക്കരുതവയൊന്നും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
നൃപനാം മിശിഹാ കർത്താവേ, / നിന്നുടെയാഗമദിവസത്തിൽ
പുനരുത്ഥാനം നല്കണമേ: / പരിശുദ്ധന്മാരൊത്തു വലം-
ഭാഗത്തെന്നെ നിറുത്തണമേ: / ശരണം മർത്ത്യനു നീയല്ലോ.

ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.
കൃപയോലും നിൻ വലതുകരം / നീട്ടിയനുഗ്രഹമേകണമേ:
സഭയെക്കാത്തു ഭരിക്കണമേ; / മരണത്തിൻ വായ് പൂട്ടണമേ
ശാന്തിജഗത്തിൽ വിതയ്ക്കണമേ / കരുണാനിധിയാം കർത്താവേ.

വായന *(പുരുഷന്മാർക്ക്)*

ശുശ്രൂഷി: ഏശയ്യാ നിവ്യായുടെ പുസ്തകത്തിൽ നിന്നുള്ള വായന (38/10).

തന്റെ ദൈവമായ കർത്താവിന്റെ സന്നിധിയിൽ എസക്കിയാസ് പ്രാർഥിച്ച് ഇപ്രകാരം പറഞ്ഞു. ശിഷ്ടായുസ്സ് ഉപേക്ഷിച്ച് ഞാൻ എന്റെ ജീവിതമദ്ധ്യത്തിൽ പാതാളത്തിലേയ്ക്കു പോകും എന്നു ഞാൻ പറഞ്ഞു. ജീവിക്കുന്നവരുടെ നാട്ടിൽ കർത്താവിനെ ഞാൻ ദർശിക്കുകയില്ല, പാതാളത്തിൽ വസിക്കുന്നവരോടുകൂടെ മനുഷ്യരേയും ഇനി ഞാൻ

കാണുകയില്ല. എന്റെ തലമുറ അവസാനിച്ചു. ആട്ടിടയന്മാരുടെ കൂടാരം പോലെ അതു മാറിമാറി പോയി. മുറിക്കപ്പെടാറായ നെയ്ത്തുനൂൽ പോലെ എന്റെ ജീവിതം വിച്ഛേദിക്കപ്പെട്ടു. രാവും പകലും നീ എന്നെ മരണത്തിനു വിട്ടുകൊടുത്തു. മീവൽപ്പക്ഷിയെപ്പോലെ ഞാൻ ഞരങ്ങിക്കൊണ്ടിരുന്നു. മാടപ്രാവിനെപ്പോലെ ഞാൻ കുറുകിക്കൊണ്ടിരുന്നു. എന്റെ കണ്ണുകൾ ഞാൻ സ്വർഗ്ഗത്തിലേയ്ക്കുയർത്തി. കർത്താവേ, എന്നെ രക്ഷിച്ച് എന്നെ ആശ്വസിപ്പിക്കണമേ.

സമൂഹം: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

വായന *(സ്ത്രീകൾക്ക്)*

ശുശ്രൂഷി: ശ്ലീഹന്മാരുടെ നടപടിപുസ്തകത്തിൽ നിന്നുള്ള വായന (9/36)

യോപ്പേ നഗരത്തിൽ സൽപ്രവൃത്തികളാലും ദാനധർമ്മങ്ങളാലും സമ്പന്നയായി ത്വീസാ എന്നുപേരുള്ള ഒരു ശിഷ്യയുണ്ടായിരുന്നു. ആ ദിവസങ്ങളിൽ അവൾ രോഗം പിടിപെട്ടു മരിക്കുകയും, അവർ അവളെ കുളിപ്പിച്ചു മാളികയിൽ കിടത്തുകയും ചെയ്തു. തത്സമയം ശെമയോൻ പത്രോസ് യോപ്പേയ്ക്കു സമീപമുള്ള ലോദ് എന്ന പട്ടണത്തിലുണ്ടെന്നു ശിഷ്യർ കേട്ടു. വേഗം തങ്ങളുടെ അടുത്തേയ്ക്ക് വരണമെന്ന് അഭ്യർഥിക്കുവാൻ രണ്ടുപേരെ ശിഷ്യർ അവന്റെ പക്കലേയ്ക്കയച്ചു. ശെമയോൻ എഴുന്നേറ്റ് അവരുടെ കൂടെപ്പോയി. അവൻ സ്ഥലത്തെത്തിയപ്പോൾ അവർ അവനെ മാളികയിലേയ്ക്കു കയറ്റിക്കൊണ്ടുപോയി. ത്വീസാ ജീവിച്ചിരുന്നപ്പോൾ നല്കിയ അങ്കികളും പുറങ്കുപ്പായങ്ങളും കാണിച്ചു കരഞ്ഞുകൊണ്ടു വിധവകളെല്ലാം അവന്റെ ചുറ്റും കൂടിനിന്നു. എല്ലാവരെയും പുറത്താക്കിയശേഷം ശെമയോൻ മുട്ടുകുത്തി പ്രാർഥിച്ചു.

പിന്നെ അവൻ മൃതശരീരത്തിന്റെ നേരെ തിരിഞ്ഞ് "ത്വീസാ, എഴുന്നേല്ക്കുക" എന്ന് ആജ്ഞാപിച്ചു. അവൾ കണ്ണുകൾ തുറക്കുകയും ശെമയോനെ കണ്ടപ്പോൾ എഴുന്നേറ്റിരിക്കുകയും ചെയ്തു. അവൻ കൈനീട്ടി അവളെ എഴുന്നേല്പിച്ചു നിർത്തി. അനന്തരം വിശുദ്ധരെയും വിധവകളെയും അകത്തുവിളിച്ച്, ജീവനുള്ളവളായി അവർക്കു ഏല്പിച്ചു കൊടുത്തു. ഇതു പട്ടണം മുഴുവൻ പരസ്യമായി. വളരെപ്പേർ കർത്താവിൽ വിശ്വസിക്കുകയും ചെയ്തു.

സമൂഹം: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

കാർമി: എന്റെ രക്ഷകനും ദൈവവുമായ കർത്താവേ,
രാവും പകലും നിന്നെ ഞാൻ വിളിക്കുന്നു.
പരിശുദ്ധാത്രുപിയുടെ ഗാനങ്ങളാലപിച്ചുകൊണ്ട്
നമ്മുടെ *സഹോദരനായ (സഹോദരിയായ)* ... ന്റെ
ഓർമ്മ നമുക്ക് ആചരിക്കാം. ദൈവമേ, നിനക്കു സ്തുതി.

സമൂഹം: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
പരിശുദ്ധാത്രുപിയുടെ ഗാനങ്ങളാലപിച്ചുകൊണ്ട് ...

സമൂഹം: ആദിമുതൽ എന്നേക്കും ആമ്മേൻ.
പരിശുദ്ധാത്രുപിയുടെ ഗാനങ്ങളാലപിച്ചുകൊണ്ട് ...

കാർമി: മാലാഖമാരാൽ സ്തുതിക്കപ്പെടുകയും മനുഷ്യരാൽ പുകഴ്ത്തപ്പെടുകയും ചെയ്യുന്ന കർത്താവേ, നിന്റെ തിരുനാമത്തെ വാഴ്ത്തുവാനും / നിന്റെ മഹത്വത്തെ പകീർത്തിക്കുവാനുമായി മരിച്ചവരെ നീ ഉയിർപ്പിക്കണമേ. എന്തുകൊണ്ടെന്നാൽ നീ ആകാശത്തിന്റെയും ഭൂമിയുടെയും രാജാവാകുന്നു. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ.

സമൂഹം: ആമ്മേൻ. കർത്താവേ, അനുഗ്രഹിക്കണമേ.

കാർമി: കരുണാനിധിയും പാപങ്ങൾ പൊറുക്കുന്നവനുമായ കർത്താവേ, നിന്റെ ദയാധിക്യത്താൽ ഞങ്ങളുടെ പാപങ്ങൾ മായിച്ചുകളയുകയും / ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ.

സമൂഹം: ആമ്മേൻ.

പ്രബോധന ഗാനം
(ബ്ഹദ്മിൻ യൗമീൻ)

കാർമി: മനുജനു ജന്മം നല്കിയ നാഥാ
മരണത്തിൽ നീ
പുനഃരുത്ഥാനം പകരുന്നല്ലോ,
വാഴ്ത്തീടുന്നേൻ.

സമൂഹം: മനുജനു ജന്മം നല്കിയ നാഥാ ...

കാർമി: ഒഴുകിവരുന്നു വാനവഗാനം,
പൂഴിയിൽനിന്നും

മൃതരുണരുന്നു നിത്യവിരുന്നിൻ,
പുലരിവരുന്നു.

സമൂഹം: മനുജനു ജന്മം നല്കിയ നാഥാ ...

കാർമി: പുരുമോഹനമാപ്പുലരിയിൽ നാഥാ,
പൂങ്കതിരണിയും
സുകൃതികളോടെ നാകം ചേരാൻ,
വരമരുളേണം.

സമൂഹം: മനുജനു ജന്മം നല്കിയ നാഥാ ...

ശുശ്രൂഷി: അഗാധത്തിൽനിന്നു നിന്നെ ഞാൻ വിളിക്കുന്നു.
മരിച്ചവരെ ഉയിർപ്പിക്കുന്നവനേ നിന്റെ തിരുനാമത്തിനു സ്തുതി.

രണ്ടു ഗണമായി തുടരുന്നു (സങ്കീ. 129).

അഗാധത്തിൽനിന്നു നിന്നെ ഞാൻ വിളിക്കുന്നു.

കർത്താവേ എന്റെ ശബ്ദം കേൾക്കണമേ.

എന്റെ പ്രാർഥന ചെവിക്കൊള്ളണമേ.

കർത്താവേ നീ പാപമെല്ലാം ഓർത്തിരിക്കുമെങ്കിൽ
ആർക്കു രക്ഷയുണ്ടാകും.

എന്തുകൊണ്ടെന്നാൽ, പാപമോചനം
നിന്റെ പക്കൽ നിന്നാകുന്നുവല്ലോ.

കർത്താവിൽ ഞാൻ ശരണപ്പെടുന്നു.

എന്റെ പ്രതീക്ഷ അവന്റെ വാഗ്ദാനത്തിലാകുന്നു.

പുലരിയാവാൻ കാത്തിരിക്കുന്ന കാവല്ക്കാരെപ്പോലെ,
കർത്താവേ നിന്നെ ഞാൻ കാത്തിരിക്കുന്നു.

പുലരിയാവാൻ കാത്തിരിക്കുന്ന കാവല്ക്കാരെപ്പോലെ,
ഇസ്രായേലും കർത്താവിനെ കാത്തിരിക്കുന്നു.

എന്തുകൊണ്ടെന്നാൽ അവൻ കരുണയുള്ളവനാകുന്നു.

പൂർണമായ രക്ഷയും അവന്റെ പക്കലാകുന്നു.
ഇസ്രായേലിനെ അതിന്റെ പാപങ്ങളിൽ നിന്നെല്ലാം,
അവൻ രക്ഷിക്കും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ആദിമുതൽ എന്നേക്കും ആമ്മേൻ.

ശുശ്രൂഷി: അഗാധത്തിൽനിന്നു നിന്നെ ഞാൻ വിളിക്കുന്നു. മരിച്ചവരെ ഉയിർപ്പിക്കുന്നവനേ നിന്റെ തിരുനാമത്തിനു സ്തുതി. പ്രാർഥിക്കാം നമുക്കു സമാധാനം.

കാർമി: സജീവവും ജീവദായകവുമായ ശബ്ദത്താൽ ലാസറിനെ ഉയിർപ്പിച്ച കർത്താവേ / ആ ശബ്ദം മഹനീയമായ നീതിവിധിയുടെ ദിവസത്തിൽ നിന്റെ *ദാസനെ (ദാസിയെ)* വിളിക്കുകയും / നിന്റെ വലതു ഭാഗത്ത് നിറുത്തുകയും ചെയ്യട്ടെ. പാപങ്ങൾ പൊറുക്കുന്നവനും കരുണ നിറഞ്ഞവനും നീതിമാനുമായ വിധികർത്താവേ, ജീവന്റെയും മരണത്തിന്റെയും നാഥനും / പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ.

സമൂഹം: ആമ്മേൻ. കർത്താവേ അനുഗ്രഹിക്കണമേ.

കാർമി: കർത്താവേ മരിച്ചവരെ നീ കരുണാപൂർവം ജീവിപ്പിക്കേണമേ. ജീവിക്കുന്നവരെ ദയാപൂർവം പരിപാലിക്കണമേ. ഉത്ഥാനം പ്രതീക്ഷിച്ച് മരണമടഞ്ഞവരെ മഹിമയോടെ ഉയിർപ്പിക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം: ആമ്മേൻ. കർത്താവേ അനുഗ്രഹിക്കണമേ.

കാർമി: കാരുണ്യവാനും മനുഷ്യവംശത്തിന്റെ രക്ഷകനുമായ ദൈവമേ, അഭേദ്യമായ നിന്റെ കല്പനയനുസരിച്ച് / മരണംവഴി ലോകത്തിൽനിന്നു വേർപിരിഞ്ഞുപോയ / നിന്റെ *ദാസന്റെ (ദാസിയുടെ)* ആത്മാവിനെ / വിശുദ്ധരുടെ സമൂഹത്തിൽ പ്രവേശിപ്പിക്കണമേ. നീതിമാന്മാരെ സ്വർഗ്ഗീയമണവറയിലേയ്ക്കു നയിക്കുവാനായി / വാനമേഘങ്ങളിൽ നീ മഹത്വത്തോടുകൂടി ആഗതനാകുമ്പോൾ / കണ്ണുകണ്ടിട്ടില്ലാത്തതും കാതു കേട്ടിട്ടില്ലാത്തതും / മനുഷ്യഹൃദയം ആസ്വദിച്ചിട്ടില്ലാത്തതുമായ നിത്യാനന്ദത്തിലേയ്ക്ക് / ഈ ആത്മാവിനെയും നീ സ്വീകരിക്കണമേ. അവിടെ നിന്റെ പരിശുദ്ധരോടുകൂടെ സന്തോഷപൂർവ്വം നിന്നെ പാടിപ്പുകഴ്ത്തുവാൻ വേണ്ടി / നിന്റെ അനുഗ്രഹത്തിന്റെ ജലത്താൽ / ഈ ആത്മാവിന്റെ കറകൾ കഴുകി വിശുദ്ധീകരിക്കണമേ. ഇപ്പോഴും + എപ്പോഴും എന്നേയ്ക്കും.

സമൂഹം: ആമ്മേൻ.

പുത്തൻ പാന: പന്ത്രണ്ടാം പാദം – പേജ് 324

മൃതസംസ്കാരം

രണ്ടാം ഭാഗം, ദൈവാലയത്തിൽ: പേജ് 136
മൂന്നാം ഭാഗം, സെമിത്തേരിയിൽ: പേജ് 140

ഒന്നാം ഭാഗം: ഭവനത്തിൽ

(പുരോഹിതൻ തിരുവസ്ത്രങ്ങൾ ധരിച്ച മൃതശരീരത്തിന്റെ പാദത്തിങ്കൽ ചെന്നുനിന്നുകൊണ്ടു കർമ്മങ്ങളാരംഭിക്കുന്നു. പനിനീരും ചന്ദനത്തിരിയും വെഞ്ചരിക്കുന്നു).

പനിനീർ വെഞ്ചരിപ്പ്

കാർമ്മി: അനുതപിക്കുന്ന പാപികളുടെ നിത്യസങ്കേതമായ ദൈവമേ, ഞങ്ങളുടെ പാപമോചനത്തിനായി / ഈ പനിനീരിനെ + ആശീർവദിക്കണമേ. ഈ ജലത്താൽതന്നെ ഞങ്ങളെ വിശുദ്ധീകരിക്കുകയും ചെയ്യണമേ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

സമൂഹം: ആമ്മേൻ.

ചന്ദനത്തിരി വെഞ്ചരിപ്പ്

കാർമ്മി: സുഗന്ധദ്രവ്യങ്ങളുടെയും പരിമളസസ്യങ്ങളുടെയും നാഥനായ ദൈവമേ, അങ്ങയുടെ ബഹുമാനത്തിനും ഞങ്ങളുടെ പാപമോചനത്തിനുമായി / ഈ ചന്ദനത്തിരികൾ + ആശീർവദിക്കണമേ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

സമൂഹം: ആമ്മേൻ.

(കാർമ്മികൻ വെഞ്ചരിച്ച പനിനീർ മൃതദേഹത്തിന്മേൽ തളിക്കുകയും ചന്ദനത്തിരി കുടുംബാംഗങ്ങൾക്കു നല്കുകയും ചെയ്യുന്നു).

കാർമ്മി: അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

സമൂഹം: ആമ്മേൻ.

കാർമ്മി: ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും.

സമൂഹം: ആമ്മേൻ.

കാർമ്മി: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, ***(സമൂഹവും ചേർന്ന്)*** അങ്ങയുടെ നാമം പൂജിതമാകണമെ / അങ്ങയുടെ രാജ്യം വരണമെ.

അങ്ങയുടെ തിരുമനസ്സു സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമെ. ഞങ്ങൾക്കു ആവശ്യകമായ ആഹാരം / ഇന്നു ഞങ്ങൾക്കു തരണമേമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ, ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതെ. ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമെ. എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്വവും എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ / അങ്ങയുടെ മഹത്വത്താൽ സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖമാരും മനുഷ്യരും / അങ്ങു പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്ന് ഉൽഘോഷിക്കുന്നു.

കാർമ്മി: കർത്താവേ, നിന്നെ ഞങ്ങളാരാധിക്കുകയും / നിന്റെ കാരുണ്യത്തെ പുകഴ്ത്തുകയും / മഹനീയമായ ത്രിത്വത്തിന്റെ നിഗൂഢമായ ശക്തിയെ സ്തുതിക്കുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ നീ ആകാശത്തിന്റെയും ഭൂമിയുടെയും രാജാവും, ജീവന്റെയും മരണത്തിന്റെയും നാഥനുമാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം: ആമ്മേൻ.

ശുശ്രൂഷി: മനുഷ്യജീവിതം പുൽക്കൊടിക്കു തുല്യമാകുന്നു;
മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി.

സമൂഹം രണ്ടു ഗണമായി തുടരുന്നു (സങ്കീ. 103)

മനുഷ്യജീവിതം പുൽക്കൊടിക്കു തുല്യമാകുന്നു:
വയലിലെ പുഷ്പം പോലെ അതു വിരിയുന്നു.

ചുടുകാറ്റടിക്കുമ്പോൾ വാടിപ്പോവുകയും ചെയ്യുന്നു:
അതു നിന്നിരുന്ന സ്ഥലവും അജ്ഞാതമായിത്തീരുന്നു.

കർത്താവിനെ സ്നേഹിക്കുന്നവരുടെ മേൽ
എന്നും അവന്റെ അനുഗ്രഹമുണ്ടായിരിക്കും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി:
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

ശുശ്രൂഷി: മനുഷ്യജീവിതം പുൽക്കൊടിക്കു തുല്യമാകുന്നു:
മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി.
പ്രാർത്ഥിക്കാം നമുക്കു സമാധാനം.

കാർമ്മി: മണ്ണിൽനിന്ന് ആദത്തെ സൃഷ്ടിച്ചവനും / അയാളുടെ സന്താനങ്ങളെ ഉത്ഥാനം വഴി നവീകരിക്കുന്നവനുമായ കർത്താവേ, നിന്നെ ഞങ്ങൾ ആരാധിക്കുകയും പുകഴ്ത്തുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, നീ ആകാശത്തിന്റെയും ഭൂമിയുടെയും രാജാവും, ജീവന്റെയും മരണത്തിന്റെയും നാഥനുമാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം: ആമ്മേൻ.

സൂചന: താഴെവരുന്ന സങ്കീർത്തനവും (39) പ്രാർത്ഥനയും ഉപേക്ഷിക്കാവുന്നതാണ്.

ശുശ്രൂഷി: എന്റെ ദിവസങ്ങൾ എത്ര പരിമിതങ്ങളാകുന്നു. മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി.

സമൂഹം രണ്ടു ഗണമായി തുടരുന്നു.

എന്റെ ദിവസങ്ങൾ എത്ര പരിമിതങ്ങളാകുന്നു.
എന്റെ ജീവിതം നിന്റെ മുമ്പിൽ എത്ര നിസ്സാരമാകുന്നു.

എന്തുകൊണ്ടെന്നാൽ, ജീവിതം നിഴൽപോലെ കടന്നുപോകുന്നു.

മനുഷ്യനോ നിക്ഷേപം കൂട്ടുന്നു:
അത് ആർക്കുവേണ്ടിയാണെന്ന് അവനറിയുന്നില്ല.

കർത്താവേ, നീയല്ലാതെ ആരെനിക്കാശ്രയം?
എല്ലാ തിന്മകളിൽനിന്നും എന്നെ രക്ഷിക്കണമേ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി:
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

ശുശ്രൂഷി: എന്റെ ദിവസങ്ങൾ എത്ര പരിമിതങ്ങളാകുന്നു. മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി. പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

കാർമ്മി: കരുണയാൽ ഞങ്ങളെ സൃഷ്ടിക്കുകയും നീതിയാൽ മരണവിധേയരാക്കുകയും, ദയാധിക്യത്താൽ ഉയിർപ്പിക്കുകയും ചെയ്യുന്ന കർത്താവേ, നിന്നെ ഞങ്ങൾ ആരാധിക്കുകയും പുകഴ്ത്തുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ നീ ആകാശത്തിന്റെയും ഭൂമിയുടെയും രാജാവും, ജീവന്റെയും മരണത്തിന്റെയും നാഥനുമാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം: ആമ്മേൻ.

ഗാനം

(അം കൊലഹോൻ കന്തീശൈക്ക്...)

നിന്റെ ദാസന്റെ ആത്മാവിനെ സന്തോഷിപ്പിക്കണമേ.

നൃപനാം മിശിഹാ കർത്താവേ, / അഴലും മരണവുമില്ലാതെ
ജീവൻ വിളയും രാജ്യത്തിൽ, / വാനവരോടേ ചിരകാലം
ആനന്ദത്തൊടു വാണിടുവാൻ, / ദാസനുവരമിന്നരുളേണം.

കർത്താവു വലിയവനും സ്തുത്യർഹനുമാകുന്നു.

ആദിപിതാവാമാദത്തെ, / സൃഷ്ടിച്ചവനാം ദൈവത്തിൽ
ആശ്രയമഖിലമണയ്ക്കുന്നു, / മർത്യനു ശരണം നീയല്ലോ:
ലോകം വ്യർത്ഥം: സകലേശാ, / ഞങ്ങൾക്കരുളുക നവജീവൻ.

വാഗ്ദാനങ്ങളിൽ കർത്താവു വിശ്വാസ്യനാകുന്നു.

വിലപിക്കരുതേ മരണത്തിൽ / പുനരുത്ഥാനം വരുമല്ലോ;
അരുൾ ചെയ്തില്ലേ തിരുനാഥൻ: / ദൃഢമായെന്നിൽ വിശ്വാസം
നിക്ഷേപിക്കും മനുജനു ഞാ- / നന്തിമദിവസമുയിർപ്പേകും.

നീതിമാൻ വിജ്ഞാനം പ്രസംഗിക്കുന്നു.

പൗലോസിൻ തിരുവാക്യങ്ങൾ, / ശാന്തി നിനക്കു പകർന്നീടും:
മർത്യനമർത്യത പുണരുന്നു / ക്ഷയമുള്ളോനക്ഷയനാകും.
മർത്യതയേവം സകലേശൻ / നിതരാം നൂതനമാക്കുന്നു.

സൂചന: തുടർന്നുള്ള പാദങ്ങൾ ഉപേക്ഷിക്കാവുന്നതാണ്.

ചിറകുവിടർത്തി അവരെ സ്വീകരിക്കുന്നു

അംബരവീഥിയിലഖിലേശൻ / മിശിഹാരാജനെഴുന്നള്ളും:
പരിശുദ്ധന്മാരണിയണിയാ- / യെതിരേല്പിന്നു നിരന്നീടും,
ആനന്ദത്തിൻ മണിയറയിൽ / ചിരമായ് വാണിടുമവരെല്ലാം.

ഇന്നുമുതൽ എന്നേയ്ക്കും

നിത്യോന്നതമാം സായൂജ്യം / പുല്കുന്നതിനീയാത്മാവും
നിൻ വിളികേട്ടു ശരീരത്തെ / വിട്ടുപിരിഞ്ഞു തിരിക്കുന്നു:
വാനവഗണമാദിനവും കാ- / ത്തക്ഷമരായിക്കഴിയുന്നു.

അവർ എനിക്കു കയ്യുള്ള ഭക്ഷണം തന്നു.

പറുദീസായിൽ കനിനീട്ടി / വൃക്ഷം മർത്യനു മൃതിയേകി:
ഗാഗുൽത്തായിൽ കൈനീട്ടി / കുരിശാമർത്യനുയിർപ്പേകി:
മിശിഹാനാഥൻ മരണത്താൽ / മരണത്തിൻമേൽ ജയമാർന്നു.

ദൈവമേ, ഞങ്ങൾ തെളിവായിക്കേട്ടു.

നിന്നുടെ നീതി വിശുദ്ധന്മാർ- / ക്കാനന്ദത്തിൻ പൂന്തേനും
ദുഷ്ടജനത്തിനു പീഡകളും / നല്കീ ഞങ്ങളിതറിയുന്നു:
നാഥാ ഞങ്ങടെ മൃതരെല്ലാം / നുകരാവു നിൻ കൃപയെന്നും.

അവയെല്ലാം നശ്വരങ്ങളാകുന്നു.

ലോകവുമതിനുടെ യാശകളും / നിശ്ശൂന്യതയിൽ ത്താഴുന്നു:
സത്യം, നീതിയുമെന്നെന്നും / ലയമില്ലാതെ വിളങ്ങീടും:
നിലനില്ക്കുന്നു സകലേശൻ / നല്കുന്നൊരു നിത്യായുസ്സും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

നൃപനാം മിശിഹാ കർത്താവേ, / വാഴ്ത്തിപ്പാടി നമിക്കുന്നേൻ:
വിശ്വത്തിന്റെ വിധാതാവേ, / നല്കണമേ പുനരുത്ഥാനം:
പരിശുദ്ധന്മാർ വാഴുമിടം / ചേർക്കണമെന്നെയുമഖിലേശാ.

ആദിമുതൽ എന്നേക്കും ആമ്മേൻ.

മഹിമയൊടന്തിമ വിധിനാളിൽ / കർത്താവേ നീയണയുമ്പോൾ
കരുണയൊടെന്നെ നിറുത്തണമേ / നല്ലവരൊത്തു വലംഭാഗേ:
നല്കണമേ നിത്യായുസ്സിൻ / പരമോന്നതമാം പരിവേഷം.

ലേഖനം

ശുശ്രൂഷി: എന്റെ സഹോദരരേ, വി. പൗലോസ് ശ്ലീഹാ തെസലോനിക്കക്കാർക്ക് എഴുതിയ ലേഖനം. *(1 തെസ. 4:13-18)*

എന്റെ സഹോദരരെ, മരിച്ചവരെക്കുറിച്ചു പ്രത്യാശയില്ലാത്തവരെപ്പോലെ നിങ്ങൾ ദു:ഖിക്കരുതെന്നു ഞാൻ ആഗ്രഹിക്കുന്നു. ഈശോ മരണശേഷം ഉയിർത്തെഴുന്നേറ്റു എന്നു നാം വിശ്വസിക്കുന്നു. അങ്ങനെ തന്നെ ദൈവം ഈശോയിൽ മരിച്ചവരെയും അവനോടുകൂടെ ഉയിർപ്പിക്കും. നമ്മുടെ കർത്താവ് ആഗതനാകുമ്പോൾ ജീവിച്ചിരിക്കുന്നവർ മരിച്ചവർക്കുമുമ്പു കടക്കുകയില്ല എന്നു നമ്മുടെ കർത്താവിന്റെ വാക്കുകളിൽ ഞങ്ങൾ നിങ്ങളെ അറിയിക്കുന്നു. എന്തുകൊണ്ടെന്നാൽ, നമ്മുടെ കർത്താവ് അധികാരത്തോടും, പ്രധാന മാലാഖയുടെ ശബ്ദത്തോടും, ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്ന് എഴുന്നള്ളിവരും. മിശിഹായിൽ മരിച്ചവർ ആദ്യം ഉയിർത്തെഴുന്നേല്ക്കും അപ്പോൾ ജീവിച്ചിരിക്കുന്നവരായ നാം കർത്താവിന്റെ എതിരേല്പിനായി അവരോടുകൂടെ മേഘങ്ങളിൽ എടുക്കപ്പെടും. നാം എന്നും കർത്താവിനോടുകൂടെ ആയിരിക്കുകയും ചെയ്യും. ആകയാൽ, ഈ വാക്കുകളിൽ നിങ്ങൾ പരസ്പരം ആശ്വസിപ്പിക്കുവിൻ.

സമൂഹം: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

(മറ്റു ലേഖനഭാഗങ്ങൾ: 1 കൊറി. 15:12-19, 1 കൊറി. 15:20-28)

ഗാനം (ഐശ്വര്യകം)

സുവിശേഷവെളിച്ചത്താൽ / ഇരുളെല്ലാം നീക്കിടുവാൻ
അവതാരം ചെയ്തവനെ / കൈകൂപ്പി വണങ്ങിടുവിൻ.

കർത്താവേ ധരണിയിൽ നിൻ / സാക്ഷികളായ് തീർന്നിടുവാൻ
ഞങ്ങളിൽ നിൻ സുവിശേഷം / പൂങ്കിരണം ചൊരിയട്ടെ.

(അല്ലെങ്കിൽ) സമൂഹം രണ്ടു ഗണമായി ചൊല്ലുന്നു (സങ്കീ. 88)

കർത്താവേ, എന്റെ രക്ഷകനായ ദൈവമേ,
രാവും പകലും നിന്നോടു ഞാൻ പ്രാർത്ഥിക്കുന്നു.

എന്റെ പ്രാർത്ഥന നിന്റെ പക്കലെത്തട്ടെ:
എന്റെ അപേക്ഷ നീ കേൾക്കണമേ.

സുവിശേഷം

ശുശ്രൂഷി: നമുക്കു ശ്രദ്ധാപൂർവംനിന്നു പരിശുദ്ധ സുവിശേഷം ശ്രവിക്കാം.

കാർമി: സമാധാനം + നിങ്ങളോടുകൂടെ.

സമൂഹം: അങ്ങയോടും അങ്ങയുടെ ആത്മാവോടുംകൂടെ.

കാർമി: വിശുദ്ധ ... അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം.

സമൂഹം: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

സുവിശേഷഭാഗങ്ങൾ:
യോഹ. 5:24-29 മിശിഹായിൽ ജീവിക്കുന്നവർക്കു നിത്യജീവൻ
യോഹ. 6:37-40 മിശിഹായ്ക്കുള്ളവർ ഉയിർപ്പിക്കപ്പെടും
യോഹ. 6:51-58 മിശിഹായെ സ്വീകരിക്കുന്നവർക്കു നിത്യജീവൻ
യോഹ. 11:32-45 ലാസറേ, പുറത്തു വരിക
ലൂക്കാ 7:11-17 യുവാവേ, എഴുന്നേൽക്കുക

(വായന തീരുമ്പോൾ)

സമൂഹം: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

പ്രസംഗം

സമൂഹപ്രാർത്ഥന

ശുശ്രൂഷി: നമുക്കെല്ലാവർക്കും അനുതാപത്തോടും ഭക്തിയോടും കൂടെനിന്ന് "കർത്താവേ, ഈ ആത്മാവിനോടു കരുണ തോന്നണമേ" എന്നു പ്രാർത്ഥിക്കാം.

സമൂഹം: കർത്താവേ, ഈ ആത്മാവിനോടു കരുണ തോന്നണമേ.
(ഓരോന്നിനും ആവർത്തിക്കുന്നു.)

ശുശ്രൂഷി: അനന്തമായ സ്നേഹത്താൽ ഞങ്ങളെ സൃഷ്ടിക്കുകയും, അതുല്യമായ കൃപയാൽ ഞങ്ങളെ രക്ഷിക്കുകയും ചെയ്ത മിശിഹായെ, നിന്റെ കല്പനയാൽ ഈ ലോകംവിട്ടു പുറപ്പെടുന്ന ഈ ആത്മാവിനെ നിത്യാനന്ദത്തിന്റെ തുറമുഖത്തു സുരക്ഷിതമായി എത്തിക്കുവാൻ നിന്റെ പരിശുദ്ധ ദൂതൻമാരെ നിയോഗിക്കണമെന്നു നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: ഗാഗുൽത്തായിൽ നിന്റെ അമൂല്യമായ രക്തം ചിന്തി രക്ഷിച്ച ഈ ആത്മാവിന്റെ അപരാധങ്ങളും കടങ്ങളും ക്ഷമിക്കണമെന്നു നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: തിരുവുത്ഥാനം വഴി മനുഷ്യവർഗ്ഗത്തിനു പ്രതീക്ഷയും ശരണവും പ്രദാനം ചെയ്ത മിശിഹായേ, വിധി ദിവസത്തിൽ നിന്റെ മഹത്വത്തിന്റെ പ്രഭയാൽ ഈ ആത്മാവിനെ പ്രകാശിപ്പിക്കയും സ്വർഗ്ഗരാജ്യത്തിന് അവകാശിയാക്കുകയും ചെയ്യണമെന്നു നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: ദുഖിതരെ ആശ്വസിപ്പിക്കുവാൻവേണ്ടി ലാസറിന്റെ മരണത്തിൽ സ്വയം കണ്ണുനീർ ചിന്തിയ മിശിഹായേ, കരയുന്നവരുടെ കണ്ണുനീർ തുടയ്ക്കുകയും അവരെ ആശ്വസിപ്പിക്കുകയും ചെയ്യണമെന്നു നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: കരുണാനിധിയും പാപങ്ങൾ പൊറുക്കുന്നവനുമായ മിശിഹായേ, നിന്റെ *ദാസന്റെ (ദാസിയുടെ)* പാപങ്ങൾ പൊറുക്കുകയും അയാളുടെ കുടുംബാംഗങ്ങളെയും ചാർച്ചക്കാരെയും ആശ്വസിപ്പിക്കുകയും ചെയ്യണമെന്നു നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

വിശ്വാസപ്രമാണം

കാർമ്മി: സർവ്വശക്തനും പിതാവുമായ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

(സമൂഹവും ചേർന്നു തുടരുന്നു). ദൃശ്യവും അദൃശ്യവുമായ സകലത്തിന്റെയും / സ്രഷ്ടാവിൽ ഞങ്ങൾ വിശ്വസിക്കുന്നു. ദൈവത്തിന്റെ ഏക പുത്രനും / സകല സൃഷ്ടികൾക്കു മുമ്പുള്ള ആദ്യജാതനും / യുഗങ്ങൾക്കെല്ലാം മുമ്പ് പിതാവിൽനിന്നു ജനിച്ചവനും / എന്നാൽ സൃഷ്ടിക്കപ്പെടാത്തവനും / ഏക കർത്താവുമായ ഈശോമിശിഹായിൽ ഞങ്ങൾ വിശ്വസിക്കുന്നു. അവിടുന്ന് സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും / പിതാവിനോടുകൂടെ ഏകസത്തയുമാകുന്നു. അവിടുന്നുവഴി പ്രപഞ്ചം സംവിധാനം ചെയ്യപ്പെടുകയും / എല്ലാം സൃഷ്ടിക്കപ്പെടുകയും ചെയ്തു. മനുഷ്യരായ നമുക്കുവേണ്ടിയും നമ്മുടെ രക്ഷക്കുവേണ്ടിയും / അവിടുന്നു സ്വർഗ്ഗത്തിൽനിന്നിറങ്ങി / പരിശുദ്ധാത്മാവിനാൽ കന്യകാമറിയത്തിൽനിന്ന് ശരീരം സ്വീകരിച്ച് / മനുഷ്യനായിപ്പിറന്നു. പന്തീയോസ് പീലാത്തോസിന്റെ കാലത്തു പീഡകൾ സഹിക്കുകയും / സ്ലീവായിൽ തറയ്ക്കപ്പെട്ടു മരിക്കുകയും / സംസ്കരിക്കപ്പെടുകയും / എഴുതപ്പെട്ടിരിക്കുന്നതുപോലെ / മൂന്നാം ദിവസം ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു. അവിടുന്ന് സ്വർഗ്ഗത്തിലേക്ക് എഴുന്നള്ളി / പിതാവിന്റെ വലതുഭാഗത്തിരിക്കുന്നു. / മരിച്ചവരേയും ജീവിക്കുന്നവരേയും വിധിക്കുവാൻ / അവിടുന്നു വീണ്ടും വരുവാനിരിക്കുന്നു. / പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്ന / സത്യാത്മാവും ജീവദാതാവുമായ / ഏക പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു. ഏകവും പരിശുദ്ധവും / ശ്ലൈഹികവും സാർവ്വത്രികവുമായ സഭയിലും / ഞങ്ങൾ വിശ്വസിക്കുന്നു. പാപമോചനത്തിനുള്ള ഏക മാമ്മോദീസയും / ശരീരത്തിന്റെ ഉയിർപ്പും / നിത്യായുസ്സും ഞങ്ങൾ ഏറ്റുപറയുകയും ചെയ്യുന്നു. ആമ്മേൻ.

കാർമ്മി: കർത്താവേ, നിന്റെ കരുണ ഞങ്ങളെ അനുഗമിക്കയും നിന്റെ ദയാധിക്യം ഞങ്ങളുടെ പാപങ്ങൾ മായിച്ചുകളയുകയും ചെയ്യട്ടെ. നിന്റെ മഹനീയമായ ത്രിത്വത്തിന്റെ അനുഗ്രഹം ഞങ്ങളെ സഹായിക്കട്ടെ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം: ആമ്മേൻ. കർത്താവേ, അനുഗ്രഹിക്കണമേ.

കാർമ്മി: കർത്താവേ, നീ ആകാശത്തിലും ഭൂമിയിലും സ്തുത്യർഹനാകുന്നു. ഞങ്ങളുടെ ജീവന്റെ കാരണവും ആത്മാവിന്റെ പ്രത്യാശയും നീയാകുന്നു. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം: ആമ്മേൻ.

പ്രബോധന ഗാനം പുരുഷന്മാർക്ക്
(യാദാഹ്ദുശാവേ)

കാർമ്മി: മരണംവരുമൊരുനാൾ ഓർക്കുകമർത്യാ നീ
കൂടെപ്പോരും നിൻ ജീവിതചെയ്തികളും;
സൽകൃത്യങ്ങൾ ചെയ്യുക നീ, അലസത കൂടാതെ.

സമൂഹം: മരണം വരുമൊരുനാൾ ...

(പുരോഹിതൻ ധൂപം ആശീർവദിക്കുന്നു.)

കാർമ്മി: ചൊല്ലുക മർത്യാ, നീ എന്തിനു കരയുന്നു
വ്യാകുലമാനസനാ-യെന്തിനു നീറുന്നു
തിരമാലകളാൽ, തിങ്ങിമറിഞ്ഞിളകും കടൽ പോലെ?

(പുരോഹിതൻ മൃതശരീരത്തിന്റെ ചുറ്റും നടന്ന് ഓരോ വശത്തും മൂന്നുപ്രാവശ്യംവീതം വിശുദ്ധ പനിനീർ തളിക്കുന്നു.)

സമൂഹം: മരണം വരുമൊരുനാൾ ...

കാർമ്മി: ഭീകരമരണത്തിൻ കാലടികേൾപ്പൂ ഞാൻ:
പാപമെനിക്കുള്ളിൽ പേടി വളർത്തുന്നു:
സാത്താൻ നിറയും പകയോടെ, സതതമലട്ടുന്നു.

(പുരോഹിതൻ മൃതശരീരത്തിന്റെ ചുറ്റും നടന്ന് ഓരോ വശത്തും മൂന്നുപ്രാവശ്യം വീതം ധൂപം വീശുന്നു.)

സമൂഹം: മരണം വരുമൊരുനാൾ ...

പ്രബോധന ഗാനം സ്ത്രീകൾക്ക്
(ബ്ഹദ്മിൻ യൗമിൻ ...)

കാർമ്മി: അന്നൊരു ദിവസം ബേസനിയായിൽ / സോദരിമാരാം
മർത്താമറിയം ചുട്ടു കണ്ണീരും / വീഴ്ത്തിയിരുന്നു.

സമൂഹം: അന്നൊരു ദിവസം....

(പുരോഹിതൻ ധൂപം ആശീർവദിക്കുന്നു.)

കാർമ്മി: മരണമടഞ്ഞൊരു സോദരനേയും / ചിന്തിച്ചഴലിൽ
നെടുവീർപ്പിട്ടു കരഞ്ഞു കരഞ്ഞാ- / ക്കണ്ണുകൾ താണു.

സമൂഹം: അന്നൊരു ദിവസം....

(പുരോഹിതൻ മൃതശരീരത്തിന്റെ ചുറ്റും നടന്ന് ഓരോ വശത്തും മൂന്നുപ്രാവശ്യം വീതം വിശുദ്ധ പനിനീർ തളിക്കുന്നു.)

കാർമ്മി: ജീവനുമുയിരും ഞാനാകുന്നു / കരയരുതേവം
കരുണയൊടന്തിക-മാർന്നഖിലേശൻ, / ശാന്തി പൊഴിഞ്ഞു.

(പുരോഹിതൻ മൃതശരീരത്തിന്റെ ചുറ്റും നടന്ന് ഓരോ വശത്തും മൂന്നുപ്രാവശ്യം വീതം ധൂപം വീശുന്നു.)

സമൂഹം: അന്നൊരു ദിവസം....

മുടിയണിയിക്കൽ

ശുശ്രൂഷി: ഞാൻ നല്ലവണ്ണം യുദ്ധം ചെയ്തു. ഞാൻ എന്റെ ഓട്ടം പൂർത്തിയാക്കി. എന്റെ വിശ്വാസം ഞാൻ സംരക്ഷിച്ചു. അതിനാൽ നീതിയുടെ ന്യായാധിപനായ കർത്താവ്, ഈ ദിവസം നീതിയുടെ മുടി എന്നെ അണിയിക്കുമാറാകട്ടെ. *(2 തിമോ. 4:7)*

കാർമ്മി: വിശ്വസ്തരായ ഭൃത്യർക്കു വാഗ്ദാനം ചെയ്യപ്പെട്ട നിത്യാനന്ദത്തിലേക്കു ദൈവം നിന്നെ പ്രവേശിപ്പിക്കുമാറാകട്ടെ.

പുരോഹിതൻ മൃതശരീരത്തിന്റെ ശിരസ്സിൽ പുഷ്പമുടി ചാർത്തുന്നു.

ഗാനം
പുശ്ബശ്ശാമ്മാ

മരിച്ചുപോയ ആൾ ജീവിച്ചിരിക്കുന്നവരോടു യാത്ര പറയുന്നതായും അവരുടെ പ്രാർത്ഥനാസഹായം അഭ്യർത്ഥിക്കുന്നതായും സങ്കല്പിക്കുന്നു.

എന്റെ സഹോദരരേ, ഞാനിപ്പോൾ നിങ്ങളോടു യാത്ര പറയുന്നു; നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ.

വിടവാങ്ങുന്നേൻ നശ്വരമുലകിൽ / വിടുതിയെനിക്കായ് നല്കിയ വസതീ,
പരിശുദ്ധന്മാർ പരമാനന്ദം / നുകരുമിടത്തിൽ പ്പോകുന്നു ഞാൻ.

അവയെല്ലാം കടന്നുപോകുന്നു

ശാശ്വതഭാഗ്യം നരനരുളീടാൻ / കഴിവില്ലാത്തോരെൻ പാർപ്പിടമേ,
പ്രഭയുടെ നാട്ടിൽ നിത്യവിരുന്നി- / ന്നണയട്ടെ ഞാൻ - അന്തിമയാത്ര.

എന്നും എന്നേയ്ക്കും

സഹജന്മാരേ, സ്നേഹിതഗണമേ, / യാത്രയിതാ ഞാൻ ചോദിക്കുന്നു:
നിങ്ങളെനിക്കായ് ചെയ്തതിനെല്ലാം / മിശിഹാനാഥൻ പ്രതിഫലമേകും.

എന്റെ പ്രാർത്ഥന നിന്റെ പക്കൽ എത്തട്ടെ.

പ്രാർത്ഥിപ്പതിനായ് പരിപാവനമാം / ദൈവികഭവനം പൂകുന്നേരം
സ്നേഹാർദ്രതയാർന്നെൻ പ്രിയജനമേ,
അനുദിനമലിവോടോർക്കണമെന്നെ.

ഭൂമിയിൽ അവർ വിലപിക്കുന്നു.

ആഡംബരവും പ്രൗഢിയുമെല്ലാം / നാശോന്മുഖമായ് നിഷ്പ്രഭമാകും:
പോകുന്നു ഞാൻ ലയമിയലാത്തോ-
രുന്നതമോർശ്ലം പ്രാപിപ്പതിനായ്.

നീ എന്നും നിലനില്ക്കുന്നു.

പോയ്മറയുന്നീ ക്ഷണഭംഗുരമാം / ലോകവുമതിലേ ജഡികാശകളും:
അക്ഷയരാജ്യം നേടാനുതകും / നിക്ഷേപങ്ങൾ കരുതുക നമ്മൾ.

അവനെ തേടി; കണ്ടെത്തിയില്ല.

ദുഷ്ടത കുടിവാണഴുകി നശിക്കും / ലോകമിതെന്നിൽ ഭീതിയുണർത്തി;
ഓടിപ്പോയ് ഞാൻ ജീവൻ പകരും / കുരിശിനെ വിരവോടാശ്ലേഷിച്ചു.

നിന്റെ കരുണ എന്നെയറിയിക്കണമേ.

ശാന്തിയിൽ മകളേ പൊയ്ക്കൊള്ളുക, നിൻ
പാപത്തിനു ഞാൻ മാപ്പേകുന്നു.
പാപിനിയോടായ് ക്കല്പിച്ചതുപോ-
ലെന്നൊടുമിപ്പോൾ കൽപ്പിക്കണമേ.

കാഹളമൂതി അവനെ പുകഴ്ത്തുവിൻ.

ദൂതർ വിളിക്കും കാഹളനാദം- / വിധിനാളുയരും മോഹനഗാനം
അതുകേട്ടുണരും മൃതരെല്ലാരും / ത്രിത്വത്തിന്നായ് കീർത്തനമോതും.

സ്വർഗ്ഗം ഭൂമിയിലിറങ്ങി.

ആദത്തിന്നും സന്തതികൾക്കും / പറുദീസായിൽ പുനരധിവാസം
നല്കുന്നതിനായ് സ്വർഗ്ഗംതന്നെ / ഭൂവിലിറങ്ങീ - മഹിതാദ്ഭുതമേ!

വിശുദ്ധർക്ക് അന്ധകാരത്തിൽ പ്രകാശമുദിച്ചു.

വിധിയുടെ ദിവസം മിശിഹാരാജൻ
വിണ്ണിൽ വരുമ്പോൾ മൃതരെഴുന്നേല്ക്കും;
ജീവിപ്പവരോ വിസ്മയകരമായ് / രൂപാന്തരവും പ്രാപിച്ചീടും.

നിന്റെ കരുണ ഞങ്ങളെ അനുഗമിക്കട്ടെ.

പരിശുദ്ധന്മാരെതിരേല്പിനുവ- / ന്നംബരമദ്ധ്യേ നിരചേരുന്നു:
സ്നേഹിതരേ, ഞാനവരുടെയണിയിൽ
ചേരുന്നതിനായ് പ്രാർത്ഥിക്കണമേ.

നിന്റെ അരൂപിയെ അയയ്ക്കുക; അവ സൃഷ്ടിക്കപ്പെടും.

മിശിഹാനാഥാ, പാപികളെല്ലാം / നിൻ കല്പനയാ-ലുത്ഥിതരായി:
ഇരുളുനിറഞ്ഞോരവനിയിലെങ്ങും / തിരുവുത്ഥാനം ദീപ്തിപരത്തി.

ധനികരും ദരിദ്രരും

മൃതിയുടെ പൊതുവാം പാതയിലല്ലോ / നീങ്ങുന്നുലകിൽ മാനവരെല്ലാം:
ധനികന്മാരും നിസ്സ്വരുമൊപ്പം / പ്രതിഫലമതിനായ് പായുന്നനിശം.

അവർ ചിറകുവിരിച്ചു പറന്നുവന്നു.

ദൈവികദൂതൻ ധരയിലിറങ്ങി / കന്യാംബികതൻ സവിധമണഞ്ഞു
മനുജനു ശരണം ശാന്തിയുമരുളും / തിരുസന്ദേശം മേരിക്കേകി.

നീയവർക്കു പാനീയം കൊടുത്തു.

പൈദാഹത്താൽ വലയും ധരതൻ / നീരുറവകളേ, ശ്ലീഹന്മാരേ,
നിങ്ങളണയ്ക്കും പ്രാർത്ഥനയെന്നും / നല്കണമഭയം ഞങ്ങൾക്കുലകിൽ.

മൃതശരീരം വീട്ടിൽനിന്നെടുക്കുന്നു.

സൂചന: യുക്തമെന്നു തോന്നിയാൽ അഞ്ചാമത്തെ പാദം കഴിയുമ്പോൾ മൃതശരീരം എടുക്കാവുന്നതാണ്. ബാക്കിഭാഗങ്ങൾ വിലാപയാത്ര നീങ്ങിതുടങ്ങിയ ശേഷം പാടിയാൽ മതി.

വിലാപയാത്ര

ഗാനം

(ഇസ്യാദവ് റെംസേ ...)

ലോകസൃഷ്ടിക്കു മുമ്പുതന്നെയുള്ളവൻ.

ദൃശ്യാദൃശ്യങ്ങൾ സകലം തീർത്തോനേ, / നാഥാ, സകലേശാ,
നിൻ സാദൃശ്യത്തിൽ തീർത്തോരെന്നുടെമേൽ
കൃപ നീ ചിന്തണമേ.

ആദിമുതൽ അന്ത്യംവരെയുള്ളവയെല്ലാം.

എല്ലാമറിയുന്നു ദൈവം മനുജന്റെ / ഗൂഢവിചാരങ്ങൾ:
വാക്കും ചെയ്തികളും നിഖിലം മറയെന്യേ / തെളിവായ്ക്കാണുന്നു.

ഹൃദയങ്ങൾ നീ പരിശോധിക്കുന്നു.

സ്ഫുടമായ് നിനുമ്പിൽക്കണ്ടു ഭുവനത്തിൻ / തിന്മകളെല്ലാം നീ;
പെരുകീ പാപങ്ങൾ: ഫലമായ് പീഡകളും / തിങ്ങിനിറഞ്ഞല്ലോ.

കോപത്തിൽ ഞങ്ങളെ ശിക്ഷിക്കരുതേ.

ജനനം മുതലെന്നും മനുജൻ പാപത്തിൻ / വഴിയിൽച്ചായുന്നു:
കോപം കലരാതെ നാഥാ, കനിവോടെ / തൃക്കൺ പാർക്കണമേ.

കണ്ണുനീരുകൊണ്ടു എന്റെ കിടക്ക ഞാൻ നനച്ചു.

നാഥാ, പാപിനിയാം മറിയം മിഴിനീരിൽ / പാദം കഴുകുമ്പോൾ.
ഹൃദയം തരളിതമായ് സഹതാപാകുലമായ്
പൊറുതിയവൾക്കരുളി.

കർത്താവേ കാരുണ്യം വർഷിക്കണമേ.

പശ്ചാത്താപത്താലൊഴുകുന്നെൻ കണ്ണീർ / കണ്ടു കനിഞ്ഞാലും;
ദൈവാനുഗ്രഹവും കൃപയും ചിരമെന്നിൽ
ചൊരിയണമഖിലേശാ.

നീ എന്നെ സൃഷ്ടിച്ച് എന്റെമേൽ കൈകൾവച്ചു.

തീർത്തു പൊടിയിൽ നിന്നാദാമിനെ ദൈവം
ചേർത്തു ജീവനതിൽ:
സ്തുതിതൻ ഗീതങ്ങൾ നിയതം പാടിടുവാൻ / നാവുമവന്നേകി.

വലിയവരും ചെറിയവരും

അനുതാപാകുലരായണയും പാപികളെ / കൈക്കൊൾവൂ ദൈവം:
പശ്ചാത്താപത്തിൻ കണ്ണീർ ചിന്തുക നാം: / ദൈവം കൃപ ചെയ്യും.

രക്ഷകനായ ദൈവമേ ഞങ്ങളെ സഹായിക്കണമേ.

നരനീ ലോകത്തിൽ ദൈവം തുണയാകാ / തൊന്നും കഴിവില്ല:
നാഥാ, ദുർബലരാം ഞങ്ങൾക്കവശതകൾ / തീർക്കണമനുനിമിഷം.

നിനക്കു ഞാനഭിവാദനമർപ്പിക്കുന്നു.

സ്വസ്തീ ദാവീദിൻ പുത്രീ മാലാഖാ / മറിയത്തോടരുളി:

കന്യാമാതാവേ, സെഹിയോൻ പുത്രീ, നിൻ
ധന്യത നിസ്തുലമാം.

കർത്താവിനെ പ്രാർത്ഥിച്ചു ശക്തരാകുവിൻ

നിറയും മോദമൊടെ വാനിൽ വാണരുളും / പരിശുദ്ധന്മാരേ,
കൃപയും മോചനവും ഞങ്ങൾ നേടിടുവാൻ / നിതരാം പ്രാർത്ഥിപ്പിൻ.

വഴി ദീർഘമാണെങ്കിൽ വലിയ ഒപ്പീസിലെ ഗാനങ്ങളും പാടാവുന്നതാണ്.

രണ്ടാം ഭാഗം: ദൈവാലയത്തിൽ

വിലാപയാത്രയുടെ അവസാനം മൃതശരീരം ദൈവാലയ മദ്ധ്യത്തിൽ സ്ഥാപിക്കുന്നു. കുർബാനയുണ്ടെങ്കിൽ അതിനുശേഷം പുരോഹിതൻ മൃതശരീരത്തിന്റെ പക്കൽ ചെന്നു ജനങ്ങളുടെ നേരെ തിരിഞ്ഞുനിന്നുകൊണ്ട് ആരംഭിക്കുന്നു.

ഗാനം
(മാറൻ ആസേ ...)

അവരതു പറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു.
അണയുന്നീശോ മൃതരാമഖിലർക്കും
ജീവനുമതുപോൽ ശരണവുമരുളീടാൻ.

കർത്താവിനെ ഞാൻ നിരന്തരം പ്രകീർത്തിക്കും.
മൃതിയാൽത്തന്നെ മൃതിയുടെ കയ്പെല്ലാം
കഴുകിയനാഥാ, നിന്നെ നമിക്കുന്നു.

അവൻ ശബ്ദമുയർത്തിയപ്പോൾ ഭൂമി കുലുങ്ങി.
മിശിഹാനാഥൻ ശബ്ദമുയർത്തുമ്പോൾ
കല്ലറ പിളരും മൃതരുടനെഴുന്നേല്ക്കും.

അവന്റെ നാമം എന്നും ധന്യമാകുന്നു.
മൃതിയെ മുറപോൽ നാഥനയയ്ക്കുന്നു
ദുഷ്ടനുമിളയിൽ ശിഷ്ടനുമൊരുപോലെ.

ഞാൻ ദൈവത്തിലാനന്ദിക്കും.
അഭയം കുരിശിൽ കണ്ടവനവസാനം
വിധിയുടെ നാളിൽ കൈവരുമാനന്ദം.

നീ എന്നെ സൃഷ്ടിച്ചു എന്റെമേൽ കൈകൾവച്ചു.
ധൂളിയിൽനിന്നും ജന്മമെനിക്കേകി;
നിന്നെ നമിക്കാൻ നല്കണമുത്ഥാനം.

നീതിമാന്മാർക്ക് അന്ധകാരത്തിൽ പ്രകാശമുദിച്ചു.
മേഘത്തേരിൽ നാഥനെഴുന്നള്ളും
മൃതരെവിളിക്കും ജീവനവർക്കേകും.

വിശുദ്ധർക്കു പ്രകാശമുദിച്ചു.
കനകപ്രഭയിൽ കബറിടമൊളിചിന്നും;
അതിലുള്ളവരോ നാഥനു പുകൾപാടും.

ചെറിയവരും വലിയവരും.
പ്രിയരേ, നിങ്ങൾ കരയരുതഖിലേശൻ
പുനരുത്ഥാനം നല്കാൻ വരുമല്ലോ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
താതനുമേവം സുതനും റൂഹായ്ക്കും
കീർത്തനമെന്നും ഞങ്ങളണയ്ക്കുന്നു.

ആദിമുതൽ എന്നേയ്ക്കും.
ഈശോനാഥാ, മരണവുമയിരും നിൻ
കൈകളിലല്ലോ; നിന്നെ നമിക്കുന്നു.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം: നമുക്കു സമാധാനം നമ്മോടുകൂടെ.

സമൂഹ പ്രാർത്ഥന

ശുശ്രൂഷി: സത്യവിശ്വാസത്തോടുകൂടെ ഈ ലോകം വിട്ടുപോയിരിക്കുന്ന നമ്മുടെ *സഹോദരൻ ..... നുവേണ്ടി (സഹോദരി .... വേണ്ടി)* നമുക്കു പ്രാർത്ഥിക്കാം. ജീവിതകാലത്തു സൽകൃത്യങ്ങളാൽ ദൈവത്തെ പ്രസാദിപ്പിച്ച ഈ ആളെ ദൈവം നീതിമാന്മാരുടെ സമൂഹത്തിലേയ്ക്കു പ്രവേശിപ്പിക്കുമാറാകട്ടെ.

സമൂഹം: ആമ്മേൻ.

ശുശ്രൂഷി: മരിച്ചവരെ ഉയിർപ്പിക്കുകയും നല്ലവർക്കു സ്വർഗ്ഗഭാഗ്യം നല്കുകയും ചെയ്യുമ്പോൾ തന്റെ അനുഗ്രഹത്താലും തന്റെ മാതാവായ കന്യകാമറിയത്തിന്റെ പ്രാർത്ഥനയാലും മിശിഹാ അവരോടുകൂടെ ഈ ആളെ തന്റെ വലതുഭാഗത്തു നിറുത്തുമാറാകട്ടെ.

സമൂഹം: ആമ്മേൻ.

ശുശ്രൂഷി: ജീവന്റെ പുസ്തകത്തിൽ ദൈവം ഈ ആളുടെ പേരെഴുതുകയും, തിരഞ്ഞെടുക്കപ്പെട്ടവരുടെ ഗണത്തിൽ ഈ ആളെ ചേർക്കുകയും ചെയ്യുമാറാകട്ടെ.

സമൂഹം: ആമ്മേൻ.

കാർമ്മി: കർത്താവേ, വാത്സല്യപൂർവ്വം ഞങ്ങളെ സന്ദർശിക്കുകയും കാരുണ്യപൂർവ്വം ഞങ്ങളെ സംരക്ഷിക്കുകയും ചെയ്യണമേ. ഉത്ഥാനം പ്രതീക്ഷിച്ചുകഴിയുന്ന മരിച്ചവരെ ഉയിർപ്പിക്കണമേ. എന്തുകൊണ്ടെന്നാൽ നീ ആകാശത്തിന്റെയും ഭൂമിയുടെയും രാജാവാകുന്നു. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം: ആമ്മേൻ. കർത്താവേ, അനുഗ്രഹിക്കണമേ.

കാർമ്മി: കർത്താവേ, നിന്റെ പൈതൃകമായ പരിപാലനയെ ഞങ്ങളാരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ നീ ഞങ്ങളെ മരണവിധേയരാക്കുകയും വീണ്ടും ജീവിപ്പിക്കുകയും ചെയ്യുന്നു. ഉത്ഥാനത്തിൽ ഞങ്ങളുടെ ശരീരങ്ങളെ നീ മഹത്വമണിയിക്കുന്നു. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം: ആമ്മേൻ.

യാത്രാവന്ദനം

സൂചന: മരിച്ചയാൾ ദേവാലയത്തോടും പുരോഹിതരോടും യാത്ര പറയുന്നതായി സങ്കല്പിക്കുന്നു.

ശുശ്രൂഷി: ദൈവത്തിന്റെ ഭവനമേ, ഞാൻ നിന്നോടു യാത്ര പറയുന്നു. മാമ്മോദീസാവഴി എന്നെ വിശുദ്ധീകരിക്കുകയും പരിശുദ്ധ കുർബാനയാൽ എന്റെ ആത്മാവിനെ പോഷിപ്പിക്കുകയും മറ്റു കൂദാശകളാൽ എന്റെ ആത്മാവിൽ കൃപാവരം ചൊരിയുകയും ചെയ്ത പ്രിയപ്പെട്ട ദൈവാലയമേ, ഞാൻ നിനക്കു വന്ദനം പറയുന്നു.

എന്റെ പിതാക്കന്മാരും ആത്മീയപാലകരുമായ പുരോഹിതരേ, ദൈവവചനങ്ങളാൽ എന്റെ ആത്മാവിനു പോഷണം നല്കിയ നിങ്ങളോടും ഞാൻ യാത്ര പറയുന്നു. ഞാൻ നിങ്ങളിൽ നിന്നകന്നുപോകുന്നുവെങ്കിലും എന്റെ സ്നേഹം എന്നും നിങ്ങളോടുകൂടെയുണ്ടായിരിക്കും. സ്വർഗ്ഗരാജ്യത്തിൽ നാം ഒരുമിക്കുന്നതുവരെ നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ.

മൃതശരീരം സിമിത്തേരിയിലേക്കു കൊണ്ടുപോകുന്നു. തത്സമയം താഴെക്കൊടുത്തിരിക്കുന്ന ഗാനം ആലപിക്കുന്നു.

ഗാനം
(ലാതെക്റേലാക്)

എന്റെ സഹോദരരെ, നമ്മെ സൃഷ്ടിക്കയും മരണവിധേയരാക്കുകയും, മരണശേഷം ഉയിർപ്പിച്ച് അക്ഷയരാക്കുകയും ചെയ്യുന്ന ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ.

വയലിൽപുലരും പുല്ക്കൊടിപോലെ / ജീവിതമിളയിൽ:
ഓർത്തോർത്തിനിയും നൈരാശ്യമോടേ / വിലപിക്കരുതേ.

സ്ഫുടമായ്കേൾക്കാം പുനരുത്ഥാനം / നവജീവിതവും
അറിയിച്ചയരും സുവിശേഷത്തിൻ / തിരുസന്ദേശം.

വാദ്യാനങ്ങൾ തിങ്ങിമുഴങ്ങും / കാഹളനാദം
ആകാശത്തിൻ സീമകളെല്ലാം / മുഖരിതമാക്കും.

തിരുലിഖിതങ്ങൾ വായിച്ചവതൻ / വ്യാഖ്യാനങ്ങൾ
ശരിയായ് നല്കാൻ നിങ്ങൾക്കിനിയും / കഴിവില്ലേതും.

സ്ത്രീപുരുഷന്മാരന്തരമിയലാ- / ത്തുത്ഥാനത്തിൽ
സ്വർഗ്ഗംതന്നിൽ ദൂതർകണക്കേ / രാജിക്കുന്നു.

മൃതനായ് മിശിഹാ മൂന്നാം ദിവസം / ജീവൻ നേടി;
ഭീകരമൃതിതൻ ചങ്ങലയേവം / പൊട്ടിനുറുങ്ങി.

മൃതിയുടെ കൊടുതാം കോട്ടകളെല്ലാം / തട്ടിനിരത്തി
നാഥൻ നവമായുത്ഥാനത്തിൻ / പാത തുറന്നു.

സ്വർഗ്ഗമണഞ്ഞോ-രജസുതനിനിയും / ജയലാളിതനായ്
വരുമീധരയിൽ കുരിശിൻ പ്രഭയാൽ / പരിവേഷ്ടിതനായ്.

ആകാശത്തിൽ ദൂതന്മാരും / ധരമേൽ നരരും
അക്ഷമരായ് നിൻ ആഗമദിവസം / പാർത്തുകഴിപ്പൂ.

വീട്ടെജമാനൻ പ്രതിഫലമേകാ- / നെത്തും ദിവസം
വേഗം പുലരാൻ ഭൃത്യഗണങ്ങൾ / നോക്കിയിരിപ്പൂ.

മണവാളൻ വന്നെത്തുന്നേരം / മണവറ ചേരാൻ
തിരികൾ തെളിച്ചാക്കന്യാമണികൾ / കാത്തുകഴിപ്പൂ.

നിശ്ചഞ്ചലരായ് ദൂതന്മാരും / തിരുസന്നിധിയിൽ
ആദരപൂർവ്വം കാഹളമൂതാ- / നണിനില്ക്കുന്നു.

ഓശാനകളാലെതിരേല്പതിനായ് / പരിശുദ്ധന്മാർ
ആകാശത്തിൻ മണിവാതില്ക്കൽ / നിലകൊള്ളുന്നു.

മരണത്താലേ വിജയമണിഞ്ഞോ- / രുന്നതനൃപനായ്
പരിമളമുതിരും പുഷ്പകിരീടം / നിർമ്മിക്കുന്നു.

സുകൃതസുമങ്ങൾ ചാർത്തിയൊരുങ്ങി / സമലംകൃതരായ്
വരുവിൻ, വരുവിൻ നൃപനെ മുറപോ- / ലെതിരേല്പതിനായ്.

മൂന്നാം ഭാഗം: സിമിത്തേരിയിൽ

കാർമ്മി: കർത്താവേ, നിന്റെ *ദാസന്റെ (ദാസിയുടെ)* ആത്മാവിനെ നീതിമാന്മാരുടെ രാജ്യത്തു പ്രവേശിപ്പിക്കണമേ.

സമൂഹം: അയാൾക്കു നിത്യാശ്വാസം കൊടുക്കുകയും ചെയ്യണമേ.

കുഴിവെഞ്ചരിപ്പ്

കാർമ്മി: മണ്ണിൽനിന്നു മനുഷ്യനെ സൃഷ്ടിക്കയും അവനെ മരണവിധേയനാക്കുകയും ചെയ്യുന്ന ദൈവമേ, നിന്റെ വിശുദ്ധന്മാർ വിശ്രമം കൊള്ളുന്ന കബറിടം എത്ര മനോഹരമാകുന്നു! വിശുദ്ധ മാമ്മോദീസയാൽ മുദ്രിതവും പരിശുദ്ധ കുർബാനയാൽ പരിപുഷ്ടവും വിശുദ്ധ തൈലത്താൽ അഭിഷിക്തവുമായ ഈ ശരീരത്തിനു നിന്റെ ദിവ്യപുത്രന്റെ രണ്ടാമത്തെ ആഗമനംവരെ വിശ്രമം നല്കേണ്ട ഈ കബറിടം നീ പവിത്രീകരിക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം: ആമ്മേൻ.

പുരോഹിതൻ ധൂപം വാഴ്ത്തുന്നു.

കാർമ്മി: സോപ്പാകൊണ്ടു നീ എന്നെ തളിക്കുക. ഞാൻ നിർമ്മലനാകും.

സമൂഹം: കർത്താവേ, നിന്റെ അനുഗ്രഹത്തിന്റെ ദിവ്യജലത്താൽ ഈ ആളെ ആശ്വസിപ്പിക്കണമേ.

മൃതശരീരത്തിന്മേൽ കുരിശാകൃതിയിൽ വിശുദ്ധ പനിനീർ തളിക്കുന്നു.

കാർമ്മി: അതിൽ എന്നെ കഴുകുക: ഞാൻ മഞ്ഞിനെക്കാൾ വെണ്മയുള്ളവനാകും.

സമൂഹം: കർത്താവേ, നിന്റെ അനുഗ്രഹത്തിന്റെ ദിവ്യജലത്താൽ ഈ കബറിടം പവിത്രീകരിക്കണമേ.

കുഴിയിൽ കുരിശാകൃതിയിൽ വിശുദ്ധ പനിനീർ തളിക്കുന്നു.

കാർമ്മി: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂഹം: കുരിശുവഴിയായി നമ്മെ രക്ഷിച്ച പുത്രനും സ്തുതിയും ബഹുമാനവും സമർപ്പിക്കാം.

പുരോഹിതൻ മൃതശരീരത്തെ ഈരണ്ടുവീതം മൂന്നു പ്രാവശ്യം ധൂപിക്കുന്നു.

കാർമ്മി: ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

സമൂഹം: ഞങ്ങളുടെ പ്രാർത്ഥനകൾ പരിമളധൂപംപോലെ നിന്നെ പ്രസാദിപ്പിക്കട്ടെ.

പുരോഹിതൻ കുഴി ഈരണ്ടുവീതം മൂന്നുപ്രാവശ്യം ധൂപിക്കുന്നു.

കുന്തുരുക്കമിടൽ

കാർമ്മി: മനുഷ്യാ, നീ പൊടിയാകുന്നു; പൊടിയിലേയ്ക്കു തന്നെ മടങ്ങും എന്ന് അരുളിച്ചെയ്ത സകലത്തിന്റെയും നാഥനായ ദൈവം നിന്നെ ഉയിർപ്പിന്റെ മഹത്വത്തോടുകൂടെ അവസാന ദിവസം തന്റെ വലത്തു ഭാഗത്തു നിറുത്തട്ടെ. നീ സ്വീകരിച്ച വിശുദ്ധ കൂദാശകൾ അത്യുന്നത ദൈവത്തിന്റെ ന്യായാസനത്തിങ്കൽ നിന്നെ സഹായിക്കട്ടെ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം: ആമ്മേൻ.

കാർമ്മി: മനുഷ്യാ, നീ പൊടിയാകുന്നു; പൊടിയിലേയ്ക്കു തന്നെ മടങ്ങുമെന്ന് ഓർത്തുകൊള്ളുക.

പുരോഹിതൻ മൃതശരീരത്തിന്മേൽ കുന്തുരുക്കമിടുന്നു. പെട്ടി മൂടിയ ശേഷം കുഴിയിലേയ്ക്ക് ഇറക്കുന്നു. തൽസമയം താഴെ കൊടുത്തിരിക്കുന്ന ഗാനം പാടുന്നു. മറ്റുള്ളവർ കുഴിയിൽ കുന്തുരുക്കമിടുന്നു.

ഗാനം

(മല്ക്കാ മിശിഹാ)

എന്റെ കർത്താവേ, നിന്നെ ഞാൻ പ്രകീർത്തിക്കും.

മഹിമയൊടന്തിമവിധിനാളിൽ / കർത്താവേ, നീയണയുമ്പോൾ
കരുണയൊടെന്നെ നിറുത്തണമേ / നല്ലവരൊത്തു വലംഭാഗേ.

കർത്താവേ, നിന്നെ ഞാനാശ്രയിച്ചു.

കർത്താവേ നിൻ കുരിശിനെ ഞാ- / നാരാധിച്ചുവണങ്ങുന്നു:
അതു താൻ ഞങ്ങൾക്കുത്ഥാനം / രക്ഷയുമുയിരും നല്കുന്നു.

ആകാശവും ഭൂമിയും നിന്റേതാകുന്നു.

ആകാശവുമീ ഭൂതലവും / താവകമല്ലോ കർത്താവേ,
ജീവിക്കുന്നവനഭയം നീ / നല്കണമേ; മൃതനായുസ്സും.

അവരാനന്ദകീർത്തനങ്ങൾ പാടും

മൃതരാം നരരുടെ പാപങ്ങൾ / മായ്ക്കണമേ നിൻ കൃപയാലേ:
മാമ്മോദീസാവഴിയങ്ങേ / സുതരാണവരെന്നോർക്കണമേ.

അവന്റെ സന്തോഷത്തിൽ അവരാനന്ദിക്കും.

കർത്താവേ, നിൻ ശോണിതവും / ദിവ്യശരീരവുമറിവോടെ
ഉൾക്കൊണ്ടവരാം നിൻസുതരേ / നിത്യവിരുന്നിൽ ചേർക്കണമേ.

അവരിലാരും അവശേഷിച്ചില്ല.

മഴപെയ്യുമ്പോൾ വയലുകളിൽ / വിത്തുകൾ പൊട്ടിമുളയ്ക്കുന്നു:
കാഹളനാദം കേൾക്കുമ്പോൾ / മൃതരിൽ ജീവനുദിക്കുന്നു.

ആദിമുതലുള്ളവയെല്ലാം.

തെളിവായെന്നുടെ നാഥാ നിൻ / തിരുമിഴിയെല്ലാം കാണുന്നു:
നിരവധിയാമെൻ പാപങ്ങൾ / നിരയായെണ്ണി വിധിക്കല്ലേ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ബാവാപുത്രൻ റൂഹായേ, / മൃതനാമെന്നില്ക്കനിയേണം
ജീവൻ നല്കി മഹോന്നതമാം / പ്രഭയുടെ നാട്ടിൽ ച്ചേർക്കേണം.

ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

സർവ്വാധിപനാം കർത്താവേ, / നിന്നെ വണങ്ങി നമിക്കുന്നു
ഈശോമിശിഹാ, ഞങ്ങളിതാ / നിന്നെ നമിച്ചു പുകഴ്ത്തുന്നു.

ജനമെല്ലാം പ്രകീർത്തിക്കട്ടെ.

ഞങ്ങടെ മർത്യശരീരങ്ങൾ- / ക്കുത്ഥാനം നീയേകുന്നു:
നാഥാ, ഞങ്ങടെയാത്മാവും / രക്ഷിക്കുന്നവനല്ലോ നീ.

ആമ്മേൻ ആമ്മേൻ എന്നുദ്ഘോഷിക്കുവിൻ.

സർവ്വേശാ, നീ പരിശുദ്ധൻ / ബലവാനേ, നീ പരിശുദ്ധൻ;
നിത്യനമർത്യൻ പരിശുദ്ധൻ / നിൻ കൃപ ഞങ്ങൾക്കേകണമേ.

കാർമ്മി: പാപിനിക്കു പൊറുതി കൊടുത്ത് അവളെ വിശുദ്ധീകരിച്ച കർത്താവേ, നിന്റെ അനുഗ്രഹത്താൽ മരിച്ചവരെ വിശുദ്ധീകരിക്കണമേ. മാലാഖമാരോടുകൂടെ സ്വർഗ്ഗത്തിൽ നിന്നെ സ്തുതിക്കുവാൻ അവരെ യോഗ്യരാക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം: ആമ്മേൻ. കർത്താവേ, അനുഗ്രഹിക്കണമേ.

കാർമ്മി: മരിച്ചവരെ ഉയിർപ്പിക്കുന്നവനും, അവർക്കു നിത്യാശ്വാസം കൊടുക്കുന്നവനുമായ കർത്താവേ, നിന്നെ ഞങ്ങൾ ആരാധിക്കുകയും പുകഴ്ത്തുകയും ചെയ്യുന്നു. ജീവന്റെയും മരണത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം: ആമ്മേൻ.

ബോധനഗാനം
(പുരുഷന്മാർക്ക്)
(ബ്ഹദ്മീൻ യൗമീൻ ...)

കാർമ്മി: നാഥനണഞ്ഞിടുമന്തിമനാളിൽ
കാരുണ്യമെഴും, വിധിയാൽ വാനവരാജ്യം നേടും, മനുജനുഭാഗ്യം.

സമൂഹം: നാഥനണഞ്ഞിടു ...

കാർമ്മി: കറയറ്റവനായ് ചിരമഹിമാവിൽ
മിന്നിവിളങ്ങും, മുഖമൊടു കല്ലറവിട്ടെഴുന്നേല്ക്കും, മനുജനുഭാഗ്യം.

സമൂഹം: നാഥനണഞ്ഞിടു ...

കാർമ്മി: വരിക നിനക്കായാദിമുതൽ ഞാൻ
കരുതിയരാജ്യം, നേടുക നാഥനിൽ നിന്നിതു കേൾക്കും, മനുജനുഭാഗ്യം.

സമൂഹം: നാഥനണഞ്ഞിടു ...

(സ്ത്രീകൾക്ക്)
(യാദാഹ്ലശാവേ....)

കാർമ്മി: മിശിഹാ കർത്താവിൻ, ദാസീ വിധിനാളിൽ
കാഹള സംഗീതം നിന്നെ വിളിക്കട്ടെ
മശലമറിയമണിഞ്ഞൊരു വെണ്മഹിമദ്യുതിയോടെ.

സമൂഹം: മിശിഹാ കർത്താവിൻ ...

കാർമ്മി: നിർമ്മലചരിതകളാം, സാറാ ഏലീശ്വാ
മർത്തയൊടുംകൂടെ കടശിയിലുത്ഥാനം നിതരാം കനിവാർന്നരുളട്ടെ
കർത്താവഖിലേശൻ.

സമൂഹം: മിശിഹാ കർത്താവിൻ ...

കാർമ്മി: മൃതിയോർത്തിനി നിങ്ങൾ, കദനം തുടരാതെ
രക്ഷാ വചനങ്ങൾ കേട്ടു നടന്നിടുവിൻ:
പുനരുത്ഥാനം വരുമല്ലോ: മരണമുറക്കം താൻ.

സമൂഹം: മിശിഹാ കർത്താവിൻ ...

സങ്കീർത്തനം
(പുരുഷന്മാർക്ക്)

ശുശ്രൂഷി: ദൈവമേ; എന്റെ പാപങ്ങൾ കഴുകിക്കളയണമേ. മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി.

സമൂഹം രണ്ടു ഗണമായി തുടരുന്നു (സങ്കീ. 51)

ദൈവമേ എന്റെ പാപങ്ങൾ കഴുകിക്കളയണമേ:
എന്റെ തെറ്റുകൾ തുടച്ചുമാറ്റണമേ.

എന്തുകൊണ്ടെന്നാൽ എന്റെ പാപങ്ങൾ ഞാനറിയുന്നു:
ഞാൻ അവയെല്ലാം കണ്ടുകൊണ്ടിരിക്കുന്നു.

നിനക്കെതിരായി ഞാൻ പാപം ചെയ്തുപോയി;
നിന്റെ സന്നിധിയിൽ ഞാൻ തിന്മകൾ പ്രവർത്തിച്ചു.

എന്റെ പാപങ്ങളിൽ നിന്നു മുഖം തിരിച്ചുകളയണമേ:
എന്റെ കുറ്റങ്ങളെല്ലാം തുടച്ചുമാറ്റുകയും ചെയ്യണമേ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി:
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

ശുശ്രൂഷി: ദൈവമേ, എന്റെ പാപങ്ങൾ കഴുകിക്കളയണമേ. മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി. പ്രാർത്ഥിക്കാം; നമുക്കു സമാധാനം.

(സ്ത്രീകൾക്ക്)

ശുശ്രൂഷി: കാട്ടരുവി തേടിനടക്കുന്ന മാൻപേടയെപ്പോലെ കർത്താവേ, നിന്നെ ഞാൻ തേടിവിളിക്കുന്നു.

സമൂഹം രണ്ടു ഗണമായി തുടരുന്നു (സങ്കീ. 51)

സജീവനായ ദൈവത്തെ ഞാൻ ദാഹിക്കുന്നു:
ഞാൻ എപ്പോൾ എന്റെ ദൈവത്തെ കാണും?

രാവും പകലും ഞാൻ കണ്ണീരു കുടിക്കുന്നു:
എന്തുകൊണ്ടെന്നാൽ നിന്റെ ദൈവം എവിടെ എന്ന്
അവർ നിത്യവും എന്നെ പരിഹസിക്കുന്നു.

എന്റെ ആത്മാവേ, നീ എന്തിനു നിരാശപ്പെടുന്നു?
നീ എന്തിനു വിഷാദിച്ചു കലങ്ങുന്നു?
നീ ദൈവത്തിലാശ്രയിക്കുക.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി:
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

ശുശ്രൂഷി: കാട്ടരുവി തേടിനടക്കുന്ന മാൻപേടയെപ്പോലെ കർത്താവേ, നിന്നെ ഞാൻ തേടിവിളിക്കുന്നു.
മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി. പ്രാർത്ഥിക്കാം നമുക്കു സമാധാനം.

കാർമ്മി: സജീവവും ജീവദായകവുമായ ശബ്ദത്താൽ ലാസറിനെ ഉയിർപ്പിച്ച കർത്താവേ, ആ ശബ്ദം മഹനീയമായ നീതിവിധിയുടെ ദിവസത്തിൽ നിന്റെ *ദാസനെ (ദാസിയെ)* വിളിക്കുകയും നിന്റെ വലത്തു ഭാഗത്തു നിറുത്തുകയും ചെയ്യട്ടെ. പാപങ്ങൾ പൊറുക്കുന്നവനും കരുണ നിറഞ്ഞവനും നീതിമാനുമായ വിധികർത്താവേ, ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം: ആമ്മേൻ.

കാർമ്മി: കർത്താവേ, മരിച്ചവരെ നീ കരുണാപൂർവ്വം ജീവിപ്പിക്കണമേ. ജീവിക്കുന്നവരെ ദയാപൂർവ്വം പരിപാലിക്കണമേ, ഉത്ഥാനം പ്രതീക്ഷിച്ചു

മരണമടഞ്ഞവരെ മഹിമയോടെ ഉയിർപ്പിക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം: ആമ്മേൻ, കർത്താവേ, അനുഗ്രഹിക്കണമേ.

കാർമ്മി: സകലത്തിന്റെയും നാഥനായ ദൈവം തന്റെ നീതിമാന്മാരോടും വിശുദ്ധരോടുംകൂടെ ഉൽകൃഷ്ടമായ ഉയിർപ്പും മഹനീയമായ നിത്യജീവനും നല്കി സ്വർഗ്ഗരാജ്യമാകുന്ന ഓർശ്ലത്തേയ്ക്ക് ഈ ആളെ പ്രവേശിപ്പിക്കുമാറാകട്ടെ. നമ്മിൽ നിന്നു വേർപെട്ടുപോയ മിശിഹായുടെ മൗതികശരീരത്തിലെ ഈ അംഗത്തെ അനുഗമിക്കുകയും, ഈ മൃതസംസ്കാരത്തിൽ സഹകരിച്ച് ഈ ആളെ ബഹുമാനിക്കയും ചെയ്ത നിങ്ങളെല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കുമാറാകട്ടെ. അവിടത്തേ കൃപ നിരന്തരം നിങ്ങളിൽ വസിക്കയും അവിടത്തേ കാരുണ്യം നിത്യം നിങ്ങളെ അനുഗമിക്കുകയും ചെയ്യട്ടെ. ഇപ്പോഴും + എപ്പോഴും എന്നേയ്ക്കും.

സമൂഹം: ആമ്മേൻ.

എല്ലാവരും കുരിശുതൊട്ടു നമസ്കരിച്ചു പിരിഞ്ഞു പോകുന്നു.

നാളോത്ത്

മൃതസംസ്കാരത്തിനുശേഷം പുരോഹിതൻ മരിച്ചയാളിന്റെ ഭവനത്തിൽച്ചെന്നു നടത്തുന്ന കർമ്മമാണിത്. നാളിലെ (അതേ ദിവസംതന്നെ നടക്കുന്ന) ഓത്ത് (പ്രാർഥന) എന്നതിന്റെ ചുരുക്കപ്പേരാണ് നാളോത്ത്. വീട്ടിൽ പോകാൻ സാധിക്കാത്തപ്പോൾ പള്ളിയിൽവെച്ചുതന്നെ ഇതു നടത്തുന്നു.

ഒരു മേശമേൽ ഒരു പാത്രത്തിൽ കുറെ അരിയോ ജീരകമോ വച്ചിരിക്കണം. കാർമ്മികൻ ആ മേശയുടെ അടുക്കൽചെന്നു നിന്നു പ്രാർത്ഥനയാരംഭിക്കുന്നു.

കാർമ്മി: പിതാവിന്റെയും + പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

സമൂഹം: ആമ്മേൻ.

ശുശ്രൂഷി: പ്രാർത്ഥിക്കാം; നമുക്കു സമാധാനം.

കാർമ്മി: ദുഃഖിതരെ ആശ്വസിപ്പിക്കുന്നവനും, ബലഹീനരെ ശക്തിപ്പെടുത്തുന്നവനുമായ ദൈവമേ, ഞങ്ങളെ അനുഗ്രഹിക്കണമേ. നിത്യാനന്ദത്തിലുള്ള പ്രതീക്ഷയോടുകൂടെ മരണം പ്രാപിച്ചിരിക്കുന്ന ഈ *സഹോദരന്റെ (സഹോദരിയുടെ)* ആത്മാവിനു നിത്യാശ്വാസം പ്രദാനം ചെയ്യണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം: ആമ്മേൻ, കർത്താവേ, അനുഗ്രഹിക്കണമേ.

കാർമ്മി: യോവാറാശിന്റെ പുത്രിയെ ഉയർപ്പിച്ച് അയാളെ ആശ്വസിപ്പിച്ച കർത്താവേ, പ്രിയപ്പെട്ടവരുടെ വേർപാടിൽ ദുഃഖിതരായിരിക്കുന്ന അങ്ങയുടെ ഈ ദാസരെയും ആശ്വസിപ്പിക്കണമേ. അവർ നിരാശരാകാതിരിക്കുവാൻ ഉത്ഥാനത്തിന്റെ പ്രതീക്ഷയാൽ അവരെ ധൈര്യപ്പെടുത്തണമേ. ജീവന്റെയും മരണത്തിന്റെയും നാഥാ, എന്നേക്കും.

സമൂഹം: ആമ്മേൻ.

പ്രബോധനഗാനം

(അന്നൊരു ദിവസം)

കാർമ്മി: കരുണാനിധിയാം കർത്താവേ നിൻ, *ദാസനു നൽകണ-* (*ദാസിക്കേകണ-)* മുന്നതമോഹന- / പറുദീസായിൽ, വിജയകിരീടം.

സമൂഹം: കരുണാനിധിയാം ...

കാർമ്മി: മാനവരെല്ലാമന്തിമനാളിൽ / നിത്യവിധിക്കയ്
വാനിലുയർന്നു പറന്നുവരുമ്പോൾ, കനിയണമെന്നിൽ.

സമൂഹം: കരുണാനിധിയാം ...

കാർമ്മി: വിജയം നേടിയ തനയർക്കെല്ലാം / ജയമുടി നൽകാ-
നംബരവീഥിയിൽ നീയണയുമ്പോൾ, കനിയണമെന്നിൽ.

സമൂഹം: കരുണാനിധിയാം ...

ശുശ്രൂഷി: പ്രാർത്ഥിക്കാം; നമുക്കു സമാധാനം.

കാർമ്മി: ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങു സൃഷ്ടികൾക്കു നൽകിയിരിക്കുന്ന പൊതുനിയമത്തിനു *വിധേയനായി (വിധേയയായി)* ഞങ്ങളിൽനിന്നു പിരിഞ്ഞുപോയിരിക്കുന്ന ഈ *സഹോദരന്റെ (സഹോദരിയുടെ)* ആത്മാവിനെ സ്വർഗരാജ്യത്തിലേക്കു സ്വീകരിക്കണമേ. ജീവിതകാലത്ത് ഈ ആൾ ചെയ്തിട്ടുള്ള കുറ്റങ്ങൾക്കെല്ലാം മാപ്പുകൊടുക്കുകയും, ഈ ആളുടെ ആത്മാവിനെ കഴുകി വിശുദ്ധീകരിക്കുകയും ചെയ്യണമേ. അവസാന വിധിദിവസത്തിൽ ദുഷ്ടന്മാർ നല്ലവരിൽനിന്നു വേർതിരിക്കപ്പെടുകയും ഓരോരുത്തരുടെയും പ്രവർത്തികൾക്ക് അനുസരണമായ പ്രതിഫലം നൽകപ്പെടുകയും ചെയ്യുമ്പോൾ ഈ ആളിനോട് അനുകമ്പ തോന്നണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം: ആമ്മേൻ, കർത്താവേ, അനുഗ്രഹിക്കണമേ.

കാർമ്മി: കാരുണ്യവാനായ ദൈവമേ, സങ്കീർത്തനങ്ങളും പ്രാർത്ഥനാഗീതങ്ങളും ആലപിച്ചുകൊണ്ട് ഈ സംസ്കാര കർമ്മങ്ങളിൽ സംബന്ധിച്ച വൈദികരെയും മറ്റു വിശ്വാസികളെയും അനുഗ്രഹിക്കണമേ. മരിച്ചയാളിന്റെ കുടുംബാംഗങ്ങളെയും ബന്ധുമിത്രങ്ങളെയും ആശ്വസിപ്പിക്കണമേ. അങ്ങയുടെ കുരിശുമരണത്തിന്റെയും ഉത്ഥാനത്തിന്റെയും ഫലങ്ങൾ അവർ അനുഭവിക്കുമാറാകട്ടെ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം: ആമ്മേൻ, കർത്താവേ, അനുഗ്രഹിക്കണമേ.

സമാപന പ്രാർഥന

കാർമ്മി: കുരിശുമരണം വഴിയായി മരണത്തെ കീഴടക്കുകയും, മനുഷ്യരുടെ പാപങ്ങൾക്കു പരിഹാരം നേടി അവരെ സ്വർഗത്തിന് അവകാശികളാക്കുകയും ചെയ്ത മിശിഹാ നമ്മെ സംരക്ഷിക്കട്ടെ. പാപത്തിനു മരിച്ചവരായി സ്വർഗത്തെ ലക്ഷ്യമാക്കിക്കൊണ്ടു ജീവിക്കുവാൻ അവിടുന്നു നമ്മെ സഹായിക്കുകയും ചെയ്യട്ടെ. ഇപ്പോഴും + എപ്പോഴും എന്നേയ്ക്കും

സമൂഹം: ആമ്മേൻ.

കരിക്കിൻവെള്ളം കാർമ്മികൻ വെഞ്ചരിച്ച് മൃത്ത മകനു നല്കുന്നു. സ്നേഹത്തിന്റെയും ഐക്യത്തിന്റെയും പ്രതീകമായി മക്കളെല്ലാവരും അടുത്ത ബന്ധുക്കളും അതിൽനിന്നു പാനം ചെയ്യുന്നു.

എല്ലാവരും കൈക്കസ്തൂരി വാങ്ങിയശേഷം അരിമണി (ജീരകം) എടുക്കുന്നു.

പുലയടിയന്തിരം

ഹിന്ദു പാരമ്പര്യത്തിലെ "പുലകുളി"യിൽ നിന്നു ക്രൈസ്തവർ അനുകരിച്ച ആചാരമാണ് പുലയടിയന്തിരം. മരണവും മൃതസംസ്കാരവും വഴിവന്ന പത്തുദിവസത്തെ പുല (അശുദ്ധി) അകറ്റാൻ പതിനൊന്നാം ദിവസം നടത്തിയിരുന്ന ഔദ്യോഗിക കുളിയും തുടർന്നുള്ള ബലിയർപ്പണവും ബന്ധുക്കൾക്കും അയൽക്കാർക്കും നൽകുന്ന സസ്യാഹാരംകൊണ്ടുള്ള സദ്യയുമാണിത്. ഇപ്പോൾ പതിനൊന്നാം ദിവസത്തിനു പകരം സൗകര്യാർത്ഥം ദിവസം കുറയ്ക്കാറുണ്ട്. പ്രാർത്ഥനയ്ക്കു ശേഷം വൈദികനിൽനിന്നു സ്വീകരിക്കുന്ന പഴം ആദിപാപത്തെയും, മൂന്ന് നെയ്യപ്പം പാപമോചനം നല്കുന്ന സ്വർഗീയ അപ്പത്തെയും സൂചിപ്പിക്കുന്നു. നേർച്ചയിടുന്ന പണം ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കുന്നു.

ഒരു മേശമേൽ പാത്രത്തിൽ അരിയോ ജീരകമോ വച്ചിരിക്കണം.

കാർമി: പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

സമൂഹം: ആമ്മേൻ.

കാർമി: ഞങ്ങളുടെ കർത്താവായ ദൈവമേ അങ്ങയുടെ പ്രസാദം ഞങ്ങളിൽ എന്നും വസിക്കുമാറാകട്ടെ. അങ്ങയുടെ കാരുണ്യം ഞങ്ങളുടെ പാപങ്ങൾ കഴുകിക്കളയട്ടെ. ഉയിർപ്പിലുള്ള പ്രത്യാശയോടെ മരണമടഞ്ഞ ഞങ്ങളുടെ *സഹോദരനു (സഹോദരിക്കു)* നിത്യജീവിതം കല്പിച്ചരുളണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ.

സമൂഹം: ആമ്മേൻ. കർത്താവേ, അനുഗ്രഹിക്കണമേ.

കാർമി: പാപികളെ വിശുദ്ധീകരിക്കുന്നവനും മരിച്ചവരെ ഉയിർപ്പിക്കുന്നവനും പ്രവർത്തികൾക്ക് അനുസരണമായി പ്രതിഫലം നല്കുന്നവനുമായ ദൈവമേ, ഞങ്ങളുടെ *സഹോദരന്റെ (സഹോദരിയുടെ)* പാപങ്ങൾക്കു മാപ്പുകൊടുക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ.

സമൂഹം: ആമ്മേൻ.

പ്രബോധന ഗാനം

(ലാതെക്റേലാക്...)

കാർമി: നരനായുലകിൽ വന്നു പിറന്നാൽ / മൃതിതാനന്ത്യം
പരിപാവനമാമീശ്വരവിധിയാ- / ണൊഴിവില്ലാർക്കും.

സമൂഹം: നരനായുലകിൽ ...

കാർമി: തനയനിൽനിന്നും താതനെ മരണം / ദൂരെയകറ്റും
നിർദയമൊരുനാളമ്മയിൽനിന്നും / മകനെയകറ്റും.

ജനങ്ങളുടെമേൽ പനിനീർ തളിക്കുന്നു.

സമൂഹം: നരനായുലകിൽ ...

കാർമി: കൈകൾ ചലിക്കി, ല്ലധരമനങ്ങി- / ല്ലിനിയൊരുനാളും
കണ്ണുകളിരുളും, കാതുകളടയും / കരിനിഴലുയരും.

സമൂഹം: നരനായുലകിൽ ...

ശുശ്രൂഷി: പ്രാർഥിക്കാം, നമുക്കു സമാധാനം.

സമാപന പ്രാർഥന

കാർമി: കർത്താവായ ദൈവമേ, ഞങ്ങളുടെ പ്രാർഥന കേൾക്കണമേ. ഞങ്ങളുടെ ബലികളും കാഴ്ചകളും കൈക്കൊണ്ടു മരിച്ചവരുടെ പാപങ്ങൾക്കു പൊറുതി കൊടുക്കണമേ. നിഷ്ക്കളങ്കനായ ആബേലിന്റെയും പുണ്യചരിതനായ നോഹിന്റെയും, അങ്ങിൽ വിശ്വാസം അർപ്പിച്ച അബ്രാഹത്തിന്റെയും വിലയേറിയ കാഴ്ചകൾപോലെ ഞങ്ങളുടെ എളിയ കാഴ്ചകളും അങ്ങു സ്വീകരിക്കണമേ. ഈ കുടുംബത്തിലെ അംഗങ്ങളുടെയും അവരുടെ ബന്ധുമിത്രാദികളുടെയും പ്രാർഥനകൾ സ്വീകരിച്ച് ഈ കുടുംബത്തെ അനുഗ്രഹിക്കുകയും, ഇവിടെനിന്നു മരിച്ചുപോയ ... ന്റെ ആത്മാവിനു നിത്യാശ്വാസം നല്കുകയും ചെയ്യണമേ. ഇപ്പോഴും + എപ്പോഴും എന്നേയ്ക്കും.

സമൂഹം: ആമ്മേൻ

കരിക്കിൻവെള്ളം കാർമ്മികൻ വെഞ്ചരിച്ച് മൃത്തമകനു നല്കുന്നു. സ്നേഹത്തിന്റെയും ഐക്യത്തിന്റെയും പ്രതീകമായി മക്കളെല്ലാവരും അടുത്ത ബന്ധുക്കളും അതിൽനിന്നു പാനം ചെയ്യുന്നു.

എല്ലാവരും കാഴ്ച സമർപ്പിച്ച് കൈക്കസ്തൂരി വാങ്ങിയശേഷം അരിമണിയോ ജീരകമോ എടുക്കുന്നു.

ചാത്തം (മന്ത്ര)

ശ്രാദ്ധം (പരേതർക്കുവേണ്ടിയുള്ള ബലിസമർപ്പണം) എന്ന സംസ്കൃത പദത്തിൽനിന്നാണ് ചാത്തം എന്ന വാക്ക് ഉൽഭവിച്ചത്. നാല്പത്തൊന്നിനും മരണവാർഷികത്തിനും ചാത്തം നടത്താറുണ്ട്. വാർഷികത്തിന് 28 ദിവസം മുമ്പുനടത്തുന്ന ചന്ദ്രമാസപ്രകാരമുള്ള വാർഷികത്തിനും ഈ പ്രാർത്ഥന ഉപയോഗിക്കുന്നു. മന്ത്ര എന്നാൽ പ്രാർഥന എന്നാണ് അർത്ഥം.

വീട്ടിൽ മേശമേൽ കുരിശുരൂപം, രണ്ടുവശത്തും കത്തിച്ച തിരികൾ, ഒരു പാത്രത്തിൽ അരി അല്ലെങ്കിൽ ജീരകം എന്നിവ വച്ചിരിക്കണം.

കാർമി: ഈ ഭവനത്തിനും ഇതിൽ വസിക്കുന്നവർക്കും സമാധാനം.

സമൂഹം: ആമ്മേൻ

ശുശ്രൂഷി: മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, അങ്ങയുടെ തിരുനാമത്തിനു സ്തുതി. പ്രാർഥിക്കാം നമുക്കു സമാധാനം.

കാർമി: നീതിമാന്മാരായ വിശ്വാസികളിലും പരിശുദ്ധരായ പൂർവപിതാക്കന്മാരിലും, അത്യന്തം സന്തുഷ്ടനായി അവരെ ആശീർവദിച്ച ദൈവമേ, ഈ ഭവനത്തെയും ഇതിൽ വസിക്കുന്നവരെയും അനുഗ്രഹിക്കണമേ. ഇവിടെനിന്ന് അന്ത്യയാത്ര പറഞ്ഞു പിരിഞ്ഞുപോയവർക്കു നിത്യാനന്ദം കല്പിച്ചരുളണമേ. പൂർവപിതാവായ അബ്രാഹത്തിന്റെയും നീതിമാനായ ജോബിന്റെയും ഭവനങ്ങൾപോലെ ഇതും ഐശ്വര്യപൂർണമായിത്തീരട്ടെ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ.

സമൂഹം: ആമ്മേൻ.

കാർമി: സർവ്വാധിപനാം കർത്താവേ / നിന്നെ വണങ്ങി നമിക്കുന്നു
ഈശോ നാഥാ വിനയമൊടെ / നിന്നെ നമിച്ചു പുകഴ്ത്തുന്നു.

സമൂഹം: മർത്യനു നിത്യമഹോന്നതമാ- / മുത്ഥാനം നീയരുളുന്നു
അക്ഷയമവനുടെ ആത്മാവി- / ന്നുത്തമരക്ഷയുമേകുന്നു.

ശുശ്രൂഷി: പ്രാർത്ഥിക്കാം, നമുക്കു സമാധാനം.

കാർമി: അനാദിയായ ദൈവമേ, ഉന്നതനായ രാജാവേ, അങ്ങു ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും ആത്മാക്കളെ രക്ഷിക്കുന്നവനുമാകുന്നു. അങ്ങയെ ഞങ്ങൾ ആരാധിക്കയും പുകഴ്ത്തുകയും ചെയ്യുന്നു. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ.

സമൂഹം: ആമ്മേൻ.

വേദപുസ്തകപാരായണം

വായിക്കുന്നയാൾ: മക്കബായക്കാരുടെ പുസ്തകത്തിൽനിന്നുള്ള വായന. *(12: 39-46)*

(കാർമികനു നേരെ തിരിഞ്ഞ്) ഗുരോ ആശീർവദിക്കണമേ.

കാർമി: ദൈവം നിന്നെ + അനുഗ്രഹിക്കട്ടെ.

വായിക്കുന്നയാൾ: യുദ്ധത്തിൽ മരിച്ചവരുടെ ശരീരങ്ങളെടുത്ത് അവരുടെ ചാർച്ചക്കാരെ അടക്കിയിരുന്ന കല്ലറകളിൽത്തന്നെ സംസ്കരിക്കാൻ വേണ്ടി മക്കബായക്കാർ പിറ്റേദിവസം യൂദാസിന്റെ പക്കലേക്കു ചെന്നു. എന്നാൽ വധിക്കപ്പെട്ടവരുടെ വസ്ത്രങ്ങൾക്കുള്ളിൽ ജെമനിയായിലെ വിഗ്രഹങ്ങൾക്ക് അർപ്പിക്കപ്പെട്ട ബലിവസ്തുക്കൾ അവർ കണ്ടെത്തി. അങ്ങനെയുള്ള വസ്തുക്കൾ സൂക്ഷിക്കുക യഹൂദ നിയമപ്രകാരം കുറ്റകരമായിരുന്നു. അങ്ങനെ ഒരു കുറ്റം ചെയ്തതുകൊണ്ടാണ് അവർ വധിക്കപ്പെട്ടതെന്ന് അപ്പോൾ അവർക്കു മനസിലായി. നിഗൂഢകാര്യങ്ങൾ വെളിപ്പെടുത്തുന്ന നീതിമാനായ ദൈവത്തെ അവരെല്ലാവരും സ്തുതിച്ചു. അനന്തരം യുദ്ധത്തിൽ മരിച്ചവരുടെ പാപങ്ങൾക്കു പൊറുതി കൊടുക്കണമേ എന്ന് അവർ ദൈവത്തോടു പ്രാർഥിച്ചു. പിന്നീട് യുദ്ധവീരനായ യൂദാസ് ഉപദേശരൂപത്തിൽ അവരോട് ഇങ്ങനെ പറഞ്ഞു: "ഇവരുടെ പാപം മൂലം എന്താണു സംഭവിച്ചതെന്നു നിങ്ങൾതന്നെ നേരിട്ടു കണ്ടുകഴിഞ്ഞു. അതിനാൽ പാപം ചെയ്യാതിരിക്കാൻ ശ്രദ്ധിച്ചുകൊള്ളുവിൻ."

അതിനുശേഷം അദ്ദേഹം ഒരു പണപ്പിരിവു നടത്തി. പന്തീരായിരം ദ്രാക്മാ പിരിഞ്ഞുകിട്ടി. മർച്ചവരുടെ പാപങ്ങൾക്കുവേണ്ടി പരിഹാരബലിയർപ്പിക്കുവാൻ ആ സംഖ്യ അദ്ദേഹം ജെറുസലത്തേക്ക് അയച്ചുകൊടുത്തു. ഉത്ഥാനത്തിലുള്ള പ്രതീക്ഷയാണ് അതു ചെയ്യുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. മരിച്ചവർ വീണ്ടും ഉയിർക്കുമെന്നു പ്രതിക്ഷ ഇല്ലായിരുന്നുവെങ്കിൽ അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതു വ്യർത്ഥവും നിഷ്ഫലവുമായി അദ്ദേഹം കരുതുമായിരുന്നു.

സമൂഹം: *(വായന തീരുമ്പോൾ)* ദൈവമായ കർത്താവിനു സ്തുതി.

ശുശ്രൂഷി: നമുക്കു ശ്രദ്ധാപൂർവംനിന്നു പരിശുദ്ധ സുവിശേഷം ശ്രവിക്കാം.

കാർമി: സമാധാനം + നിങ്ങളോടുകൂടെ.

സമൂഹം: അങ്ങയോടും അങ്ങയുടെ ആത്മാവോടുംകൂടെ.

കാർമി: വിശുദ്ധ യോഹന്നാൻ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം. *(5: 24-29)*

സമൂഹം: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

കാർമി: ഈശോ അരുളിച്ചെയ്തു: എന്റെ വചനം കേൾക്കുകയും, എന്നെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവനു നിത്യജീവനുണ്ട് എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു. അവൻ വിധിക്കു വിധേയനാവുകയില്ല. മരണത്തിൽനിന്ന് അവൻ ജീവനിലേക്കു പ്രവേശിച്ചു കഴിഞ്ഞിരിക്കുന്നു.

സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, മരിച്ചവർ ദൈവപുത്രന്റെ ശബ്ദം കേൾക്കുകയും, അതു കേൾക്കുന്നവർ ജീവിക്കുകയും ചെയ്യുന്ന സമയം അടുത്തിരിക്കുന്നു. അല്ല, അതു വന്നുകഴിഞ്ഞു. എന്തെന്നാൽ ജീവന്റെ ഉറവിടമായ പിതാവു തന്റെ പുത്രനെയും ജീവന്റെ ഉറവിടമാക്കിയിരിക്കുന്നു. മനുഷ്യപുത്രനായതുകൊണ്ട് വിധികർത്താവിനുള്ള അധികാരവും അവനു കൊടുത്തിരിക്കുന്നു.

നിങ്ങൾ ഇതിൽ വിസ്മയിക്കണ്ടാ. എന്തുകൊണ്ടെന്നാൽ കല്ലറയിലുള്ളവർ അവന്റെ ശബ്ദം കേൾക്കുന്ന സമയം വരുന്നു. അപ്പോൾ നന്മചെയ്തവർ ജീവന്റെ ഉയിർപ്പിനും തിന്മചെയ്തവർ വിധിയുടെ ഉയിർപ്പിനുമായി പുറത്തുവരും.

സമൂഹം: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

സമൂഹപ്രാർഥന

ശുശ്രൂഷി: നമുക്കെല്ലാവർക്കും അനുതാപത്തോടും ഭക്തിയോടുംകൂടെ നിന്നു / മരിച്ചുപോയ നമ്മുടെ *സഹോദരന്റെ (സഹോദരിയുടെ)* ആത്മാവിനു / നിത്യഭാഗ്യം കല്പിച്ചരുളാൻ ദൈവത്തോടു പ്രാർഥിക്കാം.

സമൂഹം: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ശുശ്രൂഷി: അനന്തമായ സ്നേഹത്താൽ ഈ ആളെ സൃഷ്ടിക്കുകയും / അതുല്യമായ കൃപയാൽ രക്ഷിക്കുകയും ചെയ്ത ദൈവമേ / ശിക്ഷകളിൽ

നിന്നെല്ലാം മോചനം നല്കി / ഈ ആളിന്റെ ആത്മാവിനെ സ്വർഗരാജ്യത്തിലേക്കു സ്വീകരിക്കണമെന്നു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂഹം: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ശുശ്രൂഷി: ജീവിതകാലത്തു ചെയ്തിട്ടുള്ള സൽകൃത്യങ്ങളും ദാനധർമങ്ങളും / പ്രാർഥനകളും ജീവകാരുണ്യപ്രവർത്തനങ്ങളും പരിഗണിച്ച് / ഈ ആളിന്റെ ശിക്ഷകളെല്ലാം ഇളച്ചുകൊടുക്കണമെന്ന് / അങ്ങയോടു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂഹം: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ശുശ്രൂഷി: "നീ ഇന്ന് എന്നോടുകൂടെ പറുദീസായിൽ പ്രവേശിക്കു"മെന്നു / നല്ല കള്ളനോടു അരുളിച്ചെയ്ത കർത്താവേ / ഈ ആത്മാവിന്റെ കറകളെല്ലാം കഴുകി വിശുദ്ധീകരിക്കണമെന്ന് / അങ്ങയോടു ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂഹം: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ശുശ്രൂഷി: അത്ഭുതകരമായ ഉത്ഥാനംവഴി മനുഷ്യവർഗത്തെ ആനന്ദിപ്പിച്ച ലോകരക്ഷകനായ കർത്താവേ / അങ്ങയുടെ മഹത്വത്തിന്റെ പ്രഭയാൽ / ഈ ആത്മാവിനെ പ്രകാശിപ്പിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

കാർമി: ജീവിതകാലത്തു ഞങ്ങളുടെ ആലംബവും / മരണശേഷം ഞങ്ങളുടെ ആനന്ദവുമായ ദൈവമേ / അങ്ങ് ആകാശത്തിലും ഭൂമിയിലും ആരാധ്യനാകുന്നു. ഞങ്ങളിൽനിന്നു വേർപെട്ടുപോയ പ്രിയപ്പെട്ട *സഹോദരന്റെ (സഹോദരിയുടെ)* ആത്മാവിനു / നിത്യഭാഗ്യം കല്പിച്ചരുളണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും / പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ.

സമൂഹം: ആമ്മേൻ.

പ്രബോധനഗാനം
(അന്നൊരു ദിവസം)

കാർമി: മനുജനു ജന്മം നല്കിയ നാഥാ
മരണത്തിൽ നീ പുനരുത്ഥാനം
പകരുന്നല്ലോ, വാഴ്ത്തീടുന്നേൻ.

സമൂഹം: മനുജനു ജന്മം ...

കാർമി: ഓഴുകി വരുന്ന വാനവഗാനം
പൂഴിയിൽനിന്നും മൃതരുണരുന്ന
നിത്യവിരുന്നിൻ പുലരിവരുന്നു.

സമൂഹം: മനുജനു ജന്മം ...

കാർമി: പുരുമോഹനമപ്പുലരിയിൽ നാഥാ
പൂങ്കതിരണിയും സുകൃതികളോടെ
നാകം ചേരാൻ വരമരുളേണം.

സമൂഹം: മനുജനു ജന്മം ...

സമാപന പ്രാർത്ഥന

കാർമി: സ്നേഹസമ്പന്നനായ ദൈവമേ, ഈ കുടുംബത്തിൽനിന്നു മരിച്ചു പോയ ... ന്റെ ഓർമയാചരിക്കുന്ന ഞങ്ങളെ കാരുണ്യപൂർവം തൃക്കൺ പാർക്കണമേ. ഞങ്ങളുടെ പ്രാർഥന സ്വീകരിച്ച് അദ്ദേഹത്തിനു മോചനം നല്കുകയും, അദ്ദേഹത്തിന്റെ ബന്ധുമിത്രങ്ങളെ ആശ്വസിപ്പിക്കുകയും ചെയ്യണമേ. ഈ തിരുക്കർമ്മങ്ങളിൽ സംബന്ധിച്ച് അദ്ദേഹത്തിനു വേണ്ടി പ്രാർത്ഥിക്കുന്ന എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കണമേ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

സമൂഹം: ആമ്മേൻ.

കരിക്ക് ഉണ്ടെങ്കിൽ, കരിക്കിൻവെള്ളം കാർമ്മികൻ വെഞ്ചരിച്ച് മൃത്ത മകനു നല്കുന്നു. സ്നേഹത്തിന്റെയും ഐക്യത്തിന്റെയും പ്രതീക മായി മക്കളെല്ലാവരും അടുത്ത ബന്ധുക്കളും അതിൽനിന്നു പാനം ചെയ്യുന്നു. നാളോത്തിനും പുലയടിയന്തിരത്തിനും നാല്പത്തൊന്നിനു മാണ് കരിക്ക് നിർബന്ധമായും ഉപയോഗിക്കാറുള്ളത്.

പ്രാർത്ഥനയ്ക്കു ശേഷം വൈദികനിൽനിന്നു സ്വീകരിക്കുന്ന പഴം ആദിപാപത്തെയും, മൂന്ന് നെയ്യപ്പം പാപമോചനം നല്കുന്ന സ്വർഗീയ അപ്പത്തെയും സൂചിപ്പിക്കുന്നു. നേർച്ചയിടുന്ന പണം ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കുന്നു.

എല്ലാവരും കാഴ്ച സമർപ്പിച്ചു കൈക്കസ്തൂരി വാങ്ങിയശേഷം അരിയോ ജീരകമോ എടുക്കുന്നു.

പിറവിത്തിരുനാൾ

ഉണ്ണിയീശോയുടെ രൂപം അൾത്താരയിൽ സുവിശേഷഗ്രന്ഥം വയ്ക്കുന്ന സ്ഥാനത്തുവച്ച് വിരിയിട്ടു മറച്ചിരിക്കണം. തീയുഴൽച്ചയുണ്ടെങ്കിൽ ദൈവാലയത്തിനു വെളിയിൽ പ്രധാന കവാടത്തിനു മുമ്പിൽ ത്രികോണാകൃതിയിൽ വിറകുകൊള്ളികൾവെച്ച് മൂന്നു കോണുകളിൽ തീ കൊളുത്തുന്നതിന് സൗകര്യം ചെയ്തിരിക്കണം.

പ്രവേശനഗീതം

(രീതി: പുലരിയിൽ നിദ്രയുണർന്നങ്ങേ ...)

വന്നണയുന്നു ദൈവസുതൻ, മന്നിനു ശാന്തി പകർന്നിടുവാൻ
നീതി കൊളുത്താനീയുലകിൽ, വാനവ ധർമ്മം സ്ഥാപിക്കാൻ.

നിത്യപിതാവിൻ തനയനിതാ, മർത്യകുലത്തിനു സമ്മാനം
തന്റെ പ്രവാചകർ വഴിയായി, മുമ്പേയരുളി തിരുവചനം.

കാലത്തികവിൽ സകലേശൻ, പുത്രൻ വഴിയായ് മൊഴിയരുളീ
പാപകടങ്ങൾ നീക്കിടുവാൻ, രക്ഷകനിന്നു പിറന്നല്ലോ.

മഹിമകൾ നിറയും സ്വർഗത്തിൽ, നിന്നു പിറന്നു ദൈവസുതൻ
വചനം മാംസമണിഞ്ഞല്ലോ, മാനവനിരയിൽ പാർത്തിടുവാൻ.

ആട്ടിടയന്മാർ വാഴ്ത്തുകയായ്, ബെത്‌ലേം പുലരിയിൽ തിരുസുതനെ
കീർത്തിക്കാമാത്തിരുനാമം, പാർത്തലമതിൽ നാമെന്നാളും.

(അല്ലെങ്കിൽ)

ദൈവം പിറക്കുന്നു, മനുഷ്യനായ് ബെത്‌ലഹേമിൽ
മഞ്ഞു പെയ്യുന്ന മലർമടക്കിൽ, ഹല്ലേലൂയ്യ, ഹല്ലേലൂയ്യ
മണ്ണിലും വിണ്ണിലും മന്ദഹാസം പെയ്യും,
മധുര മനോഹര ഗാനം, (2)
ഹല്ലേലൂയ്യ, ഹല്ലേലൂയ്യ, (2)
ദൈവം പിറക്കുന്നു .....

പാതിരാവിൽ മണ്ണിന്നധീരനായ്, പാരിന്റെ നാഥൻ പിറക്കുകയായ് (2)
പാടിയാർപ്പൂ, വീണ മീട്ടൂ, / ദൈവത്തിൻ ദാസരെ ഒന്നു ചേരൂ (2)
ദൈവം പിറക്കുന്നു...

പകലോനു മുമ്പു പിതാവിന്റെ ഹൃത്തിലെ,
ത്രീയേക സൂനുവാം ഉദയ സൂര്യൻ (2)
പ്രാഭവ പൂർണ്ണനായ് ഉയരുന്നിതാ / പ്രതാപ മോടിന്നേശുനാഥൻ (2)

ദൈവം പിറക്കുന്നു .....

ഹല്ലേലൂയ്യ, ഹല്ലേലൂയ്യ (4)

("അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി ... " ഇവിടെ ആലപിക്കുന്നില്ല.)

കാർമ്മി: *(ഗാനം)*
സ്വർഗ്ഗസ്ഥിതനാം താതാ നിൻ, നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ, പരിശുദ്ധൻ നീ പരിശുദ്ധൻ.

സമൂഹം: *(രണ്ടു ഗണമായി തുടരുന്നു).*
സ്വർഗ്ഗസ്ഥിതനാം താതാനിൻ, സ്തുതിതൻനിസ്തുല മഹിമാവാൽ
ഭൂസ്വർഗ്ഗങ്ങൾ നിറഞ്ഞു സദാ, പാവനമായി വിളങ്ങുന്നു.

വാനവ മാനവ വൃന്ദങ്ങൾ, ഉദ്ഘോഷിപ്പൂ സാമോദം
പരിശുദ്ധൻ നീ എന്നെന്നും, പരിശുദ്ധൻ നീ പരിശുദ്ധൻ.

സ്വർഗ്ഗസ്ഥിതനാം താതാ നിൻ, നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ, നിൻ ഹിതമിവിടെ ഭവിക്കണമെ.

സ്വർഗ്ഗത്തെന്നതുപോലുലകിൽ, നിൻ ചിത്തം നിറവേറണമേ
ആവശ്യകമാ മാഹാരം, ഞങ്ങൾക്കിന്നരുളീടണമേ.

ഞങ്ങൾ കടങ്ങൾ പൊറുത്തതുപോൽ, ഞങ്ങൾക്കുള്ള കടം സകലം
പാപത്തിൻ കട ബാദ്ധ്യതയും, അങ്ങു കനിഞ്ഞു പൊറുക്കണമേ.

ഞങ്ങൾ പരീക്ഷയിലൊരുനാളും, ഉൾപ്പെടുവാനിടയാകരുതേ
ദുഷ്ടാത്രുപിയിൽ നിന്നെന്നും, ഞങ്ങളെ രക്ഷിച്ചരുളണമേ.

എന്തെന്നാലെന്നാളേക്കും, രാജ്യം ശക്തിമഹത്വങ്ങൾ
താവകമല്ലോ കർത്താവേ, ആമ്മേനാമ്മേനെന്നേക്കും.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ.

കാർമ്മി: കർത്താവായ ദൈവമേ, അങ്ങയുടെ അനന്തകാരുണ്യത്തെ ഞങ്ങൾ വാഴ്ത്തുന്നു. ദൈവമായിരുന്നിട്ടും തന്നെത്തന്നെ ശൂന്യനാക്കി, ദാസന്റെ രൂപം സ്വീകരിച്ച മിശിഹാ, സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ചൈതന്യംകൊണ്ട് നമ്മെ നിറയ്ക്കട്ടെ. പുൽക്കൂട്ടിൽ അവതീർണ്ണനായ മിശിഹായെ, പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമായി സ്വീകരിച്ച് നമുക്കാരാധിക്കാം. ഈ വിശുദ്ധ രഹസ്യങ്ങൾ ഭക്തിയോടെ പരികർമ്മം ചെയ്ത്, പരിത്രാണത്തിന്റെ ഫലങ്ങൾക്ക് അർഹരാകുവാൻ, അവിടുന്ന് നമ്മെ സഹായിക്കട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂഹം: ആമ്മേൻ

സങ്കീർത്തനം 97 *ഗാനം*

(രീതി: കർത്താവേ മമ രാജാവേ)

കർത്താവെന്നും വാഴുന്നു, നിത്യം ഭൂമിക്കാമോദം
ആനന്ദത്തിൽ മുഴുകട്ടെ, ദ്വീപ സമൂഹവുമനവരതം.

പാർത്തലമാകെ ഭരിച്ചീടും, കർത്താവിൻ തിരുസന്നിധിയിൽ
മെഴുകായുരുകിയൊലിക്കുന്നു, കൊടുമുടിയേന്തും ശൈലങ്ങൾ.

നിസ്തുലമാകും തൻ നീതി, ഉദ്ഘോഷിക്കുന്നാകാശം.
ജനതകളെല്ലാ-മവിടുത്തെ, മഹിമകൾ കണ്ടുനമിക്കുന്നു.

കർത്താവേ, നീ അഖിലാണ്ഡം, കാത്തിടുമധിപൻ സ്തുത്യർഹൻ
എല്ലാ ദേവഗണങ്ങളിലും, വല്ലഭ-നുന്നതനല്ലോ നീ.

നീതിയിൽ വാഴും മാനവരേ, മോദിച്ചീടുക കർത്താവിൽ
നന്ദിയോടാ തിരുനാമത്തെ, എന്നും വാഴ്ത്തി നമിച്ചിടുവിൻ.

താതനുമതുപോ-ലാത്മജനും, റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ, ആമ്മേൻ ആമ്മേ-നനവരതം.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമ്മി: കർത്താവായ ദൈവമേ, അങ്ങയുടെ ഭയഭക്തിജനകമായ പീഠത്തിന്റെയും ഉന്നതമായ ത്രോണോസിന്റെയും അലംകൃതവും സ്തുത്യർഹവുമായ സിംഹാസനത്തിന്റെയും മുമ്പാകെ അങ്ങയുടെ ശുശ്രൂഷകരായ ക്രോവേന്മാർ ഇടവിടാതെ സ്തുതിക്കുകയും സ്രാപ്പേന്മാർ പരിശുദ്ധൻ എന്ന് നിരന്തരം ഉദ്ഘോഷിക്കുകയും ചെയ്യുന്നു. അവരോടു ചേർന്ന് ഞങ്ങളും അങ്ങേയ്ക്ക് ഭയഭക്തികളോടെ സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂഹം: ആമ്മേൻ

മദ്ബഹഗീതം (ഐശ്ചികം)

(രീതി: പുലരിയിൽ നിദ്രയുണർന്നങ്ങേ)

പൈതലേ, അനാദിയിലേ നിനക്കു ഞാൻ ജന്മം നല്കി

വിണ്ണിൻ മഹിമയിൽ നിന്നുലകിൽ, വന്നുപിറന്നു തിരുവചനം
ഗോചരനല്ലാത്തവനിവിടെ, മാനവ രൂപം കൈക്കൊണ്ടു.

അത്യുന്നതമാം സ്വർഗ്ഗത്തിൽ, വാഴും ദൂതരോടൊത്തിവരും
സ്തുതി ചെയ്തങ്ങയെ സാമോദം, വാഴ്ത്തിപ്പാടി വണങ്ങുന്നു.

ഇടയരുമൊത്തിവർ പാടുന്നു, ഭൂവിനു ശാന്തിഭവിക്കട്ടെ
കരുണ പൊഴിക്കുക ഞങ്ങളിൽ നീ, കന്യാതനയാ, നീ ശരണം.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി,
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

സർവ്വചരാചര രക്ഷകനേ, മാനവനായ് നീ കനിവോടെ
അതിനാൽ ഭൂതലമഖിലം നിൻ, മഹിമ നിറഞ്ഞു കവിഞ്ഞല്ലോ.

രക്ഷകനാഥാ, ധരണിയിതിൽ, പാവനമാം നിൻ സ്ലീവായാൽ
മാനവരൊന്നായ് ചേരുകയിൽ, അജഗണമായി, തിരുസഭയായ്.

വാനവഗണവും മാനവരും, ആനന്ദത്താൽ നിറയുന്നു
സൃഷ്ടികളൊന്നായ് തിരുനാമം, ഉദ്ഘോഷിപ്പൂ സ്തുതിപാടി.

(തീയുഴൽച്ച ഉണ്ടെങ്കിൽ ശുശ്രൂഷി തീയുഴൽച്ചയ്ക്കുള്ള ***കുന്തുരുക്കം*** *കൊണ്ടുവരുന്നു. കാർമ്മികൻ താഴെവരുന്ന പ്രാർത്ഥന ചൊല്ലി ആശീർവ്വദിക്കുന്നു.)*

കാർമ്മി: കർത്താവായ ദൈവമേ, അങ്ങയുടെ ഏകജാതന്റെ തിരുപ്പിറവി ആഘോഷിക്കുന്ന ഞങ്ങൾ സമർപ്പിക്കുന്ന ഈ സുഗന്ധദ്രവ്യം + ആശീർവ്വദിക്കണമേ. അങ്ങയുടെ തിരുക്കുമാരന്റെ മനുഷ്യാവതാരഫലങ്ങൾ ഞങ്ങളിൽ സമൃദ്ധമാകുവാൻ കൃപചെയ്യണമേ. സകലത്തിന്റെയും നാഥാ, എന്നേയ്ക്കും.

(ശുശ്രൂഷികൾ ***ധൂപകലശവും കുന്തുരുക്കവും*** *കൊണ്ടുവരുന്നു. കാർമ്മികൻ ധൂപകലശത്തിൽ കുന്തുരുക്കമിട്ട് താഴെവരുന്ന പ്രാർത്ഥനചൊല്ലി ആശീർവ്വദിക്കുന്നു.)*

കാർമ്മി: പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ അങ്ങയുടെ ബഹുമാനത്തിനായി ഞങ്ങൾ സമർപ്പിക്കുന്ന ഈ ധൂപം അങ്ങയുടെ മഹനീയ ത്രിത്വത്തിന്റെ നാമത്തിൽ + ആശീർവ്വദിക്കപ്പെടട്ടെ. ഇത് അങ്ങയുടെ പ്രസാദത്തിനും അങ്ങയുടെ അജഗണത്തിന്റെ പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ എന്നേക്കും.

ശുശ്രൂഷി: ആമ്മേൻ.

കാർമ്മി: ഞങ്ങളുടെ കർത്താവായ ദൈവമേ അങ്ങയുടെ സ്നേഹത്തിന്റെ പരിമളം ഞങ്ങളിൽ വീശുകയും അങ്ങയുടെ സത്യത്തിന്റെ ജ്ഞാനം ഞങ്ങളുടെ ആത്മാക്കളെ പ്രകാശിപ്പിക്കുകയും ചെയ്യുമ്പോൾ സ്വർഗ്ഗ

ത്തിൽനിന്നു പ്രത്യക്ഷനാകുന്ന അങ്ങയുടെ തിരുക്കുമാരനെ സ്വീകരിക്കുവാൻ ഞങ്ങൾക്ക് ഇടയാകട്ടെ. സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞ് മുടിച്ചൂടി നില്ക്കുന്ന സഭയിൽ നിരന്തരം അങ്ങയെ സ്തുതിക്കുവാനും മഹത്വപ്പെടുത്തുവാനും ഞങ്ങൾ യോഗ്യരാകട്ടെ. എന്തുകൊണ്ടെന്നാൽ അങ്ങ് എല്ലാറ്റിന്റെയും സൃഷ്ടാവാകുന്നു. സകലത്തിന്റെയും നാഥാ എന്നേക്കും.

സമൂഹം: ആമ്മേൻ.

*മദുബഹയുടെ **വിരിനീക്കുന്നു**. ശുശ്രൂഷി മദുബഹയിൽ പ്രവേശിച്ച് **ധൂപിക്കുന്നു.** എല്ലാവരും അൾത്താരയിലേക്കു തിരിഞ്ഞ് ശിരസ്സു നമിക്കുന്നു.*

ഗാനം

*(കാനോനാ) **ദൈവവചനം മാംസം ധരിച്ച് മനുഷ്യരുടെ ഇടയിൽ വസിച്ചു.***

സർവ്വാധിപനാം കർത്താവേ, നിന്നെ വണങ്ങി നമിക്കുന്നു
ഈശോ നാഥാ വിനയമൊടെ, നിന്നെ നമിച്ചു പുകഴ്ത്തുന്നു.

മർത്യനു നിത്യമഹോന്നതമാ, മുത്ഥാനം നീയരുളുന്നു
അക്ഷയമവനുടെ ആത്മാവി, നുത്തമരക്ഷയുമേകുന്നു.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

(കാർമ്മികൻ ജനങ്ങൾക്കുനേരെ തിരിഞ്ഞ്)

കാർമ്മി: എന്റെ കർത്താവേ നീ സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയർപ്പിക്കുന്നവനും ആത്മാക്കളെ രക്ഷിക്കുന്നവനും ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. ഞങ്ങൾ എപ്പോഴും നിനക്കു സ്തുതിയും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുവാൻ കടപ്പെട്ടവരാകുന്നു സകലത്തിന്റെയും നാഥാ എന്നേക്കും.

സമൂഹം: ആമ്മേൻ.

ത്രൈശുദ്ധ കീർത്തനം

ശബ്ദമുയർത്തിപ്പാടിടുവിൻ, സർവ്വരുമൊന്നായ്പ്പാടിടുവിൻ
എന്നെന്നും ജീവിക്കും, സർവ്വേശ്വരനെ വാഴ്ത്തിടുവിൻ.

പരിപാവനനാം സർവ്വേശാ, പരിപാവനനാം ബലവാനേ
പരിപാവനനാം അമർത്യനേ, നിൻകൃപ ഞങ്ങൾക്കേകണമേ.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമ്മി: വിശുദ്ധരിൽ സംപ്രീതനായി വസിക്കുന്ന പരിശുദ്ധനും സ്തുത്യർഹനും ബലവാനും അമർത്യനുമായ കർത്താവേ, അങ്ങയുടെ സ്വഭാവത്തിനൊത്തവിധം എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും ഞങ്ങളോടു കരുണകാണിക്കുകയും ചെയ്യണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

വായനകൾ

ഒന്നാം വായന

വായിക്കുന്ന ആൾ: ഏശയ്യായുടെ പുസ്തകത്തിൽ നിന്നുള്ള വായന.
(7:10-16; 9:1-3, 6-7)

(കാർമ്മികനു നേരെ തിരിഞ്ഞ്) ഗുരോ ആശീർവ്വദിക്കണമേ.

കാർമ്മി: ദൈവം + നിന്നെ അനുഗ്രഹിക്കട്ടെ.

(വായന കഴിയുമ്പോൾ)

സമൂഹം: ദൈവമായ കർത്താവിനു സ്തുതി.

രണ്ടാം വായന

വായിക്കുന്ന ആൾ: മിഖായുടെ പുസ്തകത്തിൽ നിന്നുള്ള വായന.
(4:1-3; 5:2-5, 8-9)

(കാർമ്മികനു നേരെ തിരിഞ്ഞ്) ഗുരോ ആശീർവ്വദിക്കണമേ.

കാർമ്മി: ദൈവം + നിന്നെ അനുഗ്രഹിക്കട്ടെ.

(വായന കഴിയുമ്പോൾ)

സമൂഹം: ദൈവമായ കർത്താവിനു സ്തുതി.

പ്രകീർത്തനം

(രീതി: അംബരമനവരതം ...)

കാർമ്മി: സർവ്വചരാചരവും, ദൈവമഹത്വത്തെ, വാഴ്ത്തിപ്പാടുന്നു.

സമൂഹം: ആത്മീയതയാൽ മധുരിതമാം, ഗീതികളാലെ മിശിഹാതൻ
തിരു ജനനത്തെ കീർത്തിക്കാം, ഹല്ലേലൂയ്യാ പാടീടാം,
വാഴ്ത്തീടാം നിത്യം തിരുനാമം.

കാർമ്മി: തൻ മഹിമാവല്ലോ, വാനില്-മൂഴിയിലും, തിങ്ങി വിളങ്ങുന്നു.

സമൂഹം: ആത്മീയതയാൽ മധുരിതമാം ...

കാർമ്മി: ജനതകളവിടുത്തെ, മഹിമകൾ പാടുന്നു, താണു വണങ്ങുന്നു.

സമൂഹം: ആത്മീയതയാൽ മധുരിതമാം ...

കാർമ്മി: നിത്യ പിതാവിനും, സുതനും റൂഹായ്ക്കും, സ്തുതിയുണ്ടാകട്ടെ.

സമൂഹം: ആത്മീയതയാൽ മധുരിതമാം ...

കാർമ്മി: ആദിയിലെപ്പോലെ ഇപ്പൊഴുമെപ്പോഴും എന്നേക്കും ആമ്മേൻ.

സമൂഹം: ആത്മീയതയാൽ മധുരിതമാം ...

കാർമ്മി: ഞങ്ങളുടെ കർത്താവായ ദൈവമേ അങ്ങയുടെ ജീവദായകവും ദൈവികവുമായ കല്പനകളുടെ മധുരസ്വരം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമെ. അതുവഴി ആത്മശരീരങ്ങൾക്കു പകരിക്കുന്ന സ്നേഹവും ശരണവും രക്ഷയും ഞങ്ങളിൽ ഫലമണിയുന്നതിനും നിരന്തരം ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നതിനും അങ്ങയുടെ കാരുണ്യത്താലും അനുഗ്രഹത്താലും ഞങ്ങളെ സഹായിക്കണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

ലേഖനം

വായിക്കുന്ന ആൾ: സഹോദരരേ, വി. പൗലോസ് ശ്ലീഹാ ഗലാത്തിയക്കാർക്കെഴുതിയ ലേഖനം. (3:15-4:6).

(കാർമ്മികനു നേരെ തിരിഞ്ഞ്) ഗുരോ ആശീർവ്വദിക്കണമേ.

കാർമ്മി: മിശിഹാ + നിന്നെ അനുഗ്രഹിക്കട്ടെ.

(ഒരു ശുശ്രൂഷി കത്തിച്ച തിരിയുമായി സമീപത്തു നില്ക്കുന്നു).
(വായന തീരുമ്പോൾ)

സമൂഹം: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

ഹല്ലേലൂയ്യാഗീതം

ഹല്ലേലൂയ്യാ പാടാമൊന്നായ്, ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ.
കർത്താവരുൾ ചെയ്തെന്നോടേവം നീയല്ലോ മമ വത്സലപുത്രൻ.
ഞാനിന്നേകി നിനക്കായ് ജന്മം, ചോദിക്കുക നീയെന്നോടെന്തും.
ധരയുടെയതിരുകൾ നിൻ കീഴാകും ജനതകളഖിലം നിന്നവകാശം.
താതനുമതുപോൽ സുതനും, പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.
ആദിമുതൽക്കേയിന്നും നിത്യവു, മായി ഭവിച്ചീടട്ടെ, ആമ്മേൻ.
ഹല്ലേലൂയ്യാ പാടാമൊന്നായ്, ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ.

(ഗാനസമയത്ത് കാർമ്മികൻ ധൂപം ആശീർവ്വദിക്കുന്നു).

കാർമ്മി: എന്റെ കർത്താവേ പാപിനിയായ മറിയം നിന്റെ ശിരസ്സിൽ സുഗന്ധതൈലം പൂശിയപ്പോൾ നിന്നിൽനിന്നു പ്രസരിച്ച ഹൃദ്യമായ പരിമളം ഈ ധൂപത്തോടുകൂടെ + കലരുമാറാകട്ടെ. നിന്റെ ബഹുമാനത്തിനും ഞങ്ങളുടെ കടങ്ങളുടെയും പാപങ്ങളുടെയും മോചനത്തിനുമായി ഈ ധൂപം ഞങ്ങൾ സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ എന്നേക്കും.

ശുശ്രൂഷി: ആമ്മേൻ.

(സുവിശേഷ വായനയുടെ സമയത്തു ശുശ്രൂഷി ധൂപാർച്ചന നടത്തുന്നു.)

ശുശ്രൂഷി: നമുക്ക് ശ്രദ്ധാപൂർവ്വം നിന്ന് പരിശുദ്ധ സുവിശേഷം ശ്രവിക്കാം.

കാർമ്മി: സമാധാനം + നിങ്ങളോടുകൂടെ.

സമൂഹം: അങ്ങയോടും അങ്ങയുടെ ആത്മാവോടുംകൂടെ.

(കാർമ്മികൻ സുവിശേഷം വായിക്കുന്നു. രണ്ടു ശുശ്രൂഷികൾ കത്തിച്ച തിരികളുമായി കാർമ്മികന്റെ ഇരുവശവും നില്ക്കുന്നു. സഹായി മുമ്പിൽ നിന്ന് ധൂപാർച്ചന നടത്തുന്നു).

കാർമ്മി: വിശുദ്ധ ലൂക്കാ *(2:1-10)* അറിയിച്ച നമ്മുടെ കർത്താവീശോ മിശിഹായുടെ പരിശുദ്ധ സുവിശേഷം.

സമൂഹം: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

(വായന തീരുമ്പോൾ)

സമൂഹം: നമ്മുടെ കർത്താവായ മിശിഹായ്ക്കുസ്തുതി.

(കാർമ്മികൻ ഉണ്ണീശോയുടെ രൂപത്തിന്റെ വിരി മാറ്റുന്നു. മണിയടിക്കുന്നു. എല്ലാവരും മുട്ടുകുത്തി താഴെകൊടുത്തിരിക്കുന്ന പാട്ടു പാടുന്നു. കാർമ്മികൻ രൂപം ധൂപിക്കുന്നു.)

ഗാനം

(രീതി: പുലരിയിൽ നിദ്രയുണർന്നങ്ങേ ...)

ആട്ടിടയന്മാർ മൊഴിയുകയായ്: പോകാം ബെസ്ലെം നഗരത്തിൽ
കാണാം, വാനവ ദൂതന്മാർ, ചൊന്ന മഹാത്ഭുത മിന്നിവിടെ.

പോകുകയായവരതിവേഗം, കണ്ടു ദൈവകുമാരകനെ
കേവലമൊരു ചെറു പുൽക്കൂട്ടിൽ; ജനനിയു മരികിൽ യൗസേപ്പും.

അറിയിക്കുകയായവരെല്ലാം, അത്ഭുത സംഭവമൊന്നൊന്നായ്
അഖിലരെയും, സ്തുതി ഗീതികളാൽ, അതുല മഹേശനെ വാഴ്ത്തുകയായ്.

ഏറ്റു പറഞ്ഞു നമിക്കുന്നു, ഞങ്ങൾ മിശിഹാ കർത്താവേ,
ദൈവികസത്തയുമതുപോലെ, മാനുഷസത്തയുമൊത്തങ്ങിൽ.

(എല്ലാവരും എഴുന്നേൽക്കുന്നു)

--------- ***തീയുഴൽച്ച ഇല്ലെങ്കിൽ*** --------

(ഗാനം)

കാർമ്മി: അത്യുന്നതമാം സ്വർല്ലോകത്തിൽ
സർവ്വേശനു സ്തുതി ഗീതം. (3).

സമൂഹം: ഭൂമിയിലെങ്ങും മർത്ത്യനു ശാന്തി / പ്രത്യാശയുമെന്നേക്കും. (3).

(കാർമ്മികൻ ഉണ്ണീശോയുടെ രൂപം വഹിച്ചുകൊണ്ട് പ്രദക്ഷിണം ആരംഭിക്കുന്നു).

--------- ***തീയുഴൽച്ച ഉണ്ടെങ്കിൽ*** --------

വിജ്ഞാപനം: അന്ധകാരത്തിൽ വസിച്ചിരുന്ന മനുഷ്യർക്ക് പ്രകാശമായിട്ടാണ്, മിശിഹാ ലോകത്തിൽ അവതരിച്ചത്. പഴയ നിയമത്തിൽ എരിയുന്ന മുൾപ്പടർപ്പിൽ പ്രത്യക്ഷനായി, ദൈവം മോശയെ വിമോചനത്തിന്റെ സദ്വാർത്ത അറിയിച്ചു. രക്ഷകന്റെ ആഗമനം എല്ലാ ബന്ധനങ്ങളിൽനിന്നും മനുഷ്യവംശത്തെ മോചിപ്പിക്കുന്നതിനു വേണ്ടിയായിരുന്നു. മനുഷ്യരെ തമ്മിൽത്തമ്മിലും ദൈവവുമായും അനുരഞ്ജിപ്പിക്കുന്ന മധ്യസ്ഥനാണ് മിശിഹാ. പാപാന്ധകാരത്തെ ഇല്ലാതാക്കുന്ന പ്രകാശമായിട്ടാണ് അവിടുന്ന് ബെത്ലഹേമിൽ ജനിച്ചതെന്ന സത്യമാണ് തീയുഴൽച്ച ശുശ്രൂഷയിലൂടെ സഭ നമ്മെ അനുസ്മരിപ്പിക്കുന്നത്. നമുക്ക് തീയുഴൽച്ചയ്ക്കായി സജ്ജമാക്കിയിരിക്കുന്ന സ്ഥലത്തേയ്ക്കു പോകാം.

(കാർമ്മികൻ ഉണ്ണീശോയുടെ രൂപം വഹിച്ചുകൊണ്ട് തീയുഴൽച്ചയ്ക്കായി ഒരുക്കിയിരിക്കുന്ന സ്ഥലത്തേയ്ക്കു പോകുന്നു. തത്സമയം താഴെക്കാണുന്ന ഗീതം ആലപിക്കുന്നു.)

ഗാനം

(രീതി: അവനീപതിയാം ...)

ആരാധിക്കാം ദൈവകുമാരാ, / ആദിപിതാവിൻ വത്സലപുത്രാ!

ആദിമുതൽക്കേ വിനയാന്വിതനായ് /
തന്നിൽ മറഞ്ഞു വസിച്ചൊരു നാഥാ!

താതനുസമനും തന്നുടെ സത്താ- / ച്ഛായയുമാകും ദൈവകുമാരാ,

വാഴ്ത്താമങ്ങയെ നിത്യം താവക / സ്നേഹമഹത്ത്വം കീർത്തിച്ചീടാം.

തിരുവചനം നീ ദാസനു സമനായ് / ശൂന്യതയാക്കീ സ്വയമേ മന്നിൽ!

തനയൻ വഴിയായ് നമ്മോടെന്നും / സംഭാഷിക്കും താതനെ വാഴ്ത്താം.

ഇടയരൊടൊപ്പം ഞങ്ങളുമങ്ങേ- / ക്കർപ്പിക്കട്ടെ കാഴ്ചകളെല്ലാം.

2

(രീതി: പുലരിയിൽ നിദ്ര ...)

ആരാധിക്കാം സന്നിധിയിൽ / ആദി പിതാവിൻ പ്രിയസൂനോ,
താതനിലങ്ങു വസിച്ചല്ലോ / ആദിമുതൽക്കേ വിനയമൊടേ.

താതനു സമനാണങ്ങെന്നും / സത്തയിലൊന്നാണതുപോലെ,
വാഴ്ത്താമങ്ങയെ സാമോദം / സ്നേഹമഹത്ത്വം കീർത്തിക്കാം.

ദാസനു സമനായ്-ത്തീർന്നു നീ / മാനവ രൂപമെടുക്കുകയാൽ,
പുത്രൻ വഴിയായ് ഭാഷിപ്പൂ / നരരോടെന്നും സകലേശൻ.

ഇടയരൊടൊപ്പം പുൽക്കൂടിലിൽ / ഞങ്ങളുമങ്ങയെ വാഴ്ത്തട്ടെ
ജ്ഞാനികളൊപ്പം കാൽത്താരിൽ / തിരുമുക്കാഴ്ച-യണയ്ക്കട്ടെ.

(തീയുഴൽച്ചയ്ക്കായ് ഒരുക്കിയ സ്ഥലത്ത് എത്തിയശേഷം)

കാർമ്മി: എരിയുന്ന മുൾപ്പടർപ്പിൽ മോശയ്ക്കു പ്രത്യക്ഷനായ ദൈവമേ, പാപമാലിന്യങ്ങളിൽനിന്ന് ഞങ്ങളെ ശുദ്ധീകരിക്കണമേ. കാലത്തിന്റെ പൂർണ്ണതയിൽ, ലോകത്തിന്റെ പ്രകാശമായി കന്യകയിൽനിന്ന് ജാതനായ അങ്ങയുടെ തിരുക്കുമാരന്റെ ജനനത്തിരുനാളിൽ സന്തോഷിക്കുന്ന ഞങ്ങളെ പ്രകാശത്തിന്റെ മാർഗ്ഗത്തിലൂടെ നയിക്കണമേ. നിത്യപ്രകാശമായ അങ്ങയുടെ പ്രമാണങ്ങളിൽ വ്യാപരിക്കുവാനും ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമായി ജീവിക്കുവാനും ഞങ്ങളെ സഹായിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂഹം: ആമ്മേൻ.

(കാർമ്മികൻ മൂന്നു കോണുകളിലും തീ കൊളുത്തുന്നു. തീ കൊളുത്തുന്ന ഓരോ പ്രാവശ്യവും താഴെക്കാണുന്ന ഗാനം ആലപിക്കുന്നു).

(ഗാനം)

കാർമ്മി: അത്യുന്നതമാം സ്വർല്ലോകത്തിൽ
സർവ്വേശനു സ്തുതിഗീതം. (3).

സമൂഹം: ഭൂമിയിലെങ്ങും മർത്ത്യനു ശാന്തി, പ്രത്യാശയുമെന്നേക്കും. (3).

കാർമ്മി: *(ആശീർവ്വദിച്ച കുന്തുരുക്കത്തിന്റെ ഏതാനും തരികൾ തീയിൽ ഇട്ടുകൊണ്ടു ചൊല്ലുന്നു).* കർത്താവായ മിശിഹായേ, ഞങ്ങൾ സമർപ്പിക്കുന്ന ഈ ധൂപം നിന്റെ പക്കലേക്കുയരട്ടെ. ഇതു നിന്നിൽനിന്നു കൃപയും അനുഗ്രഹവും സമൃദ്ധമായി ലഭിക്കുവാൻ ഞങ്ങൾക്കു കാരണമാകുകയും ചെയ്യട്ടെ.

സമൂഹം: ആമ്മേൻ.

(കാർമ്മികൻ ഉണ്ണീശോയുടെ രൂപം വഹിച്ചുകൊണ്ട് അഗ്നിയെ മൂന്നു പ്രാവശ്യം വലം വയ്ക്കുന്നു. തുടർന്നു ശുശ്രൂഷികളും ജനങ്ങളും കുന്തുരുക്കം തീയിലിടുന്നു. എല്ലാവരും പ്രദക്ഷിണമായി ദൈവാലയത്തിലേയ്ക്കു പോകുന്നു.)

പ്രദക്ഷിണ ഗീതങ്ങൾ

1

ഉണ്ണി പിറന്നു ബെസ്ലഹെമിൽ, വന്ദനമരുളാൻ വന്നിടുവിൻ
നിർമ്മല മോദമലിഞ്ഞൊഴുകും, മംഗളഗാനം പാടിടുവിൻ.
ഉണ്ണി പിറന്നു ...

പാതിരാവിൻ പനിനീരിൽ, പൂനിലാവിൻ പുഞ്ചിരിയിൽ
നീല വാനിലെ സുരദീപം, താണിറങ്ങി വരുന്നുലകിൽ.
ഉണ്ണി പിറന്നു ...

വിണ്ണിലീശനു കീർത്തനവും, മന്നിൽ മാനവനാശകളും
നേർന്നു വാനവ ദൂതന്മാർ, ചേർന്നു ഗീതികൾ പാടുന്നു.
ഉണ്ണി പിറന്നു ...

നവ്യ താരമുദിക്കുന്നു, നവ്യകാന്തി പരക്കുന്നു
നാഥനർച്ചന ചെയ്തിടുവാൻ, നാടുവാഴികളണയുന്നു.
ഉണ്ണി പിറന്നു ...

ആർത്തരായ് നരരക്ഷകനെ, കാത്തുകാത്തു കഴിക്കുമ്പോൾ
പാർത്തലത്തിനു പൂംപുളകം, ചാർത്തിയെത്തിയ സന്ദേശം.
ഉണ്ണി പിറന്നു ...

2

ശാന്തരാത്രി തിരുരാത്രി / പുൽക്കുടിലിൽ പൂത്തൊരു രാത്രി
വിണ്ണിലെ താരകൾ ദൂതുമായിറങ്ങിയ / മന്നിൻ സമാധാന രാത്രി
ഉണ്ണി പിറന്നു ഉണ്ണിയേശു പിറന്നു.
ശാന്തരാത്രി ...

ദാവീദിൻ പട്ടണം പോലെ / പാതകൾ ഞങ്ങളലങ്കരിച്ചു
വീഞ്ഞു പകരുന്ന മഞ്ഞിൽ മുങ്ങി / എന്നും മനസ്സുകൾ പാടി
ഉണ്ണി പിറന്നു ... ഉണ്ണിയേശു പിറന്നു (2)
ശാന്തരാത്രി ...

കുന്തിരിക്കത്താലെഴുതി / സന്ദേശഗീതത്തിൻ പൂവിടർത്തി
ദൂരെനിന്നായിരമഴകിൻ കൈകൾ / ആശംസകൾ പാടി
ഉണ്ണി പിറന്നു ... ഉണ്ണിയേശു പിറന്നു
ശാന്തരാത്രി ...

3

സ്വർഗകവാടം തുറന്നു / ഇന്നു ദൈവം മനുഷ്യനായ് വന്നു (2)
കന്യകമേരിതൻ ഓമന പുത്രനായ് / ബേദ് ലഹേമിൽ പിറന്നു (2)
ഉണ്ണിപിറന്നു യേശുപിറന്നു (2)
സ്വർഗ....(1)

അത്യുന്നതങ്ങളിൽ ആ മഹത്വം / ഭൂമിയിൽ മർത്യനുശാന്തി (2)
ചേറ്റിൽ കിടന്നതാം നമ്മേ / കോരിയെടുക്കുവാനായി (2)
സ്വർഗസൗഭാഗ്യം വെടിഞ്ഞ് / കാലിതൊഴുത്തിൽ പിറന്നു (2)

അത്യുന്നതങ്ങളിൽ ആ മഹത്വം / ഭൂമിയിൽ മർത്യനുശാന്തി (2)
ലലല

മാലാഖമാരുടെ വൃന്ദം / വാനത്തു ഗാനം മുഴക്കി (2)
ഇന്നു ഭൂവിൽ നമുക്കായ് / ഓമന കുഞ്ഞു പിറന്നു (2)
അത്യുന്നതങ്ങളിൽ ആ മഹത്വം / ഭൂമിയിൽ മർത്യനുശാന്തി (2)
ലലല

വാനിലുദിച്ചൊരു താരം / പാതകർക്കേകി വെളിച്ചം (2)
പാതതെളിച്ചു നയിച്ചു / ബേദ് ലഹേം പുൽക്കൂട്ടിൽ (2)

സ്വർഗം (2) കന്യക (2) ഉണ്ണി
സ്വർഗ (1) അത്യ (2)

(പ്രദക്ഷിണത്തിന്റെ അവസാനം ഉണ്ണീശോയുടെ രൂപം കാർമ്മികൻ പുൽക്കൂട്ടിൽ സ്ഥാപിച്ച് ധൂപിക്കുന്നു.)

പ്രസംഗം

എല്ലാവരും ഇരിക്കുന്നു.

കാറോസൂസായുടെ സമയത്ത് എല്ലാവരും നില്ക്കുന്നു.

കാറോസൂസാ

ശുശ്രൂഷി: നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടുംകൂടി നിന്ന്, മനുഷ്യനായി പിറന്ന മിശിഹായെ ധ്യാനിച്ചുകൊണ്ട്, "ദൈവമേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു" എന്ന് ഏറ്റുപറയാം.

സമൂഹം: ദൈവമേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

ശുശ്രൂഷി: വിനീതരായ ആട്ടിടയരെയും വിജ്ഞാനികളായ ശാസ്ത്രജ്ഞരെയും / ദിവ്യശിശുവിന്റെ സവിധത്തിലേക്കു നയിച്ച ദൈവമേ,

സമൂഹം: ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. *(ഓരോന്നിനും ആവർത്തിക്കുന്നു)*

ശുശ്രൂഷി: തന്റെ തിരുക്കുമാരന്റെ മനുഷ്യാവതാരംവഴി / എളിമയുടെയും ദാരിദ്ര്യത്തിന്റെയും മാതൃക കാട്ടുകയും / സമാധാനവും പ്രത്യാശയും നല്കി / ലോകത്തെ അനുഗ്രഹിക്കുകയുംചെയ്ത ദൈവമേ,

ശുശ്രൂഷി: പാപംമൂലം അടയ്ക്കപ്പെട്ട പറുദീസായുടെ വാതിൽ തുറന്നു തരുന്നതിനും / മനുഷ്യശരീരമെടുത്തു ഞങ്ങളുടെ പാപങ്ങൾക്കു പരിഹാരം ചെയ്യുന്നതിനും / അങ്ങയുടെ പ്രിയസുതനെ അയച്ച ദൈവമേ,

ശുശ്രൂഷി: തന്റെ ഏകജാതനിൽ വിശ്വസിക്കുന്ന ഏവരും നശിച്ചുപോകാതെ / അവർക്കു നിത്യജീവനുണ്ടാകേണ്ടതിന് / അവനെ നല്കാൻ തക്കവിധം / ലോകത്തെ അത്രമാത്രം സ്നേഹിച്ച ദൈവമേ,

ശുശ്രൂഷി: ദാസന്റെ വേഷം ധരിച്ചു കാലിത്തൊഴുത്തിൽ പിറന്ന ദിവ്യസുതൻവഴി / പതിതരെയും പാവപ്പെട്ടവരെയും തന്നിലേക്കടുപ്പിച്ച ദൈവമേ,

ശുശ്രൂഷി: മനുഷ്യാവതാരംവഴി ഞങ്ങളുടെ നിത്യപുരോഹിതനായ മിശിഹായെ / ഞങ്ങളുടെ പരിശുദ്ധ പിതാവു മാർ ... *(പേര്)* പാപ്പായെയും /

ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച്ബിഷപ്പ് മാർ ... *(പേര്)* മെത്രാപ്പോലീത്തയെയും / ഞങ്ങളുടെ പിതാവും മേലധ്യക്ഷനുമായ മാർ ... *(പേര്)* മെത്രാനെയും / ... മെത്രാപ്പോലീത്തയെയും ... മെത്രാനെയും / മറ്റെല്ലാ മെത്രാന്മാരെയും / ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കുന്ന ദൈവമേ.

സമൂഹം: ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

ശുശ്രൂഷി: തിരുസഭയെ സ്ഥാപിച്ചു പരിപാലിക്കുന്ന ദൈവമേ / ഞങ്ങളെ ദൈവരാജ്യത്തിന്റെ പൂർണതയിലേക്കു നയിക്കാൻ / അങ്ങുനിയോഗിച്ചിരിക്കുന്ന വൈദികരെയും സന്യസ്തരെയും / സഭാപരമായി ഞങ്ങളെ നയിക്കാൻവേണ്ട / കൃപയും സംരക്ഷണവും നല്കി അനുഗ്രഹിക്കണമെന്നും / ഞങ്ങളുടെ കുടുംബങ്ങളിൽനിന്നു ദൈവവിളികൾ നല്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂഹം: കർത്താവേ, ഞങ്ങളുടെ പ്രാർഥന കേൾക്കണമേ.

ശുശ്രൂഷി: നമ്മുടെ വ്യക്തിപരമായ നിയോഗങ്ങൾ / മൗനമായി ദൈവസന്നിധിയിൽ നമുക്കു സമർപ്പിക്കാം.

(അല്പസമയത്തെ മൗനപ്രാർഥനയ്ക്കുശേഷം)

ശുശ്രൂഷി: നമുക്കെല്ലാവർക്കും / നമ്മെയും നാമോരോരുത്തരെയും / പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

സമൂഹം: ഞങ്ങളുടെ ദൈവമായ കർത്താവേ / അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

കാർമി: കർത്താവായ ദൈവമേ, ദൈവികജീവനിൽ ഞങ്ങളെ പങ്കുകാരാക്കാൻ / അങ്ങയുടെ തിരുക്കുമാരനെ നല്കിയതിനു / അങ്ങേക്കു ഞങ്ങൾ നന്ദി പറയുന്നു. നിത്യകന്യകയായ മറിയത്തോടും നീതിമാനായ യൗസേപ്പിനോടും / വിനീതരായ ആട്ടിടയരോടും ചേർന്നു / ഞങ്ങളും ദിവ്യപൈതലിനെ സ്വീകരിച്ച് ആരാധിക്കുന്നു. ദൈവമക്കൾക്ക് ഉചിതമായ ജീവിതം നയിക്കാൻ ഞങ്ങളെ സഹായിക്കണമേ. മനുഷ്യാവതാരത്താൽ ധന്യരായ ഞങ്ങളുടെ ചിന്തയിലും പ്രവൃത്തിയിലും / മിശിഹാ അവതീർണനാകാൻ അനുഗ്രഹിക്കുകയും ചെയ്യണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂഹം: ആമ്മേൻ.

കൈവയ്പ് പ്രാർഥന

ശുശ്രൂഷി: കർത്താവേ ആശീർവദിക്കേണമേ / സഹോദരരേ, നിങ്ങൾ കൈവയ്പിനായി തലകുനിക്കുകയും / ആശീർവാദം സ്വീകരിക്കുകയും ചെയ്യുവിൻ.

(എല്ലാവരും തലകുനിച്ച് ആശീർവാദം സ്വീകരിക്കുന്നു.)

കാർമി: *(താഴ്ന്ന സ്വരത്തിൽ)* കർത്താവേ ശക്തനായ ദൈവമേ / അങ്ങയുടെ അഭിഷിക്തൻ കഠിനമായ പീഡകളനുഭവിച്ചു വീണ്ടെടുത്ത / അജഗണമായ പരിശുദ്ധ കത്തോലിക്കാസഭ അങ്ങയുടേതാകുന്നു. ദൈവസ്വഭാവത്തിൽ അങ്ങുമായി ഒന്നായിരിക്കുന്ന / പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ / യഥാർഥ പൗരോഹിത്യത്തിന്റെ പദവികൾ കൈവയ്പുവഴി നല്കപ്പെടുന്നു. വിശ്വാസികൾക്ക് ആത്മീയശുശ്രൂഷ ചെയ്യുന്നതിനു / പരിശുദ്ധമായ സഭാശരീരത്തിലെ സവിശേഷാംഗങ്ങളാകാൻ / നിസാരരും ബലഹീനരുമായ ഞങ്ങളെ / അങ്ങു കാരുണ്യാതിരേകത്താൽ യോഗ്യരാക്കി. കർത്താവേ, അങ്ങയുടെ കൃപാവരം ഞങ്ങളിൽ നിറയ്ക്കുകയും / അങ്ങയുടെ ദാനങ്ങൾ ഞങ്ങളുടെ കരങ്ങൾവഴി വർഷിക്കുകയും ചെയ്യണമേ. അങ്ങയുടെ കാരുണ്യവും അനുഗ്രഹവും / ഞങ്ങളുടെയും അങ്ങു തെരഞ്ഞെടുത്ത ഈ ജനത്തിന്റെയുംമേൽ ഉണ്ടാകുമാറാകട്ടെ.

കാർമി: *(ഉയർന്ന സ്വരത്തിൽ)* കരുണാനിധിയായ ദൈവമേ, ഞങ്ങളെല്ലാവരും ഒന്നുചേർന്ന് / അങ്ങയെ ഞങ്ങളുമായി രമ്യതപ്പെടുത്തുന്ന നീതിയുടെ പ്രവൃത്തികളാൽ / ജീവിതകാലം മുഴുവനും അങ്ങയെ യഥോചിതം പ്രീതിപ്പെടുത്താൻ / ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങേക്കു സ്തുതിയും ബഹുമാനവും / കൃതജ്ഞതയും ആരാധനയും നിരന്തരം സമർപ്പിക്കാൻ / ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

ശുശ്രൂഷി: മാമ്മോദീസാ സ്വീകരിക്കുകയും ജീവന്റെ അടയാളത്താൽ മുദ്രിതരാകുകയും ചെയ്തവർ / ഭക്തിയോടും ശ്രദ്ധയോടുംകൂടെ വിശുദ്ധ രഹസ്യങ്ങളിൽ പങ്കുകൊള്ളട്ടെ. നമുക്കു പ്രാർഥിക്കാം സമാധാനം നമ്മോടുകൂടെ.

ദിവ്യരഹസ്യഗീതം (*കാഴ്ചവെയ്പ്പു ഗീതം*)

(രീതി: മിശിഹാ കർത്താവിൻ തിരുമെയ്...)

കർത്താവിനു പുതിയ കീർത്തനം പാടുവിൻ

ദിവ്യമഹത്ത്വത്താൽ, കതിരുകൾ നിറയുകയാൽ / ലോകം പ്രഭയാർന്നു
രാജാവാകും ദൈവസുതൻ, പാരിൽ വന്നു പിറന്നപ്പോൾ
മോദം ഭൂവിൽ തിരതല്ലീ, വാനവവൃന്ദം സ്തുതിപാടി
നവശാന്തി ചുറ്റും ചിറകാർന്നു

ഭൂമിയും അതിലെ നിവാസികളും

മാനവരൂപത്തിൽ, വന്നുപിറന്നല്ലോ / ദൈവത്തിൻ തനയൻ
ഉന്നതവീഥിയിൽ സ്തുതിഗീതം / നിത്യപിതാവിനു ചിരകാലം
ജനതകളെല്ലാം വാഴ്ത്തുന്നു, കീർത്തനഗീതം പാടുന്നു
മോദമോടേ മന്നിൽ കൃപയാകാൻ.

(കുർബ്ബാനയുടെ ബാക്കി ഭാഗങ്ങൾക്ക് പേജ് 88 മുതൽ ഉപയോഗിക്കുക).

ദിവ്യകാരുണ്യ സ്വീകരണഗീതങ്ങൾ

(രീതി: ഹല്ലേലൂയ്യ പാടീടുന്നേൻ)

തിരുജനനത്താൽ സൃഷ്ടികളെല്ലാം / ധന്യതനേടി, യനുഗ്രഹമാർന്നു.

നിത്യപിതാവിനു സ്തോത്രം പാടാൻ / നിരയായ് ഞങ്ങൾ വന്നണയുന്നു.

വാനവദൂതർ പാടും സ്തുതികൾ / വിണ്ടലമെങ്ങും കേൾക്കുകയല്ലോ.

കർത്താവേ, നീ സ്വർഗ്ഗവുമായി / ഭൂമിയെ ശാന്തിയിലൊന്നാക്കുന്നു.

കണ്ണുകൾ കണ്ടു, സ്ഫുടമായ് നാഥനെ / വാനവദൂതർ വാഴ്ത്തി നമിപ്പൂ.

താവക പീഡാസഹനം പാവന- / മോർമ്മിപ്പിപ്പൂ ദിവ്യശരീരം.

അത്ഭുതകരമാം സംഭവനിരകൾ / തിരു ജനനത്തിൽ കാണ്മൂ ഞങ്ങൾ.

ഉന്നതവീഥിയിൽ ശാന്തി ജഗത്തിൽ / ഉത്തമ മർത്യർക്കെല്ലാം മോദം.

അനുരഞ്ജിതമായ് നിന്നിൽധരയും /
സ്വർഗവുമൊരുപോൽ തിരു ജനനത്താൽ.

2

പൈതലാം യേശുവേ, ഉമ്മവച്ചുമ്മവച്ചുണർത്തിയ
ആട്ടിടയർ ഉന്നതരേ, നിങ്ങൾതൻ ഹൃത്തിൽ /
യേശു നാഥൻ പിറന്നു ലാലലാ ...

താലപ്പൊലിയേകാൻ, തംബുരുമീട്ടുവാൻ /താരാട്ടുപാടിയുറക്കീടുവാൻ
താരാഗണങ്ങളാ-ലാഗതരാകുന്നു / വാനാത്രുപികൾ ഗായക ശ്രേഷ്ഠർ

ഉള്ളിൽ തിരതല്ലും മോദത്തോടെത്തും,
പാരാകെ പ്രേക്ഷകർ നിരനിരയായ്
നാകാധിനാഥനായ് വാഴുമെന്നീശനായ്,
ഉണർവോടേകുന്നെൻ ഉൾത്തടം ഞാൻ

3

പുതിയൊരു പുലരി വിടർന്നു മന്നിൽ, പുതിയൊരു ഗാനമുയർന്നൊഴുകി
ഇന്നല്ലോ ഇന്നല്ലോ വിണ്ണിന്റെ നാഥനെ,
മന്നിൽ പിറന്നൊരു മംഗള സുദിനം, പിറന്നൊരു മംഗള സുദിനം
ആഹാ ഹാ ആഹാ ഹാ ആഹാ ആഹാ ഹാ

മണ്ണിന്റെ ശാപം അകറ്റിടാനായ്, ദൈവം തൻ സൂനുവേ നല്കിയല്ലോ
ബേത് ലഹേമിലൊരു ഗോശാല തന്നിൽ താൻ, ജാതനായ് വന്നിടുന്നു
പുതിയൊരു ...

മന്നവർ പാടുന്ന നവ്യഗാനം, മാനവരൊന്നായ് പാടിടട്ടേ
അത്യുന്നതങ്ങളിൽ സ്തോത്രം മഹേശനു, പാരിൽ ശാന്തി മാനവർക്ക്
പുതിയൊരു ...

സമാപന പ്രാർത്ഥനകൾ

കാർമ്മി: കർത്താവായ ദൈവമേ, സകല മനുഷ്യ സങ്കല്പങ്ങൾക്കും അതീതമായി ദൈവപുത്രനായ മിശിഹാ ഒരു ശിശുവായി പുൽതൊട്ടിയിൽ പിറന്നുവല്ലോ. ഞങ്ങൾ അർപ്പിച്ച ഈ ബലിയിൽ അവിടുന്ന് സ്വയം മറച്ച്, അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൽ തന്നെത്തന്നെ നല്കിയതിനെ ഓർത്ത് ഞങ്ങൾ നന്ദി പറയുന്നു. എളിയ സാഹചര്യങ്ങളിൽപ്പോലും അങ്ങയുടെ സാന്നിധ്യം അന്വേഷിക്കുവാനും വിവേചിച്ചറിയുവാനുമുള്ള ഉൾക്കാഴ്ച ഞങ്ങൾക്കു പ്രദാനം ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

സമൂഹം: ആമ്മേൻ. കർത്താവേ, ആശീർവ്വദിക്കണമേ.

കാർമ്മി: കർത്താവായ മിശിഹായേ, മനുഷ്യാവതാരംവഴി മനുഷ്യവർഗത്തെ ആനന്ദിപ്പിച്ചതിന് നിനക്കു ഞങ്ങൾ നന്ദി പറയുന്നു. തിരുപ്പിറവിയുടെ സദ്വാർത്ത കേട്ട് ആനന്ദിക്കുവാനും അത് അറിയിക്കുവാനും എളിയവരായ ആട്ടിടയന്മാരെ നീ അനുഗ്രഹിച്ചുവല്ലോ. ഈ സദ്വാർത്ത

ആഴത്തിൽ ഉൾക്കൊണ്ട് ലോകത്തെ അറിയിക്കുവാൻ ഞങ്ങൾക്ക് അനുഗ്രഹം നല്കണമേ. സ്വർഗീയ ഗണങ്ങളോടു ചേർന്ന് "അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി" എന്ന് നിരന്തരം പാടി സ്തുതിക്കുവാൻ ഞങ്ങൾക്കിടയാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂഹം: ആമ്മേൻ

സമാപനാശീർവാദം

(രീതി: കർത്താവാം മിശിഹാവഴിയായ്...)

പൂർവപിതാക്കൾക്കരുളുകയായ് / വിവിധ തരത്തിൽ, കാലത്തിൽ
പ്രവചന മഖിലം, സമയത്തിൻ / തികവിൽ തിരുസുതനാഗതനായ്.

പാപത്തിൻ മതിൽ നീക്കുകയും / പരമാനന്ദം നല്കുകയും
കനിവൊടു ചെയ്തതിനാദരവായ് / കരുണാരൂപനെ വാഴ്ത്തീടാം.

സമൂഹം: ആമ്മേൻ

ഇന്നീ ബലിയിലണഞ്ഞീടാൻ / കഴിയാത്തവരിൽ കർത്താവിൻ
കൃപയുണ്ടാകണമെന്നാളും / ദിവ്യാനുഗ്രഹമതുപോലെ

പരിപാവനമീയാഗത്തിൽ / പങ്കാളികളായ് തീർന്നവരിൽ
തിരുജനനം വരമരുളട്ടെ + / ഇപ്പൊഴുമെപ്പൊഴുമെന്നേക്കും

സമൂഹം: ആമ്മേൻ

അല്ലെങ്കിൽ

കാർമ്മി: പൂർവകാലങ്ങളിൽ പ്രവാചകന്മാർവഴി വിവിധ ഘട്ടങ്ങളിലും വിവിധ രീതികളിലും നമ്മുടെ പിതാക്കന്മാരോടു സംസാരിക്കുകയും, സമയത്തിന്റെ പൂർണ്ണതയിൽ തന്റെ പുത്രനെ അയയ്ക്കുകയും ചെയ്ത ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. പാപത്തിന്റെ ദാസ്യത്തിൽനിന്നു മോചിപ്പിച്ച് ആന്തരികമായ ആനന്ദവും സമാധാനവും ഈ തിരുന്നാളിൽ ഞങ്ങൾക്കു നല്കിയ കർത്താവേ, അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. അങ്ങയുടെ സമാധാനം ഞങ്ങളിൽ ശാശ്വതമായി നിലനിർത്തണമേ. സഹോദരരേ, ഈ തിരുക്കർമ്മങ്ങളിൽ പങ്കെടുത്ത നിങ്ങൾ ഓരോരുത്തരിലും ഇതിൽ പങ്കെടുക്കാൻ സാധിക്കാത്ത നിങ്ങളുടെ പ്രിയപ്പെട്ടവരിലും കർത്താവിന്റെ കൃപയും അനുഗ്രഹവും സമൃദ്ധമായി ഉണ്ടാകുമാറാകട്ടെ. സകല ജനങ്ങൾക്കും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത നിങ്ങൾക്കും കർത്താവിനെ അറിയാത്തവർക്കും ലഭിക്കുമാറാകട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

സമൂഹം: ആമ്മേൻ

രൂപം വണങ്ങുമ്പോൾ

1

ജെറൂസലേമിൻ നായകനെ വാഴ്ത്തുവിൻ
നിത്യമഹോന്നത നാഥനെ വാഴ്ത്തുവിൻ
ദൈവത്തിൻ പ്രിയ ജാതനു
തപ്പുകൾ തമ്പുരു വീണകളാൽ
കീർത്തനങ്ങൾ പാടി വാഴ്ത്തുവിൻ (2)

കർണ്ണമനോഹര രാഗം പകരും ഗീതിയാൽ
വാനവദൂതർ വാനിൽ സ്തുതികൾ പാടുന്നു (2)
വാനവരൊത്തു മാനവരും
ദൈവത്തിൻ തിരുസന്നിധിയിൽ
ഹല്ലേലൂയ പാടി വാഴ്ത്തുവിൻ
ജറൂസലേമിൻ.....

മഞ്ജുള മോഹന കീർത്തനം പാടി പോക നാം
രക്ഷകനാം ശ്രീയേശുവിൻ സ്നേഹദൂതുമായ് (2)
സുവിശേഷത്തിൻ സാക്ഷികളായ്
ലോകത്തിൻ പൊൻ ദീപമായ്
ഏകിടുവിൻ നൽ ക്രിസ്തുവിൻ സന്ദേശം (2)
ജെറൂസലേമിൻ.....

2

രാജാധി രാജൻപിറന്നു / സ്വർഗീയ വാതിൽതുറന്നു (2)
ഉണ്ണിയേശുവേ കാണാൻ / പോകാം നാമൊന്നായി (2)

വിണ്ണിൻ താരം കിഴക്കുദിച്ചു മിന്നും താരകം
മണ്ണിൻ ദീപം മിന്നിവിളങ്ങി മിന്നാമിന്നിയായ് (2)

ലോകരക്ഷകൻ പിറന്നദിനം / ഇന്നുലോകം ഘോഷിക്കും സുദിനം (2)
മാലാഖമാരോടു ചേർന്നുപാടി / മഹത്വം നല്കി വണങ്ങീടാം (2)
ഗ്ലോറിയ ഹാലേലൂയ

വിണ്ണിൻ താരം കിഴക്കുദിച്ചു മിന്നും താരകം
മണ്ണിൻ ദീപം മിന്നിവിളങ്ങി മിന്നാമിന്നിയായ് (2)

ദൂതർ പാടിയ നവ്യഗാനം / ഇന്നു പാരിലെ മനുജരിൽ ഗീതം (2)
മാനവർക്കാമോദ മഹോത്സവം / വാനിൽ പുതിയ സംഗീതം (2)
ഗ്ലോറിയ ഹാലേലൂയ.

രാജാധി രാജൻപിറന്നു ...

വർഷാവസാന പ്രാർത്ഥന

(നന്ദിയും അനുതാപവും)

പ്രാരംഭഗാനം

ദൈവകുമാരൻ കാൽവരിക്കുന്നിൽ / ബലിയണച്ചു സ്വയം ബലിയണച്ചു
പറുദീസാ നരനു തുറന്നിടാനായ് / ബലിയണച്ചു സ്വയം ബലിയണച്ചു.

സൗഭാഗ്യ ദായകമാം ധർമ്മയാഗം / വീണ്ടുമിതാ പീഠത്തിലർപ്പിക്കുന്നു
പാപങ്ങൾ കഴുകിടുമാ ദിവ്യയാഗം / വീണ്ടുമിതാ പീഠത്തിലർപ്പിക്കുന്നു.
ദൈവകുമാരൻ ...

സർവ്വേശാ പാവനമീ പൂജയാലെ / ഞങ്ങൾക്കു ജീവൻ പകർന്നിടേണം
മൂതരിൽ പ്രകാശം പരത്തിടേണം / നവശാന്തി ഭൂവിൽ വിതച്ചിടേണം.
ദൈവകുമാരൻ ...

സ്നേഹത്തിന്റെ കല്പന *(ഗാനം)*

കാർമ്മി:
അന്നാ പെസഹാത്തിരുനാളിൽ / കർത്താവരുളിയ കല്പനപോൽ
തിരുനാമത്തിൽച്ചേർന്നീടാം / ഒരുമയോടീ ബലിയർപ്പിക്കാം.

സമൂഹം: അനുരഞ്ജിതരായ് തീർന്നീടാം / നവമൊരു പീഠമൊരുക്കീടാം
ഗുരുവിൻ സ്നേഹമൊടീയാഗം / തിരുമുമ്പാകെയണച്ചീടാം.

കാർമ്മി: അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

സമൂഹം: ആമ്മേൻ.

കാർമ്മി: ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും.

സമൂഹം: ആമ്മേൻ.

(പകരം ഗാനം)

കാർമ്മി: അത്യുന്നതമാം സ്വർല്ലോകത്തിൽ, സർവ്വേശനു സ്തുതിഗീതം.*(3)*

സമൂഹം: ഭൂമിയിലെങ്ങും മർത്യനു ശാന്തി, പ്രത്യാശയുമെന്നേക്കും. (3)

കാർമ്മി: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ***(സമൂഹവും ചേർന്ന്)*** അങ്ങയുടെ നാമം പൂജിതമാകണമെ / അങ്ങയുടെ രാജ്യം വരണമെ / അങ്ങയുടെ തിരുമനസ്സു സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമെ. ഞങ്ങൾക്കു ആവശ്യകമായ ആഹാരം / ഇന്നു ഞങ്ങൾക്കു തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ, ഞങ്ങളുടെ

കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതെ. ദുഷ്ടാത്രുപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമെ. എന്തുകൊണ്ടെന്നാൽ /രാജ്യവും ശക്തിയും മഹത്വവും എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ / അങ്ങയുടെ മഹത്വത്താൽ സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു / മാലാഖമാരും മനുഷ്യരും അങ്ങു പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്ന് ഉൽഘോഷിക്കുന്നു.

(പകരം ഗാനം)

കാർമ്മി: സ്വർഗ്ഗസ്ഥിതനാം താതാ നിൻ, നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ, പരിശുദ്ധൻ നീ പരിശുദ്ധൻ.

സമൂഹം: *(രണ്ടു ഗണമായി തുടരുന്നു).*
സ്വർഗ്ഗസ്ഥിതനാം താതാനിൻ, സ്തുതിതൻനിസ്തുല-മഹിമാവാൽ
ഭൂസ്വർഗ്ഗങ്ങൾ നിറഞ്ഞു സദാ, പാവനമായി വിളങ്ങുന്നു.

വാനവമാനവവൃന്ദങ്ങൾ, ഉദ്ഘോഷിപ്പൂ സാമോദം
പരിശുദ്ധൻ നീ എന്നെന്നും, പരിശുദ്ധൻ നീ പരിശുദ്ധൻ.

സ്വർഗ്ഗസ്ഥിതനാം താതാ നിൻ, നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ, നിൻ ഹിതമിവിടെ ഭവിക്കണമെ.

സ്വർഗ്ഗത്തെന്നതുപോലുലകിൽ, നിൻ ചിത്തം നിറവേറണമേ
ആവശ്യകമാ മാഹാരം, ഞങ്ങൾക്കിന്നരുളീടണമേ.

ഞങ്ങൾ കടങ്ങൾ പൊറുത്തതുപോൽ, ഞങ്ങൾക്കുള്ള കടം സകലം
പാപത്തിൻ കട ബാദ്ധ്യതയും, അങ്ങു കനിഞ്ഞു പൊറുക്കണമേ.

ഞങ്ങൾ പരീക്ഷയിലൊരുനാളും, ഉൾപ്പെടുവാനിടയാകരുതേ
ദുഷ്ടാത്രുപിയിൽ നിന്നെന്നും, ഞങ്ങളെ രക്ഷിച്ചരുളണമേ.

എന്തെന്നാലെന്നാളേക്കും, രാജ്യം ശക്തിമഹത്വങ്ങൾ
താവകമല്ലോ കർത്താവേ, ആമ്മേനാമ്മേനെന്നേക്കും.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ.

കാർമ്മി: കാരുണ്യവാനും സ്നേഹനിധിയുമായ ദൈവമേ, ഈ വർഷത്തിന്റെ അവസാനം കാണുവാൻ ഞങ്ങളെ അനുവദിച്ചതിന് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. കടന്നു പോകുന്ന ഈ വർഷത്തിൽ അങ്ങു ഞങ്ങൾക്കു നല്കിയ എല്ലാ അനുഗ്രഹങ്ങൾക്കും അങ്ങയോടു ഞങ്ങൾ നന്ദി പറയുന്നു. ഈ വർഷം നഷ്ടമാക്കിയ ദിവ്യപ്രേരണകളെയും, ചെയ്തു

പോയ പാപങ്ങളെയുംകുറിച്ച് ഞങ്ങൾ പശ്ചാത്തപിക്കുന്നു. ഈ കൃത ജ്ഞതാബലി യോഗ്യതാപൂർവ്വം അർപ്പിക്കുവാൻ ഞങ്ങളെ സഹായിക്ക ണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂഹം: ആമ്മേൻ

സങ്കീർത്തനം **(നന്ദി പ്രകടനം)**

കാർമ്മി: കർത്താവേ അങ്ങയോടു നന്ദി പറയുവാനും
അങ്ങേ നാമം പുകഴ്ത്തുവാനും / ഞങ്ങൾ കടപ്പെട്ടവരാകുന്നു.

(രണ്ടു ഗണമായി തുടരുന്നു).

കർത്താവേ അങ്ങയോടു നന്ദി പറയുവാനും
അങ്ങേ നാമം പുകഴ്ത്തുവാനും / ഞങ്ങൾ കടപ്പെട്ടവരാകുന്നു.

ഓരോ ദിവസവും പ്രഭാതത്തിൽ
ഞാൻ അങ്ങേ കാരുണ്യം പ്രകീർത്തിക്കും.
സന്ധ്യാകാലത്ത് അങ്ങേ വിശ്വസ്തതയും.

വീണയും കിന്നരവും കൊണ്ട് / അങ്ങുന്ന് എന്നെ സന്തോഷിപ്പിച്ചു.
അവയിൽ ഞാൻ ആനന്ദിക്കുന്നു.

അങ്ങേ പ്രവർത്തികൾ എത്ര ഉൽകൃഷ്ടമാകുന്നു.
അങ്ങേ ചിന്തകൾ എത്ര അഗാധവുമാകുന്നു.

മൂഢനായ മനുഷ്യൻ അതറിയുന്നില്ല.
ഭോഷന്മാർക്ക് അതു ദുർഗ്രഹവുമാകുന്നു.

പാപികൾ പച്ചപ്പുല്ലുപോലെ തഴച്ചു വളരുന്നുണ്ടാകും.
ദുഷ്ടന്മാർ വിടർന്നു പുഷ്പിക്കുന്നുണ്ടാവും.

അവർ നീങ്ങുന്നത് നാശത്തിലേയ്ക്കാകുന്നു.
അങ്ങ് എന്നേയ്ക്കും അത്യുന്നതനാകുന്നു.

ഭൂവാസികളെ ദൈവത്തെ സ്തുതിക്കുവിൻ.
അവിടുത്തെ നാമത്തിനു കീർത്തനം പാടുവിൻ.

അത്ഭുതകരമായ പല കാര്യങ്ങളും
അവിടുന്നു മനുഷ്യർക്കു വേണ്ടി ചെയ്തിട്ടുണ്ട്.

അവിടുന്നു നമുക്ക് ജീവൻ നല്കി.
നമ്മുടെ കാലുകൾ വഴുതിപ്പോകുവാൻ / അവിടുന്ന് അനുവദിക്കയില്ല.

വെള്ളി പരിശോധിക്കുന്നതുപോലെ
ഞങ്ങളെ അവിടുന്നു പരിശോധിച്ചു.

ഞങ്ങളെ വലയിൽ അകപ്പെടുത്തുകയും
പീഡകൾക്ക് ഇരയാക്കുകയും ചെയ്തു.
തീയിലും വെള്ളത്തിലുംകൂടി / അങ്ങുന്നു ഞങ്ങളെ നടത്തി.

എങ്കിലും അതിന്റെ എല്ലാം അവസാനം
ആനന്ദത്തിലേയ്ക്കു ഞങ്ങളെ ആനയിച്ചു.

കൈകൾ നിറയെ കാഴ്ചകളുമായി
അങ്ങേ ഭവനത്തിലേയ്ക്ക് ഞങ്ങൾ വരുന്നു.

എന്റെ ആത്മാവേ കർത്താവിനെ വാഴ്ത്തുക.
അവിടുത്തെ അനുഗ്രഹങ്ങൾ മറക്കരുതെ.

നിന്റെ പാപങ്ങൾ അവിടുന്നു പൊറുക്കുന്നു.
നിന്റെ രോഗങ്ങൾ സുഖമാക്കുന്നു.

അവിടുന്നു പാപത്തിന്റെ ഗൗരവം നോക്കുന്നില്ല.
അതിന്റെ വലുപ്പമനുസ്സരിച്ചു ശിക്ഷിക്കുന്നുമില്ല.

ആകാശത്തോളം ഉയരുന്ന കാരുണ്യം
അവിടുന്നു തന്റെ ഭക്തരോടു പ്രദർശിപ്പിച്ചു.

ഉദയത്തെ അസ്തമയത്തിൽ നിന്നെന്നപോലെ
പാപത്തെ നമ്മിൽനിന്നകറ്റി.

പിതാവു മക്കളോടെന്നപോലെ
കർത്താവു തന്റെ ഭക്തരോടു കാരുണ്യം കാണിക്കുന്നു.

നമ്മൾ കേവലം പൊടിയാണെന്ന് / അവിടുന്ന് അറിയുന്നുണ്ടല്ലോ.

മനുഷ്യജീവിതം പുൽക്കൊടിക്കു തുല്യമാകുന്നു.
വയലിലെ പുഷ്പം പോലെ അതു വിരിയുന്നു.

ചുടുകാറ്റടിക്കുമ്പോൾ അതു വാടിപ്പോകുന്നു.
അതു നിന്നിരുന്ന സ്ഥലവും അജ്ഞാതമായിത്തീരുന്നു.

കർത്താവിനെ സ്നേഹിക്കുന്നവരുടെ മേൽ
അവിടുത്തെ അനുഗ്രഹമുണ്ടായിരിക്കും.

അങ്ങേയ്ക്ക് ആയിരം വത്സരങ്ങൾ / അസ്തമിച്ചൊരു ദിവസം പോലെയും
രാത്രിയുടെ ഒരു യാമം പോലെയുമാകുന്നു.

ലോകത്തിൽ മനുഷ്യന്റെ ജീവിതം / കിനാവു പോലെ കടന്നുപോകുന്നു.

ഹൃദയവിജ്ഞാനം പ്രാപിക്കുവാനായി
ഞങ്ങളുടെ ആയുസ്സിന്റെ ഹ്രസ്വത
ഞങ്ങൾക്കു മനസ്സിലാക്കിത്തരണമേ.

കർത്താവെ അങ്ങേ തിരുനാമം / ഭൂമിയിൽ എത്ര മഹനീയമാകുന്നു.

അങ്ങുന്നു മനുഷ്യനെ ഓർക്കുവാനോ
അവനെ സന്ദർശിക്കുവാനോ / അവനെന്തു യോഗ്യതയുണ്ട്.

മാലാഖയിൽ നിന്നു വലിയ ഭേതമില്ലാതെ / അവനെ അങ്ങുന്നു സൃഷ്ടിച്ചു.

മഹിമയും ബഹുമാനവും കൊണ്ട് / അങ്ങുന്നു അവരെ അലങ്കരിച്ചു.

അങ്ങേ സകല സൃഷ്ടികളുടെയും മേൽ / അവന് അധികാരം കൊടുത്തു.

നല്ലവനായ കർത്താവിനെ സ്തുതിക്കുവിൻ.
അത്യുന്നതനായ ദൈവത്തെ സ്തുതിക്കുവിൻ.

എന്തുകൊണ്ടെന്നാൽ, അവിടുത്തെ കാരുണ്യം അനന്തമാകുന്നു.

തന്റെ അനന്തമായ ജ്ഞാനത്താൽ
ആകാശം സൃഷ്ടിച്ചവനെ സ്തുതിക്കുവിൻ.

എന്തുകൊണ്ടെന്നാൽ, അവിടുത്തെ കാരുണ്യം അനന്തമാകുന്നു.

പകലിനെ ഭരിക്കുവാൻ വേണ്ടി / സൂര്യനെ സൃഷ്ടിച്ചവനെ സ്തുതിക്കുവിൻ.

എന്തുകൊണ്ടെന്നാൽ, അവിടുത്തെ കാരുണ്യം അനന്തമാകുന്നു.

രാത്രിയെ ഭരിക്കുവാൻ വേണ്ടി
ചന്ദ്രതാരങ്ങളെ സൃഷ്ടിച്ചവനെ സ്തുതിക്കുവിൻ.

എന്തുകൊണ്ടെന്നാൽ, അവിടുത്തെ കാരുണ്യം അനന്തമാകുന്നു.

നമ്മുടെ സങ്കടകാലങ്ങളിൽ / നമ്മെ ഓർത്തവനെ സ്തുതിക്കുവിൻ.

എന്തുകൊണ്ടെന്നാൽ, അവിടുത്തെ കാരുണ്യം അനന്തമാകുന്നു.

നമ്മുടെ ശത്രുക്കളിൽ നിന്നെല്ലാം / നമ്മെ രക്ഷിച്ചവനെ സ്തുതിക്കുവിൻ.

എന്തുകൊണ്ടെന്നാൽ, അവിടുത്തെ കാരുണ്യം അനന്തമാകുന്നു.

ലോകത്തിലുള്ള ജീവികൾക്കെല്ലാം
ആഹാരം നല്കുന്നവനെ സ്തുതിക്കുവിൻ.

എന്തുകൊണ്ടെന്നാൽ, അവിടുത്തെ കാരുണ്യം അനന്തമാകുന്നു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ആദിമുതൽ എന്നേക്കും ആമ്മേൻ.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമ്മി: പ്രകൃത്യാ മറഞ്ഞിരിക്കുന്നവനും പ്രവൃത്തികളാൽ സ്വയം വെളിപ്പെടുത്തുന്നവനുമായ ദൈവമേ, ആകാശവും ഭൂമിയും ആങ്ങേ മാഹാത്മ്യത്തെ പ്രകീർത്തിക്കുന്നു. അങ്ങേയ്ക്ക് സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുവാൻ ഞങ്ങൾ കടപ്പെട്ടവരാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം: ആമ്മേൻ.

കാൽത്താ (ഗാനം)

പോയ്മറയുന്നീ ക്ഷണഭംഗുരമാം / ലോകവുമതിലെ ജഡികാശകളും.

അക്ഷയരാജ്യം നേടാനുതകും / നിക്ഷേപങ്ങൾ കരുതുക നമ്മൾ.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമ്മി: ശൂന്യതയിൽ നിന്നു ഞങ്ങളെ സൃഷ്ടിക്കുകയും പാപങ്ങളിൽ നിന്നു ഞങ്ങളെ രക്ഷിക്കുകയും ചെയ്ത കാരുണ്യവാനായ കർത്താവേ, അങ്ങയുടെ അനുഗ്രഹങ്ങൾക്കു വേണ്ടി ഞങ്ങൾ അങ്ങയോടു നന്ദി പറയുകയും സ്നേഹം നിറഞ്ഞ ഹൃദയത്തോടെ സ്തുതിച്ചാരാധിക്കുകയും ചെയ്യുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം: ആമ്മേൻ.

സ്തോത്രഗീതം

ദൈവമേ നിൻ ദിവ്യദാനങ്ങൾക്കായ്
നന്ദിയോടെ ഞങ്ങൾ നിന്നെ വാഴ്ത്തുന്നു.

അപകടങ്ങളിൽ വീഴാതെ / വീണുപോയാൽത്താഴാതെ
അനുദിനം ഞങ്ങളെ നീ / കാത്തുപോന്നല്ലോ. (2)
ദൈവമേ നിൻ ദിവ്യദാനങ്ങൾക്കായ് ...

പാപത്തിൻ വഴിയിലും / ശോകത്തിൻ ചുഴിയിലും
തൃക്കരങ്ങൾ നീട്ടി ഞങ്ങൾ - / ക്കാശ്രയം നല്കി. (2)
ദൈവമേ നിൻ ദിവ്യദാനങ്ങൾക്കായ് ...

ആത്മാവിലാശളുകി / അന്നന്നു ഭോജ്യമേകി
എന്നുമെന്നും ഞങ്ങളിൽ നീ / വാണിടുന്നല്ലോ. (2)
ദൈവമേ നിൻ ദിവ്യദാനങ്ങൾക്കായ് ...

അല്ലെങ്കിൽ

ദൈവസ്നേഹം വർണ്ണിച്ചിടാൻ, വാക്കുകൾ പോരാ
നന്ദിചൊല്ലിതീർക്കുവാനീ, ജീവിതം പോരാ
കഷ്ടപ്പാടിൻ കാലങ്ങളിൽ, രക്ഷിക്കുന്ന സ്നേഹമോർത്താൽ
എത്ര സ്തുതിച്ചാലും, മതിവരുമോ (ദൈവസ്നേഹം .....)

സ്വന്തമായ് ഒന്നുമില്ല, സർവ്വതും നിൻ ദാനം
സ്വസ്ഥമായ് ഉറങ്ങീടാൻ, സമ്പത്തിൽ മയങ്ങാതെ
മന്നിൽ സൗഭാഗ്യം, നേടാനായാലും
ആത്മം നഷ്ടമായാൽ, ഫലമെവിടെ (ദൈവസ്നേഹം .....)

സ്വപ്നങ്ങൾ പൊലിഞ്ഞാലും, ദു:ഖത്താൽ വലഞ്ഞാലും
മിത്രങ്ങൾ അകന്നാലും, ശത്രുക്കൾ നിരന്നാലും
രക്ഷാകവചം നീ, മാറാതെന്നാളും
അങ്ങെൻ മുമ്പേ പോയാൽ, ഭയമെവിടെ (ദൈവസ്നേഹം .....)

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

(ജീവിതകാലത്ത്, പ്രത്യേകിച്ച് ഈ വർഷത്തിൽ, ചെയ്തുപോയ പാപങ്ങളെക്കുറിച്ചു പശ്ചാത്തപിക്കുന്നു)

കാർമ്മി: പശ്ചാത്തപിക്കുന്ന പാപികളെ കാരുണ്യപൂർവ്വം സ്വീകരിക്കുന്ന സ്നേഹസമ്പന്നനായ ദൈവമേ, ഞങ്ങളുടെ പാപങ്ങളെക്കുറിച്ച് പശ്ചാത്ത പിക്കുകയും, അങ്ങയുടെ അനുഗ്രഹവും സഹായവും ഞങ്ങൾ പ്രാർത്ഥിക്കുകയും ചെയ്യുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം: ആമ്മേൻ.

സങ്കീർത്തനം

കാർമ്മി: ദൈവമേ എന്നോടു കരുണ തോന്നണമേ.
ദയാപൂർവ്വം എന്റെ പാപങ്ങൾ മായിച്ചുകളയണമേ.

(രണ്ടു ഗണമായി തുടരുന്നു).

ദൈവമേ എന്നോടു കരുണ തോന്നണമെ.
ദയാപൂർവ്വം എന്റെ പാപങ്ങൾ മായിച്ചുകളയണമേ.

എന്റെ അപരാധങ്ങൾ കഴുകിക്കളയുകയും
തെറ്റുകൾ തുടച്ചുമാറ്റുകയും ചെയ്യണമേ.

എന്തെന്നാൽ എന്റെ പാപങ്ങൾ ഞാനറിയുന്നു.
ഞാൻ അവയെല്ലാം കണ്ടുകൊണ്ടിരിക്കുന്നു.

അങ്ങേയ്ക്കെതിരായി ഞാൻ പാപം ചെയ്തുപോയി.
അങ്ങേ സന്നിധിയിൽ ഞാൻ തിന്മ പ്രവർത്തിച്ചു.

അങ്ങേ വചനങ്ങൾ നീതിയുക്തമാകുന്നു.
അങ്ങേ വിധികൾ വിജയിക്കുകയും ചെയ്തു.

ഞാൻ പാപത്തോടുകൂടി ജനിച്ചിരിക്കുന്നു.
എന്റെ ഉത്ഭവം തന്നെ തിന്മയിലാകുന്നു.

അങ്ങു സത്യവാനാണല്ലോ.
അങ്ങേ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ
എന്നെയും പഠിപ്പിക്കണമെ.

പരിമള തൈലംകൊണ്ട് എന്നെ തളിക്കണമേ.
ഞാൻ ശുദ്ധിയുള്ളവനാകട്ടെ.

അതിൽ എന്നെ കഴുകണമെ.
ഞാൻ മഞ്ഞിനേക്കാൾ നിർമ്മലനാകട്ടെ.

അങ്ങേ സന്തോഷം എനിക്കു നല്കേണമേ.
ഞാൻ അതിൽ ആനന്ദം കൊള്ളട്ടെ.

എന്റെ പാപങ്ങളിൽ നിന്നു മുഖം തിരിക്കണമേ.
എന്റെ അപരാധങ്ങൾ മായിച്ചു കളയണമേ.

നിർമ്മലമായൊരു ഹൃദയം എന്നിൽ സൃഷ്ടിക്കണമേ.
എന്റെ മനസ്സിനെ ശക്തിപ്പെടുത്തുകയും ചെയ്യണമേ.

അങ്ങേ തിരുസന്നിധിയിൽ നിന്ന്
എന്നെ ഒരിക്കലും തള്ളിക്കളയരുതേ.

അങ്ങേ പരിശുദ്ധാത്മാവിനെ
എന്നിൽ നിന്ന് എടുത്തുകളയരുതേ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

കീർത്തനം

മനുജനു ജന്മം നല്കിയ നാഥാ / വിനയമൊടങ്ങയെ വാഴ്ത്തീടുന്നു.

വരുവിൻ വിരവൊടു, വരുവിൻ ജീവൻ /
പിരിയും മുമ്പേ നാഥനെ വാഴ്ത്താം.

ജിതമാനസരാം സുകൃതികളെന്നും / ജീവിക്കുന്നു മൃതിയുടെ വിളിയും.

പകലുള്ളപ്പോളദ്ധ്വാനിപ്പിൻ / തമസ്സുവരുന്നു മൃതിയുടെ വിളിയും.

ജാഗരണത്താൽ മങ്ങിയ വദനം / കനക പ്രഭയിൽ മുങ്ങിവിളങ്ങും.

നിത്യപിതാവിനു കീർത്തനമെന്നും / സുതനും പരിശുദ്ധാത്മാവിനും.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

(കാർമ്മികൻ ധൂപം ആശീർവ്വദിക്കുന്നു.)

കാർമി: ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങു നല്കിയിട്ടുള്ളതും എന്നാൽ കൃതജ്ഞത പ്രകാശിപ്പിക്കാൻ ഞങ്ങൾക്കു കഴിയാത്തതുമായ എല്ലാ സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കുമായി സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞു മുടിച്ചൂടി നില്ക്കുന്ന സഭയിൽ ഞങ്ങൾ അങ്ങയെ നിരന്തരം സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യട്ടെ. അങ്ങു സകലത്തിന്റെയും നാഥനും സ്രഷ്ടാവുമാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

*(മദ്ബഹയുടെ **വിരിനീക്കുന്നു.** ശുശ്രൂഷി മദ്ബഹയിൽ പ്രവേശിച്ചു **ധൂപിക്കുന്നു.** എല്ലാവരും അൾത്താരയിലേക്കു തിരിഞ്ഞു ശിരസു നമിക്കുന്നു.)*

ഗാനം

സർവാധിപനാം കർത്താവേ / നിന്നെ വണങ്ങി നമിക്കുന്നു
ഈശോനാഥാ വിനയമൊടെ / നിന്നെ നമിച്ചു പുകഴ്ത്തുന്നു.

മർത്യനു നിത്യമഹോന്നതമാ- / മുത്ഥാനം നീയരുളുന്നു
അക്ഷയമവനുടെ ആത്മാവി- / ന്നുത്തമരക്ഷയുമേകുന്നു.

ശുശ്രൂഷി: നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

(കാർമികൻ ജനങ്ങൾക്കുനേരേ തിരിയുന്നു.)

കാർമി: എന്റെ കർത്താവേ, നീ സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും ആത്മാക്കളെ രക്ഷിക്കുന്നവനും ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. ഞങ്ങൾ എപ്പോഴും നിനക്കു സ്തുതിയും കൃതജ്ഞതയും ആരാധനയും സമർപ്പിക്കാൻ കടപ്പെട്ടവരാകുന്ന സകലത്തിന്റെയും നാഥാ എന്നേക്കും.

സമൂഹം: ആമ്മേൻ.

ത്രൈശുദ്ധ കീർത്തനം

ശബ്ദമുയർത്തിപ്പാടിടുവിൻ / സർവരുമൊന്നായ് പാടിടുവിൻ
എന്നെന്നും ജീവിക്കും / സർവേശ്വരനെ വാഴ്ത്തിടുവിൻ.

പരിപാവനനാം സർവേശാ / പരിപാവനനാം ബലവാനേ
പരിപാവനനാം അമർത്യനേ / നിൻകൃപ ഞങ്ങൾക്കേകണമേ.

ശുശ്രൂഷി: നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമി: വിശുദ്ധരിൽ സംപ്രീതനായി വസിക്കുന്ന പരിശുദ്ധനും സ്തുത്യർഹനും ബലവാനും അമർത്യനുമായ കർത്താവേ, അങ്ങയുടെ സ്വഭാവത്തിനൊത്തവിധം എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും ഞങ്ങളോടു കരുണകാണിക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

വചനശുശ്രൂഷ

(ഈശോയുടെ പരസ്യജീവിത സ്മരണ)

പഴയനിയമ വായന

ശുശ്രൂഷി: സഹോദരരേ നിങ്ങൾ ഇരുന്നു ശ്രദ്ധയോടെ കേൾക്കുവിൻ.

വായിക്കുന്നയാൾ: ലേവ്യരുടെ പുസ്തകത്തിൽനിന്നുള്ള വായന. (6:1-7)
(കാർമികനുനേരേ തിരിഞ്ഞ്) ഗുരോ ആശീർവദിക്കണമേ.

കാർമി: ദൈവം നിന്നെ + അനുഗ്രഹിക്കട്ടെ.

സമൂഹം: *(വായന തീരുമ്പോൾ)* ദൈവമായ കർത്താവിനു സ്തുതി.

പഴയനിയമവായന രണ്ടുണ്ടെങ്കിൽ - ജ്ഞാനം 5:7-10, 14-16

പഴയനിയമ വായനകൾക്കുശേഷം

ശുശ്രൂഷി: പ്രകീർത്തനം ആലപിക്കാനായി നിങ്ങൾ എഴുന്നേല്ക്കുവിൻ.

പ്രകീർത്തനം

(രീതി: അംബരമനവരതം ...)

കാർമി: സർവചരാചരവും, ദൈവമഹത്വത്തെ, വാഴ്ത്തിപ്പാടുന്നു.

സ്വർഗനിവാസികൾ സാമോദം / കർത്താവിൻ സ്തുതി പാടട്ടെ
ഉദ്ഘോഷിക്കുക ദൈവത്തിൻ / ശക്തിയുമതുപോൽ മഹിമകളും
തിരുജനനം, വാഴ്ത്താം സാമോദം.

സമൂഹം: തൻമഹിമാവല്ലോ, വാനവിതാനങ്ങൾ, ഉദ്ഘോഷിക്കുന്നു.

സ്വർഗനിവാസികൾ സാമോദം ...

കാർമി: ജനതകളവിടുത്തെ, മഹിമകൾ പാടുന്നു, താണുവണങ്ങുന്നു.

സമൂഹം: സ്വർഗനിവാസികൾ സാമോദം ...

കാർമി: നിത്യപിതാവിനും സുതനും റൂഹായ്ക്കും സ്തുതിയുണ്ടാകട്ടെ.

സമൂഹം: സ്വർഗനിവാസികൾ സാമോദം ...

കാർമി: ആദിയിലെപ്പോലെ ഇപ്പോഴുമെപ്പോഴും എന്നേക്കും ആമ്മേൻ.

സമൂഹം: സ്വർഗനിവാസികൾ സാമോദം ...

ശുശ്രൂഷി: നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമി: സർവജ്ഞനായ ഭരണകർത്താവും തന്റെ ഭവനത്തിൽ വസിക്കുന്നവരുടെ വിസ്മയനീയനായ പരിപാലകനും സകല നന്മകളുടേയും സൗഭാഗ്യങ്ങളുടേയും ഉറവിടവുമായ ദൈവമേ അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. അങ്ങയുടെ സ്വഭാവത്തിനൊത്തവിധം എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും ഞങ്ങളോടു കരുണ കാണിക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

ലേഖനം

വായിക്കുന്ന ആൾ: സഹോദരരേ, വിശുദ്ധ പൗലോസ് ശ്ലീഹാ തിമോത്തേയോസിന് എഴുതിയ ഒന്നാം ലേഖനം. (6:6-12)

(കാർമികനുനേരേ തിരിഞ്ഞ്) ഗുരോ ആശീർവദിക്കണമേ.

കാർമി: മിശിഹാ + നിന്നെ അനുഗ്രഹിക്കട്ടെ.

(ഒരു ശുശ്രൂഷി കത്തിച്ച തിരിയുമായി സമീപത്തു നില്ക്കുന്നു).

സമൂഹം: *(വായന തീരുമ്പോൾ)* നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

ഹാലേലൂയാ ഗീതം

ഹാലേലൂയാ പാടാമൊന്നായ് / ഹാലേലൂയാ ഹാലേലൂയാ.
കർത്താവന്നു മൊഴിഞ്ഞു, നീയെൻ / പുത്രൻ, നിന്നെ ജനിപ്പിച്ചു ഞാൻ.
അതിനാലെന്തും ചോദിക്കുക നീ / അവയെല്ലാം ഞാനരുളും വേഗം.
ജനനിരയെല്ലാം നിന്നവകാശം / ഭൂവിന്നതിരുകൾ നിൻ കരതാരിൽ.

താതനുമതുപോൽ സുതനും / പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ
ആദിമുതൽക്കേയിന്നും നിത്യവു- / മായി ഭവിച്ചീടട്ടെ ആമ്മേൻ.
ഹാലേലൂയാ പാടാമൊന്നായ് / ഹാലേലൂയാ ഹാലേലൂയാ.

(കാർമികൻ പ്രദക്ഷിണമായി വചനവേദിയിലേക്കു പോകുമ്പോൾ കത്തിച്ച തിരികളുമായി രണ്ടു ശുശ്രൂഷികൾ ഇരുവശത്തും നിൽക്കുന്നു. സഹായി മുമ്പിൽ ധൂപാർച്ചന നടത്തുന്നു. കാർമികൻ താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു).

കാർമി: കർത്താവായ മിശിഹായേ, നിന്റെ നിയമത്തിൽ ഞങ്ങളെ ജ്ഞാനികളാക്കണമേ. നിന്റെ ജ്ഞാനത്താൽ ഞങ്ങളുടെ മനസിനെ ജ്വലിപ്പിക്കണമേ. നിന്റെ സത്യത്താൽ ഞങ്ങളുടെ ആത്മാക്കളെ വിശുദ്ധീകരിക്കണമേ. അങ്ങനെ ഞങ്ങൾ എപ്പോഴും നിന്റെ വചനങ്ങൾ പാലിക്കുന്നവരും കല്പനകൾ അനുസരിക്കുന്നവരുമാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും. ആമ്മേൻ.

ശുശ്രൂഷി: നമുക്കു ശ്രദ്ധാപൂർവംനിന്നു പരിശുദ്ധ സുവിശേഷം ശ്രവിക്കാം.

കാർമി: സമാധാനം + നിങ്ങളോടുകൂടെ.

സമൂഹം: അങ്ങയോടും അങ്ങയുടെ ആത്മാവോടുംകൂടെ.

കാർമി: വിശുദ്ധ ലൂക്കാ അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം. (13:6-9)

സമൂഹം: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

(വായന തീരുമ്പോൾ)

സമൂഹം: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

*(പ്രസംഗമുണ്ടെങ്കിൽ എല്ലാവരും ഇരിക്കുന്നു.
കാറോസൂസായുടെ സമയത്ത് എല്ലാവരും നില്ക്കുന്നു).*

കാറോസ്മസാ

ശുശ്രൂഷി: നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടുംകൂടി നിന്ന് / മനുഷ്യനായി പിറന്ന മിശിഹായെ ധ്യാനിച്ചുകൊണ്ട് / "ദൈവമേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു" എന്ന് ഏറ്റുപറയാം.

സമൂഹം: ദൈവമേ ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

ശുശ്രൂഷി: വിനീതരായ ആട്ടിടയരെയും / വിജ്ഞാനികളായ ശാസ്ത്രജ്ഞരെയും / ദിവ്യശിശുവിന്റെ സവിധത്തിലേക്കു നയിച്ച ദൈവമേ,

ശുശ്രൂഷി: തന്റെ തിരുക്കുമാരന്റെ മനുഷ്യാവതാരംവഴി / എളിമയുടെയും ദാരിദ്രത്തിന്റെയും മാതൃക കാട്ടുകയും / സമാധാനവും പ്രത്യാശയും നല്കി ലോകത്തെ അനുഗ്രഹിക്കുകയും ചെയ്ത ദൈവമേ,

ശുശ്രൂഷി: ലോകാരംഭത്തിനു മുമ്പേ / മിശിഹായിൽ ഞങ്ങളെ തിരഞ്ഞെടുക്കുകയും / അങ്ങയുടെ രാജ്യത്തിലേക്കു ഞങ്ങളെ വിളിക്കുകയും ചെയ്ത ദൈവമേ,

ശുശ്രൂഷി: വിവിധങ്ങളായ ജീവിതാനുഭങ്ങളിലൂടെ / ഞങ്ങളെ നയിക്കുകയും / ഞങ്ങൾക്കു ലഭിച്ചിരിക്കുന്ന കഴിവുകളായ താലന്തുകൾ വർദ്ധിപ്പിക്കുവാൻ / ഞങ്ങളെ സഹായിക്കുകയും ചെയ്യുന്ന ദൈവമേ,

ശുശ്രൂഷി: പതിനൊന്നാം മണിക്കൂറിൽ വിളിക്കപ്പെട്ട വേലക്കാരോടെന്നപ്പോലെ / അയോഗ്യരായ ഞങ്ങളോടും കരുണകാണിക്കുന്ന ദൈവമേ,

ശുശ്രൂഷി: അവസാനനാളിൽ / അങ്ങയുടെ മുമ്പിൽ ഞങ്ങൾ കണക്കു ബോധിപ്പിക്കേണ്ടവരാണ് എന്ന സത്യം / തിരുവചനത്തിലൂടെ ഞങ്ങളെ പഠിപ്പിക്കുന്ന ദൈവമേ.

ശുശ്രൂഷി: മനുഷ്യാവതാരംവഴി ഞങ്ങളുടെ നിത്യപുരോഹിതനായ മിശിഹായെ / ഞങ്ങളുടെ പരിശുദ്ധ പിതാവു മാർ ... *(പേര്)* പാപ്പായെയും / ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച്ബിഷപ്പ് മാർ ... *(പേര്)* മെത്രാപ്പോലീത്തയെയും / ഞങ്ങളുടെ പിതാവും മേലധ്യക്ഷനുമായ മാർ ... *(പേര്)* മെത്രാനെയും / ... മെത്രാപ്പോലീത്തയെയും ... മെത്രാനെയും / മറ്റെല്ലാ മെത്രാന്മാരെയും / ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കുന്ന ദൈവമേ.

ശുശ്രൂഷി: തിരുസഭയെ സ്ഥാപിച്ചു പരിപാലിക്കുന്ന ദൈവമേ / ഞങ്ങളെ ദൈവരാജ്യത്തിന്റെ പൂർണതയിലേക്കു നയിക്കാൻ / അങ്ങുനിയോഗിച്ചിരിക്കുന്ന വൈദികരെയും സന്യസ്തരെയും / സഭാപരമായി ഞങ്ങളെ

നയിക്കാൻവേണ്ട / കൃപയും സംരക്ഷണവും നല്കി അനുഗ്രഹിക്കണമെന്നും / ഞങ്ങളുടെ കുടുംബങ്ങളിൽനിന്നു ദൈവവിളികൾ നല്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂഹം: കർത്താവേ, ഞങ്ങളുടെ പ്രാർഥന കേൾക്കണമേ.

ശുശ്രൂഷി: നമ്മുടെ വ്യക്തിപരമായ നിയോഗങ്ങൾ / മൗനമായി ദൈവസന്നിധിയിൽ നമുക്കു സമർപ്പിക്കാം.

(അല്പസമയത്തെ മൗനപ്രാർഥനയ്ക്കുശേഷം)

ശുശ്രൂഷി: നമുക്കെല്ലാവർക്കും / നമ്മെയും നാമോരോരുത്തരെയും / പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

സമൂഹം: ഞങ്ങളുടെ ദൈവമായ കർത്താവേ / അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

കാർമ്മി : ചരിത്രത്തിന്റെ നാഥനായ ദൈവമേ, എല്ലാം അവിടുന്നറിയുകയും, എല്ലാം ഞങ്ങളുടെ നന്മയ്ക്കായി പരിണമിപ്പിക്കുകയും ചെയ്യുന്നുവെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. അങ്ങയുടെ പൈതൃകമായ പരിപാലനത്തിന്റെ കരം, ജീവിതത്തിലെ എല്ലാ സംഭവങ്ങളിലും ദർശിക്കുവാനും, വിശ്വാസത്തോടും പ്രത്യാശയോടുംകൂടി, ഈ ലോകത്തിലെ ഞങ്ങളുടെ യാത്ര പൂർത്തിയാക്കുവാനും ഞങ്ങളെ പ്രാപ്തരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

സമൂഹം: ആമ്മേൻ.

കൈവയ്പു പ്രാർഥന

ശുശ്രൂഷി: കർത്താവേ ആശീർവദിക്കേണമേ / സഹോദരരേ, നിങ്ങൾ കൈവയ്പിനായി തലകുനിക്കുകയും / ആശീർവാദം സ്വീകരിക്കുകയും ചെയ്യുവിൻ.

(എല്ലാവരും തലകുനിച്ച് ആശീർവാദം സ്വീകരിക്കുന്നു.)

കാർമ്മി: *(താഴ്ന്ന സ്വരത്തിൽ)* കർത്താവേ ശക്തനായ ദൈവമേ അങ്ങയുടെ അഭിഷിക്തൻ കഠിനമായ പീഡകളനുഭവിച്ചു വീണ്ടെടുത്ത അജഗണമായ പരിശുദ്ധ കത്തോലിക്കാസഭ അങ്ങയുടേതാകുന്നു. ദൈവസ്വഭാവത്തിൽ അങ്ങുമായി ഒന്നായിരിക്കുന്ന പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ യഥാർഥ പൗരോഹിത്യത്തിന്റെ പദവികൾ കൈവയ്പുവഴി നല്കപ്പെടുന്നു. വിശ്വാസികൾക്ക് ആത്മീയശുശ്രൂഷ ചെയ്യുന്നതിനു പരിശുദ്ധമായ സഭാശരീരത്തിലെ സവിശേഷാംഗങ്ങളാകാൻ നിസാരരും

ബലഹീനരുമായ ഞങ്ങളെ അങ്ങു കാരുണ്യാതിരേകത്താൽ യോഗ്യരാക്കി. കർത്താവേ, അങ്ങയുടെ കൃപാവരം ഞങ്ങളിൽ നിറയ്ക്കുകയും അങ്ങയുടെ ദാനങ്ങൾ ഞങ്ങളുടെ കരങ്ങൾവഴി വർഷിക്കുകയും ചെയ്യണമേ. അങ്ങയുടെ കാരുണ്യവും അനുഗ്രഹവും ഞങ്ങളുടെയും അങ്ങു തെരഞ്ഞെടുത്ത ഈ ജനത്തിന്റെയുംമേൽ ഉണ്ടാകുമാറാകട്ടെ.

കാർമി: *(ഉയർന്ന സ്വരത്തിൽ)* കരുണാനിധിയായ ദൈവമേ, ഞങ്ങളെല്ലാവരും ഒന്നുചേർന്ന് അങ്ങയെ ഞങ്ങളുമായി രമ്യതപ്പെടുത്തുന്ന നീതിയുടെ പ്രവൃത്തികളാൽ ജീവിതകാലം മുഴുവനും അങ്ങയെ യഥോചിതം പ്രീതിപ്പെടുത്താൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും നിരന്തരം സമർപ്പിക്കാൻ ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

ശുശ്രൂഷി: മാമ്മോദീസാ സ്വീകരിക്കുകയും, ജീവന്റെ അടയാളത്താൽ മുദ്രിതരാകുകയും ചെയ്തവർ / ഭക്തിയോടും ശ്രദ്ധയോടുംകൂടെ വിശുദ്ധ രഹസ്യങ്ങളിൽ പങ്കുകൊള്ളട്ടെ. നമുക്കു പ്രാർഥിക്കാം സമാധാനം നമ്മോടുകൂടെ.

(കുർബാനയുടെ ബാക്കി ഭാഗങ്ങൾക്ക് പേജ് 87 കാണുക)

സമാപന പ്രാർത്ഥനകൾ

കാർമി: കർത്താവായ ദൈവമേ, ലോകരക്ഷകനായി മിശിഹായെ ഞങ്ങൾക്കു നല്കിയ / സ്നേഹാതിരേകത്തിനു ഞങ്ങൾ നന്ദിപറയുന്നു. ജ്ഞാനികൾ സമർപ്പിച്ച കാഴ്ചവസ്തുക്കൾപോലെ / ഞങ്ങളുടെ ബലിയും അങ്ങേക്കു സ്വീകാര്യമാകട്ടെ. മിശിഹായുടെ ശരീരരക്തങ്ങൾ സ്വീകരിച്ച് / അങ്ങേക്കു സാക്ഷികളാകാൻ ഞങ്ങളെ ശക്തരാക്കണമേ. അങ്ങയുടെ ദാനത്തിനു സ്തുതിയും ബഹുമാനവും / കൃതജ്ഞതയും ആരാധനയും ഞങ്ങൾ സമർപ്പിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂഹം: ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.

കാർമി: പിതാവിന്റെ പ്രതിരൂപമായ മിശിഹായേ, നിന്നിൽ പിതാവിനെ കാണാനും / അവിടുത്തെ രക്ഷാകരപദ്ധതിയിൽ പങ്കുചേരാനും / ഞങ്ങൾക്കിടവരുത്തിയതിനു നിനക്കു ഞങ്ങൾ നന്ദിപറയുന്നു. വിശുദ്ധ കുർബാനയിലൂടെ നിന്നെത്തന്നെ ഞങ്ങൾക്കു / ഭക്ഷണ പാനീയങ്ങ

ളായി നല്കിയതിനു ഞങ്ങൾ നിന്നെ വാഴ്ത്തുന്നു. രക്ഷയുടെ അച്ചാരമായ ഈ ദിവ്യരഹസ്യങ്ങൾ / ഞങ്ങൾക്കു നിത്യസൗഭാഗ്യത്തിനു കാരണമാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂഹം: ആമ്മേൻ.

സമാപനാശീർവ്വാദം

(രീതി: കർത്താവാം മിശിഹാ വഴിയായ്....)

സ്തുതി പാടീടാം സന്നിധിയിൽ / സതതം ദൈവപിതാവിനു നാം
രക്ഷാമാർഗ്ഗം കാണിച്ചു / രക്ഷകനീശോ നിജതനയൻ.

നന്മയിലേക്കു നയിച്ചീടും / റൂഹായ്ക്കെല്ലാ മഹിമകളും
അർപ്പിച്ചീടാം, കൃപയാല- / ങ്ങാത്മവിശുദ്ധി പകർന്നല്ലോ.

സമൂഹം: ആമ്മേൻ.

സ്വർഗ വിരുന്നിൽ ചേർന്നീടാൻ / സന്തതമൊരുപോൽ നീങ്ങീടാം
നന്ദിയോടങ്ങേ തിരുനാമം / നിത്യം പാടി വണങ്ങീടാം.

ചിറകുവിരിച്ചു പറന്നകലും / വർഷം നന്മ നമുക്കേകി
നന്ദിപറഞ്ഞു നമിച്ചിടുവിൻ + / ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

സമൂഹം: ആമ്മേൻ.

(അല്ലെങ്കിൽ)

കാർമ്മി : അനുഗ്രഹദായകനും പാപങ്ങൾ പൊറുക്കുന്നവനുമായ ദൈവത്തെ നമുക്കു സ്തുതിക്കാം. സമയത്തിന്റെ പൂർണ്ണതയിൽ മനുഷ്യനായി പിറന്ന് നമ്മിൽ ഒരുവനായി ജീവിച്ച്, രക്ഷയുടെ മാർഗ്ഗം നമുക്കു കാണിച്ചുതന്ന മിശിഹായെ നമുക്കു വാഴ്ത്താം. എല്ലാം വിശുദ്ധീകരിച്ച് അനുദിനം നന്മയുടെ വഴിയിലൂടെ നമ്മെ നയിക്കുന്ന പരിശുദ്ധാത്മാവിനെ നമുക്കു മഹത്ത്വപ്പെടുത്താം. കടന്നുപോയ വർഷം ദൈവം നമുക്കു നല്കിയ അനവധിയായ നന്മകൾക്ക് നന്ദി പറയുവിൻ. മിശിഹായുടെ തിരുശരീരരക്തങ്ങൾ സ്വീകരിച്ച നിങ്ങളെ അവിടുന്ന് സ്വർഗ്ഗീയവിരുന്നിൽ പങ്കുകാരാക്കട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

സമൂഹം: ആമ്മേൻ.

വർഷാരംഭ പ്രാർത്ഥന

(സ്തുതി, വിധേയത്വം, അനുസരണം)

പ്രാരംഭ ഗാനം

പുതിയൊരു വർഷം പുലരുന്നു, / പുതുമയിലാശകളുണരുന്നു
കർത്താവേ, നിൻ തനയരിതാ / നിൻ തിരുസന്നിധിയണയുന്നു.

ആയിരമായിര മക്ഷികളീ- / പ്പുതിയദിനത്തിൽ പൂങ്കിരണം
കാണാതൊട്ടു നിരാശതയിൽ / മങ്ങിയടഞ്ഞു മറഞ്ഞല്ലോ.

പുതുവർഷത്തിൻ പാതകളിൽ / പാപികൾ ഞങ്ങളിറങ്ങുന്നു
വിനകളിൽ വീഴാതഖിലേശാ / കൈകൾ പിടിച്ചു നടത്തണമേ.

കരളിൽ നിരാശ നിറയ്ക്കരുതേ / കൃപയുടെ വാതിലടയ്ക്കരുതേ
കാക്കും കൈകൾ വലിക്കരുതേ / കരുണ വെടിഞ്ഞു വിധിക്കരുതേ.

കണ്ണുകൾ നിന്നിലുറപ്പിച്ചെൻ / ദിനകൃത്യങ്ങൾ തുടങ്ങുന്നേൻ
വീഴാതെന്നെ നയിക്കണമേ / വിജയാനുഗ്രഹമേകണമേ.

നാഥാ നിൻ സുവിശേഷത്തിൻ / പാരമിടുങ്ങിയ പാതകളിൽ
സിദ്ധന്മാരുടെ കാല്പാടിൽ / തെറ്റാതെന്നെ നയിക്കണമേ.

ദൈവപിതാവിൻ സൗഹൃദവും / സുതനുടെ കൃപയുമനുഗ്രഹവും
ദൈവാത്മാവിൻ പ്രീതിയുമെൻ / വഴിയിൽ വിശുദ്ധി വിരിക്കട്ടെ.

സ്നേഹത്തിന്റെ കല്പന *(ഗാനം)*

കാർമ്മി:
അന്നാ പെസഹാത്തിരുനാളിൽ / കർത്താവരുളിയ കല്പനപോൽ
തിരുനാമത്തിൽച്ചേർന്നീടാം / ഒരുമയോടീ ബലിയർപ്പിക്കാം.

സമൂഹം: അനുരഞ്ജിതരായ് തീർന്നീടാം / നവമൊരു പീഠമൊരുക്കീടാം
ഗുരുവിൻ സ്നേഹമൊടീയാഗം / തിരുമുമ്പാകെയണച്ചീടാം.

കാർമ്മി: അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

സമൂഹം: ആമ്മേൻ.

കാർമ്മി: ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും.

സമൂഹം: ആമ്മേൻ.

(പകരം ഗാനം)

കാർമ്മി: അത്യുന്നതമാം സ്വർല്ലോകത്തിൽ, സർവ്വേശനു സ്തുതിഗീതം.*(3)*

സമൂഹം: ഭൂമിയിലെങ്ങും മർത്യനു ശാന്തി, പ്രത്യാശയുമെന്നേക്കും. (3)

കാർമ്മി: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ***(സമൂഹവും ചേർന്ന്)*** അങ്ങയുടെ നാമം പൂജിതമാകണമെ / അങ്ങയുടെ രാജ്യം വരണമെ / അങ്ങയുടെ തിരുമനസ്സു സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമെ. ഞങ്ങൾക്കു ആവശ്യകമായ ആഹാരം / ഇന്നു ഞങ്ങൾക്കു തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ, ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതെ. ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമെ. എന്തുകൊണ്ടെന്നാൽ /രാജ്യവും ശക്തിയും മഹത്വവും എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ / അങ്ങയുടെ മഹത്വത്താൽ സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു / മാലാഖമാരും മനുഷ്യരും അങ്ങു പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്ന് ഉൽഘോഷിക്കുന്നു.

പകരം ഗാനം

കാർമ്മി: സ്വർഗ്ഗസ്ഥിതനാം താതാ നിൻ, നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ, പരിശുദ്ധൻ നീ പരിശുദ്ധൻ.

സമൂഹം: *(രണ്ടു ഗണമായി തുടരുന്നു).*

സ്വർഗ്ഗസ്ഥിതനാം താതാനിൻ, സ്തുതിതൻനിസ്തുല-മഹിമാവാൽ
ഭൂസ്വർഗ്ഗങ്ങൾ നിറഞ്ഞു സദാ, പാവനമായി വിളങ്ങുന്നു.

വാനവമാനവവൃന്ദങ്ങൾ, ഉദ്ഘോഷിപ്പൂ സാമോദം
പരിശുദ്ധൻ നീ എന്നെന്നും, പരിശുദ്ധൻ നീ പരിശുദ്ധൻ.

സ്വർഗ്ഗസ്ഥിതനാം താതാ നിൻ, നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ, നിൻ ഹിതമിവിടെ ഭവിക്കണമെ.

സ്വർഗ്ഗത്തെന്നതുപോലുലകിൽ, നിൻ ചിത്തം നിറവേറണമേ
ആവശ്യകമാ മാഹാരം, ഞങ്ങൾക്കിന്നരുളീടണമേ.

ഞങ്ങൾ കടങ്ങൾ പൊറുത്തതുപോൽ, ഞങ്ങൾക്കുള്ള കടം സകലം
പാപത്തിൻ കട ബാദ്ധ്യതയും, അങ്ങു കനിഞ്ഞു പൊറുക്കണമേ.

ഞങ്ങൾ പരീക്ഷയിലൊരുനാളും, ഉൾപ്പെടുവാനിടയാകരുതേ
ദുഷ്ടാത്രുപിയിൽ നിന്നെന്നും, ഞങ്ങളെ രക്ഷിച്ചരുളണമേ.

എന്തെന്നാലെന്നാളേക്കും, രാജ്യം ശക്തിമഹത്വങ്ങൾ
താവകമല്ലോ കർത്താവേ, ആമ്മേനാമ്മേനെന്നേക്കും.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ.

കാർമ്മി: സ്രഷ്ടാവായ ദൈവമേ, ഈ വർഷാരംഭത്തിൽ ഞങ്ങൾ അങ്ങയെ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. ഈ പുതുവർഷത്തെ അങ്ങയുടെ പരിപാലനത്തിന് ഞങ്ങൾ സമർപ്പിക്കുന്നു. സന്തോഷത്തോടും പ്രത്യാശയോടുംകൂടി ഞങ്ങൾ ആരംഭിക്കുന്ന ഈ വർഷം ഞങ്ങൾക്ക് അനുഗ്രഹപ്രദമായിത്തീരട്ടെ. അങ്ങയുടെ പ്രിയപുത്രന്റെ രണ്ടാമത്തെ ആഗമനംവരെ സഭയിൽ അർപ്പിക്കപ്പെടുന്ന ഈ ബലി വിശ്വാസത്തോടും തീക്ഷണതയോടുംകൂടി അർപ്പിക്കുവാൻ ബലഹീനരായ ഞങ്ങളെ യോഗ്യരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂഹം: ആമ്മേൻ.

സങ്കീർത്തനം

കാർമ്മി: ഭൂവാസികളെ കർത്താവിനെ സ്തുതിക്കുവിൻ.
സന്തോഷപൂർവ്വം അവിടുത്തെ പൂജിക്കുവിൻ.

(രണ്ടു ഗണമായി തുടരുന്നു).

ഭൂവാസികളെ കർത്താവിനെ സ്തുതിക്കുവിൻ.
സന്തോഷപൂർവ്വം അവിടുത്തെ പൂജിക്കുവിൻ.

കീർത്തനങ്ങൾ പാടിക്കൊണ്ട് / നമ്മുടെ കർത്താവും ദൈവവുമായ
അവിടുത്തെ തിരുമുമ്പിൽ പ്രവേശിക്കുവിൻ.

അവിടുന്നു നമ്മുടെ സ്രഷ്ടാവാകുന്നു. / നാം അവിടുത്തെ ജനങ്ങളുമാകുന്നു

സ്തോത്രങ്ങൾ പാടിക്കൊണ്ട് / അവിടുത്തെ പടിവാതിലുകൾ കടക്കുവിൻ.

കീർത്തനങ്ങൾ ആലപിച്ചുകൊണ്ട്
അങ്കണത്തിലേക്കു പ്രവേശിക്കുവിൻ.

നന്ദി നിറഞ്ഞ ഹൃദയത്തോടെ / അവിടുത്തെ നാമം പ്രകീർത്തിക്കുവിൻ.

കർത്താവു നല്ലവനും കാരുണ്യവാനുമാകുന്നു.
അവിടുത്തെ വിശ്വസ്തത എന്നും നിലനില്ക്കും.

കർത്താവിന്റെ വിശുദ്ധ ഭവനത്തിൽ / അവിടുത്തെ സ്തുതിക്കുവിൻ.

പ്രതാപം നിറഞ്ഞ ആകാശത്തിൽ / അവിടുത്തെ പ്രകീർത്തിക്കുവിൻ.

കർത്താവിന്റെ അത്ഭുതകൃത്യങ്ങളെക്കുറിച്ച് / അവിടുത്തെ സ്തുതിക്കുവിൻ.

കാഹളമൂതിക്കൊണ്ട് / കർത്താവിനെ സ്തുതിക്കുവിൻ.

വീണകളാലും കിന്നരങ്ങളാലും / കർത്താവിനെ സ്തുതിക്കുവിൻ.

തപ്പുകളാലും മദ്ദളങ്ങളാലും / കർത്താവിനെ സ്തുതിക്കുവിൻ.

ആരവംകൊണ്ടും ആർപ്പുവിളികൊണ്ടും / കർത്താവിനെ സ്തുതിക്കുവിൻ.

സർവ്വ ജീവജാലങ്ങളും / കർത്താവിനെ സ്തുതിക്കട്ടെ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ആദിമുതൽ എന്നേക്കും ആമ്മേൻ.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

(ദൈവമാണു നമ്മുടെ ആശ്രയമെന്ന് ഏറ്റുപറയുന്നു).

കാർമ്മി: ആകാശപ്പറവകളെ പോറ്റുകയും വയലിലെ പുഷ്പങ്ങളെ അലങ്കരിക്കുകയും ചെയ്യുന്ന കാരുണ്യവാനും സ്നേഹസമ്പന്നനുമായ ദൈവമേ, പുതിയ വർഷത്തിന്റെ ആരംഭത്തിൽ ഞങ്ങളുടെ ആത്മാവിനെയും ശരീരത്തേയും ഞങ്ങൾ അങ്ങേയ്ക്കു സമർപ്പിക്കുന്നു. ജീവിതത്തിന്റെ എല്ലാ ദിവസവും അങ്ങു ഞങ്ങളുടെ ആശ്രയമായിരിക്കണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം: ആമ്മേൻ.

കാർമ്മി: ദൈവമേ ഞാൻ അങ്ങയെ ആശ്രയിക്കുന്നു.
അങ്ങുന്നു എന്നെ രക്ഷിക്കണമേ.

(രണ്ടു ഗണമായി തുടരുന്നു).

ദൈവമേ ഞാൻ അങ്ങയെ ആശ്രയിക്കുന്നു.
അങ്ങുന്നു എന്നെ രക്ഷിക്കണമേ.

എന്റെ നാഥൻ അങ്ങുതന്നെയാകുന്നുവെന്ന്
കർത്താവിനോടു ഞാൻ ഏറ്റു പറഞ്ഞു.

അങ്ങയെ കൂടാതെ / എനിക്ക് ഐശ്വര്യമുണ്ടാകുകയില്ല..

എന്റെ അവകാശവും പാനപാത്രവും / കർത്താവാകുന്നു.

എന്റെ അവകാശം തിരിച്ചു തരുന്നതും / അവിടുന്നു തന്നെയാകുന്നു.

കർത്താവ് എപ്പോഴും എന്റെ മുമ്പിൽ നില്ക്കുന്നു.
അവിടുന്നു എന്റെ വലത്തുഭാഗത്തുള്ളപ്പോൾ
ഞാൻ ഒട്ടും ഭയപ്പെടുകയില്ല.

കർത്താവിനെ ആശ്രയിക്കുന്നവർ / ഒരു കാലത്തും പേടിക്കുകയില്ല.

സെഹിയോൻ പർവ്വതം പോലെ / അവർ ഉറച്ചു നില്ക്കും.

മലകൾ ഓറശ്ലത്തെ എന്നപോലെ
കർത്താവു തന്റെ ജനത്തെ വലയം ചെയ്തു രക്ഷിക്കുന്നു.

അത്യുന്നതന്റെ സംരക്ഷണമുള്ളവനും
ദൈവത്തിന്റെ തണലിൽ ജീവിക്കുന്നവനും ഭാഗ്യവാനാകുന്നു.

എന്റെ ആശ്രയവും സങ്കേതവും അങ്ങുന്നാകുന്നുവെന്ന്
കർത്താവിനോടു പറയുക.

ദുഷ്ടന്മാരുടെ കെണിയിൽ നിന്നും
വ്യർത്ഥമായ സംഭാഷണത്തിൽ നിന്നും / അവിടുന്നു നിന്നെ രക്ഷിക്കും.

തന്റെ തൂവലുകൾകൊണ്ട് / അവിടുന്നു നിന്നെ മറച്ചുകൊള്ളും.

തന്റെ ചിറകുകളുടെ കീഴിൽ / അവിടുന്നു നിന്നെ കാത്തുകൊള്ളും.

നിന്റെ സങ്കേതം കർത്താവാകുന്നു.
അത്യുന്നതൻ നിന്റെ കോട്ടയാകുന്നു.

നിനക്കു യാതൊരു തിന്മയും വരികയില്ല.
ബാധകൾ നിന്റെ കൂടാരത്തെ ഉപദ്രവിക്കയില്ല.

വഴികളിൽ നിന്നെ സംരക്ഷിക്കുവാൻ
അവിടുന്നു മാലാഖമാരോടു കല്പിക്കും.

നിന്റെ പാദം കല്ലിന്മേൽ തട്ടാതെ
കരങ്ങളിൽ നിന്നെ അവർ വഹിച്ചുകൊള്ളും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
ആദിമുതൽ എന്നേക്കും ആമ്മേൻ.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

(ദൈവപ്രമാണങ്ങളനുസരിച്ചു ജീവിക്കുവാനുള്ള അനുഗ്രഹം പ്രാർത്ഥിക്കുന്നു).

കാർമ്മി: അക്ഷയമായ മഹത്വത്തിന്റെ ആസ്ഥാനമായ ദൈവമേ, അങ്ങു ഞങ്ങൾക്കു നല്കിയിരിക്കുന്ന ഈ പുതുവത്സരത്തിൽ അങ്ങയുടെ പ്രമാണങ്ങൾ പാലിച്ചുകൊണ്ട് വിചാരത്തിലും വചനത്തിലും പ്രവൃത്തിയിലും വിശുദ്ധരായി ജീവിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെ. സത്യമായ ജീവൻ കൈവശമാക്കുവാൻ വേണ്ടി സൽപ്രവർത്തികൾ ചെയ്യുവാനും സൽക്കർമ്മങ്ങളിൽ സമ്പന്നരാകുവാനും ഞങ്ങളെ സഹായിക്കണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം: ആമ്മേൻ.

കാർമ്മി: ജീവനോടെയിരുന്ന് / അങ്ങേ കല്പന അനുസരിക്കുവാൻ
അങ്ങേ ദാസനെ അനുഗ്രഹിക്കണമെ.

(രണ്ടു ഗണമായി തുടരുന്നു).

ജീവനോടെയിരുന്ന് / അങ്ങേ കല്പന അനുസരിക്കുവാൻ
അങ്ങേ ദാസനെ അനുഗ്രഹിക്കണമെ.

അങ്ങേ പ്രമാണത്തിന്റെ വൈശിഷ്ട്യം കാണുവാൻ
എന്റെ കണ്ണുകൾ തുറക്കണമെ.

ഭൂമിയിൽ ഞാൻ ഒരു യാത്രക്കാരനാകുന്നു.
അങ്ങേ കല്പന എന്നിൽ നിന്നു മറച്ചുവെയ്ക്കരുതേ.

അങ്ങേ പ്രമാണങ്ങളെയെല്ലാം / ഞാൻ അത്യധികം സ്നേഹിച്ചു.

അങ്ങേ നിയമങ്ങൾ എനിക്കു മധുരമാകുന്നു.
അവ എന്റെ ഉപദേഷ്ടാക്കളുമാകുന്നു.

അങ്ങേ പ്രമാണങ്ങൾ അനുസരിക്കുവാൻ
എന്റെ മാർഗ്ഗങ്ങൾ ക്രമപ്പെടുത്തണമേ.

അങ്ങേ കല്പന പ്രകാരം ജീവിച്ചാൽ
ഞാൻ ഒരിക്കലും നിരാശനാവുകയില്ല.

കർത്താവേ അങ്ങു വാഴ്ത്തപ്പെട്ടവനാകുന്നു.
അങ്ങേ കല്പനകൾ എന്നെ പഠിപ്പിക്കണമെ.

അങ്ങേ നീതിവിധികളെല്ലാം / ഞാൻ ഉരുവിട്ടുകൊണ്ടിരിക്കുന്നു.

സർവ്വസമ്പത്തിലുമുപരിയായി / അങ്ങേ നിയമത്തെ ഞാൻ സ്നേഹിച്ചു.

അങ്ങേ കല്പനകളെപ്പറ്റി ധ്യാനിക്കുകയും
അങ്ങേ മാർഗ്ഗങ്ങളെപ്പറ്റി ചിന്തിക്കുകയും ചെയ്തു.

അങ്ങേ പ്രമാണങ്ങളിൽ ഞാൻ ആനന്ദിക്കും.
അങ്ങേ വാക്കുകൾ ഞാൻ വിസ്മരിക്കുകയില്ല.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ആദിമുതൽ എന്നേക്കും ആമ്മേൻ.

ശുശ്രൂഷി: പ്രാർത്ഥിക്കാം നമുക്കു സമാധാനം.

(പുതിയ വർഷം കാണുവാനിടയായതിനെക്കുറിച്ചു ദൈവത്തെ സ്തുതിക്കുവാൻ സൃഷ്ടികളെയെല്ലാം ക്ഷണിക്കുന്നു).

കാർമ്മി: ഞങ്ങളുടെ കർത്താവായ ദൈവമേ അനന്തവും അഗ്രാഹ്യവുമായ അങ്ങേ കാരുണ്യത്തെയോർത്തു സൃഷ്ടികളെല്ലാം അങ്ങയെ സ്തുതിക്കുവാനും ആരാധിക്കുവാനും കടപ്പെട്ടിരിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവു മായ സർവ്വേശ്വരാ.

സമൂഹം: ആമ്മേൻ.

ഗാനം

അവനീപതിയാ മഖിലേശ്വരനെ / വാഴ്ത്തിപ്പാടുവിനാദരവോടെ.
അവനീപതിയാ .....

നീലാകാശം തിങ്ങിപ്പുലരും / നീർത്തുള്ളികളേ ദൂതന്മാരെ.
അവനീപതിയാ .....

കർത്താവിൻ തിരുസൈന്യകനിരയും / സൂര്യൻ ചന്ദ്രൻ താരാഗണവും.
അവനീപതിയാ .....

കാറ്റേ കടലേ കാട്ടാറുകളെ / കനലേ കരയിൽ പൊരിയും വെയിലെ.
അവനീപതിയാ.....

കാടും മേടും മേഘാവലിയും, / തോടും പുഴയും പുൽത്തോപ്പുകളും.
അവനീപതിയാ .....

കനകം പൊഴിയും പുലരിയുമഴകിൻ / കതിരൊളി ചിന്നും സായന്തനവും.
അവനീപതിയാ .....

തളിരും മലരും മലർവാടികളും / മലയും മധുവും മാങ്കാവുകളും.
അവനീപതിയാ .....

മിന്നൽപിണരും പർവ്വതനിരയും / പാട്ടുകൾ പാടും പറവയുമെല്ലാം.
അവനീപതിയാ .....

തിരമാലകളെ ജലജീവികളെ / പുഞ്ചിരിതൂകും പൂഞ്ചോലകളെ.
അവനീപതിയാ .....

മഴയും മഞ്ഞും മാമലനിരയും / മലരുകൾ തിങ്ങും മഞ്ഞണിവയലും.
അവനീപതിയാ .....

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമ്മി: ഞങ്ങളോടുകൂടെ വസിക്കുവാൻ ആശ്വാസപ്രദനെ അയച്ചതരുമെന്നു വാഗ്ദാനം ചെയ്ത കർത്താവേ, പുതുവത്സരത്തിന്റെ വഴികളിൽ അപകടം കൂടാതെ ഞങ്ങളെ നയിക്കുവാനും, അങ്ങയുടെ പ്രമാണങ്ങൾ യഥാകാലം ഞങ്ങളെ അനുസ്മരിപ്പിക്കുവാനും, ഞങ്ങളുടെ കർത്തവ്യങ്ങളുടെ ഗൗരവം ഞങ്ങളെ ഗ്രഹിപ്പിക്കുവാനുമായി, അങ്ങയുടെ പരിശുദ്ധാത്മാവിനെ ഞങ്ങൾക്കു പ്രദാനം ചെയ്യണമെ. സകലത്തിന്റെയും നാഥാ എന്നേയ്ക്കും.

സമൂഹം: ആമ്മേൻ.

ഗാനം

പരിശുദ്ധാത്മാവേ നീയെഴുന്നള്ളി / വരണമെ എന്റെ ഹൃദയത്തിൽ
ദിവ്യദാനങ്ങൾ ചിന്തിയെന്നുള്ളിൽ / ദൈവസ്നേഹം നിറയ്ക്കണേ.

സ്വർഗ്ഗ വാതിൽ തുറന്നു ഭൂമിയിൽ / നിർഗ്ഗളിക്കും പ്രകാശമേ
അന്ധകാരവിരിപ്പു മാറ്റിടും / ചന്തമേറുന്ന ദീപമേ
കേഴുമാത്മാവിലാശ വീശുന്ന / മോഹന ദിവ്യ ഗാനമേ.
പരിശുദ്ധാത്മാവേ ....

വിണ്ടുണങ്ങി വരണ്ടമാനസം / കണ്ടവിണ്ണിൻ തടാകമേ
മന്ദമായ് വന്നു വീശിയാനന്ദം / തന്ന പൊന്നിളം തെന്നലേ
രക്തസാക്ഷികളാഞ്ഞു പുല്കിയ / പുണ്യ ജീവിതപാത നീ
പരിശുദ്ധാത്മാവേ ....

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

(കാർമ്മികൻ ധൂപം ആശീർവ്വദിക്കുന്നു.)

കാർമി: ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങു നല്കിയിട്ടുള്ളതും എന്നാൽ കൃതജ്ഞത പ്രകാശിപ്പിക്കാൻ ഞങ്ങൾക്കു കഴിയാത്തതുമായ എല്ലാ സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കുമായി സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞു മുടിച്ചൂടി നില്ക്കുന്ന സഭയിൽ ഞങ്ങൾ അങ്ങയെ നിരന്തരം സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യട്ടെ. അങ്ങു സകലത്തിന്റെയും നാഥനും സ്രഷ്ടാവുമാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

*(മദ്ബഹയുടെ **വിരിനീക്കുന്നു**. ശുശ്രൂഷി മദ്ബഹയിൽ പ്രവേശിച്ചു **ധൂപിക്കുന്നു**. എല്ലാവരും അൾത്താരയിലേക്കു തിരിഞ്ഞു ശിരസു നമിക്കുന്നു.)*

ഗാനം

സർവാധിപനാം കർത്താവേ / നിന്നെ വണങ്ങി നമിക്കുന്നു
ഈശോനാഥാ വിനയമൊടെ / നിന്നെ നമിച്ചു പുകഴ്ത്തുന്നു.

മർത്യനു നിത്യമഹോന്നതമാ- / മുത്ഥാനം നീയരുളുന്നു
അക്ഷയമവനുടെ ആത്മാവി- / നുത്തമരക്ഷയുമേകുന്നു.

ശുശ്രൂഷി: നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

(കാർമികൻ ജനങ്ങൾക്കുനേരേ തിരിയുന്നു.)

കാർമി: എന്റെ കർത്താവേ, നീ സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും ആത്മാക്കളെ രക്ഷിക്കുന്നവനും ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. ഞങ്ങൾ എപ്പോഴും നിനക്കു സ്തുതിയും കൃതജ്ഞതയും ആരാധനയും സമർപ്പിക്കാൻ കടപ്പെട്ടവരാകുന്നു. സകലത്തിന്റെയും നാഥാ എന്നേക്കും.

സമൂഹം: ആമ്മേൻ.

ത്രൈശുദ്ധ കീർത്തനം

ശബ്ദമുയർത്തിപ്പാടിടുവിൻ / സർവരുമൊന്നായ് പാടിടുവിൻ
എന്നെന്നും ജീവിക്കും / സർവേശ്വരനെ വാഴ്ത്തിടുവിൻ.

പരിപാവനനാം സർവേശാ / പരിപാവനനാം ബലവാനേ
പരിപാവനനാം അമർത്യനേ / നിൻകൃപ ഞങ്ങൾക്കേകണമേ.

ശുശ്രൂഷി: നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമി: വിശുദ്ധരിൽ സംപ്രീതനായി വസിക്കുന്ന പരിശുദ്ധനും സ്തുത്യർഹനും ബലവാനും അമർത്യനുമായ കർത്താവേ, അങ്ങയുടെ സ്വഭാവത്തിനൊത്തവിധം എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും ഞങ്ങളോടു കരുണകാണിക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

വചനശുശ്രൂഷ

(ഈശോയുടെ പരസ്യജീവിത സ്മരണ)

പഴയനിയമ വായന

ശുശ്രൂഷി: സഹോദരരേ നിങ്ങൾ ഇരുന്നു ശ്രദ്ധയോടെ കേൾക്കുവിൻ.

വായിക്കുന്നയാൾ: പുറപ്പാടിന്റെ പുസ്തകത്തിൽനിന്നുള്ള വായന. ***(23:14-17)***

(കാർമികനുനേരേ തിരിഞ്ഞ്) ഗുരോ ആശീർവദിക്കണമേ.

കാർമി: ദൈവം നിന്നെ + അനുഗ്രഹിക്കട്ടെ.

സമൂഹം: *(വായന തീരുമ്പോൾ)* ദൈവമായ കർത്താവിനു സ്തുതി.

പഴയനിയമവായന രണ്ടുണ്ടെങ്കിൽ - ഏശയ്യാ 52:7-12

പഴയനിയമ വായനകൾക്കുശേഷം

ശുശ്രൂഷി: പ്രകീർത്തനം ആലപിക്കാനായി നിങ്ങൾ എഴുന്നേല്ക്കുവിൻ.

പ്രകീർത്തനം

(രീതി: അംബരമനവരതം ...)

കാർമി: സർവചരാചരവും, ദൈവമഹത്വത്തെ, വാഴ്ത്തിപ്പാടുന്നു.

സ്വർഗനിവാസികൾ സാമോദം / കർത്താവിൻ സ്തുതി പാടട്ടെ
ഉദ്ഘോഷിക്കുക ദൈവത്തിൻ / ശക്തിയുമതുപോൽ മഹിമകളും
തിരുജനനം, വാഴ്ത്താം സാമോദം.

സമൂഹം: തൻമഹിമാവല്ലോ, വാനവിതാനങ്ങൾ, ഉദ്ഘോഷിക്കുന്നു.

സ്വർഗനിവാസികൾ സാമോദം ...

കാർമി: ജനതകളവിടുത്തെ, മഹിമകൾ പാടുന്നു, താണുവണങ്ങുന്നു.

സമൂഹം: സ്വർഗനിവാസികൾ സാമോദം ...

കാർമി: നിത്യപിതാവിനും സുതനും റൂഹായ്ക്കും സ്തുതിയുണ്ടാകട്ടെ.

സമൂഹം: സ്വർഗനിവാസികൾ സാമോദം ...

കാർമി: ആദിയിലെപ്പോലെ ഇപ്പോഴുമെപ്പോഴും എന്നേക്കും ആമ്മേൻ.

സമൂഹം: സ്വർഗനിവാസികൾ സാമോദം ...

ശുശ്രൂഷി: നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമി: സർവജ്ഞനായ ഭരണകർത്താവും തന്റെ ഭവനത്തിൽ വസിക്കുന്നവരുടെ വിസ്മയനീയനായ പരിപാലകനും സകല നന്മകളുടേയും സൗഭാഗ്യങ്ങളുടേയും ഉറവിടവുമായ ദൈവമേ അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. അങ്ങയുടെ സ്വഭാവത്തിനൊത്തവിധം എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും ഞങ്ങളോടു കരുണ കാണിക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

ലേഖനം

വായിക്കുന്ന ആൾ: സഹോദരരേ, വിശുദ്ധ പൗലോസ് ശ്ലീഹാ എഫേസോസുകാർക്ക് എഴുതിയ ലേഖനം. (4:17-24)

(കാർമികനുനേരേ തിരിഞ്ഞ്) ഗുരോ ആശീർവദിക്കണമേ.

കാർമി: മിശിഹാ + നിന്നെ അനുഗ്രഹിക്കട്ടെ.

(ഒരു ശുശ്രൂഷി കത്തിച്ച തിരിയുമായി സമീപത്തു നില്ക്കുന്നു).

സമൂഹം: *(വായന തീരുമ്പോൾ)* നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

ഹാലേലൂയാ ഗീതം

ഹാലേലൂയാ പാടാമൊന്നായ് / ഹാലേലൂയാ ഹാലേലൂയാ.
കർത്താവന്നു മൊഴിഞ്ഞു, നീയെൻ / പുത്രൻ, നിന്നെ ജനിപ്പിച്ചു ഞാൻ.
അതിനാലെന്തും ചോദിക്കുക നീ / അവയെല്ലാം ഞാനരുളും വേഗം.
ജനനിരയെല്ലാം നിന്നവകാശം / ഭൂവിന്നതിരുകൾ നിൻ കരതാരിൽ.

താതനുമതുപോൽ സുതനും / പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ
ആദിമുതൽക്കേയിന്നും നിത്യവു- / മായി ഭവിച്ചീടട്ടെ ആമ്മേൻ.
ഹാലേലൂയാ പാടാമൊന്നായ് / ഹാലേലൂയാ ഹാലേലൂയാ.

(കാർമികൻ പ്രദക്ഷിണമായി വചനവേദിയിലേക്കു പോകുമ്പോൾ കത്തിച്ച തിരികളുമായി രണ്ടു ശുശ്രൂഷികൾ ഇരുവശത്തും നിൽക്കുന്നു. സഹായി മുമ്പിൽ ധൂപാർച്ചന നടത്തുന്നു. കാർമികൻ താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു).

കാർമി: കർത്താവായ മിശിഹായേ, നിന്റെ നിയമത്തിൽ ഞങ്ങളെ ജ്ഞാനികളാക്കണമേ. നിന്റെ ജ്ഞാനത്താൽ ഞങ്ങളുടെ മനസിനെ ജ്വലിപ്പിക്കണമേ. നിന്റെ സത്യത്താൽ ഞങ്ങളുടെ ആത്മാക്കളെ വിശുദ്ധീകരിക്കണമേ. അങ്ങനെ ഞങ്ങൾ എപ്പോഴും നിന്റെ വചനങ്ങൾ പാലിക്കുന്നവരും കല്പനകൾ അനുസരിക്കുന്നവരുമാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും. ആമ്മേൻ.

ശുശ്രൂഷി: നമുക്കു ശ്രദ്ധാപൂർവംനിന്നു പരിശുദ്ധ സുവിശേഷം ശ്രവിക്കാം.

കാർമി: സമാധാനം + നിങ്ങളോടുകൂടെ.

സമൂഹം: അങ്ങയോടും അങ്ങയുടെ ആത്മാവോടുംകൂടെ.

കാർമി: വിശുദ്ധ മത്തായി അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം. (6:25-34)

സമൂഹം: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

(വായന തീരുമ്പോൾ)

സമൂഹം: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

(പ്രസംഗമുണ്ടെങ്കിൽ എല്ലാവരും ഇരിക്കുന്നു.
കാറോസൂസായുടെ സമയത്ത് എല്ലാവരും നില്ക്കുന്നു).

കാറോസൂസാ

ശുശ്രൂഷി: നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടുംകൂടി നിന്ന് "കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ" എന്നു പ്രാർത്ഥിക്കാം.

സമൂഹം: കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

ശുശ്രൂഷി: "ഇവൻ എന്റെ പ്രിയപുത്രനാകുന്നു" എന്നു പിതാവിൽനിന്നു സാക്ഷ്യം ലഭിച്ച മിശിഹായേ, കർത്താവും ദൈവവുമായി നിന്നെ ഏറ്റുപറയുവാൻ സഭയെ അനുഗ്രഹിക്കണമെന്ന് നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: മനുഷ്യാവതാരംവഴി ഞങ്ങളുടെ നിത്യപുരോഹിതനായ മിശിഹായെ / ഞങ്ങളുടെ പരിശുദ്ധ പിതാവു മാർ ... *(പേര്)* പാപ്പായെയും / ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച്ബിഷപ്പ് മാർ ... *(പേര്)* മെത്രാപ്പോലീത്തയെയും / ഞങ്ങളുടെ പിതാവും മേലധ്യക്ഷനുമായ മാർ ... *(പേര്)* മെത്രാനെയും / ... മെത്രാപ്പോലീത്തയെയും ... മെത്രാനെയും / മറ്റെല്ലാ മെത്രാന്മാരെയും / ആത്മീയനന്മകൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

ശുശ്രൂഷി: ഞങ്ങൾ ഇന്ന് ആരംഭിക്കുന്ന വർഷം ലോകമെങ്ങുമുള്ള അങ്ങയുടെ മക്കൾക്ക് ഐശ്വര്യത്തിന്റെയും സമാധാനത്തിന്റെയും പ്രത്യാശയുടെയും സംവത്സരമാക്കിത്തീർക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: കാലത്തിന്റെ അടയാളങ്ങളിലൂടെ വെളിപ്പെടുന്ന അങ്ങയുടെ തിരുഹിതം വിവേചിച്ചറിഞ്ഞ് അങ്ങയുടെ രാജ്യം തങ്ങളിലും മറ്റുള്ളവരിലും യാഥാർത്ഥ്യമാക്കാനുള്ള കൃപാവരം നല്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: പ്രപഞ്ചത്തിന്റെ സൂക്ഷിപ്പുകാരാണ് എന്ന ബോധ്യത്തോടെ ലോകത്തെയും ലോകവസ്തുക്കളെയും വീക്ഷിക്കുന്നതിനും അവയെ ശരിയായി ഉപയോഗിക്കുന്നതിനുമുള്ള വരം ഞങ്ങൾക്കു നല്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: തിരുസഭയെ സ്ഥാപിച്ചു പരിപാലിക്കുന്ന ദൈവമേ / ഞങ്ങളെ ദൈവരാജ്യത്തിന്റെ പൂർണതയിലേക്കു നയിക്കാൻ / അങ്ങുനിയോഗിച്ചിരിക്കുന്ന വൈദികരെയും സന്യസ്തരെയും / സഭാപരമായി ഞങ്ങളെ നയിക്കാൻവേണ്ട / കൃപയും സംരക്ഷണവും നല്കി അനുഗ്രഹിക്കണമെന്നും / ഞങ്ങളുടെ കുടുംബങ്ങളിൽനിന്നു ദൈവവിളികൾ നല്കണമെന്നും ഞങ്ങൾ പ്രാർഥിക്കുന്നു.

ശുശ്രൂഷി: നമ്മുടെ വ്യക്തിപരമായ നിയോഗങ്ങൾ / മൗനമായി ദൈവസന്നിധിയിൽ നമുക്കു സമർപ്പിക്കാം.

(അല്പസമയത്തെ മൗനപ്രാർഥനയ്ക്കുശേഷം)

ശുശ്രൂഷി: നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം

സമൂഹം: ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

കാർമ്മി : യുഗങ്ങളുടെ നാഥനായ ദൈവമേ, ഞങ്ങളെയും ലോകം മുഴുവനെയും അങ്ങേക്കു ഞങ്ങൾ കാഴ്ചയർപ്പിക്കുന്നു. ചോദിക്കുന്നതിനുമുമ്പു തന്നെ ഞങ്ങളുടെ ആവശ്യങ്ങൾ അറിയുന്ന അങ്ങ് ഈ സമൂഹത്തിന്റെയും ലോകം മുഴുവന്റെയുംമേൽ കരുണ കാണിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂഹം: ആമ്മേൻ.

കൈവയ്പു പ്രാർഥന

ശുശ്രൂഷി: കർത്താവേ ആശീർവദിക്കേണമേ / സഹോദരരേ, നിങ്ങൾ കൈവയ്പിനായി തലകുനിക്കുകയും / ആശീർവാദം സ്വീകരിക്കുകയും ചെയ്യുവിൻ.

(എല്ലാവരും തലകുനിച്ച് ആശീർവാദം സ്വീകരിക്കുന്നു.)

കാർമി: *(താഴ്ന്ന സ്വരത്തിൽ)* കർത്താവേ ശക്തനായ ദൈവമേ അങ്ങയുടെ അഭിഷിക്തൻ കഠിനമായ പീഡകളനുഭവിച്ചു വീണ്ടെടുത്ത അജഗണമായ പരിശുദ്ധ കത്തോലിക്കാസഭ അങ്ങയുടേതാകുന്നു. ദൈവസ്വഭാവത്തിൽ അങ്ങുമായി ഒന്നായിരിക്കുന്ന പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ യഥാർഥ പൗരോഹിത്യത്തിന്റെ പദവികൾ കൈവയ്പുവഴി നല്കപ്പെടുന്നു. വിശ്വാസികൾക്ക് ആത്മീയശുശ്രൂഷ ചെയ്യുന്നതിനു പരിശുദ്ധമായ സഭാശരീരത്തിലെ സവിശേഷാംഗങ്ങളാകാൻ നിസാരരും ബലഹീനരുമായ ഞങ്ങളെ അങ്ങു കാരുണ്യാതിരേകത്താൽ യോഗ്യരാക്കി. കർത്താവേ, അങ്ങയുടെ കൃപാവരം ഞങ്ങളിൽ നിറയ്ക്കുകയും അങ്ങയുടെ ദാനങ്ങൾ ഞങ്ങളുടെ കരങ്ങൾവഴി വർഷിക്കുകയും ചെയ്യണമേ. അങ്ങയുടെ കാരുണ്യവും അനുഗ്രഹവും ഞങ്ങളുടെയും അങ്ങു തെരഞ്ഞെടുത്ത ഈ ജനത്തിന്റെയുംമേൽ ഉണ്ടാകുമാറാകട്ടെ.

കാർമി: *(ഉയർന്ന സ്വരത്തിൽ)* കരുണാനിധിയായ ദൈവമേ, ഞങ്ങളെല്ലാവരും ഒന്നുചേർന്ന് അങ്ങയെ ഞങ്ങളുമായി രമ്യതപ്പെടുത്തുന്ന നീതിയുടെ പ്രവൃത്തികളാൽ ജീവിതകാലം മുഴുവനും അങ്ങയെ യഥോചിതം പ്രീതിപ്പെടുത്താൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും നിരന്തരം സമർപ്പിക്കാൻ ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

ശുശ്രൂഷി: മാമ്മോദീസാ സ്വീകരിക്കുകയും, ജീവന്റെ അടയാളത്താൽ മുദ്രിതരാകുകയും ചെയ്തവർ / ഭക്തിയോടും ശ്രദ്ധയോടുംകൂടെ വിശുദ്ധ രഹസ്യങ്ങളിൽ പങ്കുകൊള്ളട്ടെ. നമുക്കു പ്രാർഥിക്കാം സമാധാനം നമ്മോടുകൂടെ.

(കുർബാനയുടെ ബാക്കി ഭാഗങ്ങൾക്ക് പേജ് 87 കാണുക)

സമാപന പ്രാർത്ഥനകൾ

കാർമി: കർത്താവായ ദൈവമേ, ലോകരക്ഷകനായി മിശിഹായെ ഞങ്ങൾക്കു നല്കിയ സ്നേഹാതിരേകത്തിനു ഞങ്ങൾ നന്ദിപറയുന്നു. ജ്ഞാനികൾ സമർപ്പിച്ച കാഴ്ചവസ്തുക്കൾപോലെ, ഞങ്ങളുടെ ബലിയും അങ്ങേക്കു സ്വീകാര്യമാകട്ടെ. മിശിഹായുടെ ശരീരരക്തങ്ങൾ സ്വീകരിച്ച്, അങ്ങേക്കു സാക്ഷികളാകാൻ ഞങ്ങളെ ശക്തരാക്കണമേ. അങ്ങയുടെ ദാനത്തിനു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും ഞങ്ങൾ സമർപ്പിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂഹം: ആമ്മേൻ, കർത്താവേ ആശീർവദിക്കണമേ.

കാർമി: പിതാവിന്റെ പ്രതിരൂപമായ മിശിഹായേ, നിന്നിൽ പിതാവിനെ കാണാനും അവിടുത്തെ രക്ഷാകരപദ്ധതിയിൽ പങ്കുചേരാനും, ഞങ്ങൾക്കിടവരുത്തിയതിനു നിനക്കു ഞങ്ങൾ നന്ദിപറയുന്നു. വിശുദ്ധ കുർബാനയിലൂടെ നിന്നെത്തന്നെ ഞങ്ങൾക്കു ഭക്ഷണ പാനീയങ്ങളായി നല്കിയതിനു ഞങ്ങൾ നിന്നെ വാഴ്ത്തുന്നു. രക്ഷയുടെ അച്ചാരമായ ഈ ദിവ്യരഹസ്യങ്ങൾ ഞങ്ങൾക്കു നിത്യസൗഭാഗ്യത്തിനു കാരണമാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂഹം: ആമ്മേൻ

സമാപനാശീർവ്വാദം

(രീതി: കർത്താവാം മിശിഹാ വഴിയായ്....)

സ്നേഹപിതാവാം ദൈവം തൻ / സാദൃശ്യത്തിൽ സൃഷ്ടിച്ച
മർത്യനെ, യതുപോൽ രക്ഷിച്ച / പുത്രനെ ബലിയായർപ്പിച്ചും.

മോചകനാകും രക്ഷകനെ / വാഴ്ത്തി നമിക്കാം വിനയമൊടെ
പുതുവർഷത്തിൽ തിരുനാമം / രക്ഷാകരമായ് ത്തീരട്ടെ.

സമൂഹം: ആമ്മേൻ.

പരിപാലനമിന്നേകട്ടെ / പരിചൊടു ദൈവം മർത്യർക്കായ്
പരിപാവനമീ യാഗത്തിൽ / നിര ചേർന്നവരാണല്ലോ നാം.

സ്വർഗപിതാവിൻ ഭവനത്തിൽ / സകലരുമൊരുപോൽ ത്രിത്വത്തെ
വാഴ്ത്തിടുവാനിടയാകട്ടെ + / ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

സമൂഹം: ആമ്മേൻ.

(അല്ലെങ്കിൽ)

കാർമ്മി : സ്വന്തം ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കുകയും, തന്റെ പുത്രനെ അയച്ച് അവനെ രക്ഷിക്കുകയും ചെയ്ത, പിതാവായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. എല്ലാവിധ ബന്ധനങ്ങളിലും നിന്ന് നമ്മെ മോചിക്കുന്ന ഈശോയുടെ തിരുനാമത്തിൽ ഉറച്ചു വിശ്വസിച്ചുകൊണ്ട് നമ്മൾ ആരംഭിക്കുന്ന ഈ വർഷം നമുക്കു രക്ഷാകരമായി ഭവിക്കട്ടെ. ഈ പുതുവർഷത്തിൽ ദൈവ പരിപാലനത്തിന്റെ വലംകൈ നമ്മെ സംരക്ഷിക്കുകയും എല്ലാവിധ അപകടങ്ങളിലും നിന്ന് കാത്തുരക്ഷിക്കുകയും ചെയ്യട്ടെ. ഈ തിരുക്കർമ്മങ്ങളിൽ പങ്കുചേർന്ന നിങ്ങളെല്ലാവരും സമയത്തിന്റെ പൂർണ്ണതയിൽ സ്വർഗ്ഗീയ പിതാവിന്റെ ഭവനത്തിൽ ഒന്നുചേർന്ന് പരിശുദ്ധ ത്രിത്വത്തെ അനവരതം സ്തുതിക്കുവാൻ ഇടയാകട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

സമൂഹം: ആമ്മേൻ.

സ്തോത്രഗാനം

ദൈവമേ! ഞങ്ങൾ അങ്ങേ വാഴ്ത്തുന്നു / അങ്ങേയ്ക്കായെന്നും സ്തോത്രങ്ങൾ
പാരിതിന്നധിനാഥനായങ്ങേ / ഞങ്ങളെന്നും സ്തുതിക്കുന്നു
നിത്യസൽ പിതാവാകുമങ്ങയെ / ആരാധിക്കുന്നു പാരാകെ
ആരാധിക്കുന്നു പാരാകെ.

ദൈവദൂതന്മാരേവരും പിന്നെ / സ്വർഗ്ഗവാസികൾ സർവരും
സ്വർഗ്ഗവും ക്രോവേ സ്രാപ്പേൽ വൃന്ദവും / സ്വർഗ്ഗസംഗീതം മീട്ടുന്നു
സൈന്യാധീശനായീടും ദൈവം / സംശുദ്ധൻ! സംശുദ്ധൻ! സംശുദ്ധൻ
നിത്യം സംശുദ്ധൻ! സംശുദ്ധൻ!

ഭൂവും വാനവും തൻ മഹിമയാൽ / തിങ്ങിടുന്നല്ലോ സന്തതം
ശ്രീയെഴും ദിവ്യപ്രേഷിതർ ധന്യ / നിവ്യന്മാർ വേദസാക്ഷികൾ
നിത്യാനന്ദ പ്രതാപവാനങ്ങേ / വാഴ്ത്തീടുന്നു നിരന്തരം.

നിസ്തുലൻ പ്രഭാപൂരിതൻ താത! / നിത്യനാം ഏകസൂനുവേ!
പാവനാത്മാ! ത്രീയേക ദൈവമേ / സ്തോത്രമെന്നുമെന്നേക്കുമേ
ലോകമാകവെ പാവനം സഭ / കീർത്തിക്കുന്നങ്ങേ സാദരം.

പ്രാഭവമെഴും രാജനാണു നീ / ക്രിസ്തുനാഥാ മഹോന്നതാ
ഉന്നതനായ താതൻ തന്നുടെ / ദിവ്യനാം സൂനുവാണു നീ
മർത്യരക്ഷയ്ക്കായ് കന്യകയിൽ നി- / ന്നങ്ങുമന്നിടെ ജാതനായ്.

മൃത്യുവേ ജയിച്ചങ്ങു മക്കൾക്കായ് / സ്വർഗ്ഗവാതിൽ തുറന്നഹോ
ദൈവത്തിന്റെ വലതുഭാഗത്തായ് / വാഴ്‌വൂ നീ ഭവ്യശോഭയിൽ
അങ്ങുതാൻ വിധിയാളനായ് വരു- / മെന്നും വിശ്വസിക്കുന്നിവർ.

നിന്നനർഘമാം ശോണിതത്തിനാൽ / വീണ്ടെടുത്തോരീ ദാസരിൽ
നിൻ കൃപാമൃതം ചിന്തണേയെന്നും / യാചിപ്പൂ ഞങ്ങൾ സാദരം
നിത്യാനന്ദത്തിലങ്ങേ സ്നേഹിത- / രൊത്തു ചേരാൻ കനിയണേ.

കാത്തിടൂ നാഥാ നിൻ ജനങ്ങളെ / ആശിസ്സേകണേ നിത്യവും
നീ ഭരിക്കുക നിൻ ജനങ്ങളെ / ഉന്നതി യവർക്കേകണേ
നിത്യവും ഞങ്ങളങ്ങേ വാഴ്ത്തും നിൻ / പാവനനാമവും തഥാ.

ഇന്നു ഞങ്ങളിൽ പാപമേശായ് വാൻ / നിന്നനുഗ്രഹം നല്കണേ
ആശ്രയിച്ചിവർ തീവ്രമായ് അങ്ങിൽ / തിങ്ങും കാരുണ്യം പൂല്കുവാൻ
അർപ്പിച്ചു നിന്നിലാശ സർവ്വവും / ലേശം ലജ്ജിക്കയില്ല ഞാൻ.

-oOo-

വിഭൂതി

(അനുതാപ ശുശ്രൂഷ)

(കാർമ്മികൻ പ്രവേശിക്കുമ്പോൾ എല്ലാവരും എഴുന്നേറ്റു നില്ക്കുന്നു. പ്രദക്ഷിണമുണ്ടെങ്കിൽ മുമ്പിൽ മാർത്തോമ്മാ കുരിശ്, ധൂപക്കുറ്റി, അതിനു പിന്നിൽ സുവിശേഷ ഗ്രന്ഥവും ഇരുവശങ്ങളിൽ തിരിക്കാലുകളും സംവഹിക്കുന്നു).

പ്രാരംഭ ഗാനം

ദൈവകുമാരൻ കാൽവരിക്കുന്നിൽ / ബലിയണച്ചു സ്വയം ബലിയണച്ചു
പറുദീസാ നരനു തുറന്നിടാനായ് / ബലിയണച്ചു സ്വയം ബലിയണച്ചു

സൗഭാഗ്യ ദായകമാം ധർമ്മയാഗം / വീണ്ടുമിതാ പീഠത്തിലർപ്പിക്കുന്നു
പാപങ്ങൾ കഴുകിടുമാ ദിവ്യയാഗം / വീണ്ടുമിതാ പീഠത്തിലർപ്പിക്കുന്നു.
ദൈവകുമാരൻ ...

സർവ്വേശാ പാവനമീ പൂജയാലെ / ഞങ്ങൾക്കു ജീവൻ പകർന്നിടേണം
മൃതരിൽ പ്രകാശം പരത്തിടേണം / നവശാന്തി ഭൂവിൽ വിതച്ചിടേണം.
ദൈവകുമാരൻ ...

സ്നേഹത്തിന്റെ കല്പന *(ഗാനം)*
(യോഹ. 13:34-35)

കാർമ്മി:
അന്നാ പെസഹാത്തിരുനാളിൽ / കർത്താവരുളിയ കല്പനപോൽ
തിരുനാമത്തിൽച്ചേർന്നീടാം / ഒരുമയോടീ ബലിയർപ്പിക്കാം.

സമൂഹം: അനുരഞ്ജിതരായ് തീർന്നീടാം / നവമൊരു പീഠമൊരുക്കീടാം
ഗുരുവിൻ സ്നേഹമൊടീയാഗം / തിരുമുമ്പാകെയണച്ചീടാം.

കാർമ്മി: അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

സമൂഹം: ആമ്മേൻ.

കാർമ്മി: ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും.

സമൂഹം: ആമ്മേൻ.

(പകരം ഗാനം)

കാർമ്മി: അത്യുന്നതമാം സ്വർല്ലോകത്തിൽ, സർവ്വേശനു സ്തുതിഗീതം.*(3)*

സമൂഹം: ഭൂമിയിലെങ്ങും മർത്യനു ശാന്തി, പ്രത്യാശയുമെന്നേക്കും. (3)

കാർമ്മി: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ***(സമൂഹവും ചേർന്ന്)*** അങ്ങയുടെ നാമം പൂജിതമാകണമെ / അങ്ങയുടെ രാജ്യം വരണമെ / അങ്ങയുടെ തിരുമനസ്സു സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമെ. ഞങ്ങൾക്കു ആവശ്യകമായ ആഹാരം / ഇന്നു ഞങ്ങൾക്കു തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ, ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതെ. ദുഷ്ടാത്രുപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമെ. എന്തുകൊണ്ടെന്നാൽ /രാജ്യവും ശക്തിയും മഹത്വവും എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ / അങ്ങയുടെ മഹത്വത്താൽ സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു / മാലാഖമാരും മനുഷ്യരും അങ്ങു പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്ന് ഉൽഘോഷിക്കുന്നു.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ.

പ്രാരംഭ പ്രാർത്ഥന

കാർമ്മി: പശ്ചാത്തപിക്കുന്ന പാപികളെ കാരുണ്യപൂർവ്വം സ്വീകരിക്കുന്ന സ്നേഹസമ്പന്നനായ ദൈവമേ, അങ്ങയുടെ സന്നിധിയിൽ നില്ക്കുന്ന പാപികളായ ഞങ്ങളെ ദയാപൂർവ്വം തൃക്കൺപാർക്കണമേ. വിനീതഹൃദയനായ ചുങ്കക്കാരനെപ്പോലെ അങ്ങയുടെ അനുഗ്രഹത്തിനു ഞങ്ങൾ കാത്തുനില്ക്കുന്നു. ഇന്നു ഞങ്ങൾ ആരംഭിക്കുന്ന നോമ്പ് അനുതാപത്തിലേക്കും മാനസാന്തരത്തിലേക്കും, ജീവിത നവീകരണത്തിലേക്കും ഞങ്ങളെ നയിക്കട്ടെ. തിരഞ്ഞെടുക്കപ്പെട്ട ജനമായ ഞങ്ങളുടെ പാപങ്ങൾ പശ്ചാത്താപത്തിന്റെ കണ്ണുനീരാൽ കഴുകിക്കളയുവാനും ഭാവിയിൽ പരിശുദ്ധരായി ജീവിക്കുവാനും സഹായിക്കണമേ. മിശിഹായോടു ചേർന്ന് എളിമയോടും ഹൃദയവിശുദ്ധിയോടും കൂടി പരിഹാരത്തിന്റെയും കൃതജ്ഞതയുടെയും ഈ ബലിയർപ്പിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂഹം: ആമ്മേൻ.

സങ്കീർത്തനമാല

(സങ്കീർത്തനം 15)

കർത്താവേ, നിന്റെ കൂടാരത്തിൽ ആരു വസിക്കും?
നിന്റെ വിശുദ്ധ ഗിരിയിൽ ആരു നിവസിക്കും?

കർത്താവേ, അങ്ങയുടെ വഴികൾ അന്വേഷിക്കുവാനും
തിരുവചനത്താൽ നയിക്കപ്പെടുവാനും കൃപചെയ്യണമേ.

അങ്ങയുടെ ഹിതം മനസ്സിലാക്കുവാൻ
ഞങ്ങളെ പഠിപ്പിക്കുകയും ചെയ്യണമേ.

കറകൂടാതെ വ്യാപരിക്കുന്നവനും
നീതി പ്രവർത്തിക്കുന്നവനും.

ഹൃദയത്തിൽ സത്യമുള്ളവനും
നാവുകൊണ്ട് വഞ്ചിക്കാത്തവനും.

കൂട്ടുകാരനോട് തിന്മചെയ്യാത്തവനും
അയൽക്കാരനെതിരായി കൈക്കൂലിവാങ്ങാത്തവനും.

പ്രകോപിപ്പിക്കുന്നവനെ വിഗണിക്കുന്നവനും
കർത്താവിന്റെ ഭക്തരെ മാനിക്കുന്നവനും.

അയൽക്കാരനോടുള്ള പ്രതിജ്ഞ ലംഘിക്കാത്തവനും
പണം പലിശയ്ക്കു കൊടുക്കാത്തവനും
നിർദ്ദോഷിക്കെതിരെ കൈക്കൂലി വാങ്ങാത്തവനും.

ഇവ ചെയ്യുന്നവൻ നീതിമാനാകുന്നു.
അവൻ ഒരിക്കലും ഇളകുകയില്ല.

(തുടർന്ന് സങ്കീർത്തനം 16)

ദൈവമേ, എന്നെ കാത്തരുളണമേ;
എന്തെന്നാൽ നിന്നിൽ ഞാൻ ആശ്രയിച്ചിരിക്കുന്നു.

നീയാണ് എന്റെ നാഥനെന്നും.
എന്റെ നന്മ നിന്നിൽ നിന്നാണെന്നും
കർത്താവിനോടു ഞാൻ പറഞ്ഞു.

ഭൂമിയിലുള്ള പരിശുദ്ധരും ശ്രേഷ്ഠരും
എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടവരാണെന്നും.

അന്യദേവന്മാരെ അനുഗമിക്കുന്നവരുടെ
ദുരിതങ്ങൾ ഏറിക്കൊണ്ടിരിക്കും.

അവർക്ക് ഞാൻ രക്തബലി അർപ്പിക്കുകയില്ല
അവരുടെ നാമം ഞാൻ ഉരുവിടുകയില്ല.

എന്റെ അവകാശവും പാനപാത്രവുമായ കർത്താവേ,
എന്റെ ഓഹരി നീ എനിക്ക് തിരിച്ചുതന്നു.

നല്ല സ്ഥലത്താണ് എനിക്കു അളവുചങ്ങല വീണത്.
എന്റെ ഓഹരി എനിക്കിഷ്ടമായി.

എനിക്ക് ഉപദേശം നല്കിയ കർത്താവിനെ ഞാൻ വാഴ്ത്തും;
രാത്രിയാമങ്ങളിലും എന്റെ അന്തരംഗം എന്നെ പഠിപ്പിച്ചു.

കർത്താവിനെ ഞാൻ സദാ കൺമുമ്പിൽ ദർശിച്ചു.
ഞാൻ ഇളകാതിരിക്കേണ്ടതിന്
അവൻ എന്റെ വലത്തുഭാഗത്തുണ്ട്.

അതിനാൽ എന്റെ ഹൃദയം സന്തോഷിക്കുന്നു;
ഉള്ളം ആഹ്ലാദിക്കുന്നു.
ശരീരം ശാന്തതയിൽ വസിക്കുകയും ചെയ്യും.

എന്തെന്നാൽ നീ എന്നെ പാതാളത്തിൽ ഉപേക്ഷിച്ചില്ല;
നിന്റെ പരിശുദ്ധനെ ജീർണിക്കുവാൻ അനുവദിച്ചതുമില്ല;
ജീവന്റെ മാർഗം നീ എന്നെ കാണിക്കും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ

കർത്താവ് എന്റെ ഓഹരിയും പാനപാത്രവുമാകുന്നു
അവിടുന്ന് എപ്പോഴും എന്റെ കൺമുമ്പിലുണ്ട്.

എന്റെ ഭാഗധേയം അവിടുത്തെ കരങ്ങളിലാകുന്നു;
അവിടുന്ന് എനിക്ക് ജീവന്റെ മാർഗം കാണിച്ചുതരുന്നു.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

(കാർമ്മികൻ ധൂപം ആശീർവ്വദിക്കുന്നു.)

കാർമ്മി: പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ അങ്ങയുടെ ബഹുമാനത്തിനായി ഞങ്ങൾ സമർപ്പിക്കുന്ന ഈ ധൂപം അങ്ങയുടെ മഹനീയ ത്രിത്വത്തിന്റെ നാമത്തിൽ + ആശീർവ്വദിക്കപ്പെടട്ടെ. ഇത് അങ്ങയുടെ പ്രസാദത്തിനും അങ്ങയുടെ അജഗണത്തിന്റെ പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ എന്നേക്കും.

ശുശ്രൂഷി: ആമ്മേൻ.

കാർമി: ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങു നല്കിയിട്ടുള്ളതും എന്നാൽ കൃതജ്ഞത പ്രകാശിപ്പിക്കാൻ ഞങ്ങൾക്കു കഴിയാത്തതുമായ എല്ലാ സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കുമായി സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞു മുടിച്ചൂടി നില്ക്കുന്ന സഭയിൽ ഞങ്ങൾ അങ്ങയെ

നിരന്തരം സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യട്ടെ. അങ്ങു സകലത്തിന്റെയും നാഥനും സ്രഷ്ടാവുമാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

*(മദ്ബഹയുടെ **വിരിനീക്കുന്നു.** ശുശ്രൂഷി മദ്ബഹയിൽ പ്രവേശിച്ച് **ധൂപിക്കുന്നു.** എല്ലാവരും അൾത്താരയിലേക്കു തിരിഞ്ഞു ശിരസു നമിക്കുന്നു.)*

ഗാനം

സർവാധിപനാം കർത്താവേ / നിന്നെ വണങ്ങി നമിക്കുന്നു
ഈശോനാഥാ വിനയമൊടെ / നിന്നെ നമിച്ചു പുകഴ്ത്തുന്നു.

മർത്യനു നിത്യമഹോന്നതമാ- / മുത്ഥാനം നീയരുളുന്നു
അക്ഷയമവനുടെ ആത്മാവി- / നുത്തമരക്ഷയുമേകുന്നു.

ശുശ്രൂഷി: നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

(കാർമികൻ ജനങ്ങൾക്കുനേരേ തിരിയുന്നു.)

കാർമി: എന്റെ കർത്താവേ, നീ സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും, ആത്മാക്കളെ രക്ഷിക്കുന്നവനും, ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. ഞങ്ങൾ എപ്പോഴും നിനക്കു സ്തുതിയും കൃതജ്ഞതയും ആരാധനയും സമർപ്പിക്കാൻ കടപ്പെട്ടവരാകുന്ന സകലത്തിന്റെയും നാഥാ എന്നേക്കും.

സമൂഹം: ആമ്മേൻ.

ത്രൈശുദ്ധ കീർത്തനം

ശബ്ദമുയർത്തിപ്പാടിടുവിൻ / സർവരുമൊന്നായ് പാടിടുവിൻ
എന്നെന്നും ജീവിക്കും / സർവേശ്വരനെ വാഴ്ത്തിടുവിൻ.

പരിപാവനനാം സർവേശാ / പരിപാവനനാം ബലവാനേ
പരിപാവനനാം അമർത്യനേ / നിൻകൃപ ഞങ്ങൾക്കേകണമേ.

ശുശ്രൂഷി: നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമ്മി: വിശുദ്ധരിൽ സംപ്രീതനായി വസിക്കുന്ന പരിശുദ്ധനും സ്തുത്യർഹനും ബലവാനും അമർത്യനുമായ കർത്താവേ, അങ്ങയുടെ സ്വഭാവത്തിനൊത്തവിധം എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും

അനുഗ്രഹിക്കുകയും ഞങ്ങളോടു കരുണകാണിക്കുകയും ചെയ്യണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

വചന ശുശ്രൂഷ
പഴയ നിയമവായനകൾ

ഒന്നാം വായന (ഉല്പത്തി 1:1-19)
രണ്ടാം വായന (ജോഷ്വാ 1:1-15)

ശുശ്രൂഷി: സഹോദരരേ, നിങ്ങൾ ഇരുന്നു ശ്രദ്ധയോടെ കേൾക്കുവിൻ.

വായിക്കുന്നയാൾ: ... പുസ്തകത്തിൽനിന്നുള്ള വായന.
(കാർമികനുനേരേ തിരിഞ്ഞ്) ഗുരോ ആശീർവദിക്കണമേ.

കാർമി: ദൈവം നിന്നെ + അനുഗ്രഹിക്കട്ടെ.

സമൂഹം: *(വായന തീരുമ്പോൾ)* ദൈവമായ കർത്താവിനു സ്തുതി.

ശുശ്രൂഷി: പ്രകീർത്തനം ആലപിക്കുവാനായി നിങ്ങൾ എഴുന്നേല്ക്കുവിൻ.

പ്രകീർത്തനം

കാർമ്മി: സർവ്വചരാചരവും, ദൈവമഹത്വത്തെ, വാഴ്ത്തിപ്പാടുന്നു.

ദിവ്യാത്മാവിൻ ഗീതികളാൽ, ഹല്ലേലൂയ്യാ ഗീതികളാൽ
കർത്താവിന്നുപവാസത്തിൻ / നിർമ്മലമാകുമനുസ്മരണം,
കൊണ്ടാടാം, ഇന്നീ വേദികയിൽ.

കാർമ്മി: തൻ മഹിമാവല്ലോ, വാനിലുമൂഴിയിലും, തിങ്ങിവിളങ്ങുന്നു.

സമൂഹം: ദിവ്യാത്മാവിൻ ഗീതികളാൽ ...

കാർമ്മി: ജനതകളവിടുത്തെ, മഹിമകൾ പാടുന്നു, താണുവണങ്ങുന്നു.

സമൂഹം: ദിവ്യാത്മാവിൻ ഗീതികളാൽ ...

കാർമ്മി: നിത്യപിതാവിനും, സുതനും റൂഹായ്ക്കും, സ്തുതിയുണ്ടാകട്ടെ.

സമൂഹം: ദിവ്യാത്മാവിൻ ഗീതികളാൽ ...

കാർമ്മി: ആദിയിലെപ്പോലെ, ഇപ്പൊഴുമെപ്പോഴും, എന്നേക്കും ആമ്മേൻ.

സമൂഹം: ദിവ്യാത്മാവിൻ ഗീതികളാൽ ...

കാർമ്മി: ഞങ്ങളുടെ കർത്താവായ ദൈവമേ അങ്ങയുടെ ജീവദായകവും ദൈവികവുമായ കല്പനകളുടെ മധുരസ്വരം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമെ. അതുവഴി ആത്മശരീരങ്ങൾക്കുപകരിക്കുന്ന സ്നേഹവും ശരണവും രക്ഷയും ഞങ്ങളിൽ ഫലമണിയുന്നതിനും നിരന്തരം ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നതിനും അങ്ങയുടെ കാരുണ്യത്താലും അനുഗ്രഹത്താലും ഞങ്ങളെ സഹായിക്കണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

ലേഖനം *(റോമാ 1:16-25)*

വായിക്കുന്ന ആൾ: സഹോദരരേ, വിശുദ്ധ പൗലോസ് ശ്ലീഹാ റോമാക്കാർക്ക് എഴുതിയ ലേഖനം. *(കാർമ്മികനു നേരെ തിരിഞ്ഞ്)* ഗുരോ ആശീർവ്വദിക്കണമേ.

കാർമ്മി: മിശിഹാ + നിന്നെ അനുഗ്രഹിക്കട്ടെ.

(ഒരു ശുശ്രൂഷി കത്തിച്ച തിരിയുമായി സമീപത്തു നില്ക്കുന്നു).
(വായന തീരുമ്പോൾ)

സമൂഹം: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

ഹല്ലേലൂയ്യാ ഗീതം

ഹല്ലേലൂയ്യാ പാടാമൊന്നായ്, ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ.

ആശ്രയമരുളും കർത്താവിങ്കൽ, ശരണമണയ്ക്കുക ജീവിതഭാഗ്യം.

നാഥനു സമനായാരുണ്ടോർത്താൽ, മണ്ണിലുമതുപോൽ വിണ്ണിലുമേവം

ദൈവിക നന്മകൾ കീർത്തിച്ചീടാൻ, നാവിനു തെല്ലും കഴിവില്ലല്ലോ.

താതനുമതുപോൽ സുതനും, പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ

ആദിമുതൽക്കേയിന്നും നിത്യവു- / മായി ഭവിച്ചീടട്ടെ ആമ്മേൻ.

ഹല്ലേലൂയ്യാ പാടാമൊന്നായ്, ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ.

(ഗാനസമയത്ത് കാർമ്മികൻ ധൂപം ആശീർവ്വദിക്കുന്നു).

കാർമ്മി: എന്റെ കർത്താവേ പാപിനിയായ മറിയം നിന്റെ ശിരസ്സിൽ സുഗന്ധതൈലം പൂശിയപ്പോൾ നിന്നിൽനിന്നു പ്രസരിച്ച ഹൃദ്യമായ പരിമളം ഈ ധൂപത്തോടുകൂടെ + കലരുമാറാകട്ടെ. നിന്റെ ബഹുമാനത്തിനും ഞങ്ങളുടെ കടങ്ങളുടെയും പാപങ്ങളുടെയും മോച

നത്തിനുമായി ഈ ധൂപം ഞങ്ങൾ സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ എന്നേക്കും.

ശുശ്രൂഷി: ആമ്മേൻ.

(സുവിശേഷ വായനയുടെ സമയത്തു ശുശ്രൂഷി ധൂപാർച്ചന നടത്തുന്നു.)

ശുശ്രൂഷി: നമുക്ക് ശ്രദ്ധാപൂർവ്വം നിന്ന് പരിശുദ്ധ സുവിശേഷം ശ്രവിക്കാം.

കാർമ്മി: സമാധാനം + നിങ്ങളോടുകൂടെ.

സമൂഹം: അങ്ങയോടും അങ്ങയുടെ ആത്മാവോടുംകൂടെ.

(കാർമ്മികൻ സുവിശേഷം വായിക്കുന്നു. രണ്ടു ശുശ്രൂഷികൾ കത്തിച്ച തിരികളുമായി കാർമ്മികന്റെ ഇരുവശവും നില്ക്കുന്നു. സഹായി മുമ്പിൽ നിന്ന് ധൂപാർച്ചന നടത്തുന്നു).

കാർമ്മി: വിശുദ്ധ മത്തായി (5:17-26) അറിയിച്ച നമ്മുടെ കർത്താവീശോ മിശിഹായുടെ പരിശുദ്ധ സുവിശേഷം.

സമൂഹം: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

(വായന തീരുമ്പോൾ)

സമൂഹം: നമ്മുടെ കർത്താവായ മിശിഹായ്ക്കുസ്തുതി.

പ്രസംഗം

കാർമ്മികൻ ഭസ്മം സജ്ജീകരിച്ചിരിക്കുന്ന പീഠത്തിനു സമീപം ചെന്നു നില്ക്കുന്നു. അപ്പോൾ സമൂഹം താഴെക്കാണുന്ന ഗീതം ആലപിക്കുന്നു.

അനുതാപഗീതം

കണ്ണീരാരുതരും, പശ്ചാത്താപത്തിൽ
പാപം കഴികിടുവാൻ, കണ്ണീരാരുതരും?

നിൻ തിരുകല്പന വിട്ടലകിൻ / മറിമായങ്ങളിൽ മുഴുകി ഞാൻ
പാഴായ്പ്പോയൊരു ദിനമെല്ലാ- / മോർത്തോർത്തുരുകിക്കരയാനായ്
താപത്തിൻ കണ്ണീരാരുതരും? / താപത്തിൻ കണ്ണീരാരുതരും?

വൈരിയെനിക്കെതിരായ്, വലകൾ വിരിച്ചവയിൽ
വീണുകുഴങ്ങി ഞാൻ, വീണുകുഴങ്ങി ഞാൻ.

വലകൾ തകർത്തെൻ നാഥാ, നീ / രക്ഷയെനിക്കു കനിഞ്ഞരുളി
പാവനമാം തവകല്പനകൾ / ലംഘിച്ചേറ്റം ദുർബലനായ്
വീണ്ടും ഞാൻ വലയിൽ വീണല്ലോ (2)
കണ്ണീരാരുതരും....

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമ്മി: പശ്ചാത്തപിക്കുന്ന പാപികൾക്ക് വാതിൽ തുറന്നുകൊടുക്കുന്ന കാരുണ്യവാനായ കർത്താവേ, നിന്റെ കൃപയുടെ വാതിൽ ഞങ്ങൾക്കായി തുറക്കണമേ. മാമ്മോദീസാവഴി ഞങ്ങളെ വിശുദ്ധീകരിച്ച് മുദ്രിതമാക്കിയതിന് ഞങ്ങൾ നന്ദി പറയുന്നു. ലോകത്തിനു മരിച്ച്, നിനക്കായി ജീവിക്കുവാൻ ഞങ്ങളെ സഹായിക്കണമേ. അനുതാപത്തിന്റെ വസ്ത്രം ധരിച്ചും, ശിരസ്സിൽ ചാരം പൂശിയും, അനുതാപം പ്രകടിപ്പിച്ച നിനിവേക്കാരെ, ജീവന്റെ വഴിയിലേയ്ക്കു നയിച്ച കർത്താവേ, ഈ നോമ്പുകാലം ഞങ്ങൾക്ക് മാനസാന്തരത്തിന്റെയും, ജീവിത നവീകരണത്തിന്റെയും അവസരമായിത്തീരട്ടെ. ഞങ്ങൾ മണ്ണാകുന്നുവെന്നും, മണ്ണിലേയ്ക്കുതന്നെ മടങ്ങുമെന്നും ഞങ്ങളറിയുന്നു. പാപങ്ങൾ പൊറുത്ത് ഞങ്ങളെ അനുഗ്രഹിക്കുകയും പശ്ചാത്താപത്തിന്റെ ബാഹ്യചിഹ്നമായി, ഞങ്ങൾ പൂശുവാൻ പോകുന്ന ഈ ഭസ്മം ആശീർവ്വദിക്കുകയും + വിശുദ്ധീകരിക്കുകയും ചെയ്യണമേ *(ഭസ്മം ആശീർവ്വദിക്കുന്നു)*. സകലത്തിന്റെയും നാഥാ, എന്നേയ്ക്കും.

സമൂഹം: ആമ്മേൻ.

(കാർമ്മികൻ ഭസ്മത്തിന്മേൽ വിശുദ്ധ ജലം തളിക്കുകയും ധൂപിക്കുകയും ചെയ്യുന്നു. അനന്തരം സ്വന്തം നെറ്റിയിലും ജനങ്ങളുടെ നെറ്റിയിന്മേലും ഭസ്മം പൂശുന്നു. സമൂഹം താഴെക്കൊടുത്തിരിക്കുന്ന പാട്ടുപാടുന്നു. ആവശ്യമെങ്കിൽ ആവർത്തിക്കുന്നു.)

ഗീതം

മനുഷ്യാ, നീ മണ്ണാകുന്നു / മണ്ണിലേക്കു മടങ്ങും നൂനം
അനുതാപക്കണ്ണുനീർ വീഴ്ത്തി / പാപപരിഹാരം ചെയ്തുകൊൾക നീ.
മനുഷ്യാ, നീ മണ്ണാകുന്നു ...

ഫലം നല്കാതുയർന്നു നില്ക്കും / വൃക്ഷനിരയെല്ലാ മരിഞ്ഞുവീഴും.
എരിതീയിലെരിഞ്ഞു വീഴും നീറി / നിറം മാറി ചാമ്പലായ്ത്തീരും.
മനുഷ്യാ, നീ മണ്ണാകുന്നു ...

ദൈവപുത്രൻ വരുന്നൂഴിയിൽ / ധാന്യക്കളമെല്ലാം ശുചിയാക്കുവാൻ
നെന്മണികൾ സംഭരിക്കുന്നു / കെട്ടപതിരെല്ലാം ചുട്ടെരിക്കുന്നു.

മനുഷ്യാ, നീ മണ്ണാകുന്നു ...

ആയിരങ്ങൾ വീണുതാഴുന്നു / മർത്യമാനസങ്ങൾ വെന്തുനീറുന്നു.
നിത്യജീവൻ നല്കിടും നീർച്ചാൽ / വിട്ടു മരുഭൂവിൽ ജലം തേടുന്നു.
മനുഷ്യാ, നീ മണ്ണാകുന്നു ...

സ്വർഗ്ഗ രാജ്യമാർഗ്ഗമങ്ങോളം / കൂർത്ത-മുള്ളു മുറ്റിയിരുണ്ടു നില്പൂ
തീ നരകം തീർത്ത മാർഗ്ഗങ്ങൾ / വീതിനിറഞ്ഞു പൂചൊരിഞ്ഞു നില്പൂ.
മനുഷ്യാ, നീ മണ്ണാകുന്നു ...

ശിലോഹായിൽ ഗോപുരം വീണു / കൂടെ നരരേറെ മരിച്ചു വീണു
തപം ചെയ്തു വരം നേടായ്കിൽ / നിങ്ങൾ അതുപോലെ
തകർന്നുപോകും.
മനുഷ്യാ, നീ മണ്ണാകുന്നു ...

(ഭസ്മം പൂശൽ കഴിഞ്ഞ് കാർമ്മികൽ കൈ കഴുകിത്തുടയ്ക്കുന്നു).

കാറോസൂസാ

ശുശ്രൂഷി: നമുക്കെല്ലാവർക്കും അനുതാപത്തോടും *ശ്രദ്ധയോ*ടുംകൂടി "*കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ*" എന്നു പ്രാർത്ഥിക്കാം.

സമൂഹം: കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂഷി: കാരുണ്യവാനായ പിതാവേ, ആശ്വാസദായകനായ ദൈവമേ, അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: ഞങ്ങളുടെ രക്ഷകനും പരിപാലകനും, സകലത്തിന്റെയും ദാതാവുമായ അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: സമസ്ത ലോകത്തിന്റെയും, സകല സഭകളുടെയും സമാധാനത്തിനും ഐക്യത്തിനും, നിലനില്പിനുംവേണ്ടി അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: മിശിഹായുടെ സഭ മുഴുവന്റെയും തലവനായ ഞങ്ങളുടെ പരിശുദ്ധ പിതാവു മാർ ... *(പേര്)* പാപ്പായുടെയും, ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച്ബിഷപ്പ് മാർ ... *(പേര്)* മെത്രാപ്പോലീത്തയുടെയും, ഞങ്ങളുടെ പിതാവും മേലധ്യക്ഷനുമായ മാർ ... *(പേര്)* മെത്രാന്റെയും, ... മെത്രാപ്പോലീത്തയുടെയും ... മെത്രാന്റെയും അവരുടെ സഹശുശ്രൂഷികളുടെയും ക്ഷേമത്തിനുവേണ്ടി അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: നാല്പതുരാവും നാല്പതു പകലും ഉപവസിച്ച് ഞങ്ങൾക്കു മാതൃക നല്കിയ കർത്താവേ,

സമൂഹം: ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂഷി: പിതാവിന്റെ ഇഷ്ടം നിറവേറ്റുവാനും, ദൈവരാജ്യം സ്ഥാപിക്കാനുമായി ഭൂമിയിലേക്കുവന്ന കർത്താവേ,

ശുശ്രൂഷി: വിശക്കുന്നവരുമായി അപ്പം പങ്കിടുന്നതും, നഗ്നരെ വസ്ത്രം ധരിപ്പിക്കുന്നതും, ഭവനരഹിതർക്ക് പാർപ്പിടം നല്കുന്നതും, സ്വന്തക്കാരിൽ നിന്ന് ഒഴിഞ്ഞു മാറാതിരിക്കുന്നതുമാണ് യഥാർത്ഥ ഉപവാസം എന്ന്, പ്രവാചകൻ വഴി അരുളിച്ചെയ്ത കർത്താവേ,

ശുശ്രൂഷി: ദുഷ്ടതയുടെ കെട്ടുകൾ അഴിക്കുകയും, അടിച്ചമർത്തപ്പെട്ടവരെ മോചിപ്പിക്കുകയും ചെയ്യുന്നതാണ്, നീ ആഗ്രഹിക്കുന്ന ഉപവാസമെന്ന് പ്രവാചകൻവഴി ഞങ്ങളെ പഠിപ്പിച്ച കർത്താവേ,

ശുശ്രൂഷി: പാപികൾ നശിക്കണമെന്നാഗ്രഹിക്കാതെ, അവരെ നേർവഴിക്കു തിരിക്കുവാൻ ആഗ്രഹിക്കുന്ന കർത്താവേ,

ശുശ്രൂഷി: പശ്ചാത്താപം പ്രകടിപ്പിച്ച കള്ളനു, സ്നേഹപൂർവ്വം മാപ്പു നല്കിയ കർത്താവേ,

ശുശ്രൂഷി: പശ്ചാത്തപിക്കുന്ന പാപിയെപ്പറ്റി, സ്വർഗ്ഗത്തിൽ വലിയ സന്തോഷമുണ്ടാകുമെന്ന്, അരുളിച്ചെയ്ത കർത്താവേ,

ശുശ്രൂഷി: ഈ ചെറിയവരിൽ ഒരുവന് നിങ്ങൾ ചെയ്തപ്പോഴെല്ലാം, എനിക്കുതന്നെയാണ് ചെയ്തതെന്ന്, ഞങ്ങളെ പഠിപ്പിച്ച കർത്താവേ,

ശുശ്രൂഷി: മനുഷ്യൻ അപ്പം കൊണ്ടുമാത്രമല്ല, ദൈവത്തിന്റെ വചനം കൊണ്ടുമാണ് ജീവിക്കുന്നതെന്നു പഠിപ്പിച്ച കർത്താവേ,

ശുശ്രൂഷി: പ്രകൃതിയെയും ജീവജാലങ്ങളെയും സൃഷ്ടിച്ചു പരിപാലിക്കുകയും, മനുഷ്യനന്മയ്ക്കുവേണ്ടി അവയെ വിനിയോഗിക്കുവാൻ, ഞങ്ങളെ ഭരമേല്പിക്കുകയും ചെയ്ത കർത്താവേ,

ശുശ്രൂഷി: ദൈവരാജ്യവും അതിന്റെ നീതിയും ആദ്യം അന്വേഷിക്കുവിൻ, അപ്പോൾ മറ്റുള്ളവയെല്ലാം ലഭിക്കുമെന്ന്, ഞങ്ങളെ ഉപദേശിച്ച കർത്താവേ,

ശുശ്രൂഷി: നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

സമൂഹം: ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

കാർമ്മി: പശ്ചാത്തപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവാൻ ആഹ്വാനം ചെയ്ത കർത്താവേ, ആത്മപരിത്യാഗത്തിന്റെയും, ഹൃദയ പരിവർത്തനത്തിന്റെയും, അനുരഞ്ജനത്തിന്റെയും ചൈതന്യത്തിൽ ജീവിക്കുവാൻ, ഈ നോമ്പുകാലത്ത് ഞങ്ങളെ സഹായിക്കണമേ. നീതി ക്കുവേണ്ടി വിശപ്പും ദാഹവും അനുഭവിക്കുന്നവരോടൊപ്പം, തിന്മയ്ക്കെതി രായ പോരാട്ടത്തിൽ ഞങ്ങളും പങ്കുചേരട്ടെ. പ്രാർത്ഥനയും ഉപവാസവും പരസ്നേഹപ്രവർത്തനങ്ങളും വഴി, പാപങ്ങൾക്കു പരിഹാരം ചെയ്യുവാനും ജീവിതത്തിലെ കുരിശുകൾ സഹിച്ച് സ്വർഗോന്മുഖരായി ജീവിക്കു വാനും ഞങ്ങളെ ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂഹം: ആമ്മേൻ.

കൈവയ്പ് പ്രാർഥന

ശുശ്രൂഷി: കർത്താവേ ആശീർവദിക്കേണമേ / സഹോദരരേ, നിങ്ങൾ കൈവയ്പിനായി തലകുനിക്കുകയും / ആശീർവാദം സ്വീകരിക്കുകയും ചെയ്യുവിൻ.

(എല്ലാവരും തലകുനിച്ച് ആശീർവാദം സ്വീകരിക്കുന്നു.)

കാർമ്മി: *(താഴ്ന്ന സ്വരത്തിൽ)* കർത്താവേ ശക്തനായ ദൈവമേ അങ്ങ യുടെ അഭിഷിക്തൻ കഠിനമായ പീഡകളനുഭവിച്ചു വീണ്ടെടുത്ത അജഗ ണമായ പരിശുദ്ധ കത്തോലിക്കാസഭ അങ്ങയുടേതാകുന്നു. ദൈവസ്വഭാ വത്തിൽ അങ്ങുമായി ഒന്നായിരിക്കുന്ന പരിശുദ്ധാത്മാവിന്റെ കൃപാ വരത്താൽ യഥാർഥ പൗരോഹിത്യത്തിന്റെ പദവികൾ കൈവയ്പുവഴി നല്കപ്പെടുന്നു. വിശ്വാസികൾക്ക് ആത്മീയശുശ്രൂഷ ചെയ്യുന്നതിനു പരി ശുദ്ധമായ സഭാശരീരത്തിലെ സവിശേഷാംഗങ്ങളാകാൻ നിസാരരും ബലഹീനരുമായ ഞങ്ങളെ അങ്ങു കാരുണ്യാതിരേകത്താൽ യോഗ്യ രാക്കി. കർത്താവേ, അങ്ങയുടെ കൃപാവരം ഞങ്ങളിൽ നിറയ്ക്കുകയും അങ്ങയുടെ ദാനങ്ങൾ ഞങ്ങളുടെ കരങ്ങൾവഴി വർഷിക്കുകയും ചെയ്യ ണമേ. അങ്ങയുടെ കാരുണ്യവും അനുഗ്രഹവും ഞങ്ങളുടെയും അങ്ങു തെരഞ്ഞെടുത്ത ഈ ജനത്തിന്റെയുംമേൽ ഉണ്ടാകുമാറാകട്ടെ.

കാർമ്മി: *(ഉയർന്ന സ്വരത്തിൽ)* കരുണാനിധിയായ ദൈവമേ, ഞങ്ങളെ ല്ലാവരും ഒന്നുചേർന്ന് അങ്ങയെ ഞങ്ങളുമായി രമ്യതപ്പെടുത്തുന്ന നീതി

യുടെ പ്രവൃത്തികളാൽ ജീവിതകാലം മുഴുവനും അങ്ങയെ യഥോചിതം പ്രീതിപ്പെടുത്താൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും നിരന്തരം സമർപ്പിക്കാൻ ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

ശുശ്രൂഷി: മാമ്മോദീസാ സ്വീകരിക്കുകയും, ജീവന്റെ അടയാളത്താൽ മുദ്രിതരാകുകയും ചെയ്തവർ / ഭക്തിയോടും ശ്രദ്ധയോടുംകൂടെ വിശുദ്ധ രഹസ്യങ്ങളിൽ പങ്കുകൊള്ളട്ടെ. നമുക്കു പ്രാർഥിക്കാം സമാധാനം നമ്മോടുകൂടെ.

ദിവ്യരഹസ്യ ഗീതം

(രീതി: മിശിഹാ കർത്താവിൻ തിരുമെയ്...)

പാപം ചെയ്യാതിരിക്കാൻ സൂക്ഷിക്കുവിൻ
മിശിഹാ രഹസ്യങ്ങൾ, കൈക്കൊള്ളുന്നവരേ,
പാവനമാനസരേ, തിന്മയിലാത്മശരീരങ്ങൾ
പങ്കിലമാക്കും ജനനിരയിൽ / ചേരുക വഴിയായ് വിശ്വാസം
നിങ്ങൾ കൈവെടിയാതെന്നും / കാത്തിടുവിൻ ഹൃദയം നിർമ്മലമായ്.

നിങ്ങളെല്ലാവരും അത്യുന്നതന്റെ മക്കളാണല്ലോ.
മിശിഹാ രഹസ്യങ്ങൾ ...

(കുർബാനയുടെ ബാക്കി ഭാഗങ്ങൾക്ക് പേജ് 88 കാണുക)

കൃതജ്ഞതാ പ്രാർത്ഥനകൾ

കാർമ്മി: കർത്താവായ ദൈവമേ, ജീവദായകമായ അങ്ങയുടെ വചനം സ്വീകരിച്ച്, പാപബോധത്തിലും പരിഹാര മനോഭാവത്തിലും വളരുവാനും, തിരുശരീരരക്തങ്ങൾ ഉൾക്കൊണ്ട് നിത്യജീവന് അർഹരാകുവാനും അങ്ങു ഞങ്ങളെ അനുഗ്രഹിച്ചു. അങ്ങയുടെ ഈ ദാനത്തിന് നന്ദി പറയുവാൻ ഞങ്ങൾ അശക്തരാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

സമൂഹം:ആമ്മേൻ. കർത്താവേ, ആശീർവദിക്കണമേ.

കാർമ്മി: പാപങ്ങൾ പൊറുക്കുന്നവനും രോഗങ്ങൾ സുഖപ്പെടുത്തുന്നവനുമായ മിശിഹായേ, പശ്ചാത്താപത്തോടെ നിന്റെ പക്കലണഞ്ഞ്, ഈ പരിഹാരബലിയിൽ പങ്കുചേരുവാൻ നീ ഞങ്ങളെ യോഗ്യരാക്കി. നിന്റെ കാരുണ്യം എന്നും പ്രകീർത്തിക്കുവാൻ ഞങ്ങളെ ശക്തരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂഹം: ആമ്മേൻ.

സമാപനാശീർവാദം

(രീതി: കർത്താവാം മിശിഹാവഴിയായ്...)

കാർമ്മി: മാനവരഖിലം ദൈവികമാം / ജീവൻ നിത്യം പുല്ലിടുവാൻ
തനയനെ മന്നിനു നല്കിയൊരാ / ദൈവപിതാവിനെ വാഴ്ത്തീടാം

മാനവവംശം പൂർണ്ണതയിൽ / നിത്യനവീകൃതമായിടുവാൻ
അനുതാപത്തിൻ സന്ദേശം / നല്കിയ താതനെ വാഴ്ത്തീടാം

സമൂഹം: ആമ്മേൻ.

കാർമ്മി: വാനവ-രാജ്യം തേടിടുവാൻ / ദൈവിക ഗീതം പാടിടുവാൻ
പ്രാർത്ഥന പകരും വരദാനം / നിങ്ങളിലെന്നും നിറയട്ടെ

ദൈവത്തിൻ പ്രിയജനമേ, യീ / ഭൂവിൽ നിങ്ങൾ ചിരകാലം
സൗഭാഗ്യത്താൽ നിറയട്ടെ + / ഇപ്പൊഴുമെപ്പൊഴുമെന്നേക്കും

സമൂഹം: ആമ്മേൻ.

(അല്ലെങ്കിൽ)

കാർമ്മി: എല്ലാ മനുഷ്യരും രക്ഷ പ്രാപിക്കണമെന്നും ജീവന്റെ പൂർണ്ണത ഉൾക്കൊള്ളണമെന്നും ആഗ്രഹിക്കുന്ന കർത്താവായ ദൈവമേ, മനുഷ്യ വംശത്തിന്റെ നവീകരണത്തിനും രക്ഷയ്ക്കുംവേണ്ടി ഏകജാതനെ ഭൂമിയി ലേക്കയച്ച അങ്ങയുടെ അനന്തകാരുണ്യത്തെ ഞങ്ങൾ വാഴ്ത്തുന്നു. അവി ടുന്ന് ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കുകയും അനുതാപത്തി ന്റെയും മാനസാന്തരത്തിന്റെയും സന്ദേശം ഞങ്ങൾക്കു നല്കുകയും ചെയ്തു. സ്വർഗരാജ്യത്തിന്റെ നീതി എപ്പോഴും അന്വേഷിക്കുവാനും, പ്രത്യേകിച്ച് ഈ നോമ്പുകാലത്ത് പ്രാർത്ഥനയുടെയും പാപപരിഹാരത്തിന്റെയും പര സ്നേഹത്തിന്റെയും ഫലങ്ങൾ പുറപ്പെടുവിക്കുവാനും ഞങ്ങൾക്കിടയാ കട്ടെ. ദൈവത്തിന്റെ ജനമേ, ദൈവ വചനത്തിലാശ്രയിച്ച് പ്രലോഭന ങ്ങളെ ജയിച്ച് ആത്മീയ സൗഭാഗ്യം അനുഭവിക്കുവാൻ മിശിഹായുടെ കുരിശ് നിങ്ങളെ ശക്തരാക്കട്ടെ. ഇപ്പോഴും എപ്പോഴും + എന്നേക്കും.

സമൂഹം: ആമ്മേൻ.

കുരിശിന്റെ വഴി

പ്രാരംഭ ഗാനം

കുരിശിൽ മരിച്ചവനേ, കുരിശാലേ
വിജയം വരിച്ചവനേ
മിഴിനീരൊഴുക്കിയങ്ങേ, കുരിശിന്റെ
വഴിയേ വരുന്നു ഞങ്ങൾ.

ലോകൈകനാഥാ നിൻ, ശിഷ്യനാത്തീരുവാ-
നാശിപ്പോനെന്നുമെന്നും
കുരിശു വഹിച്ചു നിൻ, കാൽപ്പാടുപിഞ്ചെല്ലാൻ
കൽപ്പിച്ച നായകാ.

നിൻ ദിവ്യരക്തത്താ-ലെൻ പാപമാലിന്യം
കഴുകേണമേ ലോകനാഥാ. (2)

കാർമ്മി: നിത്യനായ ദൈവമേ, ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. പാപികളായ മനുഷ്യർക്കുവേണ്ടി ജീവൻ ബലികഴിക്കുവാൻ തിരുമനസ്സായ കർത്താവേ ഞങ്ങൾ അങ്ങേയ്ക്ക് നന്ദി പറയുന്നു.

അങ്ങു ഞങ്ങളെ സ്നേഹിച്ചു, അവസാനം വരെ സ്നേഹിച്ചു. സ്നേഹിതനു വേണ്ടി ജീവൻ ബലികഴിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ലെന്ന് അങ്ങ് അരുളിചെയ്തിട്ടുണ്ടല്ലോ. പീലാത്തോസിന്റെ ഭവനം മുതൽ ഗാഗുൽത്താവരെ കുരിശും വഹിച്ചുകൊണ്ടുള്ള അവസാനയാത്ര അങ്ങേ സ്നേഹത്തിന്റെ ഏറ്റം മഹത്തായ പ്രകടനമായിരുന്നു. കണ്ണുനീരിന്റെയും രക്തത്തിന്റെയും ആ വഴിയിൽക്കൂടി വ്യാകുലയായ മാതാവിന്റെ പിന്നാലെ ഒരു തീർത്ഥയാത്രയായി ഞങ്ങളും അങ്ങയെ അനുഗമിക്കുന്നു. സ്വർഗ്ഗത്തിലേയ്ക്കുള്ള വഴി ഞെരുക്കമുള്ളതും വാതിൽ ഇടുങ്ങിയതുമാണെന്ന് ഞങ്ങളെ അറിയിച്ച കർത്താവേ, ജീവിതത്തിന്റെ ഓരോ ദിവസവും ഞങ്ങൾക്കുണ്ടാകുന്ന വേദനകളും കുരിശുകളും സന്തോഷത്തോടെ സഹിച്ചുകൊണ്ട് ആ ഇടുങ്ങിയ വഴിയിൽക്കൂടി സഞ്ചരിക്കുവാൻ ഞങ്ങളെ സഹായിക്കണമേ.

കാർമ്മി: കർത്താവേ, അനുഗ്രഹിക്കണമേ.

സമൂഹം: പരിശുദ്ധ ദൈവമാതാവേ, ക്രൂശിതനായ കർത്താവിന്റെ തിരുമുറിവുകൾ, എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

ഒന്നാം സ്ഥലത്തേക്ക് പോകുമ്പോൾ

മരണത്തിനായി വിധിച്ചു കറയറ്റ
ദൈവത്തിൻ കുഞ്ഞാടിനെ
അപരാധിയായ് വിധിച്ചു കല്മഷം
കലരാത്ത കർത്താവിനെ.

അറിയാത്ത കുറ്റങ്ങൾ നിരയായ് ചുമത്തി
പരിശുദ്ധനായ നിന്നിൽ
കൈവല്ല്യദാതാ നിൻ, കാരുണ്യം കൈക്കൊണ്ടോർ
കദനത്തിലാഴ്ത്തി നിന്നെ.

അവസാന വിധിയിൽ നീ, യലിവാർന്നു ഞങ്ങൾക്കാ
യരുളേണമേ നാകഭാഗ്യം. (2)

ഒന്നാം സ്ഥലം

കാർമ്മി: ഈശോമിശിഹായെ മരണത്തിനു വിധിക്കുന്നു.

സമൂഹം: ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ, വിശുദ്ധ കുരിശിനാൽ, അങ്ങു ലോകത്തെ രക്ഷിച്ചു.

കാർമ്മി: മനുഷ്യകുലത്തിന്റെ പാപപരിഹാരത്തിനുള്ള ബലി ആരംഭിച്ചു കഴിഞ്ഞു. ഈശോ പീലാത്തോസിന്റെ മുമ്പിൽ നിൽക്കുന്നു. അവിടുത്തെ ഒന്നു നോക്കുക. ചമ്മട്ടിയടിയേറ്റ ശരീരം. രക്തത്തിൽ ഒട്ടിപ്പിടിച്ച വസ്ത്രങ്ങൾ. തലയിൽ മുൾമുടി. ഉറക്കമൊഴിഞ്ഞ കണ്ണുകൾ. ക്ഷീണത്താൽ വിറയ്ക്കുന്ന കൈകാലുകൾ. ദാഹിച്ചുവരണ്ട നാവ്. ഉണങ്ങിയ ചുണ്ടുകൾ.

പീലാത്തോസ് വിധിവാചകം ഉച്ചരിക്കുന്നു. കുറ്റമില്ലാത്തവൻ കുറ്റക്കാരനായി വിധിക്കപ്പെട്ടു. എങ്കിലും, അവിടുന്ന് എല്ലാം നിശബ്ദനായി സഹിക്കുന്നു.

എന്റെ ദൈവമായ കർത്താവേ, അങ്ങു കുറ്റമറ്റവനായിരുന്നിട്ടും, കുരിശുമരണത്തിനു വിധിക്കപ്പെട്ടുവല്ലോ. എന്നെ മറ്റുള്ളവർ തെറ്റിദ്ധരിക്കുമ്പോഴും, നിർദ്ദയമായി വിമർശിക്കുമ്പോഴും കുറ്റക്കാരനായി വിധിക്കുമ്പോഴും അതെല്ലാം അങ്ങയെപ്പോലെ സമചിത്തനായി സഹിക്കുവാൻ എന്നെയനുഗ്രഹിക്കണമേ. അവരുടെ ഉദ്ദേശത്തെപ്പറ്റി ചിന്തിക്കാതെ അവർക്കുവേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിക്കുവാൻ എന്നെ സഹായിക്കണമേ.

1 സ്വർഗ്ഗ. 1 നന്മ.

കാർമ്മി: കർത്താവേ, അനുഗ്രഹിക്കണമേ.

സമൂഹം: പരിശുദ്ധ ദൈവമാതാവേ, ക്രൂശിതനായ കർത്താവിന്റെ തിരുമുറിവുകൾ, എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

രണ്ടാം സ്ഥലത്തേക്കു പോകുമ്പോൾ

കുരിശു ചുമന്നിടുന്നു ലോകത്തിൻ
വിനകൾ ചുമന്നിടുന്നു
നീങ്ങുന്നു ദിവ്യനാഥൻ നിന്ദനം
നിറയും നിരത്തിലൂടെ.

എൻ ജനമേ ചൊൽക, ഞാനെന്തു ചെയ്തു
കുരിശെന്റെ തോളിലേറ്റാൻ
പൂന്തേൻ തുളുമ്പുന്ന നാട്ടിൽ ഞാൻ നിങ്ങളെ
ആശയോടാനയിച്ചു.

എന്തേയിദം നിങ്ങളെല്ലാം മറന്നെന്റെ
ആത്മാവിനാതങ്കമേറ്റി. (2)

രണ്ടാം സ്ഥലം

കാർമ്മി: ഈശോമിശിഹാ കുരിശു ചുമക്കുന്നു.

സമൂഹം: ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ, വിശുദ്ധ കുരിശിനാൽ, അങ്ങു ലോകത്തെ രക്ഷിച്ചു.

കാർമ്മി: ഭാരമേറിയ കുരിശും ചുമന്നുകൊണ്ട് അവിടുന്നു മുന്നോട്ടു നീങ്ങുന്നു. ഈശോയുടെ ചുറ്റും നോക്കുക. സ്നേഹിതന്മാർ ആരുമില്ല. യൂദാസ് അവിടുത്തെ ഒറ്റിക്കൊടുത്തു. പത്രോസ് അവിടുത്തെ പരിത്യജിച്ചു. മറ്റു ശിഷ്യന്മാർ ഓടിയൊളിച്ചു. അവിടുത്തെ അത്ഭുതപ്രവർത്തികൾ കണ്ടവരും അവയുടെ ഫലമനുഭവിച്ചവരും ഇപ്പോൾ എവിടെ? ഓശാനപാടി എതിരേറ്റവരും ഇന്നു നിശബ്ദരായിരിക്കുന്നു. ഈശോയെ സഹായിക്കുവാനോ, ഒരാശ്വാസവാക്കു പറയുവാനോ അവിടെ ആരുമില്ല.

എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവൻ സ്വയം പരിത്യജിച്ച്, തന്റെ കുരിശും വഹിച്ചുകൊണ്ട് എന്റെ പിന്നാലെ വരട്ടെ എന്ന് അങ്ങ്

അരുളിചെയ്തിട്ടുണ്ടല്ലോ. എന്റെ സങ്കടങ്ങളുടെയും ക്ലേശങ്ങളുടെയും കുരിശു ചുമന്നുകൊണ്ട് ഞാൻ അങ്ങേ രക്തമണിഞ്ഞ കാല്പാടുകൾ പിന്തുടരുന്നു. വലയുന്നവരെയും ഭാരം ചുമക്കുന്നവരെയും ആശ്വസിപ്പിക്കുന്ന കർത്താവേ എന്റെ ക്ലേശങ്ങളെല്ലാം പരാതികൂടാതെ സഹിക്കുവാൻ എന്നെ സഹായിക്കണമേ

1 സ്വർഗ്ഗ. 1 നന്മ.

കാർമ്മി: കർത്താവേ, അനുഗ്രഹിക്കണമേ.

സമൂഹം: പരിശുദ്ധ ദൈവമാതാവേ, ക്രൂശിതനായ കർത്താവിന്റെ തിരുമുറിവുകൾ, എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

മൂന്നാം സ്ഥലത്തേക്ക് പോകുമ്പോൾ

കുരിശിൻ കനത്തഭാരം താങ്ങുവാൻ / കഴിയാതെ ലോകനാഥൻ
പാദങ്ങൾ പതറിവീണു കല്ലുകൾ / നിറയും പെരുവഴിയിൽ.

തൃപ്പാദം കല്ലിന്മേൽ തട്ടി മുറിഞ്ഞു / ചെന്നിണം വാർന്നൊഴുകി
മാനവരില്ലാ വാനവരില്ലാ / താങ്ങിത്തുണച്ചീടുവാൻ.

അനുതാപ മൂറുന്ന, ചുടുകണ്ണുനീർ ളുകി / യണയുന്നു മുന്നിൽ ഞങ്ങൾ. (3)

മൂന്നാം സ്ഥലം

കാർമ്മി: ഈശോമിശിഹാ ഒന്നാം പ്രാവശ്യം വീഴുന്നു.

സമൂഹം: ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ, വിശുദ്ധ കുരിശിനാൽ, അങ്ങു ലോകത്തെ രക്ഷിച്ചു.

കാർമ്മി: കല്ലുകൾ നിറഞ്ഞ വഴി. ഭാരമുള്ള കുരിശ്. ക്ഷീണിച്ച ശരീരം. വിറയ്ക്കുന്ന കാലുകൾ. അവിടുന്നു മുഖം കുത്തി നിലത്തു വീഴുന്നു. മുട്ടുകൾ പൊട്ടി രക്തമൊലിക്കുന്നു. യൂദന്മാർ അവിടുത്തെ പരിഹസിക്കുന്നു. പട്ടാളക്കാർ അടിക്കുന്നു. ജനക്കൂട്ടം ആർപ്പുവിളിക്കുന്നു. അവിടുന്നു മിണ്ടുന്നില്ല.

"ഞാൻ സഞ്ചരിയ്ക്കുന്ന വഴികളിൽ അവർ എനിക്കു കെണികൾ വെച്ചു. ഞാൻ വലത്തേയ്ക്ക് തിരിഞ്ഞു നോക്കി. എന്നെ അറിയുന്നവർ ആരുമില്ല. ഓടിയൊളിക്കുവാൻ ഇടമില്ല, എന്നെ രക്ഷിക്കുവാൻ ആളുമില്ല." "അവിടുന്നു നമ്മുടെ ഭാരം ചുമക്കുന്നു. നമുക്കുവേണ്ടി അവിടുന്നു സഹിച്ചു."

കർത്താവേ, ഞാൻ വഹിക്കുന്ന കുരിശിനും ഭാരമുണ്ട്. പലപ്പോഴും കുരിശോടുകൂടെ ഞാനും നിലത്തു വീണുപോകുന്നു. മറ്റുള്ളവർ അതുകണ്ടു പരിഹസിക്കുകയും, എന്റെ വേദന വർധിപ്പിക്കുകയും ചെയ്യാറുണ്ട്. കർത്താവേ, എനിക്കു വീഴ്ചകൾ ഉണ്ടാകുമ്പോൾ എന്നെത്തന്നെ നിയന്ത്രിക്കുവാൻ എന്നെ പഠിപ്പിക്കണമേ. കുരിശു വഹിക്കുവാൻ ശക്തിയില്ലാതെ ഞാൻ തളരുമ്പോൾ എന്നെ സഹായിക്കണമേ .

1 സ്വർഗ്ഗ. 1 നന്മ.

കാർമ്മി: കർത്താവേ, അനുഗ്രഹിക്കണമേ.

സമൂഹം: പരിശുദ്ധ ദൈവമാതാവേ, ക്രൂശിതനായ കർത്താവിന്റെ തിരുമുറിവുകൾ, എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

നാലാം സ്ഥലത്തേക്ക് പോകുമ്പോൾ

വഴിയിൽക്കരഞ്ഞു വന്നോ-രമ്മയെ / തനയൻ തിരിഞ്ഞു നോക്കി.
സ്വർഗ്ഗീയ കാന്തി ചിന്തും, മിഴികളിൽ / കൂരമ്പു താണിറങ്ങി.

ആരോടു നിന്നെ ഞാൻ സാമ്യ-പ്പെടുത്തും / കദനപ്പെരുങ്കടലേ
ആരറിഞ്ഞാഴത്തിലലതല്ലി നിൽക്കുന്ന / നിൻ മനോവേദന.

നിൻ കണ്ണുനീരാൽ, കഴുകേണമെന്നിൽ / പതിയുന്ന മാലിന്യമെല്ലാം. (2)

നാലാം സ്ഥലം

കാർമ്മി: ഈശോമിശിഹാ തന്റെ തിരുമാതാവിനെ കാണുന്നു.

സമൂഹം: ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ, വിശുദ്ധ കുരിശിനാൽ, അങ്ങു ലോകത്തെ രക്ഷിച്ചു.

കാർമ്മി: കുരിശുയാത്ര മുന്നോട്ടു നീങ്ങുന്നു. ഇടയ്ക്ക് സങ്കടകരമായ ഒരു കൂടികാഴ്ച. അവിടുത്തെ മാതാവു ഓടിയെത്തുന്നു. അവർ പരസ്പരം നോക്കി. കവിഞ്ഞൊഴുകുന്ന നാലു കണ്ണുകൾ. വിങ്ങിപ്പൊട്ടുന്ന രണ്ടു ഹൃദയങ്ങൾ. അമ്മയും മകനും സംസാരിക്കുന്നില്ല. മകന്റെ വേദന അമ്മയുടെ ഹൃദയം തകർക്കുന്നു. അമ്മയുടെ വേദന മകന്റെ ദുഃഖം വർദ്ധിപ്പിക്കുന്നു.

നാല്പതാം ദിവസം ഉണ്ണിയെ ദേവാലയത്തിൽ കാഴ്ച വെച്ച സംഭവം മാതാവിന്റെ ഓർമ്മയിൽ വന്നു. "നിന്റെ ഹൃദയത്തിൽ ഒരു വാൾ കടക്കും" എന്ന് പരിശുദ്ധനായ ശിമയോൻ അന്ന് പ്രവചിച്ചു. "കണ്ണുനീ

രോടെ വിതയ്ക്കുന്നവൻ സന്തോഷത്തോടെ കൊയ്യുന്നു". "ഈ ലോകത്തിലെ നിസ്സാരസങ്കടങ്ങൾ നമുക്കു നിത്യഭാഗ്യം പ്രദാനം ചെയ്യുന്നു."

ദുഃഖസമുദ്രത്തിൽ മുഴുകിയ ദിവ്യരക്ഷിതാവേ, സഹനത്തിന്റെ ഏകാന്ത നിമിഷങ്ങളിൽ അങ്ങേ മാതാവിന്റെ മാതൃക ഞങ്ങളെ ആശ്വസിപ്പിക്കട്ടെ. അങ്ങയുടെയും അങ്ങേ മാതാവിന്റെയും സങ്കടത്തിനു കാരണം ഞങ്ങളുടെ പാപങ്ങൾ ആണെന്ന് ഞങ്ങൾ അറിയുന്നു. അവയെല്ലാം പരിഹരിക്കുവാൻ ഞങ്ങളെ സഹായിക്കണമേ.

1 സ്വർഗ്ഗ. 1 നന്മ.

കാർമ്മി: കർത്താവേ, അനുഗ്രഹിക്കണമേ.

സമൂഹം: പരിശുദ്ധ ദൈവമാതാവേ, ക്രൂശിതനായ കർത്താവിന്റെ തിരുമുറിവുകൾ, എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

അഞ്ചാം സ്ഥലത്തേക്ക് പോകുമ്പോൾ

കുരിശു ചുമന്നു നീങ്ങും, നാഥനെ / ശിമയോൻ തുണച്ചീടുന്നു.
നാഥാ നിൻ കുരിശു താങ്ങാൻ കൈവന്ന / ഭാഗ്യമേ ഭാഗ്യം.

നിൻ കുരിശെത്രയോ, ലോലം നിൻ നുക / മാനന്ദദായകം.
അഴലിൽ വീണഴലുന്നോർ ക്കവലംബമേകുന്ന / കുരിശേ നമിച്ചിടുന്നു.

സുരലോക നാഥാ നിൻ / കുരിശൊന്നു താങ്ങുവാൻ
തരണേ വരങ്ങൾ നിരന്തം. (2)

അഞ്ചാംസ്ഥലം

കാർമ്മി: ഈശോമിശിഹായെ ശെമയോൻ സഹായിക്കുന്നു.

സമൂഹം: ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ, വിശുദ്ധ കുരിശിനാൽ, അങ്ങു ലോകത്തെ രക്ഷിച്ചു.

കാർമ്മി: ഈശോ വളരെയധികം തളർന്നു കഴിഞ്ഞു. ഇനി കുരിശോടുകൂടെ മുന്നോട്ടു നീങ്ങുവാൻ ശക്തനല്ല. അവിടുന്നു വഴിയിൽ വെച്ചു തന്നെ മരിച്ചുപോയേക്കുമെന്ന് യൂദന്മാർ ഭയന്നു. അപ്പോൾ ശിമയോൻ എന്നൊരാൾ വയലിൽ നിന്നു വരുന്നത് അവർ കണ്ടു. കെവുറീൻകാരനായ ആ മനുഷ്യൻ അലക്സാണ്ടറിന്റെയും റോപ്പോസിന്റെയും പിതാവായിരുന്നു. അവിടുത്തെ കുരിശുചുമക്കാൻ അവർ അയാളെ നിർബന്ധിച്ചു. അവർക്ക് ഈശോയോട് സഹതാപം തോന്നിയിട്ടല്ല. ജീവനോടെ അവിടുത്തെ കുരിശിൽ തറയ്ക്കണമെന്ന് അവർ തീരുമാനിച്ചിരുന്നു.

കരുണാനിധിയായ കർത്താവേ, ഈ സ്ഥിതിയിൽ ഞാൻ അങ്ങയെ കണ്ടിരുന്നുവെങ്കിൽ എന്നെത്തന്നെ വിസ്മരിച്ച് ഞാൻ അങ്ങയെ സഹായിക്കുമായിരുന്നു. എന്നാൽ, "എന്റെ ഈ ചെറിയ സഹോദരന്മാരിൽ ആർക്കെങ്കിലും നിങ്ങൾ സഹായം ചെയ്തപ്പോഴെല്ലാം എനിക്കുതന്നെയാണ് ചെയ്തത്" എന്ന് അങ്ങ് അരുളിച്ചെയ്തിട്ടുണ്ടല്ലോ. അതിനാൽ ചുറ്റുമുള്ളവരിൽ അങ്ങയെ കണ്ടുകൊണ്ട് കഴിവുള്ള വിധത്തിലെല്ലാം അവരെ സഹായിക്കുവാൻ എന്നെ അനുഗ്രഹിക്കണമേ. അപ്പോൾ ഞാനും ശിമയോനെപ്പോലെ അനുഗ്രഹീതനാകും, അങ്ങേ പീഡാനുഭവം എന്നിലൂടെ പൂർത്തിയാവുകയും ചെയ്യും.

1 സ്വർഗ്ഗ. 1 നന്മ.

കാർമ്മി: കർത്താവേ, അനുഗ്രഹിക്കണമേ.

സമൂഹം: പരിശുദ്ധ ദൈവമാതാവേ, ക്രൂശിതനായ കർത്താവിന്റെ തിരുമുറിവുകൾ, എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

ആറാം സ്ഥലത്തേയ്ക്ക് പോകുമ്പോൾ

വാടിത്തളർന്നു മുഖം - നാഥന്റെ / കണ്ണുകൾ താണുമങ്ങി.
വേറോനിക്കാ മിഴിനീർ - തുകിയാ / ദിവ്യാനനം തുടച്ചു.

മാലാഖാമാർക്കെല്ലാ മാനന്ദമേകുന്ന / മാനത്തെപ്പൂനിലാവേ.
താബോർമാമല, മേലേ നിന്മുഖം / സൂര്യനെപ്പോലെ മിന്നി.

ഇന്നാമുഖത്തിന്റെ / ലാവണ്യമൊന്നാകെ / മങ്ങി ദുഃഖത്തിൽ മുങ്ങി. (2)

ആറാം സ്ഥലം

കാർമ്മി: വേറോനിക്ക ഈശോമിശിഹായുടെ തിരുമുഖം തുടയ്ക്കുന്നു.

സമൂഹം: ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ, വിശുദ്ധ കുരിശിനാൽ, അങ്ങു ലോകത്തെ രക്ഷിച്ചു.

കാർമ്മി: ഭക്തയായ വേറോനിക്കാ മിശിഹായെ കാണുന്നു. അവളുടെ ഹൃദയം സഹതാപത്താൽ നിറഞ്ഞു. അവൾക്ക് അവിടുത്തെ ആശ്വസിപ്പിക്കണം. പട്ടാളക്കാരുടെ മദ്ധ്യത്തിലൂടെ അവൾ ഈശോയെ സമീപിക്കുന്നു. ആരെങ്കിലും എന്തെങ്കിലും പറഞ്ഞുകൊള്ളട്ടെ. സ്നേഹം പ്രതിബന്ധം അറിയുന്നില്ല. "പരമാർത്ഥ ഹൃദയർ അവിടുത്തെ കാണും." "അങ്ങിൽ ശരണപ്പെടുന്ന വരാരും നിരാശരാവുകയില്ല." അവൾ ഭക്തിപൂർവ്വം തന്റെ ളുവാലയെടുത്തു. രക്തം പുരണ്ട മുഖം വിനയപൂർവ്വം തുടച്ചു.

"എന്നോടു സഹതാപിക്കുന്നവരുണ്ടോ എന്ന് ഞാൻ അന്വേഷിച്ചു നോക്കി. ആരെയും കണ്ടില്ല. എന്നെ ആശ്വസിപ്പിക്കാൻ ആരുമില്ല." പ്രവാചകൻ വഴി അങ്ങ് അരുളിച്ചെയ്ത ഈ വാക്കുകൾ എന്റെ ചെവികളിൽ മുഴങ്ങിക്കൊണ്ടിരിയ്ക്കുന്നു. സ്നേഹം നിറഞ്ഞ കർത്താവേ, വേറോനിക്കായെപ്പോലെ അങ്ങയോടു സഹതപിക്കുവാനും അങ്ങയെ ആശ്വസിപ്പിക്കുവാനും ഞാൻ ആഗ്രഹിക്കുന്നു. അങ്ങേ പീഡാനുഭവത്തിന്റെ മായാത്ത മുദ്ര എന്റെ ഹൃദയത്തിൽ പതിക്കണമേ.

1 സ്വർഗ്ഗ. 1 നന്മ.

കാർമ്മി: കർത്താവേ, അനുഗ്രഹിക്കണമേ.

സമൂഹം: പരിശുദ്ധ ദൈവമാതാവേ, ക്രൂശിതനായ കർത്താവിന്റെ തിരുമുറിവുകൾ, എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

ഏഴാം സ്ഥലത്തേയ്ക്ക് പോകുമ്പോൾ

ഉച്ചവെയ്ലിൽ പൊരിഞ്ഞു - ദുസ്സഹ / മർദ്ദനത്താൽ വലഞ്ഞു.
ദേഹം തളർന്നുതാണു - രക്ഷകൻ / വീണ്ടും നിലത്തു വീണു.

ലോകപാപങ്ങളാണങ്ങയെ വീഴിച്ചു / വേദനിപ്പിച്ചതേവം.
ഭാരം നിറഞ്ഞൊരാ ക്രൂശു നിർമ്മിച്ചതെൻ / പാപങ്ങൾ തന്നെയല്ലോ.

താപം കലർന്നങ്ങേ / പാദം പുണർന്നു ഞാൻ
കേഴുന്നു കനിയേണമെന്നിൽ. (2)

ഏഴാം സ്ഥലം

കാർമ്മി: ഈശോമിശിഹാ രണ്ടാം പ്രാവശ്യം വീഴുന്നു.

സമൂഹം: ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ, വിശുദ്ധ കുരിശിനാൽ, അങ്ങു ലോകത്തെ രക്ഷിച്ചു.

കാർമ്മി: ഈശോ ബലഹീനനായി വീണ്ടും നിലത്തു വീഴുന്നു. മുറിവുകളിൽ നിന്നു രക്തമൊഴുകുന്നു. ശരീരമാകെ വേദനിക്കുന്നു. "ഞാൻ പൂഴിയിൽ വീണുപോയി എന്റെ ആത്മാവു ദു:ഖിച്ചു തളർന്നു." ചുറ്റുമുള്ളവർ പരിഹസിക്കുന്നു. അവിടുന്ന് അതൊന്നും ഗണ്യമാക്കുന്നില്ല. "എന്റെ പിതാവ് എനിക്കുതന്ന പാനപാത്രം ഞാൻ കുടിക്കേണ്ടതല്ലയോ?" പിതാവിന്റെ ഇഷ്ടം നിറവേറ്റാനല്ലാതെ അവിടുന്നു മറ്റൊന്നും ആഗ്രഹിക്കുന്നില്ല.

മനുഷ്യപാപങ്ങളുടെ ഭാരമെല്ലാം ചുമന്ന മിശിഹായെ, അങ്ങയെ ആശ്വസിപ്പിക്കുവാനായി ഞങ്ങൾ അങ്ങയെ സമീപിക്കുന്നു. അങ്ങയെ ക്കൂടാതെ ഞങ്ങൾക്ക് ഒന്നും ചെയ്യുവാൻ ശക്തിയില്ല. ജീവിതത്തിന്റെ ഭാരത്താൽ ഞങ്ങൾ തളർന്നു വീഴുകയും എഴുന്നേൽക്കുവാൻ കഴിവി ല്ലാതെ വലയുകയും ചെയ്യുന്നു. അങ്ങേ തൃക്കൈ നീട്ടി ഞങ്ങളെ സഹായി ക്കണമേ.

1 സ്വർഗ്ഗ. 1 നന്മ.

കാർമ്മി: കർത്താവേ, അനുഗ്രഹിക്കണമേ.

സമൂഹം: പരിശുദ്ധ ദൈവമാതാവേ, ക്രൂശിതനായ കർത്താവിന്റെ തിരുമു റിവുകൾ, എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

എട്ടാം സ്ഥലത്തേയ്ക്ക് പോകുമ്പോൾ

ഓർശ്ലേമിൻ പുത്രിമാരേ - നിങ്ങളി / ന്നെന്നെയോർത്തെന്തിനേവം
കരയുന്നു നിങ്ങളേയും - സുതരേയു / മോർത്തോത്തു കേണുകൊൾവിൻ.

വേദന തിങ്ങുന്ന കാലം വരുന്നു / കണ്ണീരണിഞ്ഞ കാലം.
മലകളേ ഞങ്ങളെ മൂടുവിൻ വേഗമെ / ന്നാരവം കേൾക്കുമെങ്ങും.

കരൾനൊന്തു കരയുന്ന / നാരീഗണത്തിനു
നാഥൻ സമാശ്വാസമേകി. (2)

എട്ടാം സ്ഥലം

കാർമ്മി: ഈശോമിശിഹാ ജറുസലെം നഗരിയിലെ സ്ത്രീകളെ ആശ്വസി പ്പിക്കുന്നു.

സമൂഹം: ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ, വിശുദ്ധ കുരിശിനാൽ, അങ്ങു ലോകത്തെ രക്ഷിച്ചു.

കാർമ്മി: ഓർശ്ലത്തിന്റെ തെരുവുകൾ ശബ്ദായമാനമായി. പതിവില്ലാത്ത ബഹളം കേട്ട് സ്ത്രീജനങ്ങൾ വഴിയിലേയ്ക്കു വരുന്നു. അവർക്കു സുപരിചി തനായ ഈശോ കൊലക്കളത്തിലേയ്ക്ക് നയിക്കപ്പെടുന്നു. അവിടുത്തെ പേരിൽ അവർക്ക് അനുകമ്പ തോന്നി. ഓശാന ഞായറാഴ്ചത്തെ ഘോഷ യാത്ര അവരുടെ ഓർമ്മയിൽ വന്നു. സൈത്തിൻ കൊമ്പുകളും ജയ് വിളി കളും. അവർ കണ്ണുനീർ വാർത്തു കരഞ്ഞു. അവരുടെ സഹതാപപ്രകടനം അവിടുത്തെ ആശ്വസിപ്പിച്ചു. അവിടുന്ന് അവരോടു പറയുന്നു: "നിങ്ങ ളെയും നിങ്ങളുടെ കുഞ്ഞുങ്ങളെയും ഓർത്തു കരയുവിൻ." ഏതാനും

വർഷങ്ങൾക്കുള്ളിൽ ഓർശ്ലം ആക്രമിക്കപ്പെടും. അവരും അവരുടെ കുട്ടികളും പട്ടിണി കിടന്നു മരിക്കും. ആ സംഭവം അവിടുന്നു പ്രവചിക്കുകയായിരുന്നു. അവിടുന്നു സ്വയം മറന്ന് അവരെ ആശ്വസിപ്പിക്കുന്നു.

എളിയവരുടെ സങ്കേതമായ കർത്താവേ, ഞെരുക്കത്തിന്റെ കാലത്ത് ഞങ്ങളെ ആശ്വസിപ്പിക്കുന്ന ദൈവമേ, അങ്ങേ ദാരുണമായ പീഡകൾ ഓർത്ത് ഞങ്ങൾ ദുഃഖിക്കുന്നു. അവയ്ക്ക് കാരണമായ ഞങ്ങളുടെ പാപങ്ങളോർത്ത് കരയുവാനും ഭാവിയിൽ പരിശുദ്ധരായി ജീവിക്കുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ.

1 സ്വർഗ്ഗ. 1 നന്മ.

കാർമ്മി: കർത്താവേ, അനുഗ്രഹിക്കണമേ.

സമൂഹം: പരിശുദ്ധ ദൈവമാതാവേ, ക്രൂശിതനായ കർത്താവിന്റെ തിരുമുറിവുകൾ, എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

ഒൻപതാം സ്ഥലത്തേയ്ക്ക് പോകുമ്പോൾ

കൈകാലുകൾ കുഴഞ്ഞു - നാഥന്റെ / തിരുമെയ് തളർന്നുലഞ്ഞു.
കുരിശുമായി മൂന്നാമതും - പൂഴിയിൽ / വീഴുന്നു ദൈവപുത്രൻ.

മെഴുകുപോലെന്നുടെ ഹൃദയമുരുകി / കണ്ണും വരണ്ടുണങ്ങി.
താണുപോയി നാവെന്റെ ദേഹം നുറുങ്ങി / മരണം പറന്നിറങ്ങി.

വളരുന്ന ദുഃഖങ്ങൾ, തളരുന്ന പൂമേനി /ഉരുകുന്ന കരളിന്റെയുള്ളം. (2)

ഒമ്പതാം സ്ഥലം

കാർമ്മി: ഈശോമിശിഹാ മൂന്നാം പ്രാവശ്യം വീഴുന്നു.

സമൂഹം: ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ, വിശുദ്ധ കുരിശിനാൽ, അങ്ങു ലോകത്തെ രക്ഷിച്ചു.

കാർമ്മി: മുന്നോട്ടു നീങ്ങുവാൻ അവിടുത്തേയ്ക്ക് ഇനി ശക്തിയില്ല. രക്തമെല്ലാം തീരാറായി. തല കറങ്ങുന്നു. ശരീരം വിറയ്ക്കുന്നു. അവിടുന്ന് അതാ നിലംപതിക്കുന്നു. സ്വയം എഴുന്നേൽക്കുവാൻ ശക്തിയില്ല. ശത്രുക്കൾ അവിടുത്തെ വലിച്ചെഴുന്നേല്പ്പിക്കുന്നു. ബലി പൂർത്തിയാകുവാൻ ഇനി വളരെ സമയമില്ല. അവിടുന്നു നടക്കുവാൻ ശ്രമിക്കുന്നു. "നീ പീഡിപ്പിക്കുന്ന ഈശോയാകുന്നു ഞാൻ" എന്നു ശാവോലിനോട് അരുളിച്ചെയ്ത വാക്കുകൾ ഇപ്പോൾ നമ്മെ നോക്കി അവിടുന്ന് ആവർത്തിക്കുന്നു.

ലോകപാപങ്ങൾക്കു പരിഹാരം ചെയ്ത കർത്താവേ, അങ്ങേ പീഡകളുടെ മുമ്പിൽ എന്റെ വേദനകൾ എത്ര നിസ്സാരമാകുന്നു. എങ്കിലും ജീവിതഭാരം നിമിത്തം, ഞാൻ പലപ്പോഴും ക്ഷീണിച്ചുപോകുന്നു. പ്രയാസങ്ങൾ എന്നെ അലട്ടികൊണ്ടിരിയ്ക്കുന്നു. ഒരു വേദന തീരും മുമ്പ് മറ്റൊന്നു വന്നു കഴിഞ്ഞു. ജീവിതത്തിൽ നിരാശനാകാതെ അവയെല്ലാം അങ്ങയെ ഓർത്തു സഹിക്കുവാൻ എനിക്കു ശക്തി തരണമേ. എന്തെന്നാൽ, എന്റെ ജീവിതം ഇനി എത്ര നീളുമെന്ന് എനിക്കറിഞ്ഞുകൂടാ. "ആർക്കും വേല ചെയ്യാൻ പാടില്ലാത്ത രാത്രികാലം അടുത്തു വരികയാണല്ലോ."

1 സ്വർഗ്ഗ. 1 നന്മ.

കാർമ്മി: കർത്താവേ, അനുഗ്രഹിക്കണമേ.
സമൂഹം: പരിശുദ്ധ ദൈവമാതാവേ, ക്രൂശിതനായ കർത്താവിന്റെ തിരുമുറിവുകൾ, എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

പത്താം സ്ഥലത്തേയ്ക്ക് പോകുമ്പോൾ

എത്തിവിലാപയാത്ര - കാൽവരി / ക്കുന്നിൽ മുകൾപ്പരപ്പിൽ
നാഥന്റെ വസ്ത്രമെല്ലാം - ശത്രുക്ക / ളൊന്നായുരിഞ്ഞു നീക്കി.

വൈരികൾ തിങ്ങിവരുന്നെന്റെ ചുറ്റിലും / ഘോരമാം ഗർജ്ജനങ്ങൾ.
ഭാഗിച്ചെടുത്തെന്റെ വസ്ത്രങ്ങളെല്ലാം / പാപികൾ വൈരികൾ.

നാഥാ വിശുദ്ധിതൻ / തൂവെള്ള വസ്ത്രങ്ങൾ
കനിവാർന്നു ചാർത്തേണമെന്നെ. (2)

പത്താം സ്ഥലം

കാർമ്മി: ഈശോമിശിഹായുടെ തിരുവസ്ത്രങ്ങൾ ഉരിഞ്ഞെടുക്കപ്പെടുന്നു.

സമൂഹം: ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ, വിശുദ്ധ കുരിശിനാൽ, അങ്ങു ലോകത്തെ രക്ഷിച്ചു.

കാർമ്മി: ഗാഗുൽത്തായിൽ എത്തിയപ്പോൾ അവർ അവിടുത്തേയ്ക്ക് മീറ കലർത്തിയ വീഞ്ഞുകൊടുത്തു. എന്നാൽ, അവിടുന്ന് അത് സ്വീകരിച്ചില്ല. അവിടുത്തെ വസ്ത്രങ്ങൾ നാലായി ഭാഗിച്ച് ഓരോരുത്തർ ഓരോ ഭാഗം എടുക്കുകയും ചെയ്തു. മേലങ്കി തയ്യൽ കൂടാതെ നെയ്യപ്പെട്ടതായിരുന്നു. അത് ആർക്ക് ലഭിക്കണമെന്നു ചിട്ടിയിട്ടു തീരുമാനിക്കാം എന്ന് അവർ പരസ്പരം പറഞ്ഞു. "എന്റെ വസ്ത്രങ്ങൾ അവർ ഭാഗിച്ചെടുത്തു. എന്റെ മേലങ്കിക്കുവേണ്ടി അവർ ചിട്ടിയിട്ടു" എന്നുള്ള തിരുവെഴുത്ത് അങ്ങനെ അന്വർത്ഥമായി.

രക്തത്താൽ ഒട്ടിപ്പിടിച്ചിരുന്ന വസ്ത്രങ്ങൾ ഉരിഞ്ഞെടുക്കപ്പെട്ടപ്പോൾ ദുസ്സഹമായ വേദനയനുഭവിച്ച മിശിഹായേ, പാപം നിറഞ്ഞ പഴയ മനുഷ്യനെ ഉരിഞ്ഞുമാറ്റി അങ്ങയെ ധരിക്കുവാനും, മറ്റൊരു ക്രിസ്തുവായി ജീവിക്കുവാനും, എന്നെ അനുഗ്രഹിക്കണമേ.

1 സ്വർഗ്ഗ. 1 നന്മ.

കാർമ്മി: കർത്താവേ, അനുഗ്രഹിക്കണമേ.

സമൂഹം: പരിശുദ്ധ ദൈവമാതാവേ, ക്രൂശിതനായ കർത്താവിന്റെ തിരുമുറിവുകൾ, എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

പതിനൊന്നാം സ്ഥലത്തേയ്ക്ക് പോകുമ്പോൾ

കുരിശിൽക്കിടത്തീടുന്നു - നാഥന്റെ / കൈകാൽ തറച്ചീടുന്നു.
മർത്യനു രക്ഷ നല്കാ - നെത്തിയ / ദിവ്യമാം കൈകാലുകൾ.

കനിവറ്റ വൈരികൾ ചേർന്നു തുളച്ചെന്റെ / കൈകളും കാലുകളും.
പെരുകുന്നു വേദന-യുരുകുന്നു ചേതന / നിലയറ്റ നീർക്കയം.

മരണം പരത്തിയോ / രിരുളിൽക്കുടുങ്ങി ഞാൻ
ഭയമെന്നെയൊന്നായ് വിഴുങ്ങി. (2)

പതിനൊന്നാം സ്ഥലം

കാർമ്മി: ഈശോമിശിഹാ കുരിശിൽ തറയ്ക്കപ്പെടുന്നു.

സമൂഹം: ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ, വിശുദ്ധ കുരിശിനാൽ, അങ്ങു ലോകത്തെ രക്ഷിച്ചു.

കാർമ്മി: ഈശോയെ കുരിശിൽ കിടത്തി കൈകളിലും കാലുകളിലും അവർ ആണി തറയ്ക്കുന്നു. ആണിപ്പഴുതുകളിലേയ്ക്ക് കൈകാലുകൾ വലിച്ചു നീട്ടുന്നു. ഉഗ്രമായ വേദന. മനുഷ്യനു സങ്കൽപ്പിക്കാൻ കഴിയാത്തവിധം ദുസ്സഹമായ പീഡകൾ. എങ്കിലും അവിടുത്തെ അധരങ്ങളിൽ പരാതിയില്ല. കണ്ണുകളിൽ നൈരാശ്യമില്ല. പിതാവിന്റെ ഇഷ്ടം നിറവേറട്ടെ എന്ന് അവിടുന്നു പ്രാർത്ഥിക്കുന്നു.

ലോക രക്ഷകനായ കർത്താവേ, സ്നേഹത്തിന്റെ പുതിയ സന്ദേശവുമായിവന്ന അങ്ങയെ ലോകം കുരിശിൽ തറച്ചു. അങ്ങേ ലോകത്തിൽ നിന്നല്ലാത്തതിനാൽ ലോകം അങ്ങയെ ദ്വേഷിച്ചു. യജമാനനേക്കാൾ

വലിയ ദാസനില്ലെന്ന് അങ്ങ് അരുളിചെയ്തിട്ടുണ്ടല്ലോ. അങ്ങയെ പീഡിപ്പിച്ചവർ ഞങ്ങളെയും പീഡിപ്പിക്കുമെന്നു ഞങ്ങളറിയുന്നു. അങ്ങയോടുകൂടെ കുരിശിൽ തറയ്ക്കപ്പെടുവാനും, ലോകത്തിനു മരിച്ച്, അങ്ങേയ്ക്കു വേണ്ടി മാത്രം ജീവിക്കുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ.

1 സ്വർഗ്ഗ. 1 നന്മ.

കാർമ്മി: കർത്താവേ, അനുഗ്രഹിക്കണമേ.

സമൂഹം: പരിശുദ്ധ ദൈവമാതാവേ, ക്രൂശിതനായ കർത്താവിന്റെ തിരുമുറിവുകൾ, എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

പന്ത്രണ്ടാം സ്ഥലത്തേയ്ക്ക് പോകുമ്പോൾ

കുരിശിൽ കിടന്നു ജീവൻ - പിരിയുന്നു / ഭുവനൈക നാഥനീശോ.
സൂര്യൻ മറഞ്ഞിരുണ്ടു - നാടെങ്ങു / മന്ധകാരം നിറഞ്ഞു.

നരികൾക്കുറങ്ങുവാ നളയുണ്ടു പറവയ്ക്കു / കൂടുണ്ടു പാർക്കുവാൻ.
നരപുത്രനുഴിയിൽ തലയൊന്നു ചായ്ക്കുവാ / നിടമില്ലൊരേടവും.

പുൽക്കൂടു തൊട്ടങ്ങേ / പുല്കുന്ന ദാരിദ്ര്യം / കുരിശോളം കൂട്ടായ് വന്നു. (2)

പന്ത്രണ്ടാം സ്ഥലം

കാർമ്മി: ഈശോമിശിഹാ കുരിശിൽ തൂങ്ങി മരിക്കുന്നു.

സമൂഹം: ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ, വിശുദ്ധ കുരിശിനാൽ, അങ്ങു ലോകത്തെ രക്ഷിച്ചു.

കാർമ്മി: രണ്ടു കള്ളന്മാരുടെ നടുവിൽ അവിടുത്തെ അവർ കുരിശിൽ തറച്ചു. കുരിശിൽ കിടന്നുകൊണ്ട് ശത്രുക്കൾക്കുവേണ്ടി അവിടുന്ന് പ്രാർത്ഥിക്കുന്നു. നല്ല കള്ളനെ ആശ്വസിപ്പിക്കുന്നു. മാതാവും മറ്റു സ്ത്രീകളും കരഞ്ഞുകൊണ്ട് കുരിശിനു താഴെ നിന്നിരുന്നു. "ഇതാ നിന്റെ മകൻ" എന്ന് അമ്മയോടും, "ഇതാ നിന്റെ അമ്മ" എന്ന് യോഹന്നാനോടും അവിടുന്ന് അരുളിച്ചെയ്തു. മൂന്നുമണി സമയമായിരുന്നു. "എന്റെ പിതാവേ, അങ്ങേ കൈകളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു", എന്നരുളിച്ചെയ്ത് അവിടുന്ന് മരിച്ചു. പെട്ടെന്ന് സൂര്യൻ ഇരുണ്ടു, ആറുമണിവരെ ഭൂമിയിലെങ്ങും അന്ധകാരമായിരുന്നു. ദേവാലയത്തിലെ തിരശീല നടുവേ കീറിപ്പോയി. ഭൂമിയിളകി; പാറകൾ പിളർന്നു; പ്രേതാലയങ്ങൾ തുറക്കപ്പെട്ടു. ശതാധിപൻ ഇതെല്ലാം കണ്ട് ദൈവത്തെ സ്തുതിച്ചുകൊണ്ട് ഈ മനുഷ്യൻ യഥാർത്ഥത്തിൽ നീതിമാനായിരുന്നു,

എന്ന് വിളിച്ചുപറഞ്ഞു. കണ്ടു നിന്നവർ മാറത്തടിച്ചുകൊണ്ടു മടങ്ങിപ്പോയി.

"എനിക്ക് ഒരു മാമ്മോദീസാ മുങ്ങുവാനുണ്ട്. അത് പൂർത്തിയാകുന്നതു വരെ ഞാൻ അസ്വസ്ഥനാകുന്നു." കർത്താവേ, അങ്ങ് ആഗ്രഹിച്ച മാമ്മോദീസാ അങ്ങ് മുങ്ങിക്കഴിഞ്ഞു. അങ്ങേ ദഹനബലി അങ്ങ് പൂർത്തിയാക്കി. എന്റെ ബലിയും ഒരിക്കൽ പൂർത്തിയാകും. ഞാനും ഒരു ദിവസം മരിക്കും. അന്ന് അങ്ങയെപ്പോലെ ഇപ്രകാരം പ്രാർത്ഥിക്കുവാൻ എന്നെ അനുവദിക്കണമേ. എന്റെ പിതാവേ, ഭൂമിയിൽ ഞാൻ അങ്ങയെ മഹത്വപ്പെടുത്തി; എന്നെ ഏല്പിച്ചിരുന്ന ജോലി ഞാൻ പൂർത്തിയാക്കി. ആകയാൽ അങ്ങേപ്പക്കൽ എന്നെ മഹത്വപ്പെടുത്തണമേ.

1 സ്വർഗ്ഗ. 1 നന്മ.

കാർമ്മി: കർത്താവേ, അനുഗ്രഹിക്കണമേ.

സമൂഹം: പരിശുദ്ധ ദൈവമാതാവേ, ക്രൂശിതനായ കർത്താവിന്റെ തിരുമുറിവുകൾ, എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

പതിമൂന്നാം സ്ഥലത്തേയ്ക്ക് പോകുമ്പോൾ

അരുമസുതന്റെ മേനി - മാതാവു / മടിയിൽക്കിടത്തിടുന്നു.
അലയാഴിപോലെനാഥേ - നിൻ ദുഖ / മതിരുകാണാത്തതല്ലോ.

പെരുകുന്നു സന്താപ മുനയേറ്റഹോ നിന്റെ / ഹൃദയം പിളർന്നുവല്ലോ.
ആരാരുമില്ല തെല്ലാശ്വാസമേകുവാ / നാകുലനായികേ.

മുറ്റുന്ന ദുഃഖത്തിൽ /ചുറ്റും തിരിഞ്ഞു ഞാൻ
കിട്ടീലൊരാശ്വാസമെങ്ങും. (2)

പതിമൂന്നാം സ്ഥലം

കാർമ്മി: ഈശോമിഹായുടെ മൃതശരീരം മാതാവിന്റെ മടിയിൽ കിടത്തുന്നു.

സമൂഹം: ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ, വിശുദ്ധ കുരിശിനാൽ, അങ്ങു ലോകത്തെ രക്ഷിച്ചു.

കാർമ്മി: അന്ന് വെള്ളിയാഴ്ചയായിരുന്നു. പിറ്റേന്ന് ശാബതമാകും. അതുകൊണ്ട് ശരീരങ്ങൾ രാത്രി കുരിശിൽ കിടക്കാൻ പാടില്ലെന്നു യൂദന്മാർ പറഞ്ഞു. എന്തെന്നാൽ ആ ശാബതം വലിയ ദിവസമായിരുന്നു. തന്മൂലം കുരിശിൽ തറയ്ക്കപ്പെട്ടവരുടെ കണങ്കാലുകൾ തകർത്ത് ശരീരം താഴെ

യിറക്കണമെന്ന് അവർ പീലാത്തോസിനോട് ആവശ്യപ്പെട്ടു. ആകയാൽ പടയാളികൾ വന്ന് മിശിഹായോടുകൂടെ കുരിശിൽ തറയ്ക്കപ്പെട്ടിരുന്ന രണ്ടു പേരുടെയും കണങ്കാലുകൾ തകർത്തു. ഈശോ പണ്ടേ മരിച്ചുകഴിഞ്ഞിരുന്നു എന്നു കണ്ടതിനാൽ അവിടുത്തെ കണങ്കാലുകൾ തകർത്തില്ല. എങ്കിലും പടയാളികളിൽ ഒരാൾ കുന്തംകൊണ്ട് അവിടുത്തെ വിലാപ്പുറത്തു കുത്തി. ഉടനെ അവിടെ നിന്നു രക്തവും വെള്ളവും ഒഴുകി. അനന്തരം മിശിഹായുടെ മൃതദേഹം കുരിശിൽ നിന്നിറക്കി അവർ മാതാവിന്റെ മടിയിൽ കിടത്തി.

ഏറ്റം വ്യാകുലയായ മാതാവേ, അങ്ങേ വത്സലപുത്രൻ മടിയിൽ കിടന്നുകൊണ്ടു മൂകമായ ഭാഷയിൽ അന്ത്യയാത്ര പറഞ്ഞപ്പോൾ അങ്ങ് അനുഭവിച്ച സങ്കടം ആർക്കു വിവരിക്കാൻ കഴിയും? ഉണ്ണിയായി പിറന്ന ദൈവകുമാരനെ ആദ്യമായി കൈയിലെടുത്തതു മുതൽ ഗാഗുൽത്താവരെയുള്ള സംഭവങ്ങൾ ഓരോന്നും അങ്ങേ ഓർമ്മയിൽ തെളിഞ്ഞുനിന്നു. അപ്പോൾ അങ്ങ് സഹിച്ച പീഡകളെയോർത്തു ജീവിത ദുഃഖത്തിന്റെ ഏകാന്തനിമിഷങ്ങളിൽ ഞങ്ങളെ ധൈര്യപ്പെടുത്തിയാശ്വസിപ്പിക്കണമേ.

1 സ്വർഗ്ഗ. 1 നന്മ.

കാർമ്മി: കർത്താവേ, അനുഗ്രഹിക്കണമേ.

സമൂഹം: പരിശുദ്ധ ദൈവമാതാവേ, ക്രൂശിതനായ കർത്താവിന്റെ തിരുമുറിവുകൾ, എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

പതിനാലാം സ്ഥലത്തേയ്ക്ക് പോകുമ്പോൾ

നാഥന്റെ ദിവ്യദേഹം - വിധിപോലെ / സംസ്കരിച്ചീടുന്നിതാ.
വിജയം വിരിഞ്ഞുപൊങ്ങും - ജീവന്റെ / ഉറവയാണാക്കുടീരം.

മൂന്നുനാൾ മത്സത്തിനുള്ളിൽ കഴിഞ്ഞൊരു /
യൗനാൻ പ്രവാചകൻപോൽ.
ക്ലേശങ്ങളെല്ലാം പിന്നിട്ടു നാഥൻ / മൂന്നാം ദിനമുയിർക്കും.

പ്രഭയോടുയിർത്തങ്ങേ / വരവേൽപ്പിനെത്തീടാൻ
വരമേകണേ ലോകനാഥാ. (2)

പതിനാലാം സ്ഥലം

കാർമ്മി: ഈശോമിശിഹായുടെ തിരുശരീരം സംസ്കരിക്കപ്പെടുന്നു.

സമൂഹം: ഈശോമിശിഹായേ, ഞങ്ങൾ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ, വിശുദ്ധ കുരിശിനാൽ, അങ്ങു ലോകത്തെ രക്ഷിച്ചു.

കാർമ്മി: അനന്തരം പീലാത്തോസിന്റെ അനുവാദത്തോടെ റാംസാക്കാരനായ ഔസേപ്പ് ഈശോയുടെ മൃതദേഹം ഏറ്റെടുത്തു. നൂറു റാത്തലോളം സുഗന്ധകൂട്ടുമായി നിക്കൊദേമൂസും അയാളുടെകൂടെ വന്നിരുന്നു. യൂദന്മാരുടെ ആചാരമനുസരിച്ചു കച്ചകളും പരിമളദ്രവ്യങ്ങളുംകൊണ്ടു ശരീരം പൊതിഞ്ഞു. ഈശോയെ കുരിശിൽ തറച്ചിടത്ത് ഒരു തോട്ടവും, അവിടെ ഒരു പുതിയ കല്ലറയുമുണ്ടായിരുന്നു. ശാബതം ആരംഭിച്ചിരുന്നതു കൊണ്ടും, കല്ലറ അടുത്തായിരുന്നതുകൊണ്ടും, അവർ ഈശോയെ അവിടെ സംസ്കരിച്ചു. "അങ്ങ് എന്റെ ആത്മാവിനെ പാതാളത്തിൽ തള്ളുകയില്ല; അങ്ങേ പരിശുദ്ധൻ അഴിഞ്ഞുപോകുവാൻ അനുവദിക്കുകയുമില്ല."

അനന്തമായ പീഡകൾ സഹിച്ച് മഹത്വത്തിലേയ്ക്കു പ്രവേശിച്ച മിശിഹായേ, അങ്ങയോടുകൂടി മരിക്കുന്നവർ അങ്ങയോടുകൂടി ജീവിക്കുമെന്നും ഞങ്ങൾ അറിയുന്നു. മാമ്മോദീസാ വഴിയായി ഞങ്ങളും അങ്ങയോടുകൂടെ സംസ്കരിക്കപ്പെട്ടിരിക്കയാണല്ലോ. രാവും പകലും അങ്ങേ പീഡാനുഭവത്തെപ്പറ്റി ചിന്തിച്ചുകൊണ്ട് പാപത്തിനു മരിച്ചവരായി ജീവിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.

1 സ്വർഗ്ഗ. 1 നന്മ.

കാർമ്മി: കർത്താവേ, അനുഗ്രഹിക്കണമേ.

സമൂഹം: പരിശുദ്ധ ദൈവമാതാവേ, ക്രൂശിതനായ കർത്താവിന്റെ തിരുമുറിവുകൾ, എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമേ.

സമാപനഗാനം

ലോകത്തിലാഞ്ഞു വീശി - സത്യമാം
നാകത്തിൻ ദിവ്യകാന്തി.
സ്നേഹം തിരിഞ്ഞിറങ്ങി - പാവന
സ്നേഹ പ്രകാശതാരം.

നിന്ദിച്ചു മർത്യനാ സ്നേഹത്തിടമ്പിനെ
നിർദ്ദയം ക്രൂശിലേറ്റി.
നന്ദിയില്ലാത്തവർ ചിന്തയില്ലാത്തവർ
നാഥാ പൊറുക്കേണമേ.

നിൻ പീഡയോർത്തോർത്തു
കണ്ണീരൊഴുക്കുവാൻ
നല്കേണമേ നിൻ വരങ്ങൾ. (2)

സമാപന പ്രാർത്ഥന

കാർമ്മി: നീതിമാനായ പിതാവേ, അങ്ങയെ രഞ്ജിപ്പിക്കുവാൻ സ്വയം ബലിവസ്തുവായിത്തീർന്ന പ്രിയപുത്രനെ സ്വീകരിച്ചുകൊണ്ടു ഞങ്ങളുടെ പാപങ്ങൾ പൊറുക്കുകയും, ഞങ്ങളോടു രമ്യപ്പെടുകയും ചെയ്യണമേ. അങ്ങേ തിരുക്കുമാരൻ ഗാഗുൽത്തായിൽ ചിന്തിയ തിരുരക്തം ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. ആ തിരുരക്തത്തെയോർത്തു ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ. ഞങ്ങളുടെ പാപം വലുതാണെന്ന് ഞങ്ങളറിയുന്നു. എന്നാൽ അങ്ങേ കാരുണ്യം അതിനേക്കാൾ വലുതാണല്ലോ. ഞങ്ങളുടെ പാപങ്ങൾ കണക്കിലെടുക്കുമ്പോൾ അവയ്ക്കുവേണ്ടിയുള്ള ഈ പരിഹാരബലിയെയും ഗൗനിക്കേണമേ. ഞങ്ങളുടെ പാപങ്ങൾ നിമിത്തം അങ്ങേ പ്രിയപുത്രൻ ആണികളാൽ തറയ്ക്കപ്പെടുകയും കുന്തത്താൽ കുത്തപ്പെടുകയും ചെയ്തു. അങ്ങേ പ്രസാദിപ്പിക്കാൻ അവിടുത്തെ പീഡകൾ ധാരാളം മതിയല്ലോ.

1 സ്വർഗ്ഗ. ... 1 നന്മ. ... 1 ത്രിത്വ. ...

മനസ്താപ പ്രകരണം

എന്റെ ദൈവമേ, ഏറ്റം നല്ലവനും, എല്ലാറ്റിനും ഉപരിയായി / സ്നേഹിക്കപ്പെടുവാൻ യോഗ്യനുമായ / അങ്ങേക്കെതിരായി പാപം ചെയ്തുപോയതിനാൽ / പൂർണ്ണ ഹൃദയത്തോടെ ഞാൻ മനഃസ്തപിക്കുകയും / പാപങ്ങളെ വെറുക്കുകയും ചെയ്യുന്നു. എന്റെ പാപങ്ങളാൽ / എന്റെ ആത്മാവിനെ അശുദ്ധമാക്കിയതിനാലും / സ്വർഗ്ഗത്തെ നഷ്ടപ്പെടുത്തി / നരകത്തിനു *അർഹനായി (അർഹയായി)* ത്തീർന്നതിനാലും / ഞാൻ ഖേദിക്കുന്നു. അങ്ങയുടെ പ്രസാദവര സഹായത്താൽ / പാപസാഹചര്യങ്ങളെ ഉപേക്ഷിക്കുമെന്നും / മേലിൽ പാപം ചെയ്യുകയില്ലെന്നും / ദൃഢമായി ഞാൻ പ്രതിജ്ഞ ചെയ്യുന്നു. ഏതെങ്കിലുമൊരു പാപം ചെയ്യുക എന്നതിനേക്കാൾ / മരിക്കാനും ഞാൻ *സന്നദ്ധനാ(യാ)*യിരിക്കുന്നു. ആമ്മേൻ.

ഓശാന ഞായർ

പ്രാരംഭ ഗീതം

ഓർശ്ലേംനഗരത്തിൻ, വാതിൽ തുറക്കുന്നു.
ഒലിവിൻ ശിഖിരങ്ങൾ, കൈകളിലുയരുന്നു.
ഓശാനകളാൽ വഴിയെല്ലാം, മുഖരിതമാകുന്നു.

രാജമഹേശ്വരനാം, മിശിഹായണയുന്നു,
കഴുതക്കുട്ടിയതാ, വാഹനമാകുന്നു.
തെരുവോരങ്ങളിൽ ജയ്‌വിളികൾ / മാറ്റൊലി തീർക്കുന്നു.

വാനവരോടൊപ്പം, പാടാം ഓശാന
വിനയാന്വിതരായ് നാം, നാഥനു സ്തുതിപാടാം.
സ്വർഗ മനോഹര ഭവനത്തിൽ / ചേർക്കുക ഞങ്ങളെയും.

പാതകൾ തോറും വെൺ, പട്ടു വിരിപ്പുകളും
സൈത്തിൻ കൊമ്പുകളും, നിന്നെതിരേല്പിന്നായ്
അന്നുവിരിച്ചതു പോൽ ഹൃദയം / ഞങ്ങൾ വിരിച്ചീടാം.

സ്നേഹത്തിന്റെ കല്പന *(ഗാനം)*

കാർമ്മി:
അന്നാ പെസഹാത്തിരുനാളിൽ / കർത്താവരുളിയ കല്പനപോൽ
തിരുനാമത്തിൽച്ചേർന്നീടാം / ഒരുമയോടീ ബലിയർപ്പിക്കാം.

സമൂഹം: അനുരഞ്ജിതരായ് തീർന്നീടാം / നവമൊരു പീഠമൊരുക്കീടാം
ഗുരുവിൻ സ്നേഹമൊടീയാഗം / തിരുമുമ്പാകെയണച്ചീടാം.

കാർമ്മി: അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

സമൂഹം: ആമ്മേൻ.

കാർമ്മി: ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും.

സമൂഹം: ആമ്മേൻ.

(പകരം ഗാനം)

കാർമ്മി: അത്യുന്നതമാം സ്വർല്ലോകത്തിൽ, സർവ്വേശനു സ്തുതിഗീതം.*(3)*

സമൂഹം: ഭൂമിയിലെങ്ങും മർത്യനു ശാന്തി, പ്രത്യാശയുമെന്നേക്കും. (3)

കാർമ്മി: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ***(സമൂഹവും ചേർന്ന്)*** അങ്ങയുടെ നാമം പൂജിതമാകണമെ / അങ്ങയുടെ രാജ്യം വരണമെ / അങ്ങയുടെ തിരുമനസ്സു സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമെ. ഞങ്ങൾക്കു ആവശ്യകമായ ആഹാരം / ഇന്നു ഞങ്ങൾക്കു തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ, ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതെ. ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമെ. എന്തുകൊണ്ടെന്നാൽ /രാജ്യവും ശക്തിയും മഹത്വവും എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ / അങ്ങയുടെ മഹത്വത്താൽ സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു / മാലാഖമാരും മനുഷ്യരും അങ്ങു പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്ന് ഉൽഘോഷിക്കുന്നു.

പകരം ഗാനം

കാർമ്മി: സ്വർഗ്ഗസ്ഥിതനാം താതാ നിൻ, നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ, പരിശുദ്ധൻ നീ പരിശുദ്ധൻ.

സമൂഹം: *(രണ്ടു ഗണമായി തുടരുന്നു).*

സ്വർഗ്ഗസ്ഥിതനാം താതാനിൻ, സ്തുതിതൻനിസ്തുല-മഹിമാവാൽ
ഭൂസ്വർഗ്ഗങ്ങൾ നിറഞ്ഞു സദാ, പാവനമായി വിളങ്ങുന്നു.

വാനവമാനവവൃന്ദങ്ങൾ, ഉദ്ഘോഷിപ്പൂ സാമോദം
പരിശുദ്ധൻ നീ എന്നെന്നും, പരിശുദ്ധൻ നീ പരിശുദ്ധൻ.

സ്വർഗ്ഗസ്ഥിതനാം താതാ നിൻ, നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ, നിൻ ഹിതമിവിടെ ഭവിക്കണമെ.

സ്വർഗ്ഗത്തെന്നതുപോലുലകിൽ, നിൻ ചിത്തം നിറവേറണമേ
ആവശ്യകമാ മാഹാരം, ഞങ്ങൾക്കിന്നരുളീടണമേ.

ഞങ്ങൾ കടങ്ങൾ പൊറുത്തതുപോൽ, ഞങ്ങൾക്കുള്ള കടം സകലം
പാപത്തിൻ കട ബാദ്ധ്യതയും, അങ്ങു കനിഞ്ഞു പൊറുക്കണമേ.

ഞങ്ങൾ പരീക്ഷയിലൊരുനാളും, ഉൾപ്പെടുവാനിടയാകരുതേ
ദുഷ്ടാരൂപിയിൽ നിന്നെന്നും, ഞങ്ങളെ രക്ഷിച്ചരുളണമേ.

എന്തെന്നാലെന്നാളേക്കും, രാജ്യം ശക്തിമഹത്വങ്ങൾ
താവകമല്ലോ കർത്താവേ, ആമ്മേനാമ്മേനെന്നേക്കും.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ.

പ്രാരംഭ പ്രാർത്ഥന

കാർമ്മി: മഹത്ത്വത്തിന്റെ രാജാവായ മിശിഹായേ, വിനീതനായി കഴുത ക്കുട്ടിയുടെ പുറത്ത് ജറുസലെം ദൈവാലയത്തിലേക്ക് എഴുന്നള്ളിയ നിന്നെ ഞങ്ങൾ ആരാധിക്കുന്നു. നീതിമാനും പ്രതാപവാനുമായ രാജാവേ, നിനക്ക് ഓശാന പാടിയ സിയോൻമക്കളുടെ കീർത്തനങ്ങ ളോടുകൂടി ഞങ്ങളുടെ പ്രാർത്ഥനകളും സ്തുതിഗീതങ്ങളും സ്വീകരിക്ക ണമേ. ഓശാനപാടി നിന്നെ എതിരേറ്റ ജനങ്ങളെപ്പോലെ, സ്തുതി ഗീത ങ്ങൾ ആലപിച്ചുകൊണ്ട് നിന്നെ എതിരേല്ക്കുവാൻ ഞങ്ങളെ യോഗ്യരാക്ക ണമേ. നിന്റെ സഹനത്തിലും മരണത്തിലും ഉത്ഥാനത്തിലും പങ്കു ചേർന്ന് ഈ പെസഹാരഹസ്യങ്ങൾ അനുഷ്ഠിക്കുവാൻ ഞങ്ങളെ അനുഗ്ര ഹിക്കുകയും ചെയ്യണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂഹം: ആമ്മേൻ.

സങ്കീർത്തനം 100

(ഗാനം - രീതി: കർത്താവേ മമരാജാവേ...)

വിനയാന്വിതനായ് ദൈവസുതൻ / ഓർശ്ലേംനഗരം പൂകുകയായ്
ജനനിരയെല്ലാമാഹ്ലാദം / നിറയും മനമോടെതിരേറ്റു.

ഭൂവാസികളെ, വന്നിടുവിൻ / സ്തുതി ഗീതങ്ങൾ പാടിടുവിൻ
ഗാനാലാപന നാദങ്ങൾ / ഗഗനം മുഖരിതമാക്കട്ടെ

തിരുമുറ്റത്തേക്കണയുക നാം / നന്ദിയോടങ്ങയെ വാഴ്ത്തിടുവാൻ
കരുണാമയനാം സകലേശൻ / നിരുപമനെന്നും വിശ്വസ്തൻ

താതനുമതുപോലാത്മജനും / റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതല്ക്കെന്നതുപോലെ /ആമ്മേൻ ആമ്മേനനവരതം

വിനയാന്വിതനായ് ദൈവസുതൻ / ഓർശ്ലേംനഗരം പൂകുകയായ്
ജനനിരയെല്ലാമാഹ്ലാദം / നിറയും മനമോടെതിരേറ്റു.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

(കാർമ്മികൻ ധൂപം ആശീർവ്വദിക്കുന്നു.)

കാർമ്മി: പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ അങ്ങയുടെ ബഹുമാനത്തിനായി ഞങ്ങൾ സമർപ്പിക്കുന്ന ഈ ധൂപം അങ്ങയുടെ മഹനീയ ത്രിത്വത്തിന്റെ നാമത്തിൽ + ആശീർവ്വദിക്ക പ്പെടട്ടെ. ഇത് അങ്ങയുടെ പ്രസാദത്തിനും അങ്ങയുടെ അജഗണ ത്തിന്റെ പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ എന്നേക്കും.

ശുശ്രൂഷി: ആമ്മേൻ.

കാർമി: ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങു നല്കിയിട്ടുള്ളതും എന്നാൽ കൃതജ്ഞത പ്രകാശിപ്പിക്കാൻ ഞങ്ങൾക്കു കഴിയാത്തതുമായ എല്ലാ സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കുമായി സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞു മുടിച്ചൂടി നില്ക്കുന്ന സഭയിൽ ഞങ്ങൾ അങ്ങയെ നിരന്തരം സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യട്ടെ. അങ്ങു സകലത്തിന്റെയും നാഥനും സ്രഷ്ടാവുമാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

*(മദ്ബഹയുടെ **വിരിനീക്കുന്നു**. ശുശ്രൂഷി മദ്ബഹയിൽ പ്രവേശിച്ചു **ധൂപിക്കുന്നു**. എല്ലാവരും അൾത്താരയിലേക്കു തിരിഞ്ഞു ശിരസു നമിക്കുന്നു.)*

ഗാനം

സർവാധിപനാം കർത്താവേ / നിന്നെ വണങ്ങി നമിക്കുന്നു
ഈശോനാഥാ വിനയമൊടെ / നിന്നെ നമിച്ചു പുകഴ്ത്തുന്നു.

മർത്യനു നിത്യമഹോന്നതമാ- / മുത്ഥാനം നീയരുളുന്നു
അക്ഷയമവനുടെ ആത്മാവി- / നുത്തമരക്ഷയുമേകുന്നു.

ശുശ്രൂഷി: നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

(കാർമികൻ ജനങ്ങൾക്കുനേരേ തിരിയുന്നു.)

കാർമി: എന്റെ കർത്താവേ, നീ സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും ആത്മാക്കളെ രക്ഷിക്കുന്നവനും ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. ഞങ്ങൾ എപ്പോഴും നിനക്കു സ്തുതിയും കൃതജ്ഞതയും ആരാധനയും സമർപ്പിക്കാൻ കടപ്പെട്ടവരാകുന്നു സകലത്തിന്റെയും നാഥാ എന്നേക്കും.

സമൂഹം: ആമ്മേൻ.

ത്രൈശുദ്ധ കീർത്തനം

ശബ്ദമുയർത്തിപ്പാടിടുവിൻ / സർവരുമൊന്നായ് പാടിടുവിൻ
എന്നെന്നും ജീവിക്കും / സർവേശ്വരനെ വാഴ്ത്തിടുവിൻ.

പരിപാവനനാം സർവേശാ / പരിപാവനനാം ബലവാനേ
പരിപാവനനാം അമർത്യനേ / നിൻകൃപ ഞങ്ങൾക്കേകണമേ.

ശുശ്രൂഷി: നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമ്മി: വിശുദ്ധരിൽ സംപ്രീതനായി വസിക്കുന്ന പരിശുദ്ധനും സ്തുത്യർഹനും ബലവാനും അമർത്യനുമായ കർത്താവേ, അങ്ങയുടെ സ്വഭാവത്തിനൊത്തവിധം എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും ഞങ്ങളോടു കരുണകാണിക്കുകയും ചെയ്യണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

വചന ശുശ്രൂഷ
പഴയ നിയമവായനകൾ

ഒന്നാം വായന (ഉല്പത്തി 49: 8-12, 22-26)
രണ്ടാം വായന (സഖറിയ 9: 9-12)

ശുശ്രൂഷി: സഹോദരരേ നിങ്ങൾ ഇരുന്നു ശ്രദ്ധയോടെ കേൾക്കുവിൻ.

വായിക്കുന്നയാൾ: ... പുസ്തകത്തിൽനിന്നുള്ള വായന.
(കാർമികനുനേരേ തിരിഞ്ഞ്) ഗുരോ ആശീർവദിക്കണമേ.

കാർമി: ദൈവം നിന്നെ + അനുഗ്രഹിക്കട്ടെ.

സമൂഹം: *(വായന തീരുമ്പോൾ)* ദൈവമായ കർത്താവിനു സ്തുതി.

ശുശ്രൂഷി: പ്രകീർത്തനം ആലപിക്കുവാനായി നിങ്ങൾ എഴുന്നേല്ക്കുവിൻ.

പ്രകീർത്തനം

കാർമ്മി: സർവ്വചരാചരവും, ദൈവമഹത്വത്തെ, വാഴ്ത്തിപ്പാടുന്നു.

തരുനിരയെല്ലാം ദൈവത്തിൻ / സ്തുതിഗീതങ്ങളുയർത്തട്ടെ.
ഓശാനകളാലീ സുദിനം / ഹല്ലേലൂയ്യാ പാടുക നാം
വാഴ്ത്തിടാം നിത്യം തിരുനാമം.

കാർമ്മി: തൻ മഹിമാവല്ലോ, വാനിലുമൂഴിയിലും, തിങ്ങിവിളങ്ങുന്നു.

സമൂഹം: തരുനിരയെല്ലാം ദൈവത്തിൻ ...

കാർമ്മി: ജനതകളവിടുത്തെ, മഹിമകൾ പാടുന്നു, താണുവണങ്ങുന്നു.

സമൂഹം: തരുനിരയെല്ലാം ദൈവത്തിൻ ...

കാർമ്മി: നിത്യപിതാവിനും, സുതനും റൂഹായ്ക്കും, സ്തുതിയുണ്ടാകട്ടെ.

സമൂഹം: തരുനിരയെല്ലാം ദൈവത്തിൻ ...

കാർമ്മി: ആദിയിലെപ്പോലെ, ഇപ്പൊഴുമെപ്പോഴും, എന്നേക്കും ആമ്മേൻ.

സമൂഹം: തരുനിരയെല്ലാം ദൈവത്തിൻ ...

കാർമ്മി: ഞങ്ങളുടെ കർത്താവായ ദൈവമേ അങ്ങയുടെ ജീവദായകവും ദൈവികവുമായ കല്പനകളുടെ മധുരസ്വരം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമെ. അതുവഴി ആത്മശരീരങ്ങൾക്കുപകരിക്കുന്ന സ്നേഹവും ശരണവും രക്ഷയും ഞങ്ങളിൽ ഫലമണിയുന്നതിനും നിരന്തരം ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നതിനും അങ്ങയുടെ കാരുണ്യത്താലും അനുഗ്രഹത്താലും ഞങ്ങളെ സഹായിക്കണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

ലേഖനം *(റോമാ 11:13-24).*

വായിക്കുന്ന ആൾ: സഹോദരരേ, വിശുദ്ധ പൗലോസ് ശ്ലീഹാ റോമാക്കാർക്ക് എഴുതിയ ലേഖനം. *(കാർമ്മികനു നേരെ തിരിഞ്ഞ്)* ഗുരോ ആശീർവ്വദിക്കണമേ.

കാർമ്മി: മിശിഹാ + നിന്നെ അനുഗ്രഹിക്കട്ടെ.

(ഒരു ശുശ്രൂഷി കത്തിച്ച തിരിയുമായി സമീപത്തു നില്ക്കുന്നു).
(വായന തീരുമ്പോൾ)

സമൂഹം: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

ഹല്ലേലൂയ്യാ ഗീതം

ഹല്ലേലൂയ്യാ പാടാമൊന്നായ്,
ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ.

എത്രമനോജ്ഞം നിൻ തിരുനാമം
കർത്താവേ ഈ ഭൂമിയിലെങ്ങും.

നിന്റെ മഹത്ത്വം വാനിനുമീതേ
കീർത്തിതമാണെന്നറിവൂ ഞങ്ങൾ

നിന്നുടെ ചിന്തയിലെത്താൻ മാത്രം
എന്തൊരുമേന്മ മനുഷ്യനിലുള്ളൂ

താതനുമതുപോൽ സുതനും,
പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ

ആദിമുതൽക്കേയിന്നും നിത്യവ-
മായി ഭവിച്ചീടട്ടെ ആമ്മേൻ.

ഹല്ലേലൂയ്യാ പാടാമൊന്നായ്,
ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ.

(ഗാനസമയത്ത് കാർമ്മികൻ ധൂപം ആശീർവ്വദിക്കുന്നു).

കാർമ്മി: എന്റെ കർത്താവേ പാപിനിയായ മറിയം നിന്റെ ശിരസ്സിൽ സുഗന്ധതൈലം പൂശിയപ്പോൾ നിന്നിൽനിന്നു പ്രസരിച്ച ഹൃദ്യമായ പരിമളം ഈ ധൂപത്തോടുകൂടെ + കലരുമാറാകട്ടെ. നിന്റെ ബഹുമാനത്തിനും ഞങ്ങളുടെ കടങ്ങളുടെയും പാപങ്ങളുടെയും മോചനത്തിനുമായി ഈ ധൂപം ഞങ്ങൾ സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ എന്നേക്കും.

ശുശ്രൂഷി: ആമ്മേൻ.

(സുവിശേഷ വായനയുടെ സമയത്തു ശുശ്രൂഷി ധൂപാർച്ചന നടത്തുന്നു.)

ശുശ്രൂഷി: നമുക്ക് ശ്രദ്ധാപൂർവ്വം നിന്ന് പരിശുദ്ധ സുവിശേഷം ശ്രവിക്കാം.

കാർമ്മി: സമാധാനം + നിങ്ങളോടുകൂടെ.

സമൂഹം: അങ്ങയോടും അങ്ങയുടെ ആത്മാവോടുംകൂടെ.

(കാർമ്മികൻ സുവിശേഷം വായിക്കുന്നു. രണ്ടു ശുശ്രൂഷികൾ കത്തിച്ച തിരികളുമായി കാർമ്മികന്റെ ഇരുവശവും നില്ക്കുന്നു. സഹായി മുമ്പിൽ നിന്ന് ധൂപാർച്ചന നടത്തുന്നു).

കാർമ്മി: വിശുദ്ധ മത്തായി (*21:1-17*) അറിയിച്ച നമ്മുടെ കർത്താവീശോ മിശിഹായുടെ പരിശുദ്ധ സുവിശേഷം.

സമൂഹം: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

(വായന തീരുമ്പോൾ)

സമൂഹം: നമ്മുടെ കർത്താവായ മിശിഹായ്ക്കുസ്തുതി.

പ്രസംഗം

കുരുത്തോലവെഞ്ചരിപ്പ്

കാർമ്മി: കർത്താവായ ദൈവമേ, നിത്യം ജീവിക്കുന്നവനായ അങ്ങേയ്ക്കും പരിശുദ്ധനായ അങ്ങയുടെ അഭിഷക്തനും ഞങ്ങൾ സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേയ്ക്കും.

സമൂഹം: ആമ്മേൻ.

ഗാനം

ഓശാനപാടുവിൻ നാഥനെ വാഴ്ത്തുവിൻ
ദിവ്യാപദാനങ്ങൾ കീർത്തിക്കുവിൻ
കാഹളമൂതുവിൻ, വീണകൾ മീട്ടുവിൻ
പാവനപാദം നമിച്ചീടുവിൻ

പൂക്കൾ വിരിക്കുവിൻ വീഥിയൊരുക്കുവിൻ
വിണ്ടലനാഥനെഴുന്നള്ളുന്നു.
ആനന്ദഗാനങ്ങളെങ്ങും മുഴങ്ങട്ടെ
സൃഷ്ടികൾ നാഥനെ വാഴ്ത്തീടട്ടെ.

ഓശാനപാടുവിൻ ...

കാർമ്മി: ഞങ്ങളുടെ നാഥനും രക്ഷകനും രാജാധിരാജനുമായ മിശിഹായേ, നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. ജറുസലേം പട്ടണത്തിലേയ്ക്കുള്ള ആഘോഷപൂർവ്വകമായ നിന്റെ പ്രവേശനത്തിന്റെ ഓർമ്മ കൊണ്ടാടുവാൻ ഒരുമിച്ചു കൂടിയിരിക്കുന്ന ഈ സമൂഹത്തെ തൃക്കൺപാർക്കണമേ. സൈത്തിൻ കൊമ്പുകൾ പിടിച്ചുകൊണ്ട് നിന്നെ എതിരേറ്റവരെ അനുഗ്രഹിച്ച മിശിഹായേ, നിന്റെ വലതുകരം നീട്ടി ഈ കുരുത്തോലകൾ + ആശീർവ്വദിക്കണമേ. *(കാർമ്മികൻ ആശീർവ്വദിക്കുന്നു).* ഞങ്ങളേയും ഈ കുരുത്തോല സ്ഥാപിക്കപ്പെടുന്ന ഭവനങ്ങളെയും സ്ഥലങ്ങളേയും നിന്റെ കൃപാവരംകൊണ്ട് നിറയ്ക്കണമേ. ഓശാന പാടി ഇന്നു നിന്നെ എതിരേൽക്കുന്ന ഞങ്ങൾ, മഹത്വപൂർണ്ണമായ നിന്റെ പ്രത്യാഗമനത്തിൽ നിന്നെ എതിരേല്ക്കുവാനും സ്വർഗ്ഗീയ ജെറുസലെമിൽ പ്രവേശിച്ച് ആനന്ദപൂർവ്വം നിന്നെ സ്തുതി ക്കുവാനും അർഹരാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂഹം: ആമ്മേൻ.

(കാർമ്മികൻ കുരുത്തോലയിൽ വിശുദ്ധ ജലം തളിക്കുകയും ധൂപിക്കുകയും ചെയ്യുന്നു. കുരുത്തോല വിതരണം ചെയ്യുമ്പോൾ താഴെ വരുന്ന ഗാനം ആലപിക്കുന്നു).

ഗീതം

ഓശാന,ഓശാന / ദാവീദിൻ സുതനോശാന
ഓശാന...

കർത്താവിൻ പൂജിത നാമത്തിൽ / വന്നവനെ വാഴ്ത്തി പ്പാടിടുവിൻ:
വിണ്ണിൻപൂവേദിയിലോശാന / ദാവീദിൻ സൂനുവിനോശാന
ഓശാന ...

ബാലകരും തീർത്ഥകരും / നാഥനു ജയ്ഗാനം പാടുന്നു.
പുതുമലരും തളിരിലയും / നാഥനു ജയ്ഗാനം പാടുന്നു.
ഓശാന ...

ജയ് വിളിയാൽ ചില്ലകളുണരുന്നു: / പാതകളിൽ തോരണമിളകുന്നു;
ദൈവസുതൻ വിനയവിരാജിതനായ് / അണയുന്നു നഗര കവാടത്തിൽ
ഓശാന ...

വിണ്ടലവും ഭൂതലവും / മംഗള ഗീതിയിൽ മുഴുകുന്നു:
വാനവരും മാനവരും / നൂതന സന്തോഷം നുകരുന്നു.
ഓശാന ...

വെൺനുരയാലാഴിയലംകൃതമായ്; / നീലിമയാലംബര വീഥികളും.
കാനനവും കാഞ്ചന പൂവനവും / നാഥനു സൗരഭ്യം പകരുന്നു.
ഓശാന ...

കുരുത്തോല പ്രദക്ഷിണം

(കുരിശ്, ധൂപം, തിരികൾ, സുവിശേഷ ഗ്രന്ഥം എന്നിവ വഹിക്കുന്നവർ ഏറ്റം മുമ്പിലും കാർമ്മികൻ ഏറ്റം പുറകിലുമായിരിക്കണം. പ്രദക്ഷിണ സമയത്ത് താഴെക്കാണുന്ന ഗീതങ്ങൾ ആലപിക്കുന്നു).

ഗീതം 1

ഓശാന ഓശാന / ദാവീദിൻ സുതനോശാന
ഓശാന...

സെഹിയോൻപുത്രീ, മോദം പൂണരുക / നിന്നുടെ നാഥനിതാ
പ്രതാപവാനായ് വരുന്നു പൊന്നിൻ / കീർത്തന വീചികളിൽ
ഓശാന....

വിനീതനായൊരു കഴുതക്കുഞ്ഞിൻ / പുറത്തെഴുന്നള്ളി
സൈത്തിൻ ചില്ലകൾ വിതറിയ വഴിയേ / വരുന്നു ദൈവസുതൻ
ഓശാന....

നിരയായ് നീങ്ങും ബാലികമാരുടെ / കീർത്തന മുയരുമ്പോൾ
ബാലന്മാരുടെ കൈയിൽ ചില്ലകൾ / താളം തുള്ളുന്നു.

ഓശാന.....

ഓശാനകളാലാഴിചലിക്കു- / ന്നംബരമുണരുന്നു;
സ്വരവീചികളാ ലവനീവാസികൾ / പുളകം കൊള്ളുന്നു.

ഓശാന.....

ഗീതം 2

ഓശാന, ഓശാന / ദാവീദിൻ സുതനോശാന.

കർത്താവിൻ തിരുനാമത്തിൽ / വന്നവനുന്നതനോശാന
ദൈവകുമാരകനോശാന / വാനവ വീഥിയിലോശാന.

ഓശാന...

സൈത്തിൻ ചില്ലകൾ വിതറുകയായ് / ജയസ്വര വീചികളുയരുകയായ്
ബാലകനിരയുടെ പാണികളിൽ / ചില്ലകൾ താളം തുള്ളുകയായ്.

ഓശാന....

വിനയാന്വിതനായ് ദൈവസുതൻ / വരുന്നു നഗര കവാടത്തിൽ
വാനവ മാനവ വൃന്ദങ്ങൾ / വിണ്ണിൻ നാഥനെ വാഴ്ത്തുകയായ്.

ഓശാന.....

കീർത്തന വീചികളുയരുകയായ് / പാർത്തലമാർത്തു വിളിക്കുകയായ്
അംബര വീഥികളുണരുകയായ് / അംബുദ വീഥികൾ തെളിയുകയായ്.

ഓശാന....

രാജാവാഗതനാകും പോൽ / രക്ഷാനായക-നണയുകയായ്
വിണ്ടല നാഥനെഴുന്നള്ളും / വേളയിൽ മോദം നിറയുകയായ്.

ഓശാന....

കഴുതക്കുഞ്ഞിൻ പുറമേറി- / ക്കരുണാ രൂപൻ വന്നണയും
നിമിഷങ്ങളിലാ ജനവൃന്ദം / നിർവൃതി ജയ്‌വിളിയാക്കുകയായ്.

ഓശാന....

(പ്രദക്ഷിണം ദേവാലയത്തിന്റെ അടഞ്ഞുകിടക്കുന്ന പ്രധാന കവാടത്തിലെത്തുമ്പോൾ കാർമ്മികൻ സ്വരമുയർത്തിപ്പറയുന്നു)

കാർമ്മി: വാതിലുകളേ, ശിരസ്സുയർത്തുവിൻ;
നിത്യകവാടങ്ങളെ, തുറക്കുവിൻ;
മഹത്ത്വത്തിന്റെ രാജാവ് എഴുന്നള്ളുന്നു.

(പ്രദക്ഷിണത്തിൽ സംവഹിക്കപ്പെടുന്ന കുരിശിന്റെ ചുവടുകൊണ്ട് കാർമ്മികൻ വാതിലിൽ മുട്ടുന്നു).

അകത്തുള്ളവർ: ഈ മഹത്വത്തിന്റെ രാജാവ് ആരാകുന്നു?

പുറത്തുള്ളവർ: പ്രതാപവാനും ശക്തനുമായ / കർത്താവുതന്നെ.

(ഇപ്രകാരം മൂന്നുപ്രാവശ്യം പറയുന്നു. മൂന്നാം പ്രാവശ്യം വാതിലിൽ മുട്ടുമ്പോൾ വാതിൽ അകത്തുനിന്നു തുറക്കുന്നു. കാർമ്മികനെയും സഹശുശ്രൂഷകരെയും അനുഗമിച്ച് എല്ലാവരും ദൈവാലയത്തിൽ പ്രവേശിക്കുന്നു).

ഗീതം

മഹേശ്വരാ, നിൻ സുദിനം കാണാൻ
കഴിഞ്ഞ കണ്ണിനു സൗഭാഗ്യം;
മനോജ്ഞമാം നിൻ ഗീതികൾ പാടാൻ
കഴിഞ്ഞ നാവിനു സൗഭാഗ്യം

നൂറുനൂറു കണ്ണുകൾ പണ്ടേ
അടഞ്ഞു നിന്നെക്കാണാതെ:
നൂറു നൂറു മലരുകൾ പണ്ടേ
കൊഴിഞ്ഞുപോയി കണ്ണീരിൽ.

മഹേശ്വരാ.....

കാറോസൂസ

ശുശ്രൂഷി: നമുക്കെല്ലാവർക്കും ഭക്തിയോടും സന്തോഷത്തോടുംകൂടെ നിന്ന്, വിനീതനായി ഓർശ്ലേമിൽ പ്രവേശിച്ച മിശിഹായെ ധ്യാനിച്ചുകൊണ്ട്, "ഓശാന പാടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു" എന്ന് ഏറ്റുപറയാം.

സമൂഹം: ഓശാന പാടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

ശുശ്രൂഷി: സകല ജനപദങ്ങളും മിശിഹായെ രക്ഷകനും നാഥനുമായി അംഗീകരിക്കുവാനും ഏറ്റുപറയുവാനും ഇടയാക്കുന്ന കർത്താവേ,

ശുശ്രൂഷി: ഭൂമിയിൽ മിശിഹായ്ക്ക് സ്തുതിഗീതങ്ങൾ ആലപിക്കുന്ന ഞങ്ങളെ, സ്വർഗത്തിൽ അവിടുത്തെ മഹത്ത്വപ്പെടുത്തുവാൻ അനുഗ്രഹിക്കുന്ന കർത്താവേ,

ശുശ്രൂഷി: മിശിഹായെപ്പോലെ വിനയത്തോടും എളിമയോടുംകൂടെ ജീവിക്കുവാൻ ഞങ്ങളെ പഠിപ്പിച്ച കർത്താവേ,

ശുശ്രൂഷി: ഹെബ്രായ പൈതങ്ങളുടെ സ്തുതിഗീതങ്ങൾ സ്വീകരിച്ച് അവരെ അനുഗ്രഹിച്ച കർത്താവേ,

ശുശ്രൂഷി: ഞങ്ങളുടെ പിതാക്കന്മാരോടു ചെയ്ത വാഗ്ദാനങ്ങൾ നിറവേറ്റിയ കർത്താവേ,

ശുശ്രൂഷി: സാർവ്വത്രികസഭയുടെ തലവനും ഭരണാധികാരിയുമായ ഞങ്ങളുടെ പരിശുദ്ധ പിതാവു മാർ ... *(പേര്)* പാപ്പായെയും, ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച്ബിഷപ്പ് മാർ ... *(പേര്)* മെത്രാപ്പോലീത്തയെയും, ഞങ്ങളുടെ പിതാവും മേലധ്യക്ഷനുമായ മാർ ... *(പേര്)* മെത്രാനെയും, ... മെത്രാപ്പോലീത്തയെയും ... മെത്രാനെയും അവരുടെ സഹശുശ്രൂഷികളുടെയും അനുഗ്രഹിക്കുകയും പാലിക്കുകയും ചെയ്യുന്ന കർത്താവേ,

ശുശ്രൂഷി: സ്വർഗ്ഗത്തിൽ സ്തുതിക്കപ്പെടുന്നവനും ഭൂമിയിൽ ആരാധിക്കപ്പെടുന്നവനുമായ കർത്താവേ,

സമൂഹം: ഓശാന പാടി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

ശുശ്രൂഷി: നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

സമൂഹം: ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

കാർമ്മി: സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും കർത്താവും രാജാവുമായ മിശിഹായേ, അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. അങ്ങയുടെ പ്രിയപുത്രന്റെ മരണത്തിലും ഉത്ഥാനത്തിലും പങ്കുചേരാനും, മാനസാന്തരത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കാനും ഞങ്ങളെ അനുഗ്രഹിക്കണമേ. ഭൂമിയിൽ അങ്ങേക്ക് ഓശാന ഗീതികൾ ആലപിക്കുന്ന ഞങ്ങളെ അങ്ങയുടെ മഹത്വത്തിൽ പ്രവേശിപ്പിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂഹം: ആമ്മേൻ.

കൈവയ്പ് പ്രാർഥന

ശുശ്രൂഷി: കർത്താവേ ആശീർവദിക്കേണമേ / സഹോദരരേ, നിങ്ങൾ കൈവയ്പിനായി തലകുനിക്കുകയും / ആശീർവാദം സ്വീകരിക്കുകയും ചെയ്യുവിൻ.

(എല്ലാവരും തലകുനിച്ച് ആശീർവാദം സ്വീകരിക്കുന്നു.)

കാർമി: *(താഴ്ന്ന സ്വരത്തിൽ)* കർത്താവേ ശക്തനായ ദൈവമേ അങ്ങയുടെ അഭിഷിക്തൻ കഠിനമായ പീഡകളനുഭവിച്ചു വീണ്ടെടുത്ത അജഗണമായ പരിശുദ്ധ കത്തോലിക്കാസഭ അങ്ങയുടേതാകുന്നു. ദൈവസ്വഭാവത്തിൽ അങ്ങുമായി ഒന്നായിരിക്കുന്ന പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ യഥാർഥ പൗരോഹിത്യത്തിന്റെ പദവികൾ കൈവയ്പുവഴി നല്കപ്പെടുന്നു. വിശ്വാസികൾക്ക് ആത്മീയശുശ്രൂഷ ചെയ്യുന്നതിനു പരിശുദ്ധമായ സഭാശരീരത്തിലെ സവിശേഷാംഗങ്ങളാകാൻ നിസാരരും ബലഹീനരുമായ ഞങ്ങളെ അങ്ങു കാരുണ്യാതിരേകത്താൽ യോഗ്യരാക്കി. കർത്താവേ, അങ്ങയുടെ കൃപാവരം ഞങ്ങളിൽ നിറയ്ക്കുകയും അങ്ങയുടെ ദാനങ്ങൾ ഞങ്ങളുടെ കരങ്ങൾവഴി വർഷിക്കുകയും ചെയ്യണമേ. അങ്ങയുടെ കാരുണ്യവും അനുഗ്രഹവും ഞങ്ങളുടെയും അങ്ങു തെരഞ്ഞെടുത്ത ഈ ജനത്തിന്റെയുംമേൽ ഉണ്ടാകുമാറാകട്ടെ.

കാർമി: *(ഉയർന്ന സ്വരത്തിൽ)* കരുണാനിധിയായ ദൈവമേ, ഞങ്ങളെല്ലാവരും ഒന്നുചേർന്ന് അങ്ങയെ ഞങ്ങളുമായി രമ്യതപ്പെടുത്തുന്ന നീതിയുടെ പ്രവൃത്തികളാൽ ജീവിതകാലം മുഴുവനും അങ്ങയെ യഥോചിതം പ്രീതിപ്പെടുത്താൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും നിരന്തരം സമർപ്പിക്കാൻ ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

ശുശ്രൂഷി: മാമ്മോദീസാ സ്വീകരിക്കുകയും, ജീവന്റെ അടയാളത്താൽ മുദ്രിതരാകുകയും ചെയ്തവർ / ഭക്തിയോടും ശ്രദ്ധയോടുംകൂടെ വിശുദ്ധ രഹസ്യങ്ങളിൽ പങ്കുകൊള്ളട്ടെ. നമുക്കു പ്രാർഥിക്കാം സമാധാനം നമ്മോടുകൂടെ.

ദിവ്യരഹസ്യഗീതം

(രീതി: മിശിഹാ കർത്താവിൻ തിരുമെയ്...)

കർത്താവേ, ഭൂമിയിലെങ്ങും അവിടുത്തെ നാമം എത്ര മഹനീയമാകുന്നു.

മേഘത്തേരേറി, വന്നവനെപ്പോലെ
ബാലകർ കീർത്തിച്ചു.
ദൈവിക ഭവനം പൂകിടുവാൻ
അണയുന്നീശോ വിനയമൊടെ
ഉന്നത വീഥിയിലോശാന,
നിത്യം രക്ഷകനോശാന,
ഉന്നതനാം നാഥൻ സംപൂജ്യൻ.

അവരുടെ നാവുകൾ മൂർച്ചയുള്ള വാളുകൾപോലെയാകുന്നു.

മേഘത്തേരേറി, വന്നവനെപ്പോലെ ...

കർത്താവിന്റെ നാമം സിയോനിൽ പ്രഘോഷിക്കപ്പെടും.

മേഘത്തേരേറി, വന്നവനെപ്പോലെ ...

(കുർബാനയുടെ ബാക്കി ഭാഗങ്ങൾക്ക് പേജ് 88 കാണുക)

കൃതജ്ഞതാപ്രാർത്ഥനകൾ

കാർമ്മി: കർത്താവായ ദൈവമേ, മിശിഹായുടെ മരണവും ഉത്ഥാനവും അനുസ്മരിക്കുന്ന ഈ പരിഹാരബലിയിൽ പങ്കുചേരാനും ദിവ്യരഹസ്യങ്ങൾ സ്വീകരിക്കുവാനും ഇടയാക്കിയതിന് ഞങ്ങൾ അങ്ങയോടു നന്ദി പറയുന്നു. ഞങ്ങളുടെ ജീവിതസമർപ്പണംവഴി നിന്നെ മഹത്ത്വപ്പെടുത്തുവാൻ ഞങ്ങളെ സഹായിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂഹം: ആമ്മേൻ. കർത്താവേ, ആശീർവദിക്കണമേ.

കാർമ്മി: ഓശാന ഗീതങ്ങളുടെ മധ്യേ ജറുസലെമിൽ പ്രവേശിച്ച കർത്താവേ, ഓശാനപാടി നിന്നെ സ്തുതിക്കുവാൻ ഞങ്ങളെയും യോഗ്യരാക്കിയതിന് ഞങ്ങൾ നിനക്കു നന്ദി പറയുന്നു. നിന്റെ പെസഹാ രഹസ്യത്തിൽ പങ്കുചേർന്നവരായ ഞങ്ങൾ സ്വർഗ്ഗീയ ജെറുസലെമിൽ എത്തിച്ചേരുവാനും, അവിരാമം നിന്നെ മഹത്ത്വപ്പെടുത്തുവാനും ഇടയാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂഹം: ആമ്മേൻ.

സമാപനാശീർവാദം

(രീതി: കർത്താവാം മിശിഹാവഴിയായ്...)

കാർമ്മി: നരരക്ഷകനും നാഥനുമായ്
ധരയിലണഞ്ഞൊരു മിശിഹായെ
നല്കിയ താതനു വന്ദനവും
സ്തുതിയുമണയ്ക്കാം സാമോദം.

എളിയൊരു കഴുതപ്പുറമേറി
വന്നൊരു രാജനെ വന്ദിക്കാൻ
ഓശാനകളാൽ വാഴ്ത്തിടുവാൻ
ഇടയാക്കണമേ റൂഹായേ.

സമൂഹം: ആമ്മേൻ.

കാർമ്മി: പീഢ സഹിക്കാൻ, കുരിശേറാൻ
ഓർശ്ലേം പൂകിയ തിരുനാഥൻ
ത്യാഗമോടെന്നും ജീവിക്കാൻ
നിത്യമനുഗ്രഹമരുളട്ടെ.

മന്നിതിൽ നിങ്ങൾ സ്തുതിപാടി
വിണ്ണിലുമവനെ വാഴ്ത്തിടുവാൻ
ദൈവം വരനിരചൊരിയട്ടെ +
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

സമൂഹം: ആമ്മേൻ.

(അല്ലെങ്കിൽ)

കാർമ്മി: രക്ഷകനും നാഥനുമായി തന്റെ പ്രിയപുത്രനെ ലോകത്തിലേക്കയച്ച പിതാവായ ദൈവത്തെ നമുക്കു സ്തുതിക്കാം. കഴുതപ്പുറത്ത് എഴുന്നള്ളി വിനയത്തിന്റെ മാതൃക നല്കിയ മിശിഹായെ നമുക്ക് ആരാധിക്കാം. കർത്താവിന്റെ സ്തുതികൾ ആലപിക്കുവാൻ നമ്മെ ശക്തരാക്കുന്ന പരിശുദ്ധാത്മാവിനെ നമുക്കു മഹത്ത്വപ്പെടുത്താം. പീഢകൾ സഹിക്കുവാനും കുരിശിൽ മരിക്കുവാനും ജറുസലേമിൽ പ്രവേശിച്ച കർത്താവ്, ത്യാഗങ്ങൾ സഹിച്ച് ദൈവഹിതം നിറവേറ്റുവാൻ നമ്മെ ശക്തരാക്കട്ടെ. സകലരും മിശിഹായെ രക്ഷകനും രാജാവുമായി ഏറ്റുപറയുവാൻ ഇടയാകട്ടെ. ദൈവത്തിന്റെ ജനമേ, ഭൂമിയിൽ അവിടുത്തേക്ക് ഓശാനപാടി സ്തുതിക്കുന്ന നിങ്ങൾ സ്വർഗത്തിൽ അനവരതം അവിടുത്തെ മഹത്ത്വപ്പെടുത്തുവാൻ യോഗ്യരാകട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

സമൂഹം: ആമ്മേൻ.

-oOo-

പെസഹാ വ്യാഴം

പ്രാരംഭഗീതം

ജീവൻ പകരും നാഥാ നീ, / ജീവനു തുല്യം സ്നേഹിച്ചു
ഭൂവിനെ, രക്ഷാ മാർഗ്ഗത്തിൽ / ദ്യോവിൻ ഭാഗ്യം നല്കിടുവാൻ.

നിർവൃതി നല്കാൻ സ്നേഹത്തിൻ / നിത്യത പകരും കൂദാശ
സ്ഥാപിച്ചല്ലോ സെഹിയോനിൽ / ദിവ്യവിരുന്നായ് ദൈവസുതൻ.

കർത്താവന്നാ ശിഷ്യർതൻ / കാലുകൾ കഴുകീ വിനയത്താൽ
മാതൃകനല്കീ മനുജർക്കായ് / സകലരുമതുപോൽ ചെയ്തിടുവാൻ.

അന്നുമുറിച്ചവനേകിയൊരാ / ഗാത്രവുമപ്പവുമൊന്നായി
ജീവിതമതുപോലഖിലർക്കും / ഭൂവിൽ മുറിയണമപ്പം പോൽ.

നിത്യവുമങ്ങേ സാന്നിധ്യം / നീക്കും നമ്മുടെ രോഗങ്ങൾ
ഔഷധമാകുന്നീയുലകിൽ / ദോഷ ഫലങ്ങൾ പോക്കിടുവാൻ.

പാപികളാകും മാനവരെ / പരിചൊടു നാഥൻ ദർശിപ്പൂ
ഓസ്തിയിൽ നിന്നതി സ്നേഹമൊടേ / നിസ്തുലമാകും കൃപയാലേ.

സ്നേഹത്തിന്റെ കല്പന *(ഗാനം)*

കാർമ്മി:
അന്നാ പെസഹാത്തിരുനാളിൽ / കർത്താവരുളിയ കല്പനപോൽ
തിരുനാമത്തിൽച്ചേർന്നീടാം / ഒരുമയോടീ ബലിയർപ്പിക്കാം.

സമൂഹം: അനുരഞ്ജിതരായ് തീർന്നീടാം / നവമൊരു പീഠമൊരുക്കീടാം
ഗുരുവിൻ സ്നേഹമൊടീയാഗം / തിരുമുമ്പാകെയണച്ചീടാം.

കാർമ്മി: അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

സമൂഹം: ആമ്മേൻ.

കാർമ്മി: ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും.

സമൂഹം: ആമ്മേൻ.

(പകരം ഗാനം)

കാർമ്മി: അത്യുന്നതമാം സ്വർല്ലോകത്തിൽ, സർവ്വേശനു സ്തുതിഗീതം.*(3)*

സമൂഹം: ഭൂമിയിലെങ്ങും മർത്യനു ശാന്തി, പ്രത്യാശയുമെന്നേക്കും. (3)

കാർമ്മി: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ***(സമൂഹവും ചേർന്ന്)*** അങ്ങയുടെ നാമം പൂജിതമാകണമെ / അങ്ങയുടെ രാജ്യം വരണമെ / അങ്ങയുടെ തിരുമനസ്സു സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമെ. ഞങ്ങൾക്കു ആവശ്യകമായ ആഹാരം / ഇന്നു ഞങ്ങൾക്കു തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ, ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതെ. ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമെ. എന്തുകൊണ്ടെന്നാൽ /രാജ്യവും ശക്തിയും മഹത്വവും എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ / അങ്ങയുടെ മഹത്വത്താൽ സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു / മാലാഖമാരും മനുഷ്യരും അങ്ങു പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്ന് ഉൽഘോഷിക്കുന്നു.

പകരം ഗാനം

കാർമ്മി: സ്വർഗ്ഗസ്ഥിതനാം താതാ നിൻ, നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ, പരിശുദ്ധൻ നീ പരിശുദ്ധൻ.

സമൂഹം: *(രണ്ടു ഗണമായി തുടരുന്നു).*

സ്വർഗ്ഗസ്ഥിതനാം താതാനിൻ, സ്തുതിതൻനിസ്തുല-മഹിമാവാൽ
ഭൂസ്വർഗ്ഗങ്ങൾ നിറഞ്ഞു സദാ, പാവനമായി വിളങ്ങുന്നു.

വാനവമാനവവൃന്ദങ്ങൾ, ഉദ്ഘോഷിപ്പൂ സാമോദം
പരിശുദ്ധൻ നീ എന്നെന്നും, പരിശുദ്ധൻ നീ പരിശുദ്ധൻ.

സ്വർഗ്ഗസ്ഥിതനാം താതാ നിൻ, നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ, നിൻ ഹിതമിവിടെ ഭവിക്കണമെ.

സ്വർഗ്ഗത്തെന്നതുപോലുലകിൽ, നിൻ ചിത്തം നിറവേറണമേ
ആവശ്യകമാ മാഹാരം, ഞങ്ങൾക്കിന്നരുളീടണമേ.

ഞങ്ങൾ കടങ്ങൾ പൊറുത്തതുപോൽ, ഞങ്ങൾക്കുള്ള കടം സകലം
പാപത്തിൻ കട ബാദ്ധ്യതയും, അങ്ങു കനിഞ്ഞു പൊറുക്കണമേ.

ഞങ്ങൾ പരീക്ഷയിലൊരുനാളും, ഉൾപ്പെടുവാനിടയാകരുതേ
ദുഷ്ടാരൂപിയിൽ നിന്നെന്നും, ഞങ്ങളെ രക്ഷിച്ചരുളണമേ.

എന്തെന്നാലെന്നാളേക്കും, രാജ്യം ശക്തിമഹത്വങ്ങൾ
താവകമല്ലോ കർത്താവേ, ആമ്മേനാമ്മേനെന്നേക്കും.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ.

പ്രാരംഭ പ്രാർത്ഥന

കാർമ്മി: ഞങ്ങളുടെ കർത്താവായ മിശിഹായേ, ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിക്കൊണ്ട് ശുശ്രൂഷയുടെ മാതൃക കാണിക്കുകയും, പരിശുദ്ധ കുർബാന സ്ഥാപിച്ചുകൊണ്ട് സ്വന്തം ശരീരരക്തങ്ങൾ ഭക്ഷണപാനീയങ്ങളായി നല്കുകയും ചെയ്ത നിനക്കു ഞങ്ങൾ നന്ദി പറയുന്നു. സ്നേഹത്തിന്റെ കൂദാശയായി നീ സ്ഥാപിച്ചു നല്കിയ ഈ ദിവ്യരഹസ്യങ്ങൾ നിർമ്മല മനഃസാക്ഷിയോടും വിശുദ്ധ വിചാരങ്ങളോടുംകൂടി അർപ്പിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂഹം: ആമ്മേൻ.

സങ്കീർത്തനം - 135

കാർമ്മി: കർത്താവിനെ നിങ്ങൾ പ്രകീർത്തിക്കുവിൻ!
അവൻ നല്ലവനാകുന്നു; അവന്റെ കാരുണ്യം അനന്തമാണ്.

സമൂഹം: കർത്താവിനെ നിങ്ങൾ പ്രകീർത്തിക്കുവിൻ!
അവൻ നല്ലവനാകുന്നു; അവന്റെ കാരുണ്യം അനന്തമാണ്.

കാർമ്മി: മഹോന്നതനായ ദൈവത്തെ പ്രകീർത്തിക്കുവിൻ,
അവന്റെ കാരുണ്യം അനന്തമാണ്.

സമൂഹം: കർത്താവിനെ നിങ്ങൾ ... *(ഓരോന്നിനും ആവർത്തിക്കുന്നു)*

കാർമ്മി: നാഥന്മാരുടെ നാഥനെ പ്രകീർത്തിക്കുവിൻ
അവന്റെ കാരുണ്യം അനന്തമാണ്.

കാർമ്മി: ഈജിപ്തിലെ കടിഞ്ഞൂൽ തനയരെ
സംഹരിച്ചവനെ പ്രകീർത്തിക്കുവിൻ

കാർമ്മി: അവരുടെ ഇടയിൽ നിന്ന് / ഇസ്രായേൽജനത്തെ
മോചിപ്പിച്ചവനെ പ്രകീർത്തിക്കുവിൻ

കാർമ്മി: കടലിനെ വിഭജിച്ചവനെ പ്രകീർത്തിക്കുവിൻ
അതിന്റെ നടുവിലൂടെ / അവരെ നയിച്ചവനെ പ്രകീർത്തിക്കുവിൻ

കാർമ്മി: ഫറവോയെയും സൈന്യത്തെയും
കടലിൽ താഴ്ത്തിയവനെ പ്രകീർത്തിക്കുവിൻ

കാർമ്മി: ശക്തരായ രാജാക്കന്മാരെ /നിഹനിച്ചവനെ പ്രകീർത്തിക്കുവിൻ

കാർമ്മി: അവരുടെ ദേശം അവകാശമായി
ജനത്തിനേകിയവനെ പ്രകീർത്തിക്കുവിൻ

സമൂഹം: കർത്താവിനെ നിങ്ങൾ പ്രകീർത്തിക്കുവിൻ
അവൻ നല്ലവനാകുന്നു. അവന്റെ കാരുണ്യം അനന്തമാണ്.

കാർമ്മി: വൈരികളിൽ നിന്ന് രക്ഷിച്ചവനെ പ്രകീർത്തിക്കുവിൻ

സമൂഹം: കർത്താവിനെ നിങ്ങൾ പ്രകീർത്തിക്കുവിൻ
അവൻ നല്ലവനാകുന്നു. അവന്റെ കാരുണ്യം അനന്തമാണ്.

കാർമ്മി: പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂഹം: ആദിമുതൽ എന്നേക്കും, ആമ്മേൻ.

കാർമ്മി: ഞങ്ങളുടെ രക്ഷകനായ ദൈവമേ, ഞങ്ങളെ സഹായിക്കണമേ. അങ്ങയുടെ തിരുനാമത്തെപ്രതി ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കുകയും ചെയ്യണമേ.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ.

കാർമ്മി: മഹോന്നതനായ കർത്താവേ, അങ്ങയുടെ ഭയഭക്തിജനകമായ പീഠത്തിന്റെയും ഉന്നതമായ ത്രോണോസിന്റെയും അലംകൃതവും സ്തുത്യർഹവുമായ സിംഹാസനത്തിന്റെയും മുമ്പാകെ, അങ്ങയുടെ ശുശ്രൂഷകന്മാരായ ക്രോവേന്മാർ ഇടവിടാതെ സ്തുതിക്കുകയും സ്രാപ്പേന്മാർ പരിശുദ്ധൻ എന്ന് നിരന്തരം ഉദ്ഘോഷിക്കുകയും ചെയ്യുന്നു. അവരോടു ചേർന്ന് ഞങ്ങളും അങ്ങേയ്ക്ക് ഭയഭക്തികളോടെ സ്തുതിയും ബഹുമാനവും കൃതജ്ഞതയും സമർപ്പിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

സമൂഹം: ആമ്മേൻ.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

(കാർമ്മികൻ ധൂപം ആശീർവ്വദിക്കുന്നു.)

കാർമ്മി: പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ അങ്ങയുടെ ബഹുമാനത്തിനായി ഞങ്ങൾ സമർപ്പിക്കുന്ന ഈ ധൂപം അങ്ങയുടെ മഹനീയ ത്രിത്വത്തിന്റെ നാമത്തിൽ + ആശീർവ്വദിക്കപ്പെടട്ടെ. ഇത് അങ്ങയുടെ പ്രസാദത്തിനും അങ്ങയുടെ അജഗണത്തിന്റെ പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ എന്നേക്കും.

ശുശ്രൂഷി: ആമ്മേൻ.

കാർമി: ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങു നല്കിയിട്ടുള്ളതും എന്നാൽ കൃതജ്ഞത പ്രകാശിപ്പിക്കാൻ ഞങ്ങൾക്കു കഴിയാത്തതുമായ എല്ലാ സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കുമായി സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞു മുടിച്ചൂടി നില്ക്കുന്ന സഭയിൽ ഞങ്ങൾ അങ്ങയെ നിരന്തരം സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യട്ടെ. അങ്ങു സകലത്തിന്റെയും നാഥനും സ്രഷ്ടാവുമാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

*(മദ്ബഹയുടെ **വിരിനീക്കുന്നു.** ശുശ്രൂഷി മദ്ബഹയിൽ പ്രവേശിച്ച് **ധൂപിക്കുന്നു.** എല്ലാവരും അൾത്താരയിലേക്കു തിരിഞ്ഞു ശിരസു നമിക്കുന്നു.)*

ഗാനം

സർവാധിപനാം കർത്താവേ / നിന്നെ വണങ്ങി നമിക്കുന്നു
ഈശോനാഥാ വിനയമൊടെ / നിന്നെ നമിച്ചു പുകഴ്ത്തുന്നു.

മർത്യനു നിത്യമഹോന്നതമാ- / മുത്ഥാനം നീയരുളുന്നു
അക്ഷയമവനുടെ ആത്മാവി- / നുത്തമരക്ഷയുമേകുന്നു.

ശുശ്രൂഷി: നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

(കാർമികൻ ജനങ്ങൾക്കുനേരേ തിരിയുന്നു.)

കാർമി: എന്റെ കർത്താവേ, നീ സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും ആത്മാക്കളെ രക്ഷിക്കുന്നവനും ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. ഞങ്ങൾ എപ്പോഴും നിനക്കു സ്തുതിയും കൃതജ്ഞതയും ആരാധനയും സമർപ്പിക്കാൻ കടപ്പെട്ടവരാകുന്നു സകലത്തിന്റെയും നാഥാ എന്നേക്കും.

സമൂഹം: ആമ്മേൻ.

ത്രൈശുദ്ധ കീർത്തനം

ശബ്ദമുയർത്തിപ്പാടിടുവിൻ / സർവരുമൊന്നായ് പാടിടുവിൻ
എന്നെന്നും ജീവിക്കും / സർവേശ്വരനെ വാഴ്ത്തിടുവിൻ.

പരിപാവനനാം സർവേശാ / പരിപാവനനാം ബലവാനേ
പരിപാവനനാം അമർത്യനേ / നിൻകൃപ ഞങ്ങൾക്കേകണമേ.

ശുശ്രൂഷി: നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമ്മി: വിശുദ്ധരിൽ സംപ്രീതനായി വസിക്കുന്ന പരിശുദ്ധനും സ്തുത്യർഹനും ബലവാനും അമർത്യനുമായ കർത്താവേ, അങ്ങയുടെ സ്വഭാവത്തിനൊത്തവിധം എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും ഞങ്ങളോടു കരുണകാണിക്കുകയും ചെയ്യണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

വചന ശുശ്രൂഷ
പഴയ നിയമവായനകൾ

ഒന്നാം വായന (പുറപ്പാട് 12:1-20)
രണ്ടാം വായന (മലാക്കി 1:10-14)

ശുശ്രൂഷി: സഹോദരരേ നിങ്ങൾ ഇരുന്നു ശ്രദ്ധയോടെ കേൾക്കുവിൻ.

വായിക്കുന്നയാൾ: ... പുസ്തകത്തിൽനിന്നുള്ള വായന.
(കാർമികനുനേരേ തിരിഞ്ഞ്) ഗുരോ ആശീർവദിക്കണമേ.

കാർമി: ദൈവം നിന്നെ + അനുഗ്രഹിക്കട്ടെ.

സമൂഹം: *(വായന തീരുമ്പോൾ)* ദൈവമായ കർത്താവിനു സ്തുതി.

ശുശ്രൂഷി: പ്രകീർത്തനം ആലപിക്കുവാനായി നിങ്ങൾ എഴുന്നേല്ക്കുവിൻ.

പ്രകീർത്തനം

കാർമ്മി: സർവ്വചരാചരവും, ദൈവമഹത്വത്തെ, വാഴ്ത്തിപ്പാടുന്നു.

ദിവ്യാത്മാവിൻ ഗീതികളാൽ, / ഹല്ലേലൂയ്യാ ഗീതികളാൽ
കർത്താവിൻ തിരു പെസഹാതൻ / നിർമ്മലമാകുമനുസ്മരണം,
കൊണ്ടാടാം, ഇന്നീ വേദികയിൽ.

കാർമ്മി: തൻ മഹിമാവല്ലോ, വാനിലുമൂഴിയിലും, തിങ്ങിവിളങ്ങുന്നു.

സമൂഹം: ദിവ്യാത്മാവിൻ ഗീതികളാൽ ...

കാർമ്മി: ജനതകളവിടുത്തെ, മഹിമകൾ പാടുന്നു, താണുവണങ്ങുന്നു.

സമൂഹം: ദിവ്യാത്മാവിൻ ഗീതികളാൽ ...

കാർമ്മി: നിത്യപിതാവിനും, സുതനും റൂഹായ്ക്കും, സ്തുതിയുണ്ടാകട്ടെ.

സമൂഹം: ദിവ്യാത്മാവിൻ ഗീതികളാൽ ...

കാർമ്മി: ആദിയിലെപ്പോലെ, ഇപ്പൊഴുമെപ്പോഴും, എന്നേക്കും ആമ്മേൻ.

സമൂഹം: ദിവ്യാത്മാവിൻ ഗീതികളാൽ ...

കാർമ്മി: ഞങ്ങളുടെ കർത്താവായ ദൈവമേ അങ്ങയുടെ ജീവദായകവും ദൈവികവുമായ കല്പനകളുടെ മധുരസ്വരം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമെ. അതുവഴി ആത്മശരീരങ്ങൾക്കുപകരിക്കുന്ന സ്നേഹവും ശരണവും രക്ഷയും ഞങ്ങളിൽ ഫലമണിയുന്നതിനും നിരന്തരം ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നതിനും അങ്ങയുടെ കാരുണ്യത്താലും അനുഗ്രഹത്താലും ഞങ്ങളെ സഹായിക്കണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

ലേഖനം *(1 കൊറി. 11:23-29).*

വായിക്കുന്ന ആൾ: സഹോദരരേ, വിശുദ്ധ പൗലോസ് ശ്ലീഹാ കോറിന്തിലെ സഭയ്ക്കെഴുതിയ ഒന്നാം ലേഖനം.

(കാർമ്മികനു നേരെ തിരിഞ്ഞ്) ഗുരോ ആശീർവ്വദിക്കണമേ.

കാർമ്മി: മിശിഹാ + നിന്നെ അനുഗ്രഹിക്കട്ടെ.

(ഒരു ശുശ്രൂഷി കത്തിച്ച തിരിയുമായി സമീപത്തു നില്ക്കുന്നു).

(വായന തീരുമ്പോൾ)

സമൂഹം: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

ഹല്ലേലൂയ്യാ ഗീതം

ഹല്ലേലൂയ്യാ പാടാമൊന്നായ്, ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ.

ശിഷ്യന്മാരുടെ പാദം കഴുകി / സ്നേഹത്തിൻ പുതു മാതൃക നല്കി

തന്റെ ശരീരം നല്കി നമുക്കായ് / നവമൊരു ജീവൻ നമ്മിൽ പുലരാൻ.

മാതൃകയേവം കൈക്കൊണ്ടീടാൻ / വചനം നമ്മെ മാടിവിളിപ്പൂ.

താതനുമതുപോൽ സുതനും, പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ

ആദിമുതൽക്കേയിന്നും നിത്യവ്യ- / മായി ഭവിച്ചീടട്ടെ ആമ്മേൻ.

ഹല്ലേലൂയ്യാ പാടാമൊന്നായ്, ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ.

(ഗാനസമയത്ത് കാർമ്മികൻ ധൂപം ആശീർവ്വദിക്കുന്നു).

കാർമ്മി: എന്റെ കർത്താവേ പാപിനിയായ മറിയം നിന്റെ ശിരസ്സിൽ സുഗന്ധതൈലം പൂശിയപ്പോൾ നിന്നിൽനിന്നു പ്രസരിച്ച ഹൃദ്യമായ പരിമളം ഈ ധൂപത്തോടുകൂടെ + കലരുമാറാകട്ടെ. നിന്റെ ബഹുമാനത്തിനും ഞങ്ങളുടെ കടങ്ങളുടെയും പാപങ്ങളുടെയും മോചനത്തിനുമായി ഈ ധൂപം ഞങ്ങൾ സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ എന്നേക്കും.

ശുശ്രൂഷി: ആമ്മേൻ.

(സുവിശേഷ വായനയുടെ സമയത്തു ശുശ്രൂഷി ധൂപാർച്ചന നടത്തുന്നു.)

ശുശ്രൂഷി: നമുക്ക് ശ്രദ്ധാപൂർവ്വം നിന്ന് പരിശുദ്ധ സുവിശേഷം ശ്രവിക്കാം.

കാർമ്മി: സമാധാനം + നിങ്ങളോടുകൂടെ.

സമൂഹം: അങ്ങയോടും അങ്ങയുടെ ആത്മാവോടുംകൂടെ.

(കാർമ്മികൻ സുവിശേഷം വായിക്കുന്നു. രണ്ടു ശുശ്രൂഷികൾ കത്തിച്ച തിരികളുമായി കാർമ്മികന്റെ ഇരുവശവും നില്ക്കുന്നു. സഹായി മുമ്പിൽ നിന്ന് ധൂപാർച്ചന നടത്തുന്നു).

കാർമ്മി: വിശുദ്ധ യോഹന്നാൻ അറിയിച്ച നമ്മുടെ കർത്താവീശോ മിശിഹായുടെ പരിശുദ്ധ സുവിശേഷം. ***(യോഹന്നാൻ 13: 1 – 14 + മത്തായി 26: 26 – 30).***

സമൂഹം: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

(വായന തീരുമ്പോൾ)

സമൂഹം: നമ്മുടെ കർത്താവായ മിശിഹായ്ക്കുസ്തുതി.

പ്രസംഗം

കാൽ കഴുകൽ ശുശ്രൂഷ

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ.

കാർമ്മി: ഞങ്ങളുടെ കർത്താവും ഗുരുവുമായ മിശിഹായേ, അന്ത്യ അത്താഴവേളയിൽ നീ ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിക്കൊണ്ട് എളിമയുടെയും ശുശ്രൂഷയുടെയും ആത്മസമർപ്പണത്തിന്റെയും മാതൃക നല്കുകയും അത് അനുകരിക്കുവാൻ ഞങ്ങളോട് ആവശ്യപ്പെടുകയും ചെയ്തു

വല്ലോ. ജീവദായകമായ നിന്റെ കല്പന അനുസരിച്ചുകൊണ്ട് ഈ ശുശ്രൂഷ യഥായോഗ്യം നിർവ്വഹിക്കുവാനും പരസ്പര സ്നേഹത്തിലൂടെ ഇതിന്റെ ചൈതന്യം അനുദിന ജീവിതത്തിൽ നിലനിർത്തുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂഹം: ആമ്മേൻ.

(സമൂഹം ഇരിക്കുന്നു. കാർമ്മികൻ കാപ്പ മാറ്റി വെള്ളക്കച്ച അരയിൽ ചുറ്റി, 12 പേരുടെ കാലുകൾ കഴുകി ചുംബിക്കുന്നു).

കാൽകഴുകലിന്റെ ഗീതം

താലത്തിൽ വെള്ളമെടുത്തു / വെൺകച്ചയുമരയിൽ ചുറ്റി
മിശിഹാതൻ ശിഷ്യന്മാരുടെ / പാദങ്ങൾ കഴുകി.

വിനയത്തിൻ മാതൃക നല്കാൻ / സ്നേഹത്തിൻ പൊൻ കൊടി നാട്ടാൻ
സകലേശൻ ദാസന്മാരുടെ / പാദങ്ങൾ കഴുകി.

സ്നേഹത്തിൻ ചിറകു വിരിഞ്ഞു / രാജാളി തെളിഞ്ഞു പറഞ്ഞു,
സ്നേഹിതരേ, നിങ്ങൾക്കിന്നൊരു / മാതൃക ഞാനേകി.

ഗുരുവെന്നു വിളിപ്പൂ നിങ്ങൾ / പരമാർത്ഥതയുണ്ടതിലെങ്കിൽ
ഗുരുനല്കിയ പാഠം നിങ്ങൾ / സാദരമോർത്തിടുവിൻ.

പാദങ്ങൾ കഴുകിയ ഗുരുവിൻ / ശിഷ്യന്മാർ നിങ്ങൾ, അതോർത്താൽ
അന്യോന്യം പാദം കഴുകാൻ / ഉത്സുകരായ്ത്തീരും.

വത്സലരേ, നിങ്ങൾക്കായ് ഞാൻ / നല്കുന്നു പുതിയൊരു നിയമം
സ്നേഹിപ്പിൻ സ്വയമെന്നതുപോൽ / അന്യോന്യം നിങ്ങൾ.

അവനിയിലെൻ ശിഷ്യഗണത്തെ- / യറിയാനുള്ളടയാളമിതാ
സ്നേഹിപ്പിൻ സ്വയമെന്നതുപോൽ / അന്യോന്യം നിങ്ങൾ.

സ്നേഹിതനെ രക്ഷിപ്പതിനായ് / ജീവൻ ബലി ചെയ്വതിനെക്കാൾ
ഉന്നതമാം സ്നേഹം പാർത്താൽ / മറ്റെന്തുണ്ടുലകിൽ?

ഞാനേകിയ കല്പനയെല്ലാം / പാലിച്ചു നടന്നിടുമെങ്കിൽ
നിങ്ങളിലെൻ നയനം പതിയും / സ്നേഹിതരായ് ത്തീരും.

ദാസന്മാരെന്നു വിളിക്കാ, / നിങ്ങളെ ഞാനിനിയൊരുനാളും
സ്നേഹിതരായ് ത്തീർന്നു, ചിരമെൻ / വത്സലരേ,നിങ്ങൾ.

കാറോസ്യസ

ശുശ്രൂഷി: നമുക്കെല്ലാവർക്കും അനുതാപത്തോടും ഭക്തിയോടുംകൂടി നിന്ന് "കർത്താവേ ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ" എന്ന് പ്രാർത്ഥിക്കാം.

സമൂഹം: കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂഷി: നാല്പതു ദിനരാത്രങ്ങൾ മരുഭൂമിയിൽ ഉപവാസത്തിലും പ്രാർത്ഥനയിലും ചെലവഴിച്ച മിശിഹായേ, തപസ്സിന്റെയും പ്രായശ്ചിത്തത്തിന്റെയും ചൈതന്യത്തിൽ ജീവിക്കുവാനും പ്രാർത്ഥനാരൂപിയിൽ വളരുവാനും ഞങ്ങളെ അനുഗ്രഹിക്കണമെന്ന് നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടായ മിശിഹായേ, ഞങ്ങളുടെയും മറ്റുള്ളവരുടെയും പാപങ്ങൾക്കു പരിഹാരമനുഷ്ഠിക്കുവാൻ ഞങ്ങളെ ശക്തരാക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: "ഞാൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ അപ്പമാകുന്നു. എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനംചെയ്യുകയും ചെയ്യുന്നവൻ നിത്യരക്ഷ പ്രാപിക്കും" എന്നരുളിച്ചെയ്ത കർത്താവേ, നിന്റെ ശരീരരക്തങ്ങൾ സ്വീകരിച്ച് നിത്യജീവിതത്തിന് യോഗ്യരാകുവാൻ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: "ഞാൻ ഈ ചെയ്തത് നിങ്ങൾ എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ" എന്നരുളിച്ചെയ്ത കർത്താവേ, ഈ ബലിയിൽ പങ്കുചേർന്ന് നിന്റെ രക്ഷാകരസ്നേഹം നിരന്തരം അനുഭവിക്കുവാൻ ഞങ്ങളെ സഹായിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: ശിഷ്യന്മാരുടെ പാദങ്ങൾ കഴുകി വിനയത്തിന്റെയും ആത്മസമർപ്പണത്തിന്റെയും മാതൃക നല്കിയ കർത്താവേ, ഞങ്ങളുടെ സഹോദരങ്ങളെ എളിമയോടെ ശുശ്രൂഷിക്കുവാൻ ഞങ്ങളെ ശക്തരാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: "നിങ്ങൾ പരസ്പരം പാദങ്ങൾ കഴുകുവിൻ" എന്നരുളിച്ചെയ്ത കർത്താവേ, വിനയത്തിന്റെയും ശൂന്യവത്കരണത്തിന്റെയും ജീവിതം നയിക്കുവാൻ ഞങ്ങളെ ശക്തരാക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: ഒരേ അപ്പത്തിൽനിന്നു ഭക്ഷിക്കുകയും ഒരേ പാന പാത്രത്തിൽനിന്നു പാനം ചെയ്യുകയും ചെയ്യുന്ന ഞങ്ങൾ സ്നേഹത്തിലും

ഐക്യത്തിലും ജീവിക്കുവാൻ ഇടവരുത്തണമെന്ന് നിന്നോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂഷി: ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ എന്ന കല്പന നല്കിയ കർത്താവേ, അന്യോന്യം സ്നേഹിച്ചു കൊണ്ട് നിന്റെ ശിഷ്യർക്ക് ഉചിതമായ ജീവിതം നയിക്കുവാൻ ഞങ്ങളെ സഹായിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും മാർഗ്ഗത്തിൽ ഞങ്ങളെ നയിക്കുവാൻ ഞങ്ങളുടെ പരിശുദ്ധ പിതാവു മാർ ... *(പേര്)* പാപ്പായെയും, ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച്ബിഷപ്പ് മാർ ... *(പേര്)* മെത്രാപ്പോലീത്തയെയും, ഞങ്ങളുടെ പിതാവും മേലധ്യക്ഷനുമായ മാർ ... *(പേര്)* മെത്രാനെയും, ... മെത്രാ പ്പോലീത്തയെയും ... മെത്രാനെയും മറ്റെല്ലാ മെത്രാന്മാരെയും ആത്മീയ നന്മകൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: നമുക്കെല്ലാവർക്കും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

സമൂഹം: ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

കാർമ്മി: അങ്ങയുടെ ഏകപുത്രനെ പെസഹാക്കുഞ്ഞാടായി ഞങ്ങൾക്കു നല്കിയ പിതാവായ ദൈവമേ, ഞങ്ങൾ അങ്ങേക്കു നന്ദി പറയുന്നു. അങ്ങ യുടെ മഹനീയമായ ഈ ദാനം പരസ്പര സ്നേഹത്തിൽ ജീവിക്കുവാൻ ഞങ്ങളെ ശക്തരാക്കട്ടെ. അവിടുത്തെ തിരുശ്ശരീരരക്തങ്ങൾ ഞങ്ങൾക്ക് നിത്യസൗഭാഗ്യത്തിന് കാരണമായിത്തീരുകയും ചെയ്യട്ടെ. സകലത്തി ന്റെയും നാഥാ, എന്നേക്കും.

സമൂഹം: ആമ്മേൻ.

കൈവയ്പു പ്രാർഥന

ശുശ്രൂഷി: കർത്താവേ ആശീർവദിക്കേണമേ / സഹോദരരേ, നിങ്ങൾ കൈവയ്പിനായി തലകുനിക്കുകയും / ആശീർവാദം സ്വീകരിക്കുകയും ചെയ്യുവിൻ.

(എല്ലാവരും തലകുനിച്ച് ആശീർവാദം സ്വീകരിക്കുന്നു.)

കാർമി: *(താഴ്ന്ന സ്വരത്തിൽ)* കർത്താവേ ശക്തനായ ദൈവമേ അങ്ങയുടെ അഭിഷിക്തൻ കഠിനമായ പീഡകളനുഭവിച്ചു വീണ്ടെടുത്ത അജഗണമായ പരിശുദ്ധ കത്തോലിക്കാസഭ അങ്ങയുടേതാകുന്നു. ദൈവസ്വഭാവത്തിൽ അങ്ങുമായി ഒന്നായിരിക്കുന്ന പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ യഥാർഥ പൗരോഹിത്യത്തിന്റെ പദവികൾ കൈവയ്പുവഴി നല്കപ്പെടുന്നു. വിശ്വാസികൾക്ക് ആത്മീയശുശ്രൂഷ ചെയ്യുന്നതിനു പരിശുദ്ധമായ സഭാശരീരത്തിലെ സവിശേഷാംഗങ്ങളാകാൻ നിസാരരും ബലഹീനരുമായ ഞങ്ങളെ അങ്ങു കാരുണ്യാതിരേകത്താൽ യോഗ്യരാക്കി. കർത്താവേ, അങ്ങയുടെ കൃപാവരം ഞങ്ങളിൽ നിറയ്ക്കുകയും അങ്ങയുടെ ദാനങ്ങൾ ഞങ്ങളുടെ കരങ്ങൾവഴി വർഷിക്കുകയും ചെയ്യണമേ. അങ്ങയുടെ കാരുണ്യവും അനുഗ്രഹവും ഞങ്ങളുടെയും അങ്ങു തെരഞ്ഞെടുത്ത ഈ ജനത്തിന്റെയുംമേൽ ഉണ്ടാകുമാറാകട്ടെ.

കാർമി: *(ഉയർന്ന സ്വരത്തിൽ)* കരുണാനിധിയായ ദൈവമേ, ഞങ്ങളെല്ലാവരും ഒന്നുചേർന്ന് അങ്ങയെ ഞങ്ങളുമായി രമ്യതപ്പെടുത്തുന്ന നീതിയുടെ പ്രവൃത്തികളാൽ ജീവിതകാലം മുഴുവനും അങ്ങയെ യഥോചിതം പ്രീതിപ്പെടുത്താൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും നിരന്തരം സമർപ്പിക്കാൻ ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

ശുശ്രൂഷി: മാമ്മോദീസാ സ്വീകരിക്കുകയും, ജീവന്റെ അടയാളത്താൽ മുദ്രിതരാകുകയും ചെയ്തവർ / ഭക്തിയോടും ശ്രദ്ധയോടുംകൂടെ വിശുദ്ധ രഹസ്യങ്ങളിൽ പങ്കുകൊള്ളട്ടെ. നമുക്കു പ്രാർഥിക്കാം സമാധാനം നമ്മോടുകൂടെ.

ദിവ്യരഹസ്യഗീതം

(രീതി: മിശിഹാ കർത്താവിൻ തിരുമെയ്...)

വരുവിൻ നമുക്കു കർത്താവിനെ വാഴ്ത്താം.

കുരിശിൻ ഭീകരമാം, പീഡകളേറ്റിടുവാൻ / പോകുകയായ് നാഥൻ.
പാവനമാം ബലി വേദികയിൽ / കാണ്മൂ ദിവ്യ രഹസ്യങ്ങൾ
നാമിന്നീശോ മിശിഹാ തൻ / ബലിതൻ ഓർമ്മയിൽ മുഴുകുന്നു.
വാഴ്ത്തീടാം വിണ്ണിൻ ദാനങ്ങൾ.

കർത്താവിനെ പ്രതീക്ഷിച്ച് അവനിൽ പ്രത്യാശയർപ്പിക്കുവിൻ.

കുരിശിൻ ഭീകരമാം, പീഡകളേറ്റിടുവാൻ ...

(കുർബാനയുടെ ബാക്കി ഭാഗങ്ങൾക്ക് പേജ് 88 കാണുക)

(വിശുദ്ധ കുർബാന സ്വീകരണശേഷം കുർബ്ബാന ചെറിയ അൾത്താരയിലേയ്ക്ക് ആഘോഷമായി കൊണ്ടുപോകുന്നു. അപ്പോൾ താഴെ വരുന്ന ഗാനം പാടുന്നു).

ഗാനം

മിശിഹാ കർത്താവേ, മാനവ രക്ഷകനേ
നരനുവി മോചനമേകിടുവാൻ
നരനായ് വന്നു പിറന്നവനേ.
മിശിഹാ ...

മാലാഖമാരൊത്തു ഞങ്ങൾ, പാടിപ്പുകഴ്ത്തുന്നു നിന്നെ - 2
പരിശുദ്ധൻ പരിശുദ്ധൻ, കർത്താവേ നീ പരിശുദ്ധൻ - 2
മിശിഹാ ...

(ധൂപാർപ്പണം).

കൃതജ്ഞതാ പ്രാർത്ഥനകൾ

കാർമ്മി: കർത്താവായ ദൈവമേ, അങ്ങയുടെ തിരുവചനം ശ്രവിക്കുവാനും കീർത്തനങ്ങൾ ആലപിച്ചുകൊണ്ട് അങ്ങയെ സ്തുതിക്കുവാനും അങ്ങ് ഞങ്ങളെ യോഗ്യരാക്കി. ഞങ്ങൾക്കായി അങ്ങ് ഒരുക്കിയിരിക്കുന്ന സ്വർഗ്ഗഭാഗ്യം അനുഭവിച്ച് അങ്ങയെ അനവരതം പാടിപ്പുകഴ്ത്താൻ ഞങ്ങൾ അർഹരാകട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂഹം: ആമ്മേൻ. കർത്താവേ, ആശീർവ്വദിക്കണമേ.

കാർമ്മി: ഞങ്ങളുടെ നാഥനും രക്ഷകനുമായ മിശിഹായേ, നിന്റെ കുരിശുമരണത്താൽ ഞങ്ങളുടെ പാപങ്ങൾ മോചിക്കുകയും തിരുശ്ശരീരരക്തങ്ങളാൽ ഞങ്ങളെ സമ്പന്നരാക്കുകയും ചെയ്തു. നിന്നോടൊത്തു നിത്യം വസിക്കുവാൻ ഈ ദിവ്യകൂദാശ ഞങ്ങൾക്ക് കാരണമായിത്തീരട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂഹം: ആമ്മേൻ.

സമാപനാശീർവാദം

(രീതി: കർത്താവാം മിശിഹാവഴിയായ്...)

കാർമ്മി: സ്നേഹപിതാവാം സകലേശൻ / പാപികളാകും മർത്യർക്കായ്
പാരിലയച്ചു കനിവോടെ / ഏക കുമാരൻ മിശിഹായെ

ജീവൻ നല്കാൻ സ്ഥാപിച്ചു / പരിപൂജിതമാം കുർബാന,
വരദാനങ്ങൾ ചൊരിയുന്നു / പാവനരൂപൻ ദിവ്യാത്മൻ.

സമൂഹം: ആമ്മേൻ.

കാർമ്മി: ശിഷ്യന്മാരുടെ പാദങ്ങൾ / കഴുകിയ നാഥൻ നല്കിയതാം
മാതൃകപോലെ സകലർക്കും / സേവനമെന്നും ചെയ്തിടുവിൻ.

ദിവ്യശരീരവുമതുപോലെ / രക്തവുമേകിയ തിരുനാഥൻ
ദിവ്യാനുഗ്രഹമരുളട്ടെ + / ഇപ്പൊഴുമെപ്പൊഴുമെന്നേക്കും.

സമൂഹം: ആമ്മേൻ.

(അല്ലെങ്കിൽ)

കാർമ്മി: തന്റെ ഏകജാതനെ നല്കുവാൻ തക്കവിധം, പാപികളായ നമ്മെ സ്നേഹിച്ച പിതാവായ ദൈവത്തെ നമുക്കു സ്തുതിക്കാം. എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ, എന്നിലും ഞാൻ അവനിലും വസിക്കും, എന്നരുളിച്ചെയ്യുകയും സ്നേഹത്തിന്റെ നിത്യസ്മാരകമായി വിശുദ്ധ കുർബാന സ്ഥാപിക്കുകയും ചെയ്ത രക്ഷകനായ മിശിഹായെ നമുക്കു വാഴ്ത്താം. വരപ്രസാദങ്ങൾ ചൊരിഞ്ഞുകൊണ്ട്, നമ്മിൽ നിരന്തരം വസിക്കുന്ന പരിശുദ്ധാത്മാവിന് നന്ദി പറയാം. ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിയ മിശിഹായെ അനുകരിച്ച് സഹോദരങ്ങൾക്കു സേവനം ചെയ്യുവാനും, ദൈവത്തെ പ്രീതിപ്പെടുത്തുവാനും അവിടുന്നു നമ്മെ ശക്തരാക്കട്ടെ. നാം സ്വീകരിച്ച തിരുശരീരരക്തങ്ങൾ നമുക്കു നിത്യജീവന്റെ അച്ചാരമായിരിക്കട്ടെ. ഇന്നത്തെ തിരുക്കർമ്മങ്ങളിൽ സംബന്ധിച്ച നിങ്ങളെല്ലാവരെയും സർവശക്തനായ ദൈവം അനുഗ്രഹിക്കട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

സമൂഹം: ആമ്മേൻ.

(സമാപന ആശീർവാദത്തിനു ശേഷം അൾത്താര നഗ്നമാക്കുന്നു).

-oOo-

പെസഹാ ഭവനത്തിൽ

പെസഹാ ഭക്ഷണം തയ്യാറാക്കൽ

(പുളിപ്പില്ലാത്ത പെസഹാ അപ്പം)

ചേരുവകൾ

പച്ചരി - 1 കിലോഗ്രാം
ഉഴുന്നു പരിപ്പ് - 150 ഗ്രാം
തേങ്ങാ - 2 എണ്ണം
ജീരകം - 30 ഗ്രാം
ചുവന്നുള്ളി - 100 ഗ്രാം
വെളുത്തുള്ളി - 20 ഗ്രാം
ഉപ്പ് - ആവശ്യത്തിന്
കുരുത്തോലക്കഷണം

പാകം ചെയ്യുന്ന വിധം

പച്ചരി കഴുകി പൊടിച്ച് *(തരി മീഡിയം)* വറുത്തെടുക്കുക. ഉഴുന്ന് ഓട്ടിൽ *(എണ്ണ ചേർക്കാതെ)* ചൂടാക്കി ഇളം ചുവപ്പാകുമ്പോൾ വാങ്ങുക. ഉഴുന്ന് വെള്ളത്തിലിട്ട് കുതിർന്നു കഴിയുമ്പോൾ എടുത്ത് അരയ്ക്കുക. ജീരകവും വെളുത്തുള്ളിയും ചുവന്നുള്ളിയും നന്നായി അരച്ചെടുക്കുക. തേങ്ങാ തരി വരത്തക്കവിധം മാത്രം അരയ്ക്കുക. അരിപ്പൊടിയിൽ ഉപ്പും വെള്ളവും ചേർത്തു കുഴയ്ക്കുക. അതിനുശേഷം ഉഴുന്നും മറ്റും അരച്ചത് കൂട്ടിയോജിപ്പിക്കുക. കൈകൊണ്ടു കോരിയെടുക്കാവുന്ന വിധം മാത്രം വെള്ളം ചേർത്താൽ മതി. വൃത്താകൃതിയിലുള്ള പാത്രങ്ങളിലൊഴിച്ച് ഓശാനയ്ക്കു കിട്ടുന്ന കുരുത്തോല കുരിശാകൃതിയിൽ *(2 ഇഞ്ചു നീളം)* അപ്പത്തിന്മേൽ *(കുടുംബനാഥ)* വയ്ക്കുന്നു. അപ്പച്ചെമ്പിൽ ആവിക്കുവച്ച് വേവിക്കുക. *(ഈർക്കിൽകൊണ്ട് കുത്തി നോക്കി അരിപ്പൊടി അതിൽ പിടിക്കുന്നില്ലെങ്കിൽ വെന്തെന്ന് അറിയാം).*

ഇണ്ടറി അപ്പത്തിന്റെ പാൽ ചേരുവകൾ

ശർക്കര - 1 കിലോഗ്രാം
തേങ്ങാ - 4 എണ്ണം
ജീരകം - 15 ഗ്രാം
എള്ള് - 25 ഗ്രാം ഓട്ടിൽ വറുത്തെടുക്കുക.
ഏലയ്ക്കാ - 4 എണ്ണം
ചുക്ക് - 1 ചെറിയ കഷണം (5 ഗ്രാം)
ഉപ്പ് ആവശ്യത്തിന്

ഇണ്ടറി അപ്പത്തിന്റെ പാൽ ഉണ്ടാക്കുന്ന വിധം

ശർക്കര ഒരു ഗ്ലാസ് വെള്ളമൊഴിച്ച് ഉരുക്കി അരിച്ചെടുക്കുക. തേങ്ങാ ചിരണ്ടിയെടുത്ത് 3 പ്രാവശ്യം പിഴിഞ്ഞെടുത്ത പാലിൽ *(ഏകദേശം 2 ലിറ്റർ)* അരിച്ചെടുത്ത ശർക്കര ചേർത്ത് അടുപ്പത്തുവച്ച് ഇളക്കിക്കൊണ്ടിരിക്കണം. തികന്നു പോകാതെ ശ്രദ്ധിക്കണം. കുരുത്തോല കുരിശ് ആകൃതിയിൽ പാലിൽ *(2 ഇഞ്ച് മുറിച്ച്)* ഇടണം. തികന്നു കഴിയുമ്പോൾ 3 സ്പൂൺ വറുത്ത അരിപ്പൊടി അല്പം തേങ്ങാപ്പാലിൽ കലക്കി അതിൽ ഒഴിക്കുക. പാത്രത്തിന്റെ മൂട്ടിൽ പിടിക്കാതെ ഇളക്കിക്കൊണ്ടിരിക്കണം. തികന്നു കഴിയുമ്പോൾ വറുത്തു വച്ചിരിക്കുന്ന ജീരകം, എള്ള്, ഏലയ്ക്കാ, ചുക്ക് ഇവപൊടിച്ച് ഉപ്പും തുളി ഇറക്കി വക്കുക.

പെസഹാ അപ്പം മുറിയ്ക്കൽ

പെസഹാ വ്യാഴാഴ്ച അത്താഴത്തിനു ശേഷമാണ് അപ്പം മുറിക്കുക. എല്ലാവരും കൂടി ഭയഭക്തിയോടെ എഴുന്നേറ്റുനിന്ന് ഗൃഹനാഥന്റെ നേതൃത്വത്തിൽ പ്രാർത്ഥന ചൊല്ലുന്നു. അതിനുശേഷം ഗൃഹനാഥൻ എഴുന്നേറ്റുനിന്ന് കുരിശപ്പത്തിന്മേലുള്ള കുരുത്തോല എടുത്തുമാറ്റി കത്തികൊണ്ട് കുരിശാകൃതിയിൽ അപ്പം മുറിക്കുന്നു. തുടർന്ന് ആവശ്യാനുസരണം ചെറിയ കഷണങ്ങളാക്കി മുറിക്കുന്നു.

മൂത്തവർ മുതൽ ഇരുകൈകളും നീട്ടി ഭക്തിയോടെ ഗൃഹനാഥന്റെ കൈയ്യിൽ നിന്നും അപ്പം വാങ്ങുന്നു. വലതുകൈയ്യിൽ അപ്പം എടുത്ത് ഇടതുകൈയ് വലതുകൈയുടെ മുട്ടിനു താഴെ *(ആദരവുകാണിക്കാൻ)* പിടിച്ചാണ് നല്കേണ്ടത്. പാൽ കപ്പുകളിൽ എടുത്ത് അതിൽ അപ്പം മുക്കിയാണ് കഴിക്കുക.

വിശ്വാസികളല്ലാത്തവർക്ക് കുരിശപ്പം കൊടുക്കാറില്ല. അതിനു പകരം കുരിശുവയ്ക്കാതെ ഇലയിൽ മടക്കിവച്ച് അപ്പം ഉണ്ടാക്കാറുണ്ട്. അപ്പംമുറിയ്ക്കലിനുമുമ്പ് കുട്ടികൾക്കു കൊടുക്കുന്ന അപ്പവും കുരിശു വയ്ക്കാത്തതാണ്.

കുടുംബത്തിലെ പെസഹാ ഭക്ഷണം (ഇണ്ടറിയപ്പം) മുറിക്കൽ ശുശ്രൂഷ.

കാർമ്മി: പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

സമൂഹം: ആമ്മേൻ.

കാർമ്മി: അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

സമൂഹം: ആമ്മേൻ.

കാർമ്മി: ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും.

സമൂഹം: ആമ്മേൻ.

കാർമ്മി: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ***(സമൂഹവും ചേർന്ന്)*** അങ്ങയുടെ നാമം പൂജിതമാകണമെ / അങ്ങയുടെ രാജ്യം വരണമെ. അങ്ങയുടെ തിരുമനസ്സു സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമെ. ഞങ്ങൾക്കു ആവശ്യകമായ ആഹാരം / ഇന്നു ഞങ്ങൾക്കു തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ, ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതെ. ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമെ. എന്തുകൊണ്ടെന്നാൽ /രാജ്യവും ശക്തിയും മഹത്വവും എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ / അങ്ങയുടെ മഹത്വത്താൽ സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു / മാലാഖമാരും മനുഷ്യരും അങ്ങു പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്ന് ഉൽഘോഷിക്കുന്നു.

(ഒരു നിലവളക്കോ തിരിയോ കത്തിച്ചു മേശപ്പുറത്തു വയ്ക്കുന്നു.)

കാർമ്മി: പ്രപഞ്ചത്തിന്റെ രാജാവയ ദൈവമേ, പ്രകാശത്തിന്റെ ദാതാവായ കർത്താവേ, അങ്ങു വാഴ്ത്തപ്പെട്ടവനാകുന്നു. എന്തെന്നാൽ അങ്ങു ഞങ്ങളെ വിശുദ്ധ ജനമായി തെരഞ്ഞെടുത്തു. കരുണയിൽ ഒരു കുടുംബമായി ഞങ്ങളെ പടുത്തുയർത്തി. അങ്ങു ചെയ്ത അത്ഭുതകൃത്യങ്ങളെല്ലാം അനുസ്മരിക്കുന്നതിന് ഈ പെസഹാ ഭക്ഷണത്തിനായി ഞങ്ങൾ ഈ ഭവനത്തിൽ സമ്മേളിച്ചിരിക്കുന്നു. ഇത് അനുഗ്രഹദായകമായി തീരുവാൻ ഞങ്ങളെ സഹായിക്കണമെ. നിത്യനായ സർവ്വേശ്വരാ എന്നേയ്ക്കും.

സമൂഹം: ആമ്മേൻ.

സങ്കീർത്തനം 135

കാർമ്മി: നല്ലവനായ ദൈവത്തെ സ്തുതിക്കുവിൻ.

സമൂഹം: എന്തുകൊണ്ടെന്നാൽ അവിടുത്തെ കാരുണ്യം അനന്തമാകുന്നു.
(ഓരോന്നിനും ആവർത്തിക്കുന്നു).

കാർമ്മി: അത്യുന്നതനായ ദൈവത്തെ സ്തുതിക്കുവിൻ.

കാർമ്മി: അത്ഭുതപ്രവർത്തകനായ കർത്താവിനെ സ്തുതിക്കുവിൻ.

കാർമ്മി: ഇസ്രായേൽ ജനങ്ങളെ ഈജിപ്തിൽ നിന്നു മോചിപ്പിച്ചവനെ സ്തുതിക്കുവിൻ.

കാർമ്മി: ചെങ്കടൽ വിഭജിച്ച് അതിന്റെ നടുവിൽക്കൂടി ഇസ്രായേലിനെ നയിച്ചവനെ സ്തുതിക്കുവിൻ.

കാർമ്മി: തന്റെ ജനങ്ങളെയെല്ലാം വനത്തിലൂടെ നയിച്ചവനെ സ്തുതിക്കുവിൻ.

കാർമ്മി: നമ്മുടെ സങ്കടകാലങ്ങളിൽ നമ്മെ ഓർത്തവനെ സ്തുതിക്കുവിൻ.

കാർമ്മി: നമ്മുടെ ശത്രുക്കളിൽനിന്നെല്ലാം നമ്മെ രക്ഷിച്ചവനെ സ്തുതിക്കുവിൻ.

കാർമ്മി: ലോകത്തിലുള്ള ജീവികൾക്കെല്ലാം ആഹാരം നൽകുന്നവനെ സ്തുതിക്കുവിൻ.

കാർമ്മി: സ്വർഗ്ഗസ്ഥനായ ദൈവത്തെ കൃതജ്ഞതാപൂർവ്വം സ്തുതിക്കുവിൻ.

കാർമ്മി: പിതാവിനും പുത്രനും പരിശുദ്ധാവിനും സ്തുതി.

സമൂഹം: ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

കാർമ്മി: കാരുണ്യവാനായ കർത്താവേ, അങ്ങ് അത്ഭുതകരമായി ഇസ്രായേലിനെ പരിപാലിച്ചതുപോലെ ഞങ്ങളേയും പരിപാലിക്കണമെ. പുതിയ ഉടമ്പടിയിലെ തിരഞ്ഞെടുക്കപ്പെട്ട ജനമായ ഞങ്ങൾ അങ്ങയുടെ സംരക്ഷണം അനുഭവിക്കുവാനും കർത്താവീശോമിശിഹാ ഞങ്ങൾക്കായി നൽകിയ സ്വർഗ്ഗീയമന്ന ഭക്ഷിച്ച് ശക്തി യാർജ്ജിച്ച് വാഗ്ദത്ത ഭൂമിയാകുന്ന സ്വർഗ്ഗരാജ്യത്തിൽ എത്തിച്ചേരുവാനും ഞങ്ങളെ സഹായിക്കേണമെ. നിത്യനായ സർവ്വേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

ഗാനം

സർവ്വാധിപനാം കർത്താവേ / നിന്നെ വണങ്ങി നമിക്കുന്നു
ഈശോ നാഥാ വിനയമോടെ / നിന്നെ നമിച്ചു പുകഴ്ത്തുന്നു.

മർത്ത്യനു നിത്യമഹോന്നതമാം / ഉത്ഥാനം നീ അരുളുന്നു
അക്ഷയമവനുടെ ആത്മാവി- / നുത്തമ രക്ഷയുമേകുന്നു.

വേദപുസ്തക വായന
(പുറപ്പാട് 12: 21 - 31, 41 - 42)

വായനയ്ക്കു ശേഷം

കാർമ്മി: ഇസ്രായേൽക്കാരുടെ ഈജിപിതിൽനിന്നുള്ള മോചനവും വാഗ്ദത്തഭൂമിയിലേക്കുള്ള കടന്നുപോകലും അതിനായി ദൈവം തന്റെ ശക്തിയേറിയ സാന്നിദ്ധ്യം കാണിച്ചതും അനുസ്മരിക്കുന്ന രാത്രിയാണിത്. പഴയ നിയമത്തിലെ ഇവ ഓർക്കുന്നതോടൊപ്പം, പുതിയനിയമ പെസഹാവഴി മനുഷ്യവർഗ്ഗം മരണത്തിൽനിന്നും ജീവനിലേക്കു കടക്കുന്നതും, പാപത്തിന്റെ ദാസ്യത്തിൽനിന്ന് ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്കു കടന്നതും, ഈ രാത്രി നാമോർക്കുന്നു. നമ്മുടെ കർത്താവായ ഈശോ മിശിഹാ അന്ത്യത്താഴത്തിൽ പരിശുദ്ധ കുർബാന സ്ഥാപിച്ചതും, സ്നേഹിക്കാനുള്ള കല്പന നല്കിയതും, ഗെദ്സമേനിൽ രക്തം വിയർത്തു പ്രാർത്ഥിച്ചതും, ഈ ശുശ്രൂഷ നമ്മെ ഓർമ്മിപ്പിക്കുന്നു. ഇവയിലോരോന്നിനും ദൈവത്തിനു നന്ദി പറയുവാൻ നമ്മെ പ്രേരിപ്പിക്കുന്നു.

കാറോസൂസാ

ശുശ്രൂഷി: നമുക്കെല്ലാവർക്കും സന്തോഷത്തോടും സ്നേഹത്തോടുംകൂടെ നിന്ന്, "കർത്താവേ അങ്ങേക്കു ഞങ്ങൾ നന്ദി പറയുന്നു" എന്നേറ്റു പറയാം.

സമൂഹം: അങ്ങേക്കു ഞങ്ങൾ നന്ദി പറയുന്നു. *(ആവർത്തിക്കുന്നു)*

ശുശ്രൂഷി: "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും അന്യോന്യം സ്നേഹിക്കുവിൻ" എന്നു സ്നേഹത്തിന്റെ കല്പന ഞങ്ങൾക്കു നല്കിയ കർത്താവേ,

ശുശ്രൂഷി: "എന്റെ സമാധാനം ഞാൻ നിങ്ങൾക്കു നല്കുന്നു" എന്നു പറഞ്ഞു കൊണ്ട് ഞങ്ങൾക്കും ഞങ്ങളുടെ കുടുംബങ്ങൾക്കും സമാധാനം വാഗ്ദാനംചെയ്ത കർത്താവേ.

ശുശ്രൂഷി: പഴയ നിയമത്തിലെ ബലി പൂർത്തിയാക്കി പുതിയ നിയമത്തിലെ സ്നേഹത്തിന്റെ ബലി ഞങ്ങൾക്കു നൽകിയ കർത്താവേ,

ശുശ്രൂഷി: ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ ..... പാപ്പായേയും, ഞങ്ങളുടെ സഭാ തലവനായ മാർ ..... ശ്രേഷ്ഠമെത്രാപ്പോലീത്തായേയും, ഞങ്ങളുടെ രൂപതാദ്ധ്യക്ഷനായ മാർ ..... മെത്രാനേയും ഞങ്ങൾക്കു നല്കിയ കർത്താവേ,

ശുശ്രൂഷി: ഞങ്ങളുടെ കുടുംബത്തിന്റെ കൂട്ടായ്മ ഉറപ്പിക്കുവാനും കാണിക്കാനും ഒരിക്കൽക്കൂടി ഈ കുടുംബത്തിലെ പെസഹാവിരുന്നിൽ പങ്കെടുക്കുവാൻ ഞങ്ങളെ അനുവദിച്ച കർത്താവേ,

ശുശ്രൂഷി: പ്രാർത്ഥിക്കാം നമുക്കു സമാധാനം.

കാർമ്മി: നാം പങ്കുവെക്കുവാൻ പോകുന്ന ഈ പെസഹാ ഭക്ഷത്തേയും നമ്മെയും ആശീർവ്വദിക്കുന്നതിനായി നമുക്കു പ്രാർത്ഥിക്കാം.

(അപ്പവും പാലും മേശപ്പുറത്തു വയ്ക്കുന്നു).

കാർമ്മി: സ്നേഹനിധിയായ ദൈവമേ, സമയത്തിന്റെ പൂർണ്ണതയിൽ അങ്ങയുടെ പുത്രൻ വന്ന് പഴയ നിയമത്തിലെ പെസഹാ നവീകരിച്ചു വല്ലോ. പഴയ നിയമത്തിലെ പെസഹായും ഈശോമിശിഹാ ഞങ്ങൾക്കായിത്തന്ന പുതിയ പെസഹായും അനുസ്മരിക്കുന്ന ഞങ്ങളെ അനുഗ്രഹിക്കണമെ. ഒരു കുടുംബമെന്ന നിലയിൽ, സ്നേഹത്തിലും ഒരുമയിലും, ജീവിച്ചും പങ്കുവെച്ചും, ശുശ്രൂഷ ചെയ്തും ജീവിക്കുവാൻ, ഈ അപ്പം ഭക്ഷിക്കുകയും, ഈ പാൽപാനം ചെയ്യുകയും ചെയ്യുന്ന, ഈ കുടുംബാംഗങ്ങളെയെല്ലാം സഹായിക്കണമെ. നിത്യനായ സർവ്വേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

(കാർമ്മികൻ അപ്പം കുരിശാകൃതിയിൽ മുറിക്കുന്നു. മുതിർന്നവർ മുതൽ കാർമ്മികനിൽ നിന്നും അപ്പം ഇരുകൈകളും നീട്ടി വാങ്ങിക്കുന്നു. യഥാസ്ഥാനങ്ങളിലിരുന്ന് കപ്പുകളിൽ പകർന്ന പാലിൽ അപ്പം മുക്കി ഭക്ഷിക്കുന്നു.)

-oOo-

പീഡാനുഭവവെള്ളി

*(കാർമ്മികനും ശുശ്രൂഷികളും ക്രമപ്രകാരം പ്രദക്ഷിണമായി വചന വേദിയിൽ വരുന്നു. കാർമ്മികൻ ബലിപീഠത്തിലേയ്ക്കു തിരിഞ്ഞ് **മുട്ടുകുത്തി** നില്ക്കുന്നു. ജനങ്ങളും മുട്ടുകുത്തി നില്ക്കുന്നു. പത്തു സെക്കന്റ്നേരം **മരമണി** അടിക്കുന്നു. തുടർന്ന് സമൂഹം താഴെക്കാണുന്ന ഗീതം ആലപിക്കുന്നു. "വീണു താതനോടർത്ഥിച്ചു" എന്നു പാടുമ്പോൾ കാർമ്മികൻ കുനിഞ്ഞു നിലം മുത്തുന്നു).*

ഗാനം

കഴിയുമെങ്കിലീ പാനപാത്രമെൻ / പ്രിയതാതാ, മാറ്റിത്തരണമേ
താണു ദൈവത്തിൻ സൂനു ഭൂമിയിൽ / വീണു താതനോടർത്ഥിച്ചു.
കഴിയുമെങ്കിലീ ....

മർത്യപാപങ്ങൾ വന്നുയർന്നൊരു / മാമല തീർത്തു നില്ക്കവേ
ഭീതിയാൽ മൃതുമേനിയാകവേ / രക്തധാരയിലാഴ്ന്നുപോയ്
കഴിയുമെങ്കിലീ .....

മാലാഖമാരുടെ കീർത്തനം (ലൂക്കാ 2:14)

കാർമ്മി: അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

സമൂഹം: ആമ്മേൻ.

കാർമ്മി: ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും.

സമൂഹം: ആമ്മേൻ.

(പകരം ഗാനം)

കാർമ്മി:
അത്യുന്നതമാം സ്വർല്ലോകത്തിൽ /സർവ്വേശനു സ്തുതിഗീതം. (3)

സമൂഹം: ഭൂമിയിലെങ്ങും മർത്യനു ശാന്തി / പ്രത്യാശയുമെന്നേക്കും. (3)

കാർമ്മി: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ***(സമൂഹവും ചേർന്ന്)*** അങ്ങയുടെ നാമം പൂജിതമാകണമെ / അങ്ങയുടെ രാജ്യം വരണമെ. അങ്ങയുടെ തിരുമനസ്സു സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമെ. ഞങ്ങൾക്കു ആവശ്യകമായ ആഹാരം / ഇന്നു ഞങ്ങൾക്കു തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ, ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. ഞങ്ങളെ പ്രലോഭന

ത്തിൽ ഉൾപ്പെടുത്തരുതെ. ദുഷ്ടാത്രുപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമെ. എന്തുകൊണ്ടെന്നാൽ /രാജ്യവും ശക്തിയും മഹത്വവും / എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ / അങ്ങയുടെ മഹത്വത്താൽ സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു / മാലാഖമാരും മനുഷ്യരും അങ്ങു പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്ന് ഉൽഘോഷിക്കുന്നു.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം; സമാധാനം നമ്മോടുകൂടെ.

കാർമ്മി: മഹോന്നതനായ കർത്താവേ, ദൈവമായ അങ്ങയെ ഞങ്ങൾ വാഴ്ത്തുന്നു. മഹത്വപൂർണ്ണമായ ത്രീത്വത്തെ ഞങ്ങൾ എല്ലാ സമയവും സ്തുതിക്കുന്നു. ഞങ്ങളുടെ രക്ഷകനായ മിശിഹാ അനുഭവിച്ച പീഡകൾ ഭക്തിപൂർവ്വം ഞങ്ങൾ അനുസ്മരിക്കുന്നു. പാപത്തിന്റെയും മരണത്തിന്റെയുംമേൽ മിശിഹാ നേടിയ വിജയത്തിൽ ഞങ്ങളെയും പങ്കാളികളാക്കേണമേ. അവിടുത്തെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും ഫലങ്ങൾ പ്രാപിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

സമൂഹം: ആമ്മേൻ.

സങ്കീർത്തനമാല

(സങ്കീ. 22:1-8,11,15e-21,24-28; 44:8-26; 56:1-13)

എന്റെ ദൈവമേ, എന്റെ ദൈവമേ,
എന്തുകൊണ്ട് നീ എന്നെ കൈവെടിഞ്ഞു?

എന്റെ ദൈവമേ, എന്റെ ദൈവമേ, / അങ്ങയെ കാര്യമായി മതിക്കാത്ത മനുഷ്യരുടെ കൈയിൽ / എന്നെ വിട്ടുകൊടുക്കരുതേ.

എന്റെ ദൈവമേ, എന്റെ ദൈവമേ,
എന്തുകൊണ്ട് നീ എന്നെ കൈവെടിഞ്ഞു?

പകൽ സമയം ഞാൻ നിന്നെ വിളിച്ചു; / നീ എനിക്കുത്തരമരുളിയില്ല.

രാത്രിയിലും ഞാൻ നിന്നെ വിളിച്ചു; / നീ എനിക്കായി കാത്തിരുന്നില്ല.

നീ പരിശുദ്ധനാകുന്നു / നിന്റെ മഹിമയിൽ ഇസ്രായേൽ വസിക്കുന്നു.

എന്റെ പിതാക്കന്മാർ നിന്നിൽ ആശ്രയിച്ചു;
അവർ നിന്നിൽ ശരണം ഗമിച്ചു;
അപ്പോൾ നീയവർക്ക് വിമോചനമേകി.

നിന്നോടവർ നിലവിളിച്ചു; / അവർ രക്ഷിക്കപ്പെട്ടുകയും ചെയ്തു.

നിന്നിൽ അവർ ആശ്രയിച്ചു; / അവർ ലജ്ജിതരായില്ല;

ഞാൻ മനുഷ്യനല്ല, കൃമിയാകുന്നു; / മനുഷ്യരുടെ നിന്ദാവിഷയവും
ജനത്തിന്റെ പരിഹാസപാത്രവുമാകുന്നു.

കാണുന്നവരെല്ലാം എന്നെ അവഹേളിക്കുന്നു;
അവർ വികൃതമായ ആംഗ്യങ്ങൾ കാട്ടുകയും / തലയാട്ടുകയും ചെയ്യുന്നു.

കർത്താവു രക്ഷിക്കുമെന്ന് അവൻ പ്രത്യാശിച്ചു
അവനിൽ സംപ്രീതനാണെങ്കിൽ / കർത്താവ് അവനെ രക്ഷിക്കട്ടെ

എന്നിൽനിന്ന് നീ അകന്നിരിക്കരുതേ
ഇതാ, ദുരിതം അടുത്തിരിക്കുന്നു; / എന്നെ സഹായിക്കാൻ ആരുമില്ല.

നായ്ക്കൾ എന്റെ ചുറ്റും കൂട്ടംകൂടി; / ദുഷ്ടരുടെ സംഘം എന്നെ വളഞ്ഞു.

എന്റെ കൈകളും കാലുകളും അവർ തുളച്ചു;
അസ്ഥികളെല്ലാം പ്രലപിച്ചു. / ആക്ഷേപപൂർവ്വം അവർ തുറിച്ചുനോക്കി.

എന്റെ വസ്ത്രം അവർ ഭാഗിച്ചെടുത്തു; / അങ്കിക്കുവേണ്ടി അവർ ചിട്ടിയിട്ടു.

കർത്താവേ, നീ എന്നിൽ നിന്ന് അകന്നുപോകരുതേ
എന്റെ ദൈവമേ, എന്റെ ദൈവമേ, / സഹായത്തിനു വേഗം വരണമേ.

വാളിൽ നിന്ന് എന്റെ ജീവനെ രക്ഷിക്കണമേ;
ഏകാകിയായ എന്നെ / നായ്ക്കളിൽനിന്ന് വിടുവിക്കണമേ.

സിംഹത്തിന്റെ വായിൽനിന്ന് എന്നെ രക്ഷിക്കണമേ;
ഉയർന്ന കൊമ്പിൽ നിന്ന് / എളിയവനായ എന്നെ വിടുവിക്കണമേ.

അഗതിയുടെ അർത്ഥന അവൻ നിന്ദിച്ചില്ല;
അവഗണിക്കുകയോ, മുഖം തിരിക്കുകയോ ചെയ്തില്ല
അയാൾ വിളിച്ചപ്പോൾ അവൻ ശ്രവിച്ചു.

ജനസമൂഹത്തിൽ എനിക്കുള്ള സ്തുതി / നിന്റെ പക്കൽ നിന്നാകുന്നു
ഭക്തന്മാർ കാൺകെ നേർച്ച ഞാൻ നിവർത്തിക്കും.

ദരിദ്രർ ഭക്ഷിച്ചു തൃപ്തരാകും; / കർത്താവിനെ തേടുന്നവർ അവനെ
സ്തുതിക്കും; / സംതൃപ്തരായി എന്നെന്നും ജീവിക്കും.

ഭൂവാസികൾ എല്ലാവരും കർത്താവിനെ അനുസ്മരിക്കട്ടെ
അവർ അവന്റെ പക്കലേയ്ക്ക് പിന്തിരിയട്ടെ.

വിജാതീയരുടെ തലമുറകളെല്ലാം / തിരുമുമ്പിൽ പ്രണമിക്കട്ടെ.

രാജ്യം കർത്താവിന്റേതാകുന്നു;
വിജാതീയരുടെ അധിപൻ അവനാകുന്നു.

(തുടർന്ന് സങ്കീർത്തനം 44)

ദിവസം മുഴുവൻ ഞങ്ങൾ നിന്നെ സ്തുതിച്ചു;
എന്നും നിന്റെ നാമം പ്രകീർത്തിച്ചു.

എന്നിട്ടും നീ ഞങ്ങളെ വിസ്മരിച്ചു;
ലജ്ജിക്കാൻ ഞങ്ങൾക്കിടയാക്കിയല്ലോ.

സൈന്യത്തോടൊപ്പം നീ ഇറങ്ങുന്നില്ല;
പിന്തിരിഞ്ഞോടുവാൻ ഞങ്ങൾക്കിടവരുത്തി;
ശത്രുക്കൾ ഞങ്ങളെ കൊള്ളയടിച്ചു.

കൊന്നു തിന്നാനുള്ള ആടിനെപ്പോലെ / നീ ഞങ്ങളെ അവർക്കു നല്കി;
ജനതകൾക്കിടയിൽ ഞങ്ങളെ ചിതറിച്ചു.

സ്വന്തം ജനത്തെ വിലയില്ലാതെ വിറ്റു;
അവരുടെ വില നീ വർദ്ധിപ്പിച്ചുമില്ല.

അയൽക്കാർക്കു ഞങ്ങളെ പരിഹാസവിഷയമാക്കി;
ചുറ്റുമുള്ളവർക്ക് നിന്ദക്കും ആക്ഷേപത്തിനും പാത്രമാക്കി.

വിജാതീയരുടെ മധ്യത്തിൽ പഴമൊഴിയാക്കി;
ജനപദങ്ങൾക്കിടയിൽ അവഹേളിതരാക്കി.

ദിവസം മുഴുവൻ ഞാൻ അപമാനിതനാകുന്നു;
ലജ്ജമൂലം ഞാൻ മുഖം മറച്ചിരിക്കുന്നു.

നിന്ദിക്കുകയും ദൂഷിക്കുകയും ചെയ്യുന്നവന്റെ സ്വരമുയരുന്നു
പ്രതികാരം ചെയ്യുന്ന ശത്രു ഇതാ എന്റെ മുമ്പിൽ.

ഇതെല്ലാം ഞങ്ങൾക്കു സംഭവിച്ചു / എങ്കിലും ഞങ്ങൾ നിന്നെ മറന്നില്ല.

നിന്റെ ഉടമ്പടി ഞങ്ങൾ ലംഘിച്ചിട്ടില്ല;
പിന്നോക്കം ഞങ്ങൾ തിരിഞ്ഞതില്ല;
നിന്റെ മാർഗത്തിൽ നിന്ന് മാറിയില്ല.

വീണ്ടും നീ ഞങ്ങളെ എളിമപ്പെടുത്തി;
മരണത്തിന്റെ നിഴലിൽ മൂടിക്കളഞ്ഞു.

എന്നിട്ടും തിരുനാമം ഞങ്ങൾ വിസ്മരിച്ചില്ല;
അന്യദേവന്മാരുടെ നേർക്കു കൈ നീട്ടിയില്ല.

ഇതെല്ലാം പരിശോധിക്കുന്നത് ദൈവമാകുന്നു
ഹൃദയ വിചാരങ്ങൾ അവനറിയുന്നു.

നിന്നെപ്രതി അനുദിനം ഞങ്ങൾ വധിക്കപ്പെടുന്നു;
അറക്കാനുള്ള ആടുകളായി ഗണിക്കപ്പെടുന്നു.

കർത്താവേ, ഉറങ്ങരുതേ, ഉണരണമേ!
ഞങ്ങളെ ഓർക്കണമേ, മറക്കരുതേ!

ഞങ്ങളിൽ നിന്ന് തിരുവദനം തിരിക്കരുതേ!
ഞങ്ങളുടെ താഴ്ചയും ഞെരുക്കവും മറക്കരുതേ!

പൂഴിയോളം ഞങ്ങൾ താണിരിക്കുന്നു;
ഉദരം നിലത്തൊട്ടിച്ചേർന്നുപോയി.

കാരുണ്യപൂർവ്വം നീ എഴുന്നേല്ക്കണമേ!
സഹായിക്കണമേ! രക്ഷയരുളണമേ!

(തുടർന്ന് സങ്കീർത്തനം 56)

ദൈവമേ, എന്നോട് കരുണ തോന്നണമേ;
എന്തെന്നാൽ മനുഷ്യർ എന്നെ ചവിട്ടിമെതിക്കുന്നു;
മല്ലന്മാർ ദിവസം മുഴുവൻ എന്നെ ഞെരുക്കുന്നു.

ദിവസം മുഴുവൻ എന്റെ ശത്രുക്കൾ / എന്നെ ചവിട്ടി മെതിക്കുന്നു;
അനേകം യോദ്ധാക്കൾ / എനിക്കെതിരായി പ്രബലപ്പെടുന്നു.

ഞാൻ ദൈവത്തിൽ ആശ്രയിക്കുന്നു
പകൽ സമയത്തുപോലും ഞാൻ ഭയപ്പെടുകയില്ല.

ദൈവത്തിൽ ഞാൻ അഭിമാനിക്കുന്നു;
അവനിൽ ഞാൻ സമാശ്രയിക്കുന്നു.

എനിക്കു ഭയാശങ്കകളില്ല / മനുഷ്യന് എന്നോട് എന്തുചെയ്യാനാകും.

അവർ ദിവസം മുഴുവനും / എനിക്കെതിരായി ആലോചിക്കുന്നു;
തിന്മ നിരൂപിക്കുന്നു.

അവർ ഒളിച്ചിരിക്കുന്നു; / എന്നെ അപായപ്പെടുത്താൻ കാത്തിരിക്കുന്നു;
എന്റെ കുതികാലുകളെ നിരീക്ഷിക്കുന്നു.

അവനെ രക്ഷിക്കാനാരുമില്ലെന്ന് / അവർ വീമ്പിളക്കുന്നു.

വിജാതീയരോടുള്ള കോപത്തിൽ / നീ അവരെ വിധിക്കണമേ.

ദൈവമേ, നിന്നിലുള്ള വിശ്വാസം ഞാൻ അറിയിച്ചു
എന്റെ കണ്ണീരെല്ലാം തിരുസന്നിധിയിൽ സൂക്ഷിക്കണമേ;
നിന്റെ ഗ്രന്ഥത്തിൽ അവ രേഖപ്പെടുത്തണമേ.

എന്റെ ശത്രുക്കൾ ലജ്ജിച്ചു പുറംതിരിയട്ടെ;
ദൈവം എന്നോടൊത്താണെന്ന് ഞാനറിയുന്നു.

ദൈവവചനം ഞാൻ കീർത്തിക്കുന്നു;
ദൈവത്തിൽ ഞാൻ ആശ്രയിക്കുന്നു.

എനിക്കു ഭയാശങ്കകളില്ല / മനുഷ്യന് എന്നോട് എന്തുചെയ്യാനാകും?

നിനക്കുള്ള നേർച്ചകൾ ഞാൻ നിറവേറ്റും;
കൃതജ്ഞതാബലി അർപ്പിക്കും.

എന്റെ ആത്മാവിനെ മരണത്തിൽ നിന്നും
പാദങ്ങളെ വീഴ്ചയിൽ നിന്നും അങ്ങുന്ന് സംരക്ഷിച്ചു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും, ആമ്മേൻ.

എന്റെ ദൈവമേ, എന്റെ ദൈവമേ,
എന്തുകൊണ്ട് നീ എന്നെ കൈവെടിഞ്ഞു?

എന്റെ ദൈവമേ, എന്റെ ദൈവമേ,
അങ്ങയെ കാര്യമായി മതിക്കാത്ത മനുഷ്യരുടെ കൈയിൽ
എന്നെ വിട്ടുകൊടുക്കരുതേ.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ.

കാർമ്മി: ഞങ്ങളുടെ കർത്താവായ ദൈവമേ, മനുഷ്യവംശത്തിനു നല്കിയ നന്മയ്ക്കായി അങ്ങയുടെ മഹനീയ ത്രീത്വത്തിന്റെ ഉന്നതവും ഭാഗ്യപൂർണ്ണവും പരിശുദ്ധവുമായ നാമത്തിന് സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും നിരന്തരം സമർപ്പിക്കുവാൻ ഞങ്ങൾ കടപ്പെട്ടവരാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

സമൂഹം: ആമ്മേൻ.

(കാർമ്മികൻ താഴെക്കാണുന്ന പ്രാർത്ഥന ചൊല്ലി ധൂപം ആശീർവ്വദിക്കുന്നു. തത്സമയം ധൂപാർപ്പണഗീതം ആരംഭിക്കുന്നു. മദ്ബഹായുടെ വിരി തുറക്കുകയും തിരികൾ കത്തിക്കുകയും ചെയ്യുന്നു. ശുശ്രൂഷി ധൂപാർപ്പണം നടത്തുന്നു).

കാർമ്മി: രക്തസാക്ഷികളുടെ മരണദിനത്തിൽ അവരുടെ ജീവിതബലി സ്വീകരിച്ച മിശിഹായേ, ഞങ്ങളുടെ ബലഹീനമായ കരങ്ങളിൽനിന്നും ഈ ധൂപം കാരുണ്യപൂർവ്വം സ്വീകരിക്കണമേ, + എന്നേക്കും.

(ധൂപം ആശീർവ്വദിക്കുന്നു).

ശുശ്രൂഷി: ആമ്മേൻ.

ധൂപാർപ്പണഗീതം

(രീതി: ബാഹർലെമ്പാ...യാദാ ഹ്ദശാവേ)

ശക്തനായ കർത്താവേ, അങ്ങേ കൂടാരം എത്ര മനോഹരമാകുന്നു.

മിശിഹാകർത്താവേ, നരകുലരക്ഷകനേ,
ഞങ്ങളണച്ചിടുമീ പ്രാർത്ഥന തിരുമുമ്പിൽ
പരിമളമിയലും ധൂപം പോൽ / കൈക്കൊണ്ടരുളേണം.

കർത്താവിന്റെ അങ്കണം എന്റെ ആത്മാവ് കാത്തിരുന്നു.

മിശിഹാ കർത്താവേ, ...

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

മിശിഹാ കർത്താവേ, ...

ശുശ്രൂഷി: സമാധാനം നമ്മോടുകൂടെ.

കാർമ്മി: ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങു നല്കിയിട്ടുള്ളതും എന്നാൽ കൃതജ്ഞത പ്രകാശിപ്പിക്കുവാൻ ഞങ്ങൾക്കു കഴിയാത്തതുമായ എല്ലാ സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കുമായി സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞു മുടിച്ചൂടിനില്ക്കുന്ന സഭയിൽ ഞങ്ങൾ അങ്ങയെ നിരന്തരം സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യട്ടെ. അങ്ങു സകലത്തിന്റെയും നാഥനും സ്രഷ്ടാവുമാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

ഉത്ഥാനഗീതം

സർവ്വാധിപനാം കർത്താവേ, / നിന്നെ വണങ്ങി നമിക്കുന്നു
ഈശോ നാഥാ വിനയമൊടെ, / നിന്നെ നമിച്ചു പുകഴ്ത്തുന്നു.

മർത്യനു നിത്യമഹോന്നതമാ, / മുത്ഥാനം നീയരുളുന്നു
അക്ഷയമവനുടെ ആത്മാവി, / നുത്തമരക്ഷയുമേകുന്നു.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ.

(കാർമ്മികൻ ജനങ്ങൾക്കുനേരെ തിരിഞ്ഞ്)

കാർമ്മി: എന്റെ കർത്താവേ നീ സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയർപ്പിക്കുന്നവനും ആത്മാക്കളെ രക്ഷിക്കുന്നവനും ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. ഞങ്ങൾ എപ്പോഴും നിനക്കു സ്തുതിയും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുവാൻ കടപ്പെട്ടവരാകുന്ന സകലത്തിന്റെയും നാഥാ എന്നേക്കും.

സമൂഹം: ആമ്മേൻ.

------- (താഴെ വരുന്ന പ്രാർത്ഥനകൾ ഐശ്ചികമാണ്) -------

(ആദിഗീതം)

എന്റെ ജീവൻ അപകടത്തിലായിരിക്കുന്നു.
ദൈവമേ, എന്നെ രക്ഷിക്കണമേ.

വീണു നുറുങ്ങിയ ഹൃദയംനീ, / സുഖമാക്കണമേ കർത്താവേ!
തേടുകയായ് ഞാൻ സഹതാപം / സാന്ത്വനമേകാ നില്ലാരും.

അവനെ നിങ്ങളുടെ അടുക്കലേക്കു ഞാനയയ്ക്കും.

കയ്പു നിറഞ്ഞൊരു പാനീയം / ദാഹം തീർക്കാൻ നല്കിയവർ;
അവരുടെ കണ്ണുകൾ മങ്ങീടും / അവരുടെ ശക്തിയുമതുപോലെ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

അവരിൽ പതിയും നിൻ കോപം / അതിലവരന്നു ദഹിച്ചീടും
പാപികളന്നാ രക്ഷകനെ / പീഡിപ്പിച്ചു, മുറിവേറ്റി.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ.

കാർമ്മി: ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, അങ്ങയുടെ അനന്തമായ കരുണയും നിരന്തരമായ പരിപാലനയുമോർത്ത് ഞങ്ങൾ അങ്ങയെ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

സമൂഹം: ആമ്മേൻ.

അനുഗീതം

നമ്മുടെ സഹായം കർത്താവിന്റെ നാമത്തിലാകുന്നു.

ക്രൂശിതനായി, ദൈവസുതൻ / മാനവ രക്ഷക മരണത്തിൽ
സൃഷ്ടികളെല്ലാം വിലപിപ്പൂ. / സൂര്യനിരുണ്ടു, പനിമതിതൻ
പ്രഭയും മങ്ങീ, നിറഭേദം / നല്കീ നല്ലോരടയാളം.

ഞങ്ങളുടെ ഹൃദയവ്രണങ്ങൾ സുഖമാക്കണമേ.

തിരുഭവനത്തിൻ, തിരശ്ശീല / നെടുകെ കീറി, ഭൂതലമോ
സങ്കടമെല്ലാ, മറിയിച്ചു. / നൂതനമാകും ജനതതിയെ
ദിവ്യാത്മാവു ജനിപ്പിച്ചു. / നവമാം ജീവൻ നല്കുകയായ്.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ക്രൂശിതനാകും, ദൈവസുതൻ / പാണികൾ രണ്ടും നീട്ടുന്നു.
ആശ്ലേഷിക്കുന്നഖിലരെയും. / ആദരപൂർവ്വം നിരചേരാം.
പാപവിമോചിതരായീടാൻ / രക്ഷാനാഥൻ കൃപനല്കും.

------- *(ഐശ്ചിക പ്രാർത്ഥനകൾ അവസാനിക്കുന്നു.)* -------

ശുശ്രൂഷി: നമുക്കു പ്രാർഥിക്കാം. സമാധാനം നമ്മോടുകൂടെ.

കാർമ്മി: ഞങ്ങൾക്കുവേണ്ടി മുറിവുകളേറ്റ് കുരിശിൽ സ്വയം ബലിയർപ്പിച്ച കർത്താവേ, ഞങ്ങളുടെ മുറിവുകളെ സുഖപ്പെടുത്തണമേ. നിന്റെ ദാരുണമായ മരണത്തിൽ സൃഷ്ടികളെല്ലാം വിലപിച്ചുവല്ലോ. നിന്റെ പീഡാനുഭവത്തെയും മരണത്തെയും അനുസ്മരിക്കുന്ന ഞങ്ങൾ ലോകത്തിനു മരിച്ചവരായി പരിശുദ്ധാത്മാവിൽ പുതുജീവൻ പ്രാപിക്കുന്നതിനു കൃപചെയ്യണമേ. ഞങ്ങളുടെ പാപങ്ങളോർത്ത് ഞങ്ങൾ പശ്ചാത്തപിക്കുന്നു. കർത്താവേ, ഞങ്ങളോടു കരുണ തോന്നണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂഹം: ആമ്മേൻ.

ത്രൈശുദ്ധ കീർത്തനം

ശബ്ദമുയർത്തിപ്പാടിടുവിൻ, / സർവ്വരുമൊന്നായിപ്പാടിടുവിൻ
എന്നെന്നും ജീവിക്കും, / സർവ്വേശ്വരനെ വാഴ്ത്തിടുവിൻ.

പരിപാവനനാം സർവ്വേശാ, / പരിപാവനനാം ബലവാനേ
പരിപാവനനാം അമർത്യനേ, / നിൻകൃപഞങ്ങൾക്കേകണമേ.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ.

കാർമ്മി: വിശുദ്ധരിൽ സംപ്രീതനായി വസിക്കുന്ന പരിശുദ്ധനും സ്തുത്യർഹനും ബലവാനും അമർത്യനുമായ കർത്താവേ, അങ്ങയുടെ സ്വഭാവത്തിനൊത്തവിധം എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും ഞങ്ങളോടു കരുണകാണിക്കുകയും ചെയ്യണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

ഒന്നാം വായന (ഉല്പത്തി 22:1-19)

ശുശ്രൂഷി: സഹോദരരേ നിങ്ങൾ ഇരുന്നു ശ്രദ്ധയോടെ കേൾക്കുവിൻ.

വായിക്കുന്നയാൾ: ... പുസ്തകത്തിൽനിന്നുള്ള വായന.
(കാർമികനുനേരേ തിരിഞ്ഞ്) ഗുരോ ആശീർവദിക്കണമേ.

കാർമി: ദൈവം നിന്നെ + അനുഗ്രഹിക്കട്ടെ.

സമൂഹം: *(വായന തീരുമ്പോൾ)* ദൈവമായ കർത്താവിനു സ്തുതി.

സങ്കീർത്തനം 27

കർത്താവ് എന്റെ രക്ഷയും പ്രകാശവുമാകുന്നു;
ഞാൻ ആരെ പേടിക്കണം?

രഹസ്യങ്ങൾ അറിയുന്ന ദൈവമേ,
അങ്ങയുടെ തിരുമുമ്പിൽനിന്ന് എന്നെ തള്ളിക്കളയരുതേ.

കർത്താവ് എന്റെ ജീവന്റെ ശക്തിയാകുന്നു;
ആരിൽ നിന്ന് ഞാൻ വിരണ്ടോടണം?

നിന്ദകരും എതിരാളികളും ദുർവൃത്തരും
എന്നെ വിഴുങ്ങുവാൻ സമീപിച്ചു / അപ്പോളവർ ഒന്നടങ്കം മറിഞ്ഞുവീണു.

ഒരു കാര്യം കർത്താവിനോടു ഞാൻ ചോദിച്ചിട്ടുണ്ട്
അതു തന്നെ ഞാനപേക്ഷിക്കുന്നു.

എനിക്ക് ജീവിതകാലം മുഴുവൻ
കർത്താവിന്റെ ഭവനത്തിൽ വസിക്കണം.

കർത്താവേ, നിന്നെ ഞാൻ വിളിക്കുമ്പോൾ
എന്റെ ശബ്ദം കേൾക്കണമേ;
എന്നിൽ കനിയണമേ; എനിക്കുത്തരമരുളണമേ;

എന്റെ ഹൃദയം നിന്നോടു സംസാരിക്കുന്നു;
എന്റെ വദനം തിരുമുഖം തേടുന്നു.
കർത്താവേ, നിന്റെ മുഖം എന്നിൽനിന്നു മറയ്ക്കരുതേ.

എന്റെ സഹായകനായ കർത്താവേ
നിന്റെ ദാസനായ എന്നെ / ദ്വേഷ്യത്തോടെ ശിക്ഷിക്കരുതേ.

കർത്താവേ, നിന്റെ വഴി എന്നെ പഠിപ്പിക്കണമേ;
നേർവഴിയിലൂടെ എന്നെ നയിക്കണമേ.

എന്റെ വൈരികൾക്ക് എന്നെ കയ്യാളിയാക്കരുതേ
എനിക്കെതിരായി കള്ളസാക്ഷികൾ അണിനിരക്കുന്നു;
അവർ തിന്മ സംസാരിക്കുന്നു.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും, ആമ്മേൻ.

കർത്താവ് എന്റെ രക്ഷയും പ്രകാശവുമാകുന്നു;
ഞാൻ ആരെ പേടിക്കണം?

രഹസ്യങ്ങൾ അറിയുന്ന ദൈവമേ,
അങ്ങേ തിരുമുമ്പിൽനിന്ന് എന്നെ തള്ളിക്കളയരുതേ.

രണ്ടാം വായന (ഏശയ്യ 52:13 - 53:9)

ശുശ്രൂഷി: സഹോദരരേ നിങ്ങൾ ഇരുന്നു ശ്രദ്ധയോടെ കേൾക്കുവിൻ.

വായിക്കുന്നയാൾ: ... പുസ്തകത്തിൽനിന്നുള്ള വായന.
(കാർമികനുനേരേ തിരിഞ്ഞ്) ഗുരോ ആശീർവദിക്കണമേ.

കാർമി: ദൈവം നിന്നെ + അനുഗ്രഹിക്കട്ടെ.

സമൂഹം: *(വായന തീരുമ്പോൾ)* ദൈവമായ കർത്താവിനു സ്തുതി.

(പഴയനിയമ വായനകൾക്കുശേഷം)

ശുശ്രൂഷി: പ്രകീർത്തനം ആലപിക്കാനായി നിങ്ങൾ എഴുന്നേല്ക്കുവിൻ.

പ്രകീർത്തനം

കാർമ്മി: സർവ്വചരാചരവും, / ദൈവമഹത്വത്തെ, വാഴ്ത്തിപ്പാടുന്നു.

ദിവ്യാത്മാവിൻ ഗീതികളാൽ, / ഹല്ലേലൂയ്യാ ഗീതികളാൽ
കർത്താവിൻ തിരുമരണത്തിൻ / നിർമ്മലമാകുമനുസ്മരണം,
കൊണ്ടാടാം, /ഇന്നീ വേദികയിൽ.

കാർമ്മി: തൻ മഹിമാവല്ലോ, / വാനിലുമൂഴിയിലും, തിങ്ങിവിളങ്ങുന്നു.

സമൂഹം: ദിവ്യാത്മാവിൻ ഗീതികളാൽ ...

കാർമ്മി: ജനതകളവിടുത്തെ, / മഹിമകൾ പാടുന്നു, താണുവണങ്ങുന്നു.

സമൂഹം: ദിവ്യാത്മാവിൻ ഗീതികളാൽ ...

കാർമ്മി: നിത്യപിതാവിനും, സുതനും റൂഹായ്ക്കും, സ്തുതിയുണ്ടാകട്ടെ.

സമൂഹം: ദിവ്യാത്മാവിൻ ഗീതികളാൽ ...

കാർമ്മി: ആദിയിലെപ്പോലെ, ഇപ്പൊഴുമെപ്പോഴും, എന്നേക്കും ആമ്മേൻ.

സമൂഹം: ദിവ്യാത്മാവിൻ ഗീതികളാൽ ...

ശുശ്രൂഷി: നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമ്മി: ഞങ്ങളുടെ കർത്താവായ ദൈവമേ അങ്ങയുടെ ജീവദായകവും ദൈവികവുമായ കല്പനകളുടെ മധുരസ്വരം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമെ. അതുവഴി ആത്മശരീരങ്ങൾക്കുപകരിക്കുന്ന സ്നേഹവും ശരണവും രക്ഷയും ഞങ്ങളിൽ ഫലമണിയുന്നതിനും നിരന്തരം ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നതിനും അങ്ങയുടെ കാരുണ്യത്താലും അനുഗ്രഹത്താലും ഞങ്ങളെ സഹായിക്കണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

വ്യാഖ്യാനഗീതം [ഐശ്ചികം]

സകലേശ്വരനാം ദൈവം / ഭൂവിന്നുടയോൻ രാജമഹേശൻ തന്റെ
സ്നേഹവിരുന്നിൻ ക്ഷണമുള്ളോരേ, വരുവിൻ നിങ്ങൾ.

പരിശോധിപ്പിൻ വേഗം / സുവിശേഷത്തിൻ ദിവ്യപ്രഭയിൽ നിങ്ങൾ
ശുചിയാക്കീടിൻ ഭൗതികചിന്താ സരണികളെല്ലാം.

നാഥൻ സദയം നല്കി / സൗഭാഗ്യത്തിൻ നിക്ഷേപങ്ങൾ മന്നിൽ
പാപികൾ വരുവിൻ കടബാധ്യതകൾ നീക്കുക നിങ്ങൾ.

ദൈവികരാജ്യം നേടാൻ / ഹൃദയതലങ്ങൾ ശുചിയാക്കിടുവിൻ ചേലിൽ
ശിശുവിനുതുല്യം നിർമ്മലരായിത്തീരുക വീണ്ടും.

റോമാക്കാർക്കായ് പൗലോസ് / എഴുതിയ കത്താൽ നമ്മെയുമിപ്പോൾ
മോദാൽ / ദൈവിക ദൗത്യം അറിയിപ്പതു നാം കേൾക്കുക യുക്തം.

ലേഖനം (റോമാ 5:6-16)

വായിക്കുന്ന ആൾ: സഹോദരരേ, വിശുദ്ധ പൗലോസ് ശ്ലീഹാ റോമാക്കാർക്ക് എഴുതിയ ലേഖനം.

(കാർമികനുനേരേ തിരിഞ്ഞ്) ഗുരോ ആശീർവദിക്കണമേ.

കാർമി: മിശിഹാ + നിന്നെ അനുഗ്രഹിക്കട്ടെ.

(ഒരു ശുശ്രൂഷി കത്തിച്ച തിരിയുമായി സമീപത്തു നില്ക്കുന്നു).

സമൂഹം: *(വായന തീരുമ്പോൾ)* നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

(കാർമ്മികൻ ധൂപം ആശീർവ്വദിക്കുന്നു. അപ്പോൾ താഴെവരുന്ന ഗീതം ആലപിക്കുന്നു).

ഗീതം

സ്വന്തം ജനങ്ങൾക്കു ജീവനേകാൻ / സർവ്വേശനന്ദനൻ ഭൂവിൽ വന്നു:
കുരിശാണാനാഥനായ് ത്തീർത്തു ലോകം;
വ്യഥയാണാനാഥനിൽ ച്ചേർത്തു ലോകം.

ഇരുളിൽ പ്രകാശം തെളിച്ചു കാട്ടാൻ / പരമ പ്രകാശം കനിഞ്ഞിറങ്ങി:
കുരിശാണാനാഥനായ് ത്തീർത്തു ലോകം:
വ്യഥയാണാ നാഥനിൽച്ചേർത്തു ലോകം.

സ്വന്തം ജനങ്ങൾക്കു ....

വ്യാഖ്യാനഗീതം [ഐശ്ചികം]

വിശ്വാസികളേ, കേൾപ്പിൻ.
സൗഖ്യവു മുയിരും പകരും മൊഴികൾ മോദാൽ
ദൈവകുമാരൻ നരനായ് നമ്മെ മോചിതരാക്കി.

ഈ മൊഴി നിങ്ങൾക്കേകി
ഭാഗ്യം നിറയും വലിയൊരു നിധിയീ ഭൂവിൽ
പാവന ഗ്രന്ഥം ജീവൻ നല്കും ഔഷധമല്ലോ.

ജീവൻ നല്കാൻ പോരും
ജീവത വചനം കേൾക്കിലൊളിക്കും സാത്താൻ
ബാധകളേതും ഭീതിയോടുടനെ ഒഴിവായീടും.

പ്രഭ വിതറീടും ദീപം / ജീവൻ തന്നെ ഈ സദ് വചനം പാരിൽ
വിധിയാളനെയീ വചനം നിതരാം വെളിവാക്കുന്നു.

ജനതതിയെല്ലാം ചേലിൽ / രക്ഷിതരായി നാഥൻ വഴിയായ് ഭൂവിൽ
പാപകടങ്ങൾ മോചിപ്പവനീ നാഥൻ മാത്രം.

വിത്തു വിതയ്ക്കും നാഥൻ / തിരുവചനത്തിൻ വിത്തുവിതയ്ക്കാൻ വന്നു.
വയലിനു പകരം ഹൃദയ നിലങ്ങൾ നല്കുക നിങ്ങൾ.

സുവിശേഷകർ തൻ സാക്ഷ്യം
അനുഭവ മധുനാ വിവരിക്കുന്നു കേൾക്കാൻ
ചെവിയുള്ളവനോ കേട്ടു ഫലങ്ങൾ നല്കീടട്ടെ.

(സുവിശേഷ വായനയ്ക്കു പകരം പീഡാനുഭവചരിത്രം വായിക്കുന്നു).

പീഡാനുഭവ ചരിത്രം

പ്രസംഗകൻ (ഒന്നാം സഹായി) പീഡാനുഭവചരിത്രം വായിക്കുന്നു. ഈശോയുടെ ഭാഗം കാർമ്മികനും മറ്റുള്ളവരുടെ ഭാഗങ്ങൾ (മറുപടി) രണ്ടാം സഹായിയുമാണ് വായിക്കേണ്ടത്. പലർ ഒന്നിച്ചുപറയുന്ന വാക്കുകൾ സമൂഹം വായിക്കുന്നു.

പ്രസംഗം: നമ്മുടെ കർത്താവീശോമിശിഹായുടെ പീഡാനുഭവ ചരിത്രം. ഇവ അരുളിച്ചെയ്ത ശേഷം ശിഷ്യന്മാരെയും കൂട്ടികൊണ്ട് ഈശോ കെദ്രോൻതോടു കടന്നു പതിവു പോലെ ഒലിവു മലയിലേക്കു പോയി. അവിടെ ഗെദ്സേമൻ എന്ന പേരിൽ ഒരു തോട്ടമുണ്ടായിരുന്നു. ഈശോയും ശിഷ്യന്മാരും അതിൽ പ്രവേശിച്ചു. അപ്പോൾ അവിടുന്ന് അവരോട് ഇങ്ങനെ അരുളിച്ചെയ്തു.

ഈശോ: **ഞാൻ പോയി പ്രാർത്ഥിക്കട്ടെ. നിങ്ങൾ ഇവിടെ ഇരിക്കുവിൻ. പരീക്ഷയിലുൾപ്പെടാതിരിക്കുവാൻ പ്രാർത്ഥിക്കുകയും ചെയ്യുവിൻ.**

പ്രസംഗം: അനന്തരം ഈശോ പത്രോസിനെയും, സബ്ദൈയുടെ പുത്രന്മാരായ യാക്കോബ്, യോഹന്നാൻ എന്നിവരെയും കൂട്ടികൊണ്ട് അല്പദൂരം മുമ്പോട്ടു നീങ്ങി. അവിടെ വച്ച് ഈശോ അപാരമായ ദു:ഖത്താൽ വിവശനായിത്തീർന്നു. അവിടുന്ന് അവരോട് ഇപ്രകാരം അരുളിച്ചെയ്തു:

ഈശോ: **എന്റെ ആത്മാവു മരണവേദനയനുഭവിക്കുന്നു; നിങ്ങൾ എന്നോടുകൂടെ ഉണർന്നിരിക്കുവിൻ.**

പ്രസംഗം: അനന്തരം അവിടുന്ന് ഒരു കല്ലേറുദൂരെ മാറി മുട്ടുകുത്തി സാഷ്ടാംഗം വീണ് ഇങ്ങനെ പ്രാർത്ഥിച്ചു:

ഈശോ: **പിതാവേ, കഴിയുമെങ്കിൽ ആ മണിക്കൂർ എന്നിൽനിന്ന് അകന്നു പോകട്ടെ. അങ്ങു സർവ്വശക്തനാണല്ലോ. ഈ കാസ എന്നിൽനിന്നു മാറ്റിത്തരണമേ. എങ്കിലും എന്റെ ഇഷ്ടമല്ല. അങ്ങയുടെ ഇഷ്ടം നിറവേറട്ടെ.**

പ്രസംഗം: ഈശോ ശിഷ്യന്മാരുടെ പക്കലേക്കു മടങ്ങിച്ചെന്നപ്പോൾ അവർ ഉറങ്ങുന്നതാണു കണ്ടത്. അപ്പോൾ അവിടുന്നു പത്രോസിനോടു ചോദിച്ചു:

ഈശോ: **ശിമയോനേ, നീ ഉറങ്ങുകയാണോ? ഒരു മണിക്കൂർനേരം എന്നോടുകൂടെ ഉണർന്നിരിക്കുവാൻ നിങ്ങൾക്കു കഴിഞ്ഞില്ലല്ലോ? പരീക്ഷയിൽ ഉൾപ്പെടാതിരിക്കുവാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ. ആത്മാവു സന്നദ്ധമാണെങ്കിലും ശരീരം ബലഹീനമായിരിക്കുന്നു.**

പ്രസംഗം: അവിടുന്നു വീണ്ടും പോയി അതേ വാക്കുകൾ തന്നെ പറഞ്ഞു പ്രാർത്ഥിച്ചു.

ഈശോ: **എന്റെ പിതാവേ, ഈ കാസ ഞാൻ കുടിക്കാതെ നിവൃത്തിയില്ലെങ്കിൽ അങ്ങയുടെ ഇഷ്ടം നിറവേറട്ടെ.**

പ്രസംഗം: ഈശോ വീണ്ടും തിരിച്ചു ചെന്നപ്പോഴും അവർ ഉറങ്ങുന്നതായിട്ടാണു കണ്ടത്. അവരുടെ കണ്ണുകൾ അത്രയ്ക്കു നിദ്രാഭാരമുള്ളവയായിരുന്നു. അവിടുത്തോട് എന്തു മറുപടി പറയണമെന്നറിയാതെ അവർ വിഷമിച്ചു. ഈശോ അവരെ വിട്ടു മൂന്നാം പ്രാവശ്യവും പ്രാർത്ഥിക്കുവാൻ പോയി. അവിടുന്ന് അതേ വാക്കുകൾതന്നെ ഉരുവിട്ടുകൊണ്ടിരുന്നു. അപ്പോൾ ഈശോയെ ധൈര്യപ്പെടുത്തുവാൻ സ്വർഗ്ഗത്തിൽനിന്ന് ഒരു മാലാഖ പ്രത്യക്ഷനായി. വേദന കഠോരമായപ്പോൾ അവിടുന്നു കൂടുതൽ തീക്ഷ്ണതയോടെ പ്രാർത്ഥിച്ചു. അപ്പോൾ അവിടുത്തെ വിയർപ്പു രക്തത്തുള്ളികളായി നിലത്തുവീണു.

അവിടുന്നു പ്രാർത്ഥനകഴിഞ്ഞ് എഴുന്നേറ്റു മൂന്നാം പ്രാവശ്യം ശിഷ്യന്മാരുടെയടുക്കലേക്കു ചെന്നു. അവർ അപ്പോഴും ദു:ഖാർത്തരായി തളർന്നുറങ്ങുകയായിരുന്നു. അവിടുന്ന് അവരോട് അരുളിച്ചെയ്തു:

ഈശോ: **ഇപ്പോഴും നിങ്ങൾ ഉറങ്ങി വിശ്രമിക്കുകയാണോ? ഇതാ, മനുഷ്യപുത്രൻ പാപികളുടെ കൈകളിൽ ഏല്പിക്കപ്പെടുവാനുള്ള സമയമായി. എഴുന്നേല്ക്കുവിൻ നമുക്കുപോകാം. എന്നെ ഒറ്റിക്കൊടുക്കുന്നവൻ എത്തിക്കഴിഞ്ഞു.**

പ്രസംഗം: അവിടുത്തെ ഒറ്റിക്കൊടുത്ത യൂദാസിന് ആ സ്ഥലം അറിയാമായിരുന്നു. എന്തെന്നാൽ ശിഷ്യന്മാരുമൊന്നിച്ച് ഈശോ പലപ്പോഴും അവിടെ പോകാറുണ്ടായിരുന്നു. യൂദാസ് പട്ടാളത്തെയും, പ്രധാനാചാര്യന്മാരുടെയും പ്രീശന്മാരുടെയും സേവകന്മാരെയും കൂട്ടികൊണ്ട് അവിടെ ചെന്നു. അവർ വിളക്കുകളും പന്തങ്ങളും വാളുകളും വടികളും എടുത്തിരുന്നു. ഈശോ ശിഷ്യന്മാരോടു സംസാരിച്ചുകൊണ്ടിരിക്കുമ്പോഴാണ് പന്ത്രണ്ടു പേരിൽ ഒരുവനായ യൂദാസ് അവിടെയെത്തിയത്. ഒറ്റിക്കൊടുക്കാനിരുന്നവൻ അവരോട് ഇങ്ങനെ പറഞ്ഞിട്ടുണ്ടായിരുന്നു.

മറുപടി: *ഞാൻ ഒരാളെ ചുംബിക്കും. അവനാണു മിശിഹാ. അവനെ നിങ്ങൾ ശ്രദ്ധാപൂർവ്വം പിടിച്ചുകൊള്ളണം.*

പ്രസംഗം: അടുത്തെത്തിയ ഉടനെ യൂദാസ് ഇപ്രകാരം പറഞ്ഞുകൊണ്ട് ഈശോയെ ചുംബിച്ചു.

മറുപടി: *ഗുരോ, സ്വസ്തി.*

പ്രസംഗം: അപ്പോൾ ഈശോ അയാളോടു ചോദിച്ചു.

***ഈശോ:* സ്നേഹിതാ, നീ ഇതിനാണോ വന്നത്? യൂദാസേ, ചുംബിച്ചുകൊണ്ടു നീ മനുഷ്യപുത്രനെ ഒറ്റിക്കൊടുക്കുകയാണോ?**

പ്രസംഗം: സംഭവിക്കാൻ പോകുന്നതെല്ലാം അറിഞ്ഞിരുന്ന ഈശോ അവരുടെയടുക്കലേക്കു ചെന്ന് ഇപ്രകാരം ചോദിച്ചു.

***ഈശോ:* നിങ്ങൾ ആരെയാണ് അന്വേഷിക്കുന്നത്?**

പ്രസംഗം: അവർ അവിടുത്തോടു പറഞ്ഞു.

സമൂഹം: നസ്രായനായ ഈശോയെയാണ് ഞങ്ങൾ അന്വേഷിക്കുന്നത്.

പ്രസംഗം: ഈശോ അവരോട് അരുളിച്ചെയ്തു:

***ഈശോ:* അതു ഞാൻ തന്നെയാകുന്നു.**

പ്രസംഗം: അവിടുത്തെ ഒറ്റിക്കൊടുത്ത യൂദാസും അക്കൂട്ടത്തിലുണ്ടായിരുന്നു. അതു ഞാൻ തന്നെയാകുന്നു എന്ന് അവിടുന്ന് അരുളിച്ചെയ്ത ക്ഷണത്തിൽ അവരെല്ലാവരും പുറകോട്ടു മറിഞ്ഞുവീണു. ഈശോ വീണ്ടും അവരോടു ചോദിച്ചു:

***ഈശോ:* നിങ്ങൾ ആരെയാണ് അന്വേഷിക്കുന്നത്?**

പ്രസംഗം: അവർ വീണ്ടും പറഞ്ഞു.

സമൂഹം: നസ്രായനായ ഈശോയെയാണു ഞങ്ങൾ അന്വേഷിക്കുന്നത്.

പ്രസംഗം: അവിടുന്ന് അവരോട് അരുളിച്ചെയ്തു:

***ഈശോ:* അതു ഞാൻ തന്നെയാണെന്ന് നിങ്ങളോടു പറഞ്ഞുകഴിഞ്ഞല്ലോ. എന്നെയാണു നിങ്ങൾ അന്വേഷിക്കുന്നതെങ്കിൽ ഇവരെല്ലാം പൊയ്ക്കൊള്ളട്ടെ.**

പ്രസംഗം: അങ്ങ് എന്നെ ഏല്പിച്ചിരുന്നവരിൽ ആരെയും ഞാൻ നഷ്ടപ്പെടുത്തിയില്ല എന്നുള്ള തന്റെ വചനം പൂർത്തിയാക്കുവാനാണ് അവിടുന്ന് ഇപ്രകാരം പറഞ്ഞത്.

എന്താണ് സംഭവിക്കാൻ പോകുന്നതെന്നു മനസ്സിലാക്കിയ ശിഷ്യന്മാർ അവിടുത്തോടു ചോദിച്ചു:

മറുപടി: *കർത്താവേ, ഞങ്ങളും വാളെടുക്കട്ടെയോ?*

പ്രസംഗം: ശിമയോൻ പത്രോസിന്റെ കൈവശം ഒരു വാളുണ്ടായിരുന്നു. അയാൾ പെട്ടെന്ന് അത് ഊരി പ്രധാനാചാര്യന്റെ സേവകനെ വെട്ടി അവന്റെ വലത്തുചെവി മുറിച്ചുകളഞ്ഞു. ആ സേവകന്റെ പേര് മാൽക്കുസ്

എന്നായിരുന്നു. അവന്റെ ചെവി തൊട്ടുസുഖപ്പെടുത്തിയ ശേഷം ഈശോ പത്രോസിനോട് അരുളിച്ചെയ്തു.

ഈശോ: **വാൾ അതിന്റെ ഉറയിലിടുക. വാളെടുക്കുന്നവൻ വാളാൽതന്നെ മരിക്കും. ഞാൻ എന്റെ പിതാവിനോട് അപേക്ഷിച്ചാൽ ക്ഷണനേരം കൊണ്ട് പന്ത്രണ്ടിലേറെ വ്യൂഹം മാലാഖമാരെ അയച്ച് ശത്രുകരങ്ങളിൽ നിന്ന് എന്നെ രക്ഷിക്കയില്ലെന്നാണോ നീ കരുതുന്നത്? അങ്ങനെ ചെയ്താൽ, ഇതെല്ലാം സംഭവിക്കണമെന്ന തിരുവെഴുത്ത് എങ്ങനെ പൂർത്തിയാകും? എന്റെ പിതാവ് എനിക്കു തന്ന കാസ ഞാൻ കുടിക്കേണ്ടതല്ലയോ?**

പ്രസംഗം: അനന്തരം ഈശോ ആ ജനക്കൂട്ടത്തോട് അരുളിച്ചെയ്തു.

ഈശോ: **ഒരു കവർച്ചക്കാരനെ പിടിക്കാൻ എന്നവണ്ണം വാളുകളും വടികളുമായ് നിങ്ങൾ ഇപ്പോൾ എന്റെ അടുക്കൽ വന്നിരിക്കുന്നു. ഞാൻ എല്ലാ ദിവസവും ദേവാലയത്തിൽ പഠിപ്പിച്ചിരുന്നവനല്ലേ? അന്നൊന്നും നിങ്ങൾ എന്നെ പിടികൂടിയില്ലല്ലോ? ഇതു നിങ്ങളുടെ സമയമാണ്. ഇത് അന്ധകാരത്തിന്റെ ഭരണമാണ്. പ്രവചനങ്ങൾ പൂർത്തിയാകുവാൻ ഇങ്ങനെയെല്ലാം സംഭവിച്ചേ മതിയാവൂ.**

പ്രസംഗം: അപ്പോൾ സഹസ്രാധിപനും പട്ടാളക്കാരും യൂദന്മാരുടെ പരിചാരകരും ചേർന്ന് ഈശോയെ പിടിച്ചു ബന്ധിച്ചു. അതുകണ്ടു ശിഷ്യന്മാരെല്ലാവരും അവിടുത്തെ ഉപേക്ഷിച്ച് ഓടിപ്പോയി. എന്നാൽ ഒരു യുവാവ് ഈശോയെ അനുഗമിച്ചിരുന്നു. അവർ അയാളെ പിടികൂടി. ധരിച്ചിരുന്ന വസ്ത്രമുപേക്ഷിച്ച് അയാളും ഓടി രക്ഷപെട്ടു.

ഈശോയെ ആദ്യം അവർ അന്നാസിന്റെ പക്കലേയ്ക്കാണു കൊണ്ടുപോയത്. എന്തെന്നാൽ അയാൾ അക്കൊല്ലത്തെ മഹാപുരോഹിതനായിരുന്ന കയ്യപ്പായുടെ ശ്വശ്രൂരനായിരുന്നു. ജനങ്ങൾ ഒന്നാകെ നശിക്കാതിരിക്കാൻ ഒരാൾ അവർക്കുപകരം മരിക്കുന്നതു നല്ലതാണെന്ന് ഒരിക്കൽ പ്രസ്താവിച്ചിട്ടുള്ള ഒരു മനുഷ്യനായിരുന്നു കയ്യാപ്പാ.

പ്രധാനാചാര്യൻ ഈശോയോട് അവിടുത്തെ ശിഷ്യന്മാരെയും ഉപദേശത്തെയും പറ്റി ചോദിച്ചു. ഈശോ ഇപ്രകാരം മറുപടി പറഞ്ഞു.

ഈശോ: **ഞാൻ ജനങ്ങളോടു പരസ്യമായിട്ടാണു സംസാരിച്ചിട്ടുള്ളത്. യൂദന്മാരുടെ സംഘത്തിലും ദേവാലയത്തിലുമല്ലാതെ രഹസ്യമായി ഞാൻ ഒന്നും പഠിപ്പിച്ചിട്ടില്ല. പിന്നെ എന്തിനാണ് എന്നോടു ചോദിക്കുന്നത്? ഞാൻ എന്തു പറഞ്ഞുവെന്ന് എന്റെ ശ്രോതാക്കളോടു തന്നെ ചോദിക്കുക. ഞാൻ പറഞ്ഞതെല്ലാം അവർക്കറിയാമല്ലോ.**

പ്രസംഗം: അവിടുന്ന് അങ്ങനെ അരുളിച്ചെയ്തപ്പോൾ അടുത്തു നിന്നിരുന്ന ഒരു പരിചാരകൻ ഇപ്രകാരം ചോദിച്ചുകൊണ്ട് അവിടുത്തെ കവിൾത്തടത്തിൽ അടിച്ചു.

മറുപടി: *ഇങ്ങനെയാണോ പ്രധാനാചാര്യനോടു മറുപടി പറയുന്നത്?*

പ്രസംഗം: ഈശോ അയാളോടു ചോദിച്ചു.

ഈശോ: **ഞാൻ പറഞ്ഞതിൽ എന്തെങ്കിലും തെറ്റുണ്ടെങ്കിൽ അതു കാണിച്ചു തരിക. തെറ്റൊന്നുമില്ലെങ്കിൽ പിന്നെ എന്തിനാണ് എന്നെയടിച്ചത്?**

പ്രസംഗം: അന്നാസ് ഈശോയെ ബന്ധിതനായിത്തന്നെ മഹാപുരോഹിതനായ കയ്യപ്പായുടെയടുക്കലേക്കയച്ചു. പ്രധാനാചാര്യന്മാരും നിയമജ്ഞന്മാരും ജനപ്രമാണികളുമെല്ലാം അവിടെ സമ്മേളിച്ചിരുന്നു. പ്രധാനാചാര്യന്മാരും ന്യായാധിപസംഘവും ഈശോയെ വധശിക്ഷയ്ക്കു വിധിക്കുവാനുള്ള തെളിവുണ്ടാക്കുവാൻ പരിശ്രമിക്കുകയായിരുന്നു. എന്നാൽ അതിൽ അവർ പരാജയമടഞ്ഞു. പലരും അവിടുത്തേക്കെതിരായി കള്ളസാക്ഷ്യം പറയുവാൻ തയ്യാറായിച്ചെന്നെങ്കിലും അവരുടെ സാക്ഷ്യങ്ങൾ തമ്മിൽ പൊരുത്തപ്പെടാതെപോയി. അവസാനം രണ്ടു കള്ളസാക്ഷികൾ ചേർന്ന് ഇങ്ങനെ മൊഴികൊടുത്തു.

<u>സമൂഹം:</u> മനുഷ്യനിർമ്മിതമായ ഈ ദേവാലയം നശിപ്പിച്ചു / മൂന്നു ദിവസങ്ങൾക്കകം / മനുഷ്യനിർമ്മിതമല്ലാത്ത മറ്റൊന്നു / ഞാൻ പണിയും എന്ന് / ഈ മനുഷ്യൻ പറയുന്നത് ഞങ്ങൾ കേട്ടിട്ടുണ്ട്.

പ്രസംഗം: എന്നാൽ അവിടെയും അവരുടെ സാക്ഷ്യങ്ങൾക്കു തമ്മിൽ പൊരുത്തമില്ലായിരുന്നു. മഹാപുരോഹിതൻ അവരുടെ മദ്ധ്യേ എഴുന്നേറ്റു നിന്നുകൊണ്ട് ഈശോയോടു ചോദിച്ചു:

മറുപടി: *ഈ മനുഷ്യരെല്ലാം നിനക്കെതിരായി നല്കുന്ന സാക്ഷ്യങ്ങളെക്കുറിച്ചു നിനക്കൊന്നും പറയുവാനില്ലേ?*

പ്രസംഗം: ഈശോ യാതൊരു മറുപടിയും നല്കിയില്ല. മഹാപുരോഹിതൻ വീണ്ടും ചോദിച്ചു.

മറുപടി: *നീ ദൈവപുത്രനായ മിശിഹാതന്നെയോ എന്നു ഞങ്ങളോടു പറയണമെന്നു സജീവ ദൈവത്തിന്റെ നാമത്തിൽ ശപഥം ചെയ്തു ഞാൻ ആവശ്യപ്പെടുന്നു.*

പ്രസംഗം: ഈശോ അരുളിച്ചെയ്തു:

ഈശോ: **അങ്ങുതന്നെ അതു പറഞ്ഞുകഴിഞ്ഞിരിക്കുന്നു. മനുഷ്യപുത്രൻ സർവ്വശക്തന്റെ വലത്തുഭാഗത്ത് ഇരിക്കുന്നതും, വാനമേഘങ്ങളിൽ എഴുന്നള്ളിവരുന്നതും നിങ്ങൾ കാണുമെന്നു ഞാൻ നിങ്ങളോടു പറയുന്നു.**

പ്രസംഗം: അതു കേട്ടപ്പോൾ മഹാപുരോഹിതൻ തന്റെ വസ്ത്രങ്ങൾ വലിച്ചു കീറികൊണ്ടു പറഞ്ഞു.

മറുപടി: *ഇവൻ ദൈവദൂഷണം പറഞ്ഞിരിക്കുന്നു. ഇനി സാക്ഷികളെ ക്കൊണ്ട് നമുക്ക് എന്താവശ്യം? ഇവൻ ദൈവദൂഷണം പറയുന്നത് നിങ്ങൾ തന്നെ കേട്ടല്ലോ. നിങ്ങളുടെ അഭിപ്രായം എന്താണ്?*

പ്രസംഗം: അവർ മറുപടി പറഞ്ഞു:

സമൂഹം: ഇവൻ മരണശിക്ഷയ്ക്ക് അർഹനാകുന്നു.

പ്രസംഗം: പിന്നീട് അവർ അവിടുത്തേ മുഖത്തു തുപ്പുകയും ഇടിക്കുകയും കരണത്ത് അടിക്കുകയും ചെയ്തു. കണ്ണുകൾ മൂടിക്കെട്ടിയ ശേഷം ഇപ്ര കാരം ചോദിച്ചുകൊണ്ട് അവിടുത്തെ അടിച്ചു:

സമൂഹം: നിന്നെ അടിച്ചത് ആരാണെന്നു പ്രവചിക്കുക.

പ്രസംഗം: അവർ അവിടുത്തേക്കെതിരായി പല ദൂഷണങ്ങളും പറഞ്ഞു കൊണ്ടിരുന്നു. ശിമയോൻ പത്രോസും മറ്റൊരു ശിഷ്യനും മഹാപുരോ ഹിതന്റെ അങ്കണംവരെ ദൂരത്തുകൂടി ഈശോയെ അനുഗമിക്കുന്നുണ്ടാ യിരുന്നു. ആ ശിഷ്യൻ മഹാപുരോഹിതനെ പരിചയമുണ്ടായിരുന്നതി നാൽ ഈശോയുടെ കൂടെ മഹാപുരോഹിതന്റെ നടുമുറ്റത്തു പ്രവേശിക്കു വാൻ സാധിച്ചു. എന്നാൽ പത്രോസ് പുറത്തു വാതിൽക്കൽ നിൽക്കുക യായിരുന്നു. അതിനാൽ മഹാപുരോഹിതനെ പരിചയമുണ്ടായിരുന്ന മറ്റേശിഷ്യൻ ചെന്നു വാതിൽ കാവൽക്കാരിയോടു ശുപാർശചെയ്ത് ശിമയോൻ പത്രോസിനെയും അകത്തു പ്രവേശിപ്പിച്ചു. ആ വാതിൽ കാവൽക്കാരി ശിമയോനോടു ചോദിച്ചു.

മറുപടി: *താനും ആ മനുഷ്യന്റെ ഒരു ശിഷ്യനല്ലയോ?*

പ്രസംഗം: പെട്ടെന്ന് അയാൾ മറുപടി പറഞ്ഞു:

മറുപടി: *ഞാൻ ആ മനുഷ്യന്റെ ശിഷ്യനല്ല.*

പ്രസംഗം: കാര്യങ്ങൾ എങ്ങനെ അവസാനിക്കുമെന്നു കാണാനായി ശിമയോൻ ഭൃത്യന്മാരോടുകൂടെ അകത്തു കാത്തിരുന്നു. കുളിരായിരുന്നതി നാൽ ഭൃത്യന്മാരും സേവകന്മാരും തീകൂട്ടി കാഞ്ഞുകൊണ്ടിരുന്നു. ശിമ യോനും അവരുടെ കൂടെ തീകായുകയായിരുന്നു. അപ്പോൾ മഹാപുരോ ഹിതന്റെ ഒരു പരിചാരിക ആവഴി വന്നു. അവൾ ശിമയോനെ സൂക്ഷിച്ചു നോക്കിയശേഷം ഇങ്ങനെ ചോദിച്ചു:

മറുപടി: *താനും നസ്രായനായ ഈശോയുടെ കൂടെയുണ്ടായിരുന്നവനല്ലേ?*

പ്രസംഗം: എല്ലാവരുടെയും മുമ്പിൽ വച്ചു പത്രോസ് നിഷേധിച്ചു പറഞ്ഞു:

മറുപടി: *നീ പറയുന്നത് എനിക്കു മനസ്സിലാകുന്നില്ല: ഞാൻ ആ മനുഷ്യനെ അറിയുകയില്ല.*

പ്രസംഗം: അനന്തരം അയാൾ പടിവാതില്ക്കലേക്കു പോയി. അപ്പോൾ കോഴി കൂവി. അല്പം കഴിഞ്ഞ് അവിടെ നിന്നിരുന്നവർ അടുത്തുചെന്നു പത്രോസിനോടു പറഞ്ഞു:

സമൂഹം: താനും അവരുടെ കൂടെയുള്ളവൻ തന്നെ; സംശയമില്ല. തന്റെ സംസാരരീതിതന്നെ അതു തെളിയിക്കുന്നു.

പ്രസംഗം: അപ്പോൾ ശിമയോൻ പത്രോസ് സത്യം ചെയ്ത് ആണയിട്ട് ഇങ്ങനെ പറഞ്ഞു:

മറുപടി: *ഞാൻ ആ മനുഷ്യനെ അറിയുകയില്ല.*

പ്രസംഗം: പ്രധാനാചാര്യന്റെ ഭൃത്യനും, പത്രോസ് ചെവി മുറിച്ചവന്റെ ചാർച്ചക്കാരനുമായ ഒരു മനുഷ്യൻ പത്രോസിനോടു പറഞ്ഞു:

മറുപടി: *തോട്ടത്തിൽ വച്ച് അയാളുടെകൂടെ തന്നെയും ഞാൻ കണ്ടല്ലോ.*

പ്രസംഗം: പത്രോസ് അതും നിഷേധിച്ചു. അയാൾ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾതന്നെ രണ്ടാം പ്രാവശ്യം കോഴി കൂവി. കർത്താവു തിരിഞ്ഞു പത്രോസിനെ നോക്കി. കോഴി കൂവുന്നതിനു മുമ്പു മൂന്നുപ്രാവശ്യം നീ എന്നെ നിഷേധിച്ചു പറയും എന്ന് അവിടുന്ന് അരുളിച്ചെയ്തിരുന്നതു പത്രോസ് അപ്പോൾ ഓർത്തു. അയാൾ പുറത്തേക്കു പോയി ഹൃദയം നൊന്തു കരഞ്ഞു.

നേരം വെളുത്തപ്പോൾ പ്രധാനാചാര്യന്മാരും ജനപ്രമാണികളും നിയമജ്ഞരും ചേർന്ന് ഈശോയെ വധിക്കുന്നതിനെപ്പറ്റി ആലോചന നടത്തി. ന്യായാധിപസംഘത്തിൻ മുമ്പാകെ അവിടുത്തെ ഹാജരാക്കിയ ശേഷം അവർ അവിടുത്തോട് ഇപ്രകാരം പറഞ്ഞു:

സമൂഹം: നീ മിശിഹായാണെങ്കിൽ അക്കാര്യം ഞങ്ങളോടു തുറന്നു പറയുക.

പ്രസംഗം: അവിടുന്ന് ഇങ്ങനെ മറുപടി പറഞ്ഞു:

ഈശോ: **എന്റെ വാക്കു നിങ്ങൾ വിശ്വസിക്കയില്ല. എന്റെ ചോദ്യങ്ങൾക്കു നിങ്ങൾ മറുപടി പറയുകയുമില്ല: ഇന്നു മുതൽ മനുഷ്യപുത്രൻ സർവ്വശക്തനായ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കും.**

പ്രസംഗം: അവർ വീണ്ടും അവിടുത്തോടു ചോദിച്ചു:

സമൂഹം: ആകയാൽ നീ ദൈവപുത്രനാണെന്ന് പറയുകയാണോ?

പ്രസംഗം: അവിടുന്ന് ഉത്തരമരുളി.

***ഈശോ:* ഞാൻ ദൈവപുത്രനാണെന്ന് നിങ്ങൾ തന്നെ പറഞ്ഞുകഴിഞ്ഞല്ലോ.**

പ്രസംഗം: അപ്പോൾ അവർ പറഞ്ഞു:

സമൂഹം: നമുക്കിനി സാക്ഷികളെക്കൊണ്ട് എന്താണാവശ്യം? നാം തന്നെ നേരിട്ടു കേട്ടു കഴിഞ്ഞല്ലോ.

പ്രസംഗം: അവർ അവിടുത്തെ ബന്ധിച്ചു ഗവർണറായിരുന്ന പന്തിയോസ് പീലാത്തോസിന്റെ മുമ്പാകെ ഹാജരാക്കി. ഈശോ വിധിക്കപ്പെട്ട വിവരമറിഞ്ഞപ്പോൾ അവിടുത്തെ ഒറ്റിക്കൊടുത്ത യൂദാസ് മനഃക്ലേശത്തോടെ ആ മുപ്പതു വെള്ളിനാണയങ്ങളുമായി പ്രധാനാചാര്യന്മാരുടെയും ജനപ്രമാണികളുടെയും അടുക്കൽ ചെന്ന് ഇപ്രകാരം പറഞ്ഞു:

***മറുപടി:** ഞാൻ പാപം ചെയ്തുപോയി: കുറ്റമില്ലാത്ത രക്തം ഞാൻ ഒറ്റിക്കൊടുത്തു.*

പ്രസംഗം: അവർ മറുപടി പറഞ്ഞു:

സമൂഹം: അതിനു ഞങ്ങളെന്തുവേണം? നീ പോയി നിന്റെ കാര്യം നോക്കിക്കൊള്ളുക.

പ്രസംഗം: അവൻ ആ നാണയത്തുട്ടുകൾ ദേവാലയത്തിലേക്കു വലിച്ചെറിഞ്ഞിട്ടു പോയി തൂങ്ങിച്ചത്തു. പ്രധാനാചാര്യന്മാർ ആ നാണയത്തുട്ടുകൾ പെറുക്കിയെടുത്തിട്ട് ഇപ്രകാരം പറഞ്ഞു.

സമൂഹം: ഇതു രക്തത്തിന്റെ വിലയാകയാൽ / നേർച്ചപ്പെട്ടിയിലിടുന്നതു ശരിയല്ല.

പ്രസംഗം: അവർ കൂടിയാലോചിച്ചശേഷം ആ പണം കൊടുത്ത്, വിദേശികളെ സംസ്കരിക്കുവാൻ ഒരു കുശവന്റെ പറമ്പു വാങ്ങി. ആ സ്ഥലം ഇന്നും രക്തപ്പറമ്പ് എന്ന പേരിലാണ് അറിയപ്പെടുന്നത്. വിലപ്പെട്ടവന്റെ വിലയായി ഇസ്രായേൽക്കാർ കണക്കാക്കിയ മുപ്പതു വെള്ളിനാണയമെടുത്ത്, കർത്താവ് എന്നോടു കല്പിച്ചതുപോലെ അവർ കുശവന്റെ പറമ്പിനു കൊടുത്തു എന്നുള്ള ജെറമിയാസിന്റെ പ്രവചനം അങ്ങനെ പൂർത്തിയായി.

നേരം പുലർച്ചയായപ്പോൾ അവർ ഈശോയെ കയ്യാപ്പായുടെ ഭവനത്തിൽനിന്നു ഗവർണരുടെ കൊട്ടാരത്തിലേക്കു കൊണ്ടുപോയി.

അശുദ്ധരാകാതെ പെസഹാ ഭക്ഷിക്കേണ്ടിയിരുന്നതിനാൽ അവരാരും കൊട്ടാരത്തിലേക്കു പ്രവേശിച്ചില്ല. അതിനാൽ പീലാത്തോസ് പുറത്തേക്കിറങ്ങിച്ചെന്ന് അവരോടു ചോദിച്ചു:

മറുപടി: *എന്തു കുറ്റമാണു നിങ്ങൾ ഈ മനുഷ്യന്റെമേൽ ആരോപിക്കുന്നത്?*

പ്രസംഗം: അതിനു അവർ ഇങ്ങനെ മറുപടി പറഞ്ഞു:

സമൂഹം: കുറ്റക്കാരനല്ലായിരുന്നുവെങ്കിൽ ഞങ്ങൾ അയാളെ അങ്ങയുടെ സമക്ഷം ഹാജരാക്കുകയില്ലായിരുന്നു.

പ്രസംഗം: പീലാത്തോസ് അവരോടു പറഞ്ഞു:

മറുപടി: *അങ്ങനെയെങ്കിൽ നിങ്ങൾതന്നെ അയാളെ കൊണ്ടുപോയി നിങ്ങളുടെ നിയമമനുസരിച്ചു വിസ്തരിച്ചുകൊള്ളുവിൻ.*

പ്രസംഗം: ഉടനെ യൂദന്മാർ പീലാത്തോസിനോടു പറഞ്ഞു:

സമൂഹം: ആർക്കും മരണശിക്ഷ നല്കുവാൻ ഞങ്ങൾക്കു അധികാരമില്ലല്ലോ.

പ്രസംഗം: എങ്ങനെയാണു താൻ മരിക്കാൻ പോകുന്നതെന്നു സൂചിപ്പിച്ചുകൊണ്ട് ഒരിക്കൽ ഈശോ പറഞ്ഞ വാക്കുകൾ അങ്ങനെ നിറവേറുകയായിരുന്നു. അനന്തരം അവർ ഈശോയുടെ മേൽ ഓരോ കുറ്റങ്ങൾ ആരോപിച്ചുതുടങ്ങി.

സമൂഹം: ഇയാൾ ജനങ്ങളെ വഴിതെറ്റിക്കുകയും / സീസറിനു കപ്പം കൊടുക്കുന്നതു തടയുകയും / താൻ രാജാവായ മിശിഹായാണെന്നു പറയുകയും ചെയ്തതായി ഞങ്ങൾക്കറിയാം.

പ്രസംഗം: അപ്പോൾ പീലാത്തോസ് അകത്തേക്കു പോയി ഈശോയെ വിളിച്ച് ഇപ്രകാരം ചോദിച്ചു:

മറുപടി: *നിങ്ങൾ യൂദന്മാരുടെ രാജാവാണോ?*

പ്രസംഗം: ഈശോ അരുളിച്ചെയ്തു:

ഈശോ: **ഇത് അങ്ങു സ്വയം ചോദിക്കുന്നുവോ, മറ്റുള്ളവർ എന്നെപ്പറ്റി പറഞ്ഞതുകൊണ്ടു ചോദിക്കുന്നുവോ?**

പ്രസംഗം: മറുപടിയായി പീലാത്തോസ് ചോദിച്ചു:

മറുപടി: *ഞാൻ ഒരു യൂദനല്ലല്ലോ. നിങ്ങളുടെ ആളുകളും പ്രധാനാചാര്യന്മാരുമല്ലേ നിങ്ങളെ എന്റെ മുമ്പിൽ ഹാജരാക്കിയത്? നിങ്ങൾ എന്തു കുറ്റമാണ് ചെയ്തത്?*

പ്രസംഗം: അപ്പോൾ ഈശോ അരുളിച്ചെയ്തു:

ഈശോ: **എന്റെ രാജ്യം ഐഹികമല്ല: ആയിരുന്നെങ്കിൽ ഞാൻ യൂദന്മാരുടെ കൈകളിൽ വീഴാതിരിക്കുവാൻ എന്റെ സേവകന്മാർ യുദ്ധം ചെയ്യുമായിരുന്നു. എന്റെ രാജ്യം ഇവിടെയല്ല.**

പ്രസംഗം: പീലാത്തോസ് വീണ്ടും ചോദിച്ചു:

മറുപടി: *അപ്പോൾ നിങ്ങൾ ഒരു രാജാവു തന്നെയാണെന്നോ?*

പ്രസംഗം: ഈശോ ഉത്തരമരുളി:

ഈശോ: **ഞാൻ രാജാവാണെന്ന് അങ്ങുതന്നെ പറഞ്ഞു. സത്യത്തിനു സാക്ഷ്യം വഹിക്കുവാനാണ് ഞാൻ ജനിച്ചിരിക്കുന്നത്. അതിനുവേണ്ടി തന്നെയാണു ഞാൻ ലോകത്തിലേക്കു വന്നിരിക്കുന്നതും. സത്യത്തോടു ചേർന്നു നില്ക്കുന്നവരെല്ലാം എന്റെ ശബ്ദം കേൾക്കുന്നു.**

പ്രസംഗം: അപ്പോൾ പീലാത്തോസ് ചോദിച്ചു.

മറുപടി: *സത്യം എന്താകുന്നു?*

പ്രസംഗം: ചോദ്യം കഴിഞ്ഞ് ഉടൻ തന്നെ അദ്ദേഹം യൂദന്മാരുടെ നേരേ തിരിഞ്ഞ് പ്രധാനാചാര്യന്മാരോടും ജനസമൂഹത്തോടും ഇങ്ങനെ പറഞ്ഞു:

മറുപടി: *ഞാൻ ഈ മനുഷ്യനിൽ കുറ്റമൊന്നും കാണുന്നില്ല.*

പ്രസംഗം: അവർ വീണ്ടും ഈശോയിൽ കുറ്റം ആരോപിച്ചു തുടങ്ങി.

സമൂഹം: ഇയാൾ ഗ്ലീലാ മുതൽ ഇവിടെവരെ യൂദയാ രാജ്യത്തിലെങ്ങും പ്രസംഗിച്ചു ജനങ്ങളെ പ്രക്ഷോഭത്തിനു പ്രേരിപ്പിക്കുന്നു.

പ്രസംഗം: ഗ്ലീലാ എന്നു കേട്ട ഉടനെ പീലാത്തോസ് ചോദിച്ചു:

മറുപടി: *ഈ മനുഷ്യൻ ഗ്ലീലാക്കാരനാണോ?*

പ്രസംഗം: ഈശോ ഹേറോദേസിന്റെ അധികാരസീമയിൽപ്പെട്ടവനാണെന്നറിഞ്ഞപ്പോൾ പീലാത്തോസ് അവിടുത്തെ ഹേറോദേസിന്റെ പക്കലേക്കയച്ചു. അദ്ദേഹം അന്നു ജെറുസലത്തുണ്ടായിരുന്നു. ഈശോയെക്കണ്ടപ്പോൾ ഹേറോദേസ് വളരെ സന്തോഷിച്ചു. അദ്ദേഹം ഈശോയെക്കുറിച്ചു പലതും കേട്ടിട്ടുണ്ടായിരുന്നു. അവിടുത്തെ ഒന്നു കാണാൻ

ആഗ്രഹിച്ചിരിക്കുകയുമായിരുന്നു. അവിടുന്ന് എന്തെങ്കിലും ഒരത്ഭുതം പ്രവർത്തിക്കുന്നതു കാണാമെന്ന് അദ്ദേഹം പ്രതീക്ഷിച്ചു.

ഹേറോദേസ് ഈശോയോടു പലതും ചോദിച്ചു. എന്നാൽ അവിടുന്ന് ഒരു മറുപടിയും പറഞ്ഞില്ല. അവിടെയും, പ്രധാനാചാര്യന്മാരും നിയമജ്ഞരും ഈശോയ്ക്കെതിരായി ഓരോ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടിരുന്നു. അവസാനം ഹേറോദേസും പടയാളികളും കൂടി അവിടുത്തെ നിന്ദിച്ചു പരിഹസിക്കയും, വിലയേറിയ ഒരു വസ്ത്രം ധരിപ്പിച്ചു പീലാത്തോസിന്റെ പക്കലേക്കു തിരിച്ചയയ്ക്കുകയും ചെയ്തു. ശത്രുതയിൽക്കഴിഞ്ഞിരുന്ന ഹേറോദേസും പീലാത്തോസും അന്നുമുതൽ മിത്രങ്ങളായിത്തീർന്നു.

പീലാത്തോസ് പ്രധാനാചാര്യന്മാരെയും ജനപ്രമാണികളെയും വിളിച്ചുകൂട്ടി ഇങ്ങനെ പറഞ്ഞു:

മറുപടി: *ജനങ്ങളെ വഴിപിഴപ്പിക്കുന്നു എന്ന കുറ്റമാരോപിച്ചാണല്ലോ നിങ്ങൾ ഈ മനുഷ്യനെ എന്റെ മുമ്പിൽ ഹാജരാക്കിയിരിക്കുന്നത്. നിങ്ങളുടെ മുമ്പിൽ വച്ചുതന്നെ ഞാൻ ഇയാളെ വിസ്തരിച്ചു. എന്നാൽ നിങ്ങൾ ആരോപിക്കുന്ന കുറ്റങ്ങളൊന്നും ഞാൻ ഇയാളിൽ കണ്ടില്ല. ഹേറോദേസിനും ഇയാളിൽ കുറ്റമൊന്നും കാണാൻ കഴിഞ്ഞില്ല. അദ്ദേഹം ഇയാളെ ഇങ്ങോട്ടു തന്നെ തിരിച്ചയയ്ക്കുകയാണല്ലോ ചെയ്തത്. മരണശിക്ഷയ്ക്ക് അർഹമായ കുറ്റമൊന്നും ഈ മനുഷ്യൻ ചെയ്തിട്ടില്ല. അതിനാൽ ചമ്മട്ടികൊണ്ട് അടിപ്പിച്ച് ഇയാളെ ഞാൻ വിട്ടയയ്ക്കും.*

പ്രസംഗം: എല്ലാ പെസഹാത്തിരുനാളിലും ജനങ്ങൾ ആഗ്രഹിക്കുന്ന ഒരു തടവുകാരനെ ഗവർണ്ണർ മോചിപ്പിക്കുക പതിവായിരുന്നു. അതനുസരിച്ച് ആളെ മോചിപ്പിക്കുവാൻ ജനങ്ങൾ ആവശ്യപ്പെട്ടു തുടങ്ങി.

ഒരു കലാപത്തിനിടയിൽ കൊലപാതകം നടത്തിയ കുറ്റത്തിനു പ്രക്ഷോഭകാരികളുടെകൂടെ കാരാഗൃഹത്തിലടയ്ക്കപ്പെട്ടിരുന്ന ബറാബാസ് എന്ന കുപ്രസിദ്ധനായ ഒരു തടവുകാരനുണ്ടായിരുന്നു. ജനങ്ങൾ കൂട്ടം കൂടിയപ്പോൾ പീലാത്തോസ് അവരോടു ചോദിച്ചു.

മറുപടി: *പെസഹാത്തിരുനാളിൽ ഒരു തടവുകാരനെ മോചിപ്പിക്കുക പതിവുണ്ടല്ലോ. ഞാൻ ആരെയാണ് മോചിപ്പിക്കേണ്ടത്? ബറാബാസിനെയോ മിശിഹാ എന്നു വിളിക്കപ്പെടുന്ന ഈശോയെയോ?*

പ്രസംഗം: അവർ ഈശോയെ പിടിച്ചേല്പിച്ചത് അവരുടെ അസൂയകൊണ്ടാണെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു.

പീലാത്തോസു ന്യായാസനത്തിലിരിക്കുമ്പോൾ അദ്ദേഹത്തിന്റെ ഭാര്യ ആളയച്ച് ഇപ്രകാരം അറിയിച്ചു:

മറുപടി: *ആ നീതിമാനെ ഒന്നും ചെയ്യരുത്. അദ്ദേഹത്തെ പ്രതി സ്വപ്നത്തിൽ ഞാൻ വളരെ വേദനയനുഭവിച്ചു.*

പ്രസംഗം: എന്നാൽ പ്രധാനാചാര്യന്മാരും ജനപ്രമാണികളും ബറാബാസിനെ മോചിപ്പിക്കുന്നതിനും, ഈശോയെ വധിക്കുന്നതിനും മുറവിളി കൂട്ടുവാൻ ജനങ്ങളെ പ്രേരിപ്പിച്ചിരുന്നു. പീലാത്തോസ് ജനങ്ങളോട് ഇങ്ങനെ ചോദിച്ചു.

മറുപടി: *ഈ രണ്ടു പേരിൽ ആരെ മോചിപ്പിക്കുവാനാണ് നിങ്ങൾ ആഗ്രഹിക്കുന്നത്?*

പ്രസംഗം: അവർ ഒന്നടങ്കം വിളിച്ചുപറഞ്ഞു:

സമൂഹം: ഈശോയെ വധിക്കുക: ബറാബാസിനെ മോചിപ്പിക്കുക.

പ്രസംഗം: ഈശോയെ മോചിപ്പിക്കണമെന്നുള്ള ആഗ്രഹത്തോടെ പീലാത്തോസ് വീണ്ടും അവരോടു ചോദിച്ചു:

മറുപടി: *യൂദന്മാരുടെ രാജാവെന്നു വിളിക്കുന്ന ഈശോയെ ഞാൻ എന്തു ചെയ്യണം?*

പ്രസംഗം: അപ്പോൾ എല്ലാവരും കൂടി വിളിച്ചുപറഞ്ഞു:

സമൂഹം: അവനെ കുരിശിൽ തറയ്ക്കുക: അവനെ കുരിശിൽ തറയ്ക്കുക.

പ്രസംഗം: മൂന്നാം പ്രാവശ്യം പീലാത്തോസ് അവരോടു ചോദിച്ചു:

മറുപടി: *ഈ മനുഷ്യൻ എന്തു കുറ്റമാണു ചെയ്തത്? വധശിക്ഷയർഹിക്കുന്ന യാതൊരു കുറ്റവും ഞാൻ ഇയാളിൽക്കാണുന്നില്ല.*

പ്രസംഗം: അവരാകട്ടെ, അവിടത്തെ കുരിശിൽ തറയ്ക്കണമെന്നു ശാഠ്യഭാവത്തോടെ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു. അവരുടെ മുറവിളിക്കു ശക്തി കൂടിവരികയും ചെയ്തു. അവസാനം പീലാത്തോസ് ജനങ്ങളെ തൃപ്തിപ്പെടുത്തുവാൻവേണ്ടി അവരുടെ ആഗ്രഹത്തിനു വഴങ്ങിക്കൊടുത്തു. കവർച്ചയും കൊലപാതകവും മൂലം കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടിരുന്നവനെ, അവരുടെ ആവശ്യപ്രകാരം, അദ്ദേഹം സ്വതന്ത്രനാക്കി. ഈശോയെ അവരുടെ ഹിതത്തിനു വിട്ടുകൊടുക്കുകയും ചെയ്തു. അനന്തരം പീലാത്തോസ് ഈശോയെ ചമ്മട്ടികൊണ്ട് അടിപ്പിച്ചു.

പടയാളികൾ ഈശോയെ കൊട്ടാരത്തിന്റെ അങ്കണത്തിലേയ്ക്കു കൊണ്ടു പോയി സൈന്യദളങ്ങളെയെല്ലാം അവിടെ വിളിച്ചുകൂട്ടി. അനന്തരം അവിടുത്തെ വസ്ത്രങ്ങൾ മാറ്റി ഒരു ചുവന്ന മേലങ്കി ധരിപ്പിച്ചു. മുള്ളുകൊണ്ടൊരു മുടിയുണ്ടാക്കി ശിരസ്സിന്മേൽ വച്ചു. വലത്തു കൈയിൽ ഒരു ഞാങ്കണയും കൊടുത്തു. പിന്നീട് അവർ അവിടുത്തേ മുമ്പിൽ മുട്ടുകുത്തി യൂദന്മാരുടെ രാജാവേ, വന്ദനം എന്നു പറഞ്ഞ് പരിഹസിച്ചു. അവിടുത്തേ കരണത്ത് അടിച്ചു. അനന്തരം ഞാങ്കണയെടുത്തു ശിരസ്സിലടിക്കുകയും തുപ്പുകയും ചെയ്തു.

പീലാത്തോസ് വീണ്ടും പുറത്തേക്കു ചെന്ന് അവരോട് പറഞ്ഞു:

മറുപടി: *ഞാൻ അയാളിൽ കുറ്റമൊന്നും കാണുന്നില്ലെന്നു നിങ്ങളെ ബോദ്ധ്യപ്പെടുത്തുവാൻ വേണ്ടി, അയാളെ ഇപ്പോൾ നിങ്ങളുടെയടുക്കലേക്കു ഞാൻ കൊണ്ടുവരികയാണ്.*

പ്രസംഗം: മുൾക്കിരീടവും ചുവന്ന മേലങ്കിയും ധരിച്ചിരുന്ന ഈശോയെ ഉടനെ പുറത്തേക്കു കൊണ്ടുചെന്നു. അപ്പോൾ പീലാത്തോസ് അവരോടു പറഞ്ഞു:

മറുപടി: *ഇതാണ് ആ മനുഷ്യൻ.*

പ്രസംഗം: പ്രധാനാചാര്യന്മാരും പരിചാരകരും അവിടുത്തെ കണ്ടപ്പോൾ അട്ടഹസിച്ചു പറഞ്ഞു:

സമൂഹം: അവനെ കുരിശിൽ തറയ്ക്കുക; അവനെ കുരിശിൽ തറയ്ക്കുക.

പ്രസംഗം: പീലാത്തോസു പ്രതിവചിച്ചു.

മറുപടി: *നിങ്ങൾ തന്നെ അയാളെ കൊണ്ടുപോയി കുരിശിൽ തറച്ചുകൊള്ളുവിൻ. ഞാൻ അയാളിൽ കുറ്റമൊന്നും കാണുന്നില്ല.*

പ്രസംഗം: അപ്പോൾ യൂദന്മാർ അദ്ദേഹത്തോടു പറഞ്ഞു:

സമൂഹം: ഞങ്ങൾക്ക് ഒരു നിയമമുണ്ട്. ആ നിയമമനുസരിച്ച് / അവൻ വധശിക്ഷയ്ക്ക് അർഹനാകുന്നു. എന്തെന്നാൽ / താൻ ദൈവപുത്രനാണെന്ന് അവൻ അവകാശപ്പെടുന്നു.

പ്രസംഗം: അതു കേട്ടപ്പോൾ പീലാത്തോസ് അത്യധികം ഭയപ്പെട്ടു. അതിനാൽ വീണ്ടും അകത്തുചെന്ന് അദ്ദേഹം ഈശോയോടു ചോദിച്ചു:

മറുപടി: *നിങ്ങൾ ആരാകുന്നു?*

പ്രസംഗം: ഈശോ അതിനു മറുപടി നല്കിയില്ല. പീലാത്തോസ് വീണ്ടും അവിടുത്തോടു ചോദിച്ചു:

മറുപടി: *എന്നോടു നിങ്ങൾ മറുപടി പറയുകയില്ലേ? നിങ്ങളെ കുരിശിൽ തറയ്ക്കുവാനും വിട്ടയയ്ക്കുവാനും എനിക്ക് അധികാരമുണ്ടെന്ന് അറിഞ്ഞുകൂടെ?*

പ്രസംഗം: ഈശോ ഇപ്രകാരം മറുപടി പറഞ്ഞു.

ഈശോ: **ഉന്നതത്തിൽ നിന്നു നല്കപ്പെടാതിരുന്നെങ്കിൽ അങ്ങേക്ക് എന്റെ മേൽ അധികാരമൊന്നും ഉണ്ടാകുമായിരുന്നില്ല. ആകയാൽ എന്നെ അങ്ങേപ്പക്കൽ ഏല്പിച്ചവനാണ് അങ്ങയെക്കാൾ വലിയ കുറ്റക്കാരൻ.**

പ്രസംഗം: തന്മൂലം പീലാത്തോസ് അവിടുത്തെ മോചിപ്പിക്കുവാൻ ആഗ്രഹിച്ചു. എന്നാൽ യൂദന്മാർ ഇങ്ങനെ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു.

സമൂഹം: അവനെ വിട്ടയയ്ക്കുന്നപക്ഷം അങ്ങു സീസറിന്റെ സ്നേഹിതനല്ല. സ്വയം രാജാവാകുവാൻ ശ്രമിക്കുന്നവരെല്ലാം സീസറിന്റെ ശത്രുക്കളാകുന്നു.

പ്രസംഗം: അതു കേട്ടപ്പോൾ പീലാത്തോസ് വീണ്ടും ഈശോയെ പുറത്തേക്കു കൊണ്ടുചെന്നു. ഹീബ്രു ഭാഷയിൽ ഗബാത്ത എന്നു പറയുന്ന കൽത്തളത്തിൽ അദ്ദേഹം ഉപവിഷ്ടനായി. അന്നു പെസഹാ വെള്ളിയാഴ്ചയായിരുന്നു. സമയം ഏകദേശം പന്ത്രണ്ടു മണിയായി. പീലാത്തോസ് യൂദന്മാരോടു പറഞ്ഞു.

മറുപടി: *ഇതാ നിങ്ങളുടെ രാജാവ്.*

പ്രസംഗം: അതു കേട്ടപ്പോൾ അവർ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു:

സമൂഹം: അവനെ കൊണ്ടുപോവുക; അവനെ കൊണ്ടുപോയി കുരിശിൽ തറയ്ക്കുക.

പ്രസംഗം: പീലാത്തോസ് അവരോടു ചോദിച്ചു:

മറുപടി: *എന്ത്? നിങ്ങളുടെ രാജാവിനെ ഞാൻ കുരിശിൽ തറയ്ക്കണമെന്നോ?*

പ്രസംഗം: അതിനു പ്രധാനാചാര്യന്മാരാണു മറുപടി പറഞ്ഞത്.

സമൂഹം: സീസറല്ലാതെ ഞങ്ങൾക്കു മറ്റൊരു രാജാവില്ല.

പ്രസംഗം: തന്റെ പരിശ്രമമെല്ലാം നിഷ്ഫലമാവുകയാണെന്നും, കലഹം വർദ്ധിക്കുവാനാണു സാദ്ധ്യതയെന്നും പീലാത്തോസിനു മനസ്സിലായി.

അതിനാൽ അദ്ദേഹം വെള്ളമെടുത്തു ജനങ്ങളുടെ മുമ്പിൽവെച്ചു കൈകൾ കഴുകിക്കൊണ്ടു പറഞ്ഞു:

മറുപടി: *ഈ നീതിമാന്റെ രക്തത്തിൽ എനിക്കു പങ്കില്ല.*

പ്രസംഗം: അതു കേട്ടു ജനങ്ങൾ വിളിച്ചുപറഞ്ഞു:

സമൂഹം: അവന്റെ രക്തം ഞങ്ങളുടെ മേലും / ഞങ്ങളുടെ സന്താനങ്ങളുടെ മേലും വീണുകൊള്ളട്ടെ.

പ്രസംഗം: പീലാത്തോസ് ഉടനെ ഈശോയെ ക്രൂശിക്കുവാനായി അവർക്ക് ഏല്പിച്ചു കൊടുത്തു. അവർ അവിടുത്തെ പിടിച്ചു ചുവന്ന മേലങ്കി മാറ്റി സ്വന്തം വസ്ത്രങ്ങൾ ധരിപ്പിച്ചു കുരിശിൽ തറയ്ക്കുവാൻ കൊണ്ടു പോയി. അവിടുന്നു കുരിശും ചുമന്നുകൊണ്ട് കപാലം എന്ന സ്ഥലത്തേക്കു നടന്നു. ഹീബ്രു ഭാഷയിൽ അതു ഗാഗുൽത്താ എന്ന പേരിലാണ് അറിയപ്പെടുന്നത്. വഴിക്കുവെച്ച് അവർ സൈറീൻ കാരനായ ഒരു മനുഷ്യനെ കണ്ടുമുട്ടി. അയാളുടെ പേര് ശിമയോൻ എന്നായിരുന്നു. അലക്സാണ്ടറിന്റെയും റൂഫസിന്റെയും പിതാവായ ആ മനുഷ്യൻ വയലിൽ നിന്നു വരികയായിരുന്നു. ഈശോയുടെ കുരിശു ചുമക്കുവാൻ അവർ അയാളെ നിർബന്ധിക്കുകയും, അതു വഹിച്ചുകൊണ്ടു പുറകേ ചെല്ലുവാൻ അത് അയാളുടെമേൽ വച്ചുകൊടുക്കുകയും ചെയ്തു.

വലിയൊരു ജനക്കൂട്ടം ഈശോയെ അനുഗമിച്ചു. അവിടുത്തെക്കുറിച്ചു കരയുകയും പ്രലപിക്കയും ചെയ്തിരുന്ന അനേകം സ്ത്രീകളും അക്കൂട്ടത്തിലുണ്ടായിരുന്നു. അവിടുന്ന് അവരുടെ നേരേ തിരിഞ്ഞ് ഇങ്ങനെ അരുളിച്ചെയ്തു.

ഈശോ: **ജെറുസലെം പുത്രിമാരേ, നിങ്ങൾ എന്നെപ്രതി കരയണ്ടാ. നിങ്ങളെയും നിങ്ങളുടെ കുഞ്ഞുങ്ങളെയും ഓർത്തു കരയുവിൻ. വന്ധ്യകൾക്കും, ഗർഭം ധരിക്കാത്ത ഉദരങ്ങൾക്കും, പാലൂട്ടാത്ത പയോധരങ്ങൾക്കും ഭാഗ്യം എന്നു മനുഷ്യർ പറയുന്ന കാലം വരുന്നു. അന്ന് അവർ പർവ്വതങ്ങളോടു ഞങ്ങളുടെ മേൽ വീഴുവിൻ എന്നും മലകളോടു ഞങ്ങളെ മൂടുവിൻ എന്നും പറഞ്ഞു തുടങ്ങും. പച്ച മരത്തോട് ഇതാണു ചെയ്യുന്നതെങ്കിൽ ഉണക്ക മരത്തിന് എന്താണ് സംഭവിക്കുക?**

പ്രസംഗം: വധിക്കപ്പെടുവാനുള്ള രണ്ടു കുറ്റവാളികളെയും ഈശോയുടെകൂടെ അവർ കൊണ്ടുപോയിരുന്നു. ഗാഗുൽത്തായിലെത്തിയപ്പോൾ മീറ കലർത്തിയ വീഞ്ഞ് അവിടുത്തേക്ക് കുടിയ്ക്കാൻ കൊടുത്തു. അവിടുന്ന് അതു രുചിച്ചു നോക്കി; എങ്കിലും കുടിച്ചില്ല. അനന്തരം അവർ ഈശോയെ കുരിശിൽ തറച്ചു. വലത്തും ഇടത്തുമായി രണ്ടു കള്ളന്മാരെയും കുരിശിൽ തറച്ചു. ദുഷ്ടന്മാരുടെകൂടെ അവിടുന്ന് എണ്ണപ്പെട്ടു എന്ന തിരുവെഴുത്ത് അങ്ങനെ നിറവേറുകയും ചെയ്തു.

ഗാഗുൽത്തായുടെ വിരി മാറ്റുന്നു; മരമണി അടിക്കുന്നു.
മുട്ടുകുത്തി ചൊല്ലുന്നു.

സങ്കീർത്തനം 22

ഞാൻ ഒരു മനുഷ്യനല്ല, കൃമിയാകുന്നു; / മനുഷ്യരുടെ നിന്ദാപാത്രവും,
ജനങ്ങളുടെ പരിഹാസ വിഷയവുമാകുന്നു.

കാണുന്നവരെല്ലാം എന്നെ അവഹേളിക്കുന്നു
വികൃതമായ ആംഗ്യങ്ങളാൽ നിന്ദിക്കുന്നു.

അവൻ കർത്താവിനെ ആശ്രയിച്ചല്ലോ;
അവിടുന്ന് അവനെ രക്ഷിക്കട്ടെ.

അവിടുന്ന് അവനെ സ്നേഹിക്കുന്നുണ്ടെങ്കിൽ
അവനെ സ്വതന്ത്രനാക്കട്ടെ.

എന്റെ ജനനം മുതൽതന്നെ / അങ്ങ് എന്റെ ദൈവവും അഭയവുമാകുന്നു.
അങ്ങേക്കു ഞാൻ സ്വയം സമർപ്പിച്ചിരുന്നു.

ഞാൻ ദുഃഖിതനായിരിക്കയാൽ / എന്നിൽനിന്നകന്നു പോകരുതേ:
എന്നെ സഹായിക്കാൻ ആരുമില്ല.

ബയിസാനിലെ മൃഗങ്ങൾ എന്നെ വളഞ്ഞു:
അലറുന്ന സിംഹത്തെപ്പോലെ / അവ എന്നെ വിഴുങ്ങുവാൻ വരുന്നു.

വെള്ളം പോലെ ഞാൻ ഒഴുകിപ്പോയി:
എന്റെ സന്ധികൾ വേർപെട്ടിരിക്കുന്നു.

എന്റെ ഹൃദയം മെഴുകിനു തുല്യമായി:
ഉള്ളിലെ അവയവങ്ങൾ ഉരുകിത്തുടങ്ങി.

ഇഷ്ടികപോലെ എന്റെ തൊണ്ട വരണ്ടു:
നാവു തൊണ്ടയോട് ഒട്ടിച്ചേർന്നു:
അങ്ങ് എന്നെ മരണത്തിലേക്കു നയിച്ചിരിക്കുന്നു.

നായ്ക്കൾ എന്നെ ചുറ്റി വളഞ്ഞു: / ദുഷ്ടന്മാർ എന്നെ വലയം ചെയ്തു.

എന്റെ കൈകളും കാലുകളും അവർ തുളച്ചു:
എന്റെ അസ്ഥികളെല്ലാം അവരെണ്ണി: / അവർ എന്നെ ഉറ്റുനോക്കി.

അവർ എന്റെ വസ്ത്രം പങ്കിട്ടെടുത്തു: / മേലങ്കിക്കുവേണ്ടി അവർ ചിട്ടിയിട്ടു.

എല്ലാവരും എഴുന്നേല്ക്കുന്നു.

വായന തുടരുന്നു

പ്രസംഗം: മൂന്നു മണിക്കാണ് അവർ ഈശോയെ കുരിശിൽ തറച്ചത്. കുരിശിൽ കിടന്നു കൊണ്ട് അവിടുന്ന് ഇപ്രകാരം അരുളിച്ചെയ്തു:

***ഈശോ:* പിതാവേ, ഇവരോടു ക്ഷമിക്കണമേ. എന്തുകൊണ്ടെന്നാൽ, തങ്ങൾ എന്താണു ചെയ്യുന്നതെന്ന് ഇവർ അറിയുന്നില്ല.**

പ്രസംഗം: ഈശോയുടെ പേരിലുണ്ടായ ആരോപണം പീലാത്തോസ് ഒരു പലകമേലെഴുതിക്കൊടുത്തത് അവിടുത്തെ കുരിശിന്മേൽ സ്ഥാപിച്ചിട്ടുണ്ടായിരുന്നു. ആ എഴുത്ത് ഇങ്ങനെയായിരുന്നു. യൂദന്മാരുടെ രാജാവായ നസ്രായൻ ഈശോ. അവിടുത്തെ കുരിശിൽ തറച്ച സ്ഥലം പട്ടണത്തിനു സമീപമായിരുന്നതിനാൽ യൂദന്മാരിൽ പലരും അതു വായിച്ചു. ഹീബ്രു, ലത്തീൻ, ഗ്രീക്ക് എന്നീ മൂന്നു ഭാഷകളിലും അത് എഴുതപ്പെട്ടിരുന്നു. അതിനാൽ പ്രധാനാചാര്യന്മാർ ചെന്നു പീലാത്തോസിനോടു പറഞ്ഞു.

സമൂഹം: യൂദന്മാരുടെ രാജാവ് എന്നല്ല; താൻ യൂദന്മാരുടെ രാജാവാണെന്ന് അവൻ പറഞ്ഞു എന്നാണ് എഴുതേണ്ടത്.

പ്രസംഗം: പീലാത്തോസു മറുപടി പറഞ്ഞു:

മറുപടി: *ഞാൻ എഴുതിയത് എഴുതിയതു തന്നെ.*

പ്രസംഗം: ഈശോയെ കുരിശിൽ തറച്ചശേഷം പടയാളികൾ അവിടുത്തെ വസ്ത്രങ്ങൾ നാലായി പങ്കിട്ടെടുത്തു. അവിടുത്തെ മേലങ്കി മുകൾ മുതൽ അടിവരെ നെയ്യപ്പെട്ടതായിരുന്നതിനാൽ അവർ പറഞ്ഞു:

സമൂഹം: അതു കീറണ്ടാ; അത് ആർക്കുള്ളതായിരിക്കണമെന്നു നമുക്കു ചിട്ടിയിട്ടു നിശ്ചയിക്കാം.

പ്രസംഗം: എന്റെ വസ്ത്രങ്ങൾ അവർ പങ്കിട്ടെടുത്തു; എന്റെ മേലങ്കിക്കായി അവർ നറുക്കിട്ടു എന്നുള്ള തിരുവെഴുത്തു നിറവേറണമല്ലോ. അതുകൊണ്ടാണു പടയാളികൾ ഇങ്ങനെയെല്ലാം ചെയ്യാനിടയായത്. പടയാളികൾ ഈശോയുടെ പക്കൽ കാവലിരുന്നു. സംഭവിച്ചതെല്ലാം നോക്കിക്കൊണ്ടു ജനങ്ങൾ അവിടെതന്നെ നിന്നു. വഴിയേ കടന്നു പോയിരുന്നവർ പുച്ഛഭാവത്തിൽ തലകുലുക്കിക്കൊണ്ട് ഇപ്രകാരം പറഞ്ഞു:

സമൂഹം: നീ ദേവാലയം നശിപ്പിച്ചിട്ട് /മൂന്നു ദിവസം കൊണ്ട് / വീണ്ടും അതു പണിയുന്നവനല്ലയോ? നീ നിന്നെത്തന്നെ രക്ഷിക്കുക.

പ്രസംഗം: അപ്രകാരംതന്നെ പ്രധാനാചാര്യന്മാരും നിയമജ്ഞരും ജനപ്രമാണികളും പരിഹാസഭാവത്തിൽ പരസ്പരം ഇങ്ങനെ പറഞ്ഞു.

സമൂഹം: ഇവൻ മറ്റുള്ളവരെ രക്ഷിച്ചു. തന്നെത്തന്നെ രക്ഷിക്കുവാൻ ഇവനു കഴിയുന്നില്ലല്ലോ. ഇസ്രായേലിന്റെ രാജാവായ മിശിഹാ / കുരിശിൽ നിന്ന് ഇറങ്ങിവരട്ടെ. അതു കണ്ടു നമുക്കും / അവനിൽ വിശ്വസിക്കാം. ഇവൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട മിശിഹായാണെങ്കിൽ, തന്നെത്തന്നെ രക്ഷിക്കട്ടെ. ഇവൻ ദൈവത്തെ ആശ്രയിച്ചിരുന്നല്ലോ. അവിടുന്ന് ഇവനിൽ സംപ്രീതനാണെങ്കിൽ / ഇപ്പോൾ ഇവനെ രക്ഷിക്കട്ടെ. താൻ ദൈവപുത്രനാണെന്നല്ലേ ഇവൻ പറഞ്ഞിരുന്നത്?

പ്രസംഗം: പടയാളികളും ഈശോയെ പരിഹസിച്ചിരുന്നു. ചുറുക്കാ കൊടുക്കുവാൻ അടുത്തു ചെന്നപ്പോൾ അവർ ഇപ്രകാരം പറഞ്ഞു:

സമൂഹം: നീ യൂദന്മാരുടെ രാജാവാണെങ്കിൽ നിന്നെത്തന്നെ രക്ഷിക്കുക.

പ്രസംഗം: ഈശോയുടെകൂടെ കുരിശിൽ തറയ്ക്കപ്പെട്ടിരുന്ന കള്ളന്മാർ പോലും അവിടുത്തെ നിന്ദിക്കയാണു ചെയ്തത്. അവരിൽ ഒരുവൻ പുച്ഛഭാവത്തിൽ അവിടുത്തോട് ഇങ്ങനെ പറഞ്ഞു:

മറുപടി: *നീ മിശിഹായാണെങ്കിൽ നിന്നെത്തന്നെയും ഞങ്ങളെയും രക്ഷിക്കുക.*

പ്രസംഗം: അതുകേട്ട മറ്റവൻ അവനെ ശകാരിച്ചു:

മറുപടി: *നിനക്കു ദൈവത്തെപ്പോലും ഭയമില്ലയോ? നിനക്കും ആ മനുഷ്യനും ഒരേ ശിക്ഷയല്ലേ ലഭിച്ചിരിക്കുന്നത്? നമ്മുടെ കാര്യം പറഞ്ഞാൽ നാം അതിന് അർഹരാണ്. എന്നാൽ അദ്ദേഹം ഒരു കുറ്റവും ചെയ്തിട്ടില്ല.*

പ്രസംഗം: അനന്തരം അവൻ അവിടുത്തോട് ഇങ്ങനെ അപേക്ഷിച്ചു:

മറുപടി: *ഈശോയേ, അങ്ങയുടെ രാജ്യത്തിൽ വരുമ്പോൾ എന്നെക്കൂടെ ഓർക്കണമേ.*

പ്രസംഗം: അവിടുന്ന് അവനോട് അരുളിച്ചെയ്തു.

ഈശോ: **നീ ഇന്ന് എന്നോടുകൂടെ പറുദീസയിലായിരിക്കുമെന്നു നിന്നോടു ഞാൻ വാഗ്ദാനം ചെയ്യുന്നു.**

പ്രസംഗം: ഈശോയുടെ കുരിശിനടുത്ത് അവിടുത്തെ അമ്മയും, അമ്മയുടെ സഹോദരിയും, ക്ലെയോഫാസിന്റെ ഭാര്യയായ മറിയവും, മഗ്ദലേന മറിയവും നിന്നിരുന്നു. അമ്മയും താൻ സ്നേഹിച്ചിരുന്ന ശിഷ്യനും സമീപത്തു നില്ക്കുന്നതു കണ്ടപ്പോൾ ഈശോ അമ്മയോട് അരുളിച്ചെയ്തു.

ഈശോ: **സ്ത്രീ, ഇതാ നിങ്ങളുടെ പുത്രൻ.**

പ്രസംഗം: അനന്തരം അവിടുന്ന് ആ ശിഷ്യനോട് അരുളിച്ചെയ്തു.

ഈശോ: **ഇതാ, നിന്റെ അമ്മ.**

പ്രസംഗം: ഉടൻതന്നെ ആ ശിഷ്യൻ അവരെ സ്വീകരിച്ചു.

സമയം ആറു മണിയായി, പെട്ടെന്നു സൂര്യൻ ഇരുണ്ടു പോയി. ഒൻപതു മണിവരെ നാടുമുഴുവൻ അന്ധകാരമായിരുന്നു. ഏകദേശം ഒൻപതു മണിയായപ്പോൾ ഈശോ ഉച്ചത്തിൽ നിലവിളിച്ചു.

ഈശോ: **ഏൽ, ഏൽ, ല്മാ ശബ്ക്ത്താനി: എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ടാണ് അങ്ങ് എന്നെ ഉപേക്ഷിച്ചത്?**

പ്രസംഗം: അടുത്തുനിന്നിരുന്നവർ അതുകേട്ട് ഇങ്ങനെ പറഞ്ഞു:

മറുപടി: *ഇതാ, അവൻ ഏലിയായെ വിളിക്കുന്നു.*

പ്രസംഗം: അനന്തരം സമസ്തവും നിറവേറിക്കഴിഞ്ഞുവെന്നു ഗ്രഹിച്ച് വിശുദ്ധ ലിഖിതത്തിന്റെ പൂർത്തീകരണത്തിനായി ഈശോ ഇപ്രകാരം അരുളിച്ചെയ്തു:

ഈശോ: **എനിക്കു ദാഹിക്കുന്നു.**

പ്രസംഗം: ചുറുക്കാ നിറച്ച ഒരു പാത്രം അവിടെയുണ്ടായിരുന്നു. ഉടനെ ഒരാൾ ഓടിച്ചെന്നു നീർപ്പഞ്ഞിയെടുത്തു ചുറുക്കായിൽ മുക്കി ഒരു ഞാങ്കണമേൽ വച്ചുകെട്ടി അവിടുത്തേ അധരത്തോട് അടുപ്പിച്ചു. അതു കണ്ട് മറ്റുള്ളവർ പറഞ്ഞു:

സമൂഹം: നിൽക്കൂ; ഏലിയാ അവനെ രക്ഷിക്കാൻ വരുമോ എന്നു കാണട്ടെ.

പ്രസംഗം: ഈശോ ചുറുക്കാ രുചിച്ചശേഷം ഇങ്ങനെ അരുളിച്ചെയ്തു.

ഈശോ: **എല്ലാം പൂർത്തിയായിരിക്കുന്നു.**

പ്രസംഗം: അവിടുന്നു വീണ്ടും ഉറക്കെ നിലവിളിച്ചു പറഞ്ഞു.

ഈശോ: **പിതാവേ, അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു.**

പ്രസംഗം: *(സ്വരമുയർത്തി വായിക്കുന്നു).* അനന്തരം അവിടുന്നു തലചായിച്ച് ആത്മാവിനെ സമർപ്പിക്കുകയും ചെയ്തു.

(മരമണിയടിക്കുന്നു. എല്ലാവരും മുട്ടുകുത്തിയാരാധിച്ചു താഴെക്കാണുന്ന ഗീതം മൂന്നു പ്രാവശ്യം പാടുന്നു. കാർമ്മികൻ അതിനു ശേഷം സ്ലീവായെ ധൂപിക്കുന്നു).

ഗാനം

കുരിശിനാലേ ലോകമൊന്നായ്
വീണ്ടെടുത്തവനേ,
താണു ഞങ്ങൾ വണങ്ങുന്നു
ദിവ്യപാദങ്ങൾ.

പ്രസംഗം

ഒന്നാം കാറോസൂസാ
(എല്ലാവരും മുട്ടുകുത്തുന്നു).

ശുശ്രൂഷി: നമുക്കെല്ലാവർക്കും മുട്ടുകുത്തി അനുതാപത്തോടും ശ്രദ്ധയോടും കൂടി "ഞങ്ങളുടെമേൽ കരുണയായിരിക്കണമേ" എന്നപേക്ഷിക്കാം.

സമൂഹം: ഞങ്ങളുടെമേൽ കരുണയായിരിക്കണമേ.

ശുശ്രൂഷി: തന്റെ മുറിവുകളാൽ ഞങ്ങളുടെ മുറിവുകൾ സുഖമാക്കുകയും തന്റെ മരണത്താൽ മരണത്തിന്മേൽ വിജയം വരിക്കുകയും ചെയ്ത ജീവിക്കുന്നവനായ മിശിഹായേ,

ശുശ്രൂഷി: പീഡാനുഭത്തിന്റെയും മരണത്തിന്റെയും വേളയിൽ സൂര്യചന്ദ്രന്മാർ മുഖം മറയ്ക്കുന്നതിനും സൃഷ്ടജാലങ്ങൾ വിലപിക്കുന്നതിനും ഇടയാക്കിയ മിശിഹായേ,

ശുശ്രൂഷി: കുരിശുമരണത്താൽ സ്വർഗവാസികളെ സമാശ്വസിപ്പിക്കുകയും, തന്നെ ക്രൂശിച്ചവരെപ്പോലും നാശത്തിൽനിന്നു രക്ഷിക്കുകയും ചെയ്ത മിശിഹായേ,

ശുശ്രൂഷി: മരണശേഷം പാതാളത്തിലിറങ്ങി അവിടെയുണ്ടായിരുന്നവർക്ക് പ്രത്യാശയുടെ സുവിശേഷം നല്കിയ മിശിഹായേ,

ശുശ്രൂഷി: മരണത്താൽ വിശുദ്ധരുടെ കല്ലറകൾ തുറക്കുകയും അവർക്ക് പുനർജ്ജീവൻ നല്കുകയും അതുവഴി തന്നെ ക്രൂശിച്ചവരെ ലജ്ജിതരാക്കുകയും ചെയ്ത മിശിഹായേ,

ശുശ്രൂഷി: ഗാഗുൽത്താമലയിലെ തന്റെ സമർപ്പണംവഴി ഞങ്ങളുടെ കടങ്ങൾക്കു പരിഹാരം ചെയ്ത മിശിഹായേ,

ശുശ്രൂഷി: കുരിശിലെ സഹനവേളയിൽ മനുഷ്യവംശത്തിന്റെ രക്ഷയ്ക്കും നവീകരണത്തിനുമായി കയ്യുനീരു രുചിച്ച മിശിഹായേ,

ശുശ്രൂഷി: തന്റെ ആടുകൾക്കായി സ്വയം ബലിയർപ്പിക്കുകയും രക്ത ത്താൽ അവരെ വീണ്ടെടുത്ത് ദുഷ്ടരിൽനിന്നു രക്ഷിക്കുകയും ചെയ്ത നല്ലിടയനും കർത്താവുമായ മിശിഹായേ,

ശുശ്രൂഷി: എല്ലാറ്റിനെയും കൃപാപൂർവം ഭരിക്കുന്ന കാരുണ്യവാനായ ദൈവമേ,

ശുശ്രൂഷി: സ്വർഗവാസികളാൽ സ്തുതിക്കപ്പെടുന്നവനും ഭൂവാസികളാൽ സത്യത്തിലും ആത്മാവിലും ആരാധിക്കപ്പെടുന്നവനുമായ ദൈവമേ,

കാർമ്മി: ഞങ്ങളുടെ രക്ഷകനായ മിശിഹായേ, നിന്റെ സഭയെ വഞ്ചന യിൽനിന്നു രക്ഷിക്കുകയും നിന്റെ ആരാധകരിൽനിന്ന് പാപങ്ങളുടെയും കടങ്ങളുടെയും ഭാരം നീക്കിക്കളയുകയും വിവിധ സഭാസമൂഹങ്ങളിൽ നിന്റെ ദാസർക്ക് സമാധാനവും സന്തോഷവും നല്കുകയും മനുഷ്യവംശ ത്തോടു കരുണ കാണിക്കുകയും ചെയ്യണമേ.

സമൂഹം: ആമ്മേൻ.

രണ്ടാം കാറോസൂസ

ശുശ്രൂഷി: നമ്മുടെ പ്രാർത്ഥനകളും യാചനകളും കേട്ട് കരുണാപൂർവ്വം അവയ്ക്ക് ഉത്തരമരുളുന്നതിനായി സകലത്തിന്റെയും നാഥനായ ദൈവ ത്തോട് വിനയപൂർവം നമുക്കു പ്രാർത്ഥിക്കാം.

സമൂഹം: ആമ്മേൻ. *(താഴെവരുന്ന ഓരോ പ്രാർത്ഥനയ്ക്കും സമൂഹം* ***ആമ്മേൻ*** *ആവർത്തിക്കുന്നു).*

ശുശ്രൂഷി: തന്റെ കൃപാകടാക്ഷത്താൽ പരിശുദ്ധ കത്തോലിക്കാസഭയെ പൂർണ്ണയും സന്തുഷ്ടയുമായി പരിപാലിക്കുന്നതിനുവേണ്ടി സകലത്തി ന്റെയും നാഥനായ ദൈവത്തോട് നമുക്കു പ്രാർത്ഥിക്കാം.

ശുശ്രൂഷി: മേഘസ്തംഭത്തിന്റെ തണലിൽ തിരുസ്സഭയെ സംരക്ഷിക്കുന്ന തിനും വചനത്തിന്റെ പ്രകാശത്താൽ അവളെ തേജോപൂർണ്ണയാക്കുന്ന തിനും സകലത്തിന്റെയും നാഥനായ ദൈവത്തോട് നമുക്ക് പ്രാർത്ഥിക്കാം.

ശുശ്രൂഷി: മോശയെപ്പോലെ നയിക്കുന്നതിനും അഹറോനെപ്പോലെ പുരോഹിതശുശ്രൂഷ ചെയ്യുന്നതിനും പത്രോസിനെപ്പോലെ അജപാലനം നിർവ്വഹിക്കുന്നതിനും സഭ മുഴുവന്റെയും തലവനായ ഞങ്ങളുടെ പരി ശുദ്ധ പിതാവു മാർ ... *(പേര്)* പാപ്പായ്ക്കും, ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച്ബിഷപ്പ് മാർ ... *(പേര്)* മെത്രാപ്പോ

ലീത്തായ്ക്കും, ഞങ്ങളുടെ പിതാവും മേലധ്യക്ഷനുമായ മാർ ... *(പേര്)* മെത്രാനും, ... മെത്രാപ്പോലീത്തായ്ക്കും ... മെത്രാനും മറ്റെല്ലാ മെത്രാന്മാർക്കും അവരുടെ സഹപ്രവർത്തകർക്കുംവേണ്ടി സകലത്തിന്റെയും നാഥനായ ദൈവത്തോട് നമുക്കു പ്രാർത്ഥിക്കാം.

ശുശ്രൂഷി: നമ്മുടെ പിതാക്കന്മാരും ഇടയന്മാരുമായ മെത്രാന്മാർ തങ്ങളുടെ വചനത്താലും പ്രവൃത്തിയാലും അജഗണങ്ങളെ നയിക്കുന്നതിനും ശത്രുക്കളിൽനിന്ന് അവരെ രക്ഷിക്കുന്നതിനുംവേണ്ടി സകലത്തിന്റെയും നാഥനായ ദൈവത്തോട് നമുക്ക് പ്രാർത്ഥിക്കാം.

ശുശ്രൂഷി: സഭാശുശ്രൂഷയിലൂടെ ലോകത്തിന്റെ വിശുദ്ധീകരണത്തിനായി നിയോഗിക്കപ്പെട്ടിരിക്കുന്ന വൈദികർ, ദൈവജനത്തെ സത്യത്തിന്റെ മാർഗ്ഗത്തിലൂടെ നയിച്ച്, അവരെ ലോകത്തിന്റെ പ്രകാശവും ഭൂമിയുടെ ഉപ്പുമാക്കിത്തീർക്കുവാൻ സകലത്തിന്റെയും നാഥനായ ദൈവത്തോടു നമുക്ക് പ്രാർത്ഥിക്കാം.

ശുശ്രൂഷി: സഭയിൽ ശുശ്രൂഷകരായി മുദ്രിതരാക്കപ്പെട്ടിരിക്കുന്ന മ്ശംശാനമാർ, മാലാഖമാരെപ്പോലെ പരിപൂർണ്ണതയോടെ മദ്ബഹായിൽ ശുശ്രൂഷിക്കുന്നതിനും സുവിശേഷ ചൈതന്യത്താൽ നിറഞ്ഞ് നല്ലവനായ ദൈവത്തിന്റെ തിരുവിഷ്ടമനുസരിച്ച് തങ്ങളുടെ കടമകൾ നിർവ്വഹിക്കുന്നതിനും സകലത്തിന്റെയും നാഥനായ ദൈവത്തോട് നമുക്ക് പ്രാർത്ഥിക്കാം.

ശുശ്രൂഷി: സഭാശരീരത്തിന്റെ വളർച്ചയ്ക്കായി നിയോഗിക്കപ്പെട്ടിരിക്കുന്ന ഹെവ്പ്പദയാക്ക്നമാരും കാറോയമാരും അറിവിലും സ്നേഹത്തിലും വളർന്ന് അവരുടെ ശുശ്രൂഷ ഫലപ്രദമായി നിർവ്വഹിക്കുവാനുള്ള അനുഗ്രഹത്തിനായി സകലത്തിന്റെയും നാഥനായ ദൈവത്തോട് നമുക്ക് പ്രാർത്ഥിക്കാം.

ശുശ്രൂഷി: വിശുദ്ധിയുടെ അടയാളവും ദൈവജനത്തിന്റെ സ്വർഗ്ഗോന്മുഖമായ തീർത്ഥാടനത്തിന് മാർഗ്ഗദീപങ്ങളുമായി ഈ ലോകത്തിൽ ജീവിക്കുവാൻ പ്രത്യേകമായി വിളിക്കപ്പെട്ട സമർപ്പിതർ, അവരുടെ ജീവിതം വഴി ദൈവസ്നേഹത്തിന്റെ സാക്ഷികളായി വ്യാപരിക്കാൻ അനുഗ്രഹിക്കണമെന്ന് സകലത്തിന്റെയും നാഥനായ ദൈവത്തോട് നമുക്ക് പ്രാർത്ഥിക്കാം.

ശുശ്രൂഷി: അല്മായർ തിരുക്കുടുംബത്തിന്റെ മാതൃകയിൽ വിശുദ്ധ ജീവിതം നയിച്ച് സഭാമാതാവിന്റെ നല്ലമക്കളായി വളരുവാനും, കുടുംബം സമാധാനത്തിന്റെയും സന്തോഷത്തിന്റെയും ഉറവിടമായിത്തീരുവാനും, കുടുംബ

ങ്ങളിൽനിന്ന് തീക്ഷ്ണതയുള്ള ധാരാളം പ്രേഷിതരുണ്ടാകുവാനും സകലത്തിന്റെയും നാഥനായ ദൈവത്തോട് നമുക്ക് പ്രാർത്ഥിക്കാം.

ശുശ്രൂഷി: ദൈവപുത്രനായ മിശിഹായുടെ മാതാവും ഭാഗ്യവതിയും നിത്യകന്യകയുമായ പരിശുദ്ധ മറിയത്തിൽ ആവസിച്ച അത്യുന്നതന്റെ ശക്തി നമ്മെയും പവിത്രീകരിക്കുന്നതിനും വിശുദ്ധർക്കുള്ള സമ്മാനത്തിന് നാമും അർഹരായിത്തീരുന്നതിനുമായി സകലത്തിന്റെയും നാഥനായ ദൈവത്തോട് നമുക്ക് പ്രാർത്ഥിക്കാം.

ശുശ്രൂഷി: വിശുദ്ധരും പ്രവാചകരും ശ്ലീഹന്മാരും രക്തസാക്ഷികളും വന്ദകരുമായ എല്ലാവരുടെയും മാധ്യസ്ഥ്യം നമുക്കുണ്ടാകുന്നതിനും അവരോടൊത്ത് സ്വർഗ്ഗരാജ്യത്തിൽ നാമും മഹത്ത്വപ്പെടുന്നതിനുമായി സകലത്തിന്റെയും നാഥനായ ദൈവത്തോട് നമുക്ക് പ്രാർത്ഥിക്കാം.

ശുശ്രൂഷി: നമ്മുടെ പരിശുദ്ധ സഭാപിതാക്കന്മാരെയും സത്യ പ്രബോധകരായ മല്പാന്മാരെയും പുരോഹിതന്മാരെയും നമ്മുടെ സമൂഹത്തിലുള്ള വിശുദ്ധരായ എല്ലാവരെയും ദൈവസന്നിധിയിൽ അനുസ്മരിച്ച് അവർ സാക്ഷ്യം വഹിക്കുന്ന സത്യവിശ്വാസം ലോകത്തിൽ നിലനില്ക്കുന്നതിന് സകലത്തിന്റെയും നാഥനായ ദൈവത്തോട് നമുക്ക് പ്രാർത്ഥിക്കാം.

ശുശ്രൂഷി: ഈ ലോകത്തിലെ വിധിയാളന്മാർ സത്യം തിരിച്ചറിയുന്നതിനും പ്രലോഭനങ്ങൾക്കു വഴിപ്പെടാതെയും മുഖം നോക്കാതെയും നീതി നടത്തുന്നതിനും സകലത്തിന്റെയും നാഥനായ ദൈവത്തോട് നമുക്ക് പ്രാർത്ഥിക്കാം.

ശുശ്രൂഷി: ധനികർ സമ്പത്തിലാശ്രയിക്കാതെ ദൈവത്തിലാശ്രയിച്ചുകൊണ്ട് തങ്ങളെ ഭരമേല്പിച്ചിരിക്കുന്ന സമ്പത്ത് ദരിദ്രരുമായി പങ്കുവച്ചു ജീവിക്കുന്നതിനുള്ള സന്മനസ്സ് അവർക്കു നല്കണമെന്ന് സകലത്തിന്റെയും നാഥനായ ദൈവത്തോട് നമുക്ക് പ്രാർത്ഥിക്കാം.

ശുശ്രൂഷി: വിശക്കുന്നവർക്ക് ഭക്ഷണവും പീഡിതർക്ക് ആശ്വാസവും രോഗികൾക്ക് സൗഖ്യവും നിരാലംബർക്ക് ആശ്രയവും ലഭിക്കുന്നതിന് സകലത്തിന്റെയും നാഥനായ ദൈവത്തോട് നമുക്ക് പ്രാർത്ഥിക്കാം.

ശുശ്രൂഷി: ബന്ധിതർ മോചനം പ്രാപിച്ച് ദൈവമക്കളുടെ സ്വാതന്ത്ര്യത്തിൽ വ്യാപരിക്കുന്നതിനുവേണ്ടി സകലത്തിന്റെയും നാഥനായ ദൈവത്തോട് നമുക്കു പ്രാർത്ഥിക്കാം.

ശുശ്രൂഷി: പരിശുദ്ധസഭയുടെ സന്താനങ്ങൾ, പ്രത്യേകിച്ച് നമ്മുടെ ഈ സമൂഹം, ദുഷ്ടാത്രുപിയിൽനിന്നു സംരക്ഷിക്കപ്പെടുന്നതിന് സകലത്തിന്റെയും നാഥനായ ദൈവത്തോട് നമുക്ക് പ്രാർത്ഥിക്കാം.

ശുശ്രൂഷി: നല്ല കാലാവസ്ഥ നിലനില്ക്കുന്നതിനും ഉറവകൾ സമൃദ്ധമായി ജലം പുറപ്പെടുവിക്കുന്നതിനും വൃക്ഷങ്ങളും സസ്യങ്ങളും ഫലമൂലാദികൾ ധാരാളമായി നല്കുന്നതിനും സകലത്തിന്റെയും നാഥനായ ദൈവത്തോട് നമുക്കു പ്രാർത്ഥിക്കാം.

ശുശ്രൂഷി: സകലത്തിന്റെയും നാഥനായ പിതാവും അവിടുത്തെ ഏകജാതനായ കർത്താവീശോമിശിഹായും ജീവിക്കുന്ന പരിശുദ്ധാത്മാവുമായ ത്രിത്വൈകദൈവത്തെ നാം ഏറ്റുപറയുകയും ആരാധിക്കുകയും ചെയ്യുകയുക്തമാകുന്നു. നമ്മുടെ രക്ഷ പൂർത്തിയാക്കിയ അവിടുന്ന് നമ്മെ അനുഗ്രഹിക്കുന്നതിനും അവിടുത്തെ രാജ്യത്തിൽ നാം പങ്കുകാരാകുന്നതിനും സകലത്തിന്റെയും നാഥനായ ദൈവത്തോട് നമുക്കു പ്രാർത്ഥിക്കാം.

സമൂഹം: ആമ്മേൻ.

ശുശ്രൂഷി: നമുക്കെല്ലാവർക്കും എഴുന്നേറ്റുനിന്ന് പ്രാർത്ഥിക്കാം.

മൂന്നാം കാറോസൂസ

(എല്ലാവരും എഴുന്നേറ്റുനില്ക്കുന്നു)

ശുശ്രൂഷി: സമാധാനത്തിന്റെയും അനുഗ്രഹത്തിന്റെയും മാലാഖയെ അയയ്ക്കണമെന്ന് വിനയപൂർവ്വം ഞങ്ങൾ യാചിക്കുന്നു.

സമൂഹം: കർത്താവേ, അങ്ങയോടു ഞങ്ങൾ യാചിക്കുന്നു.

ശുശ്രൂഷി: ഞങ്ങളുടെ ആയുസ്സിലെ എല്ലാ ദിവസവും, രാവും പകലും ഞങ്ങൾക്കു പാപരഹിതമായ ജീവിതവും അങ്ങയുടെ സഭയ്ക്ക് ശാശ്വതമായ സമാധാനവും ഞങ്ങൾ യാചിക്കുന്നു.

ശുശ്രൂഷി: പരിശുദ്ധാത്മാവിന്റെ നിറവിലൂടെ ലഭിക്കുന്ന പരിപൂർണ്ണ സ്നേഹത്തിന്റെ ഐക്യം ഞങ്ങൾ യാചിക്കുന്നു.

ശുശ്രൂഷി: പാപമോചനവും ഞങ്ങളുടെ ജീവിതത്തിന് ആവശ്യമായ ദൈവികദാനങ്ങളും ഞങ്ങൾ യാചിക്കുന്നു.

ശുശ്രൂഷി: നേതാക്കന്മാർക്ക് വിവേകവും ന്യായാധിപന്മാർക്ക് നീതിബോധവും ഭരണാധിപന്മാർക്ക് ആത്മാർത്ഥതയും ലോകത്തിനു സമാധാനവും ഞങ്ങൾ യാചിക്കുന്നു.

ശുശ്രൂഷി: അങ്ങയുടെ അനുഗ്രഹവും കൃപയും എന്നും അങ്ങയുടെ സഭയ്ക്ക് നല്കണമെന്ന് ഞങ്ങൾ യാചിക്കുന്നു.

ശുശ്രൂഷി: നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

സമൂഹം: ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

ശുശ്രൂഷി: നമുക്ക് പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ.

കാർമ്മി: കർത്താവേ, ബലവാനായ ദൈവമേ, അങ്ങ യോടു ഞങ്ങൾ വിനയപൂർവ്വം പ്രാർത്ഥിക്കുന്നു. അങ്ങയുടെ കൃപാവരം ഞങ്ങളിൽ നിറയ്ക്കണമേ. ഞങ്ങളുടെ രക്ഷകനായ ഈശോമിശിഹായുടെ സഹന ജീവിതത്തോടു യോജിച്ചുകൊണ്ട് ക്ലേശങ്ങളും പീഡകളും സന്തോഷത്തോടെ സഹിക്കുന്നതിനും അങ്ങയുടെ ബലിജീവിതം തുടരുന്നതിനും ഞങ്ങളെ ശക്തരാക്കണമേ. യഥാർത്ഥമായ പ്രാർത്ഥനാ ചൈതന്യവും സഹോദരസ്നേഹവും ആത്മ പരിത്യാഗവും പുലർത്തികൊണ്ട് ഞങ്ങളുടെ ജീവിതം മുഴുവൻ ഫലദായകമാക്കുവാൻ ഞങ്ങളെ സഹായിക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

സമൂഹം: ആമ്മേൻ.

ശുശ്രൂഷി: കർത്താവേ, ആശീർവ്വദിക്കണമേ. കൈവയ്പിനായി നമുക്ക് തലകുനിച്ച് ആശീർവ്വാദം സ്വീകരിക്കാം.

കാർമ്മി: സകലത്തെയും ആശീർവ്വദിക്കുന്നവന്റെ അനുഗ്രഹവും സർവ്വരെയും സാന്ത്വനപ്പെടുത്തുന്നവന്റെ സമാശ്വാസവും എല്ലാറ്റിലും കൃപചൊരിയുന്നവന്റെ കാരുണ്യവും നമ്മിലും നമ്മുടെ സമൂഹത്തിലും മനുഷ്യവർഗ്ഗം മുഴുവനിലും ഉണ്ടായിരിക്കട്ടെ. ഇപ്പോഴും എപ്പോഴും എന്നേക്കും.

സമൂഹം: ആമ്മേൻ.

രാജഗീതം [ഐശ്ചികം]

(രീതി: എഴുതീ നരകുല രക്ഷകനാം ...)

ഭൂമിയുടെ അടിസ്ഥാനങ്ങൾ ഇളകിയിരിക്കുന്നു.

നാഥൻ, ദാരുണ രൂപത്തിൽ / സ്ലീവായൊന്നിൽ ആണികളിൽ
മരണമടഞ്ഞതു കണ്ടപ്പോൾ

ഭൂമികുലുങ്ങി വിറച്ചല്ലോ / താരകളിരുളിൽ മാഞ്ഞല്ലോ.
ദേവാലയ തിരശീലയുടൻ / രണ്ടായ് കീറിമുറിഞ്ഞല്ലോ.

ക്രൂശിപ്പവരുടെ യൗദ്ധത്യം / കാൺകെ പാറകൾ പിളരുകയായ്
കല്ലറ വിട്ടുയിരാർന്നവരോ / നാഥനെ വാഴ്ത്തിപ്പാടുകയായ്.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി,
ആദിമുതൽ എന്നേക്കും ആമ്മേൻ.
നാഥൻ, ദാരുണ രൂപത്തിൽ ...

ദിവ്യകാരുണ്യ സ്വീകരണ ശുശ്രൂഷ

(വിശുദ്ധ കുർബാന ചെറിയ അൾത്താരയിൽനിന്ന് ആഘോഷമായി കൊണ്ടുവരുന്നു. എല്ലാവരും മുട്ടുകുത്തുന്നു).

മിശിഹാ കർത്താവേ, മാനവ രക്ഷകനേ
നരനുവി മോചനമേകിടുവാൻ / നരനായ് വന്നു പിറന്നവനേ.
മിശിഹാ ...

മാലാഖമാരൊത്തു ഞങ്ങൾ, പാടിപ്പുകഴ്ത്തുന്നു നിന്നെ - 2
പരിശുദ്ധൻ പരിശുദ്ധൻ, കർത്താവേ നീ പരിശുദ്ധൻ - 2
മിശിഹാ ...

(ധൂപാർപ്പണം)

കാർമ്മി: നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നാമെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ. ഇപ്പോഴും + എപ്പോഴും എന്നേക്കും.

(കർമ്മികൻ തന്റെമേൽ കുരിശടയാളം വരയ്ക്കുന്നു).

സമൂഹം: ആമ്മേൻ.

ശുശ്രൂഷി: നമ്മുടെ രക്ഷകന്റെ അമൂല്യമായ ശരീരരക്തങ്ങളുടെ രഹസ്യങ്ങളെ നമുക്കെല്ലാവർക്കും ഭക്ത്യാദരങ്ങളോടെ സമീപിക്കാം. അനുതാപത്തിൽനിന്നുളവാകുന്ന ശരണത്തോടെ അപരാധങ്ങളിൽനിന്നു പിന്തിരിഞ്ഞു കൊണ്ടും പാപങ്ങളെക്കുറിച്ചു പശ്ചാത്തപിച്ചുകൊണ്ടും സഹോദരങ്ങളുടെ തെറ്റുകൾ ക്ഷമിച്ചുകൊണ്ടും നമുക്കു സകലത്തിന്റെയും നാഥനായ ദൈവത്തോട് കൃപയും പാപമോചനവും യാചിക്കുകയും ചെയ്യാം.

സമൂഹം: കർത്താവേ, അങ്ങയുടെ ദാസരുടെ പാപങ്ങളും അപരാധങ്ങളും ക്ഷമിക്കണമെ.

ശുശ്രൂഷി: ഭിന്നതകളും കലഹങ്ങളും വെടിഞ്ഞ് നമ്മുടെ മനസ്സാക്ഷിയെ ശുദ്ധീകരിക്കാം.

ശുശ്രൂഷി: ശത്രുതയിലും വിദ്വേഷത്തിലുംനിന്നു നമ്മുടെ ആത്മാക്കളെ വിമുക്തമാക്കാം.

ശുശ്രൂഷി: വിശുദ്ധ കുർബാന സ്വീകരിക്കുകയും പരിശുദ്ധാത്മാവിനാൽ പവിത്രീകരിക്കപ്പെടുകയും ചെയ്യാം.

ശുശ്രൂഷി: യോജിപ്പോടും ഐക്യത്തോടുംകൂടെ ദിവ്യരഹസ്യങ്ങളിൽ പങ്കു കൊള്ളാം.

ശുശ്രൂഷി: കർത്താവേ, ഇവ ഞങ്ങളുടെ ശരീരത്തിന്റെ ഉയർപ്പിനും ആത്മാക്കളുടെ രക്ഷക്കും കാരണമാകട്ടെ.

സമൂഹം: നിത്യജീവനും കാരണമാകട്ടെ. എന്നേക്കും, ആമ്മേൻ.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമ്മി: കർത്താവായ ദൈവമേ, അങ്ങയുടെ ദാസരുടെ പാപങ്ങളും അപരാധങ്ങളും കാരുണ്യപൂർവ്വം ക്ഷമിക്കണമേ. മഹോന്നത ദൈവമായ അങ്ങയെ സ്വർഗ്ഗരാജ്യത്തിൽ സകല വിശുദ്ധരോടുമൊന്നിച്ചു സ്തുതിക്കുവാൻ ഞങ്ങളുടെ അധരങ്ങളെ പവിത്രീകരിക്കുകയും ചെയ്യണമേ.

(സമൂഹം എഴുന്നേല്ക്കുന്നു).

കാർമ്മി: കർത്താവായ ദൈവമേ, കാരുണ്യപൂർവ്വം അങ്ങു ഞങ്ങൾക്കു നല്കിയ മനോവിശ്വാസത്തോടുകൂടെ അങ്ങയുടെ സന്നിധിയിൽ എപ്പോഴും നിർമ്മലഹൃദയരും പ്രസന്നവദനരും നിഷ്കളങ്കരുമായി വ്യാപരിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. ഞങ്ങളെല്ലാവരും ഒന്നുചേർന്ന് അങ്ങയെ വിളിച്ച് ഇപ്രകാരം അപേക്ഷിക്കുന്നു.

കാർമ്മി: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, ***(സമൂഹവും ചേർന്ന്)*** അങ്ങയുടെ നാമം പൂജിതമാകണമേ / അങ്ങയുടെ രാജ്യം വരണമേ / അങ്ങയുടെ തിരുമനസ്സു സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ. ഞങ്ങൾക്ക് ആവശ്യകമായ ആഹാരം / ഇന്നു ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതു പോലെ / ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടും ക്ഷമിക്കണമേ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. ദുഷ്ടാത്രുപിയിൽ നിന്നു ഞങ്ങളെ രക്ഷിക്കണമേ. എന്തുകൊണ്ടെന്നാൽ / രാജ്യവും ശക്തിയും മഹത്ത്വവും / എന്നേ ക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

കാർമ്മി: കർത്താവേ, ശക്തനായ സർവ്വേശ്വരാ, നല്ലവനായ ദൈവമേ കൃപാപൂർണ്ണനായ ഞങ്ങളുടെ പിതാവേ അങ്ങയുടെ കാരുണ്യം ഞങ്ങൾ കേണപേക്ഷിക്കുന്നു. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ.

ദുഷ്ടാരൂപിയിൽനിന്നും അവന്റെ സൈന്യങ്ങളിൽനിന്നും ഞങ്ങളെ രക്ഷിക്കണമേ. എന്തുകൊണ്ടെന്നാൽ, സ്വർഗ്ഗത്തിലും ഭൂമിയിലും രാജ്യവും ശക്തിയും പ്രാബല്യവും അധികാരവും അങ്ങയുടേതാകുന്നു. *(സ്വയം ആശീർവ്വദിക്കുന്നു)* ഇപ്പോഴും + എപ്പോഴും എന്നേക്കും.

സമൂഹം: ആമ്മേൻ.

കാർമ്മി: സമാധാനം + നിങ്ങളോടുകൂടെ.

സമൂഹം: അങ്ങയോടും അങ്ങയുടെ ആത്മാവോടുംകൂടെ.

കാർമ്മി: വിശുദ്ധ കുർബാന വിശുദ്ധ ജനത്തിനുള്ളതാകുന്നു.

സമൂഹം: ഏകപിതാവു പരിശുദ്ധനാകുന്നു. ഏകപുത്രൻ പരിശുദ്ധനാകുന്നു. ഏകറൂഹാ പരിശുദ്ധനാകുന്നു. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും എന്നേക്കും സ്തുതി. ആമ്മേൻ.

ശുശ്രൂഷി: ജീവിക്കുന്ന ദൈവത്തെ നിങ്ങൾ പ്രകീർത്തിക്കുവിൻ.

സമൂഹം: സഭയിൽ അവിടുത്തേക്കു സ്തുതിയുണ്ടായിരിക്കട്ടെ. എല്ലാ നിമിഷവും എല്ലാ സമയവും / അവിടുത്തെ കൃപയും കാരുണ്യവും നമ്മുടെമേൽ ഉണ്ടായിരിക്കട്ടെ.

കാർമ്മി: *(തിരുശരീരം കരങ്ങളിൽ എടുത്തുകൊണ്ട്)* കർത്താവായ മിശിഹായേ, ഞാൻ അയോഗ്യനെങ്കിലും നിന്റെ അനുഗ്രഹത്തിന്റെ നിക്ഷേപം ഇതാ എന്റെ കരങ്ങളിൽ. നിന്റെ കാരുണ്യത്താൽ ദാനമായി ഞാൻ സ്വീകരിക്കുന്ന ഭയഭക്തിജനകമായ ഈ രഹസ്യത്തിന്റെ ശക്തിവിശേഷം എന്നിൽ പ്രകടമാക്കണമേ.

(കർമ്മികൻ തിരുശ്ശരീരം ഉൾക്കൊള്ളുന്നു. തുടർന്ന് ജനങ്ങളെ ആശീർവ്വദിച്ചുകൊണ്ട് ചൊല്ലുന്നു).

കാർമ്മി: നമ്മുടെ കർത്താവീശോമിശിഹായുടെ കൃപാവരം അവിടുത്തെ കാരുണ്യത്താൽ നാമെല്ലാവരിലും + സമ്പൂർണ്ണമാകട്ടെ.

സമൂഹം: എപ്പോഴും എന്നേക്കും ആമ്മേൻ.

ശുശ്രൂഷി: സഹോദരരേ സ്വർഗ്ഗരാജ്യത്തിലുള്ള വിശ്വാസത്തോടും പ്രത്യാശയോടുംകൂടെ ഈ ദിവ്യരഹസ്യങ്ങളെ നമുക്ക് സമീപിക്കാം. ഇവ നമ്മുടെ കടങ്ങളുടെ പൊറുതിക്കും നിത്യജീവനും കാരണമാകട്ടെ.

*(**വിശുദ്ധ കുർബാന നല്കുന്നു. അതിനുശേഷം** തുടർന്നുള്ള ഗീതം ആലപിക്കുന്നു).*

ഗീതം

ദൈവസൂനോ, ലോകനാഥാ,
കുരിശിനാൽ മർത്ത്യനെ വീണ്ടെടുത്തു നീ.
നവ്യരാജ്യം ചേർന്നിടുമ്പോൾ
കനിവിയന്നു ഞങ്ങളേയുമോർത്തിടേണമേ.
ദൈവസൂനോ.....

നിൻ പ്രീതിമാത്രം ലക്ഷ്യമാക്കി
നിൻ ദിവ്യമാർഗ്ഗം പിന്തുടർന്നിടാൻ
ആശയോടെ, മോദമോടെ
ഞങ്ങൾ നിൻ വരങ്ങൾ തേടി വന്നിടുന്നു.
ദൈവസൂനോ.....

പാരിലെന്നുമങ്ങേ ശിഷ്യരാകുവാൻ
ദിവ്യദൗത്യമെന്നും ഭുവിനേകുവാൻ
ആശയോടെ, മോദമോടെ
ഞങ്ങൾ നിൻ വരങ്ങൾ തേടി വന്നിടുന്നു.
ദൈവസൂനോ.....

സുവിശേഷ വായന (യോഹന്നാൻ 19:31-42)

(ക്രൂശിത രൂപം താഴെയിറക്കി വെള്ളക്കച്ചകൊണ്ടു പൊതിഞ്ഞ് പ്രദക്ഷിണത്തിനൊരുക്കുന്നു).

കുരിശിന്റെവഴി (പേജ് 222 / ഇംഗ്ലീഷ് 389)

(പതിമൂന്നാം സ്ഥലംവരെ സ്ലീവാപാഥ നടത്തിയശേഷം നഗരികാണിക്കൽ പ്രദക്ഷിണം നടത്തുന്നു. അപ്പോൾ താഴെ കൊടുത്തിരിക്കുന്ന ഗാനങ്ങൾ ആലപിക്കുന്നു).

പ്രദക്ഷിണഗീതം

ഞാനെൻ പിതാവിന്റെ പക്കൽ / പോകുന്നിതാ, യാത്ര ചൊൽവൂ
സ്വർല്ലോകനാഥൻ മൊഴിഞ്ഞു / സന്താപമെങ്ങും നിറഞ്ഞു.
ഞാനെൻ ...

അസ്വസ്ഥരാകേണ്ട നിങ്ങൾ / വിശ്വാസദീപം തെളിപ്പിൻ
ഒട്ടേറെയുണ്ടെൻ പിതാവിൻ / ഗേഹത്തു പൂമന്ദിരങ്ങൾ.
ഞാനെൻ ...

നിങ്ങൾക്കിടം ചെന്നൊരുക്കാൻ / പോകുന്നു ഞാനങ്ങുവിണ്ണിൽ
വീണ്ടും വരും ഞാനൊരിക്കൽ / നിങ്ങളെപ്പൂവിണ്ണിലേറ്റാൻ.
ഞാനെൻ ...

ഞാനാണ് നിങ്ങൾക്കു മാർഗ്ഗം / നേരായ കൈവല്യമാർഗം
ഞാനാണ് നിങ്ങൾക്കു ജീവൻ / ഞാനാണ് നിങ്ങൾക്കു സത്യം.
ഞാനെൻ ...

മറ്റുള്ള മാർഗ്ഗങ്ങളൊന്നും / സ്വർഗ്ഗത്തു ചെന്നെത്തുകില്ല.
ഞാനാണ് നിങ്ങൾക്കു മാർഗ്ഗം / നേരായകൈവല്യമാർഗ്ഗം.
ഞാനെൻ ...

കാണില്ലൊരല്പം കഴിഞ്ഞാൽ / കാണില്ല വീണ്ടെന്നെ ലോകം
നിങ്ങളോ കണ്ടിടും; നമ്മൾ / ജീവിച്ചിരിക്കുന്നുവല്ലോ.
ഞാനെൻ ...

പെട്ടെന്നനാഥരായ് ഭൂവിൽ / നിങ്ങളെ ഞാൻ കൈവിടില്ല.
വീണ്ടും വരുന്നിതാ, വീണ്ടും / നിങ്ങളെക്കാണാൻ വരുന്നു.
ഞാനെൻ ...

നിത്യമെൻ നിർദ്ദേശമെല്ലാം / കൃത്യമായ് കാക്കുന്നു മർത്യൻ
സമ്മോദമെന്നിൽ വിതയ്ക്കും / സംപ്രീതിയെന്നിൽ വളർത്തും.
ഞാനെൻ ...

നല്കുന്നു ഞാൻ നവ്യശാന്തി / പാരിൽക്കരുക്കാത്ത ശാന്തി
നിങ്ങൾക്കു ഞാനേകിടുന്നു / സമ്പൂതമെൻ ദിവ്യശാന്തി.
ഞാനെൻ ...

ഞാനെൻ പിതാവിന്റെ പക്കൽ / പോകുന്നതോർത്തോർത്തു നിങ്ങൾ
കേഴേണ്ട, ചെന്നെൻ പിതാവിൻ / ചേരുന്നതാണെന്റെ മോദം.
ഞാനെൻ ...

എന്നെപ്പിതാവെന്നപോലെ / സ്നേഹിച്ചു നിങ്ങളെ ഞാനും
നിങ്ങളെൻ സൗഭാഗ്യമേറും / സ്നേഹത്തിലെന്നും വസിപ്പിൻ.
ഞാനെൻ ...

നിങ്ങളെ ലോകം വെറുത്താൽ / നിന്ദനം കൊണ്ടേ നിറച്ചാൽ
എന്നെയാണാലോക മാദ്യം / നന്നേ വെറുത്തതെന്നോർക്കിൻ.
ഞാനെൻ ...

അഴലേറിയുൾത്തടം നീറും / പ്രലപിച്ചു കണ്ണുകൾ താഴും
ഒരു നാളിലെല്ലാം നിലയ്ക്കും / പരിശോഭ നിങ്ങൾക്കുദിക്കും
ഞാനെൻ ...

താതനെ വിട്ടു ഞാൻ വന്നു. / ലോകത്തിലേക്കു ഞാൻ വന്നു.
പോകുന്നു ഞാനിതാ വീണ്ടും / താതനിൽ ചെന്നങ്ങു ചേരാൻ.
ഞാനെൻ ...

മറ്റൊരു ഗീതം

(രീതി: വിടവാങ്ങുന്നേൻ....)

ഈശോനാഥൻ ഗാഗുൽത്തായിൽ / കുരിശുമരത്തിൽ മൃത്യു വരിച്ചു
സൃഷ്ടികളഖിലം ശോകമിയന്നു / ഭൂതലമഖിലം ഞെട്ടിവിറച്ചു.

വാനവഗണവും മാനവകുലവും / ദു:ഖിതരായീ വേദനപൂണ്ടു,
മാമല നിരകൾ വിറകൊള്ളുകയായ് / പാറകൾ പൊട്ടിപ്പിളരുകയായീ.

അഖില ജനത്തിൻ രക്ഷകനായീ / അവനിയിലെത്തീ ദൈവിക സൂനു;
അതി നിഷ്കരുണം ആണികളാൽ തൻ /
പാണികളവരാ ക്രൂശിൽ ചേർത്തു.

ഉണരുകവേഗം ആദാമേ, നീ / സുതനുടെ സഹനം ദർശിച്ചാലും.
യൂദജനങ്ങൾ പാപികണക്കേ / പീഡിപ്പിക്കും സുതനെ കാണൂ.

ഉണരുകവേഗം നോഹേ, കുരിശിൽ / മൃത്യുവരിക്കും പരമോന്നതനാം
ദൈവ പിതാവിൻ തിരുസുതനെ നീ / കാണുക മുന്നിൽ വേദനയോടെ.

താതനെ മഹിയിൽ മാനിച്ചവരാം / ശേമേ,യാഫേത്ത് ഉണരുക നിങ്ങൾ
സൂര്യനിരുണ്ടു തിരുനാഥൻ തൻ / മരണം കാണാ നാവാതുടനെ.

വൈദികശ്രേഷ്ഠൻ മെൽക്കിസ്ദേക്കേ /
ഉണരുക, കാണ്ക തിരുസുതനെ നീ
അപ്പം വീഞ്ഞും തിരുമെയ് നിണവും /
തിരുരഹസ്യങ്ങൾ കാണുക നിങ്ങൾ.

ഉണരുക വേഗം അബ്രാഹാമേ, / ദർശിച്ചാലും ദൈവാത്മജനെ
ദർശന മതിൽ നീ കണ്ടുമുന്നം / ക്രൂശിതനായീ തിരുസുതനീ നാൾ.

അജരക്തത്താൽ മോചിതനിസഹാക്ക് /
ഉണരുക വേഗം കാണുക കുരിശിൽ
ദൈവിക കുഞ്ഞാടീശോ മിശിഹാ / മോചനമേകീ തിരുരക്തത്താൽ.

അമ്മനുവേലിൻ ശുശ്രൂഷകരായ് / ഗോവണി കയറും ദൂതന്മാരേ,
മരുഭൂവിൽ നീ ദർശിച്ചല്ലോ / യാക്കോബേ, യിന്നുണരുക വേഗം.

സോദരരാലേ അവഹേളിതനാം / യൗസേപ്പേ, നീയുണരുക മേന്മേൽ
സ്വന്ത ജനത്താൽ അവഹേളിതനാം / രക്ഷകനെ നീ ദർശിച്ചാലും.

അങ്ങതിദൂരെ രക്ഷകനെ ഞാൻ /
കണ്ടെന്നൊരുനാൾ ചൊല്ലിയ യോബേ,
വേഗമെണീറ്റാ കാൽ വരിമലയിൽ / രക്ഷകനെ നീ ദർശിച്ചാലും.

ഉന്നത നിവ്യാ മൂശേ, നീയും / ഉണരുക നേരിൽ ദർശിച്ചാലും
നിവ്യന്മാർതൻ കർത്താവാകും / കുരിശിൽ മൃതനാം മിശിഹായെ നീ.

വേഗമെണീറ്റാ പരമാചാര്യൻ / അഹറോനെ നീ ദർശിച്ചാലും
നിന്നുടെ വയലിൽ കളയായ് തീർന്നു / നിൻ ജനമിന്ന ങ്ങതിദയനീയം.

സുരദീപങ്ങൾ നിശ്ചലമാക്കും / ജോഷ്വായേ നീ ഉണരൂ കാണ്മാൻ
സുതനുടെ മരണം കാണുകിലവയോ / ഇരുളല ചാർത്തും, ശോഭ മറയ്ക്കും.

ഓമനമകളെ ബലിയർപ്പിച്ച / ജഫ് തായേ, നീ ഉണരൂ കാണ്മാൻ
ഗാഗുൽത്തായിൽ സ്വയമൊരു ബലിയായ് /
അർപ്പിതനാകും ദൈവാത്മജനെ.

പരമാചാര്യൻ ശമുവേലേ, നീ / ദർശിച്ചാലും ദുഷ്ടനു സമമായ്
നിത്യാചാര്യൻ ദൈവാത്മജനെ / ആചാര്യന്മാർ ക്രൂശിക്കുന്നു.

കല്ലറ വിട്ടിന്നുണരുക ദാവീദ് / കരുണാമയനെ കീർത്തിച്ചിടുവിൻ.
കിന്നര രാഗം മീട്ടി നിതാന്തം / നാഥനു ഗാനം പാടുക മോദാൽ.

കല്ലറവിട്ടാ മൃതരെഴുന്നേറ്റു / ക്രൂശിത നന്നിശം സ്തുതികൾപാടി
വാനും ധരയും തിരുമൊഴിയാലേ / തീർത്തവനെന്നും കീർത്തനമോതി.

തിരുവസ്ത്രങ്ങൾ ഭാഗംവച്ചു / മേലങ്കിക്കായ് ചിട്ടിയുമിട്ടു;
നായ്ക്കൾക്കൊപ്പം ചുറ്റിവളഞ്ഞു / സിംഹമതെന്നാൽ ശാന്തതയാർന്നു.

വിജ്ഞാനത്തിൻ സാഗരമാകും / ശ്ലേമോൻ രാജാ, എഴുന്നേല്ക്കുക നീ
വിജ്ഞാനത്തിൻ ഉറവിടമാകും / നാഥനെ മൂഢർ നിന്ദിക്കുന്നു.

മൃതരാമിരുവർ ക്കുയിരേകിയൊരാ / നിവ്യായുണരൂ ദർശിക്കാനായ്
മൃതരുടെയിടയിൽ മിശിഹാ വന്നു, / മൃതരെല്ലാരും വേഗമുണർന്നു.

ഉന്നതനാകും ഏശയ്യായേ, / എഴുന്നേറ്റുടനെ ദർശിച്ചാലും
മിശിഹാ രാജൻ ബലിയായ് കുരിശിൽ / ശാന്തതയോലും കുഞ്ഞാടായീ.

ജീവിതസഖിയായ് വേശ്യാസ്ത്രീയെ /
കൈക്കൊണ്ടവനാം ഹോസിയ നിവ്യാ,
നാഥൻ ദൈവം പരിവർജ്ജിതനായ് /
അഭിസാരികയാം സ്വന്ത ജനത്താൽ,

ഉണരുക ജോയേൽ, ദർശിച്ചാലും / ഭൂതലമാകെ ഇരുളു നിറഞ്ഞു:
കാൽവരി മലയിൽ കുരിശിൽ മിശിഹാ / ചോരചൊരിഞ്ഞു മൃത്യു വരിച്ചു.

ആമോസേ, നീ ഉണരുക സ്വയമേ / ദൈവാത്മജനെ ദർശിച്ചീടാൻ
പീലാത്തോസിൻ കല്പന വാങ്ങി / ദുഷ്ട ജനങ്ങൾ ക്രൂശിച്ചവനെ.

ഒബദിയാ നിവ്യാ, ഉണരുക നീയും; /
ഗാഗുൽത്തായിൽ കുരിശിൽ കാണൂ
രക്ഷക നീശോ നരവംശത്തിൻ / രക്ഷയ്ക്കായീ മൃത്യു വരിച്ചു.

യോനാനിവ്യാ എഴുന്നേല്ക്ക നീ / ഉത്ഥാനത്തിൻ സൂചനയേകൂ
മൃതനെപ്പോൽ നീ മൂന്നു ദിനങ്ങൾ / മരുവീ മത്സ്യം തന്നുദരത്തിൽ.

മിക്കാ നിവ്യാ, കണ്ടാലും നീ / വേദന പൂണ്ട മാനവ സുതനെ
നേർവഴി കാട്ടാൻ വന്നോരിടയൻ / യൂദന്മാരാൽ ക്രൂശിതനായി.

നാഹൂം നിവ്യാ, ഉണരുക വേഗം / ശന്തിക്കതിരാം സുതനെക്കാണൂ
എളിയോനവനെ ജനതതിയൊന്നായ് / നിന്ദിതനാക്കി ക്രൂശതിലേറ്റി.

കണ്ടാലും നീ ഹബക്കുക്ക് നിവ്യാ, / രക്ഷകനീശോ തൻ മരണത്തിൽ
തിരുഭവനത്തിൽ നെടുകെ കീറീ / വിരിയീ, മന്നിൽ വിസ്മയ മേറി.

നാഥനോടൊപ്പം വിധി ചെയ്തീടും / പാവന നിവ്യാ, കണ്ടാലും നീ
വിധികർത്താവാം ദൈവാത്മജനെ / വിധി ചെയ്തീടും ഭീകര ദൃശ്യം.

സെഫനിയനിവ്യാ കാണുക, കുരിശാൽ /
രക്ഷിതമാകും തിരുസ്സഭയെ നീ
ജനതതിയൊന്നായ് ചേരുന്നുലകിൽ / നാഥനെയൊന്നായ് വാഴ്ത്തീടുന്നു.

ദൈവികഗേഹം നിർമ്മിപ്പതിനായ് / യത്നിച്ചവനാം ഹഗ്ഗായ് നിവ്യാ
ദിവ്യകവാടം മൂടുംവിരി നീ / കാണുക, രണ്ടായ് കീറിയ കാഴ്ച!

സഖറിയായേ, ദർശിച്ചാലും / നാഥനു വിലയായ് നല്കിയ തുക നീ.
മുപ്പതു വെള്ളിക്കാശു കൊടുത്താ / വാങ്ങുകയായീ കുശവ നിലംതാൻ.

മാലാക്കിയാ എഴുന്നേറ്റുടനെ / ലജ്ജിതരാക്കു ദുഷ്ടജനത്തെ;
ദൈവാത്മജനെ കൊലചെയ്തീടും / നിർമ്മലരവരെന്നുദ്ഘോഷിച്ചു.

പൊട്ടക്കിണറിൽ ബന്ധിതനായോ- / രേറമ്യായേ, എഴുന്നേറ്റാലും
കല്ലറയതിനെ മണവറയാക്കും / മണവാളനെ നീ ദർശിച്ചാലും.

ബോസേ സുതനായ് ബാബേലിൽ നി- / ന്നാഗതനാകും ഏസക്ക്യേലേ,
മേഘത്തേരിൽ കണ്ടൊരു നാഥൻ / മൃത്യുവരിപ്പൂ കുരിശുമരത്തിൽ.

ദൂതൻ വഴിയായ് അമ്മനുവേലിൻ / അറിവിലുയർന്നു ദനിയേൽ നിവ്യാ
കണ്ടാലും നീ ശത്രു ഗണത്താൽ / പീഡിതനവനെ ഗാഗുൽത്തായിൽ.

സഖറിയായേ, യോഹന്നാനേ, / കാണുക നിങ്ങൾ കാൽ വരിമലയിൽ
യാഗവുമതുപോൽ കാഴ്ചയുമായി / ജീവൻ വെടിയും ദൈവിക സുതനെ.

ഉത്ഥാനത്തിൻ പ്രത്യാശയുമായ് / പൂഴിയിൽ മേവും സിദ്ധന്മാരേ,
കാണുക നിങ്ങൾ ഗാഗുൽത്തായിൽ / മൃത്യുവരിക്കും സർവ്വാധിപനെ.

കല്ലറവിട്ടിങ്ങെത്തുക നിങ്ങൾ / പൂർവന്മാരേ, കാണുക മുന്നിൽ
പാപികൾ മദ്ധ്യേ ദുഷ്ടരെയൊരുപോൽ / പാവനരാക്കും മാനവസുതനെ.

ഓറശ്ലേമിൽ കുഴിമാടത്തിൽ / കഴിയും മൃതരേ, ഉണരുക നിങ്ങൾ
മൃതരുടെയിടയിൽ കബറിടമൊന്നിൽ / മരുവീടുന്നു വാനവ നാഥൻ.

എഴുന്നേറ്റാലും മൃതരേ, നിങ്ങൾ / സ്വന്ത ജനത്തിൻ ദുഷ്ടതയിന്മേൽ
വിധി ചെയ്തീടു നാഥനെയവരാ / കുരിശു മരത്തിൽ കൊല ചെയ്തല്ലോ.

ആദിമുതല്ക്കേ മരണം മൂലം / വേർപെട്ടവരേ, ഉണരുക നിങ്ങൾ
പ്രവചനമെല്ലാം നിറവേറ്റുന്നു / ദൈവസുതൻ തൻ തിരുമരണത്തിൽ.

പാപം മൂലം മൃതരായോരേ, / കാണുക നിങ്ങൾ ദൈവാത്മജനെ
തൻ മരണത്താൽ മരണത്തെയും / പാപത്തെയും വിജയിച്ചല്ലോ.

കാണുക മൃതരേ, സുതനുടെ ബലിയിൽ / ഭൂമിപിളർന്നു വിസ്മയ മാർന്നു
തൻ മരണത്താൽ മരണത്തിന്മേൽ / വിജയം നേടീ ദൈവ കുമാരൻ.

സൂര്യനിരുണ്ടു, ചന്ദ്രൻ മങ്ങീ / പാരിടമാകെ കൂരിരുൾ തിങ്ങീ
ഹൃദയാന്ധതയിൽ കഴിയുന്നവരിൽ / ഫലമേകില്ലീ യടയാളങ്ങൾ.

സ്നേഹാർദ്രതയാൽ കർത്താവേ, നീ / മാനവനായീ ധരയിൽ വന്നു
മർത്യഗണത്തിൻ വിധിയേൽക്കുകിലും /
വിജയിച്ചൊടുവിൽ വിധികർത്താവായ്

മിശിഹാനാഥാ, നിൻ തിരുമരണം / പാരിനു ഭാഗ്യം പകരുന്നനിശം
മഹിമയെഴും നിൻ തിരുവുത്ഥാനം / എത്രവിശിഷ്ടം വര സംപുഷ്ടം.

കർത്താവേ, നിൻ ദൈവത്വത്തെ / വാഴ്ത്തുന്നവരിൽ കനിയണമെന്നും
നിൻസ്തുതിപാടും ഞങ്ങളിലെന്നും / നിൻ കൃപ സദയം ചൊരിയണമേ.

രക്ഷകനീശോ മിശിഹാനാഥാ / നിന്നെ നമിക്കും തിരുസ്സഭ തന്നിൽ
ചൊരിയണമേ നിൻ കരുണാവർഷം / കനിവോടവളെ കാത്തീടണമേ.

ഉത്ഥിതനീശോ മിശിഹാ നാഥാ, / നിൻ തിരുനാമം വാഴ്ത്തീടുന്നേൻ
താതനുമതുപോൽ റൂഹായ്ക്കും നൽ / സ്തുതിയുയരട്ടെ എന്നെന്നേക്കും.

പ്രദക്ഷിണത്തിനു ശേഷം കുരിശിന്റെവഴി പതിനാലാം സ്ഥലം മുതൽ ചൊല്ലി പൂർത്തിയാക്കുന്നു. പേജ് 236 / English 398.

കുരിശിന്റെവഴി പൂർത്തിയാക്കിയശേഷം.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമ്മി: *(വചനവേദിയിൽ നിന്നുകൊണ്ട്)* ഞങ്ങളുടെ കർത്താവായ ദൈവമേ, നിന്റെ സമാധാനം ലോകത്തിന്റെ നാനാഭാഗങ്ങളിലും സ്ഥാപിക്കണമേ. നിന്റെ കുരിശുവഴി തിരുസ്സഭയെ ശക്തിപ്പെടുത്തുകയും അവരുടെ സന്താനങ്ങളെ സംരക്ഷിക്കുകയും ചെയ്യണമേ. ഞങ്ങൾ സഭയിൽ നിനക്കു സ്തുതിയും ബഹുമാനവും ആരാധനയും എപ്പോഴും സമർപ്പിക്കുവാൻ ഇടയാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂഹം: ആമ്മേൻ.

പ്രകീർത്തനം

എന്റെ കൈകളും കാലുകളും അവർ തുളച്ചു;
എന്റെ അസ്ഥികളെല്ലാം അവർ എണ്ണി;
അവർ എന്നെ ഉറ്റുനോക്കി.

അവർ എന്റെ വസ്ത്രം പങ്കിട്ടെടുത്തു;
മേലങ്കിക്കുവേണ്ടി അവർ ചിട്ടിയിട്ടു.

കർത്താവേ, എന്നിൽനിന്നകന്നുപോകരുതേ;
എന്റെ സഹായത്തിനു വേഗം വരണമേ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി;
ആദിമുതൽ എന്നേക്കും, ആമ്മേൻ.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ.

സമാപനാശീർവാദം

കാർമ്മി: പിതാവിന്റെ മഹത്ത്വത്തിന്റെ പ്രകാശവും അനാദിയിൽ ജനിച്ചവനും സൃഷ്ടികൾക്കും സമയത്തിനും അതീതനും സമയത്തിന്റെ പൂർണ്ണതയിൽ മനുഷ്യനായി അവതരിച്ചവനും, യോഹന്നാനിൽനിന്ന് മാമ്മോദീസ സ്വീകരിച്ചുകൊണ്ട് തന്റെ പരസ്യജീവിതം ആരംഭിച്ചവനും, അത്ഭുതങ്ങളും അടയാളങ്ങളുംവഴി തന്റെ ദൈവത്വം തെളിയിച്ചവനും, വിജയശ്രീലാളിതനായി ജെറുസലെം പട്ടണത്തിൽ പ്രവേശിച്ചവനും, പീഡകൾ സഹിച്ച് ഇതേ ദിവസം കുരിശിൽ സ്വയം അർപ്പിച്ചവനും, മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ് ഉയിർപ്പിലുള്ള പ്രത്യാശ ഞങ്ങൾക്കു പ്രദാനം ചെയ്തവനുമായ മിശിഹാകർത്താവേ, നിന്നെ ഞങ്ങൾ സ്തുതിച്ചാരാധിക്കുന്നു. സകലത്തിന്റെയും നാഥനും എല്ലാറ്റിന്റെയും പരിപാലകനുമായ നിന്നിൽ ഞങ്ങൾ പ്രത്യാശിക്കുകയും ശരണപ്പെടുകയും ചെയ്യുന്നു. അനുതാപത്തോടെ നിന്റെ തിരുമുമ്പിൽ നില്ക്കുന്ന പാപികളും ബലഹീനരുമായ ഞങ്ങളുടെ പാപങ്ങളും കുറ്റങ്ങളും ക്ഷമിച്ച് നല്ല കള്ളനോടൊപ്പം നിന്റെ രാജ്യത്തിന് ഞങ്ങളെയും അർഹരാക്കണമേ. നിന്റെ വിശുദ്ധ കുരിശിന്റെ ശക്തിയാൽ രഹസ്യവും പരസ്യവുമായ എല്ലാ വിപത്തികളിലും നിന്ന് ഞങ്ങളെ രക്ഷിക്കുകയും ചെയ്യണമേ. ഇപ്പോഴും എപ്പോഴും + എന്നേക്കും.

സമൂഹം: ആമ്മേൻ.

(രൂപം ചുംബനത്തിനു തയ്യാറാക്കുമ്പോൾ)

സ്ലീവവണക്കഗീതം

നാഥനിലെന്നും നമ്മുടെ ഹൃദയം ആനന്ദിച്ചീടും
സ്ലീവാ നമ്മൾക്കെന്നും നന്മകൾതന്നുറവിടമാം
രക്ഷിതമായതുവഴിയായ് മർത്യഗണം കർത്താവേ,
കുരിശതു ഞങ്ങൾക്കെന്നും ശക്തിയെഴും കോട്ടയുമാം
ദുഷ്ടനെയുമവൻകെണികളെയുമതുവഴി നാം തോല്പിച്ചീടട്ടെ.

ശരണം ഞങ്ങൾ തേടീടുന്നു തിരുനാമത്തിൽ.
സ്ലീവാ നമ്മൾക്കെന്നും ...

സർവ്വരുമൊന്നായ് പാടീടട്ടെ ആമ്മേനാമ്മേൻ.
സ്ലീവാ നമ്മൾക്കെന്നും ...

*(കാർമ്മികനും സമൂഹവും **രൂപം ചുംബിക്കുന്നു.** കയ്യുനീർ നല്കുന്നു. ചുബനസമയത്ത് ഗാനം ആലപിക്കുന്നു).*

ഗീതം

ഗാഗുൽത്താമലയിൽനിന്നും / വിലാപത്തിൻ മാറ്റൊലി കേൾപ്പൂ
ഏവമെന്നെ ക്രൂശിലേറ്റുവാൻ / അപരാധമെന്തു ഞാൻ ചെയ്തു?
ഗാഗുൽത്താ ...

മുന്തിരി ഞാൻ നട്ടു നിങ്ങൾക്കായ് / മുന്തിരിച്ചാറൊരുക്കിവച്ചു
എങ്കിലുമീ കയ്പുനീരല്ലേ / ദാഹശാന്തിക്കെനിക്കു നല്കി?
ഗാഗുൽത്താ ...

രാജചെങ്കോലേകി വാഴിപ്പൂ / നിങ്ങളെ ഞാനെത്ര മാനിച്ചു
എൻ ശിരസ്സിൽ മുൾമുടി ചാർത്തി / നിങ്ങളിന്നെൻ ചെന്നിണം തുകി.
ഗാഗുൽത്താ ...

നിങ്ങളെ ഞാനുയർത്താൻ വന്നു / ക്രൂശിലെന്നെ തറച്ചു നിങ്ങൾ
മോക്ഷവാതിൽ തുറക്കാൻ വന്നു / ശിക്ഷയായെൻ കൈകൾ ബന്ധിച്ചു.
ഗാഗുൽത്താ ...

കുരിശേ മനോജ്ഞ വൃക്ഷമേ, / നിൻസുമങ്ങളെത്ര മോഹനം!
നിൻ ദളങ്ങളാശ വീശുന്നു / നിൻ ഫലങ്ങൾ ജീവനേകുന്നു!
ഗാഗുൽത്താ ...

കുരിശിന്മേലാണി കണ്ടു ഞാൻ / ഭീകരമാം മുള്ളുകൾ കണ്ടു!
വികാരങ്ങൾ കുന്നു കൂടുന്നു, / കണ്ണുനീരിൻ ചാലുവീഴുന്നു!
ഗാഗുൽത്താ ...

മരത്താലേ വന്ന പാപങ്ങൾ / മരത്താലേ മായ്ക്കുവാനായി
മരത്തിന്മേലാർത്തനായ് തൂങ്ങി / മരിക്കുന്നു രക്ഷകൻ ദൈവം.
ഗാഗുൽത്താ ...

വിജയപ്പൊൻകൊടി പാറുന്നു / വിശുദ്ധിതൻ വെണ്മ വീശുന്നു
കുരിശേ, നിൻ ദിവ്യപാദങ്ങൾ / നമിക്കുന്നു സാദരം ഞങ്ങൾ.
ഗാഗുൽത്താ ...

(ചുംബനത്തിനുശേഷം ക്രൂശിതരൂപം ബലിപീഠത്തിൽ കിടത്തി ധൂപിക്കുന്നു).

-oOo-

പുത്തൻപാന: പന്ത്രണ്ടാം പാദം

ദൈവമാതാവിന്റെ വ്യാകുല പ്രലാപം

അമ്മ കന്യാമണിതന്റെ നിർമ്മലദുഃഖങ്ങളിപ്പോൾ
നന്മയാലെ മനസ്സിറ്റു കേട്ടുകൊണ്ടാലും
ദുഃഖമൊക്കെപ്പെറവാനോ, വാക്കുപോരാ മാനുഷർക്ക്
ഉൾക്കനെ ചിന്തിച്ചുകൊൾവാൻ ബുദ്ധിയും പോരാ,
എന്മനോവാക്കിൻവശമ്പോൽ പറഞ്ഞാലൊക്കയുമില്ല
അമ്മകന്നി തുണയെങ്കിൽ പറയാമല്പം
സർവ്വമാനുഷർക്കുവന്ന സർവ്വദോഷത്തരത്തിനായ്
സർവ്വനാഥൻ മിശിഹായും മരിച്ചശേഷം
സർവനന്മക്കടലോന്റെ, സർവ്വപങ്കപ്പാടുകണ്ട
സർവ്വദുഃഖം നിറഞ്ഞമ്മാ പുത്രനെ നോക്കി
കുന്തമമ്പ് വെടി ചങ്കിൽക്കൊണ്ടപോലെ മനംവാടി
തൻ തിരുക്കാൽ കരങ്ങളും തളർന്നു പാരം
ചിന്തമെന്തു കണ്ണിൽനിന്നു ചിന്തിവീഴും കണ്ണുനീരാൽ
എന്തുചൊല്ലാവതു ദുഃഖം പറഞ്ഞാലൊക്കാ
അന്തമറ്റ സർവ്വനാഥൻ തൻതിരുക്കല്പനയോർത്തു
ചിന്തയൊട്ടങ്ങുറപ്പിച്ചു തുടങ്ങി ദുഃഖം
എൻ മകനേ! നിർമ്മലനേ! നന്മയെങ്ങും നിറഞ്ഞോനെ
ജന്മദോഷത്തിന്റെ ഭാരമൊഴിച്ചോ പുത്ര!
പണ്ടുമുന്നോർ കടംകൊണ്ടു, കൂട്ടിയതു വീട്ടുവാനായ്
ആണ്ടവൻ നീ മകനായി പിറന്നോ പുത്ര!
ആദമാദി നരവർഗ്ഗം ഭീതികൂടാതെ പിഴച്ചു
ഹേതുവിനുത്തരം നീ ചെയ്തിതോ പുത്ര!
നന്നുനന്നു നരരക്ഷ നന്നിയത്രേ ചെയ്തതു നീ
ഇന്നിവ ഞാൻ കാണുമാറു വിധിച്ചോ പുത്ര!
മുന്നമേ ഞാൻ മരിച്ചിട്ടു പിന്നെ ചെയ്തിവയെങ്കിൽ
വന്നിതയ്യേ, മുന്നമേ നീ മരിച്ചോ പുത്ര!
വാർത്തമുമ്പേയറിയിച്ചു യാത്ര നീയെന്നോടു ചൊല്ലി
ഗാത്രദത്തം മാനുഷർക്കു കൊടുത്തോ പുത്ര!
മാനുഷർക്ക് നിൻപിതാവു മനോഗുണം നൽകുവാനായ്
മനോസാദ്ധ്യമപേക്ഷിച്ചു കേണിതോ പുത്ര!
ചിന്തയുറ്റങ്ങുപേക്ഷിച്ചു ചിന്തവെന്ത സംഭ്രമത്താൽ

ചിന്തി ചോരവിയർത്തു നീ കുളിച്ചോ പുത്ര!
വിണ്ണിലോട്ടുനോക്കി നിന്റെ കണ്ണിലും നീ ചോരചിന്തി
മണ്ണുകൂടെ ചോരയാലെ നനച്ചോ പുത്ര!
ഭൂമിദോഷ വലഞ്ഞാറെ സ്വാമി നിന്റെ ചോരയാലെ
ഭൂമിതന്റെ ശാപവും നീയൊഴിച്ചോ പുത്ര!
ഇങ്ങനെ നീ മാനുഷർക്ക് മംഗലം വരുത്തുവാനായ്
തിങ്ങിന സന്താപമോടു ശ്രമിച്ചോ പുത്ര!
വേല നീയിങ്ങനെ ചെയ്തു കൂലി സമ്മാനപ്പതിനായ്
കാലമേ പാപികൾ നിന്നെ വളഞ്ഞോ പുത്ര!
ഒത്തപോലെ ഒറ്റി കള്ളൻ മുത്തി നിന്നെ കാട്ടിയപ്പോൾ
ഉത്തമനാം നിന്നെ നീചർ പിടിച്ചോ പുത്ര!
എത്രനാളായ് നീയവനെ, വളർത്തുപാലിച്ച നീചൻ
ശത്രുകയ്യിൽ വിറ്റു നിന്നെ കൊടുത്തോ പുത്ര!
നീചനിത്ര കാശിനാശയറിഞ്ഞെങ്കിലിരന്നിട്ടും
കാശു നൽകായിരുന്നയ്യോ ചതിച്ചോ പുത്ര!
ചോരനെപ്പോലെ പിടിച്ചു, ക്രൂരമോടെ കരംകെട്ടി
ധീരതയോടവർ നിന്നെയടിച്ചോ പുത്ര!
പിന്നെ ഹന്നാൻ തന്റെ മുൻപിൽ വെച്ചു നിന്റെ കവിളിന്മേൽ
മന്നിലേയ്ക്കു നീചപാപിയടിച്ചോ പുത്ര!
പിന്നെ ന്യായം വിധിപ്പാനായ് ചെന്നു കയ്യേപ്പാടെ മുമ്പിൽ
നിന്ദചെയ്തു നിന്നെ നീചൻ വിധിച്ചോ പുത്ര!
സർവരേയും വിധിക്കുന്ന സർവ്വസൃഷ്ടി സ്ഥിതി നാഥാ
സർവ്വനീചനവൻ നിന്നെ വിധിച്ചോ പുത്ര!
കാരണം കൂടാതെ നിന്നെ കൊലചെയ്യാൻ വൈരിവൃന്ദം
കാരിയക്കാരുടെ പക്കൽ കൊടുത്തോ പുത്രാ!
പിന്നെ ഹെറോദേസുപക്കൽ, നിന്നെയവർ കൊണ്ടുചെന്നു
നിന്ദചെയ്തു പരിഹസിച്ചയച്ചോ പുത്രാ!
പിന്നെയധികാരി പക്കൽ നിന്നെയവൻ കൊണ്ടുചെന്നു
നിന്നെയാക്ഷേപിച്ചു കുറ്റം പറഞ്ഞോ പുത്രാ!
എങ്കിലും നീയൊരുത്തർക്കും സങ്കടം ചെയ്തില്ല ന്യൂനം
നിങ്കലിത്ര വൈരമിവർക്കെന്തിതു പുത്രാ!
പ്രാണനുള്ളോനെന്നു ചിത്തേ സ്മരിക്കാതെ വൈരമോടെ
തൃണതന്മേൽ കെട്ടി നിന്നെയടിച്ചോ പുത്രാ!
ആളുമാറിയടിച്ചയ്യോ ധൂളി നിന്റെ ദേഹമെല്ലാം
ചീളുപെട്ടു മുറിഞ്ഞു നീ വലഞ്ഞോ പുത്രാ!

ഉള്ളിലുള്ള വൈരമോടെ, യൂദർ തന്റെ തലയിന്മേൽ
മുള്ളുകൊണ്ടു മുടിവെച്ചു തറച്ചോ പുത്രാ!
തലയെല്ലാം മുറിഞ്ഞയ്യോ ഒലിക്കുന്ന ചോരകണ്ടാൽ
അലസിയെന്നുള്ളിലെന്തു പറവൂ പുത്രാ!
തലതൊട്ടങ്ങടിയോളം തൊലിയില്ല മുറിവയ്യോ!
പുലിപോലെ നിന്റെ ദേഹം മുറിച്ചോ പുത്ര!
നിൻ തിരുമേനിയിൽ ചോര, കുടിപ്പാനാവൈരികൾക്കു
എന്തുകൊണ്ടു ദാഹമിത്ര വളർന്നു പുത്ര!
നിൻ തിരുമുഖത്തു തുപ്പി നിന്ദചെയ്തു തൊഴുതയ്യോ!
ജന്തുവോടിങ്ങനെ കഷ്ടം ചെയ്യുമോ പുത്രാ!
നിന്ദവാക്കു പരിഹാസം പല പല ദുഷികളും
നിന്നെയാക്ഷേപിച്ചു ഭാക്ഷിച്ചെന്തിതു പുത്ര?
ബലഹീനനായ നിന്നെ വലിയൊരു കുരിശതു
ബലം ചെയ്തിട്ടെടുപ്പിച്ച് നടത്തി പുത്ര!
തല്ലി, നുള്ളി, യടിച്ചുന്തി, തൊഴിച്ചു വീഴിച്ചിഴച്ചു
അല്ലലേറ്റം വരുത്തി നീ വലഞ്ഞോ പുത്ര!
ചത്തുപോയമൃഗം ശ്വാക്കളെത്തിയങ്ങു പടിക്കുമ്പോൽ
കുത്തിനിന്റെ പുണ്ണിലും പുണ്ണാക്കിയോ പുത്ര!
ദുഷ്ടരെന്നാകിലും കണ്ടാൽ മനംപൊട്ടും മാനുഷർക്കു
ഒട്ടുമേയില്ലനുഗ്രഹമിവർക്കു പുത്ര!
ഈയതിക്രമങ്ങൾ ചെയ്യാൻ നീയവരോടെന്തുചെയ്തു
നീയനന്ത ദയയല്ലോ ചെയ്തതു പുത്ര!
ഈ മഹാപാപികൾചെയ്ത ഈ മഹാനിഷ്ഠുരകൃത്യം
നീ മഹാകാരുണ്യമോടു ക്ഷമിച്ചോ പുത്ര!
ഭൂമിമാനുഷർക്കുവന്ന ഭീമഹാദോഷം പൊറുപ്പാൻ
ഭൂമിയേക്കാൾ ക്ഷമിച്ചു നീ സഹിച്ചോ പുത്ര!
ക്രൂരമായ ശിക്ഷചെയ്തു പരിഹസിച്ചവർ നിന്നെ
ജരൂസലം നഗർനീളെ നടത്തി പുത്ര!
വലഞ്ഞുവീണെഴുന്നേറ്റു കുലമരം ചുമന്നയ്യോ
കുലമലമുകളിൽ നീയണിഞ്ഞോ പുത്ര!
ചോരയാൽ നിൻ ശരീരത്തിൽ പറ്റിയ കുപ്പായമപ്പോൾ
ക്രൂരമോടെ വലിച്ചവർ പറിച്ചോ പുത്ര!
ആണിയിൻമേൽ തൂങ്ങി നിന്റെ ഞരമ്പെല്ലാം വലിയുന്ന
പ്രാണവേദനാസകലം സഹിച്ചോ പുത്ര!
ആണികൊണ്ടു നിന്റെ ദേഹം തുളച്ചതിൻ കഷ്ടമയ്യോ

നാണക്കേടു പറഞ്ഞതിനാളവോ പുത്ര!
വൈരികൾക്കു മാനസത്തിലെന്മകനെക്കുറിച്ചയ്യോ
ഒരു ദയ ഒരിക്കലുമിലയോ പുത്ര!
അരിയ കേസരികളെ നിങ്ങൾപോയ ഞായറിലെൻ
തിരുമകൻ മുന്നിൽവന്നാചരിച്ചു പുത്ര!
അരികത്തു നിന്നു നിങ്ങൾ സ്തുതിച്ചോശാനയും ചൊല്ലി
പരിചിൽ കൊണ്ടാടിയാരാധിച്ചുമേ, പുത്ര!
ഓമനയേറുന്ന നിന്റെ തിരുമുഖ ഭംഗി കണ്ടാൽ
ഈ മഹാപാപികൾക്കിതു തോന്നുമോ പുത്രാ!
ഉണ്ണി നിന്റെ തിരുമുഖം തിരുമേനി ഭംഗികണ്ടാൽ
കണ്ണിനാനന്ദവും ഭാഗ്യസുഖമേ പുത്രാ!
കണ്ണിനാനന്ദകരനാ; മുണ്ണി നിന്റെ തിരുമേനി
മണ്ണുവെട്ടിക്കിളക്കുംപോൽ മുറിച്ചോ പുത്രാ!
കണ്ണുപോയ കൂട്ടമയ്യോ, ദണ്ഡമെറ്റം ചെയ്തുചെയ്തു
പുണ്ണുപോലെ നിന്റെ ദേഹം ചമച്ചോ പുത്ര!
അടിയൊടുമുടിദേഹം കടുകിടയിടയില്ല
കഠിനമായ് മുറിച്ചയ്യോ വലഞ്ഞോ പുത്രാ!
നിന്റെ ചങ്കിൽ ചവളത്താൽ കൊണ്ടകുത്തുടൻ വേലസു-
യെന്റെ നെഞ്ചിൽ കൊണ്ടു ചങ്കുപിളർന്നോ പുത്ര!
മാനുഷന്റെ മരണത്തെക്കൊണ്ടു നിന്റെ മരണത്താൽ
മാനുഷർക്ക് മാനഹാനിയൊഴിച്ചോ പുത്ര!
സൂര്യനുംപോയ് മറഞ്ഞയ്യോ! ഇരുട്ടായി ഉച്ചനേരം
വീര്യവാനെ നീ മരിച്ച ഭീതിയോ പുത്ര!
ഭൂമിയിൽ നിന്നേറിയൊരു ശവങ്ങളും പുറപ്പെട്ടു
പ്രാണനുള്ളോർക്കില്ല ദുഃഖമെന്തിതു പുത്ര!
കല്ലുകളും മരങ്ങളും പൊട്ടി നാദം മുഴങ്ങീട്ടു
അല്ലലോടു ദുഃഖമെന്തു പറവൂ പുത്രാ!
കല്ലിനേക്കാളുറപ്പേറും യൂദർ തന്റെമനസ്സയ്യോ
തെല്ലുകൂടെയലിവില്ലാതെന്തിതു പുത്രാ!
സർവ്വലോകനാഥനായ നിന്മരണം കണ്ടനേരം
സർവദുഃഖം മഹാദുഃഖം സർവ്വതും ദുഃഖം
സർവ്വദുഃഖക്കടലിന്റെ നടുവിൽ ഞാൻ വീണ്ടുതാണു
സർവ്വസന്താപങ്ങളെന്തു പറവൂ പുത്ര!
നിന്മരണത്തോടുകൂടെയെന്നെയും നീ മരിപ്പിക്കിൽ
ഇമ്മഹാദുഃഖങ്ങളൊട്ടു തണുക്കും പുത്ര!

നിന്മനസ്സിന്നിഷ്ടമെല്ലാം സമ്മതിപ്പാനുറച്ചു ഞാൻ
എന്മനസ്സിൽ തണുപ്പില്ല നിർമ്മല പുത്ര!
വൈരികൾക്കു മാനസത്തിൽ വൈരമില്ലാതില്ലയേതും
വൈരഹീന പ്രിയമല്ലോ നിനക്കു പുത്ര!
നിൻചരണചോരയാദം തൻശിരസ്സിലൊഴുകിച്ചു
വൻചതിയാൽ വന്നദോഷമൊഴിച്ചോ പുത്ര!
മരത്താലെ വന്നദോഷം മരത്താലെയൊഴിപ്പാനായ്
നാരികയ്യാൽ ഫലം തിന്നു നരന്മാർക്കു വന്നദോഷം
നാരിയാം മേ ഫലമായ് നീയൊഴിച്ചോ പുത്ര!
ചങ്കിലും ഞങ്ങളെയങ്ങു ചേർത്തുകൊൾവാൻ പ്രിയം നിന്റെ
ചങ്കുകൂടെ മാനുഷർക്കു തുറന്നോ പുത്ര!
ഉള്ളിലേതും ചതിവില്ലാതുള്ളകുറെന്നറിയിപ്പാൻ
ഉള്ളുകൂടെ തുറന്നു നീ കാട്ടിയോ പുത്ര!
ആദിദോഷം കൊണ്ടടച്ച സ്വർഗ്ഗവാതിൽ തുറന്നു നീ
ആദിനാഥാ! മോക്ഷവഴി തെളിച്ചോ പുത്ര!
മുമ്പുകൊണ്ട കടമെല്ലാം വീട്ടിമേലിൽ വീട്ടുവാനായ്
അൻപിനോടു ധനം നേടി വച്ചിതോ പുത്ര?
പള്ളിതന്റെയുള്ളകത്തു വെച്ചനിന്റെ ധനമെല്ലാം
കള്ളരില്ലാതുറപ്പുള്ള സ്ഥലത്തു പുത്ര!
പള്ളിയകത്തുള്ളവർക്ക് വലയുമ്പോൾ കൊടുപ്പാനായ്
പള്ളിയറക്കാരനെയും വിധിച്ചോ പുത്ര!
ഇങ്ങനെ മാനുഷർക്കു നീ മംഗലലാഭം വരുത്തി
തിങ്ങിന താപം ക്ഷമിച്ചു മരിച്ചോ പുത്ര!
അമ്മകന്നി നിന്റെ ദുഃഖം പാടിവന്ദിച്ചപേക്ഷിച്ചു
എന്മനോതാപം കളഞ്ഞു തെളികതായേ!
നിന്മകന്റെ ചോരയാലെയെൻമനോദോഷം കഴുകി
വെൺമനൽകീടണമെന്നിൽ നിർമ്മല തായേ!
നിന്മകന്റെ മരണത്താലെന്റെയാത്മമരണത്തെ
നിർമ്മലാംഗി നീക്കി നീ കൈതുക്കുക തായേ!
നിന്മകങ്കലണച്ചെന്നെ നിർമ്മലമോക്ഷം നിറച്ച്
അമ്മ നീ മല്പിതാവീശോ ഭവിക്ക തസ്മാൽ

(പന്ത്രണ്ടാം പാദം സമാപ്തം)

വലിയ ശനി

(കാർമ്മികനും ശുശ്രൂഷികളും സഹായികളും ക്രമപ്രകാരമുള്ള തിരുവസ്ത്രങ്ങൾ ധരിച്ച്, കുർബാനക്രമത്തിൽ നിർദ്ദേശിച്ചിരിക്കുന്നതനുസരിച്ച് പ്രദക്ഷിണമായി വചനവേദിയിൽ വന്നുനില്ക്കുന്നു).

സ്നേഹത്തിന്റെ കല്പന (യോഹ. 13:34-35)

കാർമ്മി:
അന്നാ പെസഹാത്തിരുനാളിൽ / കർത്താവരുളിയ കല്പനപോൽ
തിരുനാമത്തിൽച്ചേർന്നീടാം / ഒരുമയോടീ ബലിയർപ്പിക്കാം.

സമൂഹം: അനുരഞ്ജിതരായ് തീർന്നീടാം / നവമൊരു പീഠമൊരുക്കീടാം
ഗുരുവിൻ സ്നേഹമൊടീയാഗം / തിരുമുമ്പാകെയണച്ചീടാം.

മാലാഖമാരുടെ കീർത്തനം (ലൂക്കാ 2:14)

കാർമ്മി: അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

സമൂഹം: ആമ്മേൻ.

കാർമ്മി: ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും.

സമൂഹം: ആമ്മേൻ.

(പകരം ഗാനം)

കാർമ്മി: അത്യുന്നതമാം സ്വർല്ലോകത്തിൽ, സർവ്വേശനു സ്തുതിഗീതം.*(3)*

സമൂഹം: ഭൂമിയിലെങ്ങും മർത്യനു ശാന്തി, പ്രത്യാശയുമെന്നേക്കും. (3)

കാർമ്മി: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ***(സമൂഹവും ചേർന്ന്)*** അങ്ങയുടെ നാമം പൂജിതമാകണമെ / അങ്ങയുടെ രാജ്യം വരണമെ / അങ്ങയുടെ തിരുമനസ്സു സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമെ. ഞങ്ങൾക്കു ആവശ്യകമായ ആഹാരം / ഇന്നു ഞങ്ങൾക്കു തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ, ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതെ. ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമെ. എന്തുകൊണ്ടെന്നാൽ /രാജ്യവും ശക്തിയും മഹത്വവും എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ / അങ്ങയുടെ മഹത്വത്താൽ സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു / മാലാഖമാരും മനുഷ്യരും അങ്ങു പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്ന് ഉൽഘോഷിക്കുന്നു.

പകരം ഗാനം

കാർമ്മി: സ്വർഗ്ഗസ്ഥിതനാം താതാ നിൻ, നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ, പരിശുദ്ധൻ നീ പരിശുദ്ധൻ.

സമൂഹം: *(രണ്ടു ഗണമായി തുടരുന്നു).*
സ്വർഗ്ഗസ്ഥിതനാം താതാനിൻ, സ്തുതിതൻനിസ്തുല-മഹിമാവാൽ
ഭൂസ്വർഗ്ഗങ്ങൾ നിറഞ്ഞു സദാ, പാവനമായി വിളങ്ങുന്നു.

വാനവമാനവവൃന്ദങ്ങൾ, ഉദ്ഘോഷിപ്പൂ സാമോദം
പരിശുദ്ധൻ നീ എന്നെന്നും, പരിശുദ്ധൻ നീ പരിശുദ്ധൻ.

സ്വർഗ്ഗസ്ഥിതനാം താതാ നിൻ, നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ, നിൻ ഹിതമിവിടെ ഭവിക്കണമെ.

സ്വർഗ്ഗത്തെന്നതുപോലുലകിൽ, നിൻ ചിത്തം നിറവേറണമേ
ആവശ്യകമാ മാഹാരം, ഞങ്ങൾക്കിന്നരുളീടണമേ.

ഞങ്ങൾ കടങ്ങൾ പൊറുത്തതുപോൽ, ഞങ്ങൾക്കുള്ള കടം സകലം
പാപത്തിൻ കട ബാദ്ധ്യതയും, അങ്ങു കനിഞ്ഞു പൊറുക്കണമേ.

ഞങ്ങൾ പരീക്ഷയിലൊരുനാളും, ഉൾപ്പെടുവാനിടയാകരുതേ
ദുഷ്ടാത്രുപിയിൽ നിന്നെന്നും, ഞങ്ങളെ രക്ഷിച്ചരുളണമേ.

എന്തെന്നാലെന്നാളേക്കും, രാജ്യം ശക്തിമഹത്വങ്ങൾ
താവകമല്ലോ കർത്താവേ, ആമ്മേനാമ്മേനെന്നേക്കും.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ.

കാർമ്മി: അത്ഭുതകരമായ ഉത്ഥാനത്താൽ ലോകത്തെ ആനന്ദിപ്പിച്ച കരുണാനിധിയായ മിശിഹായെ നിന്നെ ഞങ്ങൾ ആരാധിക്കുന്നു. മാമ്മോദീസായിലൂടെ പുതുജന്മം നല്കുകയും പാപമോചനത്തിലൂടെ ഞങ്ങളെ അനുരഞ്ജിപ്പിക്കുകയും ചെയ്ത നിന്റെ അനന്തമായ സ്നേഹത്തിനു ഞങ്ങൾ നന്ദി പറയുന്നു. വിശ്വാസത്തിലും പ്രത്യാശയിലും സ്നേഹത്തിലും വളരുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. നിന്റെ മരണത്തിന്റെയും സംസ്കാരത്തിന്റെയും ഉത്ഥാനത്തിന്റെയും ഓർമ്മ ആചരിക്കുന്ന ഞങ്ങളെ നിന്റെ ഉയിർപ്പിന്റെ മഹത്ത്വത്താൽ ധന്യരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂഹം: ആമ്മേൻ.

സങ്കീർത്തനമാല

ദൈവമേ, ഞങ്ങളുടെ പിതാക്കന്മാർ / അങ്ങയിൽ ശരണപ്പെട്ടു;
അങ്ങ് അവരെ രക്ഷിക്കുകയും ചെയ്തു.

തന്റെ ഭവത്തിൽ വസിക്കുന്നവരുടെ / സംരക്ഷകനായ കർത്താവിൽ
നമുക്ക് പ്രത്യാശയർപ്പിക്കാം.

ദൈവമേ, ഞങ്ങളുടെ പിതാക്കന്മാർ / അങ്ങയിൽ ശരണപ്പെട്ടു;
അങ്ങ് അവരെ സംരക്ഷിക്കുകയും ചെയ്തു.

അങ്ങയെ വിളിച്ചപേക്ഷിച്ചതിനാൽ / അവരെല്ലാവരും രക്ഷപ്രാപിച്ചു.

അങ്ങയിൽ ആശ്രയിച്ചതിനാൽ / അവർക്കു ലജ്ജിക്കാനിടയില്ല.

കർത്താവ് എന്റെ ഇടയനാകുന്നു; / എനിക്ക് ഒന്നിനും മുട്ടുണ്ടാവുകയില്ല.

സമൃദ്ധമായ പുൽത്തകിടികളിൽ / അവിടുന്ന് എന്നെ മേയിക്കും;
പ്രശാന്തമായ ജലാശയത്തിലേയ്ക്ക് / അവിടുന്ന് എന്നെ നയിക്കും.

അവിടുന്ന് എന്നെ ബലപ്പെടുത്തുകയും / തന്റെ നാമത്തിനു ചേർന്നവിധം
നേർവഴിക്ക് എന്നെ നയിക്കുകയും ചെയ്യും.

അങ്ങുന്ന് എന്റെ കൂടെയുള്ളതിനാൽ
മരണത്തിന്റെ താഴ്വരയിൽക്കൂടി നടക്കാനും / ഞാൻ ഭയപ്പെടുകയില്ല.

ഭൂമിയും അതിലെ വസ്തുക്കളും / രാജ്യങ്ങളും അവയിലെ ജനങ്ങളും
കർത്താവിന്റേതാകുന്നു.

കർത്താവേ, എന്റെ ആത്മാവിനെ
അങ്ങേ സന്നിധിയിലേക്ക് ഞാനുയർത്തുന്നു.

കർത്താവേ, അങ്ങേ മാർഗങ്ങൾ എന്നെ പഠിപ്പിക്കണമേ;
അങ്ങേ ഊടുവഴികൾ എനിക്കറിയിച്ചുതരണമേ.

അങ്ങുന്ന് എന്റെ ദൈവവും രക്ഷകനുമാകുന്നു;
ഞാൻ എപ്പോഴും അങ്ങിൽ ശരണപ്പെടുന്നു.

തന്നെ സ്നേഹിക്കുന്നവർ സ്വീകരിക്കേണ്ട മാർഗം
അവിടുന്നുതന്നെ കാണിച്ചുകൊടുക്കും.

ഞാൻ അവിടുത്തെ കൂടാരത്തിൽ
സ്തുതിയുടെ ബലികൾ അർപ്പിക്കും;
അവിടെ ഞാൻ കർത്താവിനെ പാടിസ്തുതിക്കും.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.
ആദിമുതൽ എന്നേയ്ക്കും. ആമ്മേൻ.

ദൈവമേ, ഞങ്ങളുടെ പിതാക്കന്മാർ / അങ്ങയിൽ ശരണപ്പെട്ടു;
അങ്ങ് അവരെ രക്ഷിക്കുകയും ചെയ്തു.

തന്റെ ഭവനത്തിൽ വസിക്കുന്നവരുടെ
സംരക്ഷകനായ കർത്താവിൽ / നമുക്ക് പ്രത്യാശയർപ്പിക്കാം.

ശുശ്രൂഷി: നമുക്ക് പ്രാർഥിക്കാം; സമാധാനം നമ്മോടുകൂടെ.

കാർമ്മി: മഹോന്നതനായ കർത്താവേ, അങ്ങയുടെ ഭയഭക്തിജനകമായ പീഠത്തിന്റെയും ഉന്നതമായ ത്രോണോസിന്റെയും അലംകൃതവും സ്തുത്യർഹവുമായ സിംഹാസനത്തിന്റെയും മുമ്പാകെ, അങ്ങയുടെ ശുശ്രൂഷകരായ ക്രോവേന്മാർ ഇടവിടാതെ സ്തുതിക്കുകയും സ്രാപ്പേന്മാർ പരിശുദ്ധൻ എന്ന് നിരന്തരം ഉദ്ഘോഷിക്കുകയും ചെയ്യുന്നു. അവരോടു ചേർന്ന് ഞങ്ങളും അങ്ങേയ്ക്ക് ഭയഭക്തികളോടെ സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

സമൂഹം: ആമ്മേൻ.

ആദിഗീതം
(രീതി: ഉന്നത വാനിടമേ ...)

പാടി വണങ്ങുന്നു സതതം സകലേശാ,
മൂകത വിട്ടെന്നും കാത്തു നയിക്കണമേ.

അവഹേളിക്കുകയാ യെന്നെ നിരന്തരമാ-
ദുഷ്ട ജനാവലിയും വഞ്ചക സഞ്ചയവും.

അവരെൻ കണുമ്പിൽ വ്യാജം പറയുന്നു
ദ്വേഷമെഴും വാക്കാൽ കലഹം കൂട്ടുന്നു.

സ്നേഹത്തിനു പകരം ചേർപ്പൂ വിദ്വേഷം
പ്രാർത്ഥിക്കുകയായ് ഞാൻ അവരുടെ നന്മയ്ക്കായ്.

താതനുമതുപോലെ സുതനും റൂഹായ്ക്കും
സ്തുതിയും കീർത്തനവും ആദിമുതൽക്കെന്നും.

കാർമ്മി: ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങയുടെ അനന്തമായ കരുണയും നിരന്തരമായ പരിപാലനയുമോർത്ത് ഞങ്ങൾ അങ്ങയെ

ആരാധിക്കുകയും പുകഴ്ത്തുകയും ചെയ്യുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

സമൂഹം: ആമ്മേൻ.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

(കാർമ്മികൻ ധൂപം ആശീർവ്വദിക്കുന്നു.)

കാർമ്മി: പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ അങ്ങയുടെ ബഹുമാനത്തിനായി ഞങ്ങൾ സമർപ്പിക്കുന്ന ഈ ധൂപം അങ്ങയുടെ മഹനീയ ത്രിത്വത്തിന്റെ നാമത്തിൽ + ആശീർവ്വദിക്കപ്പെടട്ടെ. ഇത് അങ്ങയുടെ പ്രസാദത്തിനും അങ്ങയുടെ അജഗണത്തിന്റെ പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ എന്നേക്കും.

ശുശ്രൂഷി: ആമ്മേൻ.

കാർമി: ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങു നല്കിയിട്ടുള്ളതും എന്നാൽ കൃതജ്ഞത പ്രകാശിപ്പിക്കാൻ ഞങ്ങൾക്കു കഴിയാത്തതുമായ എല്ലാ സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കുമായി സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞു മുടിച്ചൂടി നില്ക്കുന്ന സഭയിൽ ഞങ്ങൾ അങ്ങയെ നിരന്തരം സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യട്ടെ. അങ്ങു സകലത്തിന്റെയും നാഥനും സ്രഷ്ടാവുമാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

*മദ്ബഹയുടെ **വിരിനീക്കുന്നു.** ശുശ്രൂഷി മദ്ബഹയിൽ പ്രവേശിച്ച് **ധൂപിക്കുന്നു.** എല്ലാവരും അൾത്താരയിലേക്കു തിരിഞ്ഞു ശിരസു നമിക്കുന്നു.*

ഗാനം

സർവാധിപനാം കർത്താവേ / നിന്നെ വണങ്ങി നമിക്കുന്നു
ഈശോനാഥാ വിനയമൊടെ / നിന്നെ നമിച്ചു പുകഴ്ത്തുന്നു.

മർത്യനു നിത്യമഹോന്നതമാ- / മുത്ഥാനം നീയരുളുന്നു
അക്ഷയമവനുടെ ആത്മാവി- / നുത്തമരക്ഷയുമേകുന്നു.

ശുശ്രൂഷി: നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമികൻ ജനങ്ങൾക്കുനേരേ തിരിയുന്നു.

കാർമി: എന്റെ കർത്താവേ, നീ സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും ആത്മാക്കളെ രക്ഷിക്കുന്നവനും ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. ഞങ്ങൾ എപ്പോഴും നിനക്കു സ്തുതിയും കൃതജ്ഞതയും ആരാധനയും സമർപ്പിക്കാൻ കടപ്പെട്ടവരാകുന്നു സകലത്തിന്റെയും നാഥാ എന്നേക്കും.

സമൂഹം: ആമ്മേൻ.

ത്രൈശുദ്ധ കീർത്തനം

ശബ്ദമുയർത്തിപ്പാടിടുവിൻ / സർവരുമൊന്നായ് പാടിടുവിൻ
എന്നെന്നും ജീവിക്കും / സർവേശ്വരനെ വാഴ്ത്തിടുവിൻ.

പരിപാവനനാം സർവേശാ / പരിപാവനനാം ബലവാനേ
പരിപാവനനാം അമർത്യനേ / നിൻകൃപ ഞങ്ങൾക്കേകണമേ.

ശുശ്രൂഷി: നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമ്മി: വിശുദ്ധരിൽ സംപ്രീതനായി വസിക്കുന്ന പരിശുദ്ധനും സ്തുത്യർഹനും ബലവാനും അമർത്യനുമായ കർത്താവേ, അങ്ങയുടെ സ്വഭാവത്തിനൊത്തവിധം എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും ഞങ്ങളോടു കരുണകാണിക്കുകയും ചെയ്യണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

വചന ശുശ്രൂഷ
പഴയ നിയമവായനകൾ

ഒന്നാം വായന (*ഉല്പത്തി 22:1-19*)
രണ്ടാം വായന (*യോനാ 2:1-10*)

ശുശ്രൂഷി: സഹോദരരേ നിങ്ങൾ ഇരുന്നു ശ്രദ്ധയോടെ കേൾക്കുവിൻ.

വായിക്കുന്നയാൾ: ... പുസ്തകത്തിൽനിന്നുള്ള വായന.
(കാർമികനുനേരേ തിരിഞ്ഞ്) ഗുരോ ആശീർവദിക്കണമേ.

കാർമി: ദൈവം നിന്നെ + അനുഗ്രഹിക്കട്ടെ.

സമൂഹം: *(വായന തീരുമ്പോൾ)* ദൈവമായ കർത്താവിനു സ്തുതി.

ശുശ്രൂഷി: പ്രകീർത്തനം ആലപിക്കുവാനായി നിങ്ങൾ എഴുന്നേല്ക്കുവിൻ.

പ്രകീർത്തനം

കാർമ്മി: സർവ്വചരാചരവും, ദൈവമഹത്വത്തെ, വാഴ്ത്തിപ്പാടുന്നു.

ദിവ്യാത്മാവിൻ ഗീതികളാൽ, / ഹല്ലേലൂയ്യാ ഗീതികളാൽ
മാമ്മോദീസാ രഹസ്യത്തിൻ / നിർമ്മലമാകുമനുസ്മരണം,
കൊണ്ടാടാം, ഇന്നീ വേദികയിൽ.

കാർമ്മി: തൻ മഹിമാവല്ലോ, വാനിലുമൂഴിയിലും, തിങ്ങിവിളങ്ങുന്നു.

സമൂഹം: ദിവ്യാത്മാവിൻ ഗീതികളാൽ ...

കാർമ്മി: ജനതകളവിടുത്തെ, മഹിമകൾ പാടുന്നു, താണുവണങ്ങുന്നു.

സമൂഹം: ദിവ്യാത്മാവിൻ ഗീതികളാൽ ...

കാർമ്മി: നിത്യപിതാവിനും, സുതനും റൂഹായ്ക്കും, സ്തുതിയുണ്ടാകട്ടെ.

സമൂഹം: ദിവ്യാത്മാവിൻ ഗീതികളാൽ ...

കാർമ്മി: ആദിയിലെപ്പോലെ, ഇപ്പൊഴുമെപ്പോഴും, എന്നേക്കും ആമ്മേൻ.

സമൂഹം: ദിവ്യാത്മാവിൻ ഗീതികളാൽ ...

കാർമ്മി: ഞങ്ങളുടെ കർത്താവായ ദൈവമേ അങ്ങയുടെ ജീവദായകവും ദൈവികവുമായ കല്പനകളുടെ മധുരസ്വരം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമെ. അതുവഴി ആത്മശരീരങ്ങൾക്കുപകരിക്കുന്ന സ്നേഹവും ശരണവും രക്ഷയും ഞങ്ങളിൽ ഫലമണിയുന്നതിനും നിരന്തരം ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നതിനും അങ്ങയുടെ കാരുണ്യത്താലും അനുഗ്രഹത്താലും ഞങ്ങളെ സഹായിക്കണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

ലേഖനം ***റോമാ 6: 3-11)***

വായിക്കുന്ന ആൾ: സഹോദരരേ, വിശുദ്ധ പൗലോസ് ശ്ലീഹാ റോമാക്കാർക്ക് എഴുതിയ ലേഖനം.

(കാർമ്മികനു നേരെ തിരിഞ്ഞ്) ഉരോ ആശീർവ്വദിക്കണമേ.

കാർമ്മി: മിശിഹാ + നിന്നെ അനുഗ്രഹിക്കട്ടെ.

ഒരു ശുശ്രൂഷി കത്തിച്ച തിരിയുമായി സമീപത്തു നില്ക്കുന്നു.
വായന തീരുമ്പോൾ

സമൂഹം: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

ഹല്ലേലൂയ്യാ ഗീതം

ഹല്ലേലൂയ്യാ പാടാമൊന്നായ്, ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ.

കർത്താവിൻ തിരു മൃതിയുമുയിർപ്പും / മർത്ത്യർക്കേകും മാമ്മോദീസാ.

പാപങ്ങൾക്കു മരിച്ചൊരു നവമാം / ജീവൻ നേടാൻ ശക്തി തരുന്നു.

മാമക മാനസ മാനന്ദത്തിൻ / മാധുരിയിന്നു നുകർന്നിടുന്നു.

താതനുമതുപോൽ സുതനും, പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ

ആദിമുതൽക്കേയിന്നും നിത്യവു- / മായി ഭവിച്ചീടട്ടെ ആമ്മേൻ.

ഹല്ലേലൂയ്യാ പാടാമൊന്നായ്, ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ.

ഗാനസമയത്ത് കാർമ്മികൻ ധൂപം ആശീർവ്വദിക്കുന്നു.

കാർമ്മി: എന്റെ കർത്താവേ പാപിനിയായ മറിയം നിന്റെ ശിരസ്സിൽ സുഗന്ധതൈലം പൂശിയപ്പോൾ നിന്നിൽനിന്നു പ്രസരിച്ച ഹൃദ്യമായ പരിമളം ഈ ധൂപത്തോടുകൂടെ + കലരുമാറാകട്ടെ. നിന്റെ ബഹുമാനത്തിനും ഞങ്ങളുടെ കടങ്ങളുടെയും പാപങ്ങളുടെയും മോചനത്തിനുമായി ഈ ധൂപം ഞങ്ങൾ സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ എന്നേക്കും.

ശുശ്രൂഷി: ആമ്മേൻ.

സുവിശേഷ വായനയുടെ സമയത്തു ശുശ്രൂഷി ധൂപാർച്ചന നടത്തുന്നു.

ശുശ്രൂഷി: നമുക്ക് ശ്രദ്ധാപൂർവ്വം നിന്ന് പരിശുദ്ധ സുവിശേഷം ശ്രവിക്കാം.

കാർമ്മി: സമാധാനം + നിങ്ങളോടുകൂടെ.

സമൂഹം: അങ്ങയോടും അങ്ങയുടെ ആത്മാവോടുംകൂടെ.

കാർമ്മികൻ സുവിശേഷം വായിക്കുന്നു. രണ്ടു ശുശ്രൂഷികൾ കത്തിച്ച തിരികളുമായി കാർമ്മികന്റെ ഇരുവശവും നില്ക്കുന്നു. സഹായി മുമ്പിൽ നിന്ന് ധൂപാർച്ചന നടത്തുന്നു.

കാർമ്മി: വിശുദ്ധ മത്തായി അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം. ***(മത്തായി 28:1-20)***

സമൂഹം: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

(വായന തീരുമ്പോൾ)

സമൂഹം: നമ്മുടെ കർത്താവായ മിശിഹായ്ക്കുസ്തുതി.

പ്രസംഗം

വിജ്ഞാപനം പ്രിയ സഹോദരരേ, ആദിമസഭയിൽ വലിയ ശനിയാഴ്ച മാമ്മോദീസ നല്കുന്ന പതിവുണ്ടായിരുന്നു. ഇന്നും ചില സ്ഥലങ്ങളിൽ അത് പുനരാരംഭിച്ചിട്ടുണ്ട്. മാമ്മോദീസായിലൂടെ നാം മിശിഹായോടൊപ്പം മരിച്ച് സംസ്കരിക്കപ്പെട്ട്, ഉയിർത്തെഴുന്നേല്ക്കുന്നുവെന്ന പൗലോസ് ശ്ലീഹായുടെ വാക്കുകൾ ഓർമ്മിക്കുക. അതുപോലെ, പാപത്തോടു മരിച്ച്, മിശിഹായോടൊപ്പം ഉയിർത്തെഴുന്നേല്ക്കുന്ന അനുഭവമാണ് മാമോദീസായിലൂടെ നമുക്ക് ലഭിക്കുന്നത്. ഈ യാഥാർത്ഥ്യം അനുസ്മരിപ്പിക്കാൻ ഏറ്റവും ഉചിതമായ ദിനം ഇന്നാണല്ലോ. ഇപ്പോൾ നടക്കുവാൻ പോകുന്ന തിരുക്കർമ്മങ്ങൾ മാമ്മോദീസായിലൂടെ നമുക്കു ലഭിച്ചിരിക്കുന്ന വലിയ അനുഗ്രഹങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നു. വെള്ളം വെഞ്ചരിച്ച് നമ്മുടെമേൽ തളിച്ചുകൊണ്ട് മാമ്മോദീസാജലത്തിലൂടെ നമുക്ക് പുതുജന്മം ലഭിച്ചതിനെ നാം ഓർക്കുന്നു. ദീപം കൊളുത്തി ലോകത്തിന്റെ പ്രകാശമായ മിശിഹായെ അനുസ്മരിക്കുന്ന നാം, ഈ ലോകത്തിന്റെ പ്രകാശമായി ജീവിക്കുവാൻ കടപ്പെട്ടിരിക്കുന്നു. ജ്ഞാനസ്നാനാവസരത്തിൽ നാമെടുത്ത വ്രതങ്ങൾ നമുക്ക് നവീകരിക്കാം. സഭയുടെ വിശ്വാസസത്യങ്ങൾ ഏറ്റുപറഞ്ഞുകൊണ്ട് മിശിഹായിൽ നവീകരിക്കപ്പെട്ട ജീവിതം നയിക്കാൻ നമുക്ക് ഉത്സാഹിക്കാം. ഈ തിരുക്കർമ്മങ്ങളിൽ ഭക്തിപൂർവ്വം പങ്കെടുത്ത് ദൈവത്തിന്റെ കൃപയ്ക്കായി നമുക്ക് നമ്മെത്തന്നെ സമർപ്പിക്കാം.

വിശുദ്ധ ജലം വെഞ്ചരിപ്പ്

കാർമ്മി: ഞങ്ങളുടെ കത്താവായ ദൈവമേ, ഞങ്ങളുടെ ജ്ഞാനസ്നാനത്തിന്റെ ആദിരൂപമായി യോർദ്ദാനിൽവച്ച് ഈശോ മാമ്മോദീസ സ്വീകരിച്ചപ്പോൾ അവിടുത്തെമേൽ ഇറങ്ങിവസിച്ചവനും ഞങ്ങളുടെ പഴയ പ്രകൃതിയെ നവീകരിക്കുന്നവനുമായ പരിശുദ്ധാത്മാവ് ഈ ജലത്തിൽ ആവസിച്ച് ഇതിനെ വിശുദ്ധീകരിക്കട്ടെ. ആത്മാവിനെയും ശരീരത്തെയും പരിത്രീകരിക്കുവാനും ജീവിതം നവീകരിക്കുവാനുമുള്ള ശക്തി അവിടുന്ന് ഈ ജലത്തിന് പ്രദാനം ചെയ്യട്ടെ. *(കാർമ്മികൻ ജലത്തിൽ കുരിശുവരയ്ക്കുന്നു)* ഇപ്പോഴും എപ്പോഴും + എന്നേക്കും.

സമൂഹം: ആമ്മേൻ.

കാർമ്മി: വിശുദ്ധ മാമ്മോദീസയാൽ ഞങ്ങൾക്ക് പാപമോചനം നല്കുകയും മക്കളുടെ സ്ഥാനത്തേക്ക് ഞങ്ങളെ ഉയർത്തുകയും ചെയ്ത ദൈവമേ, ഞങ്ങൾ അങ്ങയോടു നന്ദി പറയുന്നു. ഞങ്ങൾക്കു ലഭിച്ച വിശ്വാസം അഭംഗുരം പാലിക്കുവാനും നിത്യസൗഭാഗ്യത്തിന് അർഹരാകുവാനും ഞങ്ങളെ സഹായിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂഹം: ആമ്മേൻ.

(കാർമ്മികൻ വിശുദ്ധ ജലം കൊണ്ട് വിശ്വാസികളെ തളിക്കുമ്പോൾ താഴെക്കാണുന്ന് ഗീതം ആലപിക്കാം).

ഗീതം

സർവോന്നതനാം കർത്താവേ, / നന്ദിയൊടങ്ങയെ വാഴ്ത്തുന്നു
താവകസുതനാമീശോയെ- / തന്നതിനാദര പൂർവമിതാ.

കാരുണ്യത്താൽ ഞങ്ങളെ നീ / പാരിൽ ദൈവിക സുതരാക്കി
മാമ്മോദീസാ സലിലത്താൽ / ഞങ്ങൾക്കേകീ പുതുജീവൻ.

പാവനമാമീ ജലമെന്നും / പാപക്കറകൾ കഴുകുന്നു.
സ്തുതിയും സ്തോത്രവുമെന്നേക്കും / സുതരിൽ താവക കരുണയ്ക്കായ്.

മർത്യാത്മാവിൽ നിറയുന്നു / നിത്യം താവക നൈർമ്മല്യം
ഇന്നു വിശുദ്ധ ജലത്താലേ / തന്നൊരു ദാനം വാഴ്ത്തുകയായ്.

(വചനവേദിയിൽ തിരിച്ചു വന്നതിനുശേഷം കാർമ്മികൻ നിലവിളക്കു കൊളുത്തിക്കൊണ്ടു ചൊല്ലുന്നു).

കാർമ്മി: ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു. എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുകയില്ല എന്നരുളിച്ചെയ്ത മിശിഹാ അന്ധകാരം നീക്കി നമ്മെ പ്രകാശിപ്പിക്കട്ടെ.

സമൂഹം: ആമ്മേൻ.

(നിലവിളക്കിൽനിന്ന് ജനങ്ങൾ തിരികത്തിച്ചെടുക്കുന്നു. അപ്പോൾ പാടുന്നു).

ഗീതം
(രീതി: അവനീപതിയാം ...)

വിശ്വവെളിച്ചം ഞാനെന്നരുളിയ / മിശിഹാനാഥനെ വാഴ്ത്തിപ്പാടാം

അങ്ങിൽനിന്നു കൊളുത്താം ഞങ്ങൾ / ജീവിതനാളം ദീപ്തിപരത്താൻ.

കുരിരുൾതിങ്ങും ഭൂമിയിലെങ്ങും / നിത്യമുയർത്താം കൈത്തിരിനാളം.

നിശയുടെയിരുളും നിഴലും നീക്കാൻ / നാമും കൈത്തിരിമലരുകളാകാം.

ഗാനം

ദീപമേ, സ്വർല്ലോകദീപമേ, / ജീവൻ പകർന്നിടുന്ന ദീപമേ,
വാനം തുറന്നുവന്ന ദീപമേ, / വാനോർ വണങ്ങിടുന്ന ദീപമേ.
ദീപമേ ...

വിജയത്തിൻ പൊൻകൊടി പാറിപ്പറന്നു നിന്നു;
മരണത്തിൻ കോട്ടകളെല്ലാം തകർന്നുവീണു:
കല്ലറയിൽ പുതിയൊരു ജീവൻ കുരുത്തുവന്നു;
ദൈവത്തിൻ നിത്യകുമാരകനുയിർത്തുവന്നു.
ദീപമേ ...

ജ്ഞാനസ്നാന വ്രതനവീകരണം

വിജ്ഞാപനം: നമ്മിൽ മിക്കവരും കുഞ്ഞുങ്ങളായിരുന്നപ്പോൾ മാമ്മോദീസ സ്വീകരിച്ചവരാണ്. അന്നു നമ്മുടെ മാതാപിതാക്കളും ജ്ഞാനസ്നാനമാതാപിതാക്കളുമാണ് നമുക്കുവേണ്ടി സഭയുടെ വിശ്വാസം ഏറ്റുപറഞ്ഞത്. ആ വിശ്വാസസത്യങ്ങൾ നമുക്കിപ്പോൾ ബോധപൂർവ്വം ഏറ്റുപറഞ്ഞ് സ്വീകരിക്കാം.

കാർമ്മി: പ്രിയ സഹോദരരേ, നമുക്കൊരുമിച്ച് സഭയുടെ വിശ്വാസരഹസ്യങ്ങൾ ഏറ്റുപറയാം.

കാർമ്മി: സർവ്വശക്തനും പിതാവുമായ ഏക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. *(സമൂഹവും ചേർന്നു തുടരുന്നു).* ദൃശ്യവും അദൃശ്യവുമായ / സകലത്തിന്റെയും സ്രഷ്ടാവിൽ ഞങ്ങൾ വിശ്വസിക്കുന്നു. ദൈവത്തിന്റെ ഏക പുത്രനും / സകല സൃഷ്ടികൾക്കും മുമ്പുള്ള ആദ്യജാതനും / യുഗങ്ങൾക്കെല്ലാം മുമ്പു പിതാവിൽ നിന്നു ജനിച്ചവനും / എന്നാൽ സൃഷ്ടിക്കപ്പെടാത്തവനും / ഏകകർത്താവുമായ / ഈശോമിശിഹായിൽ ഞങ്ങൾ വിശ്വസിക്കുന്നു. അവിടുന്നു സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും / പിതാവിനോടുകൂടെ ഏകസത്തയുമാകുന്നു. അവിടുന്നുവഴി / പ്രപഞ്ചം സംവിധാനം ചെയ്യപ്പെടുകയും / എല്ലാം സൃഷ്ടിക്കപ്പെടുകയും ചെയ്തു. മനുഷ്യരായ നമുക്കുവേണ്ടിയും / നമ്മുടെ രക്ഷയ്ക്കുവേണ്ടിയും / അവിടുന്നു സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങി / പരിശുദ്ധാത്മാവിനാൽ / കന്യകാമറിയത്തിൽനിന്നു ശരീരം സ്വീകരിച്ച് / മനുഷ്യനായി പിറന്നു. പന്തിയോസ് പീലാത്തോസിന്റെ കാലത്തു പീഡകൾ സഹിക്കുകയും / സ്ലീവായിൽ തറക്കപ്പെട്ടു മരിക്കയും / സംസ്കരിക്കപ്പെടുകയും / എഴുതപ്പെ

ട്ടിരിക്കുന്നതുപോലെ / മൂന്നാം ദിവസം ഉയർത്തെഴുന്നേൽക്കുകയും ചെയ്തു. അവിടുന്നു സ്വർഗ്ഗത്തിലേക്കെഴുന്നള്ളി / പിതാവിന്റെ വലതുഭാഗത്തിരിക്കുന്നു. മരിച്ചവരേയും ജീവിക്കുന്നവരേയും വിധിക്കുവാൻ / അവിടുന്നു വീണ്ടും വരുവാനിരിക്കുന്നു. പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്ന / സത്യാത്മാവും ജീവദാതാവുമായ / ഏക പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു. ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവ്വത്രികവുമായ സഭയിലും / ഞങ്ങൾ വിശ്വസിക്കുന്നു. പാപമോചനത്തിനുള്ള ഏക മാമ്മോദീസായും / ശരീരത്തിന്റെ ഉയിർപ്പും / നിത്യായുസ്സും ഞങ്ങൾ ഏറ്റുപറയുകയും ചെയ്യുന്നു. ആമ്മേൻ.

കാർമ്മി: നാം ഏറ്റുപറഞ്ഞ ഈ വിശ്വാസമനുസരിച്ച് തുടർന്നും ജീവിതം നയിക്കുവാൻ സർവ്വശക്തനായ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

*(കാർമ്മികൻ ചൊല്ലിക്കൊടുക്കുന്ന ജ്ഞാനസ്നാന നവീകരണ പ്രാർത്ഥന **സമൂഹം ഏറ്റുചൊല്ലുന്നു**).*

കാർമ്മി: കാരുണ്യവാനായ ദൈവമേ, / അങ്ങയുടെ പുത്രനായ മിശിഹാവഴി / ഞങ്ങളെ രക്ഷിച്ചതിന് / ഞങ്ങൾ അങ്ങേയ്ക്കു നന്ദിപറയുന്നു. / മാമ്മോദീസയും തൈലാഭിഷേകവുംവഴി / ഞങ്ങളുടെ പാപങ്ങൾ മോചിച്ച് / ദൈവത്തിന്റെ മക്കളും / പരിശുദ്ധാത്മാവിന്റെ ആലയങ്ങളും / സഭയിലെ അംഗങ്ങളുമായി / ഞങ്ങളെ ഉയർത്തിയതിന് / അങ്ങയെ ഞങ്ങൾ വാഴ്ത്തുന്നു. / പാപവും പാപമാർഗ്ഗങ്ങളും ഉപേക്ഷിച്ച് / അങ്ങയുടെ ദിവ്യാത്മാവിന്റെ പ്രേരണകൾക്ക് / അനുസൃതമായി / ജീവിതം നവീകരിക്കുവാനും / ലോകത്തിന്റെ പ്രകാശവും / ഭൂമിയുടെ ഉപ്പുമായി ജീവിക്കുവാനും / ഞങ്ങളെ സഹായിക്കണമേ. ആമ്മേൻ.

കാർമ്മി: പാപികളെ വിളിക്കുവാൻ പാപികളുടെ മധ്യത്തിലേക്കുവന്ന കാരുണ്യവാനായ കർത്താവേ, പാപികളായ ഞങ്ങളെ അനുഗ്രഹിക്കണമേ. രോഗികൾക്കാണു വൈദ്യന്മാരെ ആവശ്യം, സുഖമുള്ളവർക്കല്ല, എന്ന് അവിടുന്ന് അരുളിച്ചെയ്തിട്ടുണ്ടല്ലോ. രോഗികളും പാപികളുമായ ഞങ്ങളോട് കരുണതോന്നണമേ.

മാമ്മോദീസാവഴി ദൈവപുത്രസ്ഥാനത്തേക്ക് അങ്ങ് ഞങ്ങളെ ഉയർത്തി. എങ്കിലും ധൂർത്തപുത്രനെപ്പോലെ ഞങ്ങൾ അങ്ങിൽനിന്ന് അകന്നുപോയി. അങ്ങയുടെ മക്കളെന്നു വിളിക്കപ്പെടുവാൻ ഞങ്ങൾ അർഹരല്ല. ദൈവമേ, ഞങ്ങളോട് കരുണതോന്നണമേ.

മനുഷ്യവർഗ്ഗത്തിന്റെ പ്രതീക്ഷയും ലോകത്തിന്റെ സമാധാനവുമായ മിശിഹായേ, അങ്ങയുടെ ശാന്തിയും സമാധാനവും ഞങ്ങൾക്ക് പ്രദാനം ചെയ്യണമേ. ശത്രുതയും വിരോധവും കോപവും പ്രതികാരചിന്തയും

വെടിഞ്ഞു പരസ്പര സ്നേഹത്തിലും ധാരണയിലും ജീവിക്കുവാൻ ഞങ്ങളെ സഹായിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂഹം: ആമ്മേൻ.

വിജ്ഞാപനം: മറ്റുള്ളവരോടു നിങ്ങൾ ക്ഷമിക്കുകയില്ലെങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവ് നിങ്ങളോടും ക്ഷമിക്കുകയില്ല എന്നു നമ്മുടെ കർത്താവീശോമിശിഹാ അരുളിച്ചെയ്തിരിക്കുന്നു. സ്വന്തം സഹോദരനെ സ്നേഹിക്കാതെ ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുന്നവൻ കള്ളം പറയുന്നു എന്ന് വിശുദ്ധ യോഹന്നാൻശ്ലീഹാ എഴുതിയിട്ടുണ്ട്. ക്രിസ്തീയ സ്നേഹം ഒട്ടേറെ പാപങ്ങൾ മായിച്ചുകളയുന്നു എന്നാണ് വിശുദ്ധ പത്രോസ് ശ്ലീഹാ പറയുന്നത്. ഈ പ്രബോധനങ്ങളുടെ വെളിച്ചത്തിൽ ആദ്യക്രിസ്ത്യാനികൾ പാലിച്ചുപോന്ന പരസ്നേഹം മറ്റുള്ളവരെ വിസ്മയിപ്പിച്ചിട്ടുണ്ട്. മാമ്മോദീസായും തൈലാഭിഷേകവും വിശുദ്ധ കുർബാനയും സ്വീകരിക്കുന്നവർ മറ്റുള്ളവരോടു ക്ഷമായാചനം ചെയ്തു ക്രിസ്തീയ സ്നേഹം സുദൃഢമാക്കുവാൻ ശ്രമിച്ചിരുന്നു. അവരെ അനുകരിച്ചു നമുക്കും, ഈ അവസരത്തിൽ പരസ്പരം ക്ഷമിച്ച്, യഥാർത്ഥ ക്രിസ്ത്യാനികളാകുവാൻ ശ്രമിക്കാം. നമുക്കു പ്രാർത്ഥിക്കാം.

കാർമ്മി: *(ജനങ്ങളുടെ നേരേ തിരിഞ്ഞുനിന്നു ചൊല്ലിക്കൊടുക്കുന്നു.)* സ്നേഹത്തിന്റെ പ്രമാണവുമായി / ലോകത്തിലേയ്ക്കുവന്ന കർത്താവേ, പരസ്പരം സ്നേഹിച്ചുകൊണ്ട്, അങ്ങയുടെ ശിഷ്യരായി ജീവിക്കുവാൻ / ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങു ഞങ്ങളെ സ്നേഹിച്ചതുപോലെ, ഞങ്ങളും പരസ്പരം സ്നേഹിക്കുവാൻ / ഞങ്ങളെ പഠിപ്പിക്കണമേ. / ഞങ്ങളെ ദ്രോഹിച്ചിട്ടുള്ളവരോട്, ഹൃദയപൂർവ്വം ഞങ്ങൾ ക്ഷമിക്കുന്നു. ഞങ്ങൾ ആരെയെങ്കിലും ദ്രോഹിച്ചിട്ടുണ്ടെങ്കിൽ, അവരോടു ഞങ്ങൾ മാപ്പുചോദിക്കുന്നു. കടങ്ങളെല്ലാം വീട്ടികൊള്ളാമെന്നും, കഴിയുന്ന വിധത്തിലെല്ലാം / മറ്റുള്ളവരെ സഹായിച്ചുകൊള്ളാമെന്നും / ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു. ആമ്മേൻ.

കാറോസൂസാ

ശുശ്രൂഷി: നമുക്കെല്ലാവർക്കും അനുതാപത്തോടും ഭക്തിയോടുംകൂടി നിന്ന് "കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ" എന്നു പ്രാർത്ഥിക്കാം.

സമൂഹം: കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂഷി: നാല്പതു ദിനരാത്രങ്ങൾ മരുഭൂമിയിൽ ഉപവാസത്തിലും പ്രാർത്ഥനയിലും ചെലവഴിച്ച മിശിഹായേ, തപസ്സിന്റെയും പ്രായശ്ചിത്ത

ത്തിന്റെയും ചൈതന്യത്തിൽ ജീവിക്കുവാനും പ്രാർത്ഥനാരൂപിയിൽ വളരുവാനും ഞങ്ങളെ അനുഗ്രഹിക്കണമെന്ന് നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

ശുശ്രൂഷി: ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടായ മിശിഹായേ, ഞങ്ങളുടെയും മറ്റുള്ളവരുടെയും പാപങ്ങൾക്കു പരിഹാരമനുഷ്ഠിക്കുവാൻ ഞങ്ങളെ ശക്തരാക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: ജലത്താലും ആത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ഒരുവനും സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക സാധ്യമല്ല എന്നരുളിച്ചെയ്ത മിശിഹായേ, മാമ്മോദീസയിലൂടെ നവജീവൻ പ്രാപിച്ച ഞങ്ങളെ വിശുദ്ധിയിലും ജ്ഞാനത്തിലും വളർത്തണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: മാമ്മോദീസയിലൂടെ ദൈവികജീവൻ ഞങ്ങൾക്കു പ്രദാനം ചെയ്ത മിശിഹായേ, ദൈവമക്കൾക്ക് ഉചിതമായ ജീവിതം നയിച്ച് നിന്റെ സാക്ഷികളായി ജീവിക്കുവാൻ ഞങ്ങളെ സഹായിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: ജ്ഞാനസ്നാനത്തിലൂടെ തിരുസഭയുടെ അംഗങ്ങളായി ഞങ്ങളെ ഉയർത്തിയ മിശിഹായേ, സഭയോടൊത്തു ചിന്തിക്കുവാനും പ്രവർത്തിക്കുവാനും ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ മാമ്മോദീസ നല്കണമെന്നു കല്പിച്ച മിശിഹായേ, മാമ്മോദീസയിലൂടെ പ്രകാശത്തിന്റെ പാതയിൽ എല്ലാവരെയും നയിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും മാർഗത്തിൽ ഞങ്ങളെ നയിക്കുവാൻ ഞങ്ങളുടെ പരിശുദ്ധ പിതാവു മാർ ... *(പേര്)* പാപ്പായെയും, ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച്ബിഷപ്പ് മാർ ... *(പേര്)* മെത്രാപ്പോലീത്തയെയും, ഞങ്ങളുടെ പിതാവും മേലധ്യക്ഷനുമായ മാർ ... *(പേര്)* മെത്രാനെയും, ... മെത്രാപ്പോലീത്തയെയും ... മെത്രാനെയും മറ്റെല്ലാമെത്രാന്മാരെയും ആത്മീയ നന്മകൾ നല്കി അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

സമൂഹം: ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

കാർമ്മി: കുരിശുമരണംവഴി ഉത്ഥാനത്തിന്റെ മഹത്ത്വത്തിലേക്കു പ്രവേശിച്ച മിശിഹായേ, മാമ്മോദീസയിലൂടെ ദൈവികജീവൻ പ്രദാനം ചെയ്ത അനന്തകാരുണ്യത്തിനു ഞങ്ങൾ നന്ദിപറയുന്നു. പ്രാർത്ഥനകൾ ശ്രവിച്ച് ഞങ്ങളെ അനുഗ്രഹിക്കണമേ. വിശുദ്ധ ജീവിതംവഴി നിന്റെ സാക്ഷികളായി വർത്തിക്കുവാൻ ഞങ്ങൾക്കിടയാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂഹം: ആമ്മേൻ.

കൈവയ്പു പ്രാർഥന

ശുശ്രൂഷി: കർത്താവേ ആശീർവദിക്കേണമേ / സഹോദരരേ, നിങ്ങൾ കൈവയ്പിനായി തലകുനിക്കുകയും / ആശീർവാദം സ്വീകരിക്കുകയും ചെയ്യുവിൻ.

(എല്ലാവരും തലകുനിച്ച് ആശീർവാദം സ്വീകരിക്കുന്നു.)

കാർമി: *(താഴ്ന്ന സ്വരത്തിൽ)* കർത്താവേ ശക്തനായ ദൈവമേ അങ്ങയുടെ അഭിഷിക്തൻ കഠിനമായ പീഡകളനുഭവിച്ചു വീണ്ടെടുത്ത അജഗണമായ പരിശുദ്ധ കത്തോലിക്കാസഭ അങ്ങയുടേതാകുന്നു. ദൈവസ്വഭാവത്തിൽ അങ്ങുമായി ഒന്നായിരിക്കുന്ന പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ യഥാർഥ പൗരോഹിത്യത്തിന്റെ പദവികൾ കൈവയ്പുവഴി നല്കപ്പെടുന്നു. വിശ്വാസികൾക്ക് ആത്മീയശുശ്രൂഷ ചെയ്യുന്നതിനു പരിശുദ്ധമായ സഭാശരീരത്തിലെ സവിശേഷാംഗങ്ങളാകാൻ നിസാരരും ബലഹീനരുമായ ഞങ്ങളെ അങ്ങു കാരുണ്യാതിരേകത്താൽ യോഗ്യരാക്കി. കർത്താവേ, അങ്ങയുടെ കൃപാവരം ഞങ്ങളിൽ നിറയ്ക്കുകയും അങ്ങയുടെ ദാനങ്ങൾ ഞങ്ങളുടെ കരങ്ങൾവഴി വർഷിക്കുകയും ചെയ്യണമേ. അങ്ങയുടെ കാരുണ്യവും അനുഗ്രഹവും ഞങ്ങളുടെയും അങ്ങു തെരഞ്ഞെടുത്ത ഈ ജനത്തിന്റെയുംമേൽ ഉണ്ടാകുമാറാകട്ടെ.

കാർമി: *(ഉയർന്ന സ്വരത്തിൽ)* കരുണാനിധിയായ ദൈവമേ, ഞങ്ങളെല്ലാവരും ഒന്നുചേർന്ന് അങ്ങയെ ഞങ്ങളുമായി രമ്യതപ്പെടുത്തുന്ന നീതിയുടെ പ്രവൃത്തികളാൽ ജീവിതകാലം മുഴുവനും അങ്ങയെ യഥോചിതം പ്രീതിപ്പെടുത്താൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും നിരന്തരം സമർപ്പിക്കാൻ ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

ശുശ്രൂഷി: മാമ്മോദീസാ സ്വീകരിക്കുകയും, ജീവന്റെ അടയാളത്താൽ മുദ്രിതരാകുകയും ചെയ്തവർ / ഭക്തിയോടും ശ്രദ്ധയോടുംകൂടെ വിശുദ്ധ രഹസ്യങ്ങളിൽ പങ്കുകൊള്ളട്ടെ. നമുക്കു പ്രാർഥിക്കാം സമാധാനം നമ്മോടുകൂടെ.

ദിവ്യരഹസ്യഗീതം

(രീതി: മിശിഹാ കർത്താവിൻ ...)

ഭൂമി മുഴുവൻ സന്തോഷിക്കട്ടെ

രക്ഷാസന്ദേശം, നിറയും പ്രത്യാശ, / ലോകം മുഴുവനിലും.
പങ്കിലമായ പ്രപഞ്ചത്തിൻ, / പാപകടങ്ങൾ നീക്കിടുവാൻ
മരണമടഞ്ഞു തിരുനാഥൻ, / ലോകം രക്ഷിതമാകുന്നു
ഉത്ഥാനം പകരും സന്തോഷം.

അവിടുത്തെ മഹത്ത്വം ഭൂമിയിലെങ്ങും നിറയട്ടെ,

രക്ഷാസന്ദേശം ...

ഇതാ, സകല ജനത്തിനുംവേണ്ടിയുള്ള
വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു.

രക്ഷാസന്ദേശം ...

(കുർബാനയുടെ ബാക്കി ഭാഗങ്ങൾക്ക് പേജ് 88 കാണുക)

കൃതജ്ഞതാപ്രാർത്ഥനകൾ

കാർമ്മി: കർത്താവായ ദൈവമേ, സർവ്വസൃഷ്ടി ജാലങ്ങളുമൊത്ത് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. അങ്ങ് ഞങ്ങളുടെമേൽ ചൊരിഞ്ഞുകൊണ്ടിരിക്കുന്ന നന്മകൾക്ക് ഞങ്ങൾ നന്ദി പറയുന്നു. മാലാഖമാരോടൊത്ത് എന്നും അങ്ങയെ മഹത്ത്വപ്പെടുത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

സമൂഹം: ആമ്മേൻ. കർത്താവേ, ആശീർവ്വദിക്കണമേ.

കാർമ്മി: ഞങ്ങളുടെ ജീവനും ഉയിർപ്പുമായ മിശിഹായേ, മാമ്മോദീസ വഴി നിന്റെ മരണത്തിലും സംസ്കാരത്തിലും ഐക്യപ്പെട്ട ഞങ്ങളെ നിന്റെ മഹത്ത്വത്തിൽ പങ്കുകാരാക്കണമേ. പഴയമനുഷ്യനെ നിന്നോടുകൂടി ക്രൂശിക്കുന്ന ഞങ്ങൾ നിന്നോടൊത്തു ജീവിച്ചുകൊണ്ട് നിത്യസൗഭാഗ്യത്തിനർഹരായിത്തീരുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂഹം: ആമ്മേൻ.

സമാപനാശീർവാദം

(രീതി: കർത്താവാം, മിശിഹാവഴിയായ്....)

കാർമ്മി: വഴിയും ജീവനുമതുപോലെ / സത്യവുമാകും മിശിഹായേ,
തിരുവുത്ഥാനത്തിൽ ഞങ്ങൾ / പങ്കാളികളായ് ത്തീരുന്നു.

മാമ്മോദീസാ വഴി ഞങ്ങൾ / കൈക്കൊണ്ടല്ലോ നവജീവൻ
നിത്യവുമതു സംരക്ഷിക്കാൻ / നിൻ കൃപ ഞങ്ങൾക്കേകണമേ.

സമൂഹം: ആമ്മേൻ.

സാക്ഷികളാകണമെന്നെന്നും / സുവിശേഷത്തിനു മർത്യരിവർ
ജനപദമെല്ലാമറിയട്ടെ / രക്ഷാമാർഗ്ഗം നീതന്നെ.

സ്നേഹവുമൈക്യവുമന്യൂനം / നിങ്ങളിലെന്നും വളരട്ടെ
ത്രിത്വത്തിനു സ്തുതി പാടിടുവിൻ / ഇപ്പൊഴുമെപ്പൊഴ + മെന്നേക്കും.

സമൂഹം: ആമ്മേൻ.

(അല്ലെങ്കിൽ)

കാർമ്മി: വഴിയും സത്യവും ജീവനുമായ മിശിഹായേ, നിന്റെ പുനഃരുത്ഥാനത്തിൽ ഞങ്ങളെ പങ്കുകാരാക്കുന്നതിന് ഞങ്ങൾ നിനക്കു നന്ദിപറയുന്നു. മാമ്മോദീസയിലൂടെ ലഭിച്ച പരിശുദ്ധി അഭംഗം കാത്തുസൂക്ഷിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. ലോകത്തിന്റെ പ്രകാശവും ഭൂമിയുടെ ഉപ്പുമായി ജീവിച്ച് ഞങ്ങൾ നിന്റെ സുവിശേഷത്തിന് സാക്ഷികളാകട്ടെ. എല്ലാ ജനപദങ്ങളും നിന്നെ അറിയുവാനും, വിശ്വസിച്ച് മാമ്മോദീസ സ്വീകരിക്കുവാനും, സഭയിൽ നിന്നെ മഹത്ത്വപ്പെടുത്തുവാനും ഇടവരട്ടെ. നിന്റ ശരീരത്തിലെ അവയവങ്ങളായിത്തീർന്നിരിക്കുന്ന ഞങ്ങൾ പരസ്പരസ്നേഹത്തിലും ഐക്യത്തിലും അനുദിനം വളരുകയും ചെയ്യട്ടെ. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സംസർഗ്ഗവും നിങ്ങളോടുകൂടി ഉണ്ടായിരിക്കട്ടെ. ഇപ്പോഴും എപ്പോഴും + എന്നേക്കും.

സമൂഹം: ആമ്മേൻ.

-oOo-

ഉയിർപ്പുതിരുന്നാൾ

(കാർമ്മികനും ശുശ്രൂഷികളും ക്രമപ്രകാരമുള്ള തിരുവസ്ത്രങ്ങൾ ധരിച്ച്, കുർബാനക്രമത്തിൽ നിർദ്ദേശിച്ചിരിക്കുന്നതനുസരിച്ച് പ്രദക്ഷിണമായി വചനവേദിയിൽ വന്നുനില്ക്കുന്നു).

സ്നേഹത്തിന്റെ കല്പന *(ഗാനം)*

കാർമ്മി:
അന്നാ പെസഹാത്തിരുനാളിൽ / കർത്താവരുളിയ കല്പനപോൽ
തിരുനാമത്തിൽച്ചേർന്നീടാം / ഒരുമയോടീ ബലിയർപ്പിക്കാം.

സമൂഹം: അനുരഞ്ജിതരായ് തീർന്നീടാം / നവമൊരു പീഠമൊരുക്കീടാം
ഗുരുവിൻ സ്നേഹമൊടീയാഗം / തിരുമുമ്പാകെയണച്ചീടാം.

മാലാഖമാരുടെ കീർത്തനം (ലൂക്കാ 2:14)

കാർമ്മി: അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

സമൂഹം: ആമ്മേൻ.

കാർമ്മി: ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും.

സമൂഹം: ആമ്മേൻ.

(പകരം ഗാനം)

കാർമ്മി: അത്യുന്നതമാം സ്വർല്ലോകത്തിൽ, സർവ്വേശനു സ്തുതിഗീതം.*(3)*

സമൂഹം: ഭൂമിയിലെങ്ങും മർത്യനു ശാന്തി, പ്രത്യാശയുമെന്നേക്കും. (3)

കാർമ്മി: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ***(സമൂഹവും ചേർന്ന്)*** അങ്ങയുടെ നാമം പൂജിതമാകണമെ / അങ്ങയുടെ രാജ്യം വരണമെ / അങ്ങയുടെ തിരുമനസ്സു സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമെ. ഞങ്ങൾക്കു ആവശ്യകമായ ആഹാരം / ഇന്നു ഞങ്ങൾക്കു തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ, ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതെ. ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമെ. എന്തുകൊണ്ടെന്നാൽ /രാജ്യവും ശക്തിയും മഹത്വവും എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ / അങ്ങയുടെ മഹത്വത്താൽ സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു / മാലാഖമാരും മനുഷ്യരും അങ്ങു പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്ന് ഉൽഘോഷിക്കുന്നു.

പകരം ഗാനം

കാർമ്മി: സ്വർഗ്ഗസ്ഥിതനാം താതാ നിൻ, നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ, പരിശുദ്ധൻ നീ പരിശുദ്ധൻ.

സമൂഹം: *(രണ്ടു ഗണമായി തുടരുന്നു).*

സ്വർഗ്ഗസ്ഥിതനാം താതാനിൻ, സ്തുതിതൻനിസ്തുല-മഹിമാവാൽ
ഭൂസ്വർഗ്ഗങ്ങൾ നിറഞ്ഞു സദാ, പാവനമായി വിളങ്ങുന്നു.

വാനവമാനവവൃന്ദങ്ങൾ, ഉദ്ഘോഷിപ്പൂ സാമോദം
പരിശുദ്ധൻ നീ എന്നെന്നും, പരിശുദ്ധൻ നീ പരിശുദ്ധൻ.

സ്വർഗ്ഗസ്ഥിതനാം താതാ നിൻ, നാമം പൂജിതമാകണമേ
നിൻ രാജ്യം വന്നീടണമേ, നിൻ ഹിതമിവിടെ ഭവിക്കണമെ.

സ്വർഗ്ഗത്തെന്നതുപോലുലകിൽ, നിൻ ചിത്തം നിറവേറണമേ
ആവശ്യകമാ മാഹാരം, ഞങ്ങൾക്കിന്നരുളീടണമേ.

ഞങ്ങൾ കടങ്ങൾ പൊറുത്തതുപോൽ, ഞങ്ങൾക്കുള്ള കടം സകലം
പാപത്തിൻ കട ബാദ്ധ്യതയും, അങ്ങു കനിഞ്ഞു പൊറുക്കണമേ.

ഞങ്ങൾ പരീക്ഷയിലൊരുനാളും, ഉൾപ്പെടുവാനിടയാകരുതേ
ദുഷ്ടാത്രുപിയിൽ നിന്നെന്നും, ഞങ്ങളെ രക്ഷിച്ചരുളണമേ.

എന്തെന്നാലെന്നാളേക്കും, രാജ്യം ശക്തിമഹത്വങ്ങൾ
താവകമല്ലോ കർത്താവേ, ആമ്മേനാമ്മേനെന്നേക്കും.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ.

കാർമ്മി: യുഗങ്ങളുടെ രാജാവായ മിശിഹായേ, മരണത്തെ പരാജയപ്പെടുത്തി ഞങ്ങൾക്കു ജീവൻ പ്രദാനം ചെയ്ത നിന്റെ അനന്തകാരുണ്യത്തെ ഞങ്ങൾ വാഴ്ത്തുന്നു. നിന്റെ ഉത്ഥാനരഹസ്യം ആഘോഷിക്കുന്നതിനും, അതിന്റെ ദിവ്യഫലങ്ങൾ അനുഭവിക്കുന്നതിനും ഞങ്ങളെ ഒരുമിച്ചുകൂട്ടിയതിന് ഞങ്ങൾ നന്ദിപറയുന്നു. അജ്ഞതയുടെ അന്ധകാരത്തിൽ നിന്നു മോചിതരും പാപത്തിന്റെ ബന്ധനങ്ങളിൽനിന്നു സ്വതന്ത്രരുമായി ഉത്ഥാനത്തിന്റെ സൗഭാഗ്യത്തിൽ പ്രവേശിക്കുവാൻ ഞങ്ങൾക്ക് ഇടയാകട്ടെ. ഈ ദിവ്യരഹസ്യങ്ങൾ യോഗ്യതാപൂർവ്വം പരികർമ്മം ചെയ്യുവാൻ ഞങ്ങളെ സഹായിക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂഹം: ആമ്മേൻ.

സങ്കീർത്തനം 46,47, 48
(രീതി: കർത്താവേ, മമരാജാവേ...)

സൈന്യങ്ങൾ തന്നധിനാഥൻ / നമ്മോടൊത്തു വസിക്കുന്നു
യാക്കോബിൻ ബലമാം ദൈവം / ഓർക്കുകിൽ നമ്മുടെയവലംബം

കരഘോഷങ്ങൾ മുഴക്കിടുവിൻ / തിരുസന്നിധിയിൽ ജനതകളേ,
ആഹ്ലാദാരവമുയരട്ടെ / ദൈവത്തിൻ തിരു ഭവനത്തിൽ.

ദൈവസ്തുതികൾ പാടിടുവിൻ / സ്തോത്രം ചെയ്തു പുകഴ്ത്തിടുവിൻ
കീർത്തനഗീതം മീട്ടിടുവിൻ / നമ്മുടെ രാജാവവനല്ലോ.

ഭൂമിക്കെല്ലാമധിപനവൻ / അവനായ് ഗീതം പാടുകനാം
ദൈവം ജനതയ്ക്കധിനാഥൻ / സിംഹാസനമതിൽ വാഴുന്നു.

കർത്താവുന്നതനാകുന്നു / സ്തുത്യർഹൻ നിജനഗരത്തിൽ
ഉന്നതമവനുടെ പുണ്യഗിരി / മന്നിനു മുഴുവൻ സാഘോഷം.

ശുശ്രൂഷി: ഹല്ലേലൂയ്യ, ഹല്ലേലൂയ്യ, ഹല്ലേലൂയ്യ,
നമുക്കു പ്രാർത്ഥിക്കാം; സമാധാനം നമ്മോടു കൂടെ.

കാർമ്മി: ലോകരക്ഷകനായ മിശിഹായേ, ലോകം മുഴുവൻ നിന്റെ സമാധാനത്താൽ നിറയട്ടെ. നിന്റെ പരിശുദ്ധമായ സ്ലീവായാൽ നിന്റെ സഭയെ ശക്തിപ്പെടുത്തുകയും അവളുടെ സന്താനങ്ങളെ നിന്റെ കൃപയാൽ സംരക്ഷിക്കുകയും ചെയ്യണമേ. ഞങ്ങൾ എല്ലാ സമയവും സഭയിൽ നിനക്ക് സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുവാൻ ഇടയാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂഹം: ആമ്മേൻ.

ഗാനം

ഉന്നതവാനിടമേ / വാതിൽ തുറക്കുക നീ
മംഗളദീപവുമായ് / മന്നവനണയുന്നു.
ഉന്നതവാനിടമേ ...

നിത്യമനോഹരനാം / നിർമ്മലദൈവസുതൻ
വെള്ളിവെളിച്ചത്തിൽ / മുങ്ങിവിളങ്ങുന്നു.
ഉന്നതവാനിടമേ ...

പൊട്ടിയ ബന്ധത്തിൻ / കണ്ണികൾ കൂടുന്നു:
വിണ്ടലമവനിയുമായ് / വീണ്ടുമിണങ്ങുന്നു.
ഉന്നതവാനിടമേ ...

ഉയർപ്പിന്റെ ഗീതം
(രീതി: ഉന്നതവാനിടമേ ...)

നിനക്കു ഞാൻ സമാധാനം ആശംസിക്കും.
ദൈവത്തിൻ ജനമേ, ശാന്തിയിൽ മുങ്ങിടുവിൻ
ഉത്ഥിതനായല്ലോ, മിശിഹാ ശാന്തിയുമായ്.

നീതിമാന്മാർക്ക് അന്ധകാരത്തിൽ പ്രകാശമുദിച്ചു.
നിത്യവെളിച്ചമിതാ, പാരിലുദിച്ചല്ലോ
ദൈവത്തിൻ തനയൻ, സത്യവെളിച്ചംതാൻ.

ഭൂമിയിൽ എങ്ങും ആഹ്ലാദം
തിരുവുത്ഥാനത്തിൽ, സൃഷ്ടികൾ മോദിപ്പൂ,
കാരണമതുവഴി നാ, മനുരഞ്ജിതരായി.

ഇപ്പോൾ മുതൽ എന്നേക്കും
ഉത്ഥാനംവഴിയായ് ,പാപവിമോചനവും
മൃതിയിൽ ജീവനുമാ, നാഥൻ നല്കുകയായ്.

എന്നും എന്നേക്കും.
സാത്താൻ കദനത്താൽ, തേങ്ങുന്നനു നിമിഷം
ഉത്ഥാനം വഴിയായ്, സഭയോ മോദിപ്പൂ.

തന്റെ ശക്തി പ്രാപിക്കുന്നതിനുവേണ്ടി
മൃത്യുകുടീരത്തിൽ, നിന്നവനുത്ഥിതനായി
സൃഷ്ടി ഗണത്തിൽതൻ, ശാന്തി വിതയ്ക്കുകയായ്.

നമ്മുടെ രാജാവായ ദൈവത്തിന് സ്തുതികളാലപിക്കുവിൻ
രാജാവാം മിശിഹാ, യ്ക്കെന്നും സ്തുതിപാടാം,
തൻ ജനനിരകൾക്കായ്, രക്ഷപകർന്നീശൻ.

വരുവിൻ, നമുക്ക് അവനിൽ സന്തോഷിച്ചുല്ലസിക്കാം.
സഭയുടെയുന്നതമാം, തിരുനാൾ ദിനമല്ലോ
നാഥൻ നല്കിടുമീ, യൊരുമ നിനച്ചീടാം.

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

(കാർമ്മികൻ ധൂപം ആശീർവ്വദിക്കുന്നു.)

കാർമ്മി: പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ അങ്ങയുടെ ബഹുമാനത്തിനായി ഞങ്ങൾ സമർപ്പിക്കുന്ന ഈ ധൂപം അങ്ങയുടെ മഹനീയ ത്രിത്വത്തിന്റെ നാമത്തിൽ + ആശീർവ്വദിക്കപ്പെടട്ടെ. ഇത് അങ്ങയുടെ പ്രസാദത്തിനും അങ്ങയുടെ അജഗണത്തിന്റെ പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ എന്നേക്കും.

ശുശ്രൂഷി: ആമ്മേൻ.

കാർമി: ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങു നല്കിയിട്ടുള്ളതും എന്നാൽ കൃതജ്ഞത പ്രകാശിപ്പിക്കാൻ ഞങ്ങൾക്കു കഴിയാത്തതുമായ എല്ലാ സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കുമായി സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞു മുടിച്ചൂടി നില്ക്കുന്ന സഭയിൽ ഞങ്ങൾ അങ്ങയെ നിരന്തരം സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യട്ടെ. അങ്ങു സകലത്തിന്റെയും നാഥനും സ്രഷ്ടാവുമാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

*(മദ്ബഹയുടെ **വിരിനീക്കുന്നു.** ശുശ്രൂഷി മദ്ബഹയിൽ പ്രവേശിച്ച് **ധൂപിക്കുന്നു.** എല്ലാവരും അൾത്താരയിലേക്കു തിരിഞ്ഞു ശിരസു നമിക്കുന്നു.)*

ഗാനം

സർവാധിപനാം കർത്താവേ / നിന്നെ വണങ്ങി നമിക്കുന്നു
ഈശോനാഥാ വിനയമൊടെ / നിന്നെ നമിച്ചു പുകഴ്ത്തുന്നു.

മർത്യനു നിത്യമഹോന്നതമാ- / മുത്ഥാനം നീയരുളുന്നു
അക്ഷയമവനുടെ ആത്മാവി- / നുത്തമരക്ഷയുമേകുന്നു.

ശുശ്രൂഷി: നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

(കാർമികൻ ജനങ്ങൾക്കുനേരേ തിരിയുന്നു.)

കാർമി: എന്റെ കർത്താവേ, നീ സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും ആത്മാക്കളെ രക്ഷിക്കുന്നവനും ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. ഞങ്ങൾ എപ്പോഴും നിനക്കു സ്തുതിയും കൃതജ്ഞതയും ആരാധനയും സമർപ്പിക്കാൻ കടപ്പെട്ടവരാകുന്നു സകലത്തിന്റെയും നാഥാ എന്നേക്കും.

സമൂഹം: ആമ്മേൻ.

ത്രൈശുദ്ധ കീർത്തനം

ശബ്ദമുയർത്തിപ്പാടിടുവിൻ / സർവരുമൊന്നായ് പാടിടുവിൻ
എന്നെന്നും ജീവിക്കും / സർവേശ്വരനെ വാഴ്ത്തിടുവിൻ.

പരിപാവനനാം സർവേശാ / പരിപാവനനാം ബലവാനേ
പരിപാവനനാം അമർത്യനേ / നിൻകൃപ ഞങ്ങൾക്കേകണമേ.

ശുശ്രൂഷി: നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമ്മി: വിശുദ്ധരിൽ സംപ്രീതനായി വസിക്കുന്ന പരിശുദ്ധനും സ്തുത്യർഹനും ബലവാനും അമർത്യനുമായ കർത്താവേ, അങ്ങയുടെ സ്വഭാവത്തിനൊത്തവിധം എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും ഞങ്ങളോടു കരുണകാണിക്കുകയും ചെയ്യണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

വചന ശുശ്രൂഷ
പഴയ നിയമവായനകൾ

ഒന്നാം വായന (ഏശയ്യ 60:1-7)
രണ്ടാം വായന (1 സാമുവൽ 2:1-10)

ശുശ്രൂഷി: സഹോദരരേ നിങ്ങൾ ഇരുന്നു ശ്രദ്ധയോടെ കേൾക്കുവിൻ.

വായിക്കുന്നയാൾ: ... പുസ്തകത്തിൽനിന്നുള്ള വായന.
(കാർമികനുനേരേ തിരിഞ്ഞ്) ഗുരോ ആശീർവദിക്കണമേ.

കാർമി: ദൈവം നിന്നെ + അനുഗ്രഹിക്കട്ടെ.

സമൂഹം: *(വായന തീരുമ്പോൾ)* ദൈവമായ കർത്താവിനു സ്തുതി.

ശുശ്രൂഷി: പ്രകീർത്തനം ആലപിക്കുവാനായി നിങ്ങൾ എഴുന്നേല്ക്കുവിൻ.

പ്രകീർത്തനം

കാർമ്മി: സർവ്വചരാചരവും, ദൈവമഹത്വത്തെ, വാഴ്ത്തിപ്പാടുന്നു.

ദിവ്യാത്മാവിൻ ഗീതികളാൽ, / ഹല്ലേലൂയ്യാ ഗീതികളാൽ
കർത്താവിന്നുത്ഥാനത്തിൻ / നിർമ്മലമാകുമനുസ്മരണം,
കൊണ്ടാടാം, ഇന്നീ വേദികയിൽ.

കാർമ്മി: തൻ മഹിമാവല്ലോ, വാനിലുമൂഴിയിലും, തിങ്ങിവിളങ്ങുന്നു.

സമൂഹം: ദിവ്യാത്മാവിൻ ഗീതികളാൽ ...

കാർമ്മി: ജനതകളവിടുത്തെ, മഹിമകൾ പാടുന്നു, താണുവണങ്ങുന്നു.

സമൂഹം: ദിവ്യാത്മാവിൻ ഗീതികളാൽ ...

കാർമ്മി: നിത്യപിതാവിനും, സുതനും റൂഹായ്ക്കും, സ്തുതിയുണ്ടാകട്ടെ.

സമൂഹം: ദിവ്യാത്മാവിൻ ഗീതികളാൽ ...

കാർമ്മി: ആദിയിലെപ്പോലെ, ഇപ്പൊഴുമെപ്പോഴും, എന്നേക്കും ആമ്മേൻ.

സമൂഹം: ദിവ്യാത്മാവിൻ ഗീതികളാൽ ...

കാർമ്മി: ഞങ്ങളുടെ കർത്താവായ ദൈവമേ അങ്ങയുടെ ജീവദായകവും ദൈവികവുമായ കല്പനകളുടെ മധുരസ്വരം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമെ. അതുവഴി ആത്മശരീരങ്ങൾക്കുപകരിക്കുന്ന സ്നേഹവും ശരണവും രക്ഷയും ഞങ്ങളിൽ ഫലമണിയുന്നതിനും നിരന്തരം ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നതിനും അങ്ങയുടെ കാരുണ്യത്താലും അനുഗ്രഹത്താലും ഞങ്ങളെ സഹായിക്കണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

ലേഖന വായന (റോമാ 6:1-14).

വായിക്കുന്ന ആൾ: സഹോദരരേ, വിശുദ്ധ പൗലോസ് ശ്ലീഹാ റോമാക്കാർക്ക് എഴുതിയ ലേഖനം.

(കാർമ്മികനു നേരെ തിരിഞ്ഞ്) ഉരോ ആശീർവ്വദിക്കണമേ.

കാർമ്മി: മിശിഹാ + നിന്നെ അനുഗ്രഹിക്കട്ടെ.

(ഒരു ശുശ്രൂഷി കത്തിച്ച തിരിയുമായി സമീപത്തു നില്ക്കുന്നു).
(വായന തീരുമ്പോൾ)

സമൂഹം: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

ഹല്ലേലൂയ്യാ ഗീതം

ഹല്ലേലൂയ്യാ പാടാമൊന്നായ്, ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ.

കർത്താവെന്നും വാണീടുന്നു, / ഭൂതല-മഖിലം മോദിക്കട്ടെ.

കരയും കടലും തടവില്ലാതെ, / സ്വരമുച്ചത്തി-ലുയർത്തീടട്ടെ.

കർത്താവിൻ സ്തുതി പാടുക മോദാൽ, / ആനന്ദത്താ-ലാർപ്പു വിളിപ്പിൻ.

താതനുമതുപോൽ സുതനും, പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ

ആദിമുതൽക്കേയിന്നും നിത്യവു- / മായി ഭവിച്ചീടട്ടെ ആമ്മേൻ.

ഹല്ലേലൂയ്യാ പാടാമൊന്നായ്, ഹല്ലേലൂയ്യാ ഹല്ലേലൂയ്യാ.

(ഗാനസമയത്ത് കാർമ്മികൻ ധൂപം ആശീർവ്വദിക്കുന്നു).

കാർമ്മി: എന്റെ കർത്താവേ പാപിനിയായ മറിയം നിന്റെ ശിരസ്സിൽ സുഗന്ധതൈലം പൂശിയപ്പോൾ നിന്നിൽനിന്നു പ്രസരിച്ച ഹൃദ്യമായ പരിമളം ഈ ധൂപത്തോടുകൂടെ + കലരുമാറാകട്ടെ. നിന്റെ ബഹുമാനത്തിനും ഞങ്ങളുടെ കടങ്ങളുടെയും പാപങ്ങളുടെയും മോചനത്തിനുമായി ഈ ധൂപം ഞങ്ങൾ സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ എന്നേക്കും.

ശുശ്രൂഷി: ആമ്മേൻ.

സുവിശേഷ വായനയുടെ സമയത്തു ശുശ്രൂഷി ധൂപാർച്ചന നടത്തുന്നു.

ശുശ്രൂഷി: നമുക്ക് ശ്രദ്ധാപൂർവ്വം നിന്ന് പരിശുദ്ധ സുവിശേഷം ശ്രവിക്കാം.

കാർമ്മി: സമാധാനം + നിങ്ങളോടുകൂടെ.

സമൂഹം: അങ്ങയോടും അങ്ങയുടെ ആത്മാവോടുംകൂടെ.

കാർമ്മികൻ സുവിശേഷം വായിക്കുന്നു. രണ്ടു ശുശ്രൂഷികൾ കത്തിച്ച തിരികളുമായി കാർമ്മികന്റെ ഇരുവശവും നില്ക്കുന്നു. സഹായി മുമ്പിൽ നിന്ന് ധൂപാർച്ചന നടത്തുന്നു.

കാർമ്മി: വിശുദ്ധ മത്തായി അറിയിച്ച നമ്മുടെ കർത്താവീശോമിശിഹായുടെ പരിശുദ്ധ സുവിശേഷം. ***[മത്തായി 28:1-6]***

സമൂഹം: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

(വായന തീരുമ്പോൾ)

സമൂഹം: നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

ഉയിർപ്പ് ഗീതം

കാർമ്മി: മിശിഹാനാഥൻ മൃതരിൽനിന്നും ഉത്ഥിതനായി.

സമൂഹം: ഹല്ലേലൂയ്യ, ഹല്ലേലൂയ്യ, ഹല്ലേലൂയ്യ.

*(കാർമ്മികനും സമൂഹവും **മൂന്നു പ്രാവശ്യം** ആലപിക്കുന്നു.)*
(ഉയിർപ്പു രൂപത്തിന്റെ വിരിമാറ്റുന്നു. മണിയടിക്കുന്നു. എല്ലാവരും രൂപത്തെ വണങ്ങുന്നു.)

ഗീതം

ഉയിർത്തെഴുന്നേറ്റു നാഥ- / നുയിർത്തെഴുന്നേറ്റു
വിജയലാളിതനായ് നാഥ- / നുയിർത്തെഴുന്നേറ്റു.
ഉയിർത്തെഴുന്നേറ്റു ...

കുരിശിലേറിയവൻ, മൃതനായ് / കബറടങ്ങിയവൻ
കതിരിനുടയവനായ് വീണ്ടു- / മുയിർത്തെഴുന്നേറ്റു.
ഉയിർത്തെഴുന്നേറ്റു ...

ഈ ദിനം ദൈവമേകിയ / ദിവ്യദിനമല്ലോ
മോദമായ് മഹിതകീർത്തന- / മേറ്റുപാടാം
ഉയിർത്തെഴുന്നേറ്റു ...

(കാർമ്മികൻ രൂപം ധൂപിക്കുന്നു. എല്ലാവരും തിരികൾ കത്തിച്ച് പ്രദക്ഷിണം നടത്തുന്നു).

പ്രദക്ഷിണ ഗീതം

ദീപംകൊളുത്തി നാഥാ, തേടിവരുന്നു ഞങ്ങൾ
നിൻ ദിവ്യസന്നിധാനം തേടിവരുന്നു ഞങ്ങൾ
ദീപംകൊളുത്തി ...

ഭൂവിൻ പ്രഭുക്കളെല്ലാം നിന്നെ വണങ്ങിടുന്നു
പാരിൻ പ്രതാപമെല്ലാം നിൻ മുമ്പിൽ മങ്ങിടുന്നു
ദീപംകൊളുത്തി ...

മരണം തളർന്നു താണു; നരകം തകർന്നുവീണു
വിജയം പതഞ്ഞുയർന്നു; വിയദാലയം തെളിഞ്ഞു
ദീപംകൊളുത്തി ...

ഇരുളിൽക്കഴിഞ്ഞിരുന്ന ജനതയ്ക്കു ലോകനാഥാ,
പരമ പ്രകാശമായ് നീ ധരമേലിറങ്ങിവന്നു.

മറ്റൊരു ഗാനം *(രീതി: ദൂയെ)*

മിശിഹാനാഥാ, നിൻ വദനം / ഞങ്ങളിൽനിന്നു തിരിക്കരുതേ
ആരാധകർ നിൻ പുതുജീവൻ / പുല്കി നിതാന്തം നീങ്ങിടുവാൻ.

പ്രാർത്ഥന കേൾക്കുക മിശിഹായേ, / ആശ്രയമങ്ങാണനവരതം
കൃപയാൽ ഹൃത്തിൻ മുറിവുകളിൽ / കനിവിന്നൗഷധമരുളണമേ.

അങ്ങയെ ഞങ്ങൾ വിളിക്കുന്നു / അലിവൊടു പ്രാർത്ഥന കേൾക്കണമേ
രക്ഷണമേകീ ദാസരിൽ നീ / പാപപ്പൊറുതിയണയ്ക്കണമേ.

അനുതാപികളെക്കൈക്കൊള്ളും / കരുണാനിധിയാം മിശിഹായേ,
തിരുവിഷ്ടം നിറവേറ്റീടാൻ / ഓരോ ദിനവും കാക്കണമേ.

സഭകൾക്കരുളുക മഹിമസദാ / ആരാധകരെകാക്കണമേ
പരിപാലിക്കണമജനിരയെ / നിൻ കൃപ ഞങ്ങൾക്കരുളണമേ.

തിരുമുഖമങ്ങു തിരിക്കരുതേ / തിരുസന്നിധിയിൽ കാക്കണമേ
സ്തുതിയും നന്ദിയുമർപ്പിപ്പൂ / തിരുനാമത്തിനു സാമോദം.

രക്ഷകനേശുവിനംബികയേ, / രാവും പകലും ഞങ്ങൾക്കായ്
നാഥൻ ശാന്തി പകർന്നിടുവാൻ / പ്രാർത്ഥന നിത്യമണയ്ക്കണമേ.

സകല വിശുദ്ധരുമങ്ങേ വിൺ- / മഹിമയണിഞ്ഞു വിരാജിപ്പൂ
അവരുടെ പ്രാർത്ഥന ഞങ്ങൾക്കായ് / രക്ഷണ മേകണമനവരതം.

കരുണയുണർത്താനീയുലകിൽ / കുരിശിനെ നല്കിയ മിശിഹായേ,
ദുഷ്ടപിശാചിൻ ശക്തികൾ നീ / കുരിശിൻ ചിറകാൽ നീക്കണമേ.

സകലജനത്തിനുമാശ്രയമാം / നാഥാ, തലമുറ കാക്കുന്നു
ഉത്ഥാനത്തിൻ ദിന, മന്നാ / പാഥേയം നീ തീർക്കുന്നു.

(ഉയിർപ്പുരൂപം പീഠത്തിൽ പ്രതിഷ്ഠിക്കുന്നു).

സമാധാന ശുശ്രൂഷ

ശുശ്രൂഷി: നമുക്കു പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ.

കാർമ്മി: ഞങ്ങളുടെ കർത്താവായ ദൈവമേ, ഞങ്ങളുടെ ബലഹീനമായ പ്രകൃതിയുടെ നവീകരണത്തിനുവേണ്ടി അങ്ങയുടെ തിരുക്കുമാരനിലൂടെ പൂർത്തിയാക്കപ്പെട്ട രക്ഷാപദ്ധതിയെപ്രതി അങ്ങയെ ഞങ്ങൾ വാഴ്ത്തുന്നു. അവർണ്ണനീയമായ ഈ ദാനത്തിന് ഞങ്ങൾ അങ്ങേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂഹം: ആമ്മേൻ.

(സങ്കീർത്തനം 97)

കർത്താവു ഭരണം നടത്തുന്നു; / ഭൂമിയെല്ലാം ആനന്ദിക്കട്ടെ;
ദ്വീപസമൂഹങ്ങൾ സന്തോഷിക്കട്ടെ. / ഹല്ലേലൂയ്യ, ഹല്ലേലൂയ്യ, ഹല്ലേലൂയ്യ.

ആദത്തിന്റെ മഹത്ത്വീകൃതമായ വംശമേ,
ഉത്ഥാനം ചെയ്യുകയും, തന്റെ ഉത്ഥാനത്താൽ എല്ലാവരെയും
സന്തോഷിപ്പിക്കുകയും ചെയ്ത / ഈശോയിൽ ആനന്ദിക്കുവിൻ.

മേഘവും അന്ധകാരവും അവിടുത്തെ ചുറ്റുമുണ്ട്; / നീതിന്യായങ്ങളിൽ
അവൻ തന്റെ സിംഹാസനം സ്ഥാപിച്ചിരിക്കുന്നു.

തിരുമുമ്പിൽ അഗ്നി ജ്വലിപ്പിക്കുന്നു; / ഭൂമി അതുകണ്ട് വിറകൊള്ളുന്നു.

ഭൂമി മുഴുവന്റെയും അധിപനായ കർത്താവിന്റെ മുമ്പിൽ
മലകൾ മെഴുകുപോലെ ഉരുകുന്നു.

ആകാശം ദൈവനീതിയെ പ്രഘോഷിക്കുന്നു.
ജനപദങ്ങൾ ദിവ്യമഹത്വം ദർശിക്കുന്നു.

ബിംബാരാധകർ ലജ്ജിക്കട്ടെ! / വിഗ്രഹ സേവകർ നാണിക്കട്ടെ!
ദൈവദൂതന്മാർ പ്രണമിക്കട്ടെ!

സെഹിയോൻ ഇതെല്ലാം ശ്രവിക്കട്ടെ! / അവൾ ആനന്ദഭരിതയാകട്ടെ!
യൂദായുടെ പുത്രിമാർ സന്തോഷിക്കട്ടെ!

എന്തെന്നാൽ നിന്റെ ന്യായവിധി മഹനീയമാകുന്നു;
ഭൂമിയിൽ നീ ഉന്നതനാകുന്നു; സർവ്വ ദേവന്മാരേക്കാൾ ഉത്കൃഷ്ടനാകുന്നു.

ദൈവത്തെ സ്നേഹിക്കുന്നവർ തിന്മയെ ദ്വേഷിക്കുന്നു;
ഭക്തരുടെ ജീവനെ ദൈവം പാലിക്കുന്നു.
ദുഷ്ടന്മാരിൽ നിന്ന് അവരെ രക്ഷിക്കുന്നു.

നീതിമാന്മാർക്ക് ഒരു പ്രകാശമുദിച്ചു;
പരമാർത്ഥ ഹൃദയർക്ക് ആഹ്ലാദമുണ്ടായി.

നീതിമാന്മാർ കർത്താവിലാനന്ദിക്കട്ടെ!
അവന്റെ വിശുദ്ധ സ്മരണയെ പുകഴ്ത്തട്ടെ.

കർത്താവു ഭരണം നടത്തുന്നു; ഭൂമിയെല്ലാം ആനന്ദിക്കട്ടെ;
ദ്വീപ സമൂഹങ്ങൾ സന്തോഷിക്കട്ടെ.

ഹല്ലേലൂയ്യ, ഹല്ലേലൂയ്യ, ഹല്ലേലൂയ്യ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ആദിമുതൽ എന്നേയ്ക്കും. ആമ്മേൻ.

ആദത്തിന്റെ മഹത്ത്വീകൃതമായ വംശമേ,
ഉത്ഥാനം ചെയ്യുകയും, തന്റെ ഉത്ഥാനത്താൽ എല്ലാവരെയും
സന്തോഷിപ്പിക്കുകയും ചെയ്ത / ഈശോയിൽ ആനന്ദിക്കുവിൻ.

സ്തുതിഗീതം

സർവ്വേശപുത്രനുയിർത്തു / സമ്മോദമെങ്ങും തളിർത്തു;
സ്വർല്ലോകവാതിൽ തുറന്നു: / ദിവ്യപ്രകാശം പരന്നു.

മർത്യനെത്തേടിയണഞ്ഞു / മർത്യനു ശാന്തി പകർന്നു
വാഴ്ത്തുന്നു നിൻ ദിവ്യനാമം / നല്കേണമേ സ്വർഗദാനം.

സമാധാനാശംസ

കാർമ്മി: മിശിഹായുടെ സമാധാനം നിങ്ങളോടുകൂടെ.

സമൂഹം: അങ്ങയോടുംകൂടെ.

(എല്ലാവരും പരസ്പരം സമാധാനം ആശംസിക്കുന്നു).

ആശീർവ്വാദങ്ങൾ

കാർമ്മി: കർത്താവേ, നിന്റെ വിശുദ്ധ ജനത്തെ ആശീർവ്വദിക്കുകയും നിന്റെ സമാധാനം അവരിൽ വർദ്ധിപ്പിക്കുകയും ചെയ്യണമേ.

ശുശ്രൂഷി: കർത്താവേ, ആശീർവദിക്കണമേ.

കാർമ്മി: കർത്താവേ, നിന്റെ പരിശുദ്ധ സഭയെ ആശീർവ്വദിക്കുകയും അതിൽ സമാധാനം നിലനിർത്തുകയും ചെയ്യണമേ. സാർവ്വത്രികസഭയുടെ തലവനായ ഞങ്ങളുടെ പരിശുദ്ധ പിതാവു മാർ ... *(പേര്)* പാപ്പായെയും, ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച് ബിഷപ്പ് മാർ ... *(പേര്)* മെത്രാപ്പോലീത്തയെയും, ഞങ്ങളുടെ പിതാവും മേലധ്യക്ഷനുമായ മാർ ... *(പേര്)* മെത്രാനെയും, ... മെത്രാപ്പോലീത്തയെയും ... മെത്രാനെയും സംരക്ഷിക്കുകയും അവർക്ക് ഏല്പിക്കപ്പെട്ട സഭകളെ സമാധാനത്തിൽ നയിക്കുവാൻ ശക്തരാക്കുകയും ചെയ്യണമേ.

സമൂഹം: ആമ്മേൻ.

കാർമ്മി: കർത്താവേ, അങ്ങയുടെ പുരോഹിതന്മാരെയും മ്ശംശാനന്മാരെയും മറ്റു ശുശ്രൂഷികളെയും സന്യസ്തരെയും പ്രേഷിതരംഗങ്ങളിൽ സേവനം ചെയ്യുന്ന മിഷനറിമാരെയും ആശീർവദിക്കുകയും അവരെ സമാധാനത്തിൽ വിശുദ്ധീകരിക്കുകയും ചെയ്യണമേ.

സമൂഹം: ആമ്മേൻ.

കാർമ്മി: കർത്താവേ, വയോധികർ, മാതാപിതാക്കൾ, യുവജനങ്ങൾ, കുട്ടികൾ മറ്റു കുടുംബാംഗങ്ങൾ എന്നിവരെയും ഞങ്ങളിൽ നിന്ന് അകന്നിരിക്കുന്നവരെയും ആശീർവദിക്കുകയും സമാധാനത്തിൽ ഒന്നിപ്പിക്കുകയും ചെയ്യണമേ.

സമൂഹം: ആമ്മേൻ.

കാർമ്മി: കർത്താവേ, ഞങ്ങളുടെ രാഷ്ട്രത്തിന്റെ ഭരണാധികാരികളെയും, സാമൂഹികപ്രവർത്തകർ, ആതുര ശുശ്രൂഷകർ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ തുടങ്ങി എല്ലാവരെയും ആശീർവദിക്കുകയും അവരെ സമാധാനത്തിൽ നയിക്കുകയും ചെയ്യണമേ.

സമൂഹം: ആമ്മേൻ.

കാർമ്മി: കർത്താവേ, എല്ലാ വിദൂരസ്ഥരെയും ദരിദ്രർ, സമ്പന്നർ, കർഷകർ, തൊഴിലാളികൾ, വ്യാപാരികൾ, വ്യവസായികൾ എന്നിവരെയും ആശീർവദിക്കുകയും സമാധാനത്തിൽ അവരെ സംരക്ഷിക്കുകയും ചെയ്യണമേ.

സമൂഹം: ആമ്മേൻ.

കാർമ്മി: കർത്താവേ, രോഗികളെയും പീഡിതരെയും മർദ്ദിതരെയും ക്ലേശിതരെയും ദുഃഖിതരെയും ശാരീരികവും മാനസികവുമായി വേദനിക്കുന്നവരെയും പാർശ്വവൽക്കരിക്കപ്പെട്ടവരെയും ആശീർവദിക്കുകയും അവരെ സമാധാനത്തിൽ ആശ്വസിപ്പിക്കുകയും ചെയ്യണമേ.

സമൂഹം: ആമ്മേൻ.

കാർമ്മി: കർത്താവേ, ഈ പ്രപഞ്ചത്തെയും അതിലെ ജീവജാലങ്ങളെയും സസ്യലതാദികളെയും ആശീർവദിക്കുകയും അവയെ സമാധാനത്തിൽ പരിപോഷിപ്പിക്കുകയും ചെയ്യണമേ.

സമൂഹം: ആമ്മേൻ.

(സന്ദർഭോചിതമായി മറ്റു പ്രാർത്ഥനകൾ കൂട്ടിച്ചേർക്കാവുന്നതാണ്)

കാർമ്മി: കർത്താവേ, നിന്റെ തിരുനാളുകൾ സമാധാനത്തിൽ ആഘോഷിക്കുന്നതിനായി എല്ലാ ക്രിസ്തീയ സമൂഹങ്ങളെയും ആശീർവദിക്കണമേ.

സമൂഹം: ആമ്മേൻ.

പൊതു ആശീർവാദം

കാർമ്മി: സമാധാനദാതാവായ മിശിഹായേ, രഹസ്യങ്ങളും ദൃഷ്ടാന്തങ്ങളും ഉപമകളും പൂർണ്ണമായും വ്യക്തമാക്കപ്പെടുന്ന യുഗാന്തത്തിലെ ആ പൊതു ഉയിർപ്പുദിനത്തിൽ ആഹ്ലാദിക്കുന്നതിന് ഞങ്ങളെ യോഗ്യരാക്കണമേ. അവിടെ നിന്റെ അവകാശത്തിൽ പങ്കുചേരുന്നതിനും നീ വഴിയായി പിതാവിനും പരിശുദ്ധാത്മാവിനും സ്തുതിയും കൃതജ്ഞതയും സമർപ്പിക്കുന്നതിനും ഞങ്ങൾക്ക് ഇടയാകട്ടെ. ഞങ്ങളുടെ ഈ സമൂഹത്തിലും ഇന്ന് നിന്റെ നാമത്തിൽ ഒരുമിച്ചുകൂടിയിരിക്കുന്ന എല്ലാ സമൂഹങ്ങളിലും ലോകം മുഴുവനിലും നിന്റെ അനുഗ്രഹവും സമാധാനവും നിറയട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂഹം: ആമ്മേൻ.

പ്രസംഗം

പ്രഘോഷണപ്രാർത്ഥനകൾ (ക്രാറോസൂസ)

ശുശ്രൂഷി: നമുക്കെല്ലാവർക്കും സന്തോഷത്തോടും ആഹ്ലാദത്തോടുംകൂടി "കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ" എന്നപേക്ഷിക്കാം.

സമൂഹം: കർത്താവേ, ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ.

ശുശ്രൂഷി: സ്വർഗവാസികളുടെയും ഭൂവാസികളുടെയും സമാധാനമായ മിശിഹായേ, നിന്റെ ഉത്ഥാനത്തിന്റെ സമാധാനം ആഘോഷിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമെന്ന് ഞങ്ങളപേക്ഷിക്കുന്നു.

ശുശ്രൂഷി: സമാധാനം നിങ്ങൾക്കു ഞാൻ തരുന്നു, എന്റെ സമാധാനം നിങ്ങൾക്കു ഞാൻ നല്കുന്നു എന്നരുളിച്ചെയ്ത മിശിഹായേ, നിന്റെ ഉയിർപ്പിന്റെ സമാധാനത്തിൽ ഞങ്ങളെയും പങ്കുകാരാക്കണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു.

ശുശ്രൂഷി: കല്ലറയിൽനിന്നുയിർക്കുകയും ലോകത്തെയും തന്റെ സഭയെയും ശാശ്വതമായ സമാധാനത്തിൽ നിറയ്ക്കുകയും ചെയ്ത മിശിഹായേ, നിന്റെ ഉത്ഥാനത്തിന്റെ സന്തോഷം പങ്കുവയ്ക്കുവാൻ ഞങ്ങളെ സഹായിക്കണമെന്ന് ഞങ്ങളപേക്ഷിക്കുന്നു.

ശുശ്രൂഷി: നിന്റെ സമാധാനത്താൽ ഞങ്ങളെ സമ്പന്നരാക്കുന്ന മിശിഹായേ, ഞങ്ങളുടെ അനുദിന ജീവിതത്തിലെ വേദനകളിലും പ്രതിസന്ധികളിലും നീ നല്കിയ സമാധാനം അനുഭവിച്ചറിഞ്ഞ് ജീവിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങളപേക്ഷിക്കുന്നു.

ശുശ്രൂഷി: ഞങ്ങളുടെ പരിശുദ്ധ പിതാക്കന്മാരായ മാർപാപ്പ, മേജർ ആർച്ചുബിഷപ്പ്, മെത്രാപ്പോലീത്തമാർ, മെത്രാന്മാർ എന്നിവരുടെയും അവരുടെ എല്ലാ സഹശുശ്രൂഷികളുടെയും സമാധാനത്തിനും സുസ്ഥിതിക്കുംവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി: നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

സമൂഹം: ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

കാർമ്മി: ഞങ്ങളുടെ കർത്താവായ മിശിഹായേ, നിന്റെ കൃപയാൽ ഞങ്ങളെ എല്ലാവരെയും രക്ഷിക്കണമേ. ഞങ്ങളുടെയിടയിൽ നിന്റെ ശാന്തിയും സമാധാനവും വർദ്ധിപ്പിക്കണമേ. നിന്റെ ഉയിർപ്പിന്റെ രഹസ്യങ്ങളുടെ പൂർണ്ണതയിലേക്ക് ഞങ്ങളെ അടുപ്പിക്കുകയും ഞങ്ങളുടെ മേൽ കരുണയായിരിക്കുകയും ചെയ്യണമേ. നിന്റെ സമാധാനത്തിലും ശാന്തിയിലും ഞങ്ങളുടെ ഹൃദയം ആനന്ദിക്കുന്നതിനും ഞങ്ങൾ പരസ്പരം ഐക്യത്തിൽ ജീവിക്കുന്നതിനും ഞങ്ങളുടെ ജീവിതം നിന്റെ കൃപയാൽ നിറയുന്നതിനും ഞങ്ങളെ അർഹരാക്കണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂഹം: ആമ്മേൻ.

കൈവയ്പ്പു പ്രാർത്ഥന

ശുശ്രൂഷി: കർത്താവേ ആശീർവ്വദിക്കേണമേ / സഹോദരരേ നിങ്ങൾ കൈവയ്പിനായി തല കുനിക്കുകയും / ആശീർവ്വാദം സ്വീകരിക്കുകയും ചെയ്യുവിൻ.

(എല്ലാവരും തലകുനിച്ച് ആശീർവ്വാദം സ്വീകരിക്കുന്നു.)

കാർമ്മി: കർത്താവേ ശക്തനായ ദൈവമേ അങ്ങയുടെ അഭിഷിക്തൻ കഠിനമായ പീഡകളനുഭവിച്ചു വീണ്ടെടുത്ത അജഗണമായ പരിശുദ്ധ കത്തോലിക്കാസഭ അങ്ങയുടേതാകുന്നു. ദൈവസ്വഭാവത്തിൽ അങ്ങുമായി ഒന്നായിരിക്കുന്ന പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ യഥാർത്ഥ

പൗരോഹിത്യത്തിന്റെ പദവികൾ കൈവയ്പു വഴി നല്കപ്പെടുന്നു. വിശ്വാസികൾക്ക് ആത്മീയ ശുശ്രൂഷ ചെയ്യുന്നതിന് പരിശുദ്ധമായ സഭാശരീരത്തിലെ സവിശേഷാംഗങ്ങളാകുവാൻ നിസ്സാരരും ബലഹീനരുമായ ഞങ്ങളെ അങ്ങു കാരുണ്യാതിരേകത്താൽ യോഗ്യരാക്കി. കർത്താവേ, അങ്ങയുടെ കൃപാവരം ഞങ്ങളിൽ നിറക്കുകയും അങ്ങയുടെ ദാനങ്ങൾ ഞങ്ങളുടെ കരങ്ങൾ വഴി വർഷിക്കുകയും ചെയ്യണമെ. അങ്ങയുടെ കാരുണ്യവും അനുഗ്രഹവും ഞങ്ങളുടെയും അങ്ങു തിരഞ്ഞെടുത്ത ഈ ജനത്തിന്റെയും മേൽ ഉണ്ടാകുമാറാകട്ടെ.

കാർമ്മി: കരുണാനിധിയായ ദൈവമേ, ഞങ്ങളെല്ലാവരും ഒന്നു ചേർന്ന് അങ്ങയെ ഞങ്ങളുമായി രമ്യതപ്പെടുത്തുന്ന നീതിയുടെ പ്രവർത്തിക ളാൽ ജീവിതകാലം മുഴുവനും അങ്ങയെ യഥോചിതം പ്രീതിപ്പെടുത്തുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെ. അങ്ങേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും നിരന്തരം സമർപ്പിക്കുവാൻ ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

സമൂഹം: ആമ്മേൻ.

ശുശ്രൂഷി: മാമ്മോദീസാ സ്വീകരിക്കുകയും ജീവന്റെ അടയാളത്താൽ മുദ്രിതരാകുകയും ചെയ്തവർ / ഭക്തിയോടും ശ്രദ്ധയോടുംകൂടെ വിശുദ്ധ രഹസ്യങ്ങളിൽ പങ്കുകൊള്ളട്ടെ. നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ.

ദിവ്യരഹസ്യഗീതം

(രീതി: മിശിഹാ കർത്താവിൻ തിരുമെയ്...)

എന്റെ രാജാവായ കർത്താവേ, ഞാൻ അങ്ങയെ മഹത്ത്വപ്പെടുത്തുന്നു.

അമൃതം പകരും പോൽ
ഉത്ഥാനത്താലേ
നവജീവൻ നല്കി
നാഥാ, സഭയെ നയിപ്പൂ നീ
പാലിക്കുന്നു വിപത്തുകളിൽ
കനക വിഭൂഷിതവധുവേപ്പോൽ
കാണ്മൂ സഭയെ നാമെന്നും;
വാഴ്ത്തുന്നു സഭയിൽ നിറമോദം.

പണിക്കാർ ഉപേക്ഷിച്ചുകളഞ്ഞ കല്ല് മൂലക്കല്ലായിത്തീർന്നിരിക്കുന്നു.

അമൃതം പകരും പോൽ ...

(കുർബാനയുടെ ബാക്കി ഭാഗങ്ങൾക്ക് പേജ് 88 കാണുക)

കൃതജ്ഞതാപ്രാർത്ഥനകൾ

കാർമ്മി: കർത്താവായ ദൈവമേ, ഞങ്ങൾ സ്വീകരിച്ച ഈ ദിവ്യരഹസ്യങ്ങൾ ഞങ്ങളുടെ ഉത്ഥാനത്തിന് അച്ചാരമായി ഭവിക്കട്ടെ. മനുഷ്യവംശത്തിന് അങ്ങു നല്കിയ മഹത്ത്വത്തെ ഓർത്ത് സ്വർഗ്ഗരാജ്യത്തിൽ സകല നീതിമാന്മാരോടുംകൂടി അങ്ങയെ സ്തുതിക്കുവാൻ ഞങ്ങൾക്ക് ഇടയാകട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

സമൂഹം: ആമ്മേൻ. കർത്താവേ, ആശീർവ്വദിക്കണമേ.

കാർമ്മി: മനുഷ്യവംശത്തിന്റെ പ്രതീക്ഷയായ മിശിഹായേ, ഈ കുർബാനവഴി ഉത്ഥാനത്തിന്റെ രഹസ്യത്തിൽ നീ ഞങ്ങളെ പങ്കുകാരാക്കി. തിരുരക്തത്താൽ രക്ഷിക്കപ്പെട്ട സഭയിൽ ഞങ്ങൾ നിന്റെ അനന്തകാരുണ്യത്തിന് എന്നും നന്ദി പ്രകാശിപ്പിക്കുന്നു. ഉന്നതങ്ങളിൽ നിന്നുള്ള ആരാധ്യമായ ദാനം വാഴ്ത്തപ്പെട്ടതാകട്ടെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂഹം: ആമ്മേൻ.

സമാപനാശീർവാദം

(രീതി: കർത്താവാം, മിശിഹാ വഴിയായ്...)

കാർമ്മി: പാപവിമോചനമേകിടുവാൻ
പാരിനു ശാന്തി പകർന്നിടുവാൻ
ക്രൂശിതനായൊരു നാഥാ, നിൻ
ഉത്ഥാനം പരമാനന്ദം.

ഉത്ഥിതനാഥാ, മാനവരിൽ
താവകശാന്തി വസിക്കട്ടെ
സ്വാതന്ത്ര്യത്തിൻ വീഥികളിൽ
സതതം നേരെ നയിക്കട്ടെ.

സമൂഹം: ആമ്മേൻ.

വാഗ്ദാനം പോൽ അനവരതം
വിശ്വാസത്തിൽ വളർന്നിടുവാൻ
ഉത്ഥിതനീശോമിശിഹായെ
ഉദ്ഘോഷിക്കുവിനെന്നാളും.

ജീവൻ പകരും നിർമ്മലമാം
പാവനദിവ്യരഹസ്യങ്ങൾ
നിത്യമഹത്ത്വം നല്കട്ടെ +
ഇപ്പൊഴുമെപ്പൊഴുമെന്നേക്കും

സമൂഹം: ആമ്മേൻ.

(അല്ലെങ്കിൽ)

കാർമ്മി: ഉത്ഥാനത്തിന്റെ മഹത്ത്വത്താൽ പ്രപഞ്ചം മുഴുവനും ആനന്ദിപ്പിച്ച മിശിഹാ സഭയിൽ എന്നും വാഴ്ത്തപ്പെട്ടവനാകട്ടെ. അവിടുന്ന് സാത്താനെയും മരണത്തെയും പരാജയപ്പെടുത്തുകയും പാപകടങ്ങളിൽ നിന്ന് നമ്മെ മോചിക്കുകയും ചെയ്തു. ഉത്ഥിതനായ മിശിഹായുടെ സമാധാനം നമ്മിൽ എന്നും വസിക്കട്ടെ. ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്ക് അവിടുന്ന് നമ്മെ നയിക്കട്ടെ. തന്നിൽ വിശ്വസിക്കുന്നവർ മരിച്ചാലും ജീവിക്കുമെന്ന വാഗ്ദാനം അനുസ്മരിച്ച് വിശ്വാസത്തിൽ വളരുവാനും ഉത്ഥാന രഹസ്യം എല്ലാവരോടും പ്രഘോഷിക്കുവാനും അവിടുന്ന് നമ്മെ അനുഗ്രഹിക്കട്ടെ. ലോകം മുഴുവൻ മിശിഹായുടെ ഉത്ഥാനത്താൽ നവജീവൻ പ്രാപിക്കട്ടെ. ദൈവത്തിന്റെ ജനമേ, ജീവദായകമായ ദിവ്യരഹസ്യങ്ങളാൽ സന്തുഷടരാക്കപ്പെട്ട നിങ്ങളെ അവിടുന്ന് മഹത്ത്വത്തിലേക്കു പ്രവേശിപ്പിക്കുകയും ചെയ്യട്ടെ. ഇപ്പോഴും എപ്പോഴും + എന്നേക്കും.

സമൂഹം: ആമ്മേൻ

-oOo-

ആരാധനാഗാനങ്ങൾ

1. അതിരുകളില്ലാത്ത സ്നേഹം

അതിരുകളില്ലാത്ത സ്നേഹം: ദൈവസ്നേഹം, നിത്യസ്നേഹം
അളവുകളില്ലാത്ത സ്നേഹം: ദൈവസ്നേഹം, നിത്യസ്നേഹം
ഏതൊരവസ്ഥയിലും, യാതൊരു വ്യവസ്ഥകളും
ഇല്ലാതെ സ്നേഹിക്കും താതനു നന്ദി

ദൈവത്തെ ഞാൻ മറന്നാലും, ആ സ്നേഹത്തിൽ നിന്നകന്നാലും,
അനുകമ്പാർദ്രമാം ഹൃദയമെപ്പൊഴും എനിയ്ക്കായ് തുടിച്ചിടുന്നു,
